# മലയാള
# കാവ്യ
# രത്നാകരം

T.V.THOMAS MEMORIAL PRIZE,
1968-'69.

Awarded to the pupil who secured the first rank
in Standard V
HIGH SCHOOL (Aided), PUNALUR.

Prizewinner:- RANI, R.

High School, Punalur.
4--7--1969.

HEADMASTER.

# മലയാള
# കാവ്യരത്നാകരം

R. RANI

# മലയാള
# കാവ്യരത്നാകരം


സമാഹാരകർത്താ

ശൂരനാട്ടു കുഞ്ഞൻ പിള്ള



സാഹിത്യ അക്കാദമി

ന്യൂഡെൽഹി

**Malayala Kavya Ratnakaram** *(An Anthology of Malayalam Poetry from the earliest times to the present day). Compiled and edited by Suranad Kunjan Pillai. Sahitya Akademi, New Delhi, 1962. Price Rs 7.*

© സാഹിത്യ അക്കാദമി, ന്യൂഡെൽഹി

ഒന്നാം പതിപ്പ് 1962

വിതരണം:

നാഷനൽ ബുക്ക് സ്റ്റാൾ,

കോട്ടയം

Also available at:
Sahitya Akademi, New Delhi-1

മുദ്രണം

കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്

മാതൃഭൂമി പ്രസ്സ്, കോഴിക്കോട്

വില ക. 7/-

# അവതാരിക

ഭാരതീയഭാഷകളിലെ വിശിഷ്ട കാവ്യസമ്പത്തുകൾ പ്രദർശിപ്പിക്കത്തക്കവണ്ണം ഓരോ ഭാഷയിലും ഓരോ കാവ്യസമാഹാരം പ്രസിദ്ധപ്പെടുത്തണമെന്നു് സാഹിത്യ അക്കാദമി തീരുമാനിച്ചിട്ടുള്ളതാണു്. പരിമിതമായ ചട്ടക്കൂട്ടിനുള്ളിൽ ഓരോ ഭാഷയിലേയും വിഭിന്ന കാവ്യരൂപങ്ങളുടെ മാതൃകകൾ കഴിയുന്നതും മുഴുവൻതന്നെ ഉൾക്കൊള്ളിക്കുവാനാണു് നിർദ്ദേശം. ഈ നിർദ്ദേശത്തെ പുരസ്കരിച്ച രൂപം കൊണ്ടിട്ടുള്ളതാണു് ഈ മലയാള കാവ്യരത്നാകരം.

കഴിഞ്ഞ ആയിരത്തിലധികം സംവത്സരകാലത്തു് മലയാള കവിതയ്ക്കു് ഉണ്ടായിട്ടുള്ള വളർച്ചയാണു് ഇതിൽ കാണാവുന്നതു്. കൊല്ലവർഷാരംഭംവരെ (അതായതു് ക്രിസ്തുവർഷം ഒമ്പതാം നൂററാണ്ടിൻെറ ആദ്യപാദം കഴിയുന്നതുവരെ) മലയാളത്തിനു പറയത്തക്ക സാഹിത്യകർഷണം കിട്ടിയിരുന്നതായി കല്പിക്കാൻ തെളിവില്ല. കൊടുംതമിഴിൻെറ ഒരു രൂപഭേദമായി കേരളത്തിൽ വളർന്നുവന്ന മലയാളം സാഹിത്യപോഷണത്തിനു് അവകാശം നേടുന്ന കാലമായിരുന്നു അതു്. അക്കാലങ്ങളിൽ ഇവിടത്തെ സാഹിത്യപരിശ്രമം തമിഴിലും സംസ്കൃതത്തിലും രൂപം കൈക്കൊണ്ടു. ചിലപ്പതികാരം തൊട്ടുള്ള തമിഴ്കവിതകളും, ശ്രീശങ്കരാചാര്യരുടെയും മററും സംസ്കൃതകൃതികളും അന്നത്തെ കേരളീയ സാഹിത്യസംഭാവനകളാണല്ലോ. പല തരത്തിലുള്ള പാട്ടുകൾ അന്നു മലയാളത്തിൽ പ്രചരിച്ചിരിക്കണം. എന്നാൽ അന്നു് ഉണ്ടായതെന്നു് നിശ്ചയമായി കല്പിക്കാവുന്ന അത്തരം ഗാനങ്ങൾ എല്ലാം തന്നെ നഷ്ടപ്പെട്ടിരിക്കുകയാണു്. നാടോടിപ്പാട്ടുകളായി ഇന്നു കിട്ടുന്ന വടക്കൻ പാട്ടുകളും തെക്കൻപാട്ടുകളും, ഭദ്രകാളിപ്പാട്ടു്, ശാസ്താംപാട്ടു് തുടങ്ങിയ അനേകതരം ഗാനങ്ങളും പില്ക്കാലത്തു് ഉണ്ടായവയാണു്. അവയുടെ ആദിമാതൃകകൾ പ്രാചീനകാലത്തും പ്രചരിച്ചിരുന്നുവെന്നു വിശ്വസിക്കാവുന്നതേ ഉള്ളു.

മലയാളസാഹിത്യത്തിൻെറ ഏററവും പഴയ മാതൃകയായി ഇപ്പോൾ ലഭിക്കുന്നതു് 12-ാം നൂററാണ്ടിനിടയ്ക്കു് ഉണ്ടായ രാമചരിതം എന്ന കൃതിയാണു്. പതിനൊന്നു പാട്ടുകൾവീതമുള്ള നൂററുപത്തുനാലു വൃത്തങ്ങൾ ഉൾക്കൊള്ളുന്ന ഒരു ദീർഘകാവ്യമാണു് രാമചരിതം. ആ കാവ്യം മലയാളത്തിൻെറ ആദ്യഘട്ടത്തെയാണു് പ്രതിനിധാനം ചെയ്യുന്നതെങ്കിലും സംപുഷ്ടമായ ഒരു ഭാഷാ

രീതിയും, ദീർഘകാലപ്രയോഗംകൊണ്ടു് ഉറച്ച ശൈലിയും അതിൽ സ്ഫുടമായി കാണാം. തമിഴിനോടുള്ള അടുപ്പം നന്നേ പ്രകടമാണു്. അക്കാലമായപ്പോഴേക്കു് സംസ്കൃതത്തിന്റെ പ്രേരണയും സുദൃഢമായിക്കഴിഞ്ഞുവെങ്കിലും, ഗോത്രസ്വഭാവം നിലനിറുത്താൻ വ്യഗ്രത കാണിച്ച മലയാളം, ദേശീയസാഹിത്യരൂപമായ പാട്ടു് 'ദ്രമിഡസംഘാതാക്ഷരനിബദ്ധം' ആയിരിക്കണമെന്നു വിധിച്ചു. ആ നയമനുസരിച്ചു് സംസ്കൃതവാക്കുകൾക്കു ദ്രാവിഡരൂപം കൊടുത്താണു് രാമചരിതത്തിൽ പ്രയോഗിച്ചിട്ടുള്ളതു്. പാട്ടുകൾ പ്രായേണ ദ്രാവിഡവൃത്തനിബദ്ധമാണെന്ന കാര്യവും പ്രസ്താവ്യമാണു്.

പഴയ മലയാളകാലത്തു് ഉണ്ടായ മററു കവിതകൾ ചുരുക്കമായേ കിട്ടുന്നുള്ളു. ആ ഘട്ടത്തിന്റെ അവസാനമായപ്പോഴേക്കും ഭാഷയുടെ രൂപത്തിനുതന്നെ വലിയ മാററം വന്നുകഴിഞ്ഞു. തവർഗ്ഗാക്ഷരങ്ങൾക്കു ചില സ്ഥാനങ്ങളിൽ താലവ്യാദേശം, അനുനാസികാതിപ്രസരം തുടങ്ങി ഭാഷാവികാസത്തിൽ വന്നുചേർന്ന പ്രവണതകൾ രൂപഭേദത്തിനു കാരണമായി. വർദ്ധിച്ചുവന്ന സംസ്കൃതസമ്പർക്കമായിരുന്നു മറെറാരു പ്രധാന കാരണം. ആര്യബ്രാഹ്മണരായ നമ്പൂരിമാർക്കു കേരളത്തിൽ സിദ്ധിച്ച പ്രാബല്യം ഭാഷാസംസ്കൃതബന്ധത്തെ സുശക്തമാക്കി. ആ വഴിക്കു സംസ്കൃതത്തിലെ അനേകപദങ്ങൾ തത്സമരൂപത്തിൽ മലയാളത്തിലേക്കു സംക്രമിച്ചു. പതിമൂന്നാം നൂററാണ്ടോടെ ഈ പ്രവണത ഉറച്ചുകഴിഞ്ഞു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിനു വ്യാഖ്യാനമായി അക്കാലത്തു് ഉണ്ടായ മലയാളകൃതിയിൽ തത്സമരൂപത്തിൽത്തന്നെയുള്ള സംസ്കൃതപദങ്ങൾ നിറഞ്ഞിരിക്കുന്നു.

മലയാളത്തിനും സംസ്കൃതത്തിനുമായി ഇങ്ങനെ വളർന്നുവന്ന വേഴ്ച ഒരു പുതിയ ഭാഷാശൈലിയേയും സാഹിത്യമാതൃകയേയും സൃഷ്ടിച്ചു. അതാണു് മണിപ്രവാളം. പതിനാലു തൊട്ടു പതിനേഴു വരെയുള്ള നൂററാണ്ടുകൾ മണിപ്രവാളകവിതയുടേയും അതിൽക്കൂടെ മലയാളഭാഷയുടേയും അതിപ്രധാനമായ ഒരു ഘട്ടമായിരുന്നു. സംസ്കൃതവിഭക്ത്യന്തപദങ്ങളും മലയാളപദങ്ങളും തോന്നിയതുപോലെ ചേർത്തു് സംസ്കൃതവൃത്തങ്ങളിൽ ശ്ലോകങ്ങൾ ഉണ്ടാക്കിയ ഒരു രീതിയായിരുന്നു മണിപ്രവാളകവിതയുടെ ആരംഭം. പില്ക്കാലത്തു പല പരിഷ്കൃതികളുംകൊണ്ടു് ആ സമ്മിളിതഭാഷ രമണീയമായ ഒരു കാവ്യരചനാസാമഗ്രിയായിത്തീർന്നു. ശബ്ദാർത്ഥങ്ങളിൽ അത്യന്തശ്രദ്ധാലുക്കളായ കവികൾ മനോഹരങ്ങളായ അനേകം മണിപ്രവാളകൃതികൾ നിർമ്മിച്ചു. രാജപ്രശംസ, നായികാവർണ്ണനം, ദേവസ്തോത്രം മുതലായവയാണു് മണിപ്രവാളത്തിലെ മുഖ്യ വിഷയങ്ങൾ. ഉണ്ണിച്ചിരുതേവി, ഉണ്ണിയാടി, ഉണ്ണിയച്ചി എന്നീ നായികമാരെപ്പററിയുള്ള ചമ്പുക്കളും, ഉണ്ണുനീലിസന്ദേശം,

ചക്രവാകസന്ദേശം മുതലായ സന്ദേശകൃതികളും, അനേകം മനോഹരമുക്തകങ്ങളും ഇക്കൂട്ടത്തിൽ പെടുന്നു. (പതിനാലാം ശതകം). ഇത്തരം കൃതികൾ ഒട്ടേറെ ഉണ്ടായപ്പോൾ അവകൊണ്ടു ഭാഷയ്ക്കു വന്ന നേട്ടങ്ങളെ പരിഗണിക്കാനും, ആ ഭാഷയുടെ ഭംഗികളെയും വൈകൃതികളെയും ചൂണ്ടിക്കാണിക്കാനും, ആ സാഹിത്യപ്രസ്ഥാനത്തേയും ഭാഷയേയും നിയമാധീനമാക്കാനും മഹാനായ ഒരു പണ്ഡിതൻ മുതിർന്നു. പതിനാലാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന അജ്ഞാതനാമാവായ ആ ആചാര്യൻെറ സംഭാവനയാണ് ലീലാതിലകം എന്ന പ്രമാണഗ്രന്ഥം. സംസ്കൃതത്തിൽ രചിച്ചിട്ടുള്ള ആ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള മണിപ്രവാളശ്ലോകങ്ങൾ അന്നത്തെ കവിതാസമ്പത്തുകളുടെ മോഹനപ്രതീകങ്ങളാണ്. മദ്ധ്യമലയാളകാലത്തു മലയാളഭാഷയും മണിപ്രവാളകവിതയും പ്രാപിച്ച ഔന്നത്യത്തെ വ്യക്തമാക്കുന്ന ഒരു അമൂല്യഗ്രന്ഥമാണ് ലീലാതിലകം.

ലീലാതിലകത്തിൻെറ നേരിട്ടുള്ള പ്രേരണ പില്ക്കാലത്തെ മണിപ്രവാളത്തിൽ എത്രകണ്ട് ഉണ്ടായിരുന്നുവെന്നു നിർണ്ണയിക്കാൻ പ്രയാസമാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. തമിഴിൻെറ പിടി അടിക്കടി കുറഞ്ഞുവരുന്നതായും, സംസ്കൃതത്തിൻെറ സ്വാധീനം അതിനൊപ്പം വളർന്നുവരുന്നതായും ആണ് പ്രത്യക്ഷപ്പെടുന്നത്. മലയാളപദങ്ങളെ സംസ്കൃതീകരിച്ചു പ്രയോഗിക്കുന്നതു് ഭാഷാസ്വഭാവത്തിനു തീരെ യോജിച്ചതല്ലെന്ന് ആദ്യമേ വ്യക്തമായി. സംസ്കൃത വിഭക്തികൾ ഉപയോഗിക്കുന്ന രീതി തന്നെ കഴിയുന്നതും കുറയ്ക്കണമെന്നും വന്നുചേർന്നു. ഈ പരിണാമങ്ങളെല്ലാം മണിപ്രവാളകൃതികൾ പരിശോധിച്ചാൽ വ്യക്തമാകും. അക്കാലത്തെ ഏററവും പ്രധാനപ്പെട്ട മണിപ്രവാളകൃതികളാണ് പുനം നമ്പൂരിയുടെ ഭാഷാരാമായണംചമ്പുവും (പതിനഞ്ചാം നൂററാണ്ടിൻെറ ഉത്തരാർദ്ധം), അജ്ഞാതകർത്തൃകമായ ചന്ദ്രോത്സവവും മററും. 'മധുര മധുരഭാഷാ സംസ്കൃതാന്യോന്യ സമ്മേളനസുരഭിലയാകും കാവ്യവാണീവിഭൂതി'കൾ ആണ് ആ കൃതികൾ. കാവ്യരചനയ്ക്കിണങ്ങിയ ഒരു മനോഹരഭാഷ വളർത്തിയെടുത്തതാണ് പുനത്തിൻെറയും മററും ഏററവും വലിയ നേട്ടം. സംസ്കൃതത്തിലെ അനേകം മനോഹരങ്ങളായ വൃത്തങ്ങൾ അവർ മലയാളത്തിൽ പ്രചരിപ്പിക്കയും ചെയ്തു.

ഭാഷയുടെ രൂപത്തിനു വന്ന മാററം മദ്ധ്യമലയാളത്തിലെ പാട്ടുകളിലും സുവ്യക്തമായി കാണാം. പതിനഞ്ചാം നൂററാണ്ടിലെ സാഹിത്യം നിരണംകവികളെന്നും കണ്ണശ്ശന്മാരെന്നും വിശ്രുതി പെററ മൂന്നു കവീശ്വരന്മാരുടെ സംഭാവനകൾകൊണ്ടു സമ്പന്നമാണ്. (പതിനഞ്ചാം ശതകം പൂർവ്വാർദ്ധം). പഴയ മലയാളത്തിലെ പാട്ടിൻെറ സ്വരൂപത്തിന് മദ്ധ്യമലയാളത്തിൽ എത്ര വല്ല

തായ മാററം വന്നു എന്നു് നിരണംകവികളുടെ കൃതികൾ വെളിവാക്കും. ഏതാണ്ടു മണിപ്രവാളത്തോടു സാദൃശ്യമുള്ള അവരുടെ ഭാഷയെ ഭാഷാമിശ്രമെന്നാണു വിശേഷിപ്പിക്കുന്നതു്. രാമായണം, ഭാരതം, ഭഗവദ്ഗീത, ഭാഗവതം തുടങ്ങി പല സംസ്കൃതകൃതികളും കണ്ണശ്ശന്മാർ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. ദീർഘവും സംഗീതഗന്ധിയുമായ ഒരു വൃത്തമാണു് കണ്ണശ്ശകവികൾ പൊതുവേ സ്വീകരിച്ചുകാണുന്നതു്. അതു നാലു പാദങ്ങളിൽ നില്ക്കുന്നതാണെങ്കിലും പാട്ടായിട്ടാണു പരിഗണിക്കപ്പെടുന്നതു്. കണ്ണശ്ശന്മാൎക്കുശേഷം ഉണ്ടായ പാട്ടുകളിൽ മുന്തിനില്ക്കുന്നതാണു് കോലത്രപനായ ഉദയവൎമ്മയുടെ ആജ്ഞയനുസരിച്ചു ചെറുശ്ശേരി നമ്പൂരി നിൎമ്മിച്ച കൃഷ്ണപ്പാട്ടു് എന്ന മധുരമായ ഗാനകാവ്യം. (പതിനഞ്ചാം നൂററാണ്ടിന്റെ ഉത്തരാർദ്ധം). അതിന്റെ രീതി തികച്ചും വ്യത്യസ്തമാണു്. ആധുനികമലയാളത്തിന്റെ ആദിമാതൃകയായി അംഗീകരിക്കത്തക്ക പ്രകാരത്തിലാണു് അതിലെ ഭാഷ. കുറേ പഴയ പദങ്ങൾ അതിലുള്ളതു മാററി നോക്കിയാൽ അതിലെ ഭാഷ ഇന്നത്തേതു തന്നെ.

ആധുനികഘട്ടം സമുദ്ഘാടനം ചെയ്യുന്ന തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ കൃതികളാണു് പാട്ടു് എന്ന ശാഖയിൽ പരമോച്ചഭാവത്തിൽ ശോഭിക്കുന്നവ. (പതിനാറാം നൂററാണ്ടു് ഉത്തരാർദ്ധം). സ്വരൂപംകൊണ്ടു കിളിപ്പാട്ടുകളാണു് അദ്ദേഹത്തിന്റെ പ്രധാന കൃതികളായ അദ്ധ്യാത്മരാമായണം, മഹാഭാരതം, ഭാഗവതം തുടങ്ങിയവ. പാട്ടെന്നും മണിപ്രവാളമെന്നും ഉള്ള രണ്ടു കവിതാതടിനികളും ഒന്നുചേർന്നു് ഒഴുകുന്ന ഭംഗിയാണു് അവയിൽ കാണുന്നതു്. പാട്ടിന്റെ ആദിമാതൃകകളിൽ പ്രകടമായ തമിഴ് രൂപങ്ങളുടെ വൈകൃതിയും, മണിപ്രവാളത്തിന്റെ ആദ്യഘട്ടത്തിൽ നേരിട്ട സംസ്കൃതീകൃതരൂപവൈകല്യങ്ങളും ഒരുപോലെ പരിത്യജിച്ചു് ഭാഷാസംസ്കൃതയുക്തമായ ഒരു മനോഹരഭാഷ വാർത്തെടുക്കാൻ എഴുത്തച്ഛനു കഴിഞ്ഞു. പാട്ടും മണിപ്രവാളവും അന്നുവരെ പ്രാപിച്ച പരിപുഷ്ടി എഴുത്തച്ഛൻ ഈ വിഷയത്തിൽ വേണ്ടപോലെ പ്രയോജനപ്പെടുത്തി എന്നു നിശ്ചയമാണു്. രൂപത്തിലെന്നപോലെ ഭാവത്തിലും എഴുത്തച്ഛന്റെ കൃതികൾ മലയാളകവിതയുടെ പരമോന്നതി കുറിക്കുന്നു. ശൃംഗാരരസത്തെ സർവപ്രധാനമായി അവലംബിച്ചു പോന്ന കവിതയെ ഭക്തിരസനിർഭരമായ ആദ്ധ്യാത്മികമണ്ഡലത്തിലേക്കു് ഉയർത്തി സർവ്വാദരണീയമായ ഗൗരവം നേടിക്കൊടുത്തതു് ആ മഹാനാണു്. അദ്ദേഹത്തിന്റെ മുഖ്യകൃതികൾ സംസ്കൃതകൃതികളുടെ തർജ്ജമകളോ സംഗ്രഹങ്ങളോ ആണെങ്കിലും രചനാവൈശിഷ്ട്യംകൊണ്ടും ആദ്ധ്യാത്മികചിന്താസമ്പത്തുകൊണ്ടും അവ മലയാളത്തിലെ അമൂല്യസാഹിത്യനിധികളായി സമുല്ലസിക്കുന്നു.

എഴുത്തച്ഛനു ശേഷവും പാട്ടിനു വൈചിത്ര്യപൂർണ്ണമായ രൂപഭേദങ്ങൾ ഉളവായി. ആട്ടപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, പാനപ്പാട്ടു തുടങ്ങി എത്രയോ തരത്തിലുള്ള കൃതികൾ ഈ സാഹിത്യശാഖയിൽ ഉദിച്ചുയർന്നു. ഇതിൽ ആട്ടപ്പാട്ടുകളും തുള്ളൽപ്പാട്ടുകളും കവിതയെന്ന നിലയിൽ മാത്രമല്ല പരിഗണനെ അർഹിക്കുന്നത്. അഭിനയനൃത്തകലകളുടെ സാഹിത്യസാമഗ്രിയായും അവയ്ക്കു സ്ഥാനമുണ്ട്. പതിനെട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന രണ്ടു കവീശ്വരന്മാരാണ് ഈ രണ്ടു പ്രസ്ഥാനങ്ങളിൽ ഏററവും വലിയ സംഭാവന ചെയ്തിട്ടുള്ളവർ—നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യരും, തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാരും. കഥകളി എന്ന കേരളീയ 'നൃത്യനാടകമൂകാഭിനയകല' യുടെ സാഹിത്യമാണ് ആട്ടക്കഥ. ഇത്തരം കൃതികളിൽ കഥാഗാത്രം ഇടയ്ക്കിടെയുള്ള ശ്ലോകങ്ങളിലും, പാത്രങ്ങളുടെ സംഭാഷണം 'പദങ്ങൾ' എന്നു പറയുന്ന ഗാനങ്ങളിലുമാണ് നിബന്ധിച്ചിട്ടുള്ളത്. സ്വയം ചൊല്ലി അഭിനയിക്കാനുള്ള കവിതയാണു തുള്ളൽപ്പാട്ട്. ഫലിതരസപൂർണ്ണമാണ് അതിന്റെ രീതി. ഉണ്ണായിവാര്യർക്കു മുമ്പു കോട്ടയം കേരളവർമ്മയും, വാര്യർക്കുശേഷം മററു പല കവികളും നിർമ്മിച്ചിട്ടുള്ള ആട്ടക്കഥകളും സ്മരിക്കേണ്ടവയാണ്. എന്നാൽ തുള്ളൽപ്രസ്ഥാനത്തിൽ നമ്പ്യാരുടെ കൃതികൾക്കൊപ്പം എടുത്തു പറയത്തക്ക വേറൊരു തുള്ളലുമില്ല.

ആട്ടപ്പാട്ടുകൾക്കും തുള്ളൽപ്പാട്ടുകൾക്കും തുല്യം പരിപുഷ്ടി പ്രാപിച്ചിട്ടില്ലെങ്കിലും പാന, വഞ്ചിപ്പാട്ട് മുതലായ ഗാനസാഹിത്യമാതൃകകളും ശ്രദ്ധ അർഹിക്കുന്നു. പൂന്താനം നമ്പൂരിയുടെ കുമാരാഹരണം പാനയും, രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടും മററും ഗണനീയങ്ങളായ കൃതികളാണ്.

എഴുത്തച്ഛന്റെ കാലംതൊട്ടാണ് ആധുനികദശയെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. എല്ലാ ശാഖകളിലും ഈ കാലഘട്ടത്തിൽ ഉണ്ടായ കൃതികളാണ് മലയാളത്തിനു ഗണനീയമായ സാഹിത്യസമ്പത്ത് ഉണ്ടാക്കിക്കൊടുത്തത്. എഴുത്തച്ഛൻ, ഉണ്ണായിവാര്യർ, കുഞ്ചൻനമ്പിയാർ മുതലായ കവീശ്വരന്മാരുടെ സംഭാവനകളെപ്പററി പറഞ്ഞുകഴിഞ്ഞു. നമ്പിയാർക്കു ശേഷം ഇരയിമ്മൻതമ്പി, വിദ്വാൻ കോയിത്തമ്പുരാൻ തുടങ്ങി പലരും ഭാഷാകവിതയെ പോഷിപ്പിച്ചു. പില്ക്കാലത്തു ദ്രാവിഡവൃത്തങ്ങളിലും സംസ്കൃതവൃത്തങ്ങളിലും ധാരാളം കവിതയുണ്ടായെങ്കിലും അവയ്ക്കു തമ്മിലുള്ള ഭേദം അഗണ്യമായിത്തീർന്നു. എന്നുതന്നെയല്ല മണിപ്രവാളമെന്ന പേരുതന്നെ ലുപ്തപ്രചാരമായി. എങ്കിലും പത്തൊൻപതാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിലുണ്ടായ മയൂരസന്ദേശംപോലുള്ള കൃതികൾ പഴയ മണിപ്രവാളത്തിന്റെ ഭാവങ്ങളുള്ളവ തന്നെ. എന്നാൽ വെണ്മണി, ശീവൊള്ളി, നടുവം മുതലായ നമ്പൂരിക്കവികളുടെ കവിത

കൾ പലതും സംസ്കൃതവൃത്തനിബദ്ധങ്ങളാണെങ്കിലും അവയ്ക്കു പഴയ മണിപ്രവാള്യകവിതകളുടെ പ്രത്യേകതകൾ ഒന്നും ഇല്ല.

കഴിഞ്ഞ എഴുപത്തഞ്ച്യ വർഷമായി അഭിനവദശയാണെന്നു പറയാം. ആങ്ഗലഭാഷയുമായുള്ള അതിസമ്പർക്കമാണ് ഈ പരിവർത്തനത്തിനു മുഖ്യഹേതു. സംസ്കൃതത്തിൻെറ സ്വാധീനശക്തി കുറയാതെ തന്നെ ആങ്ഗലസാഹിത്യമുദ്ര ഭാഷാകവിതയിൽ കണ്ടുതുടങ്ങി. സംസ്കൃതപ്രേരണയ്ക്കു നിദർശനമാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻെറയും ഏ. ആർ. രാജരാജവർമ്മയുടെയും കൃതികളും, അഴകത്തു പദ്മനാഭക്കുറുപ്പ്, കെ. സി. കേശവപിള്ള, പന്തളം കേരളവർമ്മ മുതലായവരുടെ മഹാകാവ്യങ്ങളും മററും. ഈ ഘട്ടത്തിൽ മഹാഭാരതത്തിനും വാല്മീകിരാമായണത്തിനും പല പുരാണങ്ങൾക്കും ഋഗേ്വദത്തിനുതന്നെയും പൂർണ്ണമായ പരിഭാഷകൾ ഉണ്ടായതും സ്മരിക്കണം. പാശ്ചാത്യസാഹിത്യപ്രേരണയ്ക്കു് ഉദാഹരണമാണ് ഖണ്ഡകാവ്യങ്ങളും ലഘുകാവ്യങ്ങളും വിലാപകാവ്യങ്ങളും. കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ പരമേശ്വരയ്യർ എന്നീ മൂന്നു മഹാകവികളാണ് ഈ പുതിയ പ്രസ്ഥാനത്തിൽ നായകത്വം വഹിച്ചതു്. അവരെ പിന്തുടർന്നു പ്രതിഭാശാലികളായ അനേകം കവികൾ ഈ മാർഗ്ഗത്തിൽ സഞ്ചരിച്ചിട്ടുണ്ടു്. ഈ പ്രവണത ഇപ്പോഴും പുരോഗമിക്കുകയാണു്. പഴമയെ പാടേ പരിത്യജിക്കാതെതന്നെ, വിഷയസ്വീകരണത്തിലും രചനാരീതിയിലും മററും പുതുമ കലർത്താൻ അവർക്കു കഴിഞ്ഞിട്ടുണ്ടു്. ആങ്ഗലകവിതയിലെ ഭാവഗീതികളുടെ രീതി പ്രത്യേകിച്ചും അവർക്കു പ്രേരണ നല്കി. വിഷയസ്വീകരണത്തിൽ അവർ വളരെ വിസ്തൃതമായ മണ്ഡലത്തിൽ സഞ്ചരിക്കുന്നതായി കാണാം. ഹൈന്ദവധർമ്മംപോലെ ഇതരമതങ്ങളും, ഭാരതീയ സംസ്കാരംപോലെ വിദേശീയ സംസ്കാരങ്ങളും കവിതയ്ക്കു വിഷയമായി. പ്രത്യക്ഷത്തിൽ നിസ്സാരങ്ങളെന്നു തോന്നുന്ന അനേകം വിഷയങ്ങളെ കാവ്യഭംഗിയോടെ അവർ അവതരിപ്പിച്ചു. സംസ്കൃതവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും അവർ തുല്യപാടവത്തോടെ പ്രയോഗിച്ചിട്ടുണ്ടു്. സാർവലൗകികസൗഭ്രാത്രം, രാഷ്ട്രീയസ്വാതന്ത്ര്യം, ദേശീയ വീക്ഷണഗതി, ധാർമ്മികമൂല്യങ്ങളെപ്പററിയുള്ള പരിചിന്തനം, മതത്തിൻെറയും ശാസ്ത്രത്തിൻെറയും സന്ദേശം, ജീവിതത്തിൽ അനുഭവപ്പെടുന്ന ആശാഭംഗങ്ങളും വൈരുദ്ധ്യങ്ങളും, ഭാവിയെപ്പററിയുള്ള ആശകളും ആശങ്കകളും, സാമൂഹികമായ അവശതകളും അന്ധവിശ്വാസങ്ങളും, അസമത്വത്തേയും അനീതിയേയും പററിയുള്ള അമർഷം, പ്രകൃതി വിലാസത്തിലുള്ള ആനന്ദം എന്ന തരത്തിൽ എത്രയോ വിഷയങ്ങൾ അവർ കൈകാര്യം ചെയ്യുന്നു. ചുരുക്കത്തിൽ എല്ലാത്തരം അനുഭൂതികളുടെയും മുദ്രകൾ ആധുനിക ലഘുകവിതയിൽ കാണാം.

പ്രേമം, മിസ്റ്റിസിസം, റൊമാൻറിസിസം, സിംബോലിസം, വിപ്ലവാത്മകത എന്നീ പ്രവണതകളും പ്രകടമാണ്.

മലയാളകവിതയിൽ ആദ്യന്തം ഒന്ന് കണ്ണോടിച്ചാൽ ചില പ്രത്യേക ഭാവങ്ങൾ കാണാവുന്നതാണ്. നിഷ്കൃഷ്ടമായ അർത്ഥത്തിൽ ശുദ്ധ കേരളീയ സാഹിത്യമെന്നു പറയാവുന്ന നാടൻപാട്ടുകൾ കുറേയുള്ളതു് ഒഴിച്ചാൽ, കവിതയിൽ മികച്ച പങ്കും സംസ്കൃതസാഹിത്യത്തോട്ട് അടുത്ത ബന്ധമുള്ളതാണ്. വീരചരിതങ്ങളായ ഐതിഹ്യങ്ങളും, പല ദേവതകളെപ്പററിയുള്ള ഗാനങ്ങളും, ദേശീയോത്സവങ്ങളേയും വിനോദങ്ങളേയും മററും സംബന്ധിക്കുന്ന ഗാനങ്ങളും നാടൻ സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു. എന്നാൽ, അവയിൽ മുഖ്യസാഹിത്യകൃതികളായി എണ്ണാവുന്നവ ചുരുക്കമാണ്. രാമചരിതംതൊട്ടു മുകളിൽ സൂചിപ്പിച്ച പ്രധാന കൃതികളെല്ലാം മററൊരു ഇനത്തിൽ ഉൾപ്പെടുന്നവയാണല്ലോ. സംസ്കൃതത്തിൻെറ പ്രേരണയും ഭാരതീയ സംസ്കാരത്തിൻെറ സ്വാധീനശക്തിയും മലയാളത്തിലെ കാവ്യശാഖയിൽ അത്യന്തം ശക്തി ചെലുത്തിയിട്ടുണ്ട്. ആധുനികമലയാളത്തിൽ ഈ അടുത്ത കാലത്താണ് സംസ്കൃതത്തിൻെറ ഇത്തരം അഖണ്ഡാധികാരത്തിന് അല്പമൊരു മാററം വന്നതു്. ഒരംശത്തിൽ മലയാളസാഹിത്യത്തിന് ഒരു പോരായ്മയായിത്തോന്നാവുന്ന ഈ സംസ്കൃതാനുകരണം, ഭാരതത്തിൻെറ ഐക്യത്തെ ആധാരമാക്കി നോക്കുമ്പോൾ സാരമായ ഒരു നേട്ടമായി പരിഗണിക്കേണ്ടതാണ്. ഭാരതീയ സാഹിത്യത്തിൻെറ പൂർണ്ണസ്വഭാവം ആവഹിക്കുന്ന ഒരു പ്രത്യേക ശാഖയായി മലയാളസാഹിത്യം പുഷ്ടി പ്രാപിച്ചതു് സംസ്കൃതബന്ധംകൊണ്ടുതന്നെയാണ്. ഇങ്ങനെ സംസ്കൃതത്തോടു പൊതുവേ പറയുമ്പോൾ അടുത്ത ബന്ധമുണ്ടെങ്കിലും, സംസ്കൃതത്തിലെ കാവ്യനാടകചമ്പുക്കൾ തുടങ്ങിയ കാവ്യരൂപങ്ങളുടെ മാതൃകയിലുള്ള കൃതികൾക്കുപുറമേ, മലയാളത്തിൽ പ്രത്യേകമായ പല സാഹിത്യരൂപങ്ങളും ഉണ്ടെന്നുള്ളതും ശ്രദ്ധേയമാണ്. കഥകളിയും തുള്ളൽപ്പാട്ടും വഞ്ചിപ്പാട്ടും മററും തനി കേരളീയമായ സാഹിത്യരൂപങ്ങളാണല്ലോ.

ശബ്ദാർത്ഥസൗന്ദര്യത്തിൽ മലയാളകവികൾക്കുള്ള ദീക്ഷ എടുത്തു പറയത്തക്കവണ്ണം മഹത്തരമാണ്. സംസ്കൃതത്തിലും ദ്രാവിഡത്തിലും ഉള്ള എത്രയെത്ര മനോഹരവൃത്തങ്ങളാണ് മലയാളകവികൾ പ്രശംസനീയമായ വൈദഗ്ദ്ധ്യത്തോടെ കൈകാര്യം ചെയ്തിട്ടുള്ളതു്. ഏതെല്ലാം തരത്തിലുള്ള പ്രാസങ്ങളും, രസാനുഗുണമായ പദഗുംഫനവും, വൈചിത്ര്യം നിറഞ്ഞ ശയ്യാരീതികളുമാണ് ഈ കവിതകളിൽ കാണുന്നതു്. പദംകൊണ്ടും അലങ്കാരപ്രയോഗംകൊണ്ടും എത്രകണ്ടു് ഇന്ദ്രജാലവിദ്യ കാണിക്കാമെന്നു പല കവികളും തെളിയിച്ചിട്ടുണ്ട്. എന്നാൽ ഭാവങ്ങൾക്കും ഭാവനകൾക്കും

സങ്കല്പങ്ങൾക്കും രസങ്ങൾക്കും ഉള്ള പ്രാധാന്യത്തെ ഒട്ടും വിഗണിച്ചിട്ടും ഇല്ല. മണിപ്രവാളകവിത അധികവും ശൃംഗാരരസപൂർണ്ണമാണെന്നും, ചിലപ്പോൾ വികൃതശൃംഗാരസ്ഫുരണംകൊണ്ടു് അരോചകമാണെന്നും, പറയാമെങ്കിലും എല്ലാ കാവ്യശാഖകളെയും ഒരുമിച്ചു നോക്കുമ്പോൾ രസാവിഷ്കരണവിഷയത്തിൽ മലയാളകവികൾ നേടിയിട്ടുള്ള വിജയം അത്യന്തം ശ്ലാഘാർഹമാണു്. അതിൽ എഴുത്തച്ഛൻെറ കൃതികളിൽ തിങ്ങിവഴിയുന്ന ഭക്തിരസവും, നമ്പിയാരുടെ തുള്ളലുകളിൽ തിളങ്ങുന്ന പരിഹാസഫലിതങ്ങളും പ്രത്യേകം പ്രസ്താവം അർഹിക്കുന്നു. പ്രസാദാത്മകതയാണു് അധികം കവിതകളിലും പ്രത്യക്ഷപ്പെടുന്നതെങ്കിലും, വിഷാദത്തിൻെറ നിഴൽവീശലുകളും അങ്ങിങ്ങു കാണാവുന്നതാണു്. വർണ്ണനയ്ക്കും രസാവിഷ്കരണത്തിനും അലങ്കാരപ്രയോഗത്തിനും പ്രാധാന്യം കല്പിച്ചതുപോലെതന്നെ മുൻകാലത്തെ കവിത സദാചാരബോധത്തിലും ശ്രദ്ധവെച്ചിരുന്നു. ഭാവാവിഷ്കരണത്തിലും ജീവിതനിരീക്ഷണത്തിലും മാനുഷികബന്ധങ്ങളിലും ആണു് ആധുനികകവിത കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു്.

രാമചരിതംതൊട്ടു് ഇന്നുവരെയുള്ള കവിതകളുടെ സ്വഭാവം വേണ്ടപോലെ പ്രകാശിപ്പിക്കുന്ന ഇരുനൂററിരുപത്തൊന്നു കവിതാഖണ്ഡങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. മദ്ധ്യമലയാളകാലത്തു് ഉണ്ടായിട്ടുള്ള ചമ്പുക്കളും സന്ദേശങ്ങളും എന്നപോലെ കണ്ണശ്ശൻെറയും പുനം നമ്പൂരിയുടേയും മററും കൃതികളുംകൊണ്ടാണു് ഇതു സമാരംഭിക്കുന്നതു്. രണ്ടാമതു് മനോഹരങ്ങളായ നാടൻപാട്ടുകളും കീർത്തനങ്ങളും. മൂന്നാമത്തെ ഖണ്ഡത്തിലാണു് ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം, അർണ്ണോസ് പാതിരി, കോട്ടയം തമ്പുരാൻ, ഉണ്ണായിവാര്യർ, കുഞ്ചൻനമ്പിയാർ, രാമപുരത്തു വാര്യർ, ഇരയിമ്മൻ തമ്പി തുടങ്ങിയുള്ള മഹാകവി മൂർദ്ധന്യന്മാരുടെ സംഭാവനകൾ. കേരളവർമ്മയുടേയും, തുടർന്നു് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്ന കവിത്രയത്തിൻേറയും കാലഘട്ടങ്ങളെ പ്രതിബിംബിക്കുന്നതാണു് അടുത്തതു്. ഇന്നു കാവ്യാന്തരീക്ഷത്തെ പ്രഭാപൂരിതമാക്കിക്കൊണ്ടിരിക്കുന്ന കാവ്യാഭരണങ്ങളാണു് അവസാന ഖണ്ഡത്തിൽ കാണാവുന്നതു്.

ഏതു തോതുവെച്ചു നോക്കിയാലും ഒന്നാംതരമെന്നു പരിഗണിക്കാവുന്ന തരത്തിൽ ഭംഗിയുള്ളവയാണു് ഇതിലെ കവിതകൾ. രൂപത്തിലും ഭാവത്തിലും ഒരുപോലെ മനോഹരങ്ങൾ. കല്പനാരസികതകൊണ്ടും പ്രതിപാദനസൗകുമാര്യംകൊണ്ടും ബഹുമാനവും ആദരവും ആർജ്ജിക്കുന്നവ. ഈ കവിതകൾ മലയാളത്തിലെ കവിതകളുടെ മുഴുവൻ പ്രാതിനിധ്യം വഹിക്കാൻ തികച്ചും പോരുന്നവയാണു്; മലയാളികളുടെ രസികതയെ പ്രദർശിപ്പി

ക്കാൻ പററിയവയുമാണ്. മലയാളത്തിൻെറ സ്വാതന്ത്ര്യഗതിയും, മററു സാഹിത്യങ്ങളെ സ്വാധീനപ്പെടുത്തി മലയാളം സമ്പാദിച്ച മികവുകളും എത്രയെന്നു് ഇതിൽനിന്നു തെളിയും. ഭാരതത്തിലെ മാന്യന്മാരായ കവികളുടെ പംക്തിയിൽ എല്ലാംകൊണ്ടും സ്ഥാനം അർഹിക്കുന്ന പല മഹാന്മാരും മലയാളസാഹിത്യത്തിൽ എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ടു് എന്നും ഈ കവിതകൾ പ്രഖ്യാപനം ചെയ്യും.

മലയാളികൾ തന്നെ, ഒരർത്ഥത്തിൽ പറഞ്ഞാൽ, വേണ്ടപോലെ അറിഞ്ഞിട്ടില്ലാത്തതാണു് മലയാളകവിത. മററു ഭാഷക്കാർക്കു മലയാളകവിതയെപ്പററി വലിയ അറിവുമില്ല. ഈ സ്ഥിതിക്കു് സാഹിത്യ അക്കാദമിയുടെ സാഹായ്യംകൊണ്ടു് രൂപംകൊണ്ട ഈ കാവ്യസമാഹാരം എല്ലാവിധത്തിലും അത്യന്തം പ്രയോജനപ്രദമാണു്. ദീർഘകാലം പണിപ്പെട്ടു കാവ്യാഭ്യാസം ചെയ്തു സമ്പാദിക്കേണ്ട പരിചയം ഈ ഒരു പുസ്തകംകൊണ്ടു് ഒട്ടൊക്കെ കൈവശപ്പെടുത്താൻ കഴിവാകും എന്നുള്ളതാണു് ഈ സമാഹാരത്തിൻെറ ഒരു വലിയ പ്രത്യേകത.

കേരളസാഹിത്യത്തിനു് ഇതുവരെ ഉണ്ടായിട്ടുള്ള സമ്പത്തുകളുടെ ഭാണ്ഡാഗാരമായും, ഭാവികാവ്യപരിശ്രമങ്ങൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ദീപസ്തംഭമായും ഈ സമാഹാരം നിലകൊള്ളട്ടെ.

തിരുവനന്തപുരം
31—3—1962.

സമാഹാരകർത്താ
**ശൂരനാട്ടു കുഞ്ഞൻപിള്ള.**

# ഉള്ളടക്കം

## ഭാഗം ഒന്നു്


| | | | പുറം |
|---|---|---|---|
| 1 | ഒരു വരം താ പരന്താമമേ | (ലീലാതിലകം) | 5 |
| 2 | കവിയെനക്കരുൾചെയ്യെ | (രാമചരിതം) | 5 |
| 3 | പൊയിലത്തെ കൊടികളും നടികളും | (ഉണ്ണിച്ചിരുതേവി ചരിതം) | 6 |
| 4 | തരുചിത്രകാനലവ്യ് | ടി | 7 |
| 5 | തിരുനെല്ലി | (ഉണ്ണിയച്ചിചരിതം) | 7 |
| 6 | മററെങ്ങും ദുർല്ലഭം വിഭവമീടിൻെറടം | (ഉണ്ണിയാടിചരിതം) | 8 |
| 7 | കണ്ണനെക്കൈ തൊഴേണ്ടും | (ഉണ്ണുനീലി സന്ദേശം) | 9 |
| 8 | വാസന്തമോഹിനി | നിരണത്തു രാമപ്പണിക്കർ | 10 |
| 9 | പമ്പ കൊളുത്തിയ വിരഹാഗ്നി | ടി | 11 |
| 10 | കാർകാലനടൻ | ടി | 13 |
| 11 | സീതാപരിത്യാഗം | ടി | 15 |
| 12 | ലീലാമുക്തകമാലിക | (ലീലാതിലകം) | 18 |
| 13 | ഹന്ത കല്പാന്തതോയേ | പുനം നമ്പൂതിരി | 21 |
| 14 | സുരസുദൃശാം വിഭ്രമം | ടി | 22 |
| 15 | രഘുരാജധാനി | ടി | 22 |
| 16 | സീതാവർണ്ണനം (ദണ്ഡകം) | ടി | 23 |
| 17 | ജനനയനസുധ | ടി | 24 |
| 18 | അലങ്കാരമാലിക | (അലങ്കാരസംക്ഷേപം) | 25 |
| 19 | സന്ധ്യാതേജസ്സും ഉദയപ്രഭയും | (ചക്രവാകസന്ദേശം) | 26 |
| 20 | രജനീമുഖം | (ചന്ദ്രോത്സവം) | 28 |
| 21 | കുമ്പിടുന്നേൻ | മഴമംഗലം | 30 |
| 22 | യൗവനശ്രീ | ടി | 31 |
| 23 | കാമുകാലാപം | ടി | 32 |
| 24 | രാത്രിയിൽ കൊട്ടക്കാട്ടിൽ | ടി | 33 |
| 25 | എങ്ങു പോയീ ഗുണാബ്ധേ | ടി | 34 |


## ഭാഗം രണ്ടു്


| | | | |
|---|---|---|---|
| 26 | പരമാത്മാവിൽ വിളങ്ങും മായ | (പഴയ പാട്ടു്) | 36 |
| 27 | ഉടൽ കണ്ടു തൊഴുന്നേൻ | (തീയാട്ടുപാട്ടു്) | 37 |
| 28 | കള്ളാലിത്തിരി മോന്ത്യാൽ പിന്നെ | (മഞ്ഞപ്പാട്ടു്) | 37 |
| 29 | വിനോദസംവാദം | (പഴയ പാട്ടു്) | 38 |
| 30 | വഞ്ചിപ്പാട്ടു് .... .... | .... | 39 |
| 31 | ഉത്തമേ നീ കതകാണി തുറന്നിടേണം | (അമ്മാവിപ്പാട്ടു്) | 40 |
| 32 | ചോദ്യപ്പാട്ടു് | (വാതിൽതുറപ്പാട്ടു്) | 40 |
| 33 | പൂട്ടുപാട്ടു് | (വാതിൽതുറപ്പാട്ടു്) | 41 |

| | | | |
|---|---|---|---|
| 34 | മാവേലിയുടെ കാലം | (പഴയപാട്ട്) | 42 |
| 35 | രാസക്രീഡ | (ബ്രാഹ്മണിപ്പാട്ട്) | 42 |
| 36 | താ തിനന്ത താ തിനന്ത | (പഴയ പാട്ട്) | 43 |
| 37 | അന്തിപ്പാട്ട് | (പഴയപാട്ട്) | 45 |
| 38 | കുറത്തിപ്പാട്ട് | കുട്ടികുഞ്ഞു തങ്കച്ചി | 45 |
| 39 | ഏലേലേലോ | (കപ്പൽപ്പാട്ട്) | 46 |
| 40 | ഓട്ടംമൃഗങ്ങളെത്തേടി | മച്ചാട്ട് ഇളയത് | 46 |
| 41 | ഒരു നമ്മഗാനം | (പഴയപാട്ട്) | 47 |
| 42 | പ്രേമതപസ്സ് | (മംഗല്യകീത്തനം) | 48 |
| 43 | കോഴിയങ്കം | (വടക്കൻപാട്ട്) | 49 |
| 44 | മാതൃവിലാപം | (ഇരവിക്കുട്ടിപ്പിള്ളപ്പോരു്) | 52 |
| 45 | അദ്വൈതകീത്തനം | ,, | 54 |
| 46 | അവനെൻെറ വരനായി വരുമോ? | കുഞ്ചൻ നമ്പ്യാർ | 58 |


## ഭാഗം മൂന്നു്


| | | | |
|---|---|---|---|
| 47 | സംഗീതപ്രഭാവം | ചെറുശ്ശേരി നമ്പൂരി | 61 |
| 48 | വൃന്ദാവനലീല | ടി | 63 |
| 49 | പ്രിയനെത്തേടി | ടി | 64 |
| 50 | വൃത്രാരിലോകം ഞാൻ പൂകുന്നേരം | ടി | 65 |
| 51 | പദ്മനാഭൻെറ സന്നിധിയിൽ | എഴുത്തച്ഛൻ | 68 |
| 52 | ശൈശവവിലാസം | ടി | 68 |
| 53 | ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം | ടി | 69 |
| 54 | മാതാവിൻെറ യാത്രപറച്ചിൽ | ടി | 71 |
| 55 | കാമലീല | ടി | 73 |
| 56 | പ്രേമപ്രകഷം | ടി | 74 |
| 57 | കാട്ടുതീയിൽപ്പെട്ട കിളിക്കുഞ്ഞുങ്ങൾ | ടി | 75 |
| 58 | പണ്ഡിതനും മൂഢനും | ടി | 76 |
| 59 | ക്രൂരപ്രതീകാരം | ടി | 79 |
| 60 | പാത്ഥസാരഥി | ടി | 81 |
| 61 | ഗാന്ധാരിയുടെ ശോകം | ടി | 82 |
| 62 | ഉണ്ണിക്കൃഷ്ണൻ | പൂന്താനം നമ്പൂരി | 85 |
| 63 | വൈകുണ്ഠദശനം | ടി | 86 |
| 64 | മോഹവിഭ്രമം | ടി | 88 |
| 65 | പാത്ഥസാരഥിസ്തോത്രം | ടി | 89 |
| 66 | ആനന്ദചിന്മയം | എഴുത്തച്ഛൻ | 91 |
| 67 | പ്രഭാതകീത്തനം | മേല്പ്പത്തൂർ | 91 |
| 68 | ഉമ്മാവിലാപം | അർണ്ണോസ് പാതിരി | 93 |
| 69 | മുക്തകത്രയം | | 94 |
| 70 | സുരസ്ത്രീവിമോഹനൻ (ദണ്ഡകം) | കോട്ടയം കേരളവമ്മ | 95 |
| 71 | ശംഭുമോഹിനി | ടി | 96 |
| 72 | കാലൻ കെട്ടിയിഴയ്ക്കുമ്പോൾ | ടി | 97 |
| 73 | വിപിനരംഗം | ടി | 98 |
| 74 | വിജയപ്രാത്ഥന | ടി | 98 |
| 75 | ജയജനനി | ഉണ്ണായിവാര്യർ | 99 |
| 76 | ഉണ്ണിയമ്മ | ടി | 99 |

| | | | |
|---|---|---|---|
| 77 | ഹംസത്തിൻെറ കൃതജ്ഞത | ഉണ്ണായിവാര്യർ | 100 |
| 78 | നീയല്ലാതെ ഗതിയില്ല | ടി | 101 |
| 79 | കണ്ണിനഴൽ തീൎന്നു. (ദണ്ഡകം) | ടി | 102 |
| 80 | സാമ്യമകന്നോരുദ്യാനം | ടി | 103 |
| 81 | ഉണ്ണികൃഷ്ണൻെറ പശുപാലനം | കുഞ്ചൻ നമ്പ്യാർ | 104 |
| 82 | കദളീവനം | ടി | 105 |
| 83 | ഔദ്ധത്യഭംഗം | ടി | 106 |
| 84 | കാലനില്ലാത്ത കാലം | ടി | 110 |
| 85 | സ്ഥാനമാഹാത്മ്യം | ടി | 112 |
| 86 | കവിതയും നിരൂപണവും | ടി | 113 |
| 87 | ലക്ഷണമുള്ളവരൊന്നോ രണ്ടോ | ടി | 114 |
| 88 | ദുഷ്ടസ്വഭാവം | ടി | 116 |
| 89 | കാട്ടുതീ | ടി | 117 |
| 90 | പൊറുക്കാത്ത പുണ്ണ് | ടി | 119 |
| 91 | ഉത്കൃഷ്ടജീവിതം | ടി | 119 |
| 92 | അദ്ഭുതദൎശനം | ടി | 120 |
| 93 | ജീവനാൎക്കും ഒപ്പം | ടി | 121 |
| 94 | കാനനകാമിനിമാർ | ടി | 122 |
| 95 | കവിതാരീതി വൈഷമ്യമത്രേ | ടി | 123 |
| 96 | പാഞ്ചാലിയുടെ അഭ്യൎത്ഥന | ടി | 123 |
| 97 | വിശ്രമകാംക്ഷ | ടി | 126 |
| 98 | കൃഷ്ണൻെറ ഔദാര്യം | രാമപുരത്തു വാര്യർ | 126 |
| 99 | ശ്മശാനരംഗം | കല്ലേക്കുളങ്ങര രാഘവപ്പിഷാരൊടി | 128 |
| 100 | കാവേരിയുടെ ഗതി | കടിയംകുളം ശുപ്പമേനോൻ | 130 |
| 101 | കൈപ്പവല്ലിയുടെ പൈതങ്ങൾ | ചേലപ്പറമ്പു നമ്പൂരി | 131 |
| 102 | ചാലിയാറേ തൊഴാം | ടി | 132 |
| 103 | ചൊല്ലിന്നു കൊല്ലുന്നു മാം | പൂന്തോട്ടത്തു നമ്പൂരി | 132 |
| 104 | കമലവാഹനം | സ്വാതിതിരുനാൾ മഹാരാജാവ് | 132 |
| 105 | പ്രിയാഗമോത്കണ്ഠ | ടി | 133 |
| 106 | ഏകാന്തമോഹിനി | വിദ്വാൻ കോയിത്തമ്പുരാൻ | 133 |
| 107 | പാൎവ്വതിയുടെ വൈഷമ്യം (ദണ്ഡകം) | ഇരയിമ്മൻ തമ്പി | 134 |
| 108 | ജയ ജയ നാഗകേതന | ടി | 135 |
| 109 | ഓമനത്തിങ്കൾക്കിടാവോ | ടി | 135 |
| 110 | ശൃംഗാരനൃത്തം (കുമ്മി) | ടി | 137 |
| 111 | ഏഴു മുത്തുമണികൾ | വെണ്മണി, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ലക്ഷ്മീപുരത്തു രവിവൎമ്മ | 138 |


## ഭാഗം നാല്


| | | | |
|---|---|---|---|
| 112 | മയൂരപിഞ്ഛങ്ങൾ | കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ | 144 |
| 113 | പാടത്തെ പണിക്കാരി | പൂന്തോട്ടത്തു നമ്പൂരി | 144 |
| 114 | കനിവവളിലുദിക്കൊല്ല | ഒറവങ്കര നമ്പൂരിരാജാ | 144 |
| 115 | മുക്തകത്രയം | ചട്ടമ്പിസ്വാമികൾ | 145 |
| 116 | നവരത്നമഞ്ജരി | ശ്രീ നാരായണഗുരു | 145 |
| 117 | മേഘബിന്ദുക്കൾ | ഏ. ആർ. രാജരാജവൎമ്മ | 148 |
| 118 | വിരഹാധി | അഴകത്തു പദ്മനാഭക്കുറുപ്പ് | 148 |

| | | | |
|---|---|---|---|
| 119 | ആസന്നമരണചിന്ത | കെ. സി. കേശവപിള്ള | 150 |
| 120 | ഒരു ദുർമ്മതി | ടി | 154 |
| 121 | കാവ്യാമൃതം | പന്തളത്തു കേരളവമ്മ | 155 |
| 122 | ഉത്തരരാമായണമണികരം | ചാത്തുക്കുട്ടി മന്നാടിയാർ | 157 |
| 123 | പ്രേയസീവിയോഗം | ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ | 158 |
| 124 | ഏദൻതോട്ടം | കട്ടക്കയം ചെറിയാൻ മാപ്പിള | 158 |
| 125 | സന്ധ്യാംബരം | വി. സി, ബാലകൃഷ്ണപ്പണിക്കർ | 159 |
| 126 | ഒരു വിലാപം | ടി | 160 |
| 127 | വീണ പൂവ് | കുമാരൻ ആശാൻ | 167 |
| 128 | ശാന്തിഭ്രൂവ് | ടി | 169 |
| 129 | ദിവ്യകോകിലം | ടി | 169 |
| 130 | കാരുണ്യാശ്രു | ടി | 170 |
| 131 | വിടവാങ്ങൽ | ടി | 172 |
| 132 | പരശ്രുജയപതാക | ഉള്ളൂർ പരമേശ്വരയ്യർ | 175 |
| 133 | കീർത്തി | ടി | 179 |
| 134 | പ്രേമസംഗീതം | ടി | 180 |
| 135 | ദ്രൗപദി | ടി | 183 |
| 136 | മാതൃവന്ദനം | വള്ളത്തോറം നാരായണ മേനോൻ | 185 |
| 137 | ഭക്തിയും വിഭക്തിയും | ടി | 187 |
| 138 | പുരാണങ്ങരം | ടി | 190 |
| 139 | എന്റെ ഗുരുനാഥൻ | ടി | 192 |
| 140 | ഒരു സന്ധ്യാപ്രണാമം | ടി | 194 |
| 141 | മൺതരി | നാലപ്പാട്ട നാരായണ മേനോൻ | 197 |
| 142 | കണ്ണുനീർത്തുള്ളി | ടി | 198 |
| 143 | വിശ്വേശ്വരിയോട്ട് | കുണ്ടൂർ നാരായണ മേനോൻ | 200 |
| 144 | കമനീയാംഗനിതാരോ | വി. കൃഷ്ണൻ തമ്പി | 200 |
| 145 | മനമേ നീ തകന്നാലും | ടി | 201 |
| 146 | ആദിമസുന്ദരി | കെ. വി. സൈമൺ | 201 |
| 147 | വിടവിമോഹിനി | സർദാർ കെ. എം. പണിക്കർ | 204 |
| 148 | കേരളദേശം | ടി | 204 |
| 149 | വനനിർഝരി | എം. ആർ. കൃഷ്ണ വാര്യർ | 206 |
| 150 | കുഞ്ഞാണെ സത്യം | ടി | 207 |
| 151 | വിചാരവിപ്ലവം | പള്ളത്തു രാമൻ | 207 |
| 152 | ഗ്രാമീണകന്യക | കുററിപ്പുറത്തു കേശവൻ നായർ | 209 |
| 153 | നടന്നുപോകുന്ന ചെറുവീട്ട് | ശാസ്തമംഗലം രാമകൃഷ്ണ പിള്ള | 214 |
| 154 | രജനി | പി. ശങ്കരൻ നമ്പ്യാർ | 215 |


## ഭാഗം അഞ്ചു്


| | | | |
|---|---|---|---|
| 155 | ജയ ജയ കേരളവസുധേ മഹിതേ | എൻ. ഗോപാലപിള്ള | 218 |
| 156 | തേജോബീജം | ടി | 220 |
| 157 | പെരുന്തച്ചൻ | ജി. ശങ്കരക്കുറുപ്പ് | 222 |
| 158 | സൂര്യകാന്തി | ടി | 226 |
| 159 | നിമിഷം | ടി | 229 |
| 160 | അയൽവക്കം | വി. ഉണ്ണികൃഷ്ണൻ നായർ | 232 |
| 161 | മോഹനഗാനം | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് | 233 |

| | | | |
|---|---|---|---|
| 162 | പൂക്കണി | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് | 235 |
| 163 | കാട്ടാറിൻെറ കരച്ചിൽ | ഇടപ്പള്ളി രാഘവൻ പിള്ള | 237 |
| 164 | മണിനാദം | ടി | 239 |
| 165 | കളങ്കമററ കൈയ്യ് | ബാലാമണിയമ്മ | 240 |
| 166 | ഊഞ്ഞാലിന്മേൽ | ടി | 242 |
| 167 | സൗന്ദര്യലഹരി | ചങ്ങമ്പുഴ കൃഷ്ണപിള്ള | 243 |
| 168 | എന്നിട്ടും വന്നില്ല | ടി | 245 |
| 169 | സൗഹാർദ്ദഗാനം | ടി | 247 |
| 170 | നന്നങ്ങാടികൾ | എൻ. വി. കൃഷ്ണവാര്യർ | 248 |
| 171 | സഹചാരിണി | ലളിതാംബിക അന്തർജ്ജനം | 252 |
| 172 | വിഭൂതികലശം | വാരനാട്ടു കെ. പി. ശാസ്ത്രികൾ | 254 |
| 173 | അതുതാനമലം വരദം സുഖദം | ബോധേശ്വരൻ | 255 |
| 174 | കേരളഗാനം | ടി | 257 |
| 175 | ശൈശവകാന്തി | എം. പി. അപ്പൻ | 260 |
| 176 | ഒരു അദ്ഭുതാനുഭൂതി | ടി | 260 |
| 177 | സമുദ്രസംയമനം | ഇടയാറന്മുള കെ. എം. വറുഗീസ് | 262 |
| 178 | പാവങ്ങൾ | നാലാങ്കൽ കൃഷ്ണപിള്ള | 266 |
| 179 | ആമ്പൽപ്പൊയ്ക | ടി | 267 |
| 180 | വിശ്വകാവ്യം | കെ. കെ. രാജാ | 268 |
| 181 | ദീർഘയാത്ര | ടി | 269 |
| 182 | ദാസിക്കു ചെങ്കോൽ | ടി | 269 |
| 183 | മഴത്തുള്ളികൾ | വൈലോപ്പിള്ളി ശ്രീധര മേനോൻ | 270 |
| 184 | സർപ്പക്കാട്ട് | ടി | 272 |
| 185 | മാമ്പഴം | ടി | 274 |
| 186 | ഇന്ന് | തൈക്കാട്ടു ചന്ദ്രശേഖരൻ നായർ | 275 |
| 187 | സൗന്ദര്യപൂജ | പി. കുഞ്ഞിരാമൻ നായർ | 276 |
| 188 | പഴയ ഏട്ടുകൾ | ടി | 279 |
| 189 | മൺകുടത്തിൻെറ വില | ടി | 283 |
| 190 | വസന്തത്തോട്ട് | അയിരൂർ മാധവൻ പിള്ള | 285 |
| 191 | അടയിരിക്കുന്ന പക്ഷി | കടത്തനാട്ടു മാധവിയമ്മ | 287 |
| 192 | ഞാൻ കണ്ട ഈശ്വരൻ | കുത്താട്ടുകുളം മേരി ജോൺ | 289 |
| 193 | മാതൃവിലാപം | മുതുകുളം പാർവ്വതിയമ്മ | 290 |
| 194 | യാത്ര പറച്ചിൽ | തോട്ടം മേരി ജോൺ | 292 |
| 195 | മൂന്നു രാഗങ്ങൾ | ഒളപ്പമണ്ണ | 294 |
| 196 | സ്വപ്നസഞ്ചാരം | ഓ. എം. അനുജൻ | 295 |
| 197 | വിയോഗിനി | മററൂർ ഭാസ്കരൻ നായർ | 297 |
| 198 | സങ്കല്പസംഭാഷണം | എൻ. ഭാർഗ്ഗവി | 299 |
| 199 | ആത്മശാന്തി | തിരുനയിനാർക്കുറിച്ചി മാധവൻനായർ | 301 |
| 200 | കടത്തുകാരൻ | ററി. എൻ. ഗോപിനാഥൻ നായർ | 302 |
| 201 | രാധയുടെ രഹസ്യം | കീഴ്കുളം രാമൻപിള്ള | 306 |
| 202 | കരിഞ്ഞുപോയ പാരിജാതം | പുത്തൻകാവ്വ് മാത്തൻ തരകൻ | 307 |
| 203 | ഞാവൽപ്പഴങ്ങൾ | സി. ജെ. മണ്ണുംമൂട്ട് | 308 |
| 204 | പ്രകാശം | വരിക്കോലിൽ കേശവനുണ്ണിത്താൻ | 311 |
| 205 | അജപാലനം | പ്രവിത്താനം ദേവസ്യ | 314 |

| | | | |
|---|---|---|---|
| 206 | ജീവിതം | പാലാ നാരായണൻ നായർ | 316 |
| 207 | എൻെറ ജന്മഭൂമി | ടി | 318 |
| 208 | കല്ലിൻെറ സംഗീതം | പാലാ ഗോപാലൻനായർ | 319 |
| 209 | രാജസദസ്സിലെ നർത്തകി | ഇടശ്ശേരി ഗോവിന്ദൻനായർ | 321 |
| 210 | ചലനങ്ങരം | ഒ. എൻ. വി. കുറുപ്പ് | 324 |
| 211 | എന്താ തുമ്പീ തുള്ളാത്തു | ടി | 325 |
| 212 | മാ നിഷാദ | വയലാർ രാമവമ്മ | 327 |
| 213 | മായുക മായുക | വെന്നി വാസുപിള്ള | 328 |
| 214 | രാത്രിയുടെ റാണി | പി. ഭാസ്കരൻ | 330 |
| 215 | വൃന്ദാവനത്തിൽ | ചെമ്പിൽ ചെല്ലപ്പൻനായർ | 331 |
| 216 | ആ മണിനാദം | ടി. പി. മാത്യു | 334 |
| 217 | പേക്കോലങ്ങരം | കൃഷ്ണൻ പറപ്പള്ളി | 335 |
| 218 | പുഷ്പഗീതി | അക്കിത്തം അച്യുതൻ നമ്പൂതിരി | 337 |
| 219 | പാടിടും ഞങ്ങരം | കെടാമംഗലം പപ്പുക്കുട്ടി | 338 |
| 220 | ദിവ്യദശനം | ശൂരനാട്ടു കുഞ്ഞൻ പിള്ള | 340 |
| 221 | പാരിൽ വെളിച്ചം പരത്തി ലസിപ്പൂ നീ | വള്ളത്തോരം നാരായണ മേനോൻ | 341 |

# മലയാള കാവ്യരത്നാകരം

## ഭാഗം ഒന്നു്

ഇന്നു് കേരളസാഹിത്യം എന്നു പറഞ്ഞാൽ മലയാള സാഹിത്യം എന്നാണു് സാധാരണക്കാർ മനസ്സിലാക്കുന്നതു്; എങ്കിലും സൂക്ഷ്മപരിഗണനയിൽ മലയാളസാഹിത്യത്തെക്കാറം വളരെ പഴക്കമുള്ളതാണു് കേരളസാഹിത്യം. ക്രിസ്തു വർഷം പത്തോ പതിനൊന്നോ നൂററാണ്ടുകറം കഴിഞ്ഞതിനു ശേഷമേ മലയാളം ഒരു പ്രത്യേകം സാഹിത്യമായി രൂപം കൈക്കൊള്ളാൻ തുടങ്ങിയുള്ളു. അതിനു മുമ്പു കേരളത്തിലേ സാഹിത്യരചന സംസ്കൃതത്തിലും തമിഴിലുമായിരുന്നു. ചിലപ്പതികാരം തുടങ്ങിയുള്ള തമിഴ്കാവ്യങ്ങളും, കുല ശേഖരൻ, വില്വമംഗലത്തു സ്വാമിയാർ, ശ്രീശങ്കരാചാര്യർ മുതലായവരുടെ സംസ്കൃതകൃതികളും അക്കാലത്തെ കേരളീയ സാഹിത്യസമ്പത്തുകളാണു്. തമിഴിൽനിന്നു് മലയാള ത്തിനു് പ്രകടമായ വ്യത്യാസം അക്കാലം വരെ വളരെയൊന്നും വന്നിട്ടുമില്ലായിരുന്നു. എന്നാൽ കൊല്ലവർഷാരംഭം തൊട്ടു് (ഏ. ഡി. 825—നുശേഷം) മലയാളഭാഷയും സാഹിത്യവും ക്രമേണ പുഷ്ടിപ്രാപിയ്ക്കാൻ തുടങ്ങിയതായിക്കരുതാം. പിന്നെ ഒന്നുരണ്ടു നൂററാണ്ടു കാലംകൊണ്ടു് ഈ ഭാഷ സമർത്ഥമായ സാഹിത്യരചനയ്ക്കു തയ്യാറെടുത്തുകഴിഞ്ഞു. ദ്രാവിഡരീതിയിലുള്ള പാട്ടുകളായിരുന്നു ആദ്യത്തെ സാഹിത്യസൃഷ്ടികറം. ഇത്തരം പാട്ടുകളുടെ ഉത്തമമാതൃകയായി ഇന്നു് അവശേഷിക്കുന്നതാണു് രാമചരിതം.

പാട്ടുകറം തമിഴ്ഭാഷയോടു് കേരളഭാഷയ്ക്കുള്ള പക്ഷപാതമാണു് പ്രകടമാക്കിയതു്. എന്നാൽ കേരളഭാഷ അക്കാലമായപ്പോഴേയ്ക്കും ആര്യഭാഷയായ സംസ്കൃതത്തോടു് അടുത്ത ബന്ധം നേടിക്കഴിഞ്ഞു. കേരളഭാഷയുടേയും സംസ്കൃതത്തിൻേറയും സമ്മേളനംകൊണ്ടു മണിപ്രവാളം എന്ന പേരിൽ പുതിയ ഒരു ഭാഷാരീതി ഉടലെടുത്തു. ആദി മണിപ്രവാളകൃതികറം വികൃതങ്ങളായിരുന്നു എങ്കിലും പില്ക്കാലത്തു മണിപ്രവാളം അത്യന്തം മനോഹരമായ ഒരു കാവ്യഭാഷയായിത്തീൎന്നു. മധ്യമലയാളകാലം എന്നു പറയാവുന്ന പതിന്നാലു തൊട്ടു പതിനേഴു വരെ നൂററാണ്ടുകറം മണിപ്രവാളത്തിൻെറ വസന്തകാലമായിരുന്നു എന്നു പറയാം. പഴയ മലയാളകാലത്തിൻെറ മുഖ്യസാഹിത്യമാതൃക പാട്ടു

കളായിരുന്നെങ്കിൽ മധ്യമലയാളകാലത്തിൻെറ പ്രധാന സംഭാവന മണിപ്രവാളം ആയിരുന്നു. ഉണ്ണിച്ചിരുതേവീ ചരിതം, ഉണ്ണിയച്ചീചരിതം, ഉണ്ണിയാടീചരിതം തുടങ്ങി യുള്ള ചമ്പുക്കളും, ഉണ്ണുനീലിസന്ദേശംപോലെയുള്ള സന്ദേശ കാവ്യങ്ങളും അനേകം മുക്തകങ്ങളും സ്തോത്രങ്ങളും രാജ പ്രശസ്തികളും ഇക്കാലത്തെ മണിപ്രവാളകൃതികളിൽ അന്ത ർഭവിക്കുന്നു. പുനം നമ്പൂതിരിയുടേയും മററും കൃതികൾ പില്ക്കാലത്തേ മണിപ്രവാളകാവ്യങ്ങളിൽ മികച്ചവയാണ്. പതിനഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന മൂന്നു കവികൾ കണ്ണശ്ശന്മാർ എന്ന പേരിൽ പ്രശസ്തന്മാരാണ്—മാധവപ്പ ണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ.

ആദികാലത്തേ പാട്ടുകളുടേയും മണിപ്രവാളകൃതികളു ടേയും ചില മാതൃകകളാണ് ഈ ഭാഗത്തിൽ ഉൾക്കൊള്ളി ച്ചിട്ടുള്ളതു്.

## 1. ഒരു വരം താ പരം താമമേ

പഴയമലയാളകാലത്തു് പ്രചാരത്തിലിരുന്ന പാട്ടുകാറക്കു് ഉദാഹരണമായി ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള ഒരു പാട്ടാണു് ഇതു്. തിരുവനന്തപുരത്തേ മുഖ്യദേവാലയത്തിലേ പ്രതിഷ്ഠാമൂത്തി ആയ പത്മനാഭനോടുള്ള പ്രാത്ഥന. ഏതാണ്ടു് പന്ത്രണ്ടാം നൂററാണ്ടിനിടയ്ക്കു നിമ്മിച്ചതാണെന്നു കല്പിക്കാം.

തരതലന്താനളന്താ പിളന്താ പൊന്നൻ–
   തനകചെന്താർ വരുന്താമൽ ബാണൻ തന്നെ

കരമരിന്താ പൊരുന്താനവൻമാരുടെ
   കരളരിന്താ പുരാനേ! മുരാരീ കിണാ!

ഒരു വരന്താ പരന്താമമേ! നീ കനി–
   ന്തുരകചായീ! പിണിപ്പൗവ്വം നീന്താവണ്ണം

ചിരതരം താൻ പണിന്തേനയ്യോ! താങ്കെന്നെ
   ത്തിരുവനന്താപുരം തങ്കുമാനന്തനേ.

ലീലാതിലകം

## 2. കവിയെനക്കരുൾം ചെയ്യേ

മലയാളത്തിലേ ഏററവും പഴയ കാവ്യമാണു് രാമചരിതം. പന്ത്രണ്ടാം നൂററാണ്ടിടയ്ക്കു് ഒരു തിരുവിതാംകൂർ മഹാരാജാവു് ഉണ്ടാക്കിയ കൃതിയായിട്ടാണു കരുതിവരുന്നതു്. ദ്രാവിഡാക്ഷരനിബദ്ധവും എതുക, മോന എന്ന പ്രാസങ്ങളാൽ അലംകൃതവും വൃത്തവിശേഷയുക്തവും ആയിരിക്കണം പാട്ടു് എന്ന ലക്ഷണം തികച്ചും യോജിക്കുന്ന ഒരു കൃതിയാണു് രാമചരിതം. ആ കാവ്യത്തിൻെറ ആദ്യപടലത്തിൽ നിന്നാണു് താഴെ ഉദ്ധരിക്കുന്ന ഭാഗം.

1

ഞാനമെങ്കൽ വിളയിച്ച തെളിയിച്ചിനിയ ചൊല്ല്–
   നായികേ! പരവയിൽത്തിരകൾ നേരുടനുടൻ

തേനലാവിന പതങ്കൾ വന്തു തിങ്ങി നിയതം
   ചേതയുൾത്തുടർന്നു തോൻറുംവണ്ണമിൻറു മുതലായ്

ഊനമററെഴമിരാമചരിതത്തിലൊരു തെ–
ല്ലൂഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ

ഞാനടക്കിനതിനേണനയനേ! നടമിടെൻ
നാവിലിച്ചയൊട്ടു വച്ചടിയിണക്കമലതാർ.

2

താരിണങ്കിന തഴൈക്കുഴൽമലർത്തയ്യൽമുലൈ–
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ!

ആരണങ്കളിലെങ്ങും പരമയോകികളുഴ–
ൻറാല്യമെൻറുമറിവാനരിയ ഞാനപൊരുളേ!

മാരി വന്തതൊരു മാമലയെടുത്തു തടയും
മായനേ! അരചനായ് നിചിചരാതിപതിയെ

പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്‌വാൻ
പോകിപോകചയനാ! കവിയെനക്കരുൾ ചെയ്യേ.

3

വഴിയെനക്കു പിഴയാതവണ്ണമുററരുൾചെയ്യെൻ
മനകുരുന്തിലിളകൊണ്ടു പുനൽകൊണ്ടു വടിവാ–

ണ്ടെഴുന്ത കൊണ്ടൽ പതറും നെറി തഴത്തകുഴലീ!
ഇളമതിക്കു തുയർ പൊങ്ങിവിളയിൻറ നുതലീ!

ചുഴലിൻറകിലലോകർ വണങ്കിൻറ കഴലീ!
തുകിൽ പുലിത്തോലികൊള്ളിൻറരനുതൻകണ്ണിണ പെ–

ട്ടഴിവു പെട്ട മലർവില്ലിയെയനങ്കനെ–
യവ്വളവു തോററിന പെരുപ്പമുള്ള വെപ്പിൻമകളേ!

രാമചരിത

## 3. പൊയിലത്തെ കൊടികളും നടികളും

പതിനാലാം നൂററാണ്ടിൽ ഉണ്ടായിട്ടുള്ള മനോഹരങ്ങളായ ചില ചമ്പുക്കൾ നമുക്കു കിട്ടിയിട്ടുണ്ട്. ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീ ചരിതം, ഉണ്ണിയാടീചരിതം—മൂന്നും തിരുവനന്തപുരം യൂനിവേഴ്സിററി മാനുസ്ക്രിപ്ററ് ലൈബ്രറിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അക്കാലത്തെ മണിപ്രവാളകൃതികളുടെ മാതൃകകളാണ് ഇവ. പുരാണ കഥകളെ ആശ്രയിയ്ക്കാതെ സ്വതന്ത്രകല്പനകൾ ആയ ഈ കൃതികൾ ശ്രദ്ധാർഹങ്ങളാണ്.

പുതുമലർക്കാവിൽ വന്നെഴുമിളംകൊടികളും
കൊടികൾപൂവിതളിൽനിൻറുതിരുമപ്പൊടികളും

ചുഴലവും കമുകിനെത്തഴകുമക്കൊടികളും
കൊടി നമ്മെപ്പാൻ വരും മൃദുനടക്കൊടികളും

മഹിതകമ്മങ്ങളിൽപ്പരിഗളന്മടികളും
തുംഗമേധാപതത് കുതിരതന്നടികളും

വനമുഖേ ചകിത മാൻ ഝടിതി പാഞ്ഞോടികളും
നദികളിൽ കുളിവിധൗ കൃതവധൂതുടികളും

നളിനിയിൽ കളി ചെയ്യും കളഭമും പിടികളും
വിഫലസൂകരമഹാ മുരിടകൈത്തടികളും

വിടരിൽ നന്മുടികളും പെരുകനല്ലടികളും
നടികളും കുടികൊളും പൊയിലമെൻറുണ്ട
തത്രൈവ ഭാഗേ.

ഉണ്ണിച്ചിരുതേവീചരിതം

## 4. തരുചിത്രകാനലവു്

വളമാന്തെഴും കതളി തളിരീട്ടകാവുനില
നിലയം ചമെഞ്ഞ കളി കളിയുണ്ട പാട്ടമളി

മളിനീകൃതസ്തബക ബകകണ്ണികാരമയ
മയകില്ലൊടിക്കമകമകരന്ദപാനപര–

പരപുഷ്ടമല്ലസിതസിതമല്ല നല്ല കമിഴു്
കമിഴിൻറ പൂവുമിഴ മിഴിയിൻറ രേണുമധു

മധുരം മലിഞ്ഞവനി വനിതാംഗിശോഭി കൊടി
കൊടി ചുററി നീൾകമുകു മുകിൽ ചാർന്നു തോൻറുമെടം

അടവീസമേതമയിൽ മയിലെൾ പൊലിഞ്ഞ മല
മലരാകുലാവിലയിൽ വിലയില്ലയാത തല

തല തത്തുമുച്ചമരചമരപ്രഭൃതതരുചി
തരുചിത്രകാനലവു പലവുള്ളടം കുഹചിൽ.

ഉണ്ണിച്ചിരുതേവീചരിതം

## 5. തിരുനെല്ലി

വരമല്ലികാധവള വരിനെല്ലിളങ്കഴമ
യരിനല്ലവാമളവു തരുമല്ലൽ കേട്ടവകൾ

തിരുമെല്ലടിപ്രണത വരവല്ലസൽപ്പെരുമ
ചിരമല്ലിലും പകല്വ മുരുകല്ലിൽ വീണ്ണുപരി

പരിവേല്ലിതാംബുഗതി ഗിരികുല്യതീർത്ഥനദി
തിരതല്ലിവിട്ടഖില നരർവല്ലിടർക്കൊട്ടമ

കരവല്ലിപോലിനിയ തരുവല്ലിമേല്വദിത
വിരിവല്ലിനൻ മലരിലൊരുകൊല്ലി പാട്ടമളി;

കരനെല്ലിയൊത്തപൊരുളുരുവല്ലിനല്ലവരി–
ല്വരുകല്ലിൽ നൽ ശ്രുതിഷ്വ ഹരിതുല്യയോഗിനിര

മരുവില്ലമായ പുലമരുമല്ലരെപ്പൊരുതു
സുരമല്ലചിത്തഗത ഗുരുശല്യകംസനവ–

നരുവില്ലയാക്കിയരുൾ പെരുവില്ലിചില്ലിയല്വ–
മിരുവില്ലിമാതർമണി തിരുവല്ലഭൻ മഹിത

തിരുനെല്ലിമൂലമമർ പുരവെല്ലിയോടു സഹ
ദരഫുല്ലപത്മധര കരപല്ലവസ്ഫുരിത–

മുരവെല്ലിമേവിമികു തിരുനെല്ലിയത്ര ഖല്വ.

ഉണ്ണിയച്ചീചരിതം

## 6. മറെറങ്ങും ദുർല്ലഭം വിഭവമീടിൻെറടം

കററവാർകുഴലിമാർ തരുണരോടിടകലർ–
ന്നത്തലീൻറിക്കളിച്ചൻപെഴച്ചേവ്വെടം;

തററുട്ടത്തിളയ പെൺകൊടികൾ വട്ടത്തിൽ നി–
ൻെറാത്തിചകൾ പാടിയാടിക്കളിക്കിൻെറടം;

അററസന്ത്രാസമങ്ങരനൊട്ടം മനസിജൻ
വെററി കൊൾവാൻ ചമഞ്ഞാർത്തു പോരിൻെറടം;

ചിററിളംകിളികൾ മല്ലാരിയിൽ ചേർത്തുചേർ–
ത്തുററു ചിവനെൻറു നാമം ജവിക്കിൻെറടം;

കുററമററ വപുഷാ കുസുമസായകനൊട്ടം
വെററു കൊണ്ടഴകെഴും തരുണർ മേവിൻെറടം;

ഉററ മലമങ്ക സങ്കേതമായ്ക്കൊണ്ടന–
സ്ത(?)ചാപലമജസ്രം നിലയ്ക്കിൻെറടം;

ചുററുമുദ്യാനവീഥീഷു ഭൃംഗൈരലം
ചുററമായ്പ്പോന്നു തൈത്തെൻറൽ മേവിൻെറടം;

മറെറങ്ങും ദുർല്ലഭം വിഭവമീടിൻെറടം
മററമെൻറുണ്ടെമുഷ്മിൻ പ്രദേശോത്തമം.

ഉണ്ണിയാടീചരിതം

## 7. കണ്ണനെ കൈ തൊഴേണ്ടും

മധ്യമലയാളകാലത്തെ (14—ാം നൂററാണ്ടിലേ) ഏററവും മികച്ച ഒരു കാവ്യശില്പമാണു് ഉണ്ണുനീലീസന്ദേശം. വേണാട്ടേ ഇളയരാജാവായിരുന്ന ആദിത്യവമ്മമുഖാന്തരം തിരുവനന്തപുരത്തുനിന്നു് ഉണ്ണുനീലിയുടെ ഭത്താവു് ആ നായികയ്ക്കു കടുത്തുരുത്തിയിലേയ്ക്കു സന്ദേശമയയ്ക്കുന്നതാണു് വിഷയം. ആ കൃതിയിൽനിന്നു് മാതൃകയ്ക്കു് ഏതാനും ശ്ലോകങ്ങളാണു് താഴെ ഉദ്ധരിയ്ക്കുന്നതു്.

1

നാഭീപദ്മം നിഖിലഭുവനം ഞാറു പെയ്താത്മയോനിം
നാഗേന്ദ്രന്മേൽബ്ബത! മതുമതപ്പള്ളികൊള്ളും പിരാനെ
നാഗാരാതിദ്ധ്വജനെ നവരം മുമ്പിൽ നീ കുമ്പിടേണ്ടും
നാൽവേതത്തിൻ പരമപൊരുളാം നമ്മുടേ തമ്പിരാനെ.

2

നീലസ്നിഗ്ധം ഗഗനതലമാം മിക്ക മേൽക്കട്ടിതൻ കീഴ്
പാലാർവെള്ളത്തിരനര തരംചേർന്ന ഭോഗീന്ദ്രഭോഗേ
മാർവിൽത്താങ്ങും മണിവരമഹാദീപികേ പൂവിൽമാതി—
ന്നോമൽപ്പൂൺപായ്ത്തെളിവിൽ മരുവ്വും ഭാഗ്യസീമൻ നമസ്തേ.

3

മൻറിൽച്ചെൽവം പെരിയ തിരുവാമ്പാടിയിൽ കൂടിയാടി—
ക്കൻറിൽക്കൂടിത്തെളിവൊടു കളിച്ചീടുമമ്മൂത്തിതന്നെ
കുൻേറക്കൊണ്ടങ്ങട മഴ തടുത്താച്ചിമാർ വീടുതോറും
ചെൻറപ്പാൽനൈ പരുകിമരുവ്വും കണ്ണനെക്കൈത്തൊഴേണ്ടും.

4

കാലിക്കാലിൽത്തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽക്കലിതചികുരം പീതകൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോയിൽകൊൾകെങ്ങൾചേതഃ

ഉണ്ണുനീലീസന്ദേശം

## 8. വാസന്തമോഹിനി

മധ്യമലയാളകാലത്തിൻെറ ഉത്തരാദ്ധത്തിലേ (15—ാം നൂററാണ്ടിലേ) ഏററവും മികച്ച സാഹിത്യസമ്പത്തു് കണ്ണശ്ശന്മാർ എന്ന മൂന്ന മഹാത്മാരായ കവികളാണ് സംഭാവന ചെയ്തിട്ടുള്ളതു്—മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ. തിരുവല്ലാത്താലൂക്കിൽ നിരണത്തു തൃക്കപാലീശ്വരം ക്ഷേത്രത്തിന്നടുത്തായിരുന്നു ഈ മഹാത്മാക്കളുടെ ജനനം. ഭഗവദ്ഗീത, രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ വിശിഷ്ടകൃതികളെ അത്യന്തം മനോഹരമായ രീതിയിൽ ഇവർ മലയാളത്തിലേക്കു പകൎന്നു. ശബ്ദാത്ഥസൗകുമാര്യം ഇത്രകണ്ടു സമ്മേളിക്കുന്ന കൃതികൾ ദുർല്ലഭമാണ്. അവയിൽനിന്നു ചില മാതൃകകളാണ് താഴെ കൊടുക്കുന്നതു്.

1

പുഷ്പിതദിവ്യലതാദികൾ തോറും
  പോയ് മധുപാനമഹോത്സവമീടിയ
ഷട്പദകോകിലകോലാഹലമൊടു
  സകലമനോഹരമായിതു വിപിനം
പുഷ്പശരൻതാനും പുനരവിടെ
  പ്പുക്കാൻ മുനിധൈര്യം കളവാനായ്
അത്ഭുതമായൊരു കുയിലായിന്ദ്രനു
  മരിയ തപോധനനരികു പുകുന്താൻ.

2

അരിയ ജലാശയമതിൽ നീരാടി
  യനന്തരമേ പൂമ്പൊടിയുമണിഞ്ഞേ
പെരിയ സുഗന്ധവശാഗതരാകിയ
  ഭൃംഗമഹാത്ധംകാരത്തോടേ
വരപൊരു വൻമരമൊക്കെയിളക്കി
  വരുന്ന മഹാവനഗജസമനായേ
വിരവൊടു തെന്നലിയന്നഴകോടേ
  വീയീ മുനിവരനരികതുകാലം.

3

അതുകാലം ഗാനം കേൾക്കായി—
  തതീവ മനോഹര മാധുര്യത്തൊടു
വിധിയാലേ നയനങ്ങൾ തുറന്നതി
  വിസ്മയമോടിമ്മുനികുലവരനും
ഗതധൈര്യം നോക്കുന്നതുകാലം
  ഗഗനേചരനാരീമണിരംഭയെ
അതിശയമാകിയ സൗന്ദര്യത്തോ—
  ടടവിയിലൂട നടപ്പതു കണ്ടാൻ,

4

കണ്ടാൻ പുഷ്പാവചയം ചെയ്വതു
　　കരുതിനടന്നു വിലാസത്തോടേ
വണ്ടാർകുഴലമരാംഗന താനേ
　　വരുവതുമണയ വരുന്നതിനാലേ
ഉണ്ടാകിയ ലജ്ജാഭാവത്താ-
　　ലുടനേ ലതകൾമറഞ്ഞു സമീപേ
കണ്ടാൽ നയനമനോഹരമായ
　　കടാക്ഷത്തോടവൾ നിന്നതുമെല്ലാം.

5

നിന്നവൾസൗന്ദര്യാദികൾ കണ്ടും
　　നിരുപമകോകിലവാണികൾ കേട്ടും
ചെന്നു മഹാവനതരുകുസുമങ്ങൾ
　　ചെറുത്തുലകിന്ന സുഗന്ധത്തോടും
തെന്നലുലാവി വരുന്നവയേററും
　　ധീരത വേറായേഷ മഹാത്മാ
വന്നുടനേ പിന്നെയുമറിവാലേ-
　　യാത്മവികാരം വന്നതൊഴിച്ചാൻ.

കണ്ണശ്ശരാമായണം

## 9. പമ്പ കൊളുത്തിയ വിരഹാഗ്നി

1

പുഷ്കരപത്രാക്ഷൻ കൗസല്യാ
　　പുത്രൻ ജാനകിയൊടു വേറായേ
പുഷ്കരിണീമഥ പമ്പാം കണ്ടേ
　　പുഷ്പശരാതുരമാനസനായേ
തക്ക സുമിത്രാപുത്രനെ നോക്കി
　　ത്താൻരചെയ്താൻ കാനനമെങ്ങും
മിക്ക വസന്തവിലാസം കൊണ്ടു
　　വിരാജിതമായിതു വീരാ പാരാ.

2

പാരാ പുഷ്പിതകോമളവല്ലി
　　പടർന്നൊളിവാർന്ന മഹീരുഹജാതികൾ
തീരേ പമ്പായാം നിൽക്കിന്നതു
　　ധീരത പോയിതെനിക്കിവ കണ്ടേ

താരാർപൊഴിലിതിലെങ്ങുമുഴന്നേ
　　താവിവരും മരുതാ പെരുതായേ
തീരാ വിരഹമഹാഗ്നി ശരീരേ
　　ദീപിക്കിന്നിതെനിക്കു കുമാരാ.

3

മാരശരാതുരയായ് മുടിയാളോ
　　മാനിനി ജാനകിതാനുമിദാനീം
ചാരുവസന്തമിവണ്ണമിതെങ്കില്
　　താർകുഴലാൾ മരുവിന്നവിടത്തും?
സാരസഹംസനിഷേവിതമായ
　　തടാകജലോപരി തീയെരിയും പോല്
വേരി കലർന്നരുണാംബുജപന്തി
　　വിരിഞ്ഞു പരന്നൊളിവാർന്നതു പാരാ.

4

അതു കാണായരയന്നം പേടയു–
　　മായ് മധുപാനം ചെയ്തുഴലിന്നിതു
ബത ഭൃംഗാദികളും പ്രിയമാരൊടു
　　വിപിനേ ചേർന്നു കളിച്ചു നടന്നോർ;
ഇതുകാലം നാനാ ജന്തുക്കളു–
　　മിവിടേ നിജനിജ വല്ലഭമാരോ–
ടിതമായ് മേവുന്നോരൊരു പാപി
　　യിരുന്നേൻ ജാനകിയൊടു വേറായേ.

5

ജാനകി നാടു പിരിഞ്ഞുഴലും മന്ദ–
　　ജാധമനാമെന്നോടേ കൂട–
ക്കാനനമെത്തിയ ഭാമിനി നിൻ മെയ്
　　കാണുമതേതൊരു നാളിനിയും ഞാൻ?
ഊനമിലാത വസന്തവിലാസമി–
　　തുള്ളിലെനിക്കു ചുടുന്നിതു നിന്നുടെ–
യാനനചന്ദ്രവിയോഗമിയന്നതി–
　　നാലേ കേവലമിന്നഴിവുറേറൻ.

6

അഴിനിലയിൻറി മയൂരികളോടുട–
　　നാടിന കേകികൾ ചൂടരുളുന്നന;
പഴി തുടരാതേ കൂകിന കോകില
　　പഞ്ചമവും മമ നെഞ്ചിടർ ചെയ്യും;

വഴിയിനിയെന്തു സുമിത്രാപുത്രാ!
വൈദേഹിയെ വൈകാതേ കാൺമാ–
നഴകൊട്ടലർന്നൊരശോകമിതാഗേ–
യാസ്തുമനംഗൻ വിട്ടതു കാണാ.

7

കാണാ കോമളവല്ലികളാകിയ
കന്യകമാരെ നടം ചെയ്യിച്ചേ
വീണാനാദമെന്നും നവഭൃംഗ
വിനോദമനോഹരഗീതത്തോടേ
പൂണാരണിമാരൊട്ട കൂടിയ
പുരുഷാണാമതി സുഖകരമായേ
നീണാളും വനരംഗേ മേവിന
നിരുപമമാരുതനത്തകലീലാം.

8

ആമളവും മധുപാനം ചെയ്യുന്ന–
രാഗവശാൽ വരിവണ്ടുകൾ പാട–
ത്താമഴകാല് മയിലാട മകിഴ്ന്നു
തഥാ കുയില് കൊണ്ടാടിന്നിതു കേളാ
കോമളമാരുതകംപിതശാഖകൾ
കൂട മകിഴ്ന്നു ശിരസ്സു കുലുക്കി
ത്താമറിവോർ മരുവിന്നതു പോലതി
താൽപ്പരിയത്തൊട്ട നില്പതു പാരാ.

കണ്ണശ്ശരാമായണം

## 10. കാർകാലനടൻ

1

അവിടേ ഘനസമയാതുരനായിള–
യവനോടേ ശ്രീരാമൻ ചൊന്നാൻ
നവമേഘാവൃതമായതു പാരാ
നലമെഴുമാകാശേ പുനരെങ്ങും
പവനാധൂത മഹീരുഹജാതികൾ
പണ്ടേതില്പമൊളിവാർന്നുളവായന
ദിവസാദിയിതസ്തമയമിതെന്നേ
ദിനകരനെക്കണ്ടറിയരുതല്ലോ.

2

അറിയാമസ്തമയം താമരമല–
രഴകൊട്ടു കൂമ്പീടുന്നതു കണ്ടും
നിറമേറിയ കുമുദാകരമെങ്ങും
നിരവില് മലർന്നൊളിവായതു പാർത്തും
പറവാനിന്ന പതത്രികളും നിജ
ഭവനേ മേവീടിന്നതു പാർത്തും
കുറയാതേ വീചും പരിമളമൊട്ടു
കൂടിയ മാലതി വിരിവതു കണ്ടും.

3

അതു കാൺ കതിരവനെപ്പൂജിപ്പാ–
നാകാശേ കരയേറുവതിന്നായ്
മതിമാനാം വിധിയേ നിർമ്മിച്ച
മഹാസോപാനപരംപര പോലെ
നിതരാം മേഘകുലങ്ങൾ നിരന്നന
ദിനകര പൂജയ്ക്കെന്ന കണക്കേ
യിതുകാലം മരുതോടേ പാലക–
ളിത നിന്നന പുഷ്പങ്ങൾ ചുമന്നേ.

4

ഏറിയ വർഷമയം കണ്ണീർ വാ–
ർത്തീടിയ കാററാം ദീർഘശ്വാസമൊ–
ടീറിയലാ വൈവർണ്ണ്യത്തോടു–
മിരുന്നിടിനാദമെന്നും മുറയോടും
വേറതിശോകത്തോടേ കൂട
വിലാപിക്കിന്നതു പോലാകാശം
മാറിലയാത വികാരമിയന്നു
മയങ്ങിയവാറിതു കാൺ സൗമിത്രേ.

5

കാണാ പേടകളോടും കൂടിയ
കളഹംസാവലി പോയിതു വാനിനു
നീണാളും മരുവീടിന മാനസ
നിരുപമപൊയ്ക പിരിഞ്ഞിതുകാലം
വീണാവാണികളാം പ്രിയമാരൊട്ടു
വേറായവനോടേ കാർകാലമി–
താണാകില് പ്പൊറു നീയിപ്പൊഴുതെ–
ന്നലറും പോലിടിനാദം കേളായ്.

6

ഇടിയാകിന്ന മിഴാവൊലിയാലുട-
　　നേവക്കും പരിതാപം കളവാൻ
ചുടരേറും മിന്നല്പ്പൂണരാകിയ
　　തൂയ വിളക്കു കൊളുത്തി വിശേഷാൽ
വടിവേലും വരിവണ്ടുകൾ പാട
　　മയൂരാളികൾ മകിഴ്വെയ്യുംവണ്ണം
നടനാകിയ കാർകാലം വന്നൊരു
　　നാടകമാട്ടം പോലിതു പാരായ്.

കണ്ണശ്ശരാമായണം

## 11. സീതാപരിത്യാഗം

1

ആനതുകാലമതീവ വിഷാദി-
　　ച്ചഴത സുമിത്രാപുത്രനെ നോക്കി-
ത്താനതി വേദനയോടേ ജാനകി
　　സഹസാ ചോദിച്ചാളവനോടേ
മാനവവംശവരാ! സൗമിത്രേ!
　　വാ വിട്ടെന്തേ നീ മുറയിടുവാൻ?
ഭാനുകുലോത്ഭവനാകിയ നമ്മുടെ
　　ഭർത്താവോടു പിരിഞ്ഞതിനല്ലീ?

2

എല്ലയിലാത മഹാഗുണവാനാ-
　　മെൻ ഭർത്താവൊടു വേറായ് വാഴ്‌വാൻ
വല്ലഭമില്ല നിനക്കൊരു നാളും
　　മററിതു രണ്ടു ദിനം കൊണ്ടല്ലീ?
ചൊല്ലുകിൽ മുററും വാലകനേ നീ
　　ശോകമടക്കിയിരുന്നേൻ ഞാനി-
ങ്ങല്ലലൊഴിഞ്ഞെന്നെപ്പോൽ നീയു-
　　മടങ്ങുക വൈകാതേ സൗമിത്രേ.

3

ഏറെ മഹാമുനിമാർ ഗംഗാതട-
　　മെയ്തി വസിപ്പവർ തമ്മെയെനിക്കു-
ണ്ടേറെ മകിഴ്ന്തവർപത്നികൾതമ്മോ-
　　ടേകദിനം പുനരിവിടെ വസിച്ചാൽ

മാറിലയാത വിമാനമിതിന്മേൽ
　　വൈകാതേ കരയേറിപ്പോനാ-
ലീറിലയാത വിഷാദം തീർക്കാ-
　　മിനകുലവരനെക്കണ്ടിട്ടന്നേ.

4

എന്നവൾ ചൊന്നതു കേട്ടേ ലക്ഷ്മണ-
　　നേറെ വിഷാദം വന്നതടക്കി
ച്ചെന്നഥ ജാനകിയോടും നൗവിൽ
　　ച്ചെമ്മേ കരയേറുന്നതുകാലം
നിന്നു സുമന്ത്രർ വിഷാദാദികളെ
　　നിറുത്തിയുടൻ ഗംഗാതരണം ചെ-
യ്തന്നടവിയിൽ നിന്നഴതറിയിച്ചാ-
　　നവളോടഖിലവുമേ വൃത്താന്തം.

5

അംബുജലോചനനാം തവ ഭർത്താ-
　　വതിഖേദം വരുമാറരുൾ ചെയ്താ-
നിമ്പമില്ലാതൊരു കാര്യം നീയി-
　　തിളയ്ക്കരുതെന്നെന്നൊടു വൈദേഹി!
സമ്പ്രതി തീയിൽ പാഞ്ഞു മരിപ്പാൻ
　　തന്നെയുമാമെങ്കില്വമരുതാതൊ-
ന്നെൻപരിതാപമിയററിയ കാര്യമി-
　　തെന്തിതിലേറൊരു പാപവുമുണ്ടോ?

6

പാപികളിൽ തലയാളായേൻ ഞാൻ
　　പലരുണ്ടാകച്ചെയ്തേയെന്നൊടു
താപമിയററും കാര്യമിതേവം
　　ധാത്രീപതിയുരചെയ്തതു മൂലം
ഹാ! പരിതാപമെനിക്കു വരുന്നതി-
　　താരോടേ ചൊൽവൻ മരണം മമ
ശോഭനമിന്നിതിലെന്നേറഴതു
　　സുമിത്രാപുത്രനുമവനിയിൽ വീണ്ണാൻ.

7

ആനതു കണ്ടവിടേ വൈദേഹിയു-
　　മാകുലമോടേ ചോദ്യം ചെയ്താൾ
ഞാനിതിനിന്നൊരു കാരണമറിയേൻ
　　നാട്ടകിലങ്ങു നിനക്കതിഖേദം

മാനവവംശവരൻ ശ്രീരാമൻ
ബാധയിയന്നില്ലല്ലീ ചൊല്ലിനി
യാനതുമെന്നൊടു നീയവനാണെ-
യവസ്ഥയിതറിവതിളപ്പുരുതെന്നേ.

8

അരുതിതു ചൊൽവതിനെന്നരയായ്കെ-
ന്നവളുരചെയ്തതു കേട്ടേ ലക്ഷ്മണ-
നിരുൾകുഴലാൾമൈഥിലിയൊടു ചൊന്നാൻ
നിടരൊടധോമുഖനായേ നിന്നേ
പുരവരമായവയോദ്ധ്യയിലെങ്ങും
പൊങ്ങീതപവാദം തവ കേവല-
മരചനതിനാൽ നിന്നെക്കളവാ-
നായിങ്ങടവിയിൽ വിട്ടാൻ മററും.

9

എന്നുരചെയ്തതു കേട്ടേ ജാനകി-
യേറിയ സന്താപേന വിറച്ചേ
നിന്നു പൊറാതേ മോഹിച്ചവിടെ
നിലത്തേ വീണു കിടന്നാളൊട്ടേ
നിന്ന സുമിത്രാത്മജനൊടു പിന്നെ
നിരൂപിച്ചഴുതാകുലമൊടു ചൊന്നാ-
ളെന്നും ദുഃഖിപ്പാനേ കേവല-
മെന്നെ വിധാതാ നിർമ്മിച്ചാനോ?

10

ഓരാതേ ഞാൻ പണ്ടതിപാപ
മുടൻ ചെയ്തേനോ പരമിതു വരുവാൻ
ദാരാദികളൊടു വേറുപെടുത്തു
സദാ പലരെക്ഖേദിപ്പിച്ചേനോ?
വീരാധിപനാമെൻ ഭർത്താവു
വിവേകമൊഴിഞ്ഞെന്നെക്കളവാനെ-
ന്താരേ ഗതിയിനിയാശ്രമമിതിൽ ഞാ-
നാരും കൂടാതേ വാഴ്‌വേനോ?

11

ഓർത്താൽ മുനിവരരോടും പത്നിക-
ളോടും ഞാനിനിയെന്തേ ചൊൽവൻ
ധാത്രീപാലകനെന്തേ നിന്നെ-
ത്താൻ കളവാനെന്നവർ ചോദിച്ചാൽ?

പേർത്തും ഞാനിരിയാതെ മരിപ്പൻ
പിൻപൊരു സന്തതിയില്ലായ്കയിനാൽ
മാർത്താണ്ഡാന്വയവും മുടിയും ഹാ!
മമ പാപമിതെള്ളതോ സൗമിത്രേ!

12

ഏതാകിലുമിനിയെന്നെക്കള നീ
യേതമൊഴിഞ്ഞിവിടെ സ്സൗമിത്രേ!
ചേതോഹരനെൻ ഭർത്താ ചൊന്നവ
ചെയ്ക നിനക്കിതിളയ്ക്കരുതല്ലോ.
തീതായ്വരുമപവാദം കളവാൻ
ചെയ്തിതു മന്നവർമന്നനിതെന്നാൽ
ബാധാമൊഴിയ വസിപ്പനെനിക്കോ
വരുമല്ലോ തുയർ വല്ല പ്രകാരവും.

13

വല്ല പ്രകാരവുമേ ജനരഞ്ജന
വരുമാററചാൾവതു നൃപധർമ്മം
ചൊല്ലിവയെല്ലാം നീയടിതൊഴുതു
സുഖം വരുമാറേ ഭർത്താവോടെ
നല്ലവരാകിയ മാതൃജനങ്ങളെ
നലമൊട്ട കണ്ടടി തൊഴുതിയവസ്ഥകൾ
ചൊല്ലുക പോകുക യെന്നാൾ ജാനകി
ശോകത്തൊടു ലക്ഷ്മണനനഴതാൻ.

14

അടിമലർ തൊഴുതേ നിന്നരിയാടാ–
തതി ശോകത്തോടേ ലക്ഷ്മണനു–
മുടനവൾതന്നെ വലംചെയ്തഴുതഴ–
തുത്തമയാകിന ഗംഗ കടന്നേ
പട്ടമള ദുഃഖത്തോടേ ജാനകി
പാർമേൽ വീണ്ണു കിടന്നരുളുന്നതു–
മുടനുടനേ നോക്കിസ്സൗമിത്രിയു–
മുരുതരദുഃഖത്തോടേ മീണ്ടാൻ.

കണ്ണശ്ശരാമായണം.

## 12. ലീലാമുക്തകമാലിക

പതിനാലും പതിനഞ്ചും നൂററാണ്ടുകൾക്കിടയ്ക്കു് ഉണ്ടായിട്ടുള്ള ഒരു അനഘനിധിയാണു് ലീലാതിലകം. മലയാളവും സംസ്കൃതവും മനോഹരമായി സമ്മേളിച്ചുണ്ടായ മണിപ്രവാളത്തിന്റെ വ്യാകരണവും ലങ്കാരശാസ്ത്രവും ആയി സംസ്കൃതത്തിൽ നിർമ്മിച്ചിട്ടുള്ളതാണു് ഈ ഗ്രന്ഥം. മധ്യമലയാളത്തെപ്പററി പഠിക്കുന്നവർക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ശാസ്ത്രലക്ഷ്യവുംകൂടിയാണു് ഇതു്. ഇരുനൂറിൽ കൂടുതൽ മനോഹര പദ്യങ്ങൾ മധ്യമലയാളകൃതികളിൽനിന്നു് ഇതിൽ ഉദ്ധരിച്ചിട്ടുള്ളതു് പ്രത്യേകിച്ചും ശ്രദ്ധാർഹമാണു്. അവയിൽ ചില മനോഹരപദ്യങ്ങളാണു് താഴെ കൊടുക്കുന്നതു്.

1

മുഴ്കിൻേറൻ ഞാനമൃതജലധൗ
    മുഗ്ദ്ധചന്ദ്രങ്കൽ വീണ്ടേൻ
താണ്ടേൻ ജ്യോത്സ്നാസരസി പനിനീർ
    തന്നിലാണ്ടേനമിണ്ടേൻ
അല്ലല്ലസ്സന്മനസിജദശാ–
    വേദനാം കണ്ടിദാനീ–
മൺപപ്പുൽകീതനുപമരസ
    സ്നേഹമെന്നോമലെന്നേ.

2

അത്യാതാമ്രേ മലർവിതൊരരക്കാമ്പൽമേലന്തിനേരം
മന്ദം മന്ദം മരുവിന നിലാവെൻറു തോൻറും പ്രകാരം
കാന്തം ദന്തച്ഛദരുചി കലർന്നോമൽ മന്ദസ്മിതാർദ്രം
നാളെക്കാണാം തവ നയനമേ നങ്ങവക്ത്രാരവിന്ദം.

3

കാറേററെറാട്ടേ ഗളിതതെളിതേൻ കണ്ണുനീരുദ്വഹന്തീ
മാധ്വീമാദ്യന്മധുപവിരുതം കൊണ്ടു വാമോക്തി നിൻറു്
എന്നെക്കണ്ടിട്ടതികരുണയാ ഹന്ത! പൂന്തൊത്തു പോലും
കോടീ!കാണാ കുവലയദളാപാംഗി! കേഴിൻറവാറു്.

4

സന്ധ്യാരാഗേ നിലാവോ സരസതുഹിനമോ
    നല്ലരക്കാമ്പൽതന്മേൽ
മാണിക്യം ചേർന്ന മുത്തോ മധുരമധു പുര–
    ണ്ടോമലന്നക്കിടാവോ?

തങ്ങും പാലിൻനറുങ്ങോ തരളരുചി കിളി–
ച്ചുണ്ടിലത്യന്തതാമ്രേ
പാറക്കാട്ടപ്പനങ്ങേ! പരിമളപവമാ–
യൺപുമിമ്മന്ദഹാസഃ?

5

പൂവല്ലീമൃയലാട്ടിപ്പൂതുമലരിലകം
പുക്ക പൂന്തേൻ തുളമ്പ–
പ്പോരാട്ടിത്തത്ര ഭൃംഗൈരണികുഴൽപൊരുത–
ക്കാവണഞ്ഞങ്ങു നിൻറ്

വീയാതോ പോന്നൊരിക്കാലൊരു വിപുലദൃഗോ–
മന്മുലപ്പൊന്മുകൾമ്മേ–
ലമ്പും നൽച്ചാന്തു ചിന്തിപ്പരിമളവിലസൽ
ഗന്ധവാൻ ഗന്ധവാഹഃ?

6

കാറെറൻറാൽ കാററു കാററല്ലതുമിതുമുടന–
ങ്ങയ്യ! നാട്ടിന്നടുത്തോ–
രാററിൽത്തെറെറാൻറു നീന്തിക്കുളിർമയിൽ വളരും
തെങ്ങിലെങ്ങും കുഴഞ്ഞ്

ഏററാലെന്മെയ് കുളുക്കും പരിചു കരുണയാ
രോഹിണീ നായികാ തൻ
മാററില്ലാക്കാന്തി ചേർന്നോരുടൽ തടവിവരും
കാററു കാററാകിലിൻറ്.

7

വീയാതോ പോന്നു മാലപ്പൊഴുതു മനസിജോ–
ന്മാദമൂടേ ശമിപ്പി–
ച്ചസ്മദ്ഗാത്രം കുളുർപ്പിച്ചഫലതരമൊഴി–
ച്ചന്യശീതോപചാരം

കോടീ ചൂടിൻറ മല്ലപ്പൂതുമലരിതളിൽ–
പ്പുക്ക തേനുണ്ടുറങ്ങും
ഭൃംഗാളീപക്ഷപാളീപരിചലനപടു
മ്മാലയോ ഗന്ധവാഹഃ

8

കാതിൽപ്പൊന്നോലയിട്ടീലതിരുചി തിലക
നെററിമേലങ്കുരിച്ചീ–
ലാരാതിച്ചീല മല്ലക്കുളുർമിഴിയുഗളം
ചാരുകാളാഞ്ജനേന

ആവേശിച്ചീല! ദന്തച്ഛദമതിനിൽ മനോ–
ഹാരി താംബൂലരാഗം
താനെപ്പോഴും മനോജ്ഞം ഭൃശമയി വദനം
താവകം നീലിയമ്മേ.

9

കാണക്കാണ മറഞ്ഞുപോയിതു തുലോം
ബന്ധുക്കളോരോ വശേ
കായസ്യാപി ദശാ ബതാസ്യ ചരമാ
ചെമ്മേ ചമഞ്ഞാഗതാ
കാണാവോരു പുമർത്ഥമേതുമതിനം
വല്ലീലയെൻറാലിനി–
ക്കാലം കാണയി ചിത്തമേ കലയിതും
കാലാരിപാദാംബുജം.

ലീലാതിലകം

## 13. ഹന്ത കല്പാന്തതോയേ

പതിനഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന പ്രതിഭാനിധിയായ ഒരു മഹാകവി ആയിരുന്നു പുനംനമ്പൂതിരി. അദ്ദേഹം മലയാളത്തിൽ മാത്രം കവനം ചെയ്തിരുന്നതുകൊണ്ടു് കോഴിക്കോട്ടു സാമൂതിരിപ്പാട്ടിലെ സദസ്സിൽ പതിനെട്ടരക്കവികളുടെ കൂട്ടത്തിൽ അരക്കവിപ്പട്ടത്തിനേ അവകാശി ആയിരുന്നുള്ളു. എങ്കിലും അക്കാലത്തെ ഉദ്ദണ്ഡപണ്ഡിതന്മാർ പോലും അദ്ദേഹത്തിൻെറ പുളകോദ്ഗമകാരിയായ വചഃപ്രസരത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. രാമായണം ചമ്പുവാണു് അദ്ദേഹത്തിൻെറ മുഖ്യകൃതിയായി അറിയപ്പെടുന്നതു്. മനോഹരങ്ങളായ അനേകം ഒററ ശ്ലോകങ്ങളും അദ്ദേഹത്തിൻെറ കൃതികളായി പ്രചരിക്കുന്നുണ്ടു്. ചില മാതൃകകൾ താഴെ കാണിക്കുന്നു.

താരിത്തന്വീകടാക്ഷാഞ്ചലമധുപകുലാ–
രാമ! രാമാജനാനാം
നീരിത്താർബാണ! വൈരാകരനികരതമോ–
മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊട്ടുകുറി കളയാ–
യ്കെന്നുമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ
ഹന്ത! കല്പാന്തതോയേ.

പുനം നമ്പൂതിരി

## 14. സുരസുദൃശാം വിഭ്രമം

ജംഭപ്രദ്വേഷിമുമ്പിൽ സുരവരസദസി
	ത്വദ്ഗുണൗഘങ്ങൾ വീണാ-
ശുംഭത്പാണൗ മുനൗ ഗായതി സുരസുദൃശാം
	വിഭ്രമം ചൊല്ലവല്ലേൻ
കമ്പിട്ടാളുർവ്വശിപ്പെണ്ണ്,കകമലമലി-
	ഞ്ഞു മടിക്കുത്തിഴിഞ്ഞു,
രംഭയ്ക്കുഞ്ചോറുവട്ടം കബരി തിരുകിനാൾ
	മേനകാ മാനവേദ!

പൂനം നമ്പൂതിരി

## 15. രഘുരാജധാനി

1

കണ്ടോളോം കൺ കുളിർക്കും മണിഭവനമനോ
	ഹാരിണീ രാജലക്ഷ്മീ-
കണ്ഠാശ്ലേഷം കലർന്നുള്ളഖിലവസുമതീ-
	പാലമാലാഭിരാമാ
ഭണ്ഡാരംകൊണ്ടു പൂർണ്ണാ ഗജമദസുരഭീ
	ഭൂതശൃങ്ഗാടകാ പ-
ണ്ടുണ്ടായീ പോലയോദ്ധ്യാ നഗരി പരിചിതാ
	രാജധാനീ രഘൂണാം.

2

ലോകാലോകോല്ലസൽഗോപുരഘനപരിഖാ-
	ലംകൃതാ, ഭംഗി കൈക്കൊ-
ണ്ടാകാശത്തോട്ടുരുമ്മീടിന കനകമഹാ-
	സാലമാലാഭിരാമാ
ഏകാന്തേ രത്നഹർമ്മ്യങ്ങളിൽ നിജതരുണ-
	ന്മാരുമായ് മാരകേളീ-
രാഗാലോലം കളിക്കും മധുരമൃഗദൃശാം
	വിഭ്രമൈർഭാസമാനാ.

3

മല്ലാർപൂങ്കാവിലയ്യാ! മൃദുലപവനമേ-
	റ്റുയലാടിക്കളിക്കും
മല്ലാക്ഷീണാം മദോദഞ്ചിതസുലളിതസ-
	ങ്ഗീതഭങ്ഗീ മനോജ്ഞാ

ഉല്ലാസം പൂണ്ട പൊന്നിൻകൊടിമരമുകളിൽ
        കാററലച്ചംബുദാളീം
മെല്ലേമെല്ലേ മുകസ്സും കനകമയപതാ-
        കാവലീ ലാളനീയാ.

രാമായണം ചമ്പു

## 16. സീതാവർണ്ണനം

(ദണ്ഡകം)

1

അല്ലോടിടഞ്ഞു, പട തല്ലുന്ന കുന്തളസ-
        മുല്ലാസി കല്യമലർമാലം
അല്ലൽപെട്ട മതികലയെ വെല്ലുമൊരു നിടിലതട
        ഫുല്ലമൃഗമദതിലകജാലം
അലർബാണവീര്യനെറി വിളയാട്ടമോമൽമിഴി-
        കലകൊണ്ടു കണ്ണിനനുകൂലം
അലമമലകുഴയിണയിൽ വിലസുമണിമണിരുചിഭി-
        രൊളിവിളയുമനുപമ കപോലം

2

ചെന്തൊണ്ടിയോടുപമ ചിന്തുന്ന വായ്മലരിൽ
        മന്ദം മുളച്ച ധൃതിചോരം
ചെന്തളിരിലനുമിളിത ചന്ദ്രകരതുലന കല-
        രുന്നമൃദു, മുറുവല്പമുദാരം
ചിതറുന്ന കാന്തിതതി വദനം കലാധിപതി-
        ശതകോടിതുല്യഗുണപൂരം
ചിതമുടയ ഗളവടിവുമതിലലിയുമതി ലളിത-
        ഘ്യസൃണവലി വിലസിതമപാരം

3

ആകമ്രപൊൽക്കടകവാർകങ്കണാദ്യുതികൾ
        പാകം കരാബ്ജമഭിരാമം
ആകലിതമണികലശമാകമികുമണിമുലയി-
        ലാകലിത നവകനകദാമം;
അകളേബരന്നുമഴലകമേ വളർക്കുമിതു
        നവരോമവല്ലരി നികാമം
അഖിലജനധൃതിഹൃതിയിൽ മികവുടയ കൊടിനടുവു
        മഹഹ! ശിവ! നയനസുഖധാമം.

4

മാണിക്ക്യകാഞ്ചിനെറി പേണിച്ച പട്ടവസ–
        നാബദ്ധമുന്നതവിശാലം
മാനമെഴുമലർവിശിഖയാനരുചി ജഘനതല–
        മാനമിതി തുടയുമിതുമൂലം
മനസാ മഹീവലയ വനിതാജനം പണിയു–
        മണിപാദപത്മമനുവേലം
മണമുടയ കബരിമുതലണികുഴലൊടിടമുഴവ–
        നനുപമമമിതമിതഗുണജാലം.

രാമായണം ചമ്പു

## 17. ജനനയനസുധ

1

പരിമളമഴ പെയ്തിരുണ്ട ഭങ്ഗ്യാ
തിരുകിന കുന്തളഭാരലോഭനീയാം
സ്മരനിഗമരഹസ്യമോതുമോമൽ–
ത്തിരുമിഴിമേൽ നിഴലിച്ച രാഗലൗല്യാം

2

മട്ടമലർചരമേന്മ ചേർത്തു തോൺമേ–
ല്പടനണിയും മണികുണ്ഡലാഭിരാമാം
തുടുതുടെ വിലസുന്ന ചോരിവായ്മേ–
ല്പടമയിൽ വന്നിളകൊള്ളുമല്പഹാസാം

3

കനകകലശകാന്തി വെന്ന പീന–
സ്തനഭരലാളിതരത്നഹാരമാലാം
മണിമയകടകാങ്ഗദാദിഭൂഷാ–
ഗുണരുചിരഞ്ജിതമഞ്ജുബാഹുവല്ലീം

4

മരതകലതികാഭിരാമ്യമുൾക്കൊ–
ണ്ടരുളിന കോമളരോമവല്ലരീകാം
പരിഹിതമൃദുലാംശുകത്തിനുള്ളിൽ
സ്ഫുരിതനിതംബമനോഹരോരുകാണ്ഡാം

5

പ്രണിഹിതമണിനൂപുരാംഘ്രിപത്മാ—
മനുപമകാന്തിധുരീപരീതഗാത്രീം
ജനനയനസുധാം ത്രപാനുരാഗ
ക്ഷണനതമുഗ്ദ്ധമുഖീം ദദർശ സീതാം.

രാമായണം ചമ്പു

## 18. അലങ്കാരമാലിക

ലീലാതിലകത്തിന്റെ മാതൃകയിലുള്ള ഒരു അലങ്കാരഗ്രന്ഥമാണു് അർത്ഥാലങ്കാരസംക്ഷേപം. യൂനിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്നും ഈ കൃതി പ്രകാശിപ്പിച്ചിട്ടുണ്ടു്. അതിൽനിന്നു് എടുത്തിട്ടുള്ള ചില മനോഹരപദ്യങ്ങളാണു് ഇവ.

1

തെച്ചിപ്പൂവിൽ പ്പതംഗദ്യുതിവിതതിമയേ
ചേർത്തു ശൃംഗാരലക്ഷ്മീ—
മച്ചിപ്പാൻ മാരഭൂപാലനു ജലധിമണി—
ച്ചാണമേലേണനേത്രേ!
വച്ചപ്പാടുണ്ട പാർത്താലിതു തുഹിനകരൻ
കിങ്കരൻ തൻകരം കൊ—
ണ്ടെച്ചച്ചോ! കാണരയ്ക്കിന്നതു നരനിരയാം
ചന്ദനം ചന്ദ്രലേഖേ!

2

നക്ഷത്രാണാം നികായം ഗഗനമരതക
ത്തുമലർപ്പാലികായാ—
മൊക്കച്ചിക്കിപ്പരത്തിപ്പരിചൊടിത സമാ—
യാതി സന്ധ്യാ ദിനാന്തേ
മയ്ക്കണ്ണാർമൗലിമാലയ്ക്കിഹ മരതകമാ—
ലയ്ക്കു മാലയ്ക്കു പൂവും
കൈയ്യെക്കൊണ്ടെൻതോഴ! ചന്തം തടവിവരുമിളം—
തോഴിതാനെന്ന പോലെ.

3

ചേണററീടും ചതുസ്സാഗരസലിലനറും
പട്ടുടുത്തോരു ബാല—
ക്ഷോണിപ്പെണ്ണിന്നു മാരക്ഷിതിരമണനണി—
ഞ്ഞോരു മാണിക്കമാലേ!

കാണിക്കാലം കടക്കൺ കലയ മയി മുദാ
  മൻമനക്കാമ്പശേഷം
കാണിക്കാ വെച്ചിതല്ലോ മലരടി തൊഴുതേൻ
  മാരചിന്താമണീ! ഞാൻ.

4

എങ്ങും നിമ്മായ ചെമ്മേ ചില പുളകമയ–
  ച്ചഞ്ചിതം പൂന്തുകിൽ ച്ചാ–
ത്തംഗൈരംഗാനി മേളിച്ചയി തവ ശിഥിലീ–
  കൃത്യ നീവീനിബന്ധം
പൊങ്ങുമ്പോഠം കൊങ്കതന്മേലിഴകിന കളഭ–
  ച്ചാറഴിക്കിന്നതെങ്കിൽ
ഗംഗാപൂരം പിറന്നോരളവ്വ ബത! പിറ–
  ന്നീല പൂങ്കേതകീ! ഞാൻ.

അലങ്കാരസംക്ഷേപം

## 19. സന്ധ്യാതേജസ്സും ഉദയപ്രഭയും

ഉണ്ണുനീലീസന്ദേശത്തെപ്പോലെയുള്ള വേറൊരു മധ്യമലയാള സന്ദേശകൃതിയാണ് ചക്രവാകസന്ദേശം. യൂനിവേഴ്സിററി മാനുസ്ക്രിപ്ററ്സ് ലൈബ്രറിയിൽനിന്ന് ഇതു പ്രകാശിപ്പിച്ചിട്ടുണ്ട്. ഈ കൃതിയിലേ മനോഹരമായ ഒരു ഭാഗമാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്.

1

ചൂടും പൊന്നിൻതകട ചരമക്ഷ്മാഭൃതോവ്യോമലക്ഷ്മീ
വാടാമാലക്കുഴലിലണിയും ബാലമാണിക്യഖണ്ഡം
ചൂടേറും തൻകൊട്ടവെയിൽ തനക്കേ പൊറായെൻറപോലെ–
ച്ചാട്ടൻേറാ പോയ്ക്കടലിലധുനാ ഹേലയാ ഭാനുമാലി.

2

വീഴക്കണ്ടിട്ടപരജലധൗ ഭാനുമന്തം കനക്ക–
ക്കോഴപ്പെട്ടാ നളിനികളിതുട്ടിച്ചിതാശാമുഖാനി
ആഴക്കിന്മേൽ നളിനതെളിതേൻ കൊണ്ടുകൊണ്ടായതോളം
താഴക്കണ്ടിട്ടളികുലമളിച്ചാർത്തു പാടിൻറു പാട്ട്.

3

ചാമ്പിത്താർവാടികളിൽ വരിവണ്ടിണ്ടയെക്കൊണ്ടു മണ്ടി–
ച്ചാമ്പൽപ്പൂംപൊയ്കകളില്പതിരും പുംപരാഗം തടഞ്ഞ്
ഓമ്പിച്ചൂണ്ടിപ്പുനലിൽ മുഴുകും മങ്കമാർ കുന്തൽമേൽനി–
ന്നൂമ്പിച്ചിന്തും പരിമളഭരാ വാന്തി മൂവന്തിവാതാഃ

4

അക്ഷ്ണോഃ പ്രീതിം ജനയതി നമുക്കഭ്രമാം പുഷ്കരിണ്യാം
രക്താംഭോജം ഘുസൃണതിലകം രാത്രിയാം കമ്രഗാത്ര്യാഃ
മുക്കണ്ണന്റെ കൺമുനയിലുരികിൻറംഗജാംഗാരചക്രം
തീക്കെട്ടിന്നും ചുടരണിവിളക്കഞ്ചിതം ചന്ദ്രബിംബം.

5

ഇപ്പാത്ത്ട്ടാം തളികയിൽ നിലാവാന പാൽക്കഞ്ഞി വീഴ്ത്തി–
ച്ചുപ്പൃപ്പെന്നിൻറിതു മുഹുരതിൽ കുട്ടവേട്ടി ച്ചകോരാഃ
ഇത്ഥം മത്വാ ലവണസലിലം വീചിഹസ്തൈരുയാത്തി
പ്രത്യാസന്നേ ശശിനി ചുഴലപ്പോന്നു പൊങ്ങീ പയോധി.

6

ഏവം മൂവന്തിയെ നിറമെഴക്കണ്ടു വാഴ്ത്തും ജനാഢ്യേ
പ്രാരബ്ധേ ശ്രീബലിമഹവിധൗ തത്ര കുത്രാപി നിൻറാൽ
കാണാം കൊററക്കുടനിഴലിൽ വെഞ്ചാമരം വീചി മന്ദം
പോരും ദന്താവളഗളതടാത്രൂഢമേണാങ്കചൂഡം.

7

ഓലക്കം ചേർന്നഴിയുമണിവെൺചായൽ തോൺമേലൊതുങ്ങ–
ച്ചാലച്ചാമ്പീടിന കയൽവരിക്കൺവിലാസങ്ങൾ പൊങ്ങ
നീളക്കാണാമതുവഴിയിരണ്ടൊട്ടവ്യം പൊന്മതിന്മേൽ
കാലത്തേ പോന്നഴകു പിചകിപ്പൂക്ക തന്വംഗിമാരെ.

8

അപ്പോൾ കാന്താവിരഹവിധുരോ നീയുമെന്നെക്കണക്കേ
സപ്രത്യാശം മുറുകിയൊരു പൂംപൊയ്ക വാമേലൊഴിഞ്ഞു്
സ്വപ്രേയസ്യാ പുലരുമളവിൽപ്പിന്നെയും കൂടിയൊട്ടേ
നില്പൂ നിൻറാലിഹ പുനരുഷാവർണ്ണനം കേൾക്കലാം തേ.

9

വെങ്ങാലിപ്പൂ ഹരിഹയഹരിച്ചക്രമെൻറല്ല മേന്മേൽ
തിങ്ങിച്ചേരും തിമിരപടലം പങ്ങി യോടത്തുടങ്ങി
നങ്ങീ താരാനികരമണിവെൺതിങ്കളസ്താദ്രിശൃംഗേ
തങ്ങിത്തങ്ങിക്കടലിലത പോയ്‌ നാൽവിരൽപ്പാട്ട താണു.

10

ധന്യാ ഭാനോഃ പുലരിവഴിവെള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻ ചൂൽകൊണ്ടിരുൾമയമടിക്കാടടിച്ചങ്ങു നീക്കി
ഇമ്പം ചേരും ഗഗനഭവനം ചുററുമുററത്തളിപ്പാ–
നംഭോരാശൗ ശശധരകുടം കാൺക മുക്കിൻറവാറു്.

11

അന്ധദ്ധ്വാന്തൗടവിയെ മുഴുവൻ ചുട്ടുപൊട്ടിച്ച ശാന്തേ
സന്ധ്യാദാവേ വളവിയ നിലാവാന വെണ്ണീറടങ്ങ
വെൺമേഘംകൊണ്ടുഴുതു പകൽവിത്താൽ നിറച്ചംശ്ശുമാനാ–
ഞ്ചെന്നെല്ലുമ്മേൽ കതിർനിര പുറപ്പെട്ടുതല്ലോ വിഭാതി.

12

അച്ചോ! മുല്ലാടിദമുദയതേ മിക്ക ശൈലാധിപത്യേ
നില്ക്കും പൂർവ്വാചലമുകുടമാണിക്യരത്നപ്രവേകം
ശച്യാഃ കല്പദ്രുമകിസലയാപീഡകല്പംകിഴക്ക–
ന്തിക്കാം പെണ്ണിന്മുലയിൽ വിലസും താലി വാലാക്കബിംബം

13

മന്ദം മന്ദം മലയശിഖരാൽ പോന്നു ചൂണ്ണീതരംഗാൻ
ഭിന്ദന്നാന്ദോളിതതളിവധൂ മന്ദിരോദ്യാനവൃന്ദഃ
തന്ദ്രീമിന്ദീവരമലരിലുത്പാദയൻ പേർത്തുമാധ്വീ
വിന്ദുസ്യന്ദീ വിഹരതിതരാമേഷ വൈയ്യേമവായുഃ

ചക്രവാകസന്ദേശം

## 20. രജനീമുഖം

പതിനാറാം നൂററാണ്ടിലേ മധുരമനോഹരമായ ഒരു ശൃംഗാരകാവ്യമാണ് ചന്ദ്രോത്സവം. അതിൽ സന്ധ്യാവർണ്ണനം ചെയ്യുന്ന ഭാഗമാണ് ഇവിടെ ഉദ്ധരിക്കുന്നതു്.

1

തെളിവിനൊടപയാതന്നാലഹോരാത്രമേവം
മതിമുഖി! പുനരഞ്ചാം വാസരേ സംപ്രവൃത്തേ
വരയുവതിവിഭൂഷാരത്നഭാസാം പ്രരോഹൈ–
രിവ കിമപി ചുവന്നൂ ബിംബമംഭോജബന്ധോഃ.

2

അപരജലധിമീതേ ഹന്ത ചെന്തീകണക്കേ
ദിവസകരകരാളീ പാടലാഭ്രന്മനോജ്ഞേ!
കടൽനടുവിൽ വിളങ്ങും വിദ്രുമശ്രീമയൂഖാ–
വലി വിയതി വിലങ്ങെപ്പൊങ്ങിനില്ക്കുന്നപോലെ.

3

അഹിമകിരണബിംബം പാടലേനാത്മഭാസാ
പരിഗതമപരാദ്രേരുത്തമാംഗേ വിളങ്ങി

തെളിവെഴുമില വേറിട്ടൻപെഴും ചെമ്പരത്തി-
പ്പൂതുമതുമലർ വിങ്ങിത്തിങ്ങി നില്ക്കുന്നപോലെ.

4

പുതിയ കനകവർണ്ണം പൂർണ്ണശോഭാപ്രവാഹം
തെളിവിനൊടപരാദ്രൗ ചെന്നു താഴുന്ന നേരം
വരുണപുരപുരന്ധ്രീമാളികാതാഴികപ്പൊൽ-
ക്കുടമിവ രവിബിംബം ജാതമർദ്ധം ക്ഷണാർദ്ധം.

5

ചരമശിഖരിപീഠേ പാടലന്നാളികേരം
ദ്യുമണിവലയരൂപം വെച്ചുവിച്ഛിന്നധാരം
ജഗതി കുരുതി തർപ്പിച്ചീടിനാൻ ചൂടൊഴിപ്പാ-
നഖിലഭുവനഭാജാമന്തിയാം മന്ത്രവാദി.

6

തദനു തപനബിംബം പാതി മുങ്ങുന്ന നേരം
പരമപരസമുദ്രേ വിദ്രുമാഭം വിളങ്ങീ
കനകകലശമിന്ദോരുത്സവേ സത്കരിപ്പാ-
നപഹൃതമിവ ലക്ഷ്മ്യാ മേദിനീചന്ദ്രികായാഃ.

7

വിരവിനൊടപയാതേ വാസരാധീശ്വരേ പോ-
ന്നജനി തിമിരമാലാ ദിക്ഷു സർവാസു സാന്ദ്രാ
ദിനകരകിരണാനാമുഷ്ണാ വിശ്വചക്രം
കമലമുഖി കരിഞ്ഞിട്ടാശു കാണായ പോലെ.

8

തിമിരമദഗജശ്രീ മസ്തകാബദ്ധവിന്ദു-
പ്രതിമമുഡുസമൂഹം വ്യോമരംഗേ വിളങ്ങീ
ശശിമഖകുതുകിന്യാ മെയ്യിൽ മേവുന്ന നാനാ-
ഭരണമണികൾപോലെ യാമിനീനായികായാഃ

9

തദനു ശതമഖാശാ കാശപുഷ്പാവദാതാ
സമഭവദമൃതാംശോഃ ശ്രീമയൂഖപ്രഭാഭിഃ
അമരമധുരവാചാമുത്സവം കണ്ടദഞ്ചൽ-
ന്മുറുവലൊളിവിതാനൈർന്നിമ്മലൈരെന്നപോലെ.

10

തെളിവുടയ കിഴക്കേദ്ദിക്കിലഞ്ചെട്ടുപത്തായ്
വിരവിലമൃതഭാനോരാവിരാസൻ കരാഗ്രാഃ

വിധുമഹവിധി കാൺമാൻ മുൽപ്പെട്ടം പൃഷ്ഠകേതോ-
രുര പെരുകിന വെള്ളിപ്പൂങ്കൊടിക്കൂറ പോലെ.

11

പുതിയ കുളുർനിലാവിൻ പൂൺമകൊണ്ടംബരാന്തം
ധവളധവളമാസീല്ലോകതാരാഭിരാമം
ഉപഹൃതമിവ രാത്ര്യാ ഹന്ത ചന്ദ്രോത്സവത്തി-
ന്നണിമണിഗണഭാസാ ഭാസമാനം വിമാനം.

12

മകുടമണികണക്കേ പൂർവ്വമസ്തേതരാദ്രേ-
രഥ മദനമണിശ്രീബാണശാണോപമാനം
തിലകമിവ രജന്യാസ്തൽക്ഷണം ബിംബമിന്ദോ-
രുദയഗിരിമുകണ്മേൽ നിന്നൊരുക്കോല്വദസ്ഥാൽ.

13

വിഗളദമൃതമിന്ദോർമ്മണ്ഡലം പോന്നുയർന്നു
നിജകരപരിവീതം ബദ്ധനക്ഷത്രമാല്യം
മദനകരഗൃഹീതം പൂർണ്ണസൗഭാഗ്യദീക്ഷാ-
കലശമിവ നവീനം മേദിനീചന്ദ്രികായാഃ

14

കലശജലധിശുദ്ധം പാർവണേന്ദൗ പളുങ്ങി
ത്രിജഗതി പെരുമാറീ ഫുല്ലകല്ലോലമാലീ
പുതിയ കുളിർനിലാവത്താശു തോന്നിച്ചുകൊണ്ട-
പ്പുകഴ്മണമിവ ഭ്രമൗ മേദിനീചന്ദ്രികായാഃ.

ചന്ദ്രോത്സവം

## 21. കുമ്പിടുന്നേൻ

പുനത്തിന്റെ ശേഷം ചമ്പൂകൃതികൾ എഴുതിയിട്ടുള്ള മലയാള കവികളിൽ എല്ലാംകൊണ്ടും ഒന്നാമത്തേ സ്ഥാനം വഹിക്കുന്നതു് മഴമംഗലം നമ്പൂതിരിയാണു്. അദ്ദേഹത്തിന്റെ നൈഷധം ചമ്പു നളചരിതത്തെ ആസ്പദമാക്കിയുള്ള അതിരുചിരമായ ഒരു കൃതിയാണു്. അതിൽനിന്നാണു് ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നതു്.

മഴമംഗലം ഇഷ്ടദേവതയായ വലയാധീശ്വരിയെ (ഊരകത്തു ഭഗവതിയെ) കുമ്പിടുന്നു.

അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ!
വേദമാകുന്ന ശാഖി-
ക്കൊമ്പത്തമ്പോട്ടു പൂക്കും കുസുമതതിയിലേ-
ന്തുന്ന പൂന്തേൻകുഴമ്പേ!

ചെമ്പൊൽത്താർബാണദണ്ഡംഭപ്രശമന സുകൃതോ-
പാത്ത സൗഭാഗ്യലക്ഷ്മീ
സമ്പത്തേ, കുമ്പിടുന്നേൻ കഴലിണ വലയാ-
ധീശ്വരീ വിശ്വനാഥേ!

നൈഷധം ചമ്പു

## 22. യൗവനശ്രീ

ദമയന്തിയുടെ കൗമാരം വർണ്ണിക്കുന്നു.

1

മിന്നും പൊന്നോല കണ്ണേറ്റ മണിഗണലലിതം
മോതിരം കണ്ണുകാണ്ഡേ
പിന്നിൽ ചിന്നിക്കവിഞ്ഞോന്നണിചികുരമകാ-
ണ്ഡോദയം മന്ദഹാസം
കുന്നിപ്രായം കുരുത്തോന്നുരസി കുചയുഗം
നൂനമപ്പെൺകിടാവെ-
ത്തന്നേ തോന്നീടുമത്രേ സതതമൊരു ദിനം
കണ്ടവന്നിത്ത്രിലോക്യാം

2

ഗാത്രേ ഗാത്രേ തുടർന്നൂ മധുരിമ തിരളും
മാർദ്ദവം നേത്രരംഗേ
കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറ-
ഞ്ഞംഗജന്മാ വിരേജേ
മുത്തേലുംകൊങ്ക പങ്കേരുഹമുകുളസമം
ഹന്ത താരുണ്യവായ്പോ-
ടെത്തിക്കൈത്താർ പിടിച്ചൂ ഝടിതി വടിവെഴും
ശൈശവം പേശലാംഗ്യാഃ.

3

നമ്മാലാപം ചുരുങ്ങീ ജനസദസി മണം
ചേർന്ന മന്ദാക്ഷവേഗാൽ
കമ്രം കാർക്കുന്തലേന്തുംപരിമളലലിതം
ചെന്നു കാലോടിടഞ്ഞു
തമ്മിൽത്തിക്കിത്തുടങ്ങീ കുളുർമുലയുഗളം
നന്നുനന്നെന്നുവേണ്ടാ
നിമ്മായം യൗവനശ്രീ സ്വയമലമകരോ-
ദംഗനാമൗലിമാലാം.

നൈഷധം ചമ്പു

## 23. കാമുകാലാപം

ദമയന്തീസംഗമത്തിന്ന് അത്യുത്കണ്ഠയോടെ വർത്തിക്കുന്ന നളൻ, പവമാനനോടും ചൂതപാദപത്തോടും തന്റെ സങ്കടങ്ങൾ ദമയന്തിയെ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

1

പേശലാംഗ,പവമാനപോത, കുശലം
ഭവാനു ബത വർത്തതേ
നാശകാലമധുനാ നമുക്കിനി-
യൊരാശയുണ്ടു പറയാമതും
ആശു ചെന്നിനിയ കുണ്ഡിനാഖ്യനഗരേ സു-
ഖേന ദമയന്തിതൻ
കൈശികേ ബത വിരുന്നുമുണ്ടു വരി-
കല്ലയോ സരസ സാമ്പ്രതം?

2

എത്ര കഷ്ടമിത തൃപിയായ പവ-
മാനനോടു പറയുന്നതെ-
ന്നത്തലാരുമിതു കേട്ടതില്ലതു പുറത്ത-
തിന്നു കരുതും വിധൗ
ഇത്തരം ഭ്രമമകപ്പെട്ടും വചസി ചിത്ത-
യോനിഭുജ വിക്രമം
ചിത്തകാമ്പിൽ വളരുന്നകാലമിതു കേൾപ്പി-
തുണ്ടഖില കാമിനാം.

3

പല്ലവാഭരണ ഭൂഷിതാംഗ! ബത
ചൂതപാദപസഖേ! ഭവാ-
നുള്ളിലുള്ള മമ സങ്കടങ്ങൾ പറയാതെ
കണ്ടുമറിയും ദൃഢം
വല്ലിയോടു തവ യാത്ര ചൊല്ലി വിരവോടു
ചെന്നു ദമയന്തിയോ-
ടല്ലലൊക്കെയറിയിച്ചവസ്ഥകളറിഞ്ഞു
കൊണ്ടു വരികല്ലയോ.

നൈഷധം ചമ്പു

## 24. രാത്രിയിൽ കൊടുങ്കാട്ടിൽ

നളനപേക്ഷിച്ചതുകൊണ്ടു് ഏകാകിനിയായി രാത്രികാലത്തു കൊടും കാട്ടിലകപ്പെട്ട ദമയന്തി.

അസ്തഗിരീശ്വര മസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം

ഗതവതി സവിതരി ഗുഹകളിൽനിന്നീ–
ത്തിമിരകരീശ്വരരിളകുന്നേരം

ദിക്ഷു വിദിക്ഷു ച ദുഷ്കരരായ
തരക്ഷുഗണങ്ങൾ തിമിക്കുന്നേരം

കാട്ടിൻനടുവിൽ കാട്ടാളാവലി
കൂട്ടംകൂടിപ്പാടുന്നേരം

മല്ലീവല്ലീഫുല്ലാവലിരിഹ
മെല്ലേ മെല്ലേ വിരിയുന്നേരം

പക്ഷികൾ വൃക്ഷാവലിയിലടങ്ങി
യിണങ്ങി മയങ്ങിയുറങ്ങുന്നേരം

ക്രോഷ്ടൃനാം തതി കാട്ടിൻനടുവിൽ
കൂട്ടംകൂടിക്കരയുന്നേരം

മയിലുകൾ പീലികൾ ചാലെ വിരിച്ച–
ന്നൃത്തവുമാടിയടങ്ങുംനേരം

ഞെട്ടഞെടയുടനടനടവികൾതോറും
കരടികൾ കടുതരമലറുന്നേരം

രൂക്ഷത തേടിന രാക്ഷസപടലീ
തീക്ഷ്ണനിനാദം കലരുന്നേരം

ശ്രോത്രാനന്ദം ചേർത്തീടാത്തൊരു
ദാത്യൂഹാവലി കരയുന്നേരം

പിശിതാശനശത ബഹുളപിശാചിക–
ളശിവനിനാദം കലരുന്നേരം

കുന്നുകൾപോലേ കുന്നിവരും ചില
പന്നികളോടിച്ചാടുന്നേരം

കാനനനികരേ വിരഹിത വിവരേ
ദീനത പൂണ്ടു നടന്നുമുഴന്നും

സർപ്പാനഗ്രാൻ ദർപ്പോദഗ്രാ-
നഭ്യാശേ കണ്ടാശു വിറച്ചും

ഗമനനിരാശാ കുഹചനദേശേ
നിഷസാദൈഷാ മഹിതാ യോഷാ.

നൈഷധം ചമ്പു

## 25. എങ്ങു പോയീ ഗുണാബ്ധേ?

ദമയന്തി നളനെച്ചൊല്ലി വിലപിക്കുന്നു.

1

കാന്താ രേ! ഹന്ത! മാം ബന്ധുരവിപുലമഹാ
സിന്ധുരേന്ദ്രാതിഘോരേ
കാന്താരേ പേർത്തുമിട്ടേച്ചിഹ സപദി ഭവാ-
നെങ്ങുപോയീ ഗുണാബ്ധേ?
താന്താനഞ്ഞൂറുവട്ടം നിജഗമനവിധൗ
യാത്രയും ചൊല്ലിയേച്ചേ
താന്താമെന്നെപ്പിരിഞ്ഞിട്ടൊരുപദമിളകു
പണ്ടു നീ പുണ്യരാശേ!

2

ഖിന്നാ മേ രാജ്യവും ഭോജ്യവുമഖിലമുപേ
ക്ഷിച്ചു നിന്നോടുകൂട-
പ്പിന്നാലേ ഹന്ത പോന്നു തിരുവുരു തവ കാൺമാൻ
കൊതിച്ചല്ലയോ ഞാൻ?
എന്നാലിട്ടേച്ചു കാട്ടിൽപ്പുനരഗതിയെ മാം
നാഥ പൊയ്ക്കൊണ്ടതിന്നീ
മുന്നം കേളാവയോസ്സൗഹൃദസരണികളെ-
ല്ലാം മറന്നോ ഗുണാബ്ധേ.

നൈഷധം ചമ്പു

## ഭാഗം രണ്ടു്

പാട്ടാണു് മലയാളസാഹിത്യത്തിൻെറ ആദിമാതൃക എന്നു മുമ്പു പറഞ്ഞല്ലോ. എന്നാൽ അവിടെ സൂചിപ്പിച്ച പാട്ടുകൾ രാമചരിതംപോലെ ദ്രാവിഡാക്ഷരമാത്രഘടിതങ്ങളായ സാഹിത്യസൃഷ്ടികളാണു്. പിൽക്കാലത്തെ പാട്ടുകളാകട്ടെ ദ്രാവിഡാക്ഷരമാത്രഘടിതമായിരിക്കണം എന്ന നിർബന്ധം ഉപേക്ഷിച്ചു. ഭാഷയുടെ വളച്ച് ഗാനസാഹിത്യത്തിലും വേണ്ടപോലെ പ്രതിഫലിച്ചുതുടങ്ങി. അത്തരം പാട്ടുകളുടെ മാതൃകകളാണു് ഈ ഭാഗത്തിൽ ചേർത്തിട്ടുള്ളതു്. നാടൻ പാട്ടുകളും സാഹിത്യകൃതികളും ഇതിൽ ഉൾപ്പെടുന്നു. തീയാട്ടുപാട്ടു്, മഞ്ഞപ്പാട്ടു്, വാതിൽതുറപ്പാട്ടു്, ബ്രാഹ്മണിപ്പാട്ടു് തുടങ്ങിയ തരം പാട്ടുകളും, വടക്കൻപാട്ടു്, തെക്കൻപാട്ടു് എന്ന തരത്തിലുള്ള പാട്ടുകളും, അതുപോലെ തന്നെ പത്തുവൃത്തംപോലുള്ള മനോഹരസാഹിത്യകൃതികളും നമുക്കു കിട്ടിയിട്ടുണ്ടു്. ഇവയിൽ പലതിൻെറയും കാലം നിർണ്ണയിക്കാൻ പ്രയാസമാണു്. ഇവയെ ഭാഷാസാഹിത്യത്തിൻെറ പ്രഥമാങ്കുരങ്ങളായി കരുതുന്നവരുമുണ്ടു്. വടക്കൻപാട്ടുകളെപ്പോലുള്ളവ പതിനഞ്ചാമത്തേയോ പതിനാറാമത്തേയോ നൂററാണ്ടിൻെറ സംഭാവനയായിരിക്കാം. ഇരവിക്കുട്ടിപ്പിള്ളപ്പാട്ടു് പതിനേഴാം നൂററാണ്ടിലേതാണു്.

നാടോടിസാഹിത്യത്തിൻെറ സ്വാദാണു് ഈ ഗാനങ്ങളിലെല്ലാം അധികമായി അനുഭവപ്പെടുന്നതു്. ഇത്തരം നാടോടിപ്പാട്ടുകളാണു് പിൽക്കാലത്തു് ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടിനും, എഴുത്തച്ഛൻെറ കിളിപ്പാട്ടിനും, നമ്പിയാരുടെ തുള്ളൽപ്പാട്ടിനും, വഞ്ചിപ്പാട്ടുകൾക്കും പ്രേരണ നല്കിയതു്.

## 26. പരമാത്മാവിൽ വിളങ്ങും മായ

പരാശക്തിയെപ്പററിയുള്ള ഭാവന.

പൂവിൽ പരിമളമേളം പോലെ
പൂർണ്ണപയോധിയിലോളം പോലെ

പവനൻ തങ്കലിളക്കം പോലെ
വരരത്നത്തിൽ വിളക്കം പോലെ

പൊരിയും തീയിലൊരുഷ്ണം പോലെ
പരമാത്മാവിൽ വിളങ്ങും മായേ!

കർമ്മപ്രാചുരി ചേർത്തു സമസ്തം
നിർമ്മിപ്പാൻ ഭുവനത്തെ നടേ നീ

രക്ഷിപ്പാൻ പുനരഴകൊടശേഷം
ഭക്ഷിപ്പാൻ പുനരുൽക്കട രോഷം

കെൽപ്പൊത്തീടിന നിൻ നിനവേതും
കല്പിപ്പാനരുതാർക്കുമിതമ്മേ!

തെക്കു വടക്കു കിഴക്കു പടിഞ്ഞാ-
റൂർദ്ധ്വമധസ്സാലെന്ന വിഭാഗവു-

മമ്പൊടു പണ്ടു കഴിഞ്ഞതുമിപ്പോ-
ഴുള്ളതുമിന്നി വരുന്നതുമെന്ന വി-

ശേഷവുമൊക്കെ വരഞ്ഞു നിറഞ്ഞു
തെളിഞ്ഞൊരുനാളുമൊരുത്തനുമിത്ര

പരപ്പിതിലുണ്ടു നിരന്തരമെന്നു തിരിക്കരുതാത
പരമ്പരമായി വിളങ്ങിന നിങ്കൽ

ധരണീചക്രമശേഷം പാർത്താൽ
അണുവായ് തോന്നിയൊരണുവോടൊക്കും.

കളകളഘോഷം വാരിധിപൂരം
കറുകയിലേ നീർത്തുള്ളിയൊടൊക്കും.

ദിനകര ഹിമകര ദഹനന്മാരും
ഖദ്യോതം തന്നൊളിവിനൊടൊക്കും.

കൊടുതായ് മേവിന മാരുതവേഗം
കൃമിനിശ്വാസക്രീഡയൊടൊക്കും.

വിപുലത ചേർന്നു വിളങ്ങും വ്യോമം
നവരമെറുമ്പിൻ കുക്ഷിയൊടൊക്കും.

അജ്ഞാതനാമാ

## 27. ഉടൽ കണ്ടു തൊഴുന്നേൻ

(തീയാട്ടു പാട്ടു്)

കാരിരുൾ നിറമൊത്ത തിരുമുടി തൊഴുന്നേൻ
കനൽക്കണ്ണും തിരുനെററിത്തിലകം കൈതൊഴുന്നേൻ

വിലസുന്ന മിഴിയും നാസിക കവിൾ തൊഴുന്നേൻ
വളഞ്ഞുള്ളോരെകിറും പല്ലൊട്ടു നാവും തൊഴുന്നേൻ

വട്ടത്തിൽ വിളങ്ങുന്ന തിരുമുഖം തൊഴുന്നേൻ
വാരണക്കുഴക്കമ്പിയവ രണ്ടും തൊഴുന്നേൻ

മാറിടം വളർതാലി മണിമാല തൊഴുന്നേൻ
മാമേരുവിനെ വെന്ന തിരുമുല തൊഴുന്നേൻ

ദാരുകൻ തല വെട്ടിപ്പിടിച്ച കൈയു് തൊഴുന്നേൻ
തങ്കും നിൻ കരവാൾ വട്ടക ശൂലം തൊഴുന്നേൻ

നേരേയാലിലയൊത്തോരുദരം കൈ തൊഴുന്നേൻ
ഞെറിഞ്ഞ പൂന്തുകിലും പട്ടുടയാട തൊഴുന്നേൻ

തുമ്പിക്കൈ തരമൊത്ത തിരുത്തുട തൊഴുന്നേൻ
തുകിൽ പട്ടിൻ പുറമേ പൊന്നുടഞാണും തൊഴുന്നേൻ

കേതകി മലരൊത്ത കണംകാൽ കൈ തൊഴുന്നേൻ
കേവലം പുറവടി വിരലും കൈ തൊഴുന്നേൻ

കോപത്തോട്ടറയുന്ന തിരുനൃത്തം തൊഴുന്നേൻ
കോമരമിളകുന്ന ചിലമ്പൊലി തൊഴുന്നേൻ

മുടിതൊട്ടിങ്ങടിയോളമുടൽ കണ്ടു തൊഴുന്നേൻ
മുടങ്ങാതേ കൊടുങ്ങല്ലൂരമർന്നമ്മേ തൊഴുന്നേൻ

അജ്ഞാതനാമാ

## 28. കള്ളാലിത്തിരി മോന്ത്യാൽപ്പിന്നെ

(മഞ്ഞപ്പാട്ടു്)

മഞ്ഞക്കാട്ടിൽ പോയാൽപ്പിന്നെ
മഞ്ഞക്കിളിയെപ്പിടിക്കാലോ.

മഞ്ഞക്കിളിയെ പിടിച്ചാൽ–പ്പിന്നെ–
ച്ചപ്പും ചവറും പറിക്കാലോ.

ചപ്പും ചവറും പറിച്ചാൽ–പ്പിന്നെ
ഉപ്പും മുളകും തിരുമ്മാലോ.

ഉപ്പും മുളകും തിരുമിയാൽ–പ്പിന്നെ–
ച്ചട്ടിയിലിട്ടു പൊരിക്കാലോ.

ചട്ടിയിലിട്ടു പൊരിച്ചാൽ–പ്പിന്നെ–
പ്പച്ചില വാട്ടിപ്പൊതിയാലോ.

പച്ചില വാട്ടിപ്പൊതിഞ്ഞാൽ–പ്പിന്നെ–
ത്തണ്ടാൻപടിക്കൽ ചെല്ലാലോ.

തണ്ടാൻപടിക്കൽ ചെന്നാൽപ്പിന്നെ–
ക്കള്ളാലിത്തിരി മോന്താലോ.

കള്ളാലിത്തിരി മോന്ത്യാൽപ്പിന്നെ
അമ്മേം പെങ്ങളേം തല്ലാലോ.

അമ്മേം പെങ്ങളേം തല്ല്യാൽപ്പിന്നെ–
ക്കോലോത്തുംവാതുക്കൽ ചെല്ലാലോ

കോലോത്തുംവാതുക്കൽ ചെന്നാൽപ്പിന്നെ–
ക്കാര്യം കൊണ്ടിത്തിരി പറയാലോ.

കാര്യം കൊണ്ടിത്തിരി പറഞ്ഞാൽപ്പിന്നെ–
ക്കഴുംമ്മേൽക്കിടന്നങ്ങാടാലോ.

പഴയ പാട്ട

## 29. വിനോദ സംവാദം

മണക്കിണതെന്തോതു്?
മണക്കിണതു പൂവല്ല്യോ?

പൂവെങ്കിൽ ചൂടൂല്ല്യോ?
ചൂടിണതു കുടയല്ല്യോ?

കുടയെങ്കിൽ കെട്ടൂല്ല്യോ?
കെട്ടിണതു വീടല്ല്യോ?

വീടെങ്കിൽ മേയൂല്ല്യോ?
മേയിണതു പയ്യല്ല്യോ?

പയ്യെങ്കിൽ ചുററൂല്ല്യോ?
ചുററിണതു ചെക്കല്ല്യോ?

ചെക്കെങ്കിലാട്ടല്ല്യോ?
ആടിണതു പാമ്പല്ല്യോ?

പാമ്പെങ്കിലെരയ്ക്കുല്ല്യോ?
എരക്കിണതു കടലല്ല്യോ?

കടലെങ്കിൽ മിന്നൂല്ല്യോ?
മിന്നിണതു വാളല്ല്യോ?

വാളെങ്കിൽ വെട്ടൂല്ല്യോ?
വെട്ടിണതു പോത്തല്ല്യോ?

പോത്തെങ്കിൽ കെട്ടൂല്ല്യോ?
കെട്ടിണതു പെണ്ണല്ല്യോ?

പഴയ പാട്ടു്

## 30. വഞ്ചിപ്പാട്ടു്

1

ആയിരങ്കാവിലെപ്പൂരം കാണുവാ-
നാരെല്ലാവരും പോകുന്നോ?

അറക്കലയ്യനും പുളിക്കൽച്ചക്കിയും
പെരുക്കാലൻ കുഞ്ചനമരത്തു്.

പെരുക്കാലനെന്നു പറയാതെ പെണ്ണേ
പെരുക്കാലൻ നല്ല പണക്കാരൻ.

2

കറുത്ത പെണ്ണേ നിന്നെക്കാണാഞ്ഞതിനാലൊരുനാൾ
വരുത്തപ്പെട്ട ഞാനൊരു വണ്ടായ്ച്ചമഞ്ഞേനെടീ;

വണ്ടായ്ച്ചമഞ്ഞു ഞാനൊരു പള്ളിവാതില്ക്കൽച്ചെല്ലുമ്പോൾ
പൂമാലപ്പെണ്ണെന്നെയൊരു പൂകൊണ്ടെറിഞ്ഞിതെടീ.

3

ച്ചുള്ളിച്ചെറിയ പെണ്ണേ നിൻെറ ആങ്ങളമാരെങ്ങു പോയി?
ചൂരൽ വലിക്കുവാനായ് ചൂരൽക്കാട്ടിൽപ്പോയല്ലോ.

ചൂരലുമെന്തിനായീ ച്ചുള്ളിച്ചെറിയ പെണ്ണേ?
ചൂരലു വേണമല്ലോ കട്ടിൽ വരിഞ്ഞു കെട്ടാൻ.

കട്ടിലുമെന്തിനായിച്ചുള്ളിച്ചെറിയ പെണ്ണേ?
കട്ടിലു വേണമല്ലോ മങ്കമാർക്കു ചമഞ്ഞിരിപ്പാൻ.

പഴയ പാട്ടു്

## 31. ഉത്തമേ നീ കതകാണി തുറന്നീടേണം

(അമ്മാവിപ്പാട്ട്)

കണ്ണെഴുതിക്കുറിയിട്ടു കണ്ണാടി നോക്കിക്കുറ തീർത്തു
കണ്ഠയുഗ്മം കാതിലയുമണിഞ്ഞു നന്നായ്

പുരികുഴൽ വിടർത്താശു വിരവിൽ കെട്ടിയ നേരം
പരിമളമിയലും പൂമാലകൾ ചൂടി

ഉൾക്കഴുത്തങ്ങതു കെട്ടി കൊക്കിറുക്കിയതും കെട്ടി
വെക്കമേ താലികൾ മാലയൊക്കയും കെട്ടി

തരിവള പിരിവള ചക്കമുള്ളനൊഴുക്കനും
തോൾവളകൾ വളകളും കടകങ്ങളും

വിരൽ പത്തും നിരക്കവേ വിരൽമോതിരവുമിട്ടു
പരിചിൽ പട്ടുചേല ഞൊറിഞ്ഞുടുത്തും

പൊന്നരഞ്ഞാണതുമിട്ടു ചന്ദനച്ചാറതും തേച്ചു
പിന്നെയങ്ങു രസം ചേരും വെററില തിന്നു.

അപ്പമെല്ലാമെടുപ്പിച്ചങ്ങാളിമാരും താനുമായി
ആർത്തുവിളിച്ചുള്ള വാദ്യഘോഷവുമായി

ദീപമെല്ലാം തെളിപ്പിച്ചും തീവെട്ടികൾ പിടിപ്പിച്ചും
പൊൻവിളക്കും തളികയുമായെതിരേററു്

അകമ്പടി ഘോഷം കൂട്ടീട്ടിമ്പമോടമ്മാവിതാനും
വമ്പോടു ചെന്നകം പുക്കു മന്ദിരം തന്നിൽ

മങ്കയാളങ്ങിരിക്കുന്ന മണിയറത്തളം തന്നിൽ.
വെൺമയോടമ്മാവിതാനും ചെന്നു മോദേന

ചിത്രമായ കവാടത്തിൽ കരം വച്ചു വിളിക്കുന്നു
ഉത്തമേ നീ കതകാണി തുറന്നീടേണം

വാതിൽതുറപ്പാട്ടു്

## 32. ചോദ്യപ്പാട്ടു്

വലങ്കൈയ്യിൽ വിളക്കുണ്ടോ? മധുപ്പൂമാലയുമുണ്ടോ?
മധുവുണ്മാൻ വരുന്ന കാർവരിവണ്ടുണ്ടോ?

കനകവെള്ളരിയുണ്ടോ കനവെള്ളിത്തളികയിൽ
കണി കാൺമാൻ നിറമുള്ള മണിക്കുന്നുണ്ടോ?

തുളസിമാലകളുണ്ടോ സുരഗംഗാജലമുണ്ടോ
സുരലോകം ധരിക്കും താമരപ്പൂവുണ്ടോ?

കലമ്പന്മാലകളുണ്ടോ ചിലമ്പും ചാർത്തുകളുണ്ടോ
പറഞ്ഞ പദാർത്ഥങ്ങൾ കൊണ്ടുവന്നു വിളിച്ചാലും
ഇക്കതവു തുറക്കയില്ലറിവിൻ നിങ്ങൾ.

വാതിൽതുറപ്പാട്ടു്

## 33. പൂട്ടുപാട്ടു്

പത്തരമാററുള്ള തങ്കം ചേർന്ന പുത്തൻ പൊന്നുകൊണ്ടു
തീർത്തു മെത്താവിലെത്തട്ടാൻ പണിതു തന്ന

താഴുകൊണ്ടു പൂട്ടി ഞാനും ഇതിനുടെ
മെച്ചമേറുന്നൊരു താക്കോലഴകിനോടെ.

മാനമതിൽ പറക്കുന്ന കാകനുടെ കാലുതന്നിൽ
ദീനമെന്യേ കോർത്തുവിട്ടു, പറന്നു കാകൻ

അംബരാന്തേ പറക്കുമ്പോൾ ചെമ്പരുന്തങ്ങു റാഞ്ചീട്ടു്
അംബരത്തിൽനിന്നു താക്കോലംബുധൗ പോയി.

അംബുധിയിൽ വീണ താക്കോലംബുജാരിവരനായ
നല്ല ചെമ്മീനെടുത്തങ്ങു വിഴുങ്ങിയല്ലോ.

അംബുജാക്ഷിമണിമാരേ! ശംബരാരി വസിക്കുന്ന
ആരപൂങ്കാമണിവാതൽ തുറപ്പാനായി

മാനമോടു മുതിർന്നാലും ഞാനിതാ ചൊന്നപോലിപ്പോൾ
മാനിനിമാർമണിയറ പൂട്ടിനാരല്ലോ?

കാതരനേർമിഴിയാളാം കാമിനിയും കണവനും
കാമലീലാരസം തേടി വസിച്ചീടുന്നു.

കോമളമാർമണിയറ പൂട്ടിയ താഴിതാ ഞങ്ങൾ
കാലമെന്യേ കരുതാതെ തുറപ്പാനായി

വെക്കമിപ്പോൾ കടൽതൻെറ നേക്കരയിൽ വസിക്കുന്ന
മുക്കുവരെ വരുത്തിയക്കടലു തന്നിൽ

വേഗമോടെ വല വീശിച്ചാവലയിലകപ്പെട്ടു
ഭാഗധേയമായിക്കൊണ്ടു താക്കോൽ വിഴുങ്ങിയ

ചാരുതരമായ ചെമ്മീനായതിനെക്കരക്കേററി
ചാരുവായൊരുളിക്കൊണ്ടു വയറു കീറി

സ്വർണ്ണവും തങ്കവും കൂട്ടി തീർത്ത താക്കോലിങ്ങെടുത്തു
ഭംഗി ചേരാഞ്ഞതു മാറി പണി ചെയ്യിപ്പാൻ

ചീനമായൊരിരിമ്പതിൽ കൊണ്ടുചെന്നു വഴിപോലെ
മേനിയൊന്നു വരുത്തിച്ചു കൊണ്ടുവന്നിപ്പോൾ

ഹാനികൂടാതുള്ള താക്കോൽകൊണ്ടു നിങ്ങൾ പൂട്ടിയൊരു
കാഞ്ചനത്താഴിതാ ഞങ്ങൾ തുറന്നീടുന്നോം.

വാതിൽതുറപ്പാട്ടു്

## 34. മാവേലിയുടെ കാലം

മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ

ആമോദത്തോടേ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ല താനും.

ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല.

കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം.

വെള്ളിക്കോലാദികൾ നാഴികള-
മെല്ലാം കണക്കുകൾ തുല്യമായി.

കള്ളപ്പറയും ചെറു നാഴിയും
കള്ളത്തരങ്ങൾ മറെറാന്നുമില്ല.

പഴയ പാട്ടു്

## 35. രാസക്രീഡ

(ബ്രാഹ്മണിപ്പാട്ടു്)

1

തേന്മാവിന്മേലാമ്മാറൊക്കെ
കൂടിയിരുന്നു കോകിലകോമള-
വാണികൾ നിരവേ പഞ്ചമരാഗം
മഞ്ജുളഗീതം പാടിപ്പാടി-
പ്പഞ്ചായുധനൊരു പടവിളിപോലെ
നിഖിലദിഗന്തേ പേടകൾ മുഴങ്ങിത്തുടങ്ങിയല്ലോ.

2

ചെമ്പകവിടപികൾ കമ്പുകൾ തോറും
മൊട്ടുകൾ കണ്ടാൽ വനദേവതമാർ
വനമാലിയുടെ വരവും പാർത്തു
നിബദ്ധാഭോഗം തങ്ങൾ നിരത്തിയ
ദീപാവലിയെന്നേ തോന്നുമല്ലോ.

3

കാറേററവിളകിന തരുനിര കണ്ടാൽ
പുതിയലതാ മധുവാണികളപ്പോൾ
മാധവനെക്കണ്ടിവിടെ എഴുന്ന–
ള്ളേണം, എന്ന ഫലം നൽകേണം,
ഞങ്ങൾക്കെന്നൊരു മോദാലേ കൈ–
കാട്ടിവിളിക്കുന്നെന്നേ തോന്നൂ.

4

തരുനിരതന്മേലുപരി വിളങ്ങിന
കുസുമങ്ങളുടെ വിഭവം കണ്ടാൽ
സുന്ദരനായൊരു നന്ദാത്മജനും
താനും കൂടി ഗോപാംഗനമാർ
വരവിനു മുമ്പേ സുഖമൊടിരിപ്പാ–
നുപവനലക്ഷ്മീവിരചിതമായൊരു
മേലാപ്പെന്നേ തോന്നുവല്ലോ.

5

ഗഗനാങ്കണഭുവി കലകൾ തികഞ്ഞോ–
രണിമതി കണ്ടാൽ ചാതുരിയേണ
ചരൽക്കാലം താൻ പൊൽപ്പൂമാതിൻ–
കാന്തനെയിപ്പോൾ സേവിപ്പാനു
ണ്ടവസരമെന്നിട്ടഴകിൽ നിവത്തിയ
വെൺകൊററക്കുടയെന്നേ തോന്നൂ.

പഴയ പാട്ടു്

## 36. താ തിനന്ത താ തിനന്ത

1

താ തിനന്ത—താ തിനന്ത
താതിനന്തെ—തെയ്താരോ
ആരിക്കു വെട്ടാമിതാരിക്കു വെട്ടാം
കാളിനീലികരിമ്പന
തെക്കുംകുററി–
യുകമ്പടിമാരിക്കു

വെട്ടാം
കുത്താം
ആടാം
ക്കൂടാം
കയ്യിലെടുക്കാം
കൊണ്ടുനടക്കാം
കാളിനീലികരിമ്പന.

2

ആലിയാലി മണപ്പൊറത്തൊരു
മത്തേം തയ്യും തയ്യോണ്ടേ!
മത്ത പൂത്തതും
കാ പിടിച്ചതും
കറിക്കരിഞ്ഞതും
കൂട്ടാം വച്ചതും
നെയ്യിപ്പൊരിച്ചതും
നെയ്യപ്പ നോക്ക്യതും
നീയറിഞ്ഞോടീ
കറുത്ത വീട്ടിലെ
കറുത്ത പെണ്ണേ
കുഞ്ഞാളി—താതിനന്തൈതെ.

3

ആലിയാലി മണപ്പുറത്തോ—
രാന നിന്നു കളിക്കിണേ.
ആലിയാലി മണപ്പുറത്തേ
യാററിറമ്പേ പോകുമ്പം
ചെമ്മീനെക്കണ്ടു
കരിമീനെക്കണ്ടു
മേമട കെട്ടി
താമട കെട്ടി
അക്കുളി തേകി
ഇക്കുളി തേകി
അക്കയ്യി മീംപിടി—
ച്ചിക്കയ്യി മീംപിടി—
ച്ചാണച്ചൻ
വന്നെന്നെ
മാല വെച്ചു
ഇനി നിനക്കു വല്ലോം കേക്കണ—
മോട ചക്കരമന്നാ ചീരാമ.
........ഹൊയ്—താതിനന്തൈതെ........

കച്ചി ചെത്തുമ്പോൾ പാടുന്ന പാട്ടു

## 37. അന്തിപ്പാട്ടു്

നേരം പോയ് നേരം പോയ് പൂക്കൈത മറ പററി
കുന്നാം കോഴി കുളക്കോഴി തത്തിത്തത്തി ചാടുന്നേ
നേരം പോയ നേരത്തും കൊല്ലാക്കൊല
കൊല്ലണയോ? (നേരം പോയ്

അരമുറിക്കരിക്കും തന്നു കൊല്ലാക്കൊല കൊല്ലണയോ?
അരത്തൊണ്ടു കള്ളും തന്നു കൊല്ലാക്കൊല കൊല്ലണയോ?

ഞാൻ പോയ നേരത്തേ, ഈടില്ല, മൂടില്ല;
ഞാനവിടെച്ചെന്നേപ്പിന്നെ വെട്ടാക്കുളം വെട്ടിച്ചു.
ഞാനവിടെച്ചെന്നേപ്പിന്നെ കെട്ടാപ്പുര കെട്ടിച്ചു.
(നേരം പോയ്

പഴയ പാട്ടു്

## 38. കുറത്തിപ്പാട്ടു്

അഖിലഗീർവാണതരുണിമാർക്കുപ്പു
മചലനന്ദിനി ബാലേ
നിഖിലവും നിന്നാൽ വിദിതമെങ്കിലും
നിയതം കേൾക്ക സുശീലേ

മഹിളമാർമണി വലമഥനൻെറ
മകനു ചെന്നിഹ പോലെ
മടിയുണ്ടായിട്ടല്ലരുളുവാൻ വരം
മനസി മംഗലശീലേ.

അല്പമാനുഷനല്ല പാർത്ഥ
നനല്പധൈര്യപയോധി
ഉല്പലാക്ഷി ധരിക്കവനുള്ളി–
ലല്പവുമില്ലൊരാധി.

കരബലമുള്ള പുരുഷരിൽ സുര–
വരസുതനൊടു തുല്യൻ
കരുതുക പാരിലൊരുവനില്ലിതു
കരുതി വേണ്ടാക്കും ശല്യം.

ഒരു പുരുഷനു വരവേണ്ടും ഗുണ–
മഖിലവും പാർത്തുകാൺക
വരതനുമണേ! കരുതു പാർത്ഥനിൽ
മരുവുന്നായതുമൂലം.

കുട്ടിക്കുഞ്ഞുതങ്കച്ചി.　　കിരാതം കുറത്തിപ്പാട്ടു്.

## 39. ഏലേലോ

ബ്രഹ്മരഥം—ഏലേലോ ഏല ഏലോ
പഞ്ചഭൂതപ്പലക കപ്പലായ് ചേർത്തു

സഞ്ചിതകാമരൂപപ്പാമരം നാട്ടി
നെഞ്ചം മനോബുദ്ധി ഞാനെന്ന ഭാവം

മാനാഭിമാനം കയറാക്കിക്കൊണ്ടു്
പഞ്ചാക്ഷരത്തിനെച്ചരക്കാക്കി കേററി

പഞ്ചേന്ദ്രിയങ്ങളിൽ ചുക്കാൻ നിറുത്തി
നെഞ്ചക്കരുത്തിനാൽ ചീനപ്പാ തൂക്കി

ശിവനുടയ തൃപ്പാദം ചിന്തയിലേന്തി—
നിമ്മലാനന്തവാരിധി താണ്ടി—
യഖണ്ഡരഥം പോകുന്നിതാ ഏലേലോ ഏലയേലോ

കപ്പൽപ്പാട്ടു്

## 40. ഓട്ടം മൃഗങ്ങളെത്തേടി

ഓട്ടം മൃഗങ്ങളെത്തേടി നരപതി
കാടകംപുക്കൊരു നേരത്തിങ്കൽ

പേടിച്ചൊരു മൃഗം ചാടിക്കുതിച്ചോടി
കൂടെ നൃപതിയും കൂടി പിമ്പേ

മണ്ടുന്ന മാനിനെക്കണ്ടുകണ്ടന്തികേ
കുണ്ഠത കൈവിട്ടടുത്തു നേരേ

തേരതിവേഗത്തിൽ പാരാതെയോടിച്ചു
ദൂരത്തൊരുദിക്കിൽച്ചെന്നുചാടി

സേനയും കൂടാതെ താനേ ഹിമവാൻെറ
സാനുപ്രദേശം പ്രവേശിച്ചപ്പോൾ

കണ്വമുനിയുടെ പുണ്യാശ്രമസ്ഥലം
കണ്ണിന്നു കൗതുകമുണ്ടാം കണ്ടാൽ

മാലിനിയാം നദീതീരേ മനോഹര
മൂലഫലകുസുമാദിപൂണ്ണം

നാലുവേദങ്ങളുമാറുശാസ്ത്രങ്ങളും
നാലുപായങ്ങളുപവേദങ്ങൾ

എല്ലാം ഗ്രഹിച്ചൊരു നല്ല മുനിജനം
കല്യാണമോടേ വസിക്കും ദേശേ

ഹോമധൂമങ്ങളും സാമഗാനങ്ങളും
നാമസങ്കീർത്തനഭേദങ്ങളും

ശീലഗുണമതിശാലികളാമൃഷി–
ബാലകന്മാരുടെ ലീലകളും

കണ്ടുകണ്ടാനന്ദം പൂണ്ടു മഹീപതി
കൊണ്ടാടിയാശ്രമം തന്നിൽ പുക്കു.

പർണ്ണശാലയ്ക്കുള്ളിൽ ചെന്നുകടന്നവൻ
നിന്നപ്പോളാരെയും കാണായ്കയാൽ

ആരുള്ളിലിപ്പർണ്ണശാലയിലെന്നതി
ഗൗരവത്തോടവൻ ചോദിച്ചപ്പോൾ

ലക്ഷണയുക്തമാം വാക്കുകൾ കേട്ടടൻ
ലക്ഷ്മീസമാനമാം രൂപത്തോടെ

മിന്നൽക്കൊടിപോലെ മിന്നുന്ന കന്യകാ–
തന്വംഗിതാനുമവിടെച്ചെന്നു

മന്നവനെക്കണ്ടു മന്ദാക്ഷമുൾക്കൊണ്ടു
മന്ദേതരമവൾ സൽക്കരിച്ചു.

മച്ചാട്ടു് ഇളയതു്  ശകുന്തളാവാക്യം—കൈകൊട്ടിക്കളിപ്പാട്ടു്

## 41. ഒരു നർമ്മഗാനം

വനവാസകാലത്തൊരിക്കൽ സീതാദേവി ശ്രീരാമചന്ദ്രൻെറ കണ ങ്കാൽ തിരുമ്മിക്കൊണ്ടിരിക്കുമ്പോൾ അവർതമ്മിലുണ്ടായ ഒരു നർമ്മാ ലാപം.

1

ഏകദാ–രാമചന്ദ്രസ്യ തൃപ്പാദയോ–
ർമ്മന്ദമന്ദം–തലോടീടിനാൾ വൈദേഹി–തെയ്
തിത്തെയ്–തിത്തക–തക തെയ്
അപ്പൊഴുതി–പ്പാദം മൽ–പാണിഗ്രഹണാർത്ഥം വരു–
മപ്പോൾ–തൊട്ടപ്പാറയിൽ–നിന്നുണ്ടാ–യൊരു കൺമണി–
തെയ്–തി ത്തെയ്

2

ഇത്ഥം ഭയ–മത്തരുണീ–ചിത്തേ–മെത്തീടുകയാൽ
പൊൽത്താരടി–യിണയെത്താ–തിത്തിരി–ദൂരത്തായ്–

രത്നാംഗുലീയം—വച്ച മുന്നേപ്പോലെ—
പത്നിയാം സീത—വീണ്ടും—തലോടീടവേ—തെയ്

3

കണ്ടാനതു—തണ്ടാർശര—നിണ്ടൽ കുണ്ടിൽ പണ്ടേ—
കണ്ടാൽ—മിണ്ടാമണ്ടും—വണ്ടും തെണ്ടും രാമൻ—തെയ്........

4

കള്ളും കള്ളൻ—തൻ തിരുവുള്ളേ കുടികൊണ്ടിട്ടതു
തുള്ളിത്തുള്ളി—ചെറുചിരി—പുള്ളിപ്പെ—ട്ടെള്ളോളം—തെയ്........

5

ചെന്താമരലോചനയുടെ—ചിന്താമാർഗ്ഗം—ചിന്തി—
ച്ചന്തേ ചന്തം ചിന്തും—കാന്തേ! എന്തീവിധം—തെയ്........

6

തെല്ലും സംശയമില്ല—ചൊല്ലാം നല്ലാർ ജനമണി—
യെല്ലാമുല്ലാസത്തൊടു—വല്ലഭനോടല്ലോയിതു—തെയ്........

7

എങ്കിലുമ—പ്പങ്കജമുഖി—ശങ്കവിനാ—നിൻകഴലിനു
സങ്കടമിതി—ശങ്കയോടേ........ശങ്കരനാ—ണെൻ കണവാ—
തെയ്........

8

വഞ്ചനമിതു—ചഞ്ചലമിഴി—കൊഞ്ചുകയോ—പിഞ്ചുമന—
ശ്ചാഞ്ചല്യം—തഞ്ചുകയോ നെഞ്ചക—നിശ്ചഞ്ചലമോ—തെയ്....

അജ്ഞാതനാമാ

## 42. പ്രേമതപസ്സ്

(മംഗല്യകീർത്തനം)

1

തരമൊത്തീടിന സഖിമാരും താനും
ചെറു മരങ്ങളും ലതയെല്ലാം
തരമേ വെട്ടിച്ചേർത്തുടജമന്ദിരം
ചരതമായ് തീർത്തിതരശംഭോ.

2

തുളസീ കുവളമെരിക്കും കൊന്നയും
ഫലമൂലങ്ങൾ നല്ലവയെല്ലാം
വളരെ നട്ടവൻ വളമിട്ടൊക്കവേ
വളർത്തുണ്ടാക്കിനാൾ ഹരശംഭോ.

3
ചുരുണ്ടുനീണ്ടിരുണ്ടലർമാലാമണം
പെരുകും പൂങ്കുഴൽ പിരിച്ചുടൻ
പരിചിൽ തീർത്തൊരു ജടകൊണ്ടീശ്വരി
പെരികെ ശോഭിച്ചാൾ ഹരശംഭോ.

4
തരളം കോമപ്പട്ടുകലെ വീഴ്ത്തുടൻ
തിരുവര തന്നിലഴകോടേ
പരുഷംവൽക്കലമെടുത്തു ചാർത്തീട്ടു
പെരികെ ശോഭിച്ചാൾ ഹരശംഭോ.

5
കനിവൊടോമനിച്ചഗരാജൻ മുമ്പി-
ലണിയിച്ചുള്ള പൊന്നരഞ്ഞാണം
അകലെക്കൈവെടിഞ്ഞുടനേ പുല്ലുകൊ-
ണ്ടണിഞ്ഞാൾ മേഖല ഹരശംഭോ.

6
കുളുർമുലമൊട്ടിലിഴകീടുന്നൊരു
കളഭം മാച്ചുണ്ടു മടിയാതെ
വെള്ളവെള്ളത്തൊരു ഭസിതം കൊണ്ടുടൻ
മുഴുവൻ പൂശിനാൾ ഹരശംഭോ.

7
പലകാലമാസമുപവാസം ചെയ്തു
ഫലമൂലാദികളശിക്കയും
കുളിയും മൂന്നുടെ ജപവും ഹോമവും
കുറയാതേ ചെയ്താൾ ഹരശംഭോ.

8
വരിഷകാലത്തു കഴുത്തോളം നീററിൽ
ശിശിരകാലത്തു പനിനീററിൽ
പെരിയ വേനൽക്കു വെയിലത്തുനിന്നും
തപം ചെയ്തീടിനാൾ ഹരശംഭോ.

പാർവതീപരിണയം

## 43. കോഴിയങ്കം

മലയാളത്തിലേ നാടോടിസാഹിത്യത്തിൽ സർവപ്രധാനമാണു് വടക്കൻപാട്ടുകൾ എന്നറിയപ്പെടുന്ന മലബാറിലേ പാട്ടുകൾ. ജനകീയ ഗാനങ്ങൾ എന്ന നിലയ്ക്കു് അവ സവിശേഷശ്രദ്ധ അർഹിക്കുന്നു. അന്നത്തേ സാമൂഹികജീവിതത്തിൻെറ എല്ലാ വശങ്ങളും ഈ പാട്ടുകളിൽ തെളിഞ്ഞു കാണാം. ലളിതമനോഹരമായ ശുദ്ധമലയാളശൈലിയാണു് ഈ പാട്ടു

കളിൽ കാണുന്നതു്. തച്ചോള്ളിൽ ഒതേനനെപ്പററിയും പുത്തൂരംവീട്ടിലേ ചേകോരേപ്പററിയും ഉള്ള പാട്ടുകാം വടക്കൻപാട്ടുകളുടെ കൂട്ടത്തിൽ പ്രത്യേകം ശ്രദ്ധ അഹ്ഹിയ്ക്കുന്നു. പുത്തൂരംവീട്ടിലേ ചേകോർ പുത്തരിയങ്കത്തിനു പോയപ്പോഠം അരിങ്ങോടരുമായി ആളങ്കം വെട്ടുന്നതിന്നുമുമ്പു കോഴിയങ്കം നടത്തുന്ന ഭാഗമാണു് ഇവിടെ ഉദ്ധരിക്കുന്നതു്.

ആളങ്കോ കോഴിയങ്കോ മുമ്പിൽ വേണ്ടൂ?
അതുതാനേ കേഠക്കുന്നരിങ്ങോടരും

കോഴിയങ്കം മുമ്പിൽ പിടിക്കവേണം
അപ്പോഠം പറയുന്നതാരോമരും.

മുൻകോല്യം മുമ്പുമീ നിങ്ങഠക്കല്ലോ
നിങ്ങടെ കോഴിയെ പറപ്പിക്കേണം

അതുതാനേ കേഠക്കുന്നിതരിങ്ങോടരും
കോഴിയങ്കം മുമ്പിൽ പിടിക്കവേണം.

കോലോത്തിരി നാട്ടിലെ അരക്കൻ പുള്ളി
കോഴിയെ ചെന്നങ്ങെടുത്തുകൊണ്ടു

മാറത്തടക്കിപ്പിടിച്ചവനും
മൊഴിയും പറഞ്ഞു പറപ്പിക്കുന്നു.

കോഴി പറന്നങ്ങു തട്ട കേറി
കൂവിത്തുടങ്ങുന്നരക്കൻ പുള്ളി

അതുതാനേ കണ്ടൊരു ആരോമരും
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ടു്.

കോഴിയെ നിങ്ങഠം കരുതീട്ടുണ്ടോ?
കോഴിയെ ഞങ്ങഠം കരുതീട്ടില്ല.

അപ്പോഠം പറയുന്നിതാരോമരും
എൻറച്ഛനായിട്ടുമങ്കംവെട്ടി.

കോഴിയെക്കൊണ്ടച്ഛൻ പോയിട്ടില്ല.
ഒന്നുണ്ടു കേഠക്കണം വാഴുന്നോരേ

കോഴിമുട്ട ഒന്നു വരുത്തവേണം
നീളത്തിൽ കൂടിയ മുട്ട വേണം.

വേഗത്തിൽ കൊണ്ടുക്കൊടുത്തവരും
ഒന്നുണ്ടു കേഠക്കണം മാലോകരേ

എൻറച്ഛനായിട്ടുമങ്കം വെട്ടി
കോഴിയെക്കൊണ്ടച്ഛൻ പോയിട്ടില്ല.

കോഴിച്ചമയങ്ങൾ കേട്ടുകൊൾവിൻ
കൊക്കിനു രണ്ടിനും കൊക്കരിയും

മാതാട രണ്ടിനും തങ്കപ്പൂവേ
ചിറകിനു രണ്ടിനും മിന്നും പൂവേ.

കാലിനു രണ്ടിനും വെള്ളിയുറ
കോഴിച്ചമയങ്ങൾ കേൾപ്പിച്ചിട്ട്

മാറത്തടക്കിപ്പിടിച്ചുകൊണ്ട്
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ട്.

അമ്മാവൻതന്റെ മനസ്സുണ്ടെങ്കിൽ
വിധിപോലെ വന്നു പുലർന്നുകോട്ടേ.

എന്നു പറഞ്ഞങ്ങു തീരും മുമ്പേ
കോഴിമുട്ട രണ്ടായി വീണിതല്ലോ.

മൊഴിയും പറഞ്ഞു പറപ്പിക്കുന്നോൻ
കോഴി പറന്നങ്ങു തട്ടു കേറി.

കൂവിത്തെളിയുന്നു പാലൻ ചിങ്ങൻ
അതുതാനേ കാണുന്നരക്കൻ പുള്ളി.

പറന്നങ്ങുചെല്ലുന്നരക്കൻ പുള്ളി
അങ്കം പിടിക്കുന്നു കോഴി രണ്ടും.

വാൽത്താരി കോൽത്താരി കൊത്തുന്നുണ്ടേ
അങ്കപ്പരപ്പവും പാഞ്ഞു കൊത്തി.

വാടി മഴങ്ങുന്നു പാലൻ ചിങ്ങൻ
അതുതാനേ കണ്ടൊരു ആരോമരും

നെഞ്ഞത്തു കൈയ്‌വച്ചു നിന്നിതല്ലോ
അയ്യോ! .വലഞ്ഞല്ലോ അച്ഛാ! ഇപ്പോൾ.

കോഴിയങ്കത്തിൽ ഞാൻ ജയിച്ചില്ലെങ്കിൽ
ആളങ്കം ഞാനും ജയിക്കയില്ലാ.

എന്നു മനസ്സിൽ നിനന്നവനും
കുക്കുടമന്ത്രവും ധ്യാനിക്കുന്നു.

ധ്യാനം ഫലിച്ചല്ലോ കോഴിയപ്പോൾ
അങ്കം പിടിക്കുന്നു കോഴി രണ്ടും.

ഇടമാററം മാറീട്ടു കൊത്തുന്നുണ്ടേ
ശിരസിൽ കയറീട്ടു കൊത്തി ചിങ്ങൻ.

വാടി മഴങ്ങുന്നരക്കൻ പുള്ളി
അതുതാനേ കാണുന്ന പാലൻ ചിങ്ങൻ.

കൊത്തിക്കുടൽമാല വലിച്ചെടുത്തു
ചത്തങ്ങു വീഴുന്നരക്കൻ പുള്ളി.

അതുതാനേ കാണുന്ന മഹാജനങ്ങൾ
കഷ്ടം കലിയുഗം! എന്നു ചൊല്ലി.

പുത്തരിയങ്കം—വടക്കൻപാട്ട്

## 44. മാതൃവിലാപം

വടക്കൻപാട്ടുകളെപ്പോലെതന്നെ പ്രാധാന്യം ഉള്ളവയാണ് തെക്കൻ പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്ന തെക്കൻ തിരുവിതാംകൂറിലേ പാട്ടുകൾ. തമിഴ്നാട്ടിനോടു തൊട്ടുകിടക്കുന്ന ഈ ഭാഗങ്ങളിലേ നാടോടി സാഹിത്യത്തിൽ തമിഴ്പ്രയോഗങ്ങൾ കലന്നിരിയ്ക്കുന്നതു് സ്വാഭാവികമാണല്ലോ. തെക്കൻപാട്ടുകളിൽ ഏററവും പ്രധാനപ്പെട്ടതാണ് ഇരവിക്കുട്ടിപ്പിള്ളപ്പാട്ട്. കൊ. വ. 810–ാമാണ്ടു (ഏ. ഡി. 1635) മധുരനായക്കൻെറ പട തിരുവിതാംകൂർ ആക്രമിച്ചപ്പോൾ തിരുവിതാംകൂറിലേ പ്രധാനമന്ത്രിയും സർവ്വസൈന്യാധിപനുമായിരുന്ന ഇരവിക്കുട്ടിപ്പിള്ള ശത്രുക്കളോടു നേരിട്ട് ആത്മബലികൊണ്ടു തൻെറ രാജ്യത്തിനു് വിജയശ്രീ നേടിക്കൊടുത്തു. ആ വീരപുത്രൻെറ ചരമത്തിൽ അദ്ദേഹത്തിൻെറ മാതാവിൻെറ വിലാപമാണ് ഹൃദയഭേദകമായരീതിയിൽ ഈ ഗാനത്തിൽ കേൾക്കുന്നതു്.

ആറുവനോ ആറുവനോ നാൻ അതുങ്കടലിൽ വീഴുമളവും?
തേറുവനോ എന്നിരവീ എൻ തീവിനകളെന്നാറും?

പൂവിട്ട ഉറുമാലും പൊന്നിട്ട കച്ചകളും ഇനി നാനും കാണുവനോ?
തേയ്പിറപോൽ നെററിയും ഉൻ തിരുപുരുകിൻ വടിവഴകും

ചെമ്പൻ മണിമുടിയഴകും ഉൻ തിലർവടി പൊട്ടഴകും
പെയ്യ വ്വേന്തൻ ഒളിവതുപോൽ വന്നുമുററ കഴുത്തതിലേ

വൈരമണിമാലകളും മാർവിലിട്ട ചന്ദനവും
വരിക്കുറിയും പൊട്ടഴകും കയ്യിലിട്ട മുറുക്കുവളൈ

കയ്യിൽ വീരചങ്കലയും ഒററപ്പാരുമുറിയും
ഉല്ലാസ്ക്കച്ചകെട്ടും എന്നിരവീ കാണേനേ.

ഉൻമുന്നേ മന്തിരിമാർ എല്ലോരും താൻ കൂടി
വന്നമുററ ഇലങ്കമതിൽ വന്തു തൊഴിൽ ചെയ്യല്ലിയോ?

കനമാന വടിവഴകൻ എന്നിരവീ നീ കച്ചകെട്ടി എണ്ണയിട്ട്
കച്ചകെട്ടി എണ്ണയിട്ടു കരുവുടവാൾ തൊഴുതെടുത്തു

ഇച്ചയുടൻ പരിചയുമായ് ഇലങ്കമതിൽ ഉൾപ്പുകുന്തു്
വാങ്കി മെല്ലെ തട്ടുത്തുവെട്ടം വാത്താരം കേളേനേ.

എണ്ണയിട്ടു കച്ചകെട്ടി ഇലങ്കമതിൽ പോമ്പൊഴുതു
ഉൻവന്ന ചാമരങ്കളും വടിവഴകും കാണേനേ

കാണേനേ ഉന്നുടയ കട്ടഴകും ഒററലയും
പൂത്താന മാർവഴകാ നീ പോക്കളത്തിൽ മടിന്തായോ?

നേശമുള്ള പോർവഴകാ നീയിറന്ത പോതേ നാൻ
വാശമില്ലാ പൂവാനേ മണ്ണിഴന്ത മരമാനേ

ഞാണിഴന്ത വില്ലാനേ ഇണ വിഴന്ത പ്രാവാനേ
തട്ടുപ്പരിചയുമായ് താമരപ്പൂ പൊന്തിയുമായ്

വെട്ടിവിളയാട ഉനക്കു വീതി ഇടം പോന്തില്ലയോ?
പട്ടുകച്ചെ കെട്ടി എന്നിരവി പടസ്സു പോംപഴുതു്

എട്ടുവീട്ടു നായന്മാർ എഴുന്നഴത്തെമ്പോരെല്ലാരും
പരിശൈ കഴററി വൈത്തു വിവരമായ് തൊഴുതെട്ടുത്തു്

ഇലങ്കം അടൈത്തു നീ ഇത്തുരം പോനതെന്നാ?
വിൽപിടിത്ത കൈയിൽ ഇച്ചറട്ടം അമ്പു കെട്ടുമായ്

കററതൊഴിൽ ചെയ്യില്ലയോ കയ്യിലുടവാളില്ലയോ?
കൈ പിടിത്ത മങ്കയരേ എന്നിരവി കലന്തുവര കാണേനേ

പൂചൈപുരതന്നിലേ എന്നിരവി പോകവര കാണേനേ
എല്ലാ രാച്ചിയത്തും ഇല ഉതിര കാററടിക്കും

എന്നുടയ ഏകാന്തമണ്ടലത്തിൽ വഞ്ചനകൾ ചെയ്യാരോ
ആനൈ ഇതു ആനൈ അഴകുള്ള പോരാനൈ

വീര്യമുള്ള പോരാനൈ എന്നിരവി വിഴന്തട്ടുത്തു ചരിന്തായോ?
വില്ലെച്ചരട്ടമിട്ടു മേവിയതോർ തങ്കപ്പിടിയുമായ്

ഒള്ളിയ ചെറുക്കനമായ്‌വരും പകനി കാണേനേ
വെള്ളിക്കരണ്ടകവും എന്നിരവി വേകിട്ട ചുണ്ണാമ്പും

അഴകിലിളം പാക്കും കൈമാറു വെററിലയും
തീന്തിതോ എന്നിരവി ഉൻ തിരുമുടിയെ തൊട്ടാരോ

മന്നവരെ മുഖം കാട്ടി പൊന്നിരവി വരും വകനീ കാണേനേ
ഉല്ലാസമായ് എന്നിരവി ഉട്ടത്തൊരുങ്കി പോമ്പൊഴുതു

കണ്ടവർകൾ അത്തിനയും കണ്ണാശൈ കൊള്ളേരോ
മുകത്തിൽ വൈരക്കുറിയും മുകത്തിൽ നാമക്കുറിയും

കാമനിലും വടിവഴകൻ എന്നിരവി വരും പകനി കാണേനേ?
കുതിരൈ മടിന്ത ഇടം എന്നിരവി കൈയേറ മാട്ടാതോ?

തലവെട്ടവരുമ്പോതു എന്നിരവി കൈയ്യിൽ ഉടവാളില്ലയോ?
പത്തരകാളി ഉന്നൈ പഴതറവേ ചതിത്താളോ?

പാവത്തുക്കേതുവാക ലോക വഞ്ചനകൾ ചെയ്താരോ
വന്തുതോ ഇന്നും എന്നുടയ പൊൻമകനേ

കാട്ടിൽ വരുംപൊഴുതു എന്നിരവി കള്ളർ കണ്ടാൽ വിട്ടവാരോ
തേശത്തിൽ എന്നിരവി തിശൈ കുറകൾ കണ്ടേനോ

കൽക്കുളത്തിൽ മകതേവർ കാവലവർ തേരോട്ടമ്പോഴ
മന്തിരിമാരിരുപുറവും വാൾപൂട്ടി ചേവിക്കവും

ആറാന തിരുനാൾക്കു എന്നിരവി അവിണർ കഴവേർ വിനയും
ഏഴാന തിരുനാളിൽ എന്നിരവി ഇതത്ത പരിയേറുവായേ

എട്ടാന തിരുനാളിൽ എന്നിരവി എരുതുമേൽ നടന്തിട്ടമെൻ
ഒമ്പതാന തിരുനാളിൽ ഉമയുമൊരു തേരേറി

പത്താന തിരുനാളിൽ ചാമി പതിയിലെ എഴുന്തരുള
വലത്തു വൈത്തു ഇടത്തിരുക്കും വരും പകനി കാണേനേ

മന്തിരിമാരിരുപുറവും ഉൻ വാൾ പൂട്ടി സേവിക്കവും
തെന്നവനെ എന്നിരവി ചെയ്ത്തുവര കാണേനേ.

മേടയിലെ പാത്തിരുന്തു എന്നിരവി ഏങ്കി ഇരുന്തഴകിറേൻ
വയലോ ഉനക്കുറുതി വയൽ മടയോ പഞ്ചിമെത്തൈ? [കാൺ

കുളമോ ഉനക്കുറുതി കുളവരമ്പോ തക്കതലം?
ഇന്തപ്പടി ചൊല്ലിയല്ലോ ഇരവിതായാരഴുതിടവേ

ഇരവിക്കുട്ടിപ്പിള്ളപ്പോരു്

## 45. അദ്വൈതകീർത്തനം

1

നിഷ്കള നിശ്ചല നിർമ്മല നിരുപമ
നിഷ്ക്രിയ നിരഹങ്കാര നിരാശ്രയ
നിർഗ്ഗുണ നിത്യ നിരാകുലമരുളുക
നിത്യം മമ ഹൃദി നാരായണ ജയ.

2

സ്തോത്രസ്തുത്യ സ്തോത്രസ്തുതിമയ
നാഥ പരാപര നാഥ വിഭോ ജയ

ചേതോവാരിധിമദ്ധ്യേ വിലസുക
പാദാംബുജമിഹ നാരായണ ജയ.

3

നിൻമറിമായം തീരാഞ്ഞനിശം
ബ്രഹ്മാദികളുമുഴന്നീടുന്നു
സന്മയ ചിന്മയ നാഥ ജഗന്മയ
നന്മ വരുത്തുക............

4

അദ്വൈതം പുനരേകമനേകം
തത്ത്വജ്ഞാനമനന്താനന്ദം
സത്താമാത്രമശുദ്ധമബോധം
ഭക്ത്യാ വന്ദേ........

5

പ്രകൃതിവിലാസംകൊണ്ടു ജനൗഘം
വികൃതി കലർന്നു വലഞ്ഞീടുന്നു
സുകൃതികളുള്ളിലുണർന്നു വിളങ്ങിന
സുഖമയ വന്ദേ............

6

ശുദ്ധം തത്ത്വമിതറിവതിനേതും
മൂഢത്വംകൊണ്ടെളുതല്ലാ മേ
കൂടസ്ഥാനേ വിളങ്ങീടുന്നൊരു
നാഡീസ്ഥിത ഹരി............

7

കായമപായം വരുമൊരു നേരം
മായാമോഹംകൊണ്ടുഴലാതെ
നീയാകേണം ഞാനഖിലേശ്വര
മായാബോധൻ............

8

ഞാനെന്നും ബത നീയെന്നും താൻ
ജ്ഞാനവിഹീനം പറയുന്നതിനാൽ
നാനാജനപരിഹാസ്യനമായേൻ
ആനന്ദാകര...............

9

നൂറു ജനങ്ങളുമാരാഞ്ഞാർ പോ-
ലാരും കണ്ടീലൻപൊടു മുഴവൻ
ഓരോന്നേ കണ്ടവരവർ മൗഢ്യാ-
ലോരോന്നോതീനാർ............

10

തൽപദപൊരുളും ത്വൽപദപൊരുളും
വ്യൽപന്നന്മാക്കറിയരുതേതും
ത്വൽപദമോത്താലെപ്രായം ഞാൻ
കല്പിക്കേണ്ട............

11

നേദം നേദമിതെന്നു കഴിഞ്ഞി–
ട്ടേതെന്നേതുമറിഞ്ഞീടാതെ
ഓതീടുന്നൂ മുനികളുമനിശം
നാദാന്തസ്ഥിത........

12

അഞ്ചെന്നും ചിലരാറെന്നും ചില–
രഞ്ചും കേവലമില്ലെന്നും ചിലർ
അഞ്ചിന്നേകമധിഷ്ഠാനം നീ
നെഞ്ചിൽ വസിപ്പതു........

13

ആറായീടും നിലകൾ കടന്നാൽ
വേറേ പന്ത്രണ്ടാം നിലതന്നിൽ
സാധാരണയായ് നിന്നീടിന്നീ–
യാധാരപ്പൊരുൾ........

14

ഉള്ളോന്നല്ലിവയൊന്നും പാർത്താ–
ലില്ലാതൊന്നല്ലെന്നും നൂനം
ചൊല്ലാവൊന്നല്ലിതു പുനരെന്നേ
ചൊല്ലാവൂ മമ........

15

എള്ളിൽ നിറഞ്ഞെഴമെണ്ണ കണക്കേ–
യുള്ളിൽ നിറഞ്ഞ ജഗത്തു മുഴക്കേ
കള്ളമൊഴിഞ്ഞു വിളങ്ങിന നീതാ–
നുള്ളിനുണർന്നരുൾ........

16

അവ്യക്തം പരമവ്യയമമലം
സുവ്യക്തം സുഖബോധമഗാധം
നിർവ്യാപാരമപാരം പരമിദ–
മവ്യാദനിശം........

17

തത്ത്വമറിഞ്ഞുപദേശം ചെയ്യാ–
നുത്തമനായൊരു ദേശികനൊരുവൻ

എത്തീടുകിലതു നിന്തിരുവടിതാൻ
    തത്ത്വനിധേ ഹര ........

18

പശുവിനെയും കൊന്നഴകിയ കർമ്മം
    നിശി നിശിയായ് ചെയ്യുന്നൊരു പൊരുളും
പശുസമമായ് മായത്തിനു ചൊന്നോ–
    രശനാർത്ഥം ഹരി........

19

ഇരുപത്തഞ്ചോ മുപ്പത്താറോ
    കരുതീടുമ്പോൾ തൊണ്ണൂററാറോ
ഉരചെയ്യുന്നു നിന്നേക്കൊണ്ടതു
    തിരിയാ മമ ഹൃദി........

20

കർമ്മാകർമ്മവിവേകവുമോരോ
    ധർമ്മാധർമ്മവുമറിയരുതേതും
ജന്മവിനാശമെനിക്കരുളേണം
    കന്മഷനാശന........

21

സ്ഥാവരജംഗമജാതികളകമേ
    മാരിഷു ദിനകരബിംബംപോലെ
കേവലരായി വിളങ്ങിന നിന്നെ–
    ക്കാണാകേണം........

22

പ്രകൃതിയുമഴകിയ പുരുഷനുമുള്ളൊരു
    വകഭേദം പുനരില്ലന്നത്രേ
ഭഗവൻ പ്രിയജനമുരചെയ്യുന്നോ–
    രകമേ വിലസും........

23

പരമാത്മാവു പരബ്രഹ്മം ഖലു
    പരമാനന്ദമനന്തമരൂപം
ഉരചെയ്യുന്നു നിന്നെക്കൊണ്ടിതി
    തിരിയാ മമ ഹൃദി........

24

അകവും പുറവും മേലും കീഴും
    പകലും രാവും ബഹുവിധമത്രേ
ഭഗവന്മയമിദമപരം പാർത്താൽ
    അവകാശം നഹി...........

അജ്ഞാതനാമാ

## 46. അവനെൻെറ വരനായി വരുമോ?

1

ജയ ജയ ഭഗവതീ! മായേ!—ദേവി!
ജഗതി മധുരതരകായേ!
ജനനി! പരമശിവജായേ!—ഗൗരീ!
ജനനി! പരമരമണിയേ!
കരതലവിലസിതവലയേ!—ദേവീ!
വിരചിതഗിരിവരനിലയേ!
അരിജനകുലബലവിലയേ!—നിൻെറ
ചരണയുഗളമനുകലയേ.

2

മനസിജമധുരശരീരൻ—കൃഷ്ണൻ
മനുജവിജയരണശൂരൻ
മനസി വസതി സുകുമാരൻ—മമ
മഹിതനാകും നന്ദകുമാരൻ.
അവനെൻെറ വരനായി വരുമോ—ദേവീ!
അതിനൊരു വരമിങ്ങു തരുമോ?
നളിനനയനനഭിരാമൻ—കൃഷ്ണൻ
നരകമുരമദവിരാമൻ
തരുണീജനങ്ങൾക്കൊരു കാമൻ—കൃഷ്ണൻ
തരമല്ലാത്തവരോടതിവാമൻ
നരസുരമുനിജനപാലൻ—കൃഷ്ണൻ
നയനമധുരതരബാലൻ
അനിശമസുരകുലകാലൻ—കൃഷ്ണൻ
അനഘഹൃദയനനുകൂലൻ.

പത്തുവൃത്തം—കുഞ്ചൻനമ്പ്യാർ

## ഭാഗം മൂന്നു്

ആധുനികമലയാളത്തിൻെറ ഉദയതാരമെന്നു പറയാവുന്ന ചെറുശ്ശേരി നമ്പൂതിരി തൊട്ടു് ഏതാണ്ടു് ഈ അടുത്തകാലം വരെ നീണ്ടുകിടക്കുന്ന ഒരു കാലഘട്ടത്തിലെ സാഹിത്യ സമ്പത്തുകളുടെ മാതൃകകളാണു് ഈ വിഭാഗത്തിൽ ചേർത്തിട്ടുള്ളതു്. ചെറുശ്ശേരി (പതിനഞ്ചാം ശതകം), എഴുത്തച്ഛൻ (പതിനേഴാം ശതകം), കുഞ്ചൻനമ്പ്യാർ (പതിനെട്ടാം ശതകം), ഉണ്ണായിവാരർ (പതിനെട്ടാം ശതകം), ഇരയിമ്മൻതമ്പി (പത്തൊമ്പതാം ശതകം) തുടങ്ങിയ മഹാന്മാരാണു് ഈ വിഭാഗത്തിൽ അണിനിരക്കുന്നതു്.

ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, ഭാഗവതകഥയെ ആധാരമാക്കിയുള്ള ഒരു മനോഹരഗാനകാവ്യമാണു്. എഴുത്തച്ഛനാണു് മലയാളത്തിലെ കവികളിൽ സർവഥാ അഗ്രപൂജ നേടുന്ന മഹാൻ. അദ്ധ്യാത്മരാമായണം, മഹാഭാരതം ഇവ രണ്ടുമാണു് അദ്ദേഹത്തിൻെറ കൃതികളിൽ പ്രധാനപ്പെട്ടവ. മലയാള സാഹിത്യത്തെ അദ്ധ്യാത്മചിന്താമണ്ഡലത്തിലേയ്ക്കുയർത്തിയതും കേരളസംസ്കാരത്തിൻെറ വിജയവൈജയന്തി നാട്ടിയതും ആ മഹാനായിരുന്നു.

അദ്ധ്യാത്മമണ്ഡലമാണു് എഴുത്തച്ഛൻ സാഹിത്യസമുപാസനയ്ക്കു സ്വീകരിച്ചതെങ്കിൽ വിനോദരംഗങ്ങളാണു് കുഞ്ചൻനമ്പ്യാർ കാവ്യവിഹാരത്തിൽ കൈക്കൊണ്ടതു്. ഫലിതപ്രയോഗത്തിൽ നമ്പിയാർ വിസ്മയാവഹമായ കഴിവുകാണിക്കുന്നുണ്ടു്. എഴുത്തച്ഛൻ കിളിപ്പാട്ടുരീതി സ്വീകരിച്ചപ്പോഴാം കുഞ്ചൻനമ്പിയാർ തുള്ളൽപ്പാട്ടു് എന്നൊരു പുതിയ പ്രസ്ഥാനം കൈക്കൊണ്ടു പ്രചരിപ്പിച്ചു.

നമ്പിയാരുടെ സമകാലികൻ എന്നു കരുതിവരുന്ന ഉണ്ണായി വാരർ, ആട്ടക്കഥ—കഥകളി—യുടെ രൂപത്തിലാണു് തൻെറ കവനശക്തി പ്രകടിപ്പിച്ചതു്. വാരരുടെ നളചരിതം ആട്ടക്കഥ അത്ഭുതകരമായ രചനാവൈശിഷ്ട്യവും രസികതയും നിറഞ്ഞു ശോഭിക്കുന്ന സംഗീതസാഹിത്യസരസമായ ഒരു കൃതിയാണു്.

പൂന്താനം നമ്പൂതിരി, കോട്ടയം കേരളവർമ്മ, രാമപുരത്തു വാരർ, ഇരയിമ്മൻതമ്പി, വിദ്വാൻ കോയിത്തമ്പുരാൻ, തുട

ങ്ങിയുള്ള കവികൾ അസാമാന്യമായ കവനശക്തി പ്രദശി പ്പിച്ചു. പിന്നെ പത്തൊമ്പതാം ശതകത്തിൻെറ ആദ്യപാദം തിരുവിതാംകൂറു വാണിരുന്ന സ്വാതിതിരുനാൾ മഹാ രാജാവിൻെറ അനുഗ്രഹപൂൎണ്ണമായ രക്ഷാധികാരിത്വത്തിൽ സംഗീതസാഹിത്യാദികലകൾ പുഷ്ഷലകാന്തിയാവഹിച്ചു. സ്വാതിതിരുനാളിനു ശേഷം കുറേക്കാലത്തേക്കു സാഹിത്യ ത്തിൽ ഒരു വിടവുണ്ടെന്നുതന്നെ തോന്നും. പിന്നെ വെൺമണി നമ്പൂതിരിമാരും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും മററും രംഗപ്രവേശം ചെയ്യുന്നതോടേ സാഹിത്യം പുതിയ ഒരു വഴി ത്തിരുവിൽ എത്തുകയായി. വെൺമണികവികളുടേയും മററും സംഭാവന സാഹിത്യമൂല്യത്തിൽ അത്ര മികച്ചതല്ല എങ്കിലും മനോഹരമായ ശുദ്ധമലയാളശൈലി അവതരിപ്പിക്കാൻ അവ പ്രയോജനപ്പെട്ടു.

## 47. സംഗീത പ്രഭാവം

ചാലേ നിറഞ്ഞുള്ളൊരാലിൻമുരടങ്ങു
കോലക്കുഴലുമായ് ചെന്നുടനേ

മേളത്തിൽ പാടിനാൻ കോലക്കുഴൽതന്നെ
താളത്തിൽച്ചേർത്തു വിളിച്ചാൻ പിന്നെ.

രാഗങ്ങളോരോന്നേ ഗോകുലനായകൻ
മേളം കലർന്നങ്ങു പാടുന്നേരം

വൃന്ദാവനംതന്നിലുള്ളോരു ജീവികൾ
നന്ദിച്ചു നിന്നു തേ മന്ദം മന്ദം.

ഷഡ്പദമാലകളദ്ഭുതമായൊരു
പുഷ്പരസത്തെ വെടിഞ്ഞുടനേ

ഗാനമായ്മേവിന തേനേക്കുടിപ്പാനായ്
ആനനംതങ്കലേ ചെന്നു പുക്കു.

കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി.

ചേണുററ വേണുതൻ തേനുററ ഗാനത്തെ
താനുററ നാദത്തിൻ മീതേ കേട്ടു.

വേലപ്പെടാതെ താൻ മാനിച്ചു നിന്നിട്ടു
ചാലെപ്പഠിപ്പാനായെന്നപോലെ

കേകി നിരകളും വേഗത്തിൽ ചെന്നിട്ടു
ക്ലുകിക്കുഴഞ്ഞോരു കണ്ഠവുമായ്

നീലത്തഴയായ പീലിപ്പുറം തന്നെ
ചാലേ പരത്തിവിരിച്ചു ചെമ്മേ.

പാടിത്തുടങ്ങുമ്പോൾ നീടുററ താളത്തി-
ലാടിത്തുടങ്ങീതേ മെല്ലെ മെല്ലെ.

പുണ്യതരങ്ങളായുള്ള മരങ്ങളും
കണ്ണൻകുഴൽവിളി കേട്ട നേരം

തേനുററു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചു കൊമ്പെല്ലാം താഴ്ത്തി നിന്നു.

കഞ്ചൻതൻ നെഞ്ചിനോടൊത്ത കരിങ്കല്ലു-
മഞ്ചിതമായൊരു പാട്ടു കേട്ടു

ഉദ്ധവർമാനസമെന്ന കണക്കേ നി-
ന്നദ്ഭുതമായിച്ചമഞ്ഞുതപ്പോൾ.

വേഗത്തിൽ പോകുന്ന കാളിന്ദിതാനങ്ങു
രാഗത്തെക്കേട്ടൊരു നേരത്തപ്പോൾ

ഏറിന വീചികൾജാലമകന്നുട-
നേതുമനങ്ങാതെ നിന്നുപോയി.

ആനായർകോൻതൻെറ ഗാനത്തെക്കേട്ടപ്പോ-
ളാനന്ദം പൂണ്ടങ്ങു മീനങ്ങളും

മെല്ലെക്കരയേറി നല്ലൊരു വാൽ മിന്നി
ചെല്ലത്തുടങ്ങിതു മുന്നിലപ്പോൾ.

മാൺപെഴുന്നോർ ചില മാൻപേടകളെല്ലാം
ചാമ്പി മയങ്ങിന കൺമിഴിയും

ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽ മേവീതേ പെട്ടെന്നപ്പോൾ.

മന്ഥരമായയൊരു കന്ധരംതന്നെയും
മന്ദം നുറുങ്ങു തിരിഞ്ഞുയർത്തി

ചില്ലികളാലൊന്നു മെല്ലെന്നുയർത്തീട്ടു
വല്ലവീനായകൻതന്നെ നോക്കി.

കണ്ണുങ്ങളാലൊന്നു തിണ്ണം കുലമ്പിച്ച
കണ്ണൻകുഴൽക്ക കൊട്ടത്തുചെമ്മേ

വായ്ക്കൊണ്ടു പുല്ലെല്ലാം പാതി ചവച്ചങ്ങു
വായ്ക്കുന്ന ബാഷ്പമൊഴുക്കി നിന്നു.

കൈതവമററുതാൻ കൈ തുടർന്നോർ ചിലർ
പൈതങ്ങളേയും മറന്നുടനേ

ചിത്രത്തിൽ ചേർത്തു ചമച്ച കണക്കെയ-
ന്നിശ്ചലമായയൊരു മെയ്യുമായി.

തേനുററ ഗാനത്തെ കേട്ടു തുടങ്ങീത-
ങ്ങാനന്ദബാഷ്പമൊഴുക്കി മെല്ലെ.

മുല്ല തുടങ്ങിന വല്ലികളോരോന്നേ
വല്ലവീവല്ലഭൻ പാടുന്നേരം

മെല്ലെന്നിറങ്ങി മരങ്ങളിൽനിന്നങ്ങു
പല്ലവമാണ്ടു തന്മുൻപിൽച്ചെന്നു.

ചെറുശ്ശേരി നമ്പൂരി—കൃഷ്ണഗാഥ

## 48. വൃന്ദാവനലീല

വൃന്ദാവനം തന്റെ വെൺമ്മയെക്കാൺമാനായ്
മന്ദമായെങ്ങും നടന്നാരപ്പോൾ

മുല്ല തുടങ്ങിന വല്ലരിജാലത്തെ
മെല്ലവേ ചേർത്തു തൻമെയ്യിലെങ്ങും

ശാഖികളാകിന പാണികളെക്കൊണ്ടു
ചാലേ പിടിച്ചു തഴുകുന്നേരം

മെയ്യിലെഴുന്ന വിയർപ്പുകളെപ്പോലെ
പയ്യവേ തേൻതുള്ളി തൂകിത്തൂകി

ചാരുക്കളായങ്ങു ചാലേ നിറന്നുള്ള
ദാരുക്കളോരോന്നേ കണ്ടുകണ്ടു്

പൂമണം തങ്ങിന തെന്നൽക്കിടാവിനെ–
ത്തൂമ കലർന്നുള്ളിൽ കൊണ്ടുകൊണ്ടു്

കോകപ്പിടകളും കേകിനിരകളും
കൂകുന്നതെങ്ങുമേ കേട്ടുകേട്ടു്

വണ്ടിണ തങ്ങളിൽ കൂടിക്കലർന്നുടൻ
മണ്ടുന്നതെങ്ങുമേ നോക്കിനോക്കി

കൂകുന്ന കോകിലം തന്നോടു നേരിട്ടു
ഗീതികൾ നീതിയിൽ പാടിപ്പാടി

തേനുററ പൂവുകൾ മെല്ലെപ്പറിച്ചുടൻ
മാനിച്ചു വേണിയിൽ ചൂടിച്ചൂടി

നെഞ്ചിൽ നിറഞ്ഞൊരു കൗതുകംതന്നാലെ
പുഞ്ചിരി സന്തതം തൂകിത്തൂകി

അന്നത്തിൻപേടയ്ക്കു മെല്ലേ നടത്തംകൊ–
ണ്ടല്ലലേയുള്ളത്തിൽ നൽകി നൽകി

മാരൻതൻവങ്കണ മാറിൽ തറച്ചങ്ങു
പാരം നൊന്തുള്ളത്തിൽ വീർത്തു വീർത്തു്

മത്തേഭമസ്തകമൊത്ത മുല കന–
ത്തത്തൽ മുഴുത്തുള്ളിൽ ചീർത്തു് ചീർത്തു്;

മാധവൻതന്നുടെ മാറു തൻ കൊങ്കയിൽ
മാനിച്ചു നിന്നുടൻ ചേർത്തു് ചേർത്തു്

കുന്തളം കണ്ടുതൻ കൂട്ടരെന്നോർത്തിട്ടു
മണ്ടിവരുന്നൊരു വണ്ടിനത്തെ

ലീലയ്ക്കു തങ്കൈയ്യിൽ ചേർത്തൊരു താമര-
പ്പൂവുകൊണ്ടങ്ങുടൻ പോക്കിപ്പോക്കി

ഹാരമായുള്ളൊരു നിർഝരവാരിതൻ
പൂരമിയന്നുള്ള കൊങ്കകളെ

കുന്നെന്നു നണ്ണീട്ടു ചെന്നങ്ങു ചാരത്തു
നിന്നുടൻ നോക്കുന്ന മാൻകുലം താൻ

കൺമുനകൊണ്ടു തൻചങ്ങാതിയെന്നോർത്തു
ചെമ്മേ കളിച്ചു തുടങ്ങും നേരം

ചേണുററ പൈമ്പുല്ലു ചാലപ്പറിച്ചു തൻ
പാണിതലംകൊണ്ടു നൽകി നൽകി

കാർമുകിൽവർണ്ണനോടൊത്തങ്ങു കൂടിനാർ
കാർവേണിമാരെല്ലാം മെല്ലെ മെല്ലെ.

ചെറുശ്ശേരി നമ്പൂരി—കൃഷ്ണഗാഥ

## 49. പ്രിയനെത്തേടി

കൈതേ! ഞാൻ നിന്നോടു തെല്ലൊന്നു ചോദിച്ചാൽ
കൈതവം കൈവിട്ടു ചൊല്ലേണം നീ

എങ്ങളുവനുള്ളൊരോമനക്കാന്തനെ
ഇങ്ങു വരുന്നതു കണ്ടില്ലല്ലീ?

കാർമുകിൽ പോലെയവനു നിറം താവും
കാർകുഴലൊട്ടുണ്ടു കെട്ടിച്ചെമ്മേ

കൈയ്യിൽക്കുഴലുണ്ടു കാലിൽച്ചിലമ്പുണ്ടു
മെയ്യിലമ്മാൺപുററ പൂൺപുമുണ്ടേ

മഞ്ഞൾ നിറം തോഞ്ഞ കൂറയുടുത്തുണ്ടു
മഞ്ജുളമായ മൊഴിയുമുണ്ടേ

നെററിമേൽ താണ കുറുനിരയുമുണ്ടു
നേരില്ലയാതൊരു കാന്തിയുണ്ടേ.

കുങ്കുമംകൊണ്ടു തൊടുകുറിയിട്ടുണ്ടു
കംകണമുണ്ടു കരങ്ങളിലും

പെണ്ണുങ്ങൾനെഞ്ചകം തന്നെ പിളക്കുന്ന
പുഞ്ചിരിയുണ്ടുടൻ കൂടെക്കൂടെ.

ഉള്ളിലിണങ്ങിനേൻ എന്നങ്ങു നോക്കുന്ന
കള്ളനോക്കുണ്ടയ്യോ മെല്ലെമെല്ലെ.

കണ്ടതില്ലെങ്കിലും കണ്ടതില്ലെന്നതു
മിണ്ടൊല്ല ഞങ്ങളോടിങ്ങനേ നീ

ഇണ്ടൽപൂണ്ടെങ്ങൾക്കു നെഞ്ചിൽ വരുന്നല്ലൽ
കണ്ടാൽ നിനക്കു പൊറുക്കരുതേ

കേകികളേ! നിങ്ങൾ ഞങ്ങളുവന്നൊരു
കേശവൻതന്നെയിന്നുണ്ടോ കണ്ടു?

പീലികൾ കോല്വമായ് ചാലെക്കളിച്ചവൻ
ബാലകൻമാരുമായ് വന്നില്ലല്ലീ?

എങ്ങാനുമിങ്ങനെ കണ്ടാകിലിന്നിങ്ങൾ
എങ്ങളോടമ്പോടു ചൊല്ലേണമേ

ഇണ്ടൽ തിരണ്ടെങ്ങൾ തെണ്ടിച്ചുകൊണ്ടെങ്ങും
തെണ്ടിനടന്നതു കണ്ടുതല്ലോ

ഗോകുലനായകൻ പോകുന്നതിന്നെങ്ങും
കോകങ്ങളേ! നിങ്ങൾ കണ്ടില്ലല്ലീ?

ഖേദിച്ചു പോയുടൻ നീളേ നടന്നെങ്ങും
ചോദിച്ചിതെങ്ങുമേ കണ്ടതില്ല.

കോഴ പൂണ്ടിങ്ങനെ കേഴുന്നതെന്തിനു
കേവലം കണ്ടില്ലയെന്നേവേണ്ടു.

ചെറുശ്ശേരി നമ്പൂരി—കൃഷ്ണഗാഥ

## 50. വൃത്രാരിലോകം ഞാൻ പൂകുന്നേരം

കൃഷ്ണഗാഥയുടെ അവസാനഭാഗം. കൃഷ്ണൻെറ കഥ ഗാനംചെയ്തു കൊണ്ടു തനിയ്ക്കു മരണാനന്തരം വൃത്രാരിലോകത്തിലും തുടൎന്നു വിഷ്ണുലോകത്തിലും മററും കിട്ടാൻപോകുന്ന ബഹുമതിപൂൎണ്ണമായ സ്വീകരണത്തെപ്പററി കവിയുടെ ഭാവനകൾ.

അത്രയുമല്ലയെന്നുൾത്താരിൽച്ചേരുന്ന
വൃത്രാരിലോകം ഞാൻ പൂകുന്നേരം

മാധവൻതന്നുടെ ഗാഥയെ നിൎമ്മിച്ച
മാനുഷൻ വന്നതായെന്നു ചൊല്ലി

മാനിച്ചനിന്നുള്ള മാമുനിമാരെല്ലാം
ഗാനത്തെച്ചെയ്തിട്ടും കേൾക്കാകണം

സ്വർഗ്ഗത്തിൽനിന്നു സുഖിച്ചങ്ങു നീളെ ഞാൻ
നിർഗ്ഗമിച്ചീടുവാൻ കാലമായാൽ

തേടി വന്നീടുന്ന കൈടഭവൈരിതൻ
കേടററ ദൂതന്മാർപിന്നാലെ പോയ്

മൂലോകനായകൻ മേവി നിന്നീടുന്ന
പാലാഴി തന്നിൽ ഞാൻ ചെല്ലുംനേരം

ഗാഥയെക്കൊണ്ടിവൻ പാതകം പൂണ്ടോരെ—
പ്പൂതന്മാരാക്കിനാൻ നീതിയാലെ

നിർഗ്ഗതി പൂണ്ടുള്ള വൃക്ഷങ്ങൾക്കെല്ലാമേ
സദ്ഗതി നൽകിനാൻ ഗാഥകൊണ്ടേ.

ഭക്തന്മാരായുള്ളോരുത്തമന്മാരുടെ
ചിത്തവും ചാലെക്കുളിർപ്പിച്ചടൻ

മുക്തിയെത്തന്നെയും നൽകി നിന്നീടിനാൻ
ഉത്തമ ഗാഥയെക്കൊണ്ടു താനും.

ചാരത്തു കൊള്ളണം പാരാതെയെന്നാലി
ദ്വാരസ്ഥനാമവന്തന്നെയിപ്പോൾ

ദാസനായ്ക്കൊൾകയും വേണമെന്നിങ്ങനെ
ദൂതരായുള്ളവർ ചൊന്നതെല്ലാം

അമ്പിനോടങ്ങനെ കേട്ടുകേട്ടേഷ ഞാൻ
തമ്പുരാൻ മുമ്പിലും ചെന്നു പിന്നെ

വേലപ്പെൺതന്നുടെ ബാലപ്പോർകൊങ്കതൻ
മാലേയച്ചാറുറും മാറുള്ളോനെ

പാലിച്ചുകൊള്ളേണം പാരാതെയെന്നെ നീ
നീലക്കാർവർണ്ണനേരെ കൈതൊഴുന്നേൻ

എന്നതു ചൊല്ലി വണങ്ങി നിന്നീടുന്നോ—
രെന്നുടെ മേനിയിലെങ്ങുമപ്പോൾ

കാർവർണ്ണൻതന്നുടെ കണ്ണിൽ നിറഞ്ഞൊരു
കാരുണ്യവാരിയെത്തൂകുകയാൽ

കോൾമയിർക്കൊണ്ടൊരു മേനിയുമായി ഞാ—
നാമോദം മേളിച്ച മേവുംനേരം

ദാസനെന്നുള്ളതോ വന്നുതായല്ലോ നിൻ
ഗാഥയെ നിർമ്മിക്കകൊണ്ടു തന്നെ

ഏതൊരു വേലയിലാക്കി നിന്നീടുന്നു
നീതിയിലിന്നിവൻ തന്നെയിപ്പോൾ?

ദൂതന്മാരിങ്ങനെ ചോദിച്ച നേരത്ത-
പ്പാതകവൈരിയായുള്ളവൻ താൻ

മെല്ലവേയെന്മുഖം നോക്കിനിന്നന്നേരം
ചില്ലിതൻ തെല്ലാലെക്കൊല്ലുകയാൽ

പ്രാഞ്ജലിയായ ഞാൻ പാഞ്ഞു ചെന്നന്നേരം
തോഞ്ഞു നിന്നീടുന്ന മോദത്താലേ

പാതകം വേരററ പാണിയെക്കൊണ്ടവൻ
പാദങ്ങൾ മെല്ലെന്നെടുത്തു പിന്നെ

നോററു നിന്നീടുമെന്മാറത്തു ചേർത്തു നി-
ന്നോററം തെളിഞ്ഞു പുണർന്നു മേന്മേൽ

വാരിജസംഭവൻ വാമനൻപാദത്തെ
വാരിയെക്കൊണ്ടു പണ്ടെന്നപോലെ

ആനന്ദലോചനവാരിതൻ പൂരംകൊ-
ണ്ടാദരവോടു കുളിപ്പിച്ചപ്പോൾ

ദുസ്സംഗം വേറിട്ടു സൽസംഗിയാകുമെ-
ന്നതുസംഗം തന്നിലേ ചേർത്തു പിന്നെ

എന്മനം തന്നിൽ പണ്ടന്വേഷിച്ചുള്ളവ
ഉൺമയോയെന്നതു നിർണ്ണയിപ്പാൻ

ഗാഥയിൽ ചൊന്നുള്ള രേഖകളോരോന്നേ
ബാധയെക്കൈവിട്ടു നോക്കി നോക്കി

മെല്ലെമെല്ലെന്നു തലോടിനിന്നന്നേരം
പല്ലവം വെല്ലുമപ്പാദങ്ങളെ

പാണികൾക്കീടുന്നോരാനന്ദം പൂരിച്ചു
വാണീടവേണമേ ദൈവമേ ഞാൻ.

ചെറുശ്ശേരി നമ്പൂരി—കൃഷ്ണഗാഥ

## 51. പദ്മനാഭന്റെ സന്നിധിയിൽ

അന്നേരമൊരു പതിനായിരമാദിത്യന്മാ—
രൊന്നിച്ച കിഴക്കുദിച്ചുയരുന്നതുപോലെ

പദ്മസംഭവൻ തനിക്കൻപോടു കാണായ്‌വന്നു
പദ്മലോചനനായ പദ്മനാഭനെ മോദാൽ.

മുക്തന്മാരായുള്ളോരു സിദ്ധയോഗികളാലും
ദുർദ്ദർശമായ ഭഗവദ്രൂപം മനോഹരം

ചന്ദ്രികാമന്ദസ്മിതസുന്ദരാനനപൂർണ്ണ—
ചന്ദ്രമണ്ഡലമരവിന്ദലോചനം ദേവം

ഇന്ദ്രനീലാഭം പരമിന്ദിരാമനോഹര—
മന്ദിരവക്ഷഃസ്ഥലം വന്ദ്യമാനന്ദോദയം

വത്സലാഞ്ഛനവത്സം പാദപങ്കജഭക്ത—
വത്സലം സമസ്തലോകോത്സവം സൽസേവിതം

മേരുസന്നിഭകിരീടോദ്യൽകുണ്ഡലമുക്താ—
ഹാരകേയൂരാംഗദകടകകടിസൂത്ര—

വലയാംഗുലീയകാദ്യഖിലവിഭൂഷണെ—
കലിതകളേബരം കമലാമനോഹരം.

എഴുത്തച്ഛൻ—അദ്ധ്യാത്മരാമായണം

## 52. ശൈശവവിലാസം

കോമളന്മാരായൊരു സോദരന്മാരുമായി
ശ്യാമള നിറം പൂണ്ട ലോകാഭിരാമദേവൻ

കാരുണ്യാമൃതപൂർണ്ണാപാംഗവീക്ഷണംകൊണ്ടും
സാരസ്യാവ്യക്തവർണ്ണാലാപപീയൂഷംകൊണ്ടും

വിശ്വമോഹനമായ രൂപസൗന്ദര്യംകൊണ്ടും
നിശ്ശേഷാനന്ദപ്രദദേഹമാർദ്ദവംകൊണ്ടും

ബന്ധൂകദന്താംബരചുംബനരസംകൊണ്ടും
ബന്ധുരദന്താങ്കുരസ്പഷ്ടഹാസാഭകൊണ്ടും

ഭൂതലസ്ഥിതപാദാബ്ജദ്വയയാനംകൊണ്ടും
ചേതോമോഹനങ്ങളാം ചേഷ്ടിതങ്ങളെക്കൊണ്ടും

താതനുമമ്മമാൎക്കും നഗരവാസികൾക്കും
പ്രീതി നൽകിനാൻ സമസ്തേന്ദ്രിയങ്ങൾക്കുമെല്ലാം.

ഫാലദേശാന്തേ സ്വൎണ്ണാശ്വത്ഥപൎണ്ണാകാരമായ്
മാലേയമണിഞ്ഞതിൽ പററീടും കുരളവും

അഞ്ജനമണിഞ്ഞതിമഞ്ജുളതരമായ
കഞ്ജനേത്രവും കടാക്ഷാവലോകനങ്ങളും

കൎണ്ണാലങ്കാരമണികുണ്ഡലം മിന്നീടുന്ന
സ്വൎണ്ണദൎപ്പണസമഗണ്ഡമണ്ഡലങ്ങളും

ശാൎദ്ദൂലനഖങ്ങളും വിദ്രുമമണികളും
ചേൎത്തുടൻ കാൎത്തസ്വരമണികൾ മദ്ധ്യേ മദ്ധ്യേ

കോൎത്തു ചാൎത്തീടുന്നൊരു കണ്ഠകാണ്ഡോദ്യോതവും
മുത്തുമാലകൾ വനമാലകളോടും പൂണ്ട

വിസ്തൃതോരസി ചാൎത്തും തുളസീമാല്യങ്ങളും
അംഗദങ്ങളും വലയങ്ങൾ കങ്കണങ്ങളും

അംഗുലീയങ്ങൾകൊണ്ടു ശോഭിച്ച കരങ്ങളും
കാഞ്ചനസദൃശപീതാംബരോപരി ചാൎത്തും

കാഞ്ചികൾ നൂപുരങ്ങളെന്നിവ പല തരം
അലങ്കാരങ്ങൾ പൂണ്ട സോദരന്മാരോടുമൊ—
രലങ്കാരത്തെച്ചേൎത്താൻ ഭൂമിദേവിക്കു നാഥൻ.

എഴുത്തച്ഛൻ—അദ്ധ്യാത്മരാമായണം

## 53. ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

അഭിഷേകവിഘ്നം നേരിട്ടു ശ്രീരാമചന്ദ്രൻ കാട്ടിലേക്കു പുറപ്പെടാൻ തുടങ്ങിയപ്പോൾ ലക്ഷ്മണൻ കോപാവിഷ്ടനായി അച്ഛനേയും മററും പിടിച്ചുകെട്ടി രാജ്യം രാമനു കൊടുക്കാം എന്നു് ആവേശംകൊണ്ടു. ആ സാഹസത്തിൽനിന്നു ലക്ഷ്മണനെ പിന്തിരിപ്പിക്കാൻ രാമചന്ദ്രൻ പറയുന്ന ഉപദേശവാക്യങ്ങളാണു് താഴെ കൊടുക്കുന്നതു്.

ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും

സത്യമെന്നാകിലേതൽപ്രയാസം തവ
യുക്തമതല്ലായ്കിലെന്തിതിനാൽ ഫലം?

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോക്ക നീ.

വഹ്നിസന്തപ്തലോഹസ്ഥാംബുവിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.

ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം–
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവു–
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.

പുത്രമിത്രാർത്ഥകളത്രാദിസംഗമ–
മെത്രയുമല്പകാലസ്ഥിതമോക്ക നീ.

പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു–
മെത്രയും ചഞ്ചലമാലയസംഗമം.

ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യക്കു
നിൽക്കുമോ യൗവനവും പുനരധ്രുവം.

സ്വപ്നസമാനം കളത്രസുഖം നൃണാ–
മല്പമായുസ്സും നിരൂപിക്ക ലക്ഷ്മണ!

രാഗാദിസങ്കുലമായുള്ള സംസാര–
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!

ഓക്ക ഗന്ധർവ്വനഗരസമമതിൽ
മൂർഖന്മാർ നിത്യമനുവർത്തിച്ചീടുന്നു.

ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതു സത്വരം

നിദ്രയും വന്നിതുദയശൈലോപരി
വിദ്രുതം വന്നിതു പിന്നെയും ഭാസ്കരൻ

ഇത്ഥം മതിഭ്രമമുള്ളൊരു ജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

ആയുസ്സു പോകുന്നതേതുമറിവീല
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ.

വാർദ്ധക്യമോടു ജരാനരയും പൂണ്ടു
ചീർത്ത മോഹേന മരിക്കുന്നിതു ചിലർ.

നേത്രേന്ദ്രിയംകൊണ്ടു കണ്ടിരിക്കെപ്പുന-
രോത്തറിയുന്നീല മായതൻ വൈഭവം.

ഇപ്പോളിതു പകൽ പില്പാടു രാത്രിയും
പില്പാടു പിന്നെപ്പകലുമുണ്ടായ്വരും.

ഇപ്രകാരം നിരൂപിച്ചു മൂഢാത്മാക്കൾ
ചിൽപ്പുരുഷൻഗതിയേതുമറിയാതെ

കാലസ്വരൂപനാമീശ്വരൻതന്നുടെ
ലീലാവിശേഷങ്ങളൊന്നുമോരായ്കയാൽ

ആമകുംഭാംബുസമാനമായുസ്സുടൻ
പോമതേതും ധരിക്കുന്നതില്ലാരുമേ.

രോഗങ്ങളായുള്ള ശത്രുക്കളും വന്നു
ദേഹം നശിപ്പിക്കുമേവനും നിർണ്ണയം.

വ്യാഘ്രിയെപ്പോലെ ജരയുമടുത്തു വ-
ന്നാക്രമിച്ചീടും ശരീരത്തെ നിർണ്ണയം.

മൃത്യുവും കൂടൊരു നേരം പിരിയാതെ
ഛിദ്രവും പാർത്തുപാർത്തുള്ളിലിരിക്കുന്നു.

ദേഹം നിമിത്തമഹംബുദ്ധി കൈക്കൊണ്ടു
മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ

ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തു വെണ്ണീറായ്ച്ചമഞ്ഞുപോയീടിലാം

മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം.

എഴുത്തച്ഛൻ—അദ്ധ്യാത്മരാമായണം

## 54. മാതാവിൻെറ യാത്ര പറച്ചിൽ

വനവാസത്തിനു പുറപ്പെട്ട രാമചന്ദ്രനോടു മാതാവായ കൗസല്യാദേവി യാത്ര പറയുന്നതു്.

കേൾക്കണമമ്മേ തെളിഞ്ഞു നീയെന്നുടെ
വാക്കുകളേതും വിഷാദമുണ്ടാകൊലാ.

ആത്മാവിനേതുമേ പീഡയുണ്ടാക്കരു–
താത്മാവിനെയറിയാതവരെപ്പോലെ.

സർവ്വലോകങ്ങളിലും വസിച്ചീടുന്ന
സർവ്വജനങ്ങളും തങ്ങളിൽത്തങ്ങളിൽ

സർവ്വദാ കൂടിവാഴ്കെന്നുള്ളതില്ലല്ലോ
സർവ്വജ്ഞയല്ലോ ജനനി! നീ കേവലം.

ആശു പതിന്നാലു സംവത്സരം വന–
ദേശേ വസിച്ചുവരുന്നതുമുണ്ടു ഞാൻ.

ദുഃഖങ്ങളെല്ലാമകലെക്കളഞ്ഞു, ട–
ന്മൽക്കനിവോടുമനുഗ്രഹിച്ചീടണം.

അച്ഛനെന്നുള്ളിലൊന്നിച്ഛയെന്നാലതി–
ങ്ങിച്ഛയെന്നങ്ങുറച്ചീടണമമ്മയും.

ഭർത്തൃകർമ്മാനുകരണമത്രേ പാതി–
വ്രത്യനിഷ്ഠാ വധൂനാമെന്നു നിർണ്ണയം.

മാതാവു മോദാലനുവദിച്ചീടുകി–
ലേതുമേ ദുഃഖമെനിക്കില്ല കേവലം.

കാനനവാസം സുഖമായ്‌വരും തവ
മാനസേ ഖേദം കുറച്ചു വാണീടുകിൽ.

എന്നു പറഞ്ഞു, നമസ്കരിച്ചീടിനാൻ
പിന്നെയും പിന്നെയും മാതൃപാദാന്തികേ.

പ്രീതി കൈക്കൊണ്ടെടുത്തുത്സംഗസീമ്നി ചേ–
ർത്താദരാൽ മൂർദ്ധ്നി ബാഷ്പാഭിഷേകം ചെയ്തു

ചൊല്ലിനാളാശീർവചനങ്ങളാശു കൗ–
സല്യയും ദേവകളോടിരന്നീടിനാൾ.

സൃഷ്ടികർത്താവേ! വിരിഞ്ച പത്മാസന
പുഷ്ടദയാബ്ധേ! പുരുഷോത്തമ ഹരേ!

മൃത്യുഞ്ജയ! മഹാദേവ! ഗൗരീപതേ!
വൃത്രാരിമുമ്പായ ദിക്പാലകന്മാരേ!

ദുർഗ്ഗേ ഭഗവതി! ദുഃഖവിനാശിനി!
സർഗ്ഗസ്ഥിതിലയകാരിണി! ചണ്ഡികേ!

എന്മകനാശു നടക്കുന്ന നേരവും
കന്മഷം തീർന്നിരുന്നീടുന്ന നേരവും

തന്മതികെട്ടറങ്ങീടുന്ന നേരവും
സമ്മോദമാർന്നു രക്ഷിച്ചീടുവിൻ നിങ്ങൾ.

ഇത്ഥമർത്ഥിച്ച തൻ പുത്രനെ സത്വരം
ബദ്ധബാഷ്പം ഗാഢഗാഢം പുണർന്നുടൻ

ഈരേഴു സംവത്സരം കാനനേ വസി–
ച്ചാരാൽ വരികെന്നനുവദിച്ചീടിനാൾ.

എഴുത്തച്ഛൻ—അദ്ധ്യാത്മരാമായണം

## 55. കാമലീല

കുന്തി, മാദ്രി എന്നിവരൊത്തു് പാണ്ഡു ഹിമവാൻെറ ചരിവിലുള്ള വനങ്ങളിൽ കാമലീലയിൽ മുഴുകി കാലം കഴിക്കുന്നു.

കാന്തിയേറീടുന്നൊരു കാന്തമാരോടും കൂടി
കാന്താരംതന്നിൽ പുക്കു നന്നായി രമിക്കേണം.

വാട്ടമെന്നിയേ മമ നായാട്ടിൻ വൈദഗ്ദ്ധ്യവും
കാട്ടണമിവക്കെന്ന കൗതുകത്തോടു കൂടി

ദ്യുമണിതൻെറ രശ്മിപോലുമങ്ങണയാത
ഹിമവാൻതൻെറ തെക്കേപ്പുറത്തെപ്പെരുംകാട്ടിൽ

പെരികെ രസം പൂണ്ടു കളിച്ചുമരുവിനാൻ
ഗിരിശൃംഗങ്ങൾ തോറുമതികൗതുകത്തോടെ.

കരിണീയുഗമദ്ധ്യഗതനായ് മദിച്ചൊരു
കരിവീരനെപ്പോലെ മദനവിവശനായ്

കരിണീഗമനമാരാകിയ ഭാര്യമാരാം
തരുണീമണികളാം കുന്തിയും മാദ്രിതാനും

സരസീരുഹശരസമനാം കാന്തൻതന്നെ–
ശ്ശരതൂണീരകരാളോജ്ജ്വലൽകരവാള–

ധരനായ് ശരാസനകരനായ്ക്കാണുംതോറും
സരസീരുഹശരനികരപരവശ–

തരമാനസമാരായ്മരുവീടിന നേരം
ഹരിണഹരികരികിടിശാർദ്ദൂലാദിക–

ളരികേ ദരിമുഖഗതങ്ങളായ്ക്കാണുമ്പോൾ
ശരങ്ങൾകൊണ്ടു വീണ്ടും മരണഭയംകൊണ്ടു

മരങ്ങൾ മറഞ്ഞു പോയ്നിന്നു നോക്കീടുന്നതും
നിഷ്കുടത്തിങ്കൽ മുന്നമിരുന്നീടിനപോലെ

മർക്കടക്രീഡകൾ കണ്ടുൾക്കൗതുഹലം പൂണ്ടും
കുക്കുടരതിക്രീഡാദികൾ കണ്ടാനന്ദിച്ചും

പൊൽക്കുടങ്ങൾക്കുനേരാം തൈക്കൊങ്ക നോക്കിക്കണ്ടും
കോകിലകോകകേകിചാതകശുകാദിസം-

ഭോഗഭേദങ്ങൾ കണ്ടു രസിച്ചുമതിന്മദ്ധ്യേ
വേഗമോടമ്പുകൊണ്ടു മാഴ്കിവീണീടുന്നതും

ശോകമോടിണക്കൂടിക്കേണുവീണോടുന്നതും
കരടിക്കുലം തമ്മിൽ കടിച്ചു കളിപ്പതും

കരിണികളെപ്പുണ്ടു കരികൾ പുളപ്പതും
കിടികൾ പിടികളെപ്പിടിച്ചു പുൽകുന്നതും

പിടകളോടു ചേർന്നു പക്ഷികൾ കളിപ്പതും
കണ്ടു കൗതുകം പൂണ്ടു കണ്ടിവാർകുഴലികൾ

കണ്ഠാശ്ലേഷവും ചെയ്തു കാന്തനും തങ്ങളുമായ്
കണ്ട കാനനംതോറും രമിച്ചുവസിക്കയും

തണ്ടാർബാണനമിതു കണ്ടേററം ഹസിക്കയും
മാകന്ദമകരന്ദബിന്ദുപാനവുംചെയ്തു

കൂകുന്ന പികകുലപഞ്ചമം കേട്ടുകേട്ടും
വണ്ടുകൾ മധുപാനംചെയ്തു മത്തത പൂണ്ടു

കൊണ്ടാടി മുരണ്ടുടൻ കണ്ട പുഷ്പങ്ങൾതോറും
കുണ്ഠഭാവവും നീക്കിസ്സംഭ്രമിച്ചീടുന്നതും

കണ്ടോരാനന്ദം പൂണ്ടുമധരപാനം ചെയ്തും
മന്മഥലീലകൊണ്ടു കൺമുന ചാമ്പിച്ചാമ്പി

സമ്മോദം വളർന്നുള്ളിൽ സമ്മോഹം പെരുകിയും
വന്മലമുകളേറി നിർമ്മലശിലാതലേ
നന്മലർമെത്തതന്മേലുന്മേഷംപൂണ്ടു വാണും

എഴുത്തച്ഛൻ—മഹാഭാരതം

## 56. പ്രേമപ്രകർഷം

രമ്യഗാത്രിയെക്കണ്ടു മന്മഥവിവശനായ്
ധർമ്മജസഹോദരനെത്രയും താപം പൂണ്ടാൻ.

നിദ്രയുമില്ല പുനരൂണുമില്ലെന്നുവന്നു
നിത്യവും ധ്യാനത്തിനു നഷ്ടവുമുണ്ടായ്‌വന്നു.

മറെറാരു ചിന്തയുമില്ലററവരിലും കൂടെ
മുററുമസ്സുഭദ്രയിലെന്നിയേ നക്തന്ദിവം.

ആളികളോടും കൂടിക്കേളികൾ കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ കാണുമ്പോഴും

പന്താടുന്നതു കണ്ടും പമ്പരക്കളി കണ്ടും
ചിന്തുകൾ പാടുന്നതും ചന്തമായാടുന്നതും

ചാതുര്യം കണ്ടും വേണുവീണാദികളിൽ ശീല-
മാധുര്യം കണ്ടും ഭാവഗാംഭീര്യം കണ്ടും നേത്ര-

കാതര്യം കണ്ടും ചേതോവൈധുര്യം കണ്ടും മാര-
വൈകാര്യം കണ്ടും വാഞ്ഛാസൗകര്യം കണ്ടും വേഷ-

സൗകുമാര്യം കണ്ടും തല്ലാവണ്യം കണ്ടും വൃത്തി-
ദാക്ഷിണ്യം കണ്ടുമുള്ളിൽക്കാരുണ്യം കണ്ടും നല്ല

താരുണ്യം കണ്ടും സ്മിതഭാഷിതം കേട്ടും ഭാവ-
വൈവർണ്യം കലർന്നിതു സവ്യസാചിക്കു മേന്മേൽ.

എഴുത്തച്ഛൻ—മഹാഭാരതം

## 57. കാട്ടുതീയിൽ പെട്ട കിളിക്കുഞ്ഞുങ്ങൾ

അരണ്യംതന്നിൽ പിടിപെട്ടിതു വഹ്നിദേവൻ
കരഞ്ഞുതുടങ്ങിനാൾ ജരിതതാനുമപ്പോൾ.

നിർഘൃണനായ പിതാവിവരെറയുപേക്ഷിച്ചാൻ
ദുഃഖിക്കമാറായി ഞാൻ പൈതങ്ങളിവരോടും.

പറക്കപ്പോകാതെയും വന്നിതു ബാലന്മാക്കു
നിരക്കെപ്പിടിപെട്ടു വനത്തിലഗ്നിതാനും.

ഞാനിനിയിവരെറയെന്തോത്തതെൻ തമ്പുരാനേ
കാനനത്തിങ്കലഗ്നി പിടിച്ചു നാലുപാടും.

ഇങ്ങനെ കരയുമ്പോൾ പൈതങ്ങളുരചെയ്താ-
രെങ്ങാനും പൊയ്‌ക്കൊൾകമ്മേ നീ കൂടെ മരിക്കേണ്ട.

ഞങ്ങൾ ചാകിലോ പിന്നെപ്പെററു സന്തതിയുണ്ടാ-
മെങ്ങനെയുണ്ടാകുന്നു നീ കൂടെ മരിക്കിലോ?

ഞങ്ങളെ സ്നേഹിച്ച നീ സന്താനം മുടിക്കേണ്ട
മംഗലം വന്നുകൂടും പിന്നെയുമെന്നേ വരൂ.

അല്ലായ്കിൽ താതൻ ചെയ്തതൊക്കെ നിഷ്ഫലമല്ലോ
നല്ല ലോകങ്ങൾ കിട്ടാ താതനെന്നതു വരും.

എന്നതു കേട്ടു പറഞ്ഞീടിനാൾ ജരിതയും
എന്നുടെ പൈതങ്ങളേ! നിങ്ങളുമൊന്നു വേണം.

ഇക്കണ്ട മരത്തിൻകീഴുണ്ടെലിമടയതിൽ
പുക്കുകൊള്ളുവിൻ നിങ്ങളെന്നാൽ ഞാനൊന്നു ചെയ്യുൻ.

പൂഴികൊണ്ടതിൻ മുഖം മൂടിവയ്ക്കയും ചെയ്യാ-
മൂഴിതൻ താഴെത്തീയും തട്ടുകയില്ലയല്ലോ.

കീഴേ പോയ് കിടന്നുകൊണ്ടീടുവിൻ തീയാറിയാൽ
പൂഴിയും നീക്കിക്കൊണ്ടു പോന്നുകൊള്ളുവനല്ലോ.

പൈതങ്ങളതു കേട്ടു മാതാവോടുരചെയ്താർ
പൈദാഹത്തോടു മേവുന്നെലിയുണ്ടതിലമ്മേ.

പറപ്പാൻ ചിറകില്ല നടപ്പാനില്ല കാലു-
മിറച്ചി കണ്ടാലെലി പിടിച്ചുതിന്നുമല്ലോ.

ജന്തുക്കൾ ഭക്ഷിച്ചിട്ടു മരിക്കുന്നതിനെക്കാൾ
വെന്തു ചാകുന്നതത്രേ ഗതിയെന്നറിഞ്ഞാലും.

ഭർത്താവു തന്നെ പ്രാപിച്ചുത്തമന്മാരായുള്ള
പുത്രന്മാരെയും ലഭിച്ചീടുക മാതാവേ നീ.

എന്നതു കേട്ടനേരം വന്നൊരു ശോകത്തോടെ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിട്ടും

പിന്നെത്താൻ പറക്കയും മറഞ്ഞു നോക്കുകയു-
മെന്നുടെ കർമ്മമെന്നു കല്പിച്ചുപോയാളവൾ.

എഴുത്തച്ഛൻ—മഹാഭാരതം

## 58. പണ്ഡിതനും മൂഢനും

മഹാഭാരതത്തിൽ വിദുരവാക്യം സുപ്രസിദ്ധമാണ്. അതിൽനിന്ന് എടുത്തതാണ് ഈ ഭാഗം.

അത്യർത്ഥം പ്രശസ്തങ്ങളായവ സേവിച്ചീടും
നിത്യവും നിന്ദിതങ്ങളായവ വർജ്ജിച്ചീടും
അശ്രദ്ധധാനനല്ല നാസ്തികത്വവുമില്ല
വിദ്വാനാകുന്നതവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

ക്രോധദർപ്പാദിഹർഷസ്തംഭലജ്ജാദികളാ—
ലേതുമേ വിഘ്നം കാര്യസാധ്യത്തിനുണ്ടാകാതെ
സ്വച്ഛമാമാത്മാവോടു മാന്യമാനിത്വംകൊണ്ടു
നിശ്ചലനാകുന്നവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

ശീതോഷ്ണഭയരതിസമൃദ്ധിദാരിദ്ര്യാദി
ഹേതുനാ കൃത്യത്തിനു വിഘ്നത്തെ വരുത്താതെ
നിത്യവും കർത്തവ്യാനുഷ്ഠാനം ചെയ്തീടുന്നവൻ
വിദ്വാനെത്രയുമവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

നഷ്ടമായതു ചിന്തിച്ചേതുമേ ദുഃഖിയാതെ
തുഷ്ടനായപ്രാപ്യമായുള്ളതു കാമിയാതെ
ആപത്തു വരുംകാലമേതുമേ മോഹിയാതെ
താപത്തെ ത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

കാലത്തെ നിരൂപിച്ചു കല്പിച്ചു നിശ്ചയിച്ചൊ—
രാലസ്യം മദ്ധ്യേ തുടർന്നിടാതെ കർമ്മംചെയ്തു
കാലവുമവന്ധ്യമാക്കിക്കൊണ്ടു വശ്യാത്മാവായ്
പാലിച്ചു പുരുഷാർത്ഥം വാണീടുന്നവൻ വിദ്വാൻ.

അന്യായകർമ്മം വാചാ മനസാ ചെയ്യാതെ ക—
ണ്ടന്യേഷാം ഹിതത്തിങ്കലീർഷ്യയുമുണ്ടാകാതെ
ആര്യകർമ്മണാ രഞ്ജിച്ചേറിയ സത്കർമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

സമ്മാനത്തിങ്കലുള്ളിൽ സമ്മോദമുണ്ടാകാതെ
നിർമ്മൂലമവമാനത്തിങ്കലും ഖേദിയാതെ
അക്ഷോഭ്യനായി ഗംഗതന്നിലേ ഹ്രദംപോലെ
രക്ഷിച്ചു ധർമ്മത്തെയും വാണീടുന്നവൻ വിദ്വാൻ.

സംപ്രവൃത്തോക്തിമാനായ് വിചിത്രകഥനുമായ്
സംപ്രതിഭാനവാനായ് ശുദ്ധോക്തിവക്താവുമായ്
ഊഹാപോഹാദികളിൽ ചതുരഹൃദയനായ്
മാഹാത്മ്യത്തോടു വാണീടുന്നവൻ മഹാവിദ്വാൻ.

സകലഭൂതങ്ങൾക്കുമെത്രയും മനോജ്ഞനായ്
സകലകർമ്മങ്ങൾക്കുമുചിതയോഗജ്ഞനായ്
സകലപുരുഷരിൽ വച്ചുപായജ്ഞനുമായ്
സകലവിജ്ഞാനിയായുള്ളവൻ മഹാവിദ്വാൻ.

പ്രജ്ഞാനുഗതമായ വിശ്രുതമുണ്ടു പിന്നെ
പ്രജ്ഞയും ശ്രുതാനുഗയാംവണ്ണമുണ്ടുതാനും

അസംഭിന്നാര്യജനമര്യാദയോടും നിത്യ-
മസന്ദിഗ്ദ്ധാത്മാവായുള്ളവനും മഹാവിദ്വാൻ.

അർത്ഥമാകിലും ബലാലൈശ്വര്യമെന്നാകിലും
വിദ്യയാകിലും തനിക്കേറിയൊന്നുണ്ടായ്‌വന്നാൽ
എത്രയും വിനീതനായസമുന്നദ്ധനായ
വിദ്വാന്റ സമനായിട്ടില്ല വിദ്വാന്മാരാരും.

അശ്രാന്തം ദരിദ്രനായുള്ളവൻ മഹാമന-
സ്സുശ്രുതനായുള്ളവനത്യർത്ഥം സമുന്നദ്ധൻ
അർത്ഥാശ പാരം പ്രവർത്തിക്കയില്ലേതും താനു-
മെത്രയും മൂഢനവനെന്നല്ലോ ബുധമതം.

അർത്ഥത്തെത്തനിക്കുള്ളതഴിച്ചു പരാർത്ഥമായ്
മിത്രാർത്ഥം മിത്ഥ്യാചാരം ചെയ്തീടുന്നവൻ മൂഢൻ.
മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
പ്രത്യഹം ദുഷ്ടകർമ്മം ചെയ്തീടുന്നവൻ മൂഢൻ.

ഉൾപ്പൂവിൽ കൃത്യങ്ങളെസ്സംശയിച്ചനുദിനം
ക്ഷിപ്രാർത്ഥം കർമ്മം ചിരാൽ ചെയ്തീടുന്നവൻ മൂഢൻ.
അന്യമന്ദിരത്തിങ്കൽ ചൊല്ലാതെ ചെല്ലുകയും
തന്നോടു ചോദിയാതെ താനേറെപ്പറകയും

ഉദ്ധതനായുള്ളവൻതന്നെ വിശ്വസിക്കയും
ബദ്ധമോദേന ചെയ്തീടുന്നവൻ മഹാമൂഢൻ.
അന്യദോഷങ്ങൾ പറഞ്ഞേററവുമാക്ഷേപിക്കും
തന്നുടെ വർത്തമാനമവ്വണ്ണംതന്നെതാനും

പിന്നെത്താനൊരുവനുമീശനല്ലാതെയുള്ളോ-
നന്വഹം കോപിക്കയും ചെയ്തീടുന്നവൻ മൂഢൻ.
തന്നുടെ ബലമറിയാതെ ധർമ്മാർത്ഥം വിനാ
തന്നാൽ സാദ്ധ്യവുമല്ലയാത കർമ്മങ്ങൾ ചെയ്വാൻ

അന്നന്നു തുടങ്ങിയുമന്നന്നു മുടങ്ങിയും
പിന്നെയുമതിന്നാരംഭിച്ചീടുന്നവൻ മൂഢൻ.
ശിഷ്യനല്ലാതവനെ വെറുതേ ശാസിക്കയും
നിസ്സ്വനായുള്ളവനെ നിയതം സേവിക്കയും

ദുഷ്ടനെബ്ഭജിക്കയും ശിഷ്ടനെ നിന്ദിക്കയും
കഷ്ടമോർത്തോളമവനെത്രയും മഹാമൂഢൻ.

എഴുത്തച്ഛൻ—മഹാഭാരതം

## 59. ക്രൂരപ്രതികാരം

**ഭീമസേനൻ ദുശ്ശാസനന്റെ മാറിടം കീറി പ്രതിക്രിയ സാധിക്കുന്നു.**

വിരവിനോടു കൂടടുത്തു ചൊല്ലിനാൻ
വരിക വന്മദം കലർന്ന ദുർമ്മതേ!

വരിമിഴിയാളാം ദ്രുപദപുത്രിതൻ
പുരികുഴൽ ചുററിപ്പിടിച്ചിഴച്ചതും

തെരുതെരെത്തുകിലഴിച്ചതുമോരോ
പരിഭവം ഞങ്ങൾക്കകപ്പെട്ടതതും

മറന്നതില്ല ഞാനതിനു നിന്നുടൽ
നരസുരാസുരർ പലരും കാണവേ

അടലിടെ കുത്തിപ്പൊടിപ്പനിപ്പൊഴെ-
ന്നിടി വെട്ടുംവണ്ണം പൊട്ടപൊടെയാർത്താൻ.

കുതിരകളെക്കൊന്നൊടുക്കി സൂതനെ-
ക്കൊലചെയ്തു തേരുമഴിച്ചാൻ മാരുതി.

ദൃഢപ്രജ്ഞൻ ദുശ്ശാസനനും കോപമോ-
ടടുത്തു ശക്തികൾ ശരങ്ങൾ ചക്രങ്ങൾ

പൊഴിഞ്ഞു ഭീമൻ മെയ് മുറിച്ച തേരതു-
മഴിച്ചചാടിയൊന്നിടിപോലെയാത്താൻ.

എടുത്തിതു ഗദ പുനരിരുവരും
നടിച്ചു തങ്ങളിൽ പൊരുത പോർ പോലെ

അടുത്തൊരു യുദ്ധം നടിച്ചുണ്ടായ വി-
ല്ലടക്കളമൊക്കെ പ്പൊടിച്ചിരുവരും.

അടിച്ചാരന്യോന്യം തടുത്താർ പിന്നെയും
കൊടുത്തുകൊള്ളുവാൻ പഴുതു നോക്കിയും

കൊടുത്തുകൊള്ളാതെയൊഴിപ്പാൻ നോക്കിയും
തടുത്തുവാങ്ങിയു മടുത്തു തുങ്ങിയും

നടിച്ചിരുവരും പൊരുതതുനേരം
പൊടിച്ചിതു ദുശ്ശാസനനുടെ ഗദ.

പിടിച്ചാനന്നേരമണഞ്ഞു ഭീമനെ
ക്കടിച്ച മുഷ്ടികൾ ചുരുട്ടിക്കുത്തിയും

പൊടിച്ചൊഴുകിന രുധിരം കൈയ്കൊണ്ടു
വടിച്ചുവീഴ്ത്തിയും മിഴിയിലെച്ചോര

തുടച്ചും മുഷ്ടികൊണ്ടിടിച്ചും പല്ലുകൾ
കടിച്ചുമൂഴിയിൽ പതിച്ചുമപ്പൊഴേ

പുരണ്ടെഴുന്നേററും തിരണ്ട കോപത്താൽ
ഉരുണ്ട കണ്ണിണ പൊടിയാൽ മൂടിയും

കഴുത്തിൽ കൂർത്തുമൂർത്തിരിക്കുന്ന നഖം
പതിച്ചും വായ്പ്പൊട്ടും പറിച്ചുമെത്രയും

തിരിച്ചു കമ്പം കെട്ടിയും ചരണങ്ങൾ
ഞെരിച്ചു കൈയ്ത്തലം തിരിച്ചുമാകുലാൽ

പറിച്ചുമൂക്കോടു തലമുടി ചോര
തെറിച്ചു നാലു ദിക്കിലും ചിതറിയും

ഉരത്തൊടു പാഞ്ഞു മുരസ്സുതങ്ങളിൽ
കരത്തൊടു കരമുരച്ചുമൂഴിയിൽ

ഉറച്ചുനില്ലുയും ചവിട്ടുകൊണ്ടുപോയ്
തെറിച്ചുവീണുപോയുരുണ്ടുമപ്പൊഴേ

ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്നു ചിലർ

ജയം വരും വൃകോദരനെന്നു ചിലർ
ഭയം കളഞ്ഞു കാൺകടവെന്നു ചിലർ

ഭയം വരും കണ്ടാലെനിക്കെന്നു ചിലർ
ഭയങ്കരമിതു സമരമെന്നെല്ലാം

പറഞ്ഞു തങ്ങളിൽ വിവരിക്കുന്നേരം
കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി

ചുവട്ടിൽ മാറിനിന്നടി രണ്ടും വാരി
ചുവട്ടിലാക്കി മേൽക്കരയേറിക്കര—

മമർത്തു നന്നായിച്ചവിട്ടിനിന്നുകൊ—
ണ്ടമർത്ത്യമർത്ത്യന്മാർ പലരും കാണവേ

ചലിപ്പു കൈയ്‌വിട്ടങ്ങെടുത്തു കൈയ്‌വാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും

പൊട്ടുപൊടപ്പൊടിച്ചുടനുടനുടൻ
ചുടുചുടത്തിളച്ചുരുവിയാർപോലെ

തുടുതുട വന്ന രുധിരപൂരത്തെ
കുടകുടക്കുടിച്ചലറിച്ചാടിയും

പെരുവെള്ളം പോലെ വരുന്ന ശോണിത–
മൊരുതുള്ളി പോലും പുറത്തു പോകാതെ

കവിണ്ണ നന്നായിക്കിടന്നുകൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും

മദിച്ച മാരുതി ചിരിച്ചുചൊല്ലിനാൻ
മതിത്തിതു നാവു മുദരവുമെല്ലാം.

കുടർമാല മെല്ലെന്നെടുത്തുകൊണ്ടുടൻ
തുടർമാല പോലെ കഴുത്തിലിട്ടുകൊ–

ണ്ടുടക്കുളമെല്ലാം പൊടിപെടുംവണ്ണം
ഉടനുടൻ ചാടിത്തുടമേലേ തച്ചും.

എഴുത്തച്ഛൻ—മഹാഭാരതം

## 60. പാൎത്ഥസാരഥി

നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽ കൂട്ടി തിറമൊടു കെട്ടി

കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും

കുനുകുനച്ചിന്നും കുറുനിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരു പൊടി പററി

തിലകവുമൊട്ടു വിയർപ്പിനാൽ നന–
ഞ്ഞുലകു സൃഷ്ടിച്ചുഭരിച്ചു സംഹരി–

ച്ചിളകുന്ന ചില്ലീയുഗള ഭംഗിയും
അടിയാരെക്കുറിച്ചൊരു കരുണയും

കഠിനദുഷ്ടരോടെഴുന്ന കോപവും
മടുമൊഴിമാരിൽ വളർന്ന രാഗവും

കലഹം കണ്ടൊരത്ഭുതരസങ്ങളും
ചപലന്മാരോടു കലർന്ന ഹാസവും

എതിരിടുന്നോൎക്കു ഭയങ്കരത്വവും
പലവുമിങ്ങനെ നവ നവ രസ–

മിടയിടകൂടെക്കലർന്ന നേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന

കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക

സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളു-

മിളതായീടിന തളിരുകളുമാ-
യിടകലർന്നുടനിളകും മാലകൾ

തടയും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി

പിടിച്ചൊരു കരതലവും കുങ്കമം
മുഴക്കപ്പൂശിന തിരുമറു മാറും

നിറഞ്ഞ മഞ്ഞപ്പ ട്ടുകിലും കാഞ്ചികൾ
പദസരോരുഹ യുഗവുമെന്നുടെ

ഹൃദയം തന്നിലങ്ങിരിക്കുംപോലെയ-
മ്മണിരഥം തന്നിലകം കുളിക്കവേ
മണിവർണ്ണൻ തന്നെത്തെളിഞ്ഞു കണ്ടു ഞാൻ.

എഴുത്തച്ഛൻ—മഹാഭാരതം

## 61. ഗാന്ധാരിയുടെ ശോകം

യുദ്ധഭൂമൗ നിരത്തിക്കിടക്കുന്നൊരു
പുത്രസമൂഹവും മിത്രവർഗ്ഗങ്ങളും

ഗൃദ്ധ്രങ്ങൾ നാ നരി കാക സമൂഹവും
പക്ഷിഗണങ്ങളും നക്തഞ്ചരാദിയും

കണ്ടുകണ്ടിണ്ടൽ മുഴുത്തു ഗാന്ധാരി വൈ-
കുണ്ഠനാം മാധവൻ തന്നോടു ചൊല്ലിനാൾ.

കണ്ടീലയോ നീ മുകുന്ദ ധരണിയി-
ലുണ്ടായ മന്നരിൽ മുൻപൻ ഭഗദത്തൻ

തൻകരിവീരന്നരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ

വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ!

നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ

ചൊല്ലെഴുമർജ്ജുനൻ തൻെറ തിരുമകൻ
വല്ലവീ വല്ലഭ! നിൻെറ മരുമകൻ

കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻതന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ!

അല്ലലാകുന്നിതേ കണ്ടതോറുമെനി-
ക്കൊല്ലായ്കിലും പൊളിയല്ലിതു ദൈവമേ!

മന്ദസ്മിതം പൂണ്ട സുന്ദരമാം മുഖ-
മിന്ദീവരേക്ഷണ! കണ്ടാൽ പൊറുക്കുമോ?

എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ.

സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനംചെയ്തുരുളുന്നതും പാക്ക നീ.

അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
നില്ലയോ ഖേദം ചെറുതു നിൻ മാനസേ?

കല്ലുകൊണ്ടോ മനം താവകമെങ്കില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ.

അല്ലേ ഘടോൽകചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം.

നീലമല പോലെ കണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലപുരി പുക്കാൻ.

കണ്ഠം മുറിഞ്ഞ ജയദ്രഥൻ തന്നുടൽ
കണ്ടാലുമജ്ജുനനെയ്ത ശരത്തിനാൽ

എൻമകൾ ദുശ്ശള കേഴുന്നതോർത്തിനി-
ക്കെന്മനം വെന്തുരുകുന്നു ശിവശിവ!

ദ്രോണരെ സംസ്കരിപ്പിച്ച നിലമതാ
കാണുന്നിതാരണനായതതല്ലയോ?

ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേററവും
ശിഷ്ടനായൊരു ഗുരുവിനെക്കൊല്ലുവാൻ

മറെറാരുത്തനു തോന്നീടുമോ മാനസേ
മററുമിവനൊഴിഞ്ഞോക്കിൽ മഹാമതേ!

അയ്യോ! പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെന്മകൻ

മാരുതി കീറിപ്പിളർന്നു കടിച്ചൊരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ?

നീയെന്തിവണ്ണമെൻ മാധവാ! കാട്ടുവാൻ
തീയതു കത്തുന്നിതെന്നുള്ളിലീശ്വരാ?

മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെന്മാനസേ ഗോപതേ!

എൻെറ മകൻ ദുരിയോധനൻ തൻ മകൻ
തൻെറ ശരീരമതല്ലോ ദയാനിധേ!

ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷണ! നീയും ചതിച്ചിതോ ഞങ്ങളെ?

കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളേയിനിക്കെന്തിതു തോന്നുവാൻ?

കണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേററം പ്രധാനനായുള്ളവൻ

കുണ്ഡലമററതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.

വില്ലാളികളിൽ മുൻപുള്ളവൻ തന്നുടെ
വില്ലിതാ വേറേ കിടക്കുന്നിതീശ്വരാ!

കണ്ടാൽ മനോഹരനാമവൻ തന്നുടൽ
കണ്ടാലുമൻപോട്ട നായും നരികളും

ചെന്നുകടിച്ചു വലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരു കാരണം ദൈവമേ?

പൂരിച്ച ഖേദാൽ കരം മടിയിൽച്ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ.

ഉന്മൂലനാശനകാരണനാകിയ
ദുർമ്മതി വീരൻ ശകുനിയുടെയുടൽ

പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാൻ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ?

ഉണ്ണീ മകനേ ദുരിയോധന! തവ
പൊന്നിൻ കിരീടവും ഭൂഷണജാലവും

ഉമ്പർകോനൊത്തൊരു വൻപും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും

ഇട്ടുംകളഞ്ഞു ടനെന്നെയുമെത്രയു—
മിഷ്ടമായീടും പിതാവിനെത്തന്നെയും

പെട്ടെന്നപേക്ഷിച്ച പൊയ്ക്കൊണ്ടതെന്തു നീ
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!

പട്ടുകിടക്ക മേലേ കിടക്കുന്ന നീ
പട്ടുകിടക്കമാറായിതോ ചോരയിൽ?

പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചു കാലുമൊടിച്ചു കൊന്നിങ്ങനെ.

കണ്ടുകൂടായിനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.

എഴുത്തച്ഛൻ—മഹാഭാരതം

## 62. ഉണ്ണിക്കൃഷ്ണൻ

അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ

ഉണ്ണിക്കു പേരുണ്ണിക്കൃഷ്ണനെന്നങ്ങനെ
ഉണ്ണി വയററത്തു ചേറുമുണ്ടങ്ങനെ

ഉണ്ണിക്കൈ രണ്ടിലും വെണ്ണയുണ്ടങ്ങനെ
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ

ഉണ്ണിത്തളകൾ ചിലമ്പുമുണ്ടങ്ങനെ
ഉണ്ണിക്കാൽ രണ്ടും തുടുതുടയങ്ങനെ

ഉണ്ണിയരികിലോരേട്ടനുണ്ടങ്ങനെ
ചങ്ങാതിമാരായ പിള്ളേരുണ്ടങ്ങനെ

ശങ്കരൻ കൂടപ്പുകഴ്ത്തുന്നതിങ്ങനെ
വൃന്ദാവനത്തിലൊരാഘോഷമങ്ങനെ.

പൂന്താനം നമ്പൂരി

## 63. വൈകുണ്ഠദർശനം

പത്തു നൂറു സഹസ്രകിരണന്മാർ
ബദ്ധമോദമുദിക്കും കണക്കിനെ

വിളങ്ങീട്ടു നിരക്കവേ താഴികക്കുടങ്ങളതി ദൂരവേ കാണായി.

കനകക്കോടി തൻെറ മുകൾപ്പാട്ടിൽ
ഖഗരാജനിരിപ്പതും കാണായി.

കൊടിക്കൂറയോടൊപ്പമിരുന്നൊരു
കുട കൂടെ പല തരം കാണായി.

കാഞ്ചനമയമായ വിമാനങ്ങൾ
സഞ്ചരിക്കുന്നതൊക്കെയും കാണായി.

പ്രളയാംബുധിനാദം കണക്കിനെ
വലിപ്പത്തിലൊരാഘോഷം കേൾക്കായി.

സ്ഫടികംകൊണ്ടും വിദ്രുമംകൊണ്ടുമ-
ങ്ങിടചേർന്നു കിടങ്ങുകൾ കാണായി.

മതിബിംബത്തോടൊപ്പമുയർന്നൊരാ
മതിൽക്കൂട്ടങ്ങൾ വെവ്വേറെ കാണായി.

മതി പോരാഞ്ഞു നോക്കുന്നു പിന്നെയും
മതി പോരാ നമുക്കിതു വാഴ്ത്തുവാൻ.

നിരക്കവേ മണിഗോപുരപംക്തിയും
ഒരുപോലെ പ്രകാശിച്ചുകാണായി.

നില വെവ്വേറെ മേല്പോട്ടു നോക്കുമ്പോൾ
നിലയില്ല മനസ്സിനും കണ്ണിനും.

വിസ്മയത്തിൽ ചമഞ്ഞുകിടക്കുന്ന
രത്നസോപാനമാർഗ്ഗങ്ങളിൽ ചില

ഭക്തന്മാരുടനങ്ങോട്ടുമിങ്ങോട്ടും
ബദ്ധാനന്ദം നടപ്പതും കാണായി.

ലോകമാർഗ്ഗങ്ങൾപോലെ ശിവ ശിവ!
രാജമാർഗ്ഗങ്ങളൊക്കെയും കാണായി.

അളിവൃന്ദം മുരണ്ടു മുരണ്ടുടൻ
ഹരിഗാഥകൾ ചൊല്ലിനടക്കുന്നു.

ശംഖചക്രം ധരിച്ച പുരുഷന്മാർ
സംഖ്യയില്ല മഹാപുരി ചൂഴവും.

മജ്ജനസ്ഥലമുണ്ടു പല വിധം
സജ്ജനഹൃദയം പോലെ വെള്ളവും.

ഭക്തി പൂണ്ടുള്ള പക്ഷിമൃഗങ്ങളും
എത്ര മോഹനമുദ്യാനഭൂമിയിൽ.

സരസീരുഹകന്യക തന്നുടെ
ചരണങ്ങൾ പതിഞ്ഞു കിടക്കയോ?

വളഭീഷു നിരക്കവേയാനന്ദി-
ച്ചിളകാതെയിരിക്കുന്നു ഭക്തന്മാർ.

പച്ചക്കൽകൊണ്ടു വിഷ്ണുസ്വരൂപമായ്
കൊത്തിവച്ചൊരു പാവകളെപ്പോലെ

ആയിരക്കാൽ മണിമയമണ്ഡപം
മുഴങ്ങി സ്തുതിഘോഷമൊരേടത്തു്.

വിസ്മയങ്ങൾ പറവാൻ പണി പണി
രത്നകോടി പ്രഭാപടലംകൊണ്ടു്

ചിത്രമായെഴുമാസ്ഥാനമണ്ഡപം
ഇത്ര നീളമകലമെന്നുള്ളതും

തീർത്തുകൂടായി ദിവ്യന്മാർക്കാർക്കുമേ.
മുക്തിയെന്നു പറയുന്നിതെല്ലാരും

ഇത്ഥമെന്നറിയാമതു കാണുമ്പോൾ
അതു കണ്ടങ്ങിരിക്കവേ പിന്നെയും

അതിന്മേലൊരു വിസ്മയം കാണായി.
വെള്ളിമാമല മേലെയും മേലെയും

മണ്ഡലാകൃതി പൂണ്ടുകിടക്കയോ?
പള്ളികൊള്ളുന്ന പാൽക്കടൽ തൻ തിര

വെള്ളം തന്നെ പരന്നുകിടക്കയോ?
അനന്തനായ മൂലപ്രകൃതി താൻ

അനന്താകൃതി പൂണ്ടുകിടക്കയോ?
നിശ്ചയിച്ചു പറവാനരുതെന്റെ

പന്നഗേശ്വര! നിന്നെ വണങ്ങുന്നേൻ.

പൂന്താനംനമ്പൂരി—കുമാരാഹരണം പാന

## 64. മോഹവിഭ്രമം

സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചും
നാണം കെട്ടു നടിക്കുന്നിതു ചിലർ

മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതി കെട്ടു നടക്കുന്നിതു ചിലർ

കോലകങ്ങളിൽ സേവകരായിട്ടു
കോലം കെട്ടി ഞെളിയുന്നിതു ചിലർ

ശാന്തി ചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ

അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉൺമാൻ പോലും കൊടുക്കുന്നില്ലാ ചിലർ

സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ

വന്ദിതന്മാരെക്കാണുന്ന നേരത്തു
നിന്ദിച്ചത്ര പറയുന്നിതു ചിലർ

കാൺക നമ്മുടെ സംസാരംകൊണ്ടത്രേ
വിശ്വമീവണ്ണം നില്പ്പൂവെന്നും ചിലർ

ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവുമെനിക്കൊപ്പമെന്നും ചിലർ

സ്വർണ്ണങ്ങൾ നവരത്നങ്ങളെക്കൊണ്ടും
എണ്ണം കൂടാതെ വില്ക്കുന്നിതു ചിലർ

മത്തേഭം കൊണ്ടു കച്ചവടം ചെയ്തു
മുത്തമത്തുരഗങ്ങളതുകൊണ്ടും

അത്രയുമല്ല കപ്പൽ വെപ്പിച്ചിട്ടു–
മെത്ര നേടുന്നിതർത്ഥം ശിവ ശിവ!

വൃത്തിയും കെട്ടു ധൂർത്തരായെപ്പൊഴു–
മർത്ഥത്തെക്കൊതിച്ചെത്ര നശിക്കുന്നു.

അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തി വാരാ മനസ്സിന്നൊരുകാലം

പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും

ആയിരം പണം കൈയ്യിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും

ആശയായുള്ള പാശമതിങ്കേന്നു
വേർപെടാതെ കരയുന്നു മേല്ക്കുമേൽ.

സത്തുക്കൾ ചെന്നിരന്നാലായർത്ഥത്തിൽ
സ്വല്പം പോലും കൊടാ ചില ദുഷ്ടന്മാർ.

ചത്തുപോന്നേരം വസ്ത്രമതുപോലു–
മെത്തിടാ കൊണ്ടുപോവാനൊരുത്തർക്കും.

വിത്തത്തിലാശ പററുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ!

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

കൃഷ്ണ കൃഷ്ണ! നിരൂപിച്ചുകാണുമ്പോൾ
തൃഷ്ണകൊണ്ടേ ഭ്രമിക്കുന്നിതൊക്കെയും.

എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും.

പൂന്താനം നമ്പൂരി—ജ്ഞാനപ്പാന

## 65. പാൎത്ഥസാരഥി സ്തോത്രം

1

കെട്ടി വാർകുഴൽ വകഞ്ഞു പിന്നി–
 ലളകേഷു പീലികൾ തൊട്ടുത്തു പൂ–
മ്പട്ടുകൊണ്ടു വടിവോട്ടുടുത്തുരസി
 ഹാരമിട്ടു വനമാലയും
പൊട്ടണിഞ്ഞു നിടിലത്തടത്തി–
 ലടൽ പാർത്തു പാർത്ഥ രഥമേറി ച–
മ്മട്ടി മുഷ്ടിയിൽ മുറുക്കി നിന്നരുളു–
 മിഷ്ട ദൈവതമുപാസ്മഹേ.

2

ചെററഴിഞ്ഞ ചികുരോത്കരാം
 ചെറിയ താരകേശകല തോററ തു–
നെററിപാടു ചിതറും വിയർപ്പി–
 ലൊളിവുററു പററിന ഘനാളകാം

ഏററുവാനഭിമുഖീകൃതപ്രതി
 നവപ്രതോദവലയാമൊരൻ–
പുററു കാമപി കൃപാം കിരീടിരഥ
 രത്നദീപകലികാം ഭജേ.

3

നൂതനേന്ദുരമണീയ ഫാലഭൂവി
 പാകിടും ചില മനോഹര
സ്വേദപാതമുദിതാളകേ
 രഥപരാഗപൂര പരിശോഭിതേ
പാതി ചിമ്മിന വിലോചനേ
 വിഹര മന്ദഹാസ മയചന്ദ്രികാ–
ശീതളേ തിരുമുഖേ മനോവിജിത
 സാരസേ വിജയ സാരഥേഃ

4

അർദ്ധമീലിത വിലോചനം വര–
 തുരംഗപൂര ഖുരമേറെറാരോ
യുദ്ധഭൂമിയിലുറും നറുംപൊടി
 പൊഴിഞ്ഞഴിഞ്ഞ കബരീഭരം
ഹസ്ത പങ്കജലസൽ പ്രതോദ–
 മധിചിത്തമസ്തു മമ പാർത്ഥ സാ–
രഥ്യകേളി ലളിതം മനോജ്ഞ–
 മൊരു വസ്തു യാദവകുലോത്ഭവം.

5

മുട്ടുമാറു ഭുവനം തുരംഗ–
 രജസാ പതംഗജ മനോബലം
വാട്ടുമാറു ജയമീട്ടുമാറു
 വിജയന്നു വിക്രമപയോനിധേഃ
പേടി പൂണ്ടു പട തോററു മാററ–
 ലരതീവ നൂററുവർകളസ്തമേ–
റേറാട്ടമാററിയ തേർ കടാവിന
 പുരാണധാമ കലയാമഹേ.

6

പീലി ചിന്നി വിരിയുന്ന വേണിയിൽ
 മറഞ്ഞ കോമളമുഖാബ്ജമാ–
ലോലഹാരനവ ഹേമസൂത്ര
 വനമാലികാമകരകുണ്ഡലം

ഫാലബാലമതി മേലണിഞ്ഞ
　　കമനീയഘർമ്മകണികാംകുരം
കോലമഞ്ചിത രഥം ഗതം ജയതി
　　ജൈഷ്ണവം കിമപി വൈഷ്ണവം.

പൂന്താനം നമ്പൂരി

## 66. ആനന്ദ ചിന്മയം

1

ആനന്ദ ചിന്മയ ഹരേ ഗോപികാരമണ!
ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി
തോന്നേണമേ വരദ നാരായണായ നമഃ

2

അക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിനു
കണ്ണായിരുന്ന പൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു ഹരി നാരായണായ നമഃ

3

മൽപ്രാണനും പരനുമൊന്നെന്നുറപ്പവനു
തൽപ്രാണ ദേഹവുമനിത്യം കളത്രധനം
സ്വപ്നാദിയിൽപ്പലവു കണ്ടാലുണർന്നവനൊ-
ടൊപ്പം ഗ്രഹിക്ക ഹരി നാരായണായ നമഃ

എഴുത്തച്ഛൻ—ഹരിനാമകീർത്തനം

## 67. പ്രഭാതകീർത്തനം

1

അരുതാഞ്ഞു കിടന്നേനറിവുതാകാഞ്ഞു തളർന്നേ-
നരുണോദയ സമയം വരുമളവേവമുണർന്നേൻ
പെരുതാക്കുക മമ പാത്രത പരമാർത്ഥവിചാരേ
പരമേശ്വര! ജയ ഭാസ്കര! കരുണാകര! ശരണം.

2

ആത്താദരമുത്താരണർ വാഴ്ത്തും മനു കേൾപ്പാൻ
ആസ്ഥാപരനായ്ത്താമര വീഴ്ത്തും മധുവുൺമാൻ
ആസ്ഥാനമുദാത്താകൃതമൂർദ്ധാവുദയാദ്രേ-
രാത്താത്തിനുദാസ്തേ ജയ മാർത്താണ്ഡ നമസ്തേ.

3

ഇനനായതു ഭുവനേ നന ദിനനായകനിവനേ
ജനനാവനഹനനാദികൾ തുനിയുന്നതു തനിയേ
തുണയായതു വിധിമാധവഗിരിശാദികൾ പലരും
വിനതാപതി സവിതാപദി സവിതാ മമ ശരണം.

4

ഈരാറുള മേഷാദികളീരാശികൾ തോറും
താരേശനൊടോരോ ദിനമാരാധന വാങ്ങി
വാരാശി ചകോരാരണർ പോരായ്മകൾ തീർപ്പാൻ
നേരേ തുണ ചെയ്യുന്ന സഹസ്രാംശുമുപാസേ.

5

ഉടലാമൊരു നിഗമാഗമപടലീകുടി നടുവേ
കുടിലേതര സരണൗ തവ വിട കൊള്ളുകിലുടനേ
ഘടതേ പരമമൃതം കില കടവക്കിതു കിടയാ
വിടകൊള്ളുവരിടിയോരിഹ ശ്രീ സൂര്യ നമസ്തേ.

6

ഏണാങ്കന നിന്നനുഗ്രകരാണാങ്കണമേറാൽ
കാണാം കവന മററുള്ള ഗ്രഹാണാം കഥ ദൂരേ
നൃണാമുരഗാണാമമരാണാമവനേ നീ
നീണാൾ മണിദീപം ജയ ഭാനോ ഭഗവാനേ.

7

ഐയ്യാറു ദിനം മാസമതീരാറ് ഋതുവെന്നും
മര്യാദകൾ കാലത്തിനു ദിഗ്ജാല വിഭാഗാൽ
ചെയ്യാഞ്ഞതു നീയെന്തിഹ വയ്യാവിധിയോ തേ
വയ്യാസഖിയാളോ ജയ ഭാനോ ഭഗവാനേ.

8

ഓടിച്ച രഥം വ്യോമനി പീഡിച്ച തമിസ്രം
ചാടിച്ച ഗുഹായാം ബത താഡിച്ച കരാഗ്രൈഃ
മേടിച്ച സപര്യാഗണമാടീ സുഖവാർദ്ധൗ
ക്രീഡിപ്പിതു നീ മാമകഭാനോ! ഭഗവാനേ!

9

അംഭോരുഹവാടീകുലസംഭോഗരസജ്ഞം
ദംഭോളി ധരാദ്യൈരപി സംഭാവിതമൂർത്തിം
ഗുംഫേത മഹത്ത്വം ഏദി സന്ധായ വിധാനം
സംപൂർണ്ണമുപാസേ ജയ ഭാനോ ഭഗവാനേ.

[മേല്പുത്തൂർ നാരായണഭട്ടതിരി തന്റെ ഭാര്യയ്ക്കു് പ്രഭാതസങ്കീർത്തനത്തിന്നായി രചിച്ചതു് എന്നു് ഒരു പഴയ ഗ്രന്ഥത്തിൽ ഈ കീർത്തനത്തിന്റെ അവസാനത്തിൽ എഴുതിക്കാണുന്നു. കേ. സാ. ച. III. 274]

## 68. ഉമ്മാ വിലാപം

കേരളത്തിൽ വന്ന മലയാളഭാഷ പഠിച്ച് ആ ഭാഷയിൽ കാവ്യരചന ചെയ്ത മഹാനായ യൂറോപ്യൻ മിഷ്യനറി ആയിരുന്ന അർണ്ണോസ്. അദ്ദേഹത്തിൻെറ കൃതികരം ഉമ്മാപർവ്വം, ചതുരന്ത്യം, പുത്തൻപാന, വ്യാകുല പ്രബന്ധം, വ്യാകുലപ്രയോഗം, ആത്മാനുതാപം, മലയാള വ്യാകരണം മുതലായവയാണ്. ഉമ്മാവിലാപം യേശുവിൻെറ കുരിശാരോഹണത്തെപ്പററി ദൈവമാതാവായ ഉമ്മായുടെ ഹൃദയഭേദകമായ ഒരു വിലാപമാണ്.

എന്മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ
ജന്മദോഷത്തിൻെറ ഭാരമൊഴിച്ചോ പുത്ര!

പണ്ടു മുന്നോർ കടംകൊണ്ടു കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായിപ്പിറന്നോ പുത്ര!

ആദമാദി നരവർഗ്ഗം ഭീതി കൂടാതേ പിഴച്ച
ഹേതുവതിനുത്തരം നീ ചെയ്തിതോ പുത്ര!

നന്നു നന്നു നരരക്ഷ നന്ദിയത്രേ ചെയ്തതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!

മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ നീ ചെയ്തിവയെങ്കിൽ
നന്നിതയ്യോ! മുന്നമേ നീ മരിച്ചോ പുത്ര!

വാത്തമുമ്പേയറിയിച്ച യാത്ര നീയെന്നോടു ചൊല്ലി
ഗാത്രദത്തം മാനുഷർക്കു കൊടുത്തോ പുത്ര!

മാനുഷർക്കു നിൻപിതാവു മനോഗുണം നല്കുവാനായ്
മനസ്സ്വാസ്ഥ്യമപേക്ഷിച്ചു കേണിതോ പുത്ര!

ചിന്തയുററങ്ങുപേക്ഷിച്ചു ചിന്ത വെന്ത സംഭ്രമത്താൽ
ചിന്തിച്ചോര വിയർത്തു നീ കുളിച്ചിതോ പുത്ര!

വിണ്ണിലോട്ടു നോക്കി നിൻെറ കണ്ണിലും നീ ചോര ചിന്തി
മണ്ണു കൂടെ ചോരയാലെ നനച്ചോ പുത്ര!

ഭൂമി ദോഷാൽ വലഞ്ഞോറെ സ്വാമി നിൻെറ ചോരയാലെ
ഭൂമിതൻെറ ശാപവും നീയൊഴിച്ചോ പുത്ര!

ഇങ്ങനെ മാനുഷർക്കു നീ മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോടും ശ്രമിച്ചോ പുത്ര!

വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനിപ്പതിന്നായ്
കാലമേ പാപികരം നിന്നെ വളഞ്ഞോ പുത്ര!

ഒത്തപോലെ ഒററികള്ളൻ മുത്തി നിന്നെ കാട്ടിയപ്പോരം
ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!

എത്ര നാളായ് നീയവനെ വളർത്തുപാലിച്ച നീചൻ
ശത്രുകയ്യിൽ വിററു നിന്നെ കൊട്ടത്തോ പുത്ര!

നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശു നല്കായിരുന്നയ്യോ ചതിച്ചോ പുത്ര!

ചോരനെപ്പോലെ പിടിച്ചു കരമോടെ കരം കെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!

പിന്നെ ഹന്നാൻ തൻെറ മുമ്പിൽവച്ചു നിൻെറ കവിളിന്മേൽ
മന്നിലേക്ക നീചപാപിയടിച്ചോ പുത്ര!

പിന്നെ ന്യായം വിധിപ്പിപ്പാൻ ചെന്നുകയ്യേപ്പാടെ മുമ്പിൽ
നിന്ദചെയ്തു നിന്നെ നീചൻ വധിച്ചോ പുത്ര!

സർവ്വരേയും വിധിക്കുന്ന സർവ സൃഷ്ടിസ്ഥിതി നാഥ!
സർവ്വനീചനവൻ നിന്നെ വിധിച്ചോ പുത്ര!

കാരണം കൂടാതെ നിന്നെക്കൊലചെയ്യാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ കൊട്ടത്തോ പുത്ര!

അർണ്ണോസുപാതിരി—ഉമ്മാപർവം

## 69. മുക്തകത്രയം

1

കാക്കലും ചിലർ തലൈക്കലും പുന—
രിരുന്നുകൊണ്ടുകരയുന്ന നാൾ
കാക്കമോ മരണകാലമെന്നുടലി—
താക്കു വേണ്ടുവതു കശ്മലം?
കാക്ക നാ നരി വലിക്കയോ പുഴ—
വരിക്കയോ ചുടുകയോ ദൃഢം?
കാക്ക കാക്കലുടനാക്കി മുക്കതലെ
മേവുമെൻ ജനനിയാശ്രയം.

അജ്ഞാതനാമാ

2

ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു മുറി—
സ്സോമൻ കറുപ്പും ഗളേ
കണ്ടാൽ നല്ലടയാളമുള്ള കരമു—
ണ്ടെട്ടല്ലഹോ പിന്നെയും

തോലെന്യേ തുണിയില്ല തെല്ലുമരയിൽ
കേളേറ്റുമാന്തരെഴും
പോററീ! നിൻെറ ചരിത്രമത്ഭുതമഹോ!
ഭർഗ്ഗായ തുഭ്യം നമഃ

അജ്ഞാതനാമാ

3

ജാതീ! ജാതാനുകമ്പാ ഭവ, ശരണമയേ
മല്ലികേ! കുപ്പുകൈയ് തേ
കൈതേ! കൈതേരിമാക്കം കബരിയിലണിവാൻ
കയ്യിലാക്കം ദശായാം
ഖേദാനേതാൻ മദീയാൻ അലർശരപരിതാ-
പോദയാനാശു നീതാൻ
നീതാൻ നീതാനുണർത്തീടുക ചട്ടലമഷി
ക്കണ്ണിതൻ കണ്ണുമൂലേ

കോട്ടയം തമ്പുരാൻ

## 70. സുരസ്ത്രീവിമോഹനൻ

1

ഇന്ദ്രാണിയെത്തൊഴുതു ചന്ദ്രാന്വയാഭരണൻ
മന്ദം നടന്നഥ തുടങ്ങി
ഖേദവുമടങ്ങി
മുദപി ഏദി തിങ്ങി
തദനു ശചിയുടെ നയനമനുഗമനമതു ചെയ്തു
പുനരലസമിവ ബത മടങ്ങി.

2

തുംഗാദസൗ വിപുലഹർമ്മ്യാദിറങ്ങി പല
ശൃംഗാടകേ ഖലു വിളങ്ങീ
വിജയനുടെ ഭംഗി
വിരവിനൊടു പൊങ്ങി
അഖിലസുരയുവതിജന മദനശര വിവശതയൊ-
ടതികുതുക വാരിധിയിൽ മുങ്ങി.

3

അംഗീകരിച്ചു ചിലർ സംഗീതരീതി ചിലർ
ശൃംഗാരചേഷ്ടകൾ തുടങ്ങീ
ചിലർ മതി മയങ്ങീ
ചിലർ തല വണങ്ങീ
അതുപൊഴുതു വിജയനുടെ രൂപഗുണമാലോക്യ
കുഹചിദപി കുസുമശരനൊതുങ്ങീ.

4

ഉദ്യോഗമാർന്നുനിരവദ്യാംഗിമാർ ചിലർ
സുരോദ്യാന സീമനി നടന്നു
കൗതുകമിയന്നു
കാമിനികളന്നു
കുസുമനിര പരിചിനൊടിറുത്തു നിജകചമതി-
ലണിഞ്ഞു ബത ശോഭ തടവുന്നു.

5

പൂന്തേൻ നുകർന്നു സുരകാന്താജനങ്ങൾ നിജ
കാന്താനഹോ ബത മറന്നു
മന്ദതയുമാർന്നു
ചിന്തയിലകന്നു
ചിന്തുമൊരു ചന്തമൊടു ബന്ധുരതരാംഗികളു-
മാഹന്ത! നൃത്തം തുടർന്നു.

കോട്ടയം കേരളവർമ്മ—നിവാതകവചകാലകേയവധം

## 71. ശംഭുമോഹിനി

1

സ്വപ്നസന്നിഭ ശരീരവും തരള-
നൂപുരങ്ങൾ വലയങ്ങളും
ഗണ്ഡസഞ്ചലിത കുണ്ഡലങ്ങളു-
മുലഞ്ഞു താണ മണികാഞ്ചിയും
കുത്തഴിഞ്ഞു കിഴിയുന്ന പൂന്തുകിലു-
മൊട്ടഴിഞ്ഞ കചഭാരവും
മുത്തുപോലെ ചില ഘർമ്മബിന്ദുകൾ
മുഖാംബുജത്തിലുളവായതും

2

പന്തിടഞ്ഞ കുളുർകൊങ്ക രണ്ടു–
മിടതിങ്ങി കിഞ്ചന കുലുങ്ങിയും
പന്തടിച്ചു ഗിരിശന്നു നേരെ–
യൊരു മന്ദമാം ഗതിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവന–
മോഹനം ചില കടാക്ഷവും
ചിന്ത ചെയ്യതിനു മേ വരം തരിക
ശംഭുമോഹിനി! ദിവാനിശം.

കോട്ടയം തമ്പുരാൻ

## 72. കാലൻ കെട്ടിയിഴയ്ക്കുമ്പോഠം

മത്തവാരണങ്ങളും മുത്തണിമുലമാരു–
മെത്തി വന്നെതെരിട്ടമുത്തമക്കുതിരയും
പുത്തനായുള്ള നിജ പത്തനങ്ങളും തന്റെ
വിസ്തൃതമായ നല്ല രാജ്യവും ധനങ്ങളും
ചിത്രങ്ങളെഴുതിയ ഭിത്തിയും മണിക്കെട്ടും
ഛത്രവും ചാമരവും വിസ്തൃതം മണിയറ
ചിത്തമോദേന വാഴും ചിത്രമാം മാളികയു–
മുത്തമമുപധാനം മെത്തയും വിധാനവും
വേത്രങ്ങളെടുത്തഹോ! സ്തോത്രിക്കും ജനങ്ങളു–
മാർത്തു മുൻ നടക്കുന്ന ചീർത്തൊരു വീരന്മാരും
നട്ടുവന്മാരും നട്ടുമട്ടുകാരരും പിന്നെ
നർത്തകിമാരും നല്ല ദർപ്പണഗേഹങ്ങളും
പട്ടുകൾ നിറച്ചുള്ള പെട്ടികൾ വിവിധമാം
മുത്തുകളോടു നല്ല വജ്രവും വൈഡൂര്യവും
പത്മരാഗവും നല്ല ശില്പമാം പവിഴവും
മററുമിന്ദ്രനീലമെന്നിത്തരം പതിച്ചുള്ള
വിസ്മയമായ പല ഭൂഷണമുണ്ടെങ്കിലു
മൊട്ടുമേ വരാ കാലൻ കെട്ടിയിട്ടിഴയ്ക്കുമ്പോൾ.

കോട്ടയം കേരളവർമ്മ—വൈരാഗ്യചന്ദ്രോദയം

## 73. വിപിനരംഗം

1

കണ്ടാലതിമോദമുണ്ടായ്‌വരും വിപിനമിതു കണ്ടായോ?
കൊണ്ടൽ നിര തിമിരമിടയുന്ന തവ നീണ്ടുചുരുണ്ടൊരു
കചമിന്നു പല
വണ്ടുകളുടനുടനിഹ വന്നു മൃദുകണ്ടിവാർ കുഴലി കണ്ടുകണ്ടു പുന-
രിണ്ടൽ പൂണ്ടു ബത മണ്ടിടുന്നു.—കണ്ടാൽ

2

കീചകമിത കുഴലൂതുന്നു പിക ഗീത വിശേഷമൊടിട ചേർന്നു ഏദി
സൂചിതമോദമൊടിഹ നിന്നു ചില വല്ലികാനടികൾ
വായു സഞ്ചലിത
പല്ലവാംഗുലിഭിരഭിനയിക്കുന്നു.—കണ്ടാൽ

3

കുരവകതരു നിരകളിൽ നിന്നു ചില കുസുമനികരമിത
പൊഴിയുന്നു തവ
കുറുനിരകളിലിത വീഴുന്നു അതു കുവലയാക്ഷി കുതുകേന
നിന്നെയെതിരേല്ക്കുന്നെന്നിഹ തോന്നീടുന്നു.—കണ്ടാൽ

കോട്ടയം തമ്പുരാൻ—കിർമ്മീരവധം

## 74. വിജയപ്രാർത്ഥന

1

ഇടിനികരമൊടിടയും ഡിണ്ഡിമ-
പടുനിനദവുമിടയിടെ വെടിയും

പൊട്ടുപൊടെ നിലവിളികളുമായുധ-
മിടയുന്നൊരു ഝടഝടരവവും

ഝടിതി കിളർന്നെഴുമൊരു പൊടിയും
തടവിന്ന പടയുടനെ തട്ടപ്പാ-

നടിയനു യുധി പടുത തരേണം
കേശിമഥന നാഥ! തൊഴുന്നേൻ.

2

പരിപുഷ്ടാടോപമൊടടരിൽ ജന-
മെതിരിട്ടീടുമ്പോളടവികൾ

തരിപെട്ടീടും പടി പാഞ്ഞവ-
രിഹ പട്ടീടുവതിനു വേഗാൽ

ഒരു വട്ടമുണർന്നരുളീടുക
പരിതുഷ്ടി കലർന്നു വിഭോ! നീ

തിരുവട്ടാറതിൽ മരുവീടിന
കേശിമഥന നാഥ! തൊഴുന്നേൻ.

കോട്ടയം കേരളവമ്മ—പടസ്തുതി

## 75. ജയ ജനനി

എതിരില്ലാത്ത ശബ്ദാഡംബരംകൊണ്ടു സമുല്ലസിക്കുന്ന ഒരു കൃതിയാണു് ഗിരിജാകല്യാണം. ഇതിന്റെ കർത്താവു് ഉണ്ണായിവാരിയർ എന്നാണു് കരുതിവരുന്നതു്.

ജയ ജനനി! ജഗദുദയഭരണ ഹരണേക്ഷണേ!
ജംഗമാജംഗമ ബ്രഹ്മവിദ്യാമയീ!

ജയ ജനനീ! ശിവകമനി! ജയ ഭഗവതീ! ശിവേ!
ജന്തു സന്താന സന്തോഷ ചിന്താമണേ!

തവ ഭവതു പരമശിവനിനി മുഴുവനിഷ്ടദൻ
താരകബ്രഹ്മ ശരച്ചന്ദ്ര ചന്ദ്രികേ!

ജനനി! തവ മഹിമയിതു ജഗതി തതമെങ്കിലും
ജന്മാദി ഞങ്ങൾക്കുവേണ്ടി വേണ്ടിത്തവ.

ശരണമിഹ തവ ചരണയുഗളമിതു മാദൃശാം
ശങ്കരാലങ്കാര ശൃംഗാരശൃംഖലേ!

ഉണ്ണായിവാരിയർ—ഗിരിജാകല്യാണം

## 76. ഉണ്ണിയുമ

നീരദശ്യാമളകോമളഗാത്രിയെ
മാറിലെടുത്തു ചേർത്താരോമലിച്ചുടൻ
പാരം ചുരന്ന മുല കൊടുത്താനനം
ചാരുസ്മിതം കണ്ടിരുന്നതു മേനയും.

പുണ്യവാനായൊരു പർവ്വതരാജനും
കണ്ണുകൾകൊണ്ടു മകളെയും കണ്ടിരു–
ന്നന്തമില്ലാതൊരാനന്ദ വാരാന്നിധൗ
മന്ദരംപോലെ മറിഞ്ഞു മുഴുകിനാൻ.

കാലേ യഥോചിതം പുത്രിക്കു മന്നവൻ
കാളിയെന്നിങ്ങനെ പേരിട്ടു കൗതുകാൽ,
പാർവണ ചന്ദ്രാതിശായി മുഖീ തന്നെ—
പ്പാർവതിയെന്നു വിളിപ്പരെല്ലാവരും.

മേനയാം ദേവി വിളിപ്പതുമയെന്നും
മാനിനിമാരെല്ലാം ഉണ്ണിയുമയെന്നും
നാരായണൻെറ ഭഗിനിയെന്നോർക്കയാൽ
നാരായണിയെന്നു നാകനിവാസികൾ.

ദുർഗ്രഹ മാഹാത്മ്യ ശാലിനിയെന്നിട്ടു
ദുർഗ്ഗയെന്നോതി മുനികളെല്ലാവരും.
സീമയില്ലാത ഗുണഗണാ നിർമ്മിത—
നാമസഹസ്രമവർക്കായി മേൽക്കുമേൽ.

നന്നായ്ക്കുളിപ്പിച്ചു ഭസ്മം തൊടിയിച്ചു
കണ്ണെഴുതിച്ചു വയമ്പും കൊടുത്തുടൻ
പിന്നെമുലയും കൊടുത്തു കിടത്തിനാൾ
കണ്ണുകൾക്കാനന്ദമെന്തു പറവതും.

ഒട്ടൊട്ടറിവും മമതവും തോന്നിച്ച
ദൃഷ്ടിവിലാസങ്ങൾ ചട്ടററ പുഞ്ചിരി
നിശ്ചല ഭാവവും കൈകാൽ കുടച്ചില്ലു—
മിച്ഛ മുലയിലുൾക്കൊണ്ടു കരച്ചിലും.

അച്ഛനെന്നമ്മയെന്നോരോ സമയത്തി—
ലുച്ചാരണച്ഛായ തോന്നിച്ചൊരൊച്ചയും
നിച്ചലും കണ്ടങ്ങനുഭവിച്ചമ്മയു—
മച്ഛനും മററുള്ള ബന്ധുജനങ്ങളും.

ഉണ്ണായിവാരിയർ—ഗിരിജാകല്യാണം

## 77. ഹംസത്തിൻെറ കൃതജ്ഞത

1

ഊർജ്ജിതാശയ പാർത്ഥിവ! തവ ഞാൻ
 ഉപകാരം കര്യാം
ഓർത്തുകണ്ടോളമുത്തമനാം നീ
 ഉപമാ നഹി തവ മൂന്നുലകിലും—ഊർജ്ജി

ഭൂതലമഖിലം ഭൂലതികാ
 പരിപാതി നൃപാധിപ തേ

നൂതനസുഷമം വപുരഖിലേക്ഷണ
കൗതുകമാതനുതേ
ആദരണീയമശേഷമഹോ തവ
ഭൂതദയാവസതേ
ചൂതശരാഭ ഗുണൈരുചിതാ ദയിതാ തവ
ജാതു ന മിളിതാ സുലളിതാ—ഊർജ്ജി

2

ദർപ്പിതരിപുനൃപ കല്പകൃശാനു
വിദർഭമഹീരമണൻ
കെല്പുള്ള ഭീമനു ചൊൽപ്പെറ്റുമൊരു മക—
ളപ്രതിമാ ഭുവനേ
ത്വത്പ്രിയയാകിലനല്പഗുണത്വം
നിഷ്ഫലമല്ലയി തേ
തൽഘടനായ പ്രഗല്ഭത മേ മതിയാം
തരവേണമിന്നതിനായനുമതി—ഊർജ്ജി

3

കാമിനി രൂപിണി ശീലവതീ മണി
ഹേമാമോദസമാ
ഭീമനരേന്ദ്രസുതാ ദമയന്തി
നാമ രമാനവമാ
സാമരധാമവധൂമദഭ്രമവിരാമദ കോമളിമാ
ത്വാമനുരാഗിണിയാമതെനിക്കു ഭരം
അമരാധിപതിം അപഹായ രാഗിണം—ഊർജ്ജി

ഉണ്ണായി വാരിയർ—നളചരിതം കഥകളി

## 78. നീയല്ലാതെ ഗതിയില്ല

1

പ്രിയമാനസ നീ പോയ്വരേണം
പ്രിയയോടെൻെറ വാർത്തകൾ ചൊൽവാൻ
പ്രിയമെന്നോർത്തിതു പറകയോ മയി
ക്രിയകൊണ്ടേവമിരുന്നീടുമോ നീ—പ്രിയ

2

പലരും ചൊല്ലിക്കേട്ടു നളിനമുഖിതൻ കഥ
ബലവദംഗജാർത്തി പെരുത്തിതു ഹൃദി മേ
ഒരുവൻ സഹായമില്ലെന്നുരുതര വേദനയാ
മരുവുന്നനേരം നിൻെറ പരിചയം വന്നു ദൈവാൽ—പ്രിയ

3

അഖിലവും കേട്ടു ധരിച്ചഴകൊടു ചൊല്ലുവാനും
സുഖമായങ്ങുമിങ്ങും നടന്നെത്തുവാനും
ന ഖലു സന്ദേഹം വിധി മികവേറും നിന്നെ മമ–
സഖിയായിട്ടല്ല നല്ല നിധിയായിട്ടല്ലോ തന്നു–പ്രിയ

4

വചനകൗശലേന കാമിനിമാർ മണിയെ
വശഗയാക്കി മമ തരിക സഖേ! നീ
ഇതിനു പ്രതിക്രിയയോ വിധി തന്നെ തവ ചെയ്യും
ചതിയല്ലാ നീയല്ലാതൊരു ഗതിയില്ലിന്നെനിക്കാരും–പ്രിയ

ഉണ്ണായിവാരിയർ—നളചരിതം കഥകളി

## 79. കണ്ണിനഴൽ തീർന്നു

1

ദൈത്യാരിപൂർവ്വജനു ദൂത്യം സമേത്യ നിജ
സാധ്യം വെടിഞ്ഞു നിഷധേന്ദ്രൻ
സേനയിഹ നിർത്തി–താനഥ നടന്നു
ദാന്തദമഭഗിനിയുടെ കാന്തിനദിയതിൽ മുഴുകി
നീന്തുവതിനുഴറി മിഴി രണ്ടും.

2

ബഹളേ ജനേ പഥിഷു സബലേഷു ഭൂപതിഷു
ചപലേ മഹീസുര സമൂഹേ
പലരെയുമുരുമ്മി–പരിചൊടു നടന്നു
പെരിയ പരിചയമുടയ പരിഷയുടെ നടുവിലുട–
നവിദിതനു കുതുകമവനാസീൽ.

3

ധന്യോഥ രക്ഷിജനകണ്ണാലലക്ഷ്യ തനു
കന്യാപുരത്തിനു കടന്നു;
കണ്ണിനഴൽ തീർന്നു–കണ്ടു ദമയന്തീം
താഞ്ചനഖനിരകൾ മുതൽ പുഞ്ചികുര തതിയറുതി
വാഞ്ഛയൊടു നികട ഭുവി കണ്ടു.

4

അമരേന്ദ്ര ദൂതനിവനപരാധമോർത്തു മന
മുപരോധനേന വശമാക്കി
മറവകലുവാനായ്—മനസി കൊതി പൂണ്ടു
അതിമധുരതരവപുഷമരികിലുടനൊരുപുരുഷ—
മമൃതമൊഴി സഖികളൊടു കണ്ടു.

ഉണ്ണായിവാരിയർ—നളചരിതം കഥകളി

## 80. സാമ്യമകന്നോരുദ്യാനം

1

സാമ്യമകന്നോരുദ്യാനം എത്രയുമാഭി—
രമ്യമതിനുണ്ടതു നൂനം
ഗ്രാമ്യം നന്ദനവനമരമ്യം ചൈത്രരഥവും
കാമ്യം നിനക്കുന്നാകിൽ സാമ്യമല്ലിതു രണ്ടും—സാമ്യ

2

കങ്കേളി ചമ്പകാദികൾ പൂത്തുനില്ക്കുന്നു
ശങ്കേ വസന്തമായാതം
ഭൃംഗാദി നിറയുന്നു പാടലപടലിയിൽ
കിം കേതകങ്ങളിൽ മൃഗാങ്കനുദിക്കയല്ലീ?

3

പൂത്തും തളിർത്തുമല്ലാതെ ഭൂരുഹങ്ങളിൽ
പേർത്തുമൊന്നില്ലിവിടെക്കാണ്മാൻ.
ആർത്തുനടക്കും വണ്ടിൻ ചാർത്തും കുയിൽകുലവും
വാഴ്ത്തുന്നു മദനൻെറ കീർത്തിയെ മറ്റൊന്നില്ല—സാമ്യ

4

സർവ്വർത്തുരമണീയമേതൽ
പൊന്മയക്രീഡാപർവ്വതമെത്രയും വിചിത്രം
ഗർവ്വിത ഹംസകോകം ക്രീഡാതടാകമിതു
നിർവൃതികരങ്ങളിലീവണ്ണം മറ്റൊന്നില്ല—സാമ്യ

ഉണ്ണായിവാരിയർ—നളചരിതം കഥകളി

## 81. ഉണ്ണികൃഷ്ണന്റെ പശുപാലനം

1

പരിചോട്ട യശോദ താൻ വിളിച്ച–
ങ്ങരികെച്ചേർത്തു പുണർന്നു മന്ദമന്ദം
പുരികുന്തലഴിച്ചു ഭംഗിയോടേ
തരസാ കെട്ടി മുഖാംബുജം മിനുക്കി.

2

വലയങ്ങളണിഞ്ഞു പാണിയുഗ്മേ
പുലിയൻമോതിരവും ഗളാന്തരാളേ
മണി കിങ്ങിണികാഞ്ചിയും നിതംബേ
മണമേറും കുസുമഞ്ച കേശപാശേ.

3

ചരണേ മണിനൂപുരം ധരിപ്പി–
ച്ചരവിന്ദാക്ഷനെയങ്ങു യാത്രയാക്കി
മുസലായുധ വേഷവും തഥൈവ
പ്രസഭം ചെയ്തിതു ചിത്തകൗതുകേന.

4

നനു പാണിതലേ വഹിച്ചു ശൃംഗം
പുനരോടക്കുഴലും വളഞ്ഞ കൊമ്പും
പശുപാലക ബാലരോട്ടുകൂടി–
യ്യിശ്ശു ധേനുക്കളെയും തെളിച്ചു കൃഷ്ണൻ.

5

അടവീതടവീഥിയിൽക്കളിപ്പാൻ
നടകൊണ്ടാനുടനഗ്രജേന സാകം
അടിയാകിന പങ്കജേ വിളങ്ങും
പൊടികൊണ്ടാശു വനം വിശുദ്ധമാക്കി.

6

മധുസൂദനപാദരേണു സംഗാ–
ലധികം ശോഭിതമായി കാനനാന്തം
മധുമാരി ചൊരിഞ്ഞു പുഷ്പജാലേ
മധുപാളീ മധുപാനവും തുടങ്ങി.

7

മയിലും കുയിലും മദം തുടങ്ങീ
മുയലും മാനുകളും കളിച്ചുമേവി
മലയും നിലയും മരങ്ങൾ പുല്ലും
കലയും പന്നിയുമേററമുല്ലസിച്ചു.

8

ഹരിയും കരിയും വെടിഞ്ഞു വൈരം
നരിയും പന്നിയുമൊന്നുപോലെയായി
ഉരഗം ബത! കീരിയും നിരന്നു
നരകാരാതി വനേ വസിച്ച കാലം.

കുഞ്ചൻനമ്പ്യാർ—ശ്രീകൃഷ്ണചരിതം

## 82. കദളീവനം

ശ്യാമളം നല്ല കദളീ മഹാവനം
കോമള ശ്രീ പൂർണ്ണമാശു കണ്ടീടിനാൻ,

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ്പ്പഴുത്ത പഴങ്ങളും

ഉച്ചത്തിലങ്ങനെ കണ്ടാൽപ്പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള

മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള

ലീലാവിലാസേന നില്ക്കുന്ന വാഴകൾ.
ബാലാനിലൻ വന്നു തട്ടുന്ന നേരത്തു

കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ

കാലാത്മജാനുജൻ വീരൻ വൃകോദരൻ.
താഴത്തു ഭാഗത്തു വീണുകിടക്കുന്ന

വാഴപ്പഴംകൊണ്ടു മൂടീ മഹീതലം
പാഴററ പട്ടു വിരിച്ച കണക്കിനേ

വാഴയ്ക്കു ചുററും പ്രകാശമുണ്ടെപ്പൊഴും.
വാവലും കാക്കയും പച്ചക്കിളികളും

പ്രാവും പരുന്തും പറന്നു നടക്കുന്ന
പക്ഷികൾ വന്നിപ്പഴുത്ത പഴങ്ങളെ

ഭക്ഷിക്കുമാറില്ല പേടികൊണ്ടാരുമേ.

കുഞ്ചൻനമ്പ്യാർ—കല്യാണസൗഗന്ധികം തുള്ളൽ

## 83. ഔദ്ധത്യഭംഗം

പാഞ്ചാലിയുടെ അപേക്ഷയനുസരിച്ച് കല്യാണസൗഗന്ധികപുഷ്പം കൊണ്ടുവരാൻ പുറപ്പെട്ട ഭീമസേനന്റെ ഔദ്ധത്യം അടക്കാൻ ഒരു മൂത്ത കുരങ്ങിന്റെ വേഷത്തിൽ ഹനുമാൻ വഴിയിൽ ചെന്നുകിടന്നു. വഴി വിട്ടു മാറിക്കിടക്കാൻ പറഞ്ഞ ഭീമനോടു ഹനുമാന്റെ മറുപടിയാണ് പ്രസ്തുത ഭാഗം. കുഞ്ചൻനമ്പ്യാരുടെ പരിഹാസപാടവം ഇവിടെ പരമകോടിയിൽ പ്രകാശിക്കുന്നു.

ഉദ്ധതനാകുന്ന ഭീമസേനൻ തന്റെ
പദ്ധതി തന്നിൽ മുടക്കിക്കിടക്കുന്ന

വൃദ്ധനായോരു ബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ.

നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ നീയങ്ങു മാറിക്കിടാ ശഠാ!

ദുർഘടസ്ഥാനത്തു വന്നു ശയിപ്പാൻ നി-
നക്കെടാ തോന്നുവാനെന്തെടാ സംഗതി?

നാട്ടിൽ പ്രഭുക്കളെ ക്കണ്ടാലറിയാത്ത
കാട്ടിൽ ക്കിടക്കുന്ന മൂളിക്കുരങ്ങു നീ.

ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നുപിറന്നു വളർന്നു നീ.

ചാട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മററാരുമില്ലാത്തതെന്തെടാ?

പെട്ടെന്നെഴുന്നേററു പോകായ്കിലാപത്തു
പെട്ടീടുമെന്നു ധരിക്ക നീ വാനര!

ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:

ഏററം കയർത്തു പറയുന്നതെന്തു നീ
ഏററുമാറാനെനിക്കേതുമെളുതല്ല.

മറെറാരു മാർഗ്ഗമായ് പൊയ്ക്കൊള്ളണേ ഭവാൻ
കുററമല്ലിക്കുരങ്ങച്ചനെക്കാണെടോ:

കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡം പലതുണ്ടു പൊയ്യല്ല കണ്ടുകൊൾ:

പാരം വലഞ്ഞു കിടക്കുന്നവർകളോ-
ടാരുമീവണ്ണം കലമ്പുമാറില്ലെടോ;

നേർവഴി വിട്ടു രണ്ടു ചുവടങ്ങോട്ടു
മാറിയാലെന്തു വൈഷമ്യം നിനക്കെടോ?

മാരുതി വൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതി ഭീമൻ കയർത്തു ചൊല്ലീടിനാൻ.

ആരെന്നറിഞ്ഞു പറഞ്ഞു് നീ വാനര
പാരം മുഴക്കുന്നു ധിക്കാരസാഹസം.

പൂരുവംശത്തിൽപ്പിറന്നു വളർന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു

വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോക്ക നീ.

നേരായ മാർഗ്ഗം വെടിഞ്ഞു് നടക്കയി-
ല്ലാരോടുമിജ്ജനം തോല്ക്കുയുമില്ലെടോ.

മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽപ്പതിക്കും ഗദാഗ്രമെന്നോക്കണം.

ഏറെപ്പറയാതെഴുന്നേററു ദൂരത്തു
മാറിക്കിടക്ക നീ മക്കട പ്രാകൃത.

സജ്ജനാചാരം പിടിപെടാതുള്ളൊരു
ദുർജ്ജനം നമ്മെ ദൂഷിപ്പാനൊരുമ്പെട്ടു

ലജ്ജ കൂടാതെ വഴി മുടക്കീടിനാ-
ലർജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ.

ധമ്മപ്രകാരം ഗ്രഹിക്കാത്ത നിന്നോടു
ധമ്മം പറവാൻ നമുക്കെന്തു സംഗതി?

ധമ്മപുത്രാനുജൻ ധമ്മം വെടിഞ്ഞൊരു
കമ്മങ്ങൾ ചെയ്കയില്ലെന്നു ബോധിക്കണം.

എന്നുള്ള വാക്കുകൾ കേട്ടു ചിരിച്ചുകൊ-
ണ്ടൊന്നരുൾ ചെയ്തു ഹനുമാനുമിങ്ങനെ:

നന്നെടോ ഭീമ! നയജ്ഞൻ ഭവാനിന്നു
ചൊന്ന വാക്കെല്ലാം കണക്കിനു കൂടുമോ?

ധമ്മജൻ മുമ്പായ ധാമ്മികന്മാർ നിങ്ങൾ
ധമ്മമല്ലാതൊന്നും ചെയ്യുകയില്ലയോ?

പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ! നിങ്ങൾ

അഞ്ചു പേരും ചെന്നു കൈയ്ക്കു പിടിച്ചുകൊ–
ണ്ടഞ്ചാതെ വേളി കഴിച്ചെന്നു കേട്ടു ഞാൻ.

അഞ്ചെങ്കിലഞ്ചും കണക്കെന്നവർക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും നിങ്ങ–

ളഞ്ചു ജനത്തെയും കൺമുനത്തല്ലിനാൽ.
വഞ്ചിപ്പതിന്നവൾ പോരും വൃകോദര!

നേരായ മാർഗ്ഗം വെടിഞ്ഞു നടക്കാത്ത
വീരൻ വൃകോദരൻ ഞാനെന്നു നമ്മുടെ

നേരേയണഞ്ഞു പറവാൻ മടിയില്ല
നാരായണ! ശിവ! മററെന്തു ചൊൽവതു്?

തോററീടുമാറില്ല ഞങ്ങളെന്നിങ്ങനെ
കാററിൻ മകൻ നീ പറഞ്ഞതും വിസ്മയം!

നൂററുപേർ നിങ്ങടെ നാടും നഗരവും
കൂററുകാരേയുമടക്കി വച്ചീലയോ?

കാററും മഴമഞ്ഞുമേററുകൊണ്ടെപ്പൊഴും
കാട്ടിൽക്കിടക്കുന്ന കൂട്ടമല്ലേ നിങ്ങൾ?

കാട്ടിൽ കിടക്കുന്ന ദുർമാർഗ്ഗശക്തിയാൽ
വീട്ടിൽ കിടക്കാൻ വിധിയില്ല നിങ്ങൾക്കു്.

നാട്ടിൽനിന്നാശു സുയോധന മന്നന–
ങ്ങാട്ടിക്കളഞ്ഞതിൽപ്പിന്നെയൊരിക്കലും

നാട്ടിൽ കിടപ്പാൻ കഴിയുന്നതുമില്ല
കാട്ടിൽ സുഖമെങ്കിലായതും കോളല്ല.

കല്ലിലും പുല്ലിലും കാലേൽത്തറയ്ക്കുന്ന
മുള്ളിലും വള്ളികൾക്കുള്ളിലും കുണ്ടിലും

തള്ളിയലച്ചു നടക്കുന്ന നിങ്ങടെ
ഭള്ളുകൾക്കേതും കുറവില്ല നന്നെടോ.

കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം

ഉള്ളിൽ ഭയം പൂണ്ടു മണ്ടുന്ന നിങ്ങളെ–
ത്തുള്ളിപ്പതിന്നൊരു പെണ്ണും പുറപ്പെട്ടു.

കണ്ട വസ്തുക്കളിൽ കാംക്ഷയുണ്ടായവൾ
കൊണ്ടുവാ കൊണ്ടുവാ എന്നു കല്പിക്കയും

ശങ്ക കൂടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും.

കണ്ടനേരം തന്നെ നിൻെറ പരാക്രമ–
മുണ്ടായ്‌ നമുക്കെന്നറിക വൃകോദര!

ദുർഭാഷണം കേട്ടു കോപിച്ചു ഭീമനും
സദ്ഭാവമെല്ലാം മതി മതി വാനര!

കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ
പാഞ്ഞു നടക്കും മരഞ്ചാടി മൂഢനെ

ഭഞ്ജനംചെയ്യാൻ മടിക്കുന്നു ഞാൻ മുററു–
മഞ്ജനാപുത്രൻെറ ജാതിയെന്നോർക്കയാൽ.

ഭീമസേനൻെറ പരാക്രമമൊന്നുമീ
ധൂമകേതു കുരങ്ങച്ചാർ ഗ്രഹിച്ചീല!

രക്ഷസ്സുകൾക്കു വരനാം ഹിഡിംബൻെറ
വക്ഷസ്സു തല്ലിപ്പിളർന്ന വൃകോദരൻ.

രൂക്ഷത പൂണ്ട ബകനാമരക്കനെ
കാൽക്ഷണം കാലനൂർ കാട്ടിക്കൊടുത്തതും

കൊമ്പൻ കൊലയാന തുമ്പിക്കരംകൊണ്ടു
വമ്പിച്ച സാലം പിളർന്ന കണക്കിനെ

ഡംഭിച്ചു വന്ന ജരാസന്ധമന്നൻെറ
ജൃംഭിച്ച വിഗ്രഹം രണ്ടായ്‌പ്പിളർന്നതും

കിമ്മീരനായ നിശാചര വീരൻെറ
മമ്മങ്ങൾതോറും ഗദകൊണ്ടടിച്ചതും

നിർമ്മൂലനംചെയ്തു താപസന്മാരുടെ
ധമ്മസംരക്ഷണംചെയ്തു വൃകോദരൻ

ഇത്ഥം പരാക്രമപ്രൗഢനാമെന്നോടു
സിദ്ധമല്ലാതൊരു വൃദ്ധപ്ലവംഗമൻ

നിമ്മരിയാദം ദുഷിച്ചു പറകയോ
ദുർമ്മുഖ പോടാ ബലീമുഖ ദുർമ്മതേ!

അഞ്ജനാപുത്രനരുൾ ചെയ്തിതന്നേരം
ഭഞ്ജനം ചെയ്യാൻ മടിക്കേണ്ട നീ സഖേ!

രാക്ഷസന്മാരെക്കൊല ചെയ്തു നിന്നുടെ
രൂക്ഷസന്നാഹങ്ങൾ ഇന്നെങ്ങു പോയെടോ?

ദുശ്ശാസനൻ പണ്ടു ദുര്യോധനോക്തമാം
ദുശ്ശാസനംകൊണ്ടു മണ്ടിവന്നങ്ങനെ

അഞ്ചു പേർ നിങ്ങളും കണ്ടുനിൽക്കെത്തന്നെ
പാഞ്ചാലിയെച്ചെന്നടിച്ചു തലമുടി

ചുററിപ്പിടിച്ചു വലിച്ചിഴച്ചങ്ങനെ
മററും മഹാജനം നോക്കിനില്ക്കും വിധൗ

മുററത്തുകൊണ്ടങ്ങു താഡിച്ചു താഡിച്ചു
തെറെറന്നുടുത്ത പുടവ വലിച്ചഴി–

ച്ചുററമില്ലാതുള്ളപരാധവും ചെയ്തു.
കണ്ണും മിഴിച്ചങ്ങു കണ്ടു നിന്നീടിന

പൊണ്ണത്തടിയനാം നിൻെറ പരാക്രമം
കാശിക്കു പോയോ കഥിക്ക വൃകോദര.

കുഞ്ചൻനമ്പ്യാർ—കല്യാണസൗഗന്ധികം തുള്ളൽ

## 84. കാലനില്ലാത്ത കാലം

മിത്രപുത്രൻ ധർമ്മരാജൻ സത്രമൊന്നു സമാരംഭി–
ച്ചെത്ര നാളുണ്ടവൻ ദീക്ഷിച്ചത്ര തന്നെ വസിക്കുന്നു.

ധാത്രിവാസി ജനങ്ങൾക്കു മരണാവും നാസ്തിയായി
പാർത്തുകണ്ടാലെത്ര കഷ്ടം! കാലനേതും കൂട്ടമില്ല.

വൃദ്ധന്മാരൊരു കൂട്ടം നിറഞ്ഞു ഭൂതലം തന്നിൽ
ചത്തുകൊള്ളുവതിനേതും കഴിവില്ല കാലനില്ല.

മുത്തച്ഛൻ മുതുക്കൻെറ മുത്തച്ഛനിരിക്കുന്നു
മുത്തച്ഛനവന്നുള്ള മുത്തച്ഛൻ മരിച്ചീല.

അഞ്ഞൂറു വയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ
കുഞ്ഞായിട്ടിരിക്കുന്നു അപ്പൂപ്പൻ അവക്കുണ്ടു്!

കഞ്ഞിക്കു വകയില്ല വീടുകളിലൊരേടത്തും
കുഞ്ഞുങ്ങൾക്കെട്ടുപത്തു പറ അരികൊണ്ടു പോരാ.

പത്തുകോടി ജനമുണ്ടു പല്ലുപോയിട്ടൊരു വീട്ടിൽ
കുത്തിവച്ച പാവപോലെ തിങ്ങിവിങ്ങിക്കിടക്കുന്നു.

കണ്ണു കാണാത്തവർ പിന്നെക്കാതു കേളാത്തവർ പിന്നെ
കിണ്ണനെക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ടു്.

പത്തു നാൾ ഭക്ഷിയാഞ്ഞാലും ചത്തുപോമെന്നതുമില്ല
പത്തനങ്ങൾക്കിടം പോരാഞ്ഞെത്ര ദുഃഖം മനുഷ്യൎക്കു്.

ഉള്ള വസ്തുക്കളെപ്പേരും കട്ടുതിന്മാനൊരു കൂട്ടം
തള്ളലോടെ നടക്കുന്നതെല്ലു പേടിയവൎക്കില്ല.

രാജധാനിക്കകം പുക്കു രാജഭണ്ഡാരവും കട്ടു
വ്യാജമെന്യേ പകൽ കൂടെ തസ്കരന്മാർ നടക്കുന്നു.

എന്തു പിന്നെ നിനക്കിന്നാ ഹുംകൃതിക്കാക്കൊത്തവണ്ണം
ജന്തുധൎമ്മത്തിനും പിന്നെ വേസ്ഥയില്ലെന്നായിവന്നു.

ഉത്തമസ്ത്രീകടെ പാതിവ്രത്യമെല്ലാമസ്തമിച്ചു
ഒത്തവണ്ണം പുരുഷന്മാർ സഞ്ചരിപ്പാനൊരുമ്പെട്ടു.

ചത്തുപോമെന്നൊരു ഭീതി ദുൎജ്ജനങ്ങൾക്കില്ലയെന്നാ—
ലിത്തരം കാട്ടുവാനാരും മടിക്കില്ലെന്നറിഞ്ഞാലും.

പെററു പെററു വളരുന്ന ജീവജന്തുക്കൾക്കു പാൎത്താൽ
അററമില്ല പാരിടത്തിലൊരു ദിക്കുമൊഴിവില്ല.

മററു മാംസം ഭുജിക്കുന്ന ജനങ്ങൾക്കുമിതുകാലം
കൊററുപോലും നാസ്തിയായി മരിപ്പാനുമെളുതല്ല.

കൊച്ചുമത്സ്യങ്ങളെപ്പാടേ വിഴുങ്ങും ഘോരമത്സ്യങ്ങൾ
സ്വച്ഛമായു് മററൊരു ദ്വാരത്തൂടെ പോരുമവയെല്ലാം.

ദുഷ്ടജന്തുക്കളെക്കൊണ്ടു നിറഞ്ഞു ഭൂതലമെല്ലാം
അഷ്ടി മാത്രം പോലുമാരും കൊടുപ്പാനില്ലെന്നുവന്നു.

പാട്ടുകാൎക്കു വിശന്നിട്ടു സ്വരവും ബർഭരമായി
നാട്ടിലെങ്ങുമൊരു കാശു ലഭിപ്പാനും വകയില്ല.

പാട്ടു കേട്ടാലാൎക്കു സൗഖ്യം പട്ടിണിയായു് ക്കിടക്കുമ്പോൾ
ഊട്ടു കേട്ടാൽ തലപൊക്കുമതു കേൾപ്പാനെങ്ങുമില്ല.

നാട്ടുവാഴിക്കങ്കമില്ല കപ്പമില്ല ചുങ്കമില്ല
കാട്ടുവാഴിക്കിപ്പോൾ നല്ല വല്ലതും തിന്നു പാൎത്തീടാം.

പാരിലുള്ള വൎത്തമാനം കഷ്ടമെന്നേ പറയാവൂ
നീരസങ്ങൾ വിസ്തരിച്ചിട്ടെന്തു കാര്യം നമുക്കിപ്പോൾ?

കുഞ്ചൻനമ്പ്യാർ—പഞ്ചേന്ദ്രോപാഖ്യാനം തുള്ളൽ

## 85. സ്ഥാനമാഹാത്മ്യം

പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ
കൊതിയേറുന്നൊരു കാക്കേ! കേൾ നീ

കൂരിരുൾപോലെ കറുത്ത ശരീരം
ക്രൂരമിതയ്യോ നിന്നുടെ ശബ്ദം.

പാരമസഹ്യം കേൾക്കുന്നോർക്കൊരു
നേരവുമില്ലൊരു സൗഖ്യമിദാനീം.

കർണ്ണങ്ങൾക്കിതു കേൾക്കുന്നേരം
പുണ്ണിലൊരമ്പു തറച്ചതുപോലെ.

ഉരിയാടാതൊരു തേന്മാവിന്മേൽ
മരുവുന്നാകിൽ നിനക്കിഹ കാക്കേ!

പെരുതായിട്ടൊരു ഗുണമുണ്ടായ് വരു—
മരുതാത്തതു പറകല്ല സഖേ ഞാൻ.

കുയിലും കാകനുമൊരു നിറമെന്നതു
കുറവില്ലതിനു പലക്കും ബോധം.

നാദംകൊണ്ടേ നിങ്ങളു തമ്മിൽ
ഭേദമതുള്ളു ബലിഭോക്താവേ:!

മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാകും.

കാണികൾ നിന്നെക്കുയിൽ കുയിലെന്നൊരു
നാണിയമങ്ങു നടത്തിക്കൊള്ളും.

ആയതു വരുമോയെന്നൊരു സംശയ—
മകതാരിൽ പുനരുണ്ടാകേണ്ടാ.

നേപാളക്ഷിതി തന്നിൽ വസിക്കും
ഭൂപാലന്റെ ലലാടം തന്നിൽ

ചേറു പിരണ്ടതു കണ്ടാലതു വില:
പേറില്ലാത്തൊരു കസ്തൂരിക്കുറി.

എന്നല്ലാതൊരു മനുജന്മാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ.

കുങ്കുമമണിയും തിരുനെററിക്കൊരു
പങ്കം പിരൾവാനെന്തവകാശം?

ശങ്കര ശിവ ശിവ! ചേരാതുള്ളതു
ശങ്കിച്ചവനൊരബദ്ധക്കാരൻ.

ഏറെപ്പോന്ന ജനങ്ങടെ പാലനു
ചേറെന്നുള്ളതിനെന്തവകാശം?

ചളിയെന്നുള്ളതൊരുത്തനു പോലും
കളിയായിപ്പറവാനും മേലാ.

ജളനെന്നാലും സ്ഥലഭേദംകൊ–
ണ്ടളവാകും ഗുണമെന്നിതിനർത്ഥം.

കുഞ്ചൻ നമ്പ്യാർ—കിരാതം

## 86. കവിതയും നിരൂപണവും

ഭൂവി വന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കവേ മോദം
ഭവിപ്പാനുള്ള വസ്തുക്കൾ പലതുണ്ടെങ്കിലും നല്ല

കവിതാചാതുരിയുള്ള കവിവാണീ വിശേഷത്തെ
ശ്രവിക്കുന്ന സുഖം പോലെ ചെവിക്കു പിന്നെയെന്തുള്ളു?

കുറവും കുററവും നോക്കിപ്പറവാനുണ്ടൊരു കൂട്ടം
തുറികണ്ണും മിഴിച്ചങ്ങു മറുഭാഗേ വസിക്കുന്നു.

മറിവും മായവും മററും മറച്ചുവച്ചുകൊണ്ടെല്ലാ–
മറിവുള്ള ജനമെന്നു പുറമേ ഭാവവും കാട്ടി

തറമേലേറി നിന്നേററം നിറമേറും സഭ തന്നി–
ലിറങ്ങി സൽക്കഥ ചൊല്ലിത്തുടങ്ങും പൂരുഷൻ തൻെറ

കുറവററ ഗുണം കണ്ടു നിറഞ്ഞുള്ളോരസൂയകൊ–
ണ്ടുറഞ്ഞു ചാടിയോരോന്നു പറഞ്ഞു ഭർത്സനം ചെയ്യും.

കുറഞ്ഞോരു വിശേഷത്തെയറിഞ്ഞുള്ള ജനം കുററം
പറഞ്ഞെങ്കിലതുകൊണ്ടു തരിമ്പും സങ്കടമില്ല.

അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോ–
ളെറിഞ്ഞു, കാലൊടിക്കാമെന്നറിഞ്ഞു, കൊൾവിനെല്ലാരും.

കുഞ്ചൻ നമ്പ്യാർ—ഹരിണീസ്വയംവര

## 87. ലക്ഷണമുള്ളവരൊന്നോ രണ്ടോ

കുററം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താത!

ലക്ഷം മാനുഷർ കൂടുമ്പോളതി
ലക്ഷണമുള്ളതിലൊന്നോ രണ്ടോ.

ഉടലതി രമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കും നേരം.

മറെറാരു പുരുഷൻ സുന്ദരനെങ്കില്വ-
മൊററക്കണ്ണനതായതു ദോഷം.

ചേച്ചകൾ പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടെന്നൊരു ദോഷം.

കാഴ്ചക്കൊരു ചിരിച്ചതുടങ്ങും
ചേച്ച്യുവനും ചിതമല്ലല്ലോ.

നല്ലൊരു വിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാൺമാനില്ല.

പല ഗുണമുള്ളൊരു പുരുഷനവൻെറ
തലമുടിയൊക്കെ നരച്ചു വെളുത്തു.

തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല.

ശാസ്ത്രമശേഷം വശമൊരു പുരുഷനു
ഗാത്രം കണ്ടാലയ്യോ വികൃതം.

ശ്രോത്രം രണ്ടും വെടിവച്ചാലൊരു
മാത്രംപോലും കേൾപ്പാൻ വഹിയാ.

വ്യാകരണങ്ങടെ വ്യാഖ്യാനങ്ങള-
മാകത്തന്നെ മുഖസ്ഥമൊരുത്തനു്

വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരു ദോഷം.

തർക്കം പലതും കണ്ടവനൊരുവനു
വർക്കത്തില്ല ശരീരം കണ്ടാൽ.

മിക്കതുമൊരുവനു ലക്ഷം ശ്ലോകമൊ
രിക്കൽ കേട്ടാലങ്ങു ഗ്രഹിക്കും.

വിക്കുകൾകൊണ്ടതു പറവാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം

ക ക ക ക കംസൻ കി കി കി കി കൃഷ്ണൻ
പൃ പൃ പൃ പൃ പൂതനയെന്നാം കഥയിൽ.

നല്ലൊരു ജാതിയിൽ വന്നു പിറന്നു
നല്ലൊരു രൂപഗുണങ്ങളുമുണ്ടു്

ഹരിയെന്നാദിയൊരക്ഷരമവനുടെ
യരികെക്കൂടെപ്പോയിട്ടില്ല.

പ്രൗഢതയെല്ലാം കണ്ടാൽത്തോന്നും
മൂഢതയല്ലാതവനറിവില്ല.

ഗണിതഗ്രന്ഥം വൈദ്യവുമുണ്ടതി–
ഗുണവാനെന്നു പ്രസിദ്ധൻ താനും.

ലോകതയെന്നതു കണി കാൺമാനി–
ല്ലേകനു ദോഷമനേകമസംഖ്യം.

കണ്ടാൽ നല്ലൊരു പുരുഷനവന്നു്
വേണ്ടാതനവും കോപവുമേറും

കണ്ട ജനത്തൊടു ശുണ്ഠി കടിക്കും
രണ്ടാം വാക്കിനു കേറിയടിക്കും.

മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരു മുമ്പും വമ്പും

ഊശന്താടിയുമുള്ളവനങ്ങൊരു
കാശിനു പിടിയാ പടയിൽച്ചെന്നാൽ.

പഞ്ഞി കണക്കെ നരച്ചൊരു വൃദ്ധനു
കഞ്ഞി കുടിപ്പാനൊരു വകയില്ല.

മുഞ്ഞിയതങ്ങിനെ മൂക്കും താടിയു–
മൊന്നിച്ചമ്പതു വഷമതായി

അക്കിഴവന്മാക്കിന്നും പടകളിൽ
വക്കാണിപ്പാനൊരു കുറവില്ല.

കുഞ്ചൻ നമ്പ്യാർ—രുഗ്മിണീസ്വയംവരം

## 88. ദുഷ്ടസ്വഭാവം

ചാപല്യമുള്ളവൻ ബന്ധുവായാൽ ജന്മ-
സാഫല്യമില്ല വിനാശവും നിണ്ണയം.

ശക്യമല്ലാതുള്ള കാര്യം പ്രയത്നേന
ശക്യമാക്കീടുവാൻ മോഹം വൃഥാ ഫലം.

വെള്ളമില്ലാദ്രിക്കിൽ വള്ളം നടക്കുമോ
വെള്ളത്തിലോടുമോ ചാടും രഥങ്ങളും?

ദുർജ്ജനം വന്നു നിറഞ്ഞു ഭൂമണ്ഡലേ
സജ്ജനം പാരം ചുരുങ്ങിച്ചമഞ്ഞിതു.

എന്തെന്നുമേതെന്നുമാരെന്നുമില്ലാത്ത
ജന്തുക്കൾ ബന്ധുക്കളായാൽ ശരീരികൾ-

ക്കെന്തുള്ള സൗഖ്യം മഹാമൂഢതാരൂപ-
സിന്ധുതോയത്തിൽ കിടക്കയെന്യേ സഖേ?

പണ്ടുള്ള ശബ്ദമീ ബന്ധുവെന്നുള്ളൊരു
രണ്ടക്ഷരംകൊണ്ടു കെട്ടിച്ചമച്ചിതു.

ഇക്കാലമായിതനർത്ഥമെന്നായതെ-
ന്നുൾക്കാമ്പിലോക്കുന്ന മാനുഷർ ദുർല്ലഭം.

സാരനെന്നാകിലും മുന്നം തനിക്കുപ-
കാരങ്ങൾ ചെയ്തൊരു ദേഹമെന്നാകിലും

വീരനെന്നാകിലും വിദ്യാവിശേഷേണ
ധീരനെന്നാകിലും നല്ല പുരുഷനെ

കണ്ടാൽ മനുഷ്യക്കു ഞാനിപ്പുരുഷനെ
പണ്ടു കണ്ടിട്ടുമില്ലെന്ന ഭാവം സഖേ!

വേണ്ടാതനത്തിനൊരുത്തൻ തുടങ്ങിയാൽ
രണ്ടാമനായിപ്പുറപ്പെടും മററവൻ.

അന്നവും പാലും കൊടുത്തങ്ങു തന്മടി-
തന്നിൽക്കിടത്തി ലാളിക്കും മനുഷ്യനെ-

ത്തന്നെ കടിച്ചു കൊന്നീടുകെന്നല്ലാതെ
പന്നഗത്തിന്നൊരു സംസാരമില്ലെടോ!

എന്നതുപോലിന്നൊരുത്തനൊരുത്തനോ-
ടന്യോന്യസൗഹാർദ്ദമില്ല ഭൂമണ്ഡലേ.

സ്നേഹമില്ലാതുള്ള പെണ്ണിനു തന്നുടെ
ദേഹത്തിലർദ്ധം പകുത്തു കൊടുക്കിലും

തെല്ലുപോലും വശത്താകയില്ലെന്നല്ല
കൊല്ലുവാൻ കൂടെ ശ്രമിച്ചുവെന്നും വരും.

ജാത്യാ വിരുദ്ധമായുള്ളവർ തങ്ങളിൽ
ചേർന്നാലുമായവർ ചേരുകില്ലാ ദൃഢം.

പൂച്ചയോടിജ്ജനം മൂഷികന്മാർ ചെന്നു
ചേർച്ചയ്ക്കു ഭാവിക്ക നന്നായ്‌വരുന്നതോ?

അങ്ങോട്ടുപകൃതി ചെയ്യുതില്ലെങ്കിലും
ഇങ്ങോട്ടുപദ്രവിച്ചീടുന്നു ദുർജ്ജനം.

വ്യാഘ്രത്തെയാരാനുപദ്രവിച്ചോ ചെന്നു
ശീഘ്രം കടിച്ചു കൊല്ലുന്നു പശുക്കളെ?

കുഞ്ചൻ നമ്പ്യാർ—പഞ്ചതന്ത്രം

## 89. കാട്ടുതീ

ഘോരമാം കാട്ടുതീ വന്നു പിടിപ്പെട്ടു
ഭൂരി വൃക്ഷങ്ങളും ക്രൂരസർപ്പങ്ങളും

പർവ്വതാഗ്രങ്ങളും വല്ലീശതങ്ങളും
സർവ്വം ദഹിക്കുന്ന ഘോഷവും കാണായി.

അഗ്നിസ്ഫുലിംഗങ്ങളാകാശമാർഗ്ഗത്തു
ലഗ്നങ്ങളായി പ്രകാശിക്ക കാരണം

നക്ഷത്രജാലങ്ങളൊക്കെപ്പകൽ പോലു-
മക്ഷീണശോഭം പ്രകാശിച്ചു കാൺകയോ?

ധൂമങ്ങളംബരേ നീളെപ്പരക്കയാൽ
ജീമൂതജാലവും വന്നുജൃംഭിക്കയോ?

ജ്വാലാസമൂഹങ്ങളേററം ജ്വലിക്കയാൽ
കാലാഗ്നി കോലാഹലം വന്നണഞ്ഞിതോ?

ഗംഭീരമായുള്ള ശബ്ദം ജനിക്കയാ-
ലംഭോധി നാലും കവിഞ്ഞു വരുന്നിതോ?

ആദീപിതോഷ്മപ്രകർഷം ഭവിക്കയാൽ
ദ്വാദശാർക്കന്മാരൊരുമിച്ചുദിച്ചിതോ?

പർവ്വതശൃംഗങ്ങൾ പൊട്ടിത്തെറിക്കയാൽ
പർവ്വതാരാതി താൻ വജ്രമെടുത്തിതോ?

രൂക്ഷാനലജ്വാല മേന്മേലുദിക്കയാൽ
ദക്ഷാന്തകൻ ഫാലനേത്രം മിഴിച്ചിതോ?

സിംഹാരവാഘോഷമങ്ങുത്ഭവിക്കയാൽ
സംഹാരരുദ്രൻെറ ക്രൂരനുണർന്നിതോ?

കെല്പോട്ട കാററും പൊടിയും പെരുക്കയാൽ
ഉത്പാതവാതസംപാതം തുടർന്നിതോ?

ഏവം പല വിധം ശങ്കയ്ക്കു ഹേതുവാം
ദാവാനലൻ ജ്വലിച്ചീടും ദശാന്തരേ

ആട്ടം മയിൽകളും പാട്ടം കുയിൽകളും
ഓട്ടം മൃഗങ്ങളും ചാട്ടം കപികളും

പേടിച്ചുടനങ്ങുമിങ്ങും വനത്തോടു
കൂടിദ്ദഹിച്ചാശു ഭസ്മീഭവിക്കയും

തോയം തിരഞ്ഞങ്ങു പായും ഗജത്തിൻെറ
വായിൽക്കടന്നുള്ളിലായൊരു പാവകൻ

കായം സമസ്തം കലർന്നു ദഹിപ്പിച്ച-
പായം വരുത്തിദ്ധരിത്രി കുലുക്കിയും

ഒന്നിച്ചു കൂടിപ്പരക്കെച്ചരിക്കുന്ന
പന്നിക്കുലങ്ങളിൽച്ചെന്നുപിടിക്കയും

ലാംഗൂലഭംഗിക്കു ഭംഗം വരുന്നാകി-
ലംഗങ്ങളിൽച്ചെററുമാശയില്ലിങ്ങെന്നു

സഞ്ചിന്തനം ചെയ്തു സഞ്ചരിച്ചീടുന്ന
വെഞ്ചമരീമൃഗക്കൂട്ടത്തിലഗ്നിയും

ചെന്നുപിടിച്ചു ദഹിച്ചുതുടങ്ങിനാ-
നെന്നു വേണ്ടാ മഹാ കല്പാന്തസംഭ്രമം

വന്നു ഭവിച്ചു വനത്തിൽ കനക്കവേ
വന്യത്തിനെല്ലാം വിനാശം ഭവിച്ചതു:

വട്ടത്തിൽ നില്ക്കുന്ന വംശദ്രുമങ്ങളിൽ
പെട്ടെന്നു പാവകൻ പററുന്ന നേരത്തു

പൊട്ടിത്തെറിക്കുന്ന ശബ്ദങ്ങൾ കേട്ടുടൻ
ഞെട്ടിത്തുടങ്ങീ ദിഗന്തങ്ങളൊക്കവേ.

വള്ളിക്കുടിലകം പുക്ക കിടക്കുന്ന
പുള്ളിമാൻ കൂട്ടത്തിലെത്തി ദാവാനലൻ

കൊള്ളികൊണ്ടംഗം ദഹിക്കും ദശാന്തരേ
തുള്ളിപ്പിടഞ്ഞു, മരിച്ചുതുടങ്ങിനാർ.

പഞ്ചാനനങ്ങളും കാളുന്ന തീയില-
ങ്ങഞ്ചാതെ ചാടിദ്ദഹിക്കുന്നു വിഗ്രഹം.

ഇത്ഥം ദഹിക്കും മഹാകാനനത്തിന്റെ
മദ്ധ്യേ വിലാപങ്ങൾ കേട്ടീടുമാറായി.

കുഞ്ചൻ നമ്പ്യാർ—നളചരിതം കിളിപ്പാട്ടു്

## 90. പൊറുക്കാത്ത പുണ്ണു്

അമ്പുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നീടും
കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളിർത്തീടും

കാട്ടുതീ വെന്താൽ വനം പിന്നെയും തളിർത്തീടും
കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ

കർണ്ണങ്ങൾക്കകം പുക്ക പുണ്ണായാലതു പിന്നെ-
പ്പൂർണ്ണമായു് ശമിക്കയില്ലൊട്ടു നാൾ ചെന്നാൽപ്പോലും.

കുഞ്ചൻ നമ്പ്യാർ—പഞ്ചതന്ത്രം

## 91. ഉത്കൃഷ്ടജീവിതം

തന്നുടെ വിദ്യകൊണ്ടും തന്നുടെ ശൗര്യംകൊണ്ടും
തന്നുദരത്തെപ്പൂരിക്കുന്നവൻ മഹാ ധന്യൻ.

ശ്വാവിനെപ്പോലെ കിഴിഞ്ഞാശ്രയിച്ചുണ്ണുന്നവൻ
കേവലം കൃമിപ്രായനെന്നതേ ചൊൽവാനുള്ളു.

വിക്രമംകൊണ്ടും വിജ്ഞാനാദികൾകൊണ്ടും പത്തു
ദിക്കുകൾ വെളുപ്പിക്കും കീർത്തി ധാവള്യത്തോടെ

യാതൊരു പുമാൻ മഹാമാനിയായു് ജീവിക്കുന്നു
നീതിമാനവൻ ജീവജീവനെന്നുരചെയ്യാം.

മററുള്ള മഹാമൂഢൻ കൊററിന്നു മാത്രം കൊള്ളാം
മുററുമിഗ്ഗുണമൊന്നും പററാതെ ജീവിക്കുന്നോൻ

പെററ മാതാവിനുള്ള യൗവനമാകും വൃക്ഷം
പററ ഖണ്ഡിപ്പാനൊരു കോടാലി തന്നെയവൻ.

ആരാനും ബലിയിട്ടു കൈയ്കൊട്ടു കേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നങ്ങു പിണ്ഡം കൊത്തി

തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു
എന്നതുപോലെ മഹാമന്ദനും ജീവിക്കുന്നു.

സ്വല്പ ബുദ്ധിയായുള്ള മാനുഷൻ മഹാദീനൻ
സ്വല്പലാഭത്തെക്കൊണ്ടു തൽക്ഷണം പ്രസാദിക്കും.

അല്പമാം ജലാശയം പൂരിപ്പാൻ മഴത്തുള്ളി
സ്വല്പമുണ്ടായാൽ പോരുമായതു നിറഞ്ഞീടും.

മൂഷികൻ തൻെറ കൊച്ചു കൈയ് രണ്ടും ജലംകൊണ്ടു
തൃഷിതമാക്കീടുവാനെത്ര പാനീയം വേണം?

കുഞ്ചൻ നമ്പ്യാർ—പഞ്ചതന്ത്രം

## 92. അത്ഭുതദർശനം

1

കണ്ണൻ തദാ മണ്ണു ഭുജിച്ചപോലും
ദണ്ഡം പിടിച്ചീടുമിവന്നു നൂനം
എന്നിങ്ങനേ കേട്ടു യശോദ വേഗാൽ
വന്നീടിനാളമ്പൊടു കോപമോടെ.

2

കഷ്ടം! കുമാരാ തവ വാ പിളർന്നു
കാട്ടേണമെന്നമ്മ പറഞ്ഞ നേരം
ഒട്ടും മടിക്കാതെ പിളർന്നു വക്ത്രം
കാട്ടീടിനാൻ കൈതവ മർത്യമൂർത്തി.

3

മാതാവു നോക്കുന്ന ദശാന്തരാളേ
പാതാള ഭൂലോക സുരേശലോകം
ഭൂതങ്ങളും പ്രേത പിശാച കുളീ-
വേതാള ജാലങ്ങളുമത്ര കണ്ടാൾ.

4

കാടും മഹാശൈല കുലങ്ങളേഴും
നാടും നദീ പാളി സമുദ്രമേഴും

ആട്ടം ഫണിശ്രേണി മനുഷ്യജാലം
ചാട്ടം മൃഗവ്രാതവുമത്ര കണ്ടാൽ.

5

പാലാഴി തന്നിൽ ഫണിരാജതല്പേ
ലീലാസുഖം പൂണ്ടഥ പള്ളി കൊള്ളും
നീലാംബുദശ്യാമള വിഷ്ണുരൂപം
നാലാനനാദീനപി തത്ര കണ്ടാൽ.

6

രക്ഷോഗണം പക്ഷിതരക്ഷുജാലം
വൃക്ഷങ്ങളും പക്ഷികൾ കുക്ഷിജാലം
നക്ഷത്രമക്ഷത്ര വിപക്ഷപക്ഷ-
ലക്ഷങ്ങളും തൽക്ഷണമത്ര കണ്ടാൽ.

7

ഗോപാലകന്മാരഥ ഗോപിമാരും
ഗോപാലക ശ്രേണിയുമെന്നു വേണ്ടാ
ഗോവൃന്ദവും മണ്ണു ഭുജിച്ചമേവും
ഗോവിന്ദനെത്തന്നെയുമത്ര കണ്ടാൽ.

8

ഇത്യാദി സർവ്വം ബത കണ്ട നേരം
ചിത്തേ ഭയം പൂണ്ടഥ നന്ദപത്നി
നേത്രങ്ങൾ ചിമ്മിത്തരസാ മിഴിച്ചാ-
ളുത്രാന്തരേ കണ്ടതുമില്ലതൊന്നും.

കുഞ്ചൻ നമ്പ്യാർ—ശ്രീകൃഷ്ണചരിതം

## 93. ജീവനൊക്കും ഒപ്പം

വിപ്രനെന്നും ക്ഷത്രനെന്നും വൈശ്യനെന്നും ശൂദ്രനെന്നും
ഇപ്രപഞ്ചേ നാലു വർണ്ണം നാലുവക്ത്രനുളവാക്കീ

തൽപ്പുറത്തു ബൗദ്ധനെന്നും പാണനും പറയനെന്നും
കല്പിതം ജാതിഭേദത്തിന്നന്തമില്ല നിരൂപിച്ചാൽ.

ഏവമുള്ള ശരീരങ്ങൾക്കൊക്കവേ പാർത്തുകാണുമ്പോൾ
ജീവനായിട്ടൊന്നു തന്നെ ആയതിപ്പോൾ പരബ്രഹ്മം.

നൂലുകൊണ്ടു പിരിച്ചോരു ചരടിൽ പൊൻമണി കോർത്തു
മാലയാക്കിദ്ധനികന്മാർ ധരിക്കുന്നു ഗളം തന്നിൽ.

മുത്തുകൊണ്ടും മാലകോക്കും പവിഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും കുന്നികൊണ്ടും ദരിദ്രന്മാർ.

എന്നിവണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി-
ട്ടൊന്നു തന്നെ പൊന്നിനുമക്കുന്നിമഞ്ചാടി മാലയ്ക്കും.

എന്നപോലെ സർവ്വജാതി പ്രഭൃതപം ഭൗതികം ദേഹം
ഒന്നുകൊണ്ടു കോർത്തു കെട്ടിക്കളിപ്പിക്കുന്നിതു ദൈവം.

എന്നമൂലമാത്മാവിന്നാക്കമാക്കും ഭേദമില്ല
ഒന്നു തന്നെ ചരടുള്ളിൽ ഭൂസുരന്നും പറയന്നും.

ജ്ഞാനമെന്നുള്ളതു തന്നെ സാരമെന്നു ധരിക്കേണം
ജ്ഞാനമില്ലാത്ത വിപ്രന്നും ബൗദ്ധനും ഭേദമില്ലേതും

ജ്ഞാനിയാകും പറയനും ബ്രഹ്മവാദി ദ്വിജന്മാക്കും
സ്ഥാനമൊന്നായ്‌വരും ചത്തു പരലോകം പ്രവേശിച്ചാൽ.

കുഞ്ചൻ നമ്പ്യാർ—പുളിന്ദീമോക്ഷം

## 94. കാനനകാമിനിമാർ

പൂതുമലർ കുലമൊക്കെ വിരിഞ്ഞു
    മധുരസമയമാരി ചൊരിഞ്ഞു
മധുകരനികരങ്ങൾ വിരിഞ്ഞു
    മണമുടയ കുസുമങ്ങൾ തിരഞ്ഞു

മൃദുമദകളമിളദളിഗള തലകളകള-
    മിളകിന കിളികളുമവിടെ നിറഞ്ഞു
നറുകുരവക വല്ലികൾ പൂത്തു
    കുറുമൊഴികളുമാശു തെഴുത്തു

ചെറുതരദലപുഷ്പമിതർത്തു
    നറുമലർ മണമൊന്നു മുതിർത്തു
വനതടമതിലുടയൊരു പടുതരു
    പടലികളുടെ മട്ടമലർകുലമുടമ പെരുത്തു

മലകാട്ടുകളൊന്നു പകർന്നു
    കലമാനുകളോടിനടന്നു
പുലിപന്നികളൊന്നു നിവർന്നു
    കലികാലവിലാസമുയർന്നു

മദമിയലും മുയലും മയിലും കുയിലും
 മലകളിലൊരു കളിതെളിവിലിയന്നു
കുളുർമതിയുമുദിച്ചു വിളങ്ങി
 കളമൊഴികളുടെ കേളി തുടങ്ങീ

തളവളകളുമാശു കിലുങ്ങീ
 തടമുലകളുമൊന്നു കുലുങ്ങീ
ചിലർ കുളിച്ചുപുളച്ചു വിളിച്ചു
 തെളിച്ചു മൊളിച്ചുമധികരസം.

കുഞ്ചൻ നമ്പ്യാർ—പ്രദോഷമാഹാത്മ്യം

## 95. കവിതാരീതി വൈഷമ്യമത്രേ

കോൽത്തേനോലേണമൊരോ പദമതിനെ നറും
 പാലിൽ നീരെന്ന പോലെ
ചേർത്തീടേണം, വിശേഷിച്ചതിനുമൊരല–
 ങ്കാരമുണ്ടായ്വരേണം
പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോ–
 ന്നേണമെന്നിത്ര വന്നേ
തീർത്തീടാവൂ ശിലോകം ശിവ ശിവ! കവിതാ–
 രീതി വൈഷമ്യമത്രേ.

കുഞ്ചൻ നമ്പ്യാർ

## 96. പാഞ്ചാലിയുടെ അഭ്യർത്ഥന

1

കമലാകാന്തൻെറ കാരുണ്യശീലൻെറ
കമനീയാങ്കൻെറ കാമസമാനൻെറ
ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനി പാഞ്ചാലി ദേവ നാരായണ.

2

വിഴകി വാഴുന്ന ദുഃഖങ്ങളൊക്കയാ–
ലൊഴുകിവീഴുന്ന നേത്രജലങ്ങളിൽ
മുഴുകിവന്നവൾ കാർമുകിൽ വർണ്ണനെ
തൊഴുതു ചൊല്ലിനാൾ ദേവ നാരായണ.

3

കരുണാവാരിധേ! കൗരവപാഴരിൽ
കരുണയാലിത്ഥം കാട്ടുന്നിതോ ഭവാൻ?
ചരണദാസിയാം പാഞ്ചാലിയെക്കൂടെ
സ്മരണംചെയ്താലും ദേവനാരായണ.

4

അവരു ചെയ്യുന്ന ധിക്കാരമൊക്കവേ
ഭുവനനായകാ നീയും മറന്നിതോ?
അവനീനാഥന്മാരെന്നുടെ കാന്തന്മാ–
രറിയുന്നീലൊന്നും ദേവനാരായണ.

5

മലകൾ കാട്ടുകൾ തോട്ടം പുഴകളും
കലകൾ പന്നികളെന്നിവ വൃന്ദവും
സുലഭമാം ദിക്കിലെൻ പ്രിയന്മാർക്കിപ്പോൾ
സുഖമെന്നായ്‌വന്നു ദേവനാരായണ.

6

ഇഹലോകങ്ങളിലാഗ്രഹമെന്നതും
അഹമെന്നുള്ളോരു ഭാവവും കൂടാതെ
മഹിതമായുള്ള വേദാന്തശീലനം
നൃപതിമാർക്കാകാ ദേവനാരായണ.

7

വിമതന്മാരുടെ വീര്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല സാമവും നന്നല്ല
സമരം ചെയ്യേണം സാഹസം ചെയ്യേണം
ശ്രമവും ചെയ്യേണം ദേവനാരായണ.

8

നയങ്ങൾ ചിന്തിച്ചു നാട്ടുമുപേക്ഷിച്ചു
ജയവും കൂടാതെ കാലം കഴിക്കുമ്പോൾ
ഭയംകൊണ്ടിങ്ങനെ മേവുന്നുവെന്നിപ്പോൾ
അശയസ്സുണ്ടാകും ദേവനാരായണ.

9

ബലങ്ങളില്ലാഞ്ഞോ ബന്ധുക്കളില്ലാഞ്ഞോ
വിഭവമില്ലാഞ്ഞോ വീര്യമതില്ലാഞ്ഞോ
ഖലജനത്തിന്റെ കാൽ പിടിച്ചീടുന്നു
വലിയ വീരന്മാർ ദേവനാരായണ?

10

അപരാധം പണ്ടു വൈരികൾ ചെയ്തതും
ഉപകാരമെന്നു കല്പിച്ച കാന്തന്മാർ
അപവാദം കേട്ടാലാധിയുമില്ലല്ലോ
നൃപതിമാക്കിപ്പോൾ ദേവനാരായണ.

11

തടിച്ച കീചകനെന്റെ തലമുടി
പിടിച്ച നേരത്തങ്ങമ്പോടവനെയും
അടിച്ചുകൊന്നൊരു വീരൻ വൃകോദരൻ
മടിച്ചതെന്തിപ്പോൾ ദേവനാരായണ?

12

കനത്ത സങ്കടത്തോടു മരുവുന്ന
ജനത്തെയോക്കാതെ ദൂതിനു ഭാവിച്ചു
ധനത്തെ നേടുന്ന വൈരിയെ സേവിപ്പാ-
നെഴുന്നള്ളത്തുണ്ടോ ദേവനാരായണ?

13

കഴിഞ്ഞ വസ്തുക്കൾ മാനിക്കമാറായി
അഴിഞ്ഞു നമ്മുടെ പൗരുഷബന്ധനം
ഒഴിഞ്ഞു ഭാഗ്യവും ധർമ്മവും ശർമ്മവും
വിരവിലിങ്ങനെ ദേവനാരായണ.

14

കുരുകുലാധിപൻ തന്നോടു മെല്ലവേ
സരസമാംവണ്ണം ദൂതരുൾചെയ്യുമ്പോൾ
മുരഹരാ! ഭവാനെന്റെ തലമുടി
നിരൂപിച്ചേക്കണം ദേവനാരായണ.

15

അരിയെക്കൊന്നു ഞാൻ ചോര പുരണ്ടൊരു
കരതലംകൊണ്ടു നിന്നുടെ കേശത്തെ
തിരുകീടുന്നുണ്ടെന്നന്നേരം കോപംകൊ-
ണ്ടരുളി ഭീമനും ദേവനാരായണ.

16

വിഫലമായ്‌വന്നു വീരന്റെ ഭാഷിതം
വിഭുതയില്ലായ്കയല്ലിഹ കാരണം
വിഗതഭാഗ്യയാമെന്നുടെ ദോഷത്താ-
ലഖിലം നിഷ്ഫലം ദേവനാരായണ.

17

പരിഭവം തീർന്നു മോദേന വാഴുവാൻ
ശിരസി മേ വിധി ലേഖനം ചെയ്തില്ല

പരദോഷം വൃഥാ ചിന്തിക്കുന്നെന്തു ഞാൻ
പരമപൂരുഷ ദേവനാരായണ.

കുഞ്ചൻ നമ്പ്യാർ—പതിന്നാലുവൃത്തം

## 97. വിശ്രമകാംക്ഷ

നാലഞ്ചക്ഷരവും പഠിച്ച ഗുരുവിൻ
പാദം തലോടി ചിരം
പാലഞ്ചുംമൊഴിതന്നപാംഗവലയിൽ–
പ്പെട്ടേനുഴന്നേൻ ചിരം
കോലം കെട്ടുക കോലകങ്ങളിൽ നട–
ന്നീടുന്ന വേലയ്ക്കിനി–
ക്കാലം വാർദ്ധകമാകയാലടിയനെ
ച്ചാടിക്കൊലാ ഭൂപതേ.

കുഞ്ചൻ നമ്പ്യാർ

## 98. കൃഷ്ണന്റെ ഔദാര്യം

രാമപുരത്തു വാരർ, തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ വീര ബാലമാർത്താണ്ഡവർമ്മയുടെ സമകാലികൻ ആയിരുന്നു. മാർത്താണ്ഡ വർമ്മയുടെ നിർദ്ദേശമനുസരിച്ച് വാരർ നിർമ്മിച്ച കുചേലവൃത്തം വഞ്ചിപ്പാട്ട് അതിമനോഹരമായ ഒരു കൃതിയാണ്. അതിൽനിന്ന്, കുചേലനെ കൃഷ്ണൻ സത്കരിക്കുന്ന ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്.

പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതനു കുശസ്ഥലീ
പട്ടണം കണ്ടപ്പോഴേ വിശപ്പും ദാഹവും

പെട്ടെന്നകന്നുവെന്നല്ല ഭക്തികൊണ്ടെന്നിയേ പണി–
പ്പെട്ടാലുമൊഴിയാത്ത ഭവാർത്തിയും തീർന്നു.

രാമാനുജാഞ്ചിതരാജധാനി സത്കരിച്ചേകിയ
രോമാഞ്ചക്കുപ്പായമീറനായി ചെഞ്ചെമ്മേ

സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു കുചേല–
ച്ചോമാതിരിക്കതു ച്ചമടായിച്ചമഞ്ഞു.

ഭക്തിയായ കാററു കൈകണക്കിലേററു പെരുകിയ
ഭാഗ്യപാരാവാര ഭംഗപരമ്പരയാ

ശക്തിയോടു കൂടി വന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.

കല്പാന്തകാലത്തൊന്നിക്കും കടലുകളുടെ ഘോഷം
അല്പമാക്കും പുരുഷാരപൂരങ്ങളുടെ

ചൊല്ലൊണ്ടുമിരപ്പു കേട്ടും പുരീശില്പം കണ്ടും ചെല്ലും
ചില്പുംസഖൻ മഹാമാർഗ്ഗമലങ്കരിച്ചു.

ആഴിമകളുമൊരുമിച്ചൊരു കട്ടിന്മേലന്നേര-
മേഴാമ്മാളിക മുകളിലിരുന്നരുളും

ഏഴരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴെത്തൻെറ വയസ്യനെ ദൂരത്തു കണ്ടു

കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടു തററുടുത്തിട്ടുത്തരീയവുമിട്ടു

മുണ്ടിൽ പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടും കൂടെക്കക്ഷത്തിങ്കലിടുക്കിക്കൊണ്ടു്,

ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ
മുദ്രയും മുഖരമായ പൊളിക്കുടയും

രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചെമ്മേ ചെല്ലും

അന്തണനെക്കണ്ടിട്ടു സന്തോഷം കൊണ്ടോ തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപം കൊണ്ടോ

എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ?

പള്ളിമഞ്ചത്തീന്നു വെക്കമുത്ഥാനം ചെയ്തിരുപക്ക-
മുള്ള പരിജനത്തോടും കൂടി മുകുന്ദൻ

ഉള്ളഴിഞ്ഞു താഴത്തെഴുന്നള്ളി പൗരവരന്മാരും
വെള്ളംപോലെ ചുററും വന്നു വന്ദിച്ചുനിന്നു.

പാരാവാരകല്പപരിവാരത്തോടു കൂടി ഭക്ത-
പാരായണനായ നാരായണനാശ്ചര്യം

പാരാതെ ചെന്നെതിരേററു കുചേലനെ ദീനദയാ-
പാരവശ്യമേവം മററാരീശ്വരനുണ്ടോ?

മാറാത്ത വിയർപ്പുവെള്ളം കൊണ്ടു നാറും സതീർത്ഥ്യനെ
മാറത്തുൺമയോടും ചേർത്തു ഗാഢം പുണർന്നു.

കുറമൂലം തുക്കൈകൊണ്ടു കൈ പിടിച്ചുകൊണ്ടുപരി-
കേറിക്കൊണ്ടു ലക്ഷ്മീതല്പത്തിന്മേലിരുത്തി.

പള്ളിപ്പാണികളെക്കൊണ്ടു പാദം കഴുകിച്ചു പരൻ
ഭള്ളൊഴിഞ്ഞു ഭഗവതി വെള്ളമൊഴിച്ചു.

തുള്ളിയും പാഴിൽ പോകാതെ പാത്രങ്ങളിലേററ തീർത്ഥ
മുള്ളതുകൊണ്ടു തനിക്കുമാക്കും തളിച്ചു.

നന്ദനും വസുദേവക്കും യശോദയ്ക്കും ദേവകിക്കും
നന്ദനനായ മുകുന്ദൻ ഭക്തനെത്താനെ

ചന്ദനവും പൂശിപ്പിച്ചു പൂജിച്ചു പോലിത്ഥം ഹരി-
ചന്ദന കുസുമയവ ദീപാദികളാൽ.

ഭർത്തൃഭാവമറിഞ്ഞിട്ടു ലക്ഷ്മീ ഭഗവതി താനും
ഭദ്രമായ താലവൃന്തമെടുത്തു ചെമ്മേ

ഭക്തനാമതിഥിക്കധ്വശ്രമം കളയുവാൻ വസു-
ഭദ്രനോടു കൂടി നിന്നു വീശിത്തുടങ്ങി.

രാമപുരത്തു വാരർ,—കുചേലവൃത്തം

## 99. ശ്മശാനരംഗം

പററലർകുലകാലൻ ചെററു ദൂരം നടന്നി-
ട്ടററമില്ലാതെ മോഹം മുററുമാറാശു കണ്ടാൻ

ഘോരമാം ശ്മശാനവും പാരമാം ചിതാഗ്നിയും
ഭൂരിമോദം പൂണ്ടതിക്രൂരമാം ഭൂതൗഘവും

അവധി വെടിഞ്ഞുള്ളൊരുപധിപ്രധാനമായ്
ത്രിവിധേന്ദ്രിയംകൊണ്ടും വിവിധം മഹാപാപം

തരസാ ചെയ്കമൂലം സരസാശയൻ വിധി
വിരസം ചമച്ചൊരു നരസംഘാതകായം

എന്നിയേ സമാനമായൊന്നുമില്ലിതിനെന്നു
മന്നവൻ മനക്കാമ്പിലെന്നതു കണ്ടു തോന്നി.

മസ്തിഷ്കാലീഢമായൊരസ്ഥികൂടവും പാപ-
ശുദ്ധിക്കർഗ്ഗളാഭമായ് വർദ്ധിക്കും രക്തൗഘവും

അഴകെന്നിയേയുള്ള വഴകും കപാലത്തി-
ലിഴകും ചില ഭാഗത്തൊഴുകും മഷികളും

വീരേന്ദ്രാട്ടഹാസമാം ഘോരഗർജ്ജിതത്തൊടും
ഭൂരിധൂമാന്ധകാരാകാരമായനാരതം

നീളെ മേദുരിച്ചേറെക്കാളിമേവും ചിതാഗ്നി-
കേളിമിന്നലും കണ്ടാൽ കാളമേഘത്തോടൊക്കും.

ഭൈരവതരമായ ഫേരവസമൂഹത്തി-
ന്നാരാവ വിജൃംഭിതം ദൂരവേ കേൾക്കുന്നേരം

അന്തകൻ ത്രിലോകിതന്നന്തകാരണം ചൊല്ലും
മന്ത്രകാണ്ഡാരവമെന്നന്തരം വിനാ തോന്നും.

ദാരിതരക്തംകൊണ്ടാപൂരിത വൃകോദരം
മാരിതജനാകുലം പാരതിൽ ഭയങ്കരം.

കർണ്ണശല്യോൽഭൂതമാം ദണ്ഡിതാരാവപൂർണ്ണം
മുണ്ഡഖണ്ഡാതി ഭീമം ശകുനിക്രൂരാലാപം.

സഗ്രഹദുശ്ശാസന നിഗ്രഹസമാകുലം
ദുർഗ്രഹം കൗരവന്മാർ വിഗ്രഹമെന്നപോലെ.

ഭൂരിവഞ്ചകപരിപൂരിതം ദ്യൂതംപോലെ
നാരിമാനസംപോലെ ദാരുണമശോഭനം.

അവിവേകം പോലവേ വിവിധാതങ്കാലയം
സവിധേ കണ്ടീടിനാൻ ഭുവിവാസവൻ നൃപൻ.

അഴകിൽ പിഴകിയ കഴുകിൻ കൂട്ടങ്ങളു-
മൊഴുകും രുധിരത്തിൽ കഴുകും ശവങ്ങളും

കുടർമാലയെക്കൊണ്ടു കൃതമാലയും പൂണ്ടു
കടുമാനസം പിടിപെട്ടുമാ ഭൂതങ്ങളും

ജീർണ്ണാസ്ഥിച്ഛിദ്രങ്ങളിൽ പൂർണ്ണനാം മാരുതന്റെ
കർണ്ണാതിപ്രിയങ്ങളായ് വർണ്ണിതഗീതങ്ങളും

അലം പുഞ്ചിരികൊണ്ടു കലമ്പും യോഗിനിമാർ
ചിലമ്പിന്നൊലി പാരം പുലമ്പുന്നതും ദിശി

അവധി കൂടാതൊരു വിവിധദുഃഖങ്ങൾക്കു-
മവധാനത്തിൽ തീർത്ത സവിധനികേതനം

ഇട തൂർന്നിരിക്കുന്നോരിടരിൽ കൂടിയിര-
ച്ചടവീതലങ്ങളിൽ പടുതാണ്ഡവം ചെയ്യും

ഡാകിനികൾക്കും പ്രേതാനീകിനീകൾക്കുമതി-
ശ്ലാഘനീയമാം നീല മേഘനീകാശസ്ഥലം

ഉൽക്കട പിശാചങ്ങളുൽഭടസ്വഭാവങ്ങൾ
മർക്കടങ്ങളെപ്പോലെ ദുർഘടം കുതിക്കയും

ജ്വലിക്കും ചിതാഗ്നിയിൽ ചലിക്കും ജ്വാലാമാലാ–
വലിക്കുൾപ്പെട്ടു കത്തിജ്ജ്വലിക്കും ദ്രുമങ്ങളും

പാക്കുന്ന ദേശം ഘോരമാക്കുന്ന ക്രൂക്കന്മാരു–
മോക്കുന്നോർ മനസ്സിനും ദീർഘം നല്കീടും ഭയം.

നായ്ക്കളുമിടെയിടെപ്പേയ്ക്കളുമവററിന്റെ
പോക്കുളരിയും കട്ടവാക്കളും നിരന്തരം

പാതാളനിവാസിയാം വേതാളപ്പരിഷയും
കാതോളം നീണ്ടമിഴിമാർ തോളിൽ ബാലന്മാരും

ഡമരുഗണങ്ങളിൽ തിമിരും നിനാദവും
സമരരസം പൂണ്ടോരമരാരിവ്രാതവും

ക്രീഡിക്കും ചണ്ഡീശ്വരീകോടിക്കും രാത്രിഞ്ചര–
ധാടിക്കുമിടയിടെ പേടിക്കും ഫേരുക്കളും

താമസങ്ങൾക്കും മഹാതാമസമപ്രദേശം
ഭീമസംവൎത്തകാഭം രോമസംപ്രഹർഷണം

ഭീഷണങ്ങൾക്കും മഹാഭീഷണം പിനാകിനീ–
തോഷണം ഹാഹാരവഘോഷണമത്യുത്കടം

തണ്ടാരാശുഗസമൻ കണ്ടാലബ്ഭൂമിപാലൻ
കണ്ടാശു പിതൃവനം കൊണ്ടാട്ടം ദശാന്തരേ

കല്ലെക്കുളങ്ങര രാഘവപ്പിഷാരടി—വേതാളചരിതം

## 100. കാവേരിയുടെ ഗതി

മേളത്തിൽ മേല്ക്കുമേലേ തിരക്കിയെഴുന്നുള്ളോ–
രോളത്തിൻ ഝംകാരമാമാമ്നായ ഘോഷത്തോടും

മത്സ്യകച്ഛപ പരിപൂർണ്ണയായ് ശിശുമാര
വത്സസ്ത്രീയുപവൃത്ത സംഘഭീഷണയായേ

കേവലം ഫേനപൂരമണിഞ്ഞു ചിലേടത്തു്
ശൈവാലങ്ങളെക്കൊണ്ടു സംകുലം ചിലേടത്തു്

സാരസചക്രവാക സങ്കീർണ്ണം ചിലേടത്തു്
ഇളകുന്നീല ജലമെന്നു തോന്നീടും ക്വചിൽ

ഝളത്ഝളജ്ഝളാരവം പൂണ്ടു പാഞ്ഞീടും ക്വചിൽ
സർവത്ര ചുഴിഞ്ഞൊഴുകീടുന്നു ചിലേടത്തു്

കേതകീ പുഷ്പമുണ്ടു വളരെച്ചിലേടത്തു്
ചേതോമോഹനമഹോൽപലങ്ങൾ ചിലേടത്തു്

കമലനിരയെങ്ങും നിരന്നു ചിലേടത്തു്
വിമലകല്ഹാരങ്ങൾ നിറഞ്ഞു ചിലേടത്തു്

കുഴിഞ്ഞത്യന്തമഗാധം തലം ചിലേടത്തു്
വഴിഞ്ഞീടില്ലം നിലയുണ്ടല്ലോ ചിലേടത്തു്

വിസ്താരമേററം കപചിൽച്ചുരുങ്ങിച്ചിലേടത്തു-
മത്യർത്ഥവേഗം ചിലേടത്തു മന്ദൗഘം കപചിൽ

ഓടിഘോഷിച്ചു കുണ്ടിൽച്ചാട്ടുന്നു ചിലദിക്കി-
ലീടെഴുന്തടമുടച്ചീട്ടുന്നു ചില ദിക്കിൽ.

വൃക്ഷഗുല്മാദ്യങ്ങളെ വേരോടെ പറിച്ചുകൊ-
ണ്ടക്ഷീണവേഗം നടകൊണ്ടു കാവേരിനദി

ഇക്ഷിതിക്കലങ്കാരഭൂതയായ്ക്കാണായ്വന്നു
ദക്ഷിണദിക്കിന്നൊരു ഹാരമെന്നതുപോലെ.

കടിയങ്കുളം ശുപ്പുമേനവൻ—കാവേരിമാഹാത്മ്യം

## 101. കൈപ്പവല്ലിയുടെ പൈതങ്ങൾ

ചേലപ്പറമ്പുനമ്പൂരി അനുഗ്രഹസിദ്ധിയുള്ള ഒരു നിമിഷകവി ആയി രുന്നു. ഒരിക്കൽ പാടത്തിൻെറ കരയ്ക്കു് ഒരു വേലിയിൽ പടന്നുകിടന്ന കൈപ്പവല്ലിയിൽനിന്നും (പാവലിൽനിന്നും) നമ്പൂരി പാവയ്ക്കാ പറി ക്കാൻ കൈയ്നീട്ടിയപ്പോൾ ഒരു ശ്ലോകം ചൊല്ലിയിട്ടേ ആകാവൂ എന്നു് അടുത്തു നിന്ന സ്നേഹിതൻ പറഞ്ഞതു കേട്ടു നിർമ്മിച്ച പദ്യം.

പാടത്തുംകരെ നീളെ നീലനിറമായ്
വേലിയ്ക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈയ്ക്കൊണ്ടു നില്ക്കും വിധൌ
വാടാതേ വരികെൻെറ കൈയ്യിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചമ്പൊട്ടു കൈപ്പവല്ലി തരസാ
പെററുള്ള പൈതങ്ങളേ.

ചേലപ്പറമ്പു നമ്പൂതിരി

## 102. ചാലിയാറേ തൊഴാം

അംഭോരാശി കുടുംബിനീ തിലകമേ!
    നൽച്ചാലിയാറേ തൊഴാം
അമ്പെന്നെ പ്രതി കൈവരേണമതിനായ്
    നിൻകാല്യ സംപ്രാർത്ഥയേ
തേനോല്യം മൊഴി! തമ്പി സംപ്രതി മണി–
    പ്പോതം കടപ്പോളവും
ഗംഭീരാരവമോളവും ചുഴികളും
    കാററും കുറച്ചീടണം.

ചേലപ്പറമ്പു നമ്പൂതിരി

## 103. ചൊല്ലിന്നു കൊല്ലുന്നു മാം

പൂമെത്തേലെഴുനേററിരുന്നു ദയിതേ
    പോകുന്നു ഞാനെന്നു കേ–
ട്ടോമൽക്കണ്ണിണനീരണിഞ്ഞ വദന–
    പ്പൂവോടു ഗാഢം മുദാ
പൂമേനിത്തളിരോടു ചേർത്തഹമിനി–
    ക്കാണുന്നതെന്നെന്നുക–
പ്പൂമാലോടളിവേണി ചൊന്ന കദന–
    ച്ചൊല്ലിന്നു കൊല്ലുന്നു മാം.

പൂന്തോട്ടത്തു നമ്പൂതിരി

## 104. കമലവാഹനം

കനകമയമായീടും കമലവാഹനമതിന്മേൽ
കനത്തൊരു കാന്തിയോടു ഗമിക്കുന്നതാരവനോ?

വലമഥനൻ വിഭവമോടേ വസുധയിൽച്ചരിച്ചിടുന്നോ?
വലമഥനനെങ്കിലെങ്ങു വിലസും നേത്രസഹസ്രം?

കളഭഗതേ! കുളുർ മതിയോ? കനിവോടേ വിലസുന്നൂ?
കുളുർമതിയെന്നാകിലുള്ളിലുളവാകുമങ്കമെങ്ങൂ?

ഗൗരീനായകനാകും കൈലാസാധീശ്വരനോ?
ഗൗരീനായകനെങ്കിൽ കമനി മൂന്നാം നേത്രമെങ്ങൂ?

അതിമഹസാ വിലസീടും കതിരോനോ? വദ ബാലേ!
കതിരോനെന്നാകിലവൻ കഥമേവം ശാന്തനാവൂ?

താരിത്തേൻമൊഴി ബാലേ! ധനപതിയെന്നാകിലവൻ
ഭൂരിവിരൂപാംഗനതോ, നീരജനാഭൻ നൂനം.

സ്വാതിതിരുനാൾ മഹാരാജാ

## 105. പ്രിയാഗമോത്കണ്ഠ

സഖി ഹേ! നീ ഗമിക്ക വേഗം സരസനോടു
സകലം മേ കഥയ ശോകം
നിഖിലഭുവനനാഥൻ നീരജനാഭനിന്നു
സുഖയതി കാമിഹ സുകൃതിതമാം ഭുവി— സഖി

ചാരുതരാംഗി ഞാൻ ചാതകിയതുപോലെ
നീരിത്താർശരസമനെന്നു വന്നെന്നോടു
ചേരുമെന്നു തോഴി ചേതസി ചിന്തിച്ചു
പാരമുഴലുന്നു പാർവ്വണേന്ദു സുമുഖി— സഖി

നിശിതതരമദനവിശിഖ രചിതപര—
വശതയാ നിരവധി ശിഥില ധൃതിയാം മേ
ശിശിരകരകിരണമശനി സദൃശമഹോ
നിശമയ ശുചമയി കൃശതനുലതികേ നീ— സഖി

അലമതിവചസാ ചപലതരഹരിണാക്ഷി
പല ദിനമുണ്ടയ്യോ! വലയുന്നു തനിയേ ഞാൻ
കലയസി കിമു മൗനമലഘു തരവിരഹ
ജലനിധിയതിൽ വീണാകുലിതേന്ദ്രിയയാം മയി— സഖി

സ്വാതിതിരുനാൾ മഹാരാജാ.

## 106. ഏകാന്തമോഹിനി

രാകാധിനാഥരുചി രഞ്ജിത നിശായാ—
മേകാകിനീ ചരസി കാസി കളവാണീ?

നീലനിചോളേന നിഹ്നുതമിതെങ്കിലും
ചാലവേ കാണുന്നു ചാരുതരമംഗം

കാളിന്ദീവാരിയിൽ ഗാഹനം ചെയ്യോരു
കാഞ്ചന ശലാകതൻ കാന്തിയതുപോലവേ.

നാരീകുലാഭരണ ഹീരമണിയായ നീ
ആരോമലേ സുതനു ആരുമയോ രമയോ?

ആരെന്നു കേൾപ്പതിനു പാരമിഹ കൗതുകം
പാരാതെ ചൊൽക നീ ഭാരതിയൊ രതിയോ?

പ്രകൃതിജിത പല്ലവം പിയൂഷ പൂരിതം
ശുകമൊഴി പൊഴിഞ്ഞിടും സുസ്മിതശ്രീപദം.

സകൃദപി തവാധരം തന്നുവെന്നാകിലോ
സുകൃതനിധി ഞാനെന്നു സുദതി വരുമിന്നഹോ!

ഈരേഴു പാരിനിന്നീശനായുള്ള ഞാൻ
മാരാതിരേകശരമാൽ പിണകയാലേ

താരാധിനാഥമുഖി താവകവശംവദൻ
പോരേ മനോജരണപോരിനു വിസംശയം.

വിദ്വാൻ കോയിത്തമ്പുരാൻ

## 107. പാഞ്ചാലിയുടെ വൈഷമ്യം

(ദണ്ഡകം)

ക്ഷോണീന്ദ്രപത്നിയുടെ വാണീം നിശമ്യ പുന-
രേണീവിലോചന നടുങ്ങീ—മിഴിയിണ കലങ്ങീ
വിവശതയിൽ മുങ്ങീ—പല തടവുമതിനു പുനര-
വളൊടു പറഞ്ഞളവു പരുഷമൊഴി കേട്ടടനടങ്ങീ.

ദാസ്യം സമസ്തജനഹാസ്യം—നിനച്ചു നിജ മാസ്യം
നമിച്ചു പുനരേഷാ—വിജിതസുരയോഷാ
വിഗതപരിതോഷാ—ശ്രമസലിലബഹുലതര-
നയനജലമതിലുടനെ മുഴുകി—ബത മലിനതരവേഷാ.

ഗാത്രം വിറച്ചിതതി—മാത്രം കരത്തിലഥ—
പാത്രം ധരിച്ചവിടെ നിന്നു—പരിചൊടു നടന്നു—
പഥി കിമപി നിന്നു—ഹരിണരിപുവരസഹിത ദരിയിലിഹ
പോകുമൊരു ഹരിണിയുടെ വിവശത കലർന്നു.

നിശ്വസ്യ ദീർഘമഥ വിശ്വസ്യ നാഥമപി
വിശ്വസ്യ ചേതസി സുജാതാ....ധൃതിരഹിതചേതാ
ധൃതപുളകജാതാ—സൂതസുതനുടെ മണിനികേതമതിലവൾ
ചെന്നു—ഭീതിപരിതാപ പരിഭൂതാ.

ഇരയിമ്മൻ തമ്പി—കീചകവധം

## 108. ജയ ജയ നാഗകേതന

ജയ ജയ നാഗകേതന! ജഗതീപതേ ജയ ജയ നാഗകേതന
നയവിനയ ജലധേ! നമാമി നിൻ പദസരോരുഹം— ജയ

സാദരം നിന്നുടയ നിദേശം കൈക്കൊണ്ടെല്ലാരും—
മേദിനിതന്നിലോരോ ദേശം—
തോറുമധികം—മോദേന വാണിടുന്നനിശം—
ഉള്ളിലാക്കുമേ ഖേദമില്ലൊരു ലവലേശം—അത്രയുമല്ല—
കുരുപ്രവരനിഹ സുയോധനൻ—രിപുപ്രകരമദവിനാശനൻ—
ഹരിപ്രതിമനതിയശോധനൻ—ഇതി പ്രശംസതി മഹാജനം.

ഇരയിമ്മൻ തമ്പി—ഉത്തരാസ്വയംവരം

## 109. ഓമനത്തിങ്കൾക്കിടാവോ

ഓമനത്തിങ്കൾക്കിടാവോ—നല്ല
കോമളത്താമര പ്പൂവോ?

പൂവിൽ നിറഞ്ഞ മധുവോ—പരി
പൂർണ്ണേന്ദു തന്റെ നിലാവോ?

പുത്തൻ പവിഴക്കൊടിയോ—ചെറു
തത്തകൾ കൊഞ്ചും മൊഴിയോ?

ചാഞ്ചാടിയാടും മയിലോ—മൃദു
പഞ്ചമം പാടും കുയിലോ?

തുള്ളുമിളമാൻ കിടാവോ—ശോഭ
കൊള്ളുന്നൊരോമൽക്കൊടിയോ?

ഈശ്വരൻ തന്ന നിധിയോ—പര—
മേശ്വരിയേന്തും കിളിയോ?

പാരിജാതത്തിൻ തളിരോ—എന്റെ
ഭാഗ്യദ്രുമത്തിൻ ഫലമോ?

വാത്സല്യരത്നത്തെ വയ്പ്പാൻ—മമ
വാച്ചൊരു കാഞ്ചനച്ചെപ്പോ?

ദൃഷ്ടിക്കു വച്ചൊരമൃതോ—കൂരി—
രുട്ടത്തു വച്ച വിളക്കോ?

കീർത്തിലതയ്ക്കുള്ള വിത്തോ—എന്നും
കേടു വരാതുള്ള മുത്തോ?

ആർത്തിതിമിരം കളവാൻ—ഉള്ള
മാർത്താണ്ഡദേവ പ്രഭയോ?

സൂക്തിയിൽ കണ്ട പൊരുളോ—അതി
സൂക്ഷ്മമാം വീണാരവമോ?

വമ്പിച്ച സന്തോഷവല്ലീ—തന്റെ
കൊമ്പതിൽ പൂത്ത പൂവല്ലീ?

പിച്ചകത്തിൻ മലർച്ചെണ്ടോ—നാവി–
നിച്ഛ നൽകുന്ന കൽക്കണ്ടോ?

കസ്തൂരി തന്റെ മണമോ—നല്ല
സത്തുക്കൾക്കുള്ള ഗുണമോ?

പൂമണമേററൊരു കാറേറാ—ഏററം
പൊന്നിൽക്കലർന്നൊരു മാറേറാ?

കാച്ചിക്കുറുക്കിയ പാലോ—നല്ല
ഗന്ധമെഴും പനിനീരോ?

നന്മ വിളയും നിലമോ—ബഹു
ധർമ്മങ്ങൾ വാഴും ഗൃഹമോ?

ദാഹം കളയും ജലമോ—മാർഗ്ഗ
ഖേദം കളയും തണലോ?

വാടാത്ത മല്ലികപ്പൂവോ—ഞാനും
തേടിവച്ചുള്ള ധനമോ?

കണ്ണിന്നു നല്ല കണിയോ—മമ
കൈവന്ന ചിന്താമണിയോ?

ലാവണ്യ പുണ്യ നദിയോ—ഉണ്ണി–
ക്കാർവർണ്ണൻ തന്റെ കണിയോ?

ലക്ഷ്മീ ഭഗവതി തന്റെ—തിരു
നെററിമേലിട്ട കുറിയോ?

എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ—പാരി–
ലിങ്ങനെ വേഷം ധരിച്ചോ?

പത്മനാഭൻ തൻ കൃപയോ—ഇനി
ഭാഗ്യം വരുന്ന വഴിയോ?

ഇരയിമ്മൻ തമ്പി

## 110. ശൃംഗാരനൃത്തം

(കുമ്മി)

1

വീര വിരാട കുമാര വിഭോ!
        ചാരുതരഗുണസാഗര ഭോ!
മാരലാവണ്യ—നാരീമനോഹാരിതാരുണ്യ—ജയ ജയ
ഭൂരികാരുണ്യ! വന്നീടുക—ചാരത്തിഹ
        പാരിൽത്തവ
നേരൊത്തവരാരുത്തര!
        സാരസ്യസാരമറിവതിനും—നല്ല
മാരസ്യ ലീലകൾ ചെയ്യതിനും.

2

നാളീകലോചനമാരേ! നാം
        വ്രീള കളഞ്ഞു വിവിധമോരോ
കേളികളാടി—മുദാ രാഗ—
        മാലകൾ പാടി—കരം കൊട്ടി—
ച്ചാലവേ ചാടിത്തിരുമുമ്പിൽ
        താളത്തൊട്ടു മേളത്തൊട്ടു മേളിച്ചനു—
കൂലത്തൊട്ടു—മാളികളെ! നടനം ചെയ്യേണം
        നല്ല—കേളി ജഗത്തിൽ വളത്തീടേണം.

3

ഹൃദ്യതരമൊന്നു പാടീടുവാ—
        നുദ്യോഗമേതും കുറയ്ക്കരുതേ
വിദ്യുല്ലതാംഗീ! ചൊല്ലീടുക
        പദ്യങ്ങൾ ഭംഗി—കലർന്നു നീ
സദ്യോ മാതംഗീ—ധണം തക—
        ത്തദ്ധിമിത്തത്തൈതെയ്യ
തത്തോം തത്തോമെന്നു
        മദ്ദളം വാദയ ചന്ദ്രലേഖേ—നല്ല
പദ്യങ്ങൾ ചൊല്ലു നീ രത്നലേഖേ.

4

പാണിവളകൾ കിലുങ്ങീടവേ—പാരം
        ചേണുററ കൊങ്ക കുലുങ്ങീടവേ
വേണിയഴിഞ്ഞും—നവസുമ
        ശ്രേണി പൊഴിഞ്ഞും—കളമുദം

വാണി മൊഴിഞ്ഞു.—
സഖി ഹേ!—കല്യാണി ഘനവേണി ശുക—
വാണി സുശ്രോണി നാ—മിണങ്ങിക്കുമ്മിയടിച്ചിടേണം—
നന്നായ്—വണങ്ങിക്കുമ്മിയടിച്ചീടേണം.

ഇരയിമ്മൻ തമ്പി—ഉത്തരാസ്വയംവരം

## 111. ഏഴു മുത്തുമണികൾ

1

കോടക്കാർവർണ്ണനോടക്കുഴലൊടു കളിവി—
ട്ടോടിവന്നമ്മതൻെറ
മാടൊക്കും പോർ മുലപ്പാലമിതരുചി ഭുജി—
ച്ചാശ്വസിക്കും ദശായാം
ഓടിക്രീഡിച്ചു വാണീടിന വദനകലാ—
നാഥ ഘർമ്മാമൃതത്തെ
ക്കൂടക്കൂടെ തുടയ്ക്കും സുകൃതനിധി യശോ—
ദാകരം കൈതൊഴുന്നേൻ.

2

രണ്ടുകൈയ്യിലുമുരുണ്ട വെണ്ണയുമിരുണ്ടു നീണ്ട കചഭാരവും
കണ്ഠദേശമതിൽ വണ്ടണിഞ്ഞ മലർകൊണ്ടു തീർത്ത വനമാലയും
പൂണ്ടുപായസവുമുണ്ടുകൊണ്ടുഴകിലുമ്പർകോൻനദിയിലാണ്ടെഴും
കൊണ്ടൽവർണ്ണജയ! മണ്ടിവന്നു കുടിക്കൊണ്ടുകൊൾക മനമേറിമേ.

വെൺമണി—അച്ഛൻ നമ്പൂരി

3

ശങ്കാഹീനം ശശാങ്കാമലതരയശസാ
കേരളോൽപന്നഭാഷാ—
വങ്കാട്ടിൽ സഞ്ചരിക്കും സിതമണിധരണീ
ദേവഹര്യക്ഷവര്യൻ
ഹുങ്കാരത്തോടെതിക്കും കവികരിനിടിലം
തച്ചുടയ്ക്കുമ്പൊഴ് നിന്ദാ—
ഹങ്കാരം പൂണ്ട നീയാമൊരു കുറുനരിയെ
ക്കുസുമോ കുന്നി പോലും?

വെണ്മണി—മഹൻ നമ്പൂരി

4

പാലാഴിക്കുള്ള വെള്ളത്തിരനിര നിരവേ
മേല്ക്കുമേൽ കെട്ടിനില്ക്കു—
മ്പോലാകും നാഗനാഥപ്പുതു മൃദുശയനേ
പള്ളികൊള്ളുന്ന ദേവൻ

നീലാഭ്രം ചുഴെ മിന്നൽപ്പിണരൊടു പടയു-
　　ന്തുമ്പടം ചാത്തിടുന്നോൻ
മേലാൽ സന്താപമേലായ്ക്കതിനിഹ മഹിത
　　ശ്രീകടാക്ഷം വിടട്ടേ.

കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ.

5

ഞാനോ മാനിനിമാർക്കു മന്മഥനഹോ!
　　ശാസ്ത്രത്തിലെന്നോടെതിർ-
പ്പാനോ പാരിലൊരുത്തനില്ല കവിത-
　　യ്ക്കൊന്നാമനാകുന്നു ഞാൻ
താനോരോന്നിവയോർത്തുകൊണ്ടു ഞെളിയേ-
　　ണ്ടെടൻ ചിത്തമേ! നിശ്ചയം
താനോ ജീവനൊരസ്ഥിരത്വമതിനാൽ
　　നിസ്സാരമാണൊക്കയും.

കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ

6

കണ്ണേറ്റു താപിഞ്ഛപുഷ്പസ്തബകരുചികളെ-
　　ക്കൺമുനത്തെല്ലണച്ചു
തിണ്ണെന്നപ്പുഞ്ചിരിക്കൊഞ്ചലുമണിമുലയിൽ-
　　ത്താരഹാരാഭ ചേർത്തു
അണ്ണേറ്റാജം കുപ്പുമോമൽപ്പദതളിരിൽ നഖ-
　　ശ്രീപരം ഭംഗി ചേരും-
വണ്ണം ലാക്ഷാരസത്തിൻ രുചിയെയുമുചിതം
　　ചേർത്തു കല്യാണഗാത്ര്യാഃ

ലക്ഷ്മീപുരത്തു രവിവർമ്മ—ഉഷാകല്യാണം

7

പുരികുഴൽ നികരത്തിൽപ്പുനിലാവിൻെറ വിത്തും
പുരികലതയിലോമൽ കാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പർവ്വതാധീശനുള്ള-
പ്പുരമ സുകൃതവല്ലിക്കെപ്പൊഴും കുപ്പിടുന്നേൻ.

ലക്ഷ്മീപുരത്തു രവിവർമ്മ

## ഭാഗം നാലു്

കേരളവമ്മ വലിയ കോയിത്തമ്പുരാൻെറ കാലം തൊട്ടാണു് ഇന്നത്തെ സാഹിത്യഘട്ടം തുടങ്ങുന്നതു്. മഹാപണ്ഡിതനും കവിയും ആയിരുന്ന അവിടുന്നു് സ്വന്തം സാഹിത്യസംഭാവനകൾകൊണ്ടു് എന്നപോലെ പ്രോത്സാഹനംകൊണ്ടും ഭാഷാസാഹിത്യത്തെ പുഷ്ടിപ്പെടുത്തി. ഇന്നത്തെ ഗദ്യസാഹിത്യത്തിൻെറ ജനയിതാവു് അദ്ദേഹമായിരുന്നു. തമ്പുരാൻെറ മയൂരസന്ദേശം തുടങ്ങിയുള്ള പദ്യകൃതികളെപ്പററിയാണു് നമുക്കു് ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതു്. വലിയ കോയിത്തമ്പുരാനും അവിടുത്തെ ഭാഗിനേയനായ ഏ. ആർ. രാജരാജവമ്മ കോയിത്തമ്പുരാനും ഭാഷയ്ക്കു ചെയ്തിട്ടുള്ള ബഹുമുഖമായ സേവനങ്ങൾ നാം ഏതു കാലത്തും സ്മരിക്കുന്നതാണു്.

കേരളവമ്മയുടെ കാലത്തു് മലയാളകാവ്യരംഗത്തു് ഉണ്ടായ വലിയ നേട്ടങ്ങൾ ഏതാനും മഹാകാവ്യങ്ങളും സംസ്കൃതനാടകങ്ങളുടെ തജ്ജമകളും മററും ആയിരുന്നു. അഴകത്തു പത്മനാഭക്കുറുപ്പവർകളുടെ രാമചന്ദ്രവിലാസം, കെ. സി കേശവപിള്ളയുടെ കേശവീയം, പന്തളം കേരളവമ്മയുടെ രുഗ്മാംഗദചരിതം, ഉള്ളൂർ പരമേശ്വരയ്യരുടെ ഉമാകേരളം, വള്ളത്തോൾ നാരായണമേനോൻെറ ചിത്രയോഗം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശു വിജയം തുടങ്ങിയുള്ള മഹാകാവ്യങ്ങൾ അക്കാലത്തു് ഉണ്ടായവയാണു്. വലിയ കോയിത്തമ്പുരാൻെറ മണിപ്രവാളശാകുന്തളം എന്ന ശാകുന്തള തർജ്ജമ തുടങ്ങി പല സംസ്കൃതനാടകങ്ങളുടെ മനോഹര വിവത്തനങ്ങളും മലയാളത്തിൽ അവതരിച്ചു. അവയിൽ ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം, ഏ. ആർ. രാജരാജവമ്മയുടെ മാളവികാഗ്നിമിത്രം, കുഞ്ഞിക്കുട്ടൻതമ്പുരാൻെറ ആശ്ചര്യചൂഡാമണി തുടങ്ങിയുള്ള തജ്ജമകൾ പ്രസ്താവമഹിക്കുന്നു. ഏ. ആർ. രാജരാജവമ്മ രചിച്ച കുമാരസംഭവം, മേഘസന്ദേശം എന്നിവയുടെ തജ്ജമകളും സ്മരണീയങ്ങളായ കൃതികളാണു്. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ മഹാഭാരതം തജ്ജമയും വള്ളത്തോളിൻെറ വാല്മീകിരാമായണം തജ്ജമയും ഏതാണ്ടു് ഈ കാലത്തുതന്നെയുള്ള മികച്ച സംഭാവനകളാണു്. ഭാഷാന്തരങ്ങൾ എന്ന നിലയ്ക്കു് അത്തരം ചില കൃതികളിൽനിന്നും ഉദ്ധാരണങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

'കേരളവർമ്മ കാലത്തിൻെറ' ഉത്തരഘട്ടത്തിൽ മലയാള കവിത പുതിയ ഒരു മാർഗ്ഗത്തിലേക്കു തിരിയുന്നതു കാണാം. കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ പരമേശ്വരയ്യർ എന്ന മൂന്നു കവികളുടെ ഖണ്ഡകാവ്യസംഭാവനകൾ സാഹിത്യത്തിനു പുതിയ മുതൽക്കൂട്ടുകളായിത്തീൎന്നു. ആശാൻെറ വീണപൂവാണ് ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ ആദ്യമായി ബഹുജനശ്രദ്ധയെ ആകൎഷിച്ച കൃതി. അതിനു ശേഷം നളിനി, ലീല, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, പ്രരോദനം, ചണ്ഡാലഭിക്ഷുകി, കരുണ മുതലായ വിശിഷ്ടങ്ങളായ പല കൃതികളും അദ്ദേഹം സംഭാവന ചെയ്തു. ജീവിതനിരീക്ഷണവും ആശയഗാംഭീര്യവും അദ്ദേഹത്തിൻെറ കൃതികളെ സൎവ്വാദരണീയങ്ങളാക്കിയിട്ടുണ്ട്. സാമൂഹികജീവിതത്തിലുള്ള ഉച്ചനീചത്വങ്ങളോടു സന്ധിയില്ലാത്ത സമരാഹ്വാനവും അദ്ദേഹം മുഴക്കി.

മനോഹരങ്ങളായ അനേകം ഖണ്ഡകാവ്യങ്ങളും ലഘുകാവ്യങ്ങളും വള്ളത്തോൾ കൈരളിക്കു കാഴ്ചവച്ചു. ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, കൊച്ചുസീത, ശിഷ്യനും മകനും, ബധിരവിലാപം തുടങ്ങിയുള്ളവ അദ്ദേഹത്തിൻെറ ഖണ്ഡകാവ്യങ്ങളാണ്. ലഘുകവിതകൾ അദ്ദേഹം സമാഹരിച്ച സാഹിത്യമഞ്ജരി എന്ന പേരിൽ എട്ടു ഭാഗങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവയിൽ എൻെറ ഗുരുനാഥൻ, പുരാണങ്ങൾ മുതലായ പല കവിതകളും വളരെ പ്രശംസ നേടിയിട്ടുള്ളവയാണ്. തികഞ്ഞ ദേശാഭിമാനബോധവും പ്രകടമായ ഭാരതസംസ്കാരപ്രതിപത്തിയും ലളിതമധുരമായ കാവ്യശൈലിയും അദ്ദേഹത്തിൻെറ കൃതികളെ ഉൽകൃഷ്ടങ്ങളാക്കിത്തീൎക്കുന്നു.

ഉള്ളൂരിൻെറ പ്രധാന ഖണ്ഡകൃതികൾ കൎണ്ണഭൂഷണം, പിംഗള, ഭക്തിദീപിക, ചിത്രശാല മുതലായവയാണ്. ലഘുകവിതകളുടെ സമാഹാരങ്ങളാണ് കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജൂഷ മുതലായവ. പ്രേമസംഗീതം, സുഖം സുഖം, തുമ്പപ്പൂവ്, ബാലാങ്കുരം തുടങ്ങിയുള്ള ലഘുകൃതികൾ പ്രത്യേകം എടുത്തു പറയത്തക്ക വൈശിഷ്ട്യമുള്ളവയാണ്. ഉജ്ജ്വലവും ഉദാരവുമായ ശൈലിയാണ് ഉള്ളൂരിനു സ്വായത്തമായിട്ടുള്ളതു്. വിപുലമായ പാണ്ഡിത്യത്തിൻേറയും വിതതമായ സാഹിത്യസിദ്ധികളുടേയും പ്രതിഫലനം അദ്ദേഹത്തിൻെറ കവിതയ്ക്കു മോടി കൂട്ടുന്നു.

ഈ കവിത്രയത്തിൻെറ കാൽപ്പാടുകളെ പിൻതുടൎന്നു മററു പല കവികളും ഈ കാലത്തു് കാവ്യമാർഗ്ഗത്തിൽ സഞ്ചരി

ച്ചിട്ടുണ്ടു്. നാലപ്പാട്ടു നാരായണമേനോൻ, കുണ്ടൂർ നാരായണ മേനോൻ, എം. ആർ. കൃഷ്ണവാരർ, പള്ളത്തു രാമൻ, വി. കൃഷ്ണൻ തമ്പി, ശാസ്തമംഗലം രാമകൃഷ്ണപിള്ള തുടങ്ങി പലരുടേയും നാമങ്ങൾ ഓർമ്മിക്കത്തക്കവയാണു്. സർദാർ കെ. എം. പണിക്കർ തുടങ്ങി മററു പലരുടെ സംഭാവനകളും സ്മരണീയങ്ങളാണു്.

ഈ ഘട്ടം മഹാകാവ്യങ്ങളെക്കൊണ്ടാണു് തുടങ്ങിയതെങ്കിലും ഈ കാലത്തിൻെറ പ്രത്യേകസംഭാവന ഖണ്ഡകാവ്യങ്ങളും ലഘുകാവ്യങ്ങളുമാണു്. ഇവ രൂപത്തിൽ പാശ്ചാത്യ മാതൃകകളെ അനുകരിക്കുന്നുണ്ടെങ്കിലും ഭാരതീയപാരമ്പര്യത്തിൻെറ മഹിമ തന്നെ ഇവയിലും പ്രത്യക്ഷപ്പെടുന്നു. പുരാണങ്ങളും ചരിത്രവും ഐതിഹ്യങ്ങളും ലോകത്തിലെ വിവിധ ധർമ്മമാർഗ്ഗങ്ങളും കവികൾക്ക വിഷയവും പ്രേരണയും നല്കുന്നതായിക്കാണുന്നു. ആശാൻെറ ബുദ്ധചരിതം കിളിപ്പാട്ടു്, വള്ളത്തോളിൻെറ മഗ്ദലനമറിയം, ഉള്ളൂരിൻെറ ഹീര തുടങ്ങിയ കൃതികൾ നൂതനവിഷയസ്വീകരണത്തിൽ ഉദാഹരണങ്ങളാണു്.

## 112. മയൂരപിഞ്ഛരഞ്ജനം

1

പാലിക്കാനായ് ബ്ഭുവനമഖിലം ഭൂതലേ ജാതനായ–
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൗലിക്കെട്ടിൽത്തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ.

2

ഓമൽപ്പിച്ചിച്ചെടി ലത മരുല്ലോളിതാ വർഷബിന്ദു–
സ്തോമക്ലിന്നാ പുതുമലർ പതുക്കെ സ്ഫുടിപ്പിച്ചിടുമ്പോൾ
പ്രേമക്രോധക്ഷുഭിത ഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമൻമന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ.

3

ലീലാരണ്യേ വിഹഗ മൃഗയാ ലോലനായേകദാ ഞാൻ
നീലാപാംഗേ! കിമപി നിഹനിച്ചിടിനേൻ നീഡജത്തേ
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേതും
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ?

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ—മയൂരസന്ദേശം

## 113. പാടത്തെ പണിക്കാരി

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻ കററയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങനേ
നാടൻകച്ചയുടുത്തു മേനി മുഴുവൻ ചേറും പുരണ്ടിപ്പൊഴീ–
പ്പാടത്തൂന്നു വരുന്ന നിൻ വരവു കണ്ടേററം കൊതിക്കുന്നു ഞാൻ.

പൂന്തോട്ടത്തു നമ്പൂരി

## 114. കനിവവളിലുദിക്കൊല്ല

മർത്ത്യാകാരേണ ഗോപീവസനനിര കവർ–
ന്നോരു ദൈത്യാരിയെത്തൻ
ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീ–
തിയ്ക്കു തെററില്ല പക്ഷേ
പൊൽത്താർമാതാവിതാ തൻ കണവനെ വിട്ടവാ–
നാശ്രയിക്കുന്നു ദാസീ–
വൃത്ത്യാ നിത്യം ഭവാനെക്കനിവവളിലുദി–
ക്കൊല്ല കാരുണ്യരാശേ.

ഒറവങ്കര നമ്പൂതിരി രാജാ

## 115. മുക്തകത്രയം

1

മാണിക്യ മാമലയിൽ മഞ്ജു ജലക്കുളത്തിൻ
കോണിൽക്കുരുത്തു വളരും ചെറു കൈത തന്മേൽ
കാണക്കൊതിക്ക വിലസുന്ന സുമത്തെ വെല്ലും
കായത്തെയൊന്നു കണി കാൺമതിനെന്നു കിട്ടും?

2

ലോലക്കണ്ണാം സുമത്തിൻ ചെറുമുനയണവോ-
ളം ചുളിച്ചൊന്നു നോക്കും
കാലത്തെല്ലാ പ്രപഞ്ചങ്ങളുമര നൊടിയിൽ
ത്തോന്നിനിന്നങ്ങു മായും
കൂലം വിട്ടോരു ശക്തിക്കുടയവളവളെൻ
ചിത്തരംഗത്തിലാടും
ബാലപ്പെൺ കല്പകപ്പുംകൊടി തവ മനമാം
ദാരുവിൽച്ചുററിടട്ടേ.

3

മേലേ മേലേ പയോധൗ തിരനിരയതു പോൽ
ഗദ്യപദ്യങ്ങളോക്കും
കാലേ കാലേ ഭവിപ്പാൻ ജഗമതിലൊളിവായ്
ചിന്നിടും തേൻകുഴമ്പേ!
ബാലേ ബാലേ മനോജ്ഞേ പരിമൃദുലതനോ!
യോഗിമാർ നിത്യമുണ്ണും
പാലേ! ലീലേ വസിക്കെൻ മനസി സുകൃതസ-
ന്താനവല്ലീ സുചില്ലീ!

ചട്ടമ്പി സ്വാമികൾ

## 116. നവരത്നമഞ്ജരി

1

ഒന്നായ മാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തന്മതി മറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാം കടലി-
ലൊന്നായി വീണു വലയും
എന്നാശയം ഗതി പെറും നാദഭൂമിയില-
മർന്നാവിരാഭ പടരും
ചിന്നാഭിയിൽ ത്രിപുടിയെന്നാണറും പടിയ-
മർന്നാറിടുന്നു ജനനീ!

2

ഇല്ലാത മായയിട്ടമുല്ലാസ മൊന്നമറി–
വല്ലാതയില്ലനിലനം
കല്ലാഴിയും കനല്വമല്ലാതെ ശൂന്യമതു–
മെല്ലാമൊരാദിയറിവാം
തല്ലാഘവം പറകിലില്ലാരണം ക്രിയകൾ
മല്ലാട്ടകില്ല മതിയീ
സല്ലാഭമൊന്ന മതിയെല്ലാവരും തിരയു–
മുല്ലാഘബോധ ജനനീ!

3

ഉണ്ടായിമാറുമറിവുണ്ടായി മുന്നമിതു
കണ്ടാട്ടമംഗമകവും
കൊണ്ടായിരം തരമിരുണ്ടാശയം പ്രതിച്ച–
രുണ്ടാമഹസ്സിൽ മറയും
കണ്ടാലുമീനിലയിലുണ്ടാകയില്ലറിവ–
ഖണ്ഡാനുഭൂതിയിലെഴും
തണ്ടാരിൽ വീണ മധുവുണ്ടാരമിക്കമൊരു
വണ്ടാണ സൂരി സുകൃതി.

4

ആരായുകിൽ തിരകൾ നീരായിടുന്ന ഫണി
നാരായിടുന്ന കുടവും
പാരായിടുന്നതിന നേരായിടുന്നുലക–
മോരായ്കിലുണ്ടഖിലവും
വേരായ നിൻ കഴലിലാരാധനം തരണ–
മാരാലിതിന്നൊരു വരം
നേരായി വന്നിടുക വേറാരുമില്ല ഗതി
ഹേ രാജയോഗ ജനനീ!

5

മേലായ മൂലമതിയാലാവൃതം ജനനി!
നീ ലാസ്യമാടി വിട്ടമീ
കീലാലവായ്വനല കോലാഹലം ഭുവന–
മാലാപമാത്രമഖിലം
കാലാദിയായ മൃദുനൂലാലെ നെയ്യുമൊരു
ലീലാപടം ഭവതി മെയ്
മേലാകെ മൂടുമതിനാലാരുമുള്ളതറി–
വീലാഗമാന്തനിലയേ!

6

മീനായതും ഭവതി മാനായതും ജനനി!
　　നീ നാഗവും നഗഖഗം
താനായതും ധരനദീനാരിയും നരന്ു-
　　മാനാകവും നരകവും
നീ നാമരൂപമതിൽ നാനാ വിധപ്രകൃതി-
　　മാനായി നിന്നറിയുമീ
ഞാനായതും ഭവതി ഹേ നാദരൂപിണിയ-
　　ഹോ! നാടകം നിഖിലവും.

7

എൻ പാപമെയ്‌വതിനൊരമ്പായിടുന്നറിവു-
　　നിൻ പാദതാരിലെഴമെ-
ന്നൻപാണു മൗർവിയൊരിരുമ്പാം മനം ധനുര-
　　ഹംഭാവിയാണു വിജയി
അംബാ തരുന്നു വിജയം പാപപങ്കിലമ-
　　ഹംഭാനമാകുമതിനാൽ
വൻഭാരമാർന്ന തനുവും ഭാനമാമുലക-
　　വും ഭാനമാകുമഖിലം.

8

സത്തായി നിന്നുപരി ചിത്തായി രണ്ടു
　　മൊരുമുത്തായി മൂന്നുമറിയും
ഏത്തായി നിന്നതിനു വിത്തായി വിണ്ണോട്ടമ-
　　രുത്തായി ദൃഷ്ടി മുതലായ്
കൊത്തായിടും വിഷയവിസ്താരമന്നമതി-
　　നത്താവുമായി വിലസും
സിദ്ധാനുഭൂതിയിലുമെത്താതെയാ മതിമ-
　　ഹത്തായിടും ജനനി നീ.

9

ഭൂവാദി ഭൂതമതിനാവാസമില്ല വെറു-
　　മാഭാസമാമിതറിവി-
ന്നാഭാവിശേഷമിതിനാവാസമിങ്ങുലകി-
　　ലാപാദിതം ഭവതിയാൽ
നാവാദിതൻ വിഷയിതാവാസമററ ഭവ-
　　ദാവാസമാകെ വിലസും
ദ്യോവാണതിൻെറ മഹിമാവാരറിഞ്ഞു ജന-
　　നീ! വാഴ്ത്തുവാനുമരുതേ.

ശ്രീ നാരായണഗുരു

## 117. മേഘബിന്ദുക്കൾ

1

കാററുകൾക്കൊണ്ടൊരു കീചകങ്ങൾ കുഴലൂ-
        തുന്നു ശ്രുതിക്കൊത്തപോൽ
സംഘം ചേർന്നൊരു സിദ്ധമുഗ്ദ്ധമിഴിമാർ
        പാടുന്നു സങ്കീർത്തനം
ചുററും നിന്നിടിനാദമങ്ങൊരു മൃദം-
        ഗം പോൽ മുഴങ്ങീടുകിൽ
സമ്പൂർണ്ണം സദിരിൻെറ മേളമവിടെ
        സ്വാമിക്കു സന്ധിക്കുമേ.

2

ചെന്താർകാന്തികൾ ചിന്തുമന്തിസമയ-
        ച്ചന്തം കലർന്നും ഭവാൻ
നീന്തിച്ചെന്നഥ നൃത്തമാടിയമരും
        ദേവൻെറ തൃക്കൈകളിൽ
ചുററിപ്പററിയവററിലുററുമതിരം
        തോരാത്തൊരാനന്ദകിൽ
ക്കോലം ചാർത്തണമാടൽവിട്ടമ രസാൽ
        കണ്ടോട്ടെ നിൻ ഭക്തിയെ.

ഏ. ആർ. രാജരാജ വർമ്മ

## 118. വിരഹാധി

1

അരുണാധരി തന്നെയങ്ങു കാണാ-
ഞ്ഞരുണാംഭോരുഹനേത്രനായ രാമൻ
ശരണാഗതരക്ഷണം നടത്തും
കരുണാമൂർത്തി കരഞ്ഞിടാൻ തുടങ്ങീ.

2

ദയിതേ! പുനരെങ്ങു പോയെടോ നീ
അയി! തേ ഞാനപരാധമെന്തു ചെയ്തു?
മയി തെല്ലനുകമ്പ തോന്നിയുള്ളിൽ
പൊയിതേറാതരികത്തു വാ മനോജ്ഞേ!

3

അര നാഴിക വേർപിരിഞ്ഞിരിപ്പാ-
നരുതാഞ്ഞിട്ടു വനത്തിൽ വന്നു പാർക്കും
അരവിന്ദവിലോചനേ! നിനക്കീ
വിരഹത്തിങ്കലൊരാശയെന്നു വന്നൂ?

4
ചതിയുള്ളൊരു മാനിനെപ്പിടിപ്പാ-
നതിവേഗത്തൊടു പോയിരുന്നൊരീ ഞാൻ
അതിനെത്തവ കൊണ്ടു തന്നിടാഞ്ഞി-
ട്ടതികോപത്തൊടു നീയൊളിച്ചതല്ലേ?

5
മതിബിംബമതിങ്കലേക്കുരംഗം
കൊതി തീരുമ്പടി കൊണ്ടുവന്നു നൽകാം
അതിനും മമ തോൽവിയില്ലെടോ! വെൺ-
മതി വെല്ലും ദൃഢമെന്നു നിൽ മുഖത്തെ.

6
മുറയിട്ടിതുപോലെ രാമനും തൻ
പിറകേ തമ്പിയുമായ്^ തിരിച്ചു പിന്നെ
മറിമാൻമിഴി പോയ മാർഗ്ഗമേതെ-.
ന്നറിവാനായി വനത്തിലൂടെ മെല്ലെ.

7
വഴിമേലവർ കണ്ടുകണ്ടു പോകും
മൊഴിയാ പ്രാണികളോടു രാമചന്ദ്രൻ
പൊഴിയുന്നൊരു കണ്ണുനീർ തുടച്ചും
വഴിയാംവണ്ണമിദം പറഞ്ഞു കേണാൻ.

8
പരമാർത്ഥമുരയ്ക്കു, നല്ല താളി-
പ്പനയേ! നിൻ കുല പോലലെ കേശഭാരം
പരിചോടു വഹിച്ചൊരുത്തിയീ നി-
ന്നരികിൽക്കൂടി വരുന്നതിന്നു കണ്ടോ?

9
അളിയേ! തവ ശോഭ പോലെ നെററി-
ക്കളകം നല്ലൊരു മാലയായണിഞ്ഞു്
ഒഴിയാതിതിലേ ഗമിച്ചിതോ പൂം
കുഴലാളാകിയൊരുത്തി മിന്നലിപ്പോൾ?

10
ഒളിയാർന്നൊരു താമരേ! വൃഥാ നീ
പൊളിയോതീടരുതേ മുഖത്തു നോക്കി
തവ കാന്തികളൊക്കെയും മുഖത്താൽ
കവരും കാമിനിയീ വഴിക്കു വന്നോ?

11
അയി!തേ കുശലം കഥിക്കെടോ പൂ-
ക്കയിതേ! വസ്തുത ഞങ്ങളോടു നേരേ
മൃദുനാസിക നിൻെറ മൊട്ടിനൊപ്പം
മുതിരും മാനിനി വന്നിതോ സമീപേ?

12

കളവോതരുതിന്നു ചക്രവാക
ദ്വിജമേ! നിൻ വടിവൊത്തു മാറിടത്തിൽ
കുചമണ്ഡലമുള്ള മങ്കയാളീ–
വഴിയേ പോയതു നീയറിഞ്ഞതില്ലേ?

13

പൃഥുവിക്രമ സിംഹരാജ! നീയെ–
ന്തുരിയാടാതെ മിഴിച്ചുനിന്നിടുന്നു?
ഇട നിന്നൊടു തുല്യമായ് ചുരുങ്ങീ–
ട്ടിതിലേ പൂങ്കുഴലാളൊരുത്തി പോയോ?

14

പിടിയോടു പിരിഞ്ഞിരിക്ക മൂലം
നെടുവീർപ്പിട്ടു നടന്നിടും കരീന്ദ്ര!
മടിയാതുര ചെയ്ക നിൻെറ ചാരേ
മടവാർ മൗലിയൊരുത്തി വന്നതുണ്ടോ?

15

അഴകേറിയൊരന്നമേ! നിനക്കീ
നടയെപ്പണ്ടു പറഞ്ഞു തന്നൊരുത്തി
ഗുരുദക്ഷിണ വാങ്ങുവാനിദാനീ–
മിഹ വന്നേച്ചവൾ പിന്നെയെങ്ങു പോയീ?

16

കുയിലേ! പറകിന്നൊരുത്തീയീ നി–
ന്നയലത്തൂടെ നടന്നുപോയതുണ്ടോ?
അവൾതാനുപദേശമേകി മുന്നം
തവ ചാരുസ്വരമായതോർമ്മയില്ലേ?

17

വിരിയും മലർ ചൂടിയഗ്രഭാഗേ
തളിരും തണ്ടുമിടയ്ക്കിടയ്ക്കു വീശി
മുകുളങ്ങളുമേന്തിയിങ്ങുലഞ്ഞാ–
ലതയെങ്ങോട്ടു ഗമിച്ചശോകമേ ചൊൽ.

അഴകത്തു പത്മനാഭക്കുറുപ്പ്—രാമചന്ദ്രവിലാസം

## 119. ആസന്നമരണചിന്ത

1

ഉല്ലാസപ്രദമായ യൗവനമഹം
  കൈവിട്ടു വാർദ്ധക്യമാം
വല്ലാതുള്ളൊരരണ്യ ദേശമിതിൽ വ–
  ന്നത്തുംഗ വൈരത്തൊടേ

മല്ലാടുന്ന മഹാമയാഹ്വയമെഴും
സർപ്പത്തിനാൽ ഗ്രസ്തനായ്
നില്ലാതായിനിമേലിതിങ്കൽ വിജയം
തെല്ലും ഭവിക്കില്ല മേ.

2

ഹാഹാ! ഭൂതലവാസമെത്ര പരമാ-
നന്ദത്തിനിന്നാസ്പദം
ഹാഹാ! സൂര്യസുധാകരാദികൾ വിള-
ങ്ങീടുന്നൊരാകാശവും
ഹാഹാ! പുഷ്പഫലാദിപൂർണ്ണതരുജാ-
ലോല്ലാസിനീ ഭൂമിയും
ഹാഹാ! സൽസമസ്തഷ്ടരും തരുമൊര-
സ്സൗഖ്യങ്ങളോക്കാവതോ?

3

കാലത്തിങ്ങെഴുനേററു നോക്കുമളവിൽ
ബ്ബാലാർക്കനോലും പ്രഭാ-
ജാലത്താൽ ഭുവനേ നിറഞ്ഞൊരു തമ-
സ്സെല്ലാം ശമിപ്പിച്ചുടൻ
മാലെത്തീട്ടലയുന്ന കോകനിര തൻ
സന്തോഷ സന്താനമായ്
ചേലൊത്തങ്ങു വിളങ്ങിടുന്നതിനി മേൽ
കാണുന്നതെന്നാണു ഞാൻ?

4

അമ്മേ! വന്നീടുകെന്നു ചൊന്നു കരവും
കാലും കുടഞ്ഞാർത്തി പൂ-
ണ്ടമ്മിഞ്ഞയ്ക്കു കരഞ്ഞുകൊണ്ടുഴലുമെൻ
പൊന്നോമനക്കുഞ്ഞിനെ
ചെമ്മേ ചെന്നുടനമ്മ വച്ചു വരികെ-
ന്നോതിപ്പുണർന്നിട്ടെട്ടു-
ത്തമ്മയ്ക്കുള്ള കരത്തിൽ നൽകുവതിനി-
ച്ചെയ്യാവതോ ദൈവമേ?

5

നാരീമൗലികൾ വന്നണഞ്ഞടി തൊഴു-
ന്നെന്നോമനപ്പുത്രിയാൾ
സാരീഗാമപധാനിയെന്നു സരസം
സപ്തസ്വരം സാദരം

സംഘാരീഭൃതവിലാസമോടു നിയതം
പാടുന്നതിൻ ധാടി കേ–
ട്ടാരീ വത്സല ഭാവമോടിനി രസി–
ച്ചീടുന്നു കൂട്ടം മുദാ?

6

പാടീട്ടും മമ പുത്രി തൻെറയരികിൽ–
ത്തത്തിക്കളിച്ചെത്തിയൻ–
പോടീ നിൻ കടലാസെനിക്കു തരികെ–
ന്നോതീട്ടു കിട്ടായ്കയാൽ
കൂടീട്ടന്നൊരു കുണ്ഠഭാവമെഴുമെൻ
കുഞ്ഞിങ്ങണഞ്ഞപ്പോഴെ–
ന്നോടീ വാർത്ത പറഞ്ഞിട്ടും വിധമിനി–
ക്കെല്ലോട്ടു കേൾക്കാവതോ?

7

പ്രാണാധീശ്വരിയായിട്ടും കുമുദിനി–
ക്കൊട്ടേറെ വാട്ടം കൊടു–
ത്താണാബ്ഭാനു ഗമിച്ചതെന്നു കരുതി–
ക്കത്തുന്ന കോപത്തിനാൽ
ശോണാദ്രിപ്രഭയാർന്നുയർന്ന കരവും
നീട്ടിപ്പകിട്ടേറിട്ടു–
ന്നേണാങ്കൻ ദിവി വാണിടുന്ന വിധവും
കാണുന്നതെന്നാണിനി?

8

എണ്ണം വിട്ടൊരു താരകാവലികളോ–
ടൊത്തങ്ങു കത്തുന്ന പൊൻ
കിണ്ണം പോലെ വിളങ്ങിടും വിശദമാ–
മേണാങ്കബിംബം മുദാ
വണ്ണം തീയൊളി തോററുപോം തനുവെഴു–
ന്നെൻ തയ്യലൊത്തൻപില–
വ്വണ്ണം കണ്ടു രസിപ്പതിന്നവസരം
മേലിൽ ഭവിക്കീലമേ.

9

പാലൊലുന്ന മനോഹരാംശുനികര–
ത്താലാശു നാലാശകൾ–
ക്കാലോകം ബഹു ഭംഗിപൂർവ്വമരുളി–
ക്കത്തും കലാനാഥനെ

താലോലിച്ച മകനു 'നമ്മളുടെ ന-
ല്ലമ്മാവനില്ലോ തെളി-
ഞ്ഞാലോകിച്ചിട്ട'കെന്നു ചൂണ്ടുവിരലാൽ
കാണിപ്പതെന്നാണിനി?

10

വൈരം പൂണ്ട പിണങ്ങിയെന്നോടതിയാ-
യുൾത്താരിലെത്തും മഹാ
വൈരസ്യത്തൊടു വാണിടും രിപുകുലം
മേലിങ്ങു മാലെന്നിയേ
കൈരണ്ടും ബത! വീശിയാർത്തു പലതും
മല്ലിട്ടു ചൊല്ലീട്ടു നൽ
സ്വൈരം മൽസഹജാദ്യരെസ്സകുതുകം
ബാധിച്ചു മോദിച്ചിടും.

11

പുഷ്ടപ്രേമമൊടെന്നൊടൊത്തു വിളയാടീ-
ട്ടുള്ള ശിഷ്ടാഗ്ര്യരാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമിതിനെ-
ക്കേട്ടീടിൽ ഞെട്ടിപ്പരം
ദൃഷ്ടിത്തെല്ലതിൽനിന്നു മന്ദമൊഴുകു-
ന്നശ്രുക്കൾ പൂണ്ടെത്രയും
'കഷ്ടം കഷ്ട'മിതെന്നു ചൊല്ലിയധികം
ഖേദിച്ചു രോദിച്ചിടും.

12

'ഹിംസാകൃത്യമിവണ്ണമത്ര നിയതം
ചെയ്യുന്നതോർത്തീടിലാ-
സ്സംസാരത്തിനെഴും നിസ്സർഗ്ഗമതു താ-
നല്ലാതെയല്ലേതുമേ
കിം സാരം ക്ഷണഭംഗുരം നരജനു'
സ്സിത്യാദി തത്ത്വങ്ങളെ-
സ്സംസാരിച്ചവരാർത്തി തീർത്തഥ സമാ-
ശ്വാസത്തിലെത്തും ദൃഢം.

കേ. സി. കേശവപിള്ള

## 120. ഒരു ദുർമൃതി

1

മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയൊടൊത്തവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ-
ന്നതി ദയനീയമുരച്ചിടുന്നവണ്ണം.

2

കടുനിണമൊഴുകിപ്പടർന്നു ചുറ്റും
കഠിനത പൂണ്ടു കറുത്തു നിന്നിരുന്നു
സ്ഫുടരുചി തടവും വിശാലവക്ഷ-
സ്തടമവഗാഢതരം പിളർന്നിരുന്നു.

3

ഹരിത നിറമിയന്ന വാരവാണം
പല വഴി പൊട്ടി വിടർന്നിരുന്നു മെയ്യിൽ
വിഘടിതജഠരാന്തരത്തിൽ നിന്നും
കുടലുകൾ ചാടി വെളിക്കു വീണിരുന്നു.

4

സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽപ്പതിച്ചിരുന്നു
കസവൊളി തിരളുന്ന തൊപ്പിയൂരി-
ത്തലയൊടു ചേർന്നരികിൽക്കിടന്നിരുന്നു.

5

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പല വഴിചിതറിപ്പിണഞ്ഞു മണ്ണിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്നു ചുറ്റും.

6

മിഴി പകുതിയടഞ്ഞു് കൃഷ്ണമാകും
മണിയെ മറച്ചു നിരാഭമായിരുന്നു
കമലിനിയെ വെടിഞ്ഞലഞ്ഞു് കത്തും
വെയിലിലണഞ്ഞു് കരിഞ്ഞ പങ്കജം പോൽ.

7

അധരയുഗളമല്പമായ് വിടർന്നി-
ട്ടിടയിൽ വിളങ്ങിന ദന്തപംക്തി കണ്ടാൽ
അധിക ചപലമായ മർത്ത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നു തോന്നും,

8

പ്രകൃതിയുടെയ ശാംബരീവിലാസം
ദൃഢമറിയുന്നവനെങ്കിലും മുകുന്ദൻ
ഝടിതി ഗളതലേ തടഞ്ഞ ബാഷ്പോദ്-
ഗമമൊട്ട നിന്ന നിലയ്ക്കു നിന്നുപോയി.

കെ. സി. കേശവപിള്ള—കേശവീയം

## 121. കാവ്യാമൃതം

1

സുധാമ്മികരിഹാർത്ഥികൾക്കഭിമതാർത്ഥദാനക്രിയാ-
വിധാനമതിലാർന്നിടും സ്മിതമുഖപ്രസന്നാഭയോ
സുധാസമുദയോല്ലസന്മധുരസാര സർവ്വസ്വമോ
മുധാ, മനസി തൃപ്തിയസ്സുകവിസൂക്തി താൻ ചേർത്തിടും.

2

പാരം ഭുവി ചകോരികാരസനകൾക്കു ലേഹ്യങ്ങളാം
ശരന്മഹിത ശർവ്വരീരമണകാന്തി പൂരങ്ങളും
സ്ഫുരദ്രുചിയിലക്ഷിയും രസനയും രസിക്കുന്ന സ-
ന്മരന്ദവൃമമന്ദ സൽക്കവനഭാസ്സിലന്ധങ്ങൾ താൻ.

3

കളാമലമൃദുസ്വരം ശിശുകുമാരനവ്യക്തമായ്
ഗുളാധിക സുമാധുരി ഭരിതമോതിടും ഗീരിനും
ഗളാഗളിമഹാഹവം കിമപി ചെയ്തു വൻതോൽവിയിൽ
ജളാശയത ചേർത്തിടും പടി ലസിപ്പു സത്കാവ്യമേ.

4

ഘൃതം സിത ഗുളം തഥാ മധുരമായ മാദ്ധ്വീരസം
ഹിതം കദളിപക്വമെന്നിതുകളൊത്ത സദ്വസ്തുവും
ജിതം ജിതമിവണ്ണമെന്നടി പണിഞ്ഞിടും സാഹിതീ
മതല്ലികയിൽ വാച്ചിടും മഹിതഭാവമോതാവതോ?

5

സുവർണ്ണ സരസീരുഹപ്രകര ജാതസൗരഭ്യമോ
സുവർണ്ണശുക ശാബക ശ്രുതിമനോജ്ഞ സല്ലാപമോ
അവശ്യരുചി മാലതീ മഹിതമാർദ്ദവ പ്രൗഢിയോ
നവസ്വരസതയ്ക്കു സത്കവന തുല്യമാകാ ദൃഢം.

6

പിതാമഹനിതംബിനീ നഖരഘട്ടനോദ്യൽസ്വരാ-
ഞ്ചിതാമല വിപഞ്ചികയ്ക്കുടയ ഗീതസമ്പത്തിനും

പ്രതാപനില കേവലം ബത നിലച്ചിട്ടും മട്ടിലായ്
ധൃതാദരമുദാരയാം സുകവിസൂക്തി രാജിപ്പതേ.

7

വിശാലമിഴികാന്തതൻ വിരഹമൂലമായ് ചിത്തഭ്ര–
നിശാത ശരമേററുടൻ വിവശമായ് ശ്വസിക്കമ്പൊഴും
സ്വശാത്രവ ബലിഷ്ഠരിൽ ഭയമിയന്നു മേവുമ്പൊഴും
ഭൃശാദര രസത്തിനായ് കവനമേവനും തീർന്നിടും.

8

പ്രഭാവഭരമാർന്നിടും പ്രകൃതിദേവി തൻ പാവന
പ്രഭാവലയമൊക്കെയും പ്രതിഫലിച്ചു കാണുന്നതായ്
സ്വഭാവമധുരോജ്ജ്വലൽക്കവനമാം മഹാ ദർപ്പണം
ശുഭാർത്ഥികൾ നിരീക്ഷ ചെയ്തഭിമതത്തെ നേടും ദൃഢം.

9

സ്ഫുരത്തരളകാന്തിയാം പെരിയ ജാഹ്നവീസിന്ധുവിൻ
പരന്ന തിരമാലകൾക്കമിതഭീതി ചേക്കുന്നതായ്
പരം പരിമളോല്ലസൻമധുര ഭാരതീമാധ്വി തൻ
പരമ്പരയിലേവനും കരളുടൻ കുളിർപ്പിപ്പതായ്

10

സരിദ്ഗിരിമഹാടവീ വിടപി മുഖ്യ വസ്തുക്കളെ
സ്ഫുരിക്കു വിവരിച്ചിടും വില മതിച്ച കണ്ണാടിയായ്
ഹരിൽപ്പതിവധൂശതാകലിത കല്പവല്ലീലസൽ–
പ്പുരിക്കിയലുമുത്തമ പ്രകൃതിയെ പ്രകീർത്തിപ്പതായ്

11

പ്രസന്നകരുണാത്ഭുതപ്രഭൃതി മാനസോല്ലാസിയാം
രസപ്രകരതല്ലജം ലളിത ബന്ധസൽബന്ധുരം
അസക്ത മുനിഹൃത്തിലും ബഹുവികാരമേകും വിധം
ലസദ്വിവിധ രീതിയിൽ പ്രതിപദം പ്രകാശിപ്പതായ്

12

അകൃത്യവിനിവൃത്തിയും നിഗമശാസ്ത്രസിദ്ധാന്തിത
സുകൃത്യ ശുഭസക്തിയും സുജനതയ്ക്കു ചേക്കുന്നതായ്
പ്രകൃത്യഭിമതങ്ങളാം പല വിചിത്രവൃത്തങ്ങൾ തൻ
പ്രകൃഷ്ടത വിശിഷ്ട സൽപ്പദവഴിക്കു കാണിപ്പതായ്

13

വിലാസിനിയൊടൊപ്പമായ് വില പെടും വിനോദത്തൊടും
സ്വലാളിത പദങ്ങളാൽ രസഭരം സ്ഫുരിപ്പിച്ചുടൻ
തുലാതിഗ ശുഭക്രിയാ സരണിയിൽ ജനത്തിൻ മനം
സലാഘവമണപ്പതിന്നനണു പാടവം പൂണ്ടതായ്

14

സമാദൃതരസങ്ങളാൽ സഹൃദയക്കു സർവ്വവ്യഥാ
സമാപ്തിയരുളിപ്പുരം തെളിവു ഏത്തിലേകുന്നതായ്
അമായരുചി തേടുമാസ്സുരസകാവ്യലക്ഷ്മിക്കെഴും
സുമാധുരി സമാസ്വാദിപ്പവനനല്ല ഭാഗ്യോത്തമൻ.

15

പ്രകാമമപരങ്ങളാം നിഖിലമാന്യവസ്തുക്കൾ തൻ
പ്രകാശമിഹ സർവവും സപദി കീഴടക്കി സ്ഫുടം
വികാസിത ഗുണോല്ലസൽ കവി വിശാല ധീശോധിതം
സുകാവ്യശുഭതല്ലജം ജഗതിയിൽ ജയിക്കുന്നതേ.

പന്തളത്തു കേരളവമ്മ തമ്പുരാൻ

## 122. ഉത്തരരാമായണ മണികൾ

3

നല്ലാവെൻ കണ്ണിന്നു നീ താൻ മമ തനുവിനു നീ
നല്ല പീയൂഷമാണെൻ
ജീവൻ നീ താൻ ദ്വിതീയം മമ ഹൃദയമതാ-
കുന്നു നീ സുന്ദരാംഗി
ഏവം നീയിഷ്ട വാക്യം പലതുമനുസരി-
ച്ചോതിയൊന്നിച്ചു വാണേ-
പ്പാവത്തെത്തന്നെ കഷ്ടം! ശിവശിവ! ഇനി ഞാ-
നെന്തിനോതുന്നു ശേഷം?

2

കഷ്ടിച്ചെട്ടു വയസ്സു തൊട്ടിതുവരെ-
ക്കൗതുഹലത്താൽ വള-
ർത്തിഷ്ടം പാരമുദിക്കയാൽ ഹൃദയമൊ-
ന്നായുള്ള മൽക്കാന്തയെ
കഷ്ടം! ശൗനികനാലയത്തിൽ വളരും
പെൺപക്ഷിയെപ്പോലെയി-
ദ്ദുഷ്ടൻ ഞാൻ കനിവെന്നിയേ കപടമായ്
കാലന്നു നൽകുന്നിതാ.

3

കരം പിടിച്ച നാൾ മുതൽ ഗൃഹത്തിലും വനത്തിലും
വരാംഗി! ശൈശവത്തിലും തഥൈവ യൗവനത്തിലും
പരം നിനക്കുറങ്ങുവാൻ മൃദൂപധാനമോക്ക മ-
റ്റൊരാരംബുജാക്ഷിയെത്തൊടാത്ത രാമബാഹുവല്ലയോ?

4

പേടിച്ചുള്ളിളമാന്മിഴിക്കു സമമായ്
　　നേത്രങ്ങളേററം ചലി-
ച്ചാട്ടം ഗർഭഭരത്തിനാലൊരടി വയ്-
　　പ്പാൻകൂടി വയ്യാതെയായ്
ആടൽപ്പെട്ടൊരു കാന്തതന്നുടെ ബിസം
　　പോലേ തളർന്നേററവും
വാടീട്ടും മൃദുമേനിയെപ്പുലികുലം
　　ഭക്ഷിച്ചിരിക്കും ദൃഢം.

5

ഒന്നായും സൗഖ്യദുഃഖങ്ങളിലനുഗുണമാ-
　　യേതു കാലത്തുമുൾപ്പൂ-
വിന്നുള്ളാശ്വാസമായും രസമതു ജരയാൽ
　　ഭേദിയാതുള്ളതായും
പിന്നെക്കാലേന തീർന്നാ മറവുകളൊട്ടവിൽ
　　സ്നേഹസത്തായുമെന്നും
ഭിന്നിക്കാതുള്ള പത്നീപ്രണയമധിക
　　പുണ്യത്തിനാലേ ലഭിക്കൂ.

ചാത്തുക്കുട്ടിമന്നാടിയാർ—ഉത്തരരാമചരിതം നാടക

## 123. പ്രേയസീവിയോഗം

ഭൂലോകം ശൂന്യമായീ ഹൃദയമൊരു തമോ-
　　മണ്ഡലം പോലെയായി
ത്രൈലോക്യത്തിന്റെ സൃഷ്ടിസ്ഥിതിലയകരനാം
　　മൂർത്തിയും ശത്രുവായി
താലോലിക്കേണ്ടുമെന്നുണ്ണികളിരുവരുമെൻ
　　രണ്ടു തോളത്തുമായി
പാലോലും വാണി എൻപ്രേയസി ഇവനെ വെടി-
　　ഞ്ഞീശ്വരോ രക്ഷ രക്ഷ.

ഒട്ടവിൽ കുഞ്ഞുകൃഷ്ണമേനോൻ

## 124. ഏദൻ തോട്ടം

1

പച്ചപ്പുല്ലണി പൂണ്ടേററം മെച്ചമായീട്ടമസ്ഥലം
പച്ചപ്പട്ടു വിരിച്ചോരു മച്ചകം പോലെ മഞ്ജുളം.

2
ഇട തൂർന്നധികം കാന്തി തടയും പത്രപംക്തിയാൽ
ഇടമൊക്കെ മറയ്ക്കുന്നു വിടപിക്കൂട്ടമായതിൽ.

3
നീരദശ്രീ പെടും പത്രപൂരങ്ങളരുണാതപം
ചേരവേ ശ്യാമളപ്പട്ടിൻ നീരന്ധ്രരുചിയേന്തിടും.

4
ഗുണമുൽക്കൃഷ്ടമാം സ്വാദു ഗണനീയാഭയെന്നിവ
ഇണങ്ങും കായ്കളാൽ വൃക്ഷഗണം മിന്നുന്നു നിസ്തുലം.

5
മരങ്ങളിലിരുന്നോരോ തരം പക്ഷികളെപ്പൊഴും
മരന്ദമഞ്ചിടും ചാരുസ്വരത്തിൽപ്പാട്ടമിമ്പമായ്.

6
നയനങ്ങൾക്കു സാഫല്യം നിയതം ചേർത്തിടും വിധം
പ്രയത ശ്രീ പെടും വല്ലീചയമുണ്ടേതദനെങ്ങുമേ.

7
സൗരഭ്യത്തിൻ പ്രവാഹത്തെ ദൂരത്തും ചേർത്തനർഗ്ഗളം
നീരന്ധ്രമവയിൽ പൂവിൻ പൂരം മിന്നുന്നു സന്തതം.

8
ഇണക്കമേറുമേണത്തിൻ ഗണമാശങ്കയെന്നിയേ
തൃണം തിന്നു നടക്കുന്നിതിണ ചേർന്നേതിടത്തിലും.

9
നില വിട്ടഴകുള്ളോരാ സ്ഥലത്തെ നദി നാലിലും
ജലം പളുങ്കിനിണയായ് വിലസുന്നിതനാവിലം.

10
തളരാതെ തളിർക്കൂട്ടം വിളങ്ങും പൂക്കളെന്നിവ
ഇളം തെന്നൽ ചലിപ്പിച്ചു വിളയാടുന്നിതെങ്ങുമേ.

11
അഴകോടമരും നല്ല തഴപ്പേറുന്ന വാഴയിൽ
അഴലററു കിടന്നണ്ണാൻ പഴം തിന്നുന്നു മുത്തൊടേ.

കട്ടക്കയം ചെറിയാൻ മാപ്പിള—ശ്രീയേശു വിജയം

## 125. സന്ധ്യാംബരം

1
അങ്ങോട്ടു നോക്കുക ചുവപ്പു വെളുപ്പു പച്ച-
യെന്നീ നിറങ്ങളിട തിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേ സമയം വിരിഞ്ഞു
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നോ!

2

ലോകൈകശില്പി രജനീവനിതയ്ക്കു ചാർത്താൻ
നക്ഷത്രമാല പണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണ പിണ്ഡമതുരുക്കിയെടുത്തു നീരിൽ
മുക്കുന്നിതാ തപനമണ്ഡലകൈതവത്താൽ.

3

അല്ലെങ്കിലീശ്വരനമൂല്യമനന്തമാദ്യം
ബ്രഹ്മാണ്ഡഭാണ്ഡമൊരു ഭാഗമഴിച്ചു നോക്കി
നോട്ടത്തിനൊത്ത ചില കല്ലുകളെത്തിരഞ്ഞു
നീലാംബരോപരി നിരത്തിയതായിരിക്കാം.

വി. സി. ബാലകൃഷ്ണപ്പണിക്കർ—വിശ്വരൂപം

## 126. ഒരു വിലാപം

1

തിങ്ങിപ്പൊങ്ങും തമസ്സിൽക്കടലിലൊരു കുടം
പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ മുഴക്കെക്കുളിരിളകുമിളം
കാററു താനേ നിലച്ചു
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പകർ—
പ്പെന്ന മട്ടന്നു മൗനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരു—
ന്നീടിനാനാടലോടേ.

2

കണ്ണിൽക്കണ്ണീർ നിറച്ചിട്ടകമിടറി വിടും
വീർപ്പുകൊണ്ടാശു മിന്നി—
ട്ടെണ്ണി പ്രാപഞ്ചികക്കോളടിയുടെ നടുവിൽ
പ്പെട്ടു വല്ലാതെ മുങ്ങി
മണ്ണിൽ ചൈതന്യമില്ലാപ്പടി പൊടി പുരളും
മട്ടു വാടിക്കിടക്കും
പെണ്ണിൻ പൂമേനി താങ്ങിദ്ദയിതനവനിരു—
ന്നീടിനാനെന്തു ചെയ്യാം?

3

നാട്ടാരെല്ലാം വിഷൂചീലഹളയിലുതിരും
കാലം; അദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ! കഴിഞ്ഞീടിന കഥ; വലുതാ—
യുള്ള വർഷാനിശീഥം;

കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ
വേളയിൽ കഷ്ടമായാൽ
നീട്ടാനും കൂടി വയ്യാതെരിയുമൊരു വിള-
ക്കിൻെറ നേരിട്ടിരുന്നു.

4

ആ മട്ടാളും കഠോരപ്രകൃതിനടനയിൽ
പാട്ടുകാരൻ കണക്കേ
കൂമൻ മൂളുന്നു കൂകുന്നിതു ചിറകടിയോ-
ടൊത്തു കുറിച്ചുളാനും
പ്രേമം, വിഭ്രാന്തി, താപം ഭയമിവയിലലി-
ഞ്ഞാകവേ രക്തനാഡീ-
സ്തോമം സ്തംഭിച്ചുയാലക്കഥകളവനറി-
ഞ്ഞില്ലതേ നല്ലതായീ.

5

പാരം വീർപ്പിട്ടുലച്ചോത്തെരിയുമൊരു മുഖം
മുത്തൊളിബ്ബാഷ്പധാരാ-
സാരം തിങ്ങിക്കലങ്ങീടിന മിഴികൾ നിറം
മങ്ങി വീങ്ങും കപോലം,
ചാരം പോലേ വിളർത്തോരുടലിവയൊടു മ-
പ്പൂരുഷൻ ഹന്ത! വിദ്യുത്-
സാരത്തിൻ വിദ്യയാലൊട്ടിളകുമൊരു വെറും
പാവയെപ്പോലിരുന്നു.

6

ഒന്നോ രണ്ടോ മണിക്കൂറിട മനമറിയാ-
മട്ടിലെന്തൊക്കെയോ ചെ-
യ്തന്നോളം തള്ളുമാർത്തിക്കടൽ നടുവിലെണീ-
റ്റായവൻ നീന്തിനോക്കി
പൊന്നോമൽച്ചെമ്പകത്തിൻ മലരടിപണിയും
കാന്തതൻ മെയ്യു മെല്ലെ
തന്നോടൊപ്പിച്ചമർത്തിത്തഴുകിയൊരു വിധം
ഗദ്ഗദം പൂണ്ടുരച്ചു.

7

മാനം മര്യാദ മാന്യപ്രണയ മധുരമാം
ശീലമൊക്കുന്ന മട്ടിൽ
ദാനം തൊട്ടുള്ള നാനാ ഗുണവിഭവമിണ-
ങ്ങീടുമെൻ പ്രാണനാഥ!

ജ്ഞാനധ്യാനൈക രൂപാമൃതമണയുവതി–
ന്നുള്ള നിന്നന്ത്യയാത്ര–
യ്ക്കാനന്ദം കൈവരട്ടേ, തവ വിമല കഥാ–
വസ്തു ശേഷിച്ചിടട്ടെ!

8

സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ
നിൻെറ ജീവൻ ക്രമത്തിൽ
കൈതന്നും വച്ചു വാനോർവനിതകളരുളീ–
ട്ടന്നൊരഗ്രാസനത്തിൽ
ആതങ്കം വിട്ടുമിന്നിക്കിളികളിളകുമാ
നന്ദനത്തോപ്പിലേന്തും
ഗീതത്തോടൊത്തു പുത്തൻ മണമണിയുമിളം
കാററു തെല്ലേററിടട്ടേ.

9

ആശാവേശം നിമിത്തം ചിലതിവനരചെ–
യ്യുന്നതത്രേ മരിച്ചാ–
ലേശാൻ പോകും യഥാർത്ഥസ്ഥിതികളറിയുവാ–
നാക്കുമയ്യോ ഞെരുക്കം
ദേശാചാരാനുസാരം സുകൃതഫലമെട്ട–
ത്തീട്ടവാൻ തത്വചിന്താ–
ലേശാലോലം മനസ്സിന്നനുമതി കുറയും;
തത്വമോ ഭിന്നഭിന്നം.

10

ദേവന്മാരുള്ള നാടും നരകവുമിവിടെ–
ത്തന്നെയാണെന്നു വന്നാ–
ലാവട്ടേ; നാം നയിച്ച പ്രണയമസൃണമീ
ജീവിതം സ്വർഗ്ഗതുല്യം;
ജീവൻ മേലിൽ സുശീലേ! ജനനമണയുമെ–
ന്നാകിലിന്നാമൊരേ മ–
ട്ടേവം താൻ ചേരുമപ്പോളമിതപരചിദാ–
നന്ദകന്ദം ഭുജിക്കാം.

11

താരുണ്യത്തള്ളലാലോ തരുണമനമിള–
ക്കുന്ന ഗാനങ്ങളാലോ
പേരുണ്ടാക്കാൻ തുനിഞ്ഞില്ലിവനിലകമലി–
ഞ്ഞുള്ള നീയെന്ന മൂലം

ആരും വാഴ്ത്തില്ലയെന്നാകിലുമൊരു സമയ-
        ത്തത്ഭുത പ്രേമസാരം
ചേരും നിൻ ജീവവൃത്തപ്പുതുമ പുതിയ പാ-
        ഠത്തിലൊന്നായിരിക്കും.

12

സാരാനർഘപ്രകാശ പ്രചുരിമ പുരളും
        ദിവ്യരത്നങ്ങളേറെ-
പ്പാരാവാരത്തിനുള്ളിൽപ്പരമിരുൾ നിറയും
        കന്ദരത്തിൽ കിടപ്പൂ
ഘോരാരണ്യച്ചുഴൽക്കാററടികളിലിളകും
        ത്തുമണം വ്യർത്ഥമാക്കു-
ന്നോരപ്പൂവെത്രയുണ്ടാമവകളിലൊരു നാ-
        ളൊന്നു കേളിപ്പെട്ടുന്നൂ.

13

ഭൂയിഷ്ഠം റാണി പത്മാവതിയുടെ വിപുല-
        സ്ഥൈര്യസമ്പത്തു, ലക്ഷ്മീ-
ഭായിക്കുണ്ടായ യുദ്ധപ്രവണത, സരളാ-
        ദേവിതൻ വാഗ്വിലാസം
നീയിത്ഥം നിർമ്മലസ്ത്രീ ഗുണമഹിമകളാൽ
        പൂർണ്ണയായ് വാണിരിയ്ക്കാം
വായിപ്പാനാവതാണോ ഹൃദയനില വെറും
        മാംസദൃഗവീക്ഷണത്താൽ?

14

ഏതായാലും കൃതാന്തൻ നിജ കഠിനകരം
        നിന്നിൽ വച്ചൂ തുഷാര-
ശ്രീതാവും മഞ്ജു മന്ദസ്മിതമണിയുമിളം-
        ചുണ്ടനങ്ങാതെയായീ
വീതായാസം വിലോലായതമിഴിയിലെഴും
        കാന്തി മങ്ങീക്കടക്കും
വാതാവേശാൽ പ്രപഞ്ചത്തിരയടിയിലക-
        പ്പെട്ടു നീ ചോട്ടിലായീ.

15

ആകപ്പാടേ വിമർശിച്ചറിയുവതിനസാ-
        ദ്ധ്യങ്ങളാകുന്നു നാനാ
പാകം പററുന്ന ദിവ്യപ്രകൃതിയുടെ വികാ-
        രങ്ങൾ വിശേഷാത്തരങ്ങൾ

ലോകം രംഗം, നരന്മാർ നടരിതു വളരെ-
സ്സാരമാം തത്ത്വമെങ്ങോ
പോകട്ടേ; മാംസമേദോമലകലിതമുടൽ-
ക്കെട്ടിതുൽകൃഷ്ടമാണോ?

16

ധീരശ്രീ സർവ്വസൈന്യാധിപനുടെ കരവാ-
ളുഴിപന്നുള്ള ചെങ്കോ-
ലീ രണ്ടിന്നും നമിക്കാത്തൊരു പഴയ മഹാ
ശക്തി മീതേ ജയിപ്പൂ
സാരജ്ഞേ! തൽപ്രയുക്തം നിയമമനുസരി-
ച്ചിന്നു ലോകങ്ങളോരോ
നേരത്തോരോ വിധത്തിൽ തിരയുമതു തട-
ത്തീടുവാനാവതല്ല.

17

ലാവണ്യം കൊണ്ടിണങ്ങും പുതുമ, കവിതകൊ-
ണ്ടുള്ള സൽക്കീർത്തി, വിദ്വദ്-
ഭാവംകൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാ-
മൂലമാം വൻ പ്രതാപം
ഈവണ്ണം വർണ്ണനീയം ഗുണമഖിലമൊരേ
വാതിലിൽ തട്ടിമുട്ടി-
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ
ചെന്നു ചേരുന്നുവല്ലോ.

18

ബാലാദിത്യൻ കരത്താലരുമയൊടു തലോ-
ടീടവേ പാടലശ്രീ
ലീലാരംഗം പ്രഭാവപ്രകൃതിയുടെ മൃദു-
സ്നിഗ്ദ്ധ ഗണ്ഡം കണക്കേ
മേലാലെത്തും വിപത്തിൻ വിപുലതയെ വിചാ-
രിച്ചു നോക്കുന്നതിന്നും
മേലാതേ നിന്നൊടുക്കം പടുച്ചുടല പനീർ-
പ്പൂവു ചുംബിച്ചിടുന്നു.

19

ഓമൽപ്പൂ വെണ്ണിലാവിൽ കുളുർമയൊടു കളി-
ച്ചൊട്ടു മൂടും പ്രസൂന
ക്ഷൗമം ചാർത്തി സ്സുഗന്ധപ്പൊടി വിതറി വിള-
ങ്ങുന്ന മല്ലീമതല്ലീ

ആമട്ടച്ചയ്ക്കുണങ്ങിക്കരിയുമുടലുല-
ഞ്ഞെന്നുറച്ചിററു വീഴും
തൂമഞ്ഞിൻ തുള്ളിയാലേ വിമലമതി വൃഥാ
തന്നെ ബാഷ്പം പൊഴിപ്പൂ.

20

നാദാന്തബ്രഹ്മനിഷ്ഠാവഴിയിലകമുറ-
ച്ചേവമോത്താലുമിന്നെൻ
വേദാന്തക്കൺ വെളിച്ചം വിരഹമഷി പിടി-
ച്ചൊന്നു മങ്ങുന്നുവെങ്കിൽ
പാദാർത്ഥം ദണ്ഡമേന്തും യതികളുടെ വെറും
കാവിമുണ്ടുഗ്ര സംഗ-
ത്തീദാഹംകൊണ്ടു നീട്ടും രസനകളെ മുറ-
യ്ക്കെത്ര നാൾ മൂടിവെയ്ക്കും?

21

പാതിവ്രത്യപ്രതാപക്കൊടിയുടെ ചരടേ!
ദുർവിധിക്കാററു തട്ടി-
പ്പാതിത്യം വന്ന നിൻ മെയ്യിളകുവതിനിനി-
സ്സാദ്ധ്യമല്ലെന്നിരിക്കെ
പാതിപ്പെട്ടും ഭവച്ചങ്ങലവലയിലക-
പ്പെട്ട കാലാലയത്തിൻ
വാതിൽക്കൽ പോയി മുട്ടിത്തിരിയെ വരുമൊരെൻ
ജീവിതം ഭാരഭൂതം.

22

നീലക്കാർ മൂടി മങ്ങുന്നിതു മതി, കൊട്ടതാം
മിന്നൽ പായുന്നു നാഡീ-
ജാലത്തിൽ കൂടി, ദീർഘശ്വസനനിളകവേ
ബാഷ്പവർഷം വരുന്നു
പാലഞ്ചും വാണിയാളേ! തവ വിരഹവിചാ-
രാംബുധിക്കോളിളക്കം
കാലത്തിന്നൊത്തിരിപ്പൂ കണവനുടെ കരൾ-
ക്കെട്ടിതാ പൊട്ടിയല്ലോ?

23

പ്രാലേയക്കട്ടപോലേ പരിമൃദുലത പൂ-
ണ്ടെന്നുമാഡംബരത്തിൽ-
ക്കാലേ വയ്ക്കാതെ നൈസർഗ്ഗിക മധുരിമയെ-
ത്താൻ കളിത്തോഴിയാക്കി

മാലേയം മാത്രമായോരണിയലൊട്ടു മുഖാ–
ബ്ജത്തിലാത്മപ്രസാദം
മേലേ മേലേ വളർത്തി ബ്ഭവതിഭുവനരം–
ഗത്തിൽ നന്നായ് വിളങ്ങീ.

24

ഞാനോ നീക്കേട്ടി മൂടുന്നൊരു നയനതടം
വിങ്ങിമങ്ങിക്കുഴങ്ങി–
പ്പിനോത്കണ്ഠാപരീതൻ വിരഹവിധുരതാ–
ധൂസരാംഗങ്ങളോടേ
മാനോട്ടംകണ്ണി! മുള്ളും ചരല്വമിടകലർ–
ന്നുള്ള മാർഗ്ഗം ചവിട്ടി–
ത്താനോരോ ജീവിതായോധന മുറിവുകളേ–
റേറാടി വാടേണ്ടിവന്നു.

25

പ്രാതഃകാലം വരുമ്പോൾത്തവ ചരമകഥാ–
സ്മാരകം പോലെ പാടും
ഗീതത്തെക്കൊണ്ട ഘണ്ടാമണി വെളിയിലയ–
ച്ചോരു ഞാനൊററയായി
പ്രേതത്തെപ്പോലെ മുററത്തണയുകിലൊളിവ–
റേറാമനക്കാററു പുൽകും
കൈതപ്പൂവെന്നെ നോക്കി ത്രപയൊടപഹസി–
ച്ചീടുമേ വാദമില്ല.

26

വാതവ്യാസംഗമൂലം വിറയുടയ പുരാ–
രാമവല്ലീകുലത്തെ
സ്ഫീതസ്നേഹം തലോടി പ്പലപൊഴുതു പയോ–
ധാര താനേ നടത്തി
ആതങ്കം മാററുമാര്യേ! തവ തനുഭവമാ–
യുള്ള വെണ്ണീർ കിടക്കെ
പ്രേതക്കാട്ടിൽ കടത്തും കരവുമഫലമാ–
ല്ലോഷധീശന്നു മേലിൽ.

27

സാനന്ദം സുപ്രഭാതോദയ മഹിമ പുക–
ഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ ഗവാക്ഷംവഴി ദിനമണിതൻ
കൈകളാൽ പുൽകയാലോ

തേനഞ്ചുംവാണിയാളേ! ചുടലയൊടു സമീ
പിച്ച നിൻ ദീർഘനിദ്ര-
യ്ക്കുനം പററില്ല; നിൻ കണ്ണുകൾ നിയതി നിയോ-
ഗത്തിനാൽ മുദ്രിതങ്ങൾ.

വി. സി. ബാലകൃഷ്ണപ്പണിക്കർ—ഒരു വിലാപം

## 127. വീണ പൂവു്

1

ഹാ പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര—അസംശയം—ഇന്നു നിൻെറ
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ.

2

ലാളിച്ചു പെററ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ! ദലമമ്മരങ്ങൾ.

3

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീല പൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ.

4

ശീലിച്ചു ഗാനമിട ചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വമയേ! തെളിവാർന്നു താരാ
ജാലത്തൊടുന്മുഖതയാർന്നു പാിച്ചു രാവിൽ.

5

ഈവണ്ണമൻപൊടു വളർന്നഥ നിൻെറയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം കവിൾ കാന്തിയാർന്നു
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

6

ആരോമലാമഴകു ശുദ്ധി മൃദുത്വമാഭ
സാരള്യമെന്ന സുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ
താരുണ്യ മേന്തിയൊരു നിൻ നില കാണണം താൻ.

7

വൈരാഗ്യമേറിയൊരു വൈദികനാട്ടെയേററ
വൈരിക്കു മുന്നുഴറിയോടിയ ഭീരുവാട്ടെ
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു?—മിഴിയുള്ളവർ നിന്നിരിക്കാം.

8

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കിമരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ? ചിത്രമല്ല-
തില്ലാർക്കുമിഗ്ഗുണവുമേവ മകത്തു തേനും.

9

ഹാ! പാപമോമൽമലരേ ബത! നിൻെറ മേല്പും
ക്ഷേപിച്ചിതേ കരുണയററ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും?

10

തെറെറന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെററല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറെറന്തുരപ്പൂ? ജവമീ നവദീപമെണ്ണ
വററിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി!

11

ഞെട്ടററു നീ മുകളിൽ നിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യ ഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ.

12

ആഹാ! രചിച്ചു ചെറു ലൂതകളാശു നിൻെറ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം.

13

ഇപ്പുഷ്പിമാബ്ബിയിലണഞ്ഞൊരു താരമാരാ-
ലുൽപ്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപ്പുഷ്പമേ!യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കൽപ്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.

14

കണ്ണേ! മടങ്ങുക, കരിഞ്ഞു മലിഞ്ഞു മാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ,
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്വു കിനാവു കഷ്ടം!

കുമാരനാശാൻ—വീണപൂവു് [സംഗ്രഹിച്ചതു്]

## 128. ശാന്തിഭ്രവു്

ആകാശങ്ങളെ യണ്ഡരാശികളൊട്ടും
ഭക്ഷിക്കുമാകാശമായ്
ഈ കാണുന്ന സഹസ്രരശ്മിയെയിരു—
ട്ടാക്കും പ്രഭാസാരമായ്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാം
ഏകാന്താദ്വയ ശാന്തിഭ്രവിനു
നമസ്കാരം നമസ്കാരമേ!

കുമാരനാശാൻ

## 129. ദിവ്യകോകിലം

അവ്യയനാമീശൻെറ യാരാമരത്നം തന്നി—
ലവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന

ദിവ്യകോകിലമേ! നിൻ പൊൻകണ്ഠനാളം തൂകും
ഭവ്യകാകളീ പരിപാടികൾ ജയിക്കുന്നു.

ജലകണ്ണത്തിൽപ്പോലുമസ്സുധാലഹരികൾ
കുളുർമയാർന്നു പുൽകിസ്സിരകൾ ചലിപ്പിച്ചു

പുളകമുണ്ടാക്കുന്നു ദ്രവിപ്പിക്കുന്നു ചിത്തം
ദളിത നിദ്രമാത്മ തർപ്പണം ചെയ്തീടുന്നു.

അതിശാന്തമെന്നാലും ശക്തമാമതിൻ ധ്വനി
സതതം ചൂഴ്ന്നു കാററിൽത്തിരകൾ തല്ലിത്തല്ലി

ക്ഷിതിഗോളത്തെ ജ്ജഗദീശരാജ്യത്തിലേക്കു
കുതി കൊള്ളിക്കും നവ്യ ചലനമുണ്ടാക്കുന്നു.

പൊന്നൊളി വീശിച്ചലിക്കുന്ന നക്ഷത്രങ്ങളാ-
മുന്നിദ്രപുഷ്പങ്ങൾ തന്നിടയിൽപ്പറന്നെങ്ങും

ചിന്നും പൊൽപ്പൊടി പററിത്തിളങ്ങും നിൻ ദിവ്യാങ്ഗ-
സന്നിധാനം താൻ കണ്ണിനാനന്ദം ചൊരിയുന്നു.

അല്ലെങ്കിൽ ഖഗവര 'രവി'താനല്ലോ ഭവാൻ
നല്ല ചെങ്കതിർകളാം പൊൽത്തൂവൽ ചിറകുകൾ

മെല്ലവേ വീശി വിണ്ണിൽപ്പറന്നു ഭൂമുഖത്തി-
ലല്ല പൂശിയ മഷി തുടയ്ക്കും തേജസ്സല്ലോ.

അതുമല്ലോർത്താൽ രവിഹൃദയത്തിൽ നിന്നല്ലോ
ശ്രുതിഗീതങ്ങൾ പുറപ്പെടുന്നു കാലങ്ങളിൽ.

വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക-
സ്ഥിതി പാലിക്കേണ്ടതാ സ്നേഹഗാനങ്ങളല്ലോ.

ഏതു ദിക്കെന്നാകിലുമേതു ബീജമാകിലു-
മേതു വർണ്ണമായാലും മൈത്രിയാൽ പുഷ്പങ്ങളെ

ഭേദമെന്നിയേ തലോടുന്ന പൊൻ കരമേലും
ജ്യോതിസ്സേ! ജയിക്ക നീ, ജയിക്ക നിൻെറ ഗാനം.

പാടുക പാടുക പൊൻ കുയിലേ! ഭഗവാൻെറ
വാടിയിൽ പക്ഷാഗ്രത്താലദ്ദിവ്യപദാബ്ജങ്ങളാം

തടവിത്തടവി നീ പറന്നു സുഖമായി
നെടുനാൾ 'വിശ്വ'ത്തിൻെറ ഭൂതിക്കായ് ജീവിക്കുക.

അതിഥിയങ്ങെന്നാലും ഞങ്ങൾ തന്നിന്ദ്രിയങ്ങൾ-
ക്കതിസൽകാരം ചെയ്തു തേനൊഴുക്കിനാൻ ഭവാൻ.

സദയ'മൃഷിജന്യ' തേജസ്സേയങ്ങെത്തിയ
സുദിനമസ്തമിക്കാ ഞങ്ങൾക്കു തമസ്സിങ്കൽ.

അഞ്ചിതാത്മാവേ! ഭവദ്ദർശനത്താൽ താൻ രോമ-
കഞ്ചുകമാർന്നോർ സ്നേഹ ക്രീതരങ്ങേക്കീ ഞങ്ങൾ.

തുഞ്ചലാളിതയായ കൈരളി തൻ പേരിലും
വഞ്ചിഭൂവിൻ പേരിലും മംഗളമുരയ്ക്കട്ടെ.

കുമാരനാശാൻ

## 130. കാരുണ്യാശ്രു

നിറഞ്ഞു തൽക്ഷണമൊരു നവതേജസ്സാമുഖത്തിൽ
മറഞ്ഞുപോയ് മുമ്പു കണ്ട ശോകരേഖകൾ,

പറയാവതല്ലാത്തൊരു പരമശാന്തിരസത്തി—
ന്നറവായവൾക്കു തോന്നിയവളെത്തന്നെ.

ക്ഷണമുടൽ കുളിർത്തഹോ! ചലിച്ചു സിരകൾ, രക്തം
വ്രണമുഖങ്ങളിൽ വാർന്നു വീതവേദനം

സ്ഫുരിച്ചു ബാഷ്പബിന്ദുക്കളവൾക്കു വെൺകടക്കണ്ണി—
ലുരച്ച ചെറുശംഖിൽ മുത്തുകൾ പോലെ.

തിരിയേയുമവളുപഗുപ്തനെയൊന്നുപകാര—
സ്മരണ സൂക്തങ്ങൾ പാടും മിഴിയാൽ നോക്കി.

ചരിതാർത്ഥനവനവൾ ചൊരിഞ്ഞോരശ്രുബിന്ദു കൈ—
വിരലാൽ തുടച്ചു വാങ്ങി നിവർന്നു നിന്നു.

പരം പിന്നെയുഴന്നെങ്ങും മിഴികളൊന്നുഴിഞ്ഞങ്ങു
ത്വരയിലവൾ ജീവിച്ച ശ്രദ്ധി തേടീടും

ക്ഷണത്തിൽ ചെന്നു ഞെരുങ്ങി പ്രപഞ്ചം നിന്നഹോ! ഹിമ—
കണത്തിൽ ബിംബിച്ചു കാണും കാനനം പോലെ.

പരിസരമതിലവൾ പിന്നെയും കണ്ടാൾ തന്നിഷ്ട—
പരിചാരികയാൽ വീണ്ടും പരിഗുപ്തങ്ങൾ

അപാകൃതങ്ങളാകുമായംഗകങ്ങൾ സ്വയം കർമ്മ—
വിപാക വിജ്ഞാന പാഠ പരിച്ഛദങ്ങൾ

കൃതകോപനൊരു ശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ
പതംഗികാംഗങ്ങൾ പോലെ ദയനീയങ്ങൾ.

തിരിയെ നോക്കുന്നിതവളതുകൾ സാകൂതമായും
നിരുദ്വേഗമായും ഹാ! നിർമ്മമതമായും.

യമുനയിലിളം കാറ്റു തിര തല്ലി ശാഖ ചലി—
ച്ചമരസല്ലാപം കേൾക്കായരയാലിന്മേൽ

താണുടനേ രണ്ടു നീണ്ട ഭാനുകിരണങ്ങളങ്ങു
ചേണിയന്ന കനകനിശ്രേണിയുണ്ടാക്കി.

അതു നോക്കിക്കുതുകമാർന്നമലവിസ്മയസ്മേര—
വദനയാമവൾക്കഹോ! ശാന്ത ശാന്തമായ്

അർദ്ധ നിമീലിതങ്ങളായുപരി പൊങ്ങി മിഴിക—
ളൂർദ്ധ്വലോകദിദൃക്ഷയാലെന്നപോലേ താൻ.

പാവക! നീ ജയിക്കുന്നു പാകവിജ്ഞാനത്താൽ നവ്യ
ജീവലോകം തേടുമിന്നോ നാളെയോ നിന്നെ.

തൂലകണത്തെത്തൊടില്ല നനഞ്ഞാൽ ചൂടാൽ വരണ്ട
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ.

പരിനിർവാണയായ തൻ പ്രിയസ്വാമിനിയെ നോക്കി—
പ്പരിചാരിക വാ വിട്ടു വിളിച്ചു കേണു.

പരിചിലന്തസ്സമാധി ശിഥിലമാക്കിത്തിരിഞ്ഞ
പരമോദാരനവളെ സാന്ത്വനം ചെയ്തു.

ഉപചയിച്ചംഗമെല്ലാമുടനവൻ കൊണ്ടുപോയ—
ങ്ങുപനദീതടമൊരു ചിതമേൽ വച്ചു.

ഉപരിയെന്തുരപ്പൂ!—കേണുഴലുമത്തോഴി തന്നെ
ഉപഗുപ്തനൊരു വിധം പറഞ്ഞയച്ചു.

ഹാ! മിഴിച്ചു നിന്നവനങ്ങമ്മധുരയിലെ മുഖ്യ
കാമനീയകത്തിൻ ഭസ്മ കദംബം കണ്ടു!

ആ മഹാൻെറ കണ്ണിൽ നിന്നാച്ചാമ്പലിലൊരശ്രുകണ—
മാമലകീഫലം പോലെ യടർന്നു വീണു.

കുമാരനാശാൻ—കരുണ

## 131. വിടവാങ്ങൽ

1

മതി തീക്ഷ്ണശരങ്ങളേ! ശ്രമം
ക്ഷതമേലാ മരവിച്ചൊരെൻ മനം
കുതി കൊള്ളുക ലോകചക്രമേ!
ഹതയാം സീതയെയിങ്ങു തള്ളുക.

2

ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളി തീർന്ന നട്ടുവൻ.

3

വനഭൂവിൽ നശിപ്പു താൻ പെറും
ധനമന്യാർത്ഥമകന്നു ശാലികൾ
ഘനമററു കിടപ്പു മുത്തു തൻ
ജനനീശുക്തികൾ നീർക്കയങ്ങളിൽ.

4

തെളിയുന്ന മനോനഭസ്സെനി–
ക്കൊളിവീശുന്നിതു ബുദ്ധി മേൽക്കുമേൽ
വെളിവായു് വിലസുന്ന സിന്ധുവിൽ
കളിയായു് ചെന്നണയുന്നൊരിന്നദി.

5

ഇനി യാത്ര പറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ ദിവസ്പതേ!
അനിയന്ത്രിത ദീപ്തിയാം കതിർ–
ക്കനകാസ്ത്രാവൃതനാം ഭവാനു ഞാൻ.

6

സുസിതാംബരനായി വൃദ്ധനായു്
ബിസിനീതന്തു മരീചികേശനായു്
ലസിതസ്മിതനായ ചന്ദ്രികാ–
ഭസിതസ്നാത മൃഗാങ്ക! കൈ തൊഴാം.

7

അതിഗാഢ തമസ്സിനെത്തുര–
ന്നെതിരേ രശ്മികൾ നീട്ടി ദൂരവേ
ദ്യുതി കാട്ടുമുഡുക്കളേ! പരം
നതി നിങ്ങൾക്കതി മോഹനങ്ങളേ!

8

സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്രവിരിപ്പു നെയ്തുടൻ
വിയദാലയവാതിൽ മൂടുമെൻ
പ്രിയസന്ധ്യേ! ഭവതിക്കു വന്ദനം.

9

രമണീയ വനങ്ങളേ! രണൽ–
ഭ്രമരവ്യാകുലമാം സുമങ്ങളേ!
ക്രമമെന്നി രസിച്ചു നിങ്ങളിൽ
പ്രമദം പൂണ്ടവൾ യാത്ര ചൊൽവു ഞാൻ.

10

അതിരമ്യബഹിർജ്ജഗത്തൊടി–
ന്നഥവാ വേർ പിരിയേണ്ടതില്ല ഞാൻ
ക്ഷിതിയിൽ തനു ചേരുമെൻ മനോ–
രഥമീ ഭംഗികളോടുമൈക്യമാം.

11

ജനയിത്രീ വസുന്ധരേ! പരം
തനയസ്നേഹമൊടെന്നെയേന്തി നീ
തനതുജ്ജ്വലമഞ്ജുഭ്രവിലേ–
ക്കനഘേ! പോവതു ഹന്ത! കാൺമു ഞാൻ.

12

ഗിരി നിർഝരശാന്തിഗാനമ–
ദ്രിരിയിൽ 'കേട്ട ശയിക്കുമങ്ങു ഞാൻ
അരികിൽ തരുഗുല്മ സഞ്ചയം
ചൊരിയും പൂനിര നിത്യമെൻെറ മേൽ.

13

മുകളിൽ കളനാദമാർന്നിടും
വികിരശ്രേണി പറന്നു പാടിടും
മുകിൽപോലെ നിരന്നുമിന്നുമ–
ത്തകിടിത്തട്ടിൽ മൃഗങ്ങൾ തുള്ളിടും.

14

അതുമല്ലയി! സാനുഭ്രവിലെ–
പ്പുതു രത്നാവലി ധാതു രാശിയും
കുതുകം തരുമെന്നുമല്ലഹോ!
പൊതുവിൽ സർവ്വമതെൻെറയായിടും.

15

സസുഖം ഭവദങ്കശയ്യമേൽ
വസുധേയങ്ങനെ ഞാൻ രമിച്ചിടും
സുസുഷുപ്തിയിൽ—അല്ലയല്ലയെൻ
പ്രസുവേ! ക്ലുപ്തിയുയർന്നു പൊങ്ങിടും.

16

തടിനീജലബിംബിതാംഗിയായ്
ക്ഷമയെക്കുമ്പിടുവോരു താര പോൽ
സ്ഫുടമായ് ഭവദംഘ്രിലീന ഞാ–
നമലേ! ദ്യോവിലുയർന്ന ദീപമാം.

17

പ്രിയരാഘവ! വന്ദനം ഭവാ–
നയരുന്നു ഭുജശാഖ വിട്ടു ഞാൻ
ഭയമററു പറന്നു പോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ.

18

കന്നമാർന്നെഴുമണ്ഡമണ്ഡലം
മനയും മണ്ണിവിടില്ല താഴെയാം
ദിനരാത്രികളറ്റു ശാന്തമാ-
മനഘസ്ഥാനമിതാദി ധാമമാം.

19

രുജയാൽ പരിപക്വസത്വനായ്
നിജഭാരങ്ങളൊഴിഞ്ഞു ധന്യനായ്
അജപൌത്ര! ഭവാനമെത്തുമേ
ഭജമാനെനക വിഭാവ്യമിപ്പദം.

കുമാരനാശാൻ—ചിന്താവിഷ്ടയായ സീത

## 132. പരശ്ശുജയപതാക

1

നെടിയ മല കിഴക്കും നേരെഴാത്താഴി മേക്കും
വടിവിലെല്ലകയായിത്തഞ്ചിടും വഞ്ചിനാടേ!
അടിയനിതറിയിക്കാമഞ്ജികാഞ്ചിക്കു നീയേ
മുടിനടുവിൽ വിളങ്ങും മുഖ്യമാണിക്യരത്നം.

2

പരമ്പരെയശേഷം നിൻ പിതാവായ സാക്ഷാൽ
പരശ്ശുധരമുനീന്ദ്രൻ വെന്നപോലൊന്നുപോലെ
പരമവർ പരിപാലിപ്പോരു രാജ്യത്തെയെല്ലാം
പരമസുഷമയാളും നീയുമമ്മേ! ജയിപ്പു.

3

ക്ഷ്മയിലനുപദം നീയിത്തരം ദിഗ്ജയം ചെ-
യ്തമരുമളവു മേന്മേലഭ്രവൃഷ്ടിച്ഛലത്താൽ
പ്രമദവനവിരാജൽ കല്പകപ്പു പറിച്ചി-
ട്ടമരികളതു നിന്മേലപ്പൊഴപ്പോൾ പൊഴിപ്പൂ.

4

പെരുമഴമുകിൽ വാനിൽസ്സന്തതം പംക്തിയായ് വ-
ന്നരുളിടുവതു കണ്ടാലൂർദ്ധ്വഭാഗത്തിലേക്കായ്
തരുണികളണിയും നീ കട്ടിയിൽക്കെട്ടിവച്ചു-
ള്ളൊരു പുരികുഴലെന്നായ്ത്തോന്നിടും നൂനമാർക്കും.

5

അനഘലത പെട്ടമമ്മേ വത്സലത്വത്തിനാൽ നിൻ
സ്തനഗിരികൾ ചുരത്തും നല്ലയസ്സൽപ്പമെന്യേ
ദിനമനു പരിപാനം ചെയ്കയാൽ നിന്നിലുണ്ടാ-
മനവധി ചെറുധാന്യം പുഷ്ടി പൂണ്ടുല്ലസിപ്പു.

6

അരിയ തൃണമിണങ്ങും നിൻെറ മൈതാനമാകും
ഹരിത പരവതാനിക്കോക്കുമൽക്കൃഷ്ടശില്പം
പരിചിനൊടു പുകഴ്ത്തിപ്പാട്ടുപാടുന്ന പക്ഷി-
പ്പരിഷയുടെ ജനിക്കേ പാരിതിൽ ചാരിതാർത്ഥ്യം.

7

അരികിൽ വളരെ നാൾ വാണപ്പുറം നീ നിമിത്തം
ത്വരിതമകലെയായോരംബുധിക്കും ഗിരിക്കും
പിരിവതിനിടയെന്യേ നീ ഘടിപ്പിച്ചു രണ്ടും
സരിദുരുരജതശ്രീ ശൃംഖലാപങ്ക്തിയാലേ.

8

കരിണികൾ വരിയായ് നിൻ ശീതളച്ഛായ കോല്വം
ഗിരിതടികളിലമ്മേ സഞ്ചരിക്കുന്നു മന്ദം
അരിയ സഖികളോടും സ്വേച്ഛപോലന്തിനേര-
ത്തരിവയർമണിമാർ നിൻ നിഷ്കുടത്തിൽ കണക്കേ.

9

വിയതി തരുകദംബം മുമ്പു ഞാൻ മുമ്പു ഞാനെ-
ന്നുയരുമമല ശൈത്യം വാച്ച നിൻ കാനനങ്ങൾ
നിയതമരിമകോല്വം കാളിദാസൻെറ മേധ-
ക്കയൽ മിഴി നടകൊണ്ടീടേണ്ട ഘണ്ടാപഥങ്ങൾ.

10

അലഘു കുശലയാം നിൻ ശില്പ മുല്പന്നമാക്കും
ദലനിബിഡ പലാശപ്പന്തലിൻ താഴെയായി
സുലളിതവനലക്ഷ്മീ ദേവിയാൾക്കുണ്ടു കോലാ-
ഹലകലവിയിൽ വായ്പ്പു നിത്യ കല്യാണഘോഷം.

11

പരിമളമിളകീടും പട്ടണി പ്പുഷ്പതല്പോ-
പരി ഭവതി കൊടുക്കും പക്വതോയങ്ങൾ വാങ്ങി
പരിണത ശശിബിംബം പാർത്തു താർത്തെന്നലിൻ നൽ-
പ്പരിചയ സുഖമേൽപ്പൂ ഭാഗ്യവാന്മാരതിങ്കൽ.

12

ഒരു ജലകണമേന്താൻ ചാതകം വാ തുറന്നാൽ—
പ്പെരുമഴ പലതേകും കൊണ്ടലിൻ കൂട്ടുകെട്ടാൽ
ഒരു യവമണി കിട്ടാൻ കഷ്കൻ കൈയ്യയച്ചാ—
ലുരു കളമമുടൻ നീ നൂറു നല്കുന്നു തായേ!

13

അടിപിടി പല മട്ടിൽക്കുത്തു വെട്ടുന്തു തള്ളി—
പ്പടി പണി പതിനെട്ടും കാട്ടിടും കഷ്കനും
മടിയൊരു വക നല്കാൻ മറ്റു മന്നിന്നു; നീയോ?
ഝടിതി കതകിൽ മുട്ടും ഡിംഭനും കാമധേനു.

14

ദ്യുതിയുടെ കളിവീടാം നിൻെറ പാടത്തു ചെന്നെൽ—
ക്കതിരഴകിലിളക്കും പൊന്നിളം തെന്നലമ്മേ!
അതിൽ മിഴിയണവോൻ തൻ ഹൃത്തുമമ്മട്ടിളക്കു—
ന്നതിനു മുതിരുമേതും പക്ഷപാതം പെടാതെ.

15

അരുളുമെവിടെയും നീയെങ്കിലും നിൻ മഹത്ത്വ—
പ്പെരുമ പുലരുവോരി ക്ഷേത്രസാർത്ഥത്തിലെത്തി
തിരുവടിമലർ കൂപ്പി ശാശ്വതാനന്ദ തീർത്ഥം
തെരുതെരെ നുകരാത്തോൻ ശുദ്ധ ചാർവാകനമ്മേ!

16

വലവുമിടവുമോരോ തോളൊടൊന്നിച്ചു കാന്തി—
ക്കലവികൾ കലരും നിൻ കായലിൻ പംക്തി കണ്ടാൽ
നലമൊടു തിരുമെയ്യിൽക്കീർത്തിമുദ്രാനിബദ്ധാ—
മലതരമണിഹാരം പോലെ തോന്നുന്നു തായേ!

17

കുമതി വറുതിയെത്തൽസ്വാമി വാഴുന്ന തോപ്പാം
ക്ഷമയുടെയരികത്തേക്കെത്തി നോക്കിച്ചിടാതെ
അമലസുഷമ മേവും മാളികേ! നാളികേര—
ദ്രുമഭടർ തല പൊക്കിക്കാവൽ നില്ക്കുന്നു ചുറ്റും.

18

വിനതയുടെ വിഷാദം തീർക്കുവാനായ് ക്ഷണം ത—
ത്തനയനമൃതകുംഭം പണ്ടുപോയ്ക്കൊണ്ടു വന്നു;
ജനക ജനനിമാർതൻ ദുഃഖമാററീടുവാനി—
ത്തനയരയുത ലക്ഷം തദ്ഘടം പേറിടുന്നു.

19

പരിചിൽ വിഭവമാളും തോട്ടമോരോന്നുമോരോ
പെരിയൊരു തറവാട്ടിൽപ്പെട്ട കാർണോർ കണക്കേ
അരികിലണയുവോരെപ്പൂഗതാംബൂലമേകി–
ത്വരിതമുചിതമമ്മേ! സത്കരിപ്പാനിരിപ്പൂ.

20

വളരെ വിഭവമേന്തും നിന്നിലത്തൊപ്പു കാണു–
ന്നളവതളകയെന്നായ്ത്തോന്നിയോ വന്നിറങ്ങി
നളനൊടണവതിന്നായ് രംഭ നില്ക്കുന്ന മേന്മേൽ
ക്കളരുചി കളിയാട്ടും കമ്രപത്രാളി ചാർത്തി.

21

മരുവുമൊരുവനമ്മേ! മാതൃഭ്രുവെന്നു വന്നാൽ–
പ്പെരുകുമവനതിങ്കൽ പ്രേമമെന്നാപ്തവാക്യം
കരുണയൊടനിശം നീ കാക്കിലും നന്ദിയെന്യേ
മരുവുക പതിവാം നിൻ മക്കൾ കാർക്കോടകന്മാർ.

22

തിരുവുരു ചെറുതോർക്കെക്കണ്ണിലാനന്ദബാഷ്പം
പെരുകിയുമുടലെങ്ങും കോൾമയിർക്കൊണ്ടുമമ്മേ!
നിരുപമ തരമാകും ശുദ്ധനിർവാണമായോ–
രരുവിയിലടിയത്തിന്നുള്ളു തുള്ളിക്കളിപ്പൂ.

23

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ–
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടിമലരിണ വേണം താങ്ങുവാൻ മറ്റൊരേട–
ത്തടിയുവതു ഞെരുക്കം മുക്തി സിദ്ധിക്കുവോളം.

24

സതി കനിവിനൊടും പെറ്റെന്നെയിന്നേവരെക്കും
പതിവിനഴലശേഷം മാററി നീ പോററിയല്ലോ
ഇതിനു പകരമെന്താം നിൻെറ കാര്യത്തിലെങ്കൽ
ക്ഷിതിയിലനിശമമ്മേ! നില്ക്കുമക്രീതദാസ്യം.

25

പരമപുരുഷശയ്യേ! ഭാരതക്ഷോണി മൗലേ!
പരശുജയപതാകേ! പദ്മജാനൃത്തശാലേ!
പരമിവനു സഹായം പാരിലാരുള്ളു നീയേ
പരവശതയകററിപ്പാലനം ചെയ്ക തായേ!

ഉള്ളൂർ പരമേശ്വരയ്യർ—ഉമാകേരളം

## 133. കീർത്തി

ഇദ്ദാനം ചെയ്യുകിലെങ്ങനെയങ്ങു ഞാൻ
മൃത്യുവശഗനാമെന്നു ചൊല്ലി?

അന്തകൻ—എൻ ജ്യേഷ്ഠൻ—ആരെന്നുമായവ—
നെന്തധികാര പരിധിയെന്നും

ചിന്തിച്ചു കണ്ടവൻ തന്നെ ഞാനക്കാര്യ-
മെൻ തറവാട്ടിലെക്കാര്യമല്ലേ?

താന്മുന്നിൽ വച്ച കാൽ പിന്നോട്ടെടുക്കാതെ—
യാൺമയിൽ മാററാരോടങ്കമാടി

പെട്ടിടും വില്ലാളിയെങ്ങു പോമെന്നു ഞാ—
നൊട്ടൊട്ടറിഞ്ഞവൻ രാമനോതി.

അങ്ങനെ താഴത്തു വീണിടും ധന്വിയെ
മംഗലപാഷദർ താങ്ങിത്താങ്ങി

ആദിത്യലോകത്തിൽ—അങ്ങേത്തിരുമുമ്പിൽ—
ആനയിച്ചീടുമെന്നാപ്തർ ചൊൽവൂ.

അത്ര മേല്പദംഗതി നല്കീടുമാ വീഴ്ച—
മൃത്യുവുമാശിപ്പാനുള്ള മൃത്യു—

ഏകമാം ശ്വാസത്തിൻ സ്പർശത്താലപ്പുണ്യ—
ലോകത്തിലെത്തിക്കും വ്യോമയാനം

കിട്ടിയാൽ ധന്യനായ് ഞാൻ; എനിക്കാപ്പദം
വിട്ടൊരു പൈതൃകസ്വത്തെന്തുള്ളൂ?

ദേവി ജയലക്ഷ്മി പുല്കുവോന്നുർവര,
ജീവിത ത്യാഗിക്കു വീരസ്വർഗ്ഗം,

കാന്ദിശീകന്നു നിരയവുമേകിടും
പോർനിലം വില്ലാളിക്കേക ലക്ഷ്യം.

മററുള്ള ജീവികൾ ചാകിലും നല്കുന്നു
മുററും തദ്ദേഹത്താൽ ലോകാഭീഷ്ടം.

രോമവും ചർമ്മവും ശൃംഗവും മററും—ത—
ദാമിഷം പോലും—നമുക്കു കാമ്യം.

പട്ടടക്കുണ്ടിനു പാഴ്വളമാവതു
കഷ്ടമേ! മർത്ത്യൻെറ കായം മാത്രം.

പ്രസ്പഷ്ടമോതുന്നുണ്ടന്യർക്കായ് ജീവിപ്പാൻ
ഏൽസ്സന്ദ വ്യാജത്താലന്തര്യാമി.

കേവലമെങ്ങു ഞാൻ പോകിലും കേൾക്കുന്ന—
താ വാക്കിൻ മാറ്റൊലിയൊന്നു മാത്രം.

കീർത്തിലതാവാല സേകാർത്ഥിയായല്ല
പേർത്തും ഞാൻ വാർപ്പതു ദാനതോയം.

ഇക്കാര്യം കൊണ്ടെനിക്കപ്പ്ഫലമെത്തുന്നു
നിഷ്കാമഭക്തന്നു മുക്തി പോലെ.

കീർത്തിയെ—ഈശനും മൗലിയിൽ ചൂടുന്നോ—
രാദ്രിവ്യഗങ്ഗയെ—ആർ പഴിക്കും?

യാതൊരു പുഷ്കല ഹീരത്തിൻ സൂതിയാൽ
മേദിനി രത്നഗർഭാഖ്യയായി

യാതൊരു ശാശ്വതകർപ്പൂരദീപ്തിയാൽ
മേദിനി ദിവ്യഗന്ധാഢ്യയായി

അക്കീർത്തി സഞ്ചയം—ഭാരത്താൽ വീഴാതെ
യിക്ഷിതി താങ്ങുമനന്ത മൂർത്തി

കാലത്താലല്ലമായ്ത്തീരാത്ത പീയൂഷം
കാലത്താൽ വാടാത്ത കല്പമാല്യം

കാലമാം സ്വർഭാനു തീണ്ടാത്ത രാകേന്ദു
കാലമാം കാലന്നു കൈലാസേശൻ

അച്ഛ! ഞാനായതു നേടുകിൽ നേടിനേ—
നക്ഷയപാത്രസ്യമന്തകങ്ങൾ!

ഉള്ളൂർ പരമേശ്വരയ്യർ—കണ്ണുഭൂഷണം

## 134. പ്രേമസങ്ഗീതം

I

ഒരൊററ മതമുണ്ടുലകിന്നുയിരാം പ്രേമം, അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം.

ഭക്ത്യനുരാഗ ദയാദി വപുസ്സാപ്പരാത്മചൈതന്യം
പല മട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.

അതിന്നൊരരിയാം നാസ്തികൃം താൻ ദ്വേഷം; ലോകത്തി-
ന്നഹോ! തമസ്സാമതിലടി പെട്ടാലകാലമൃത്യു ഫലം.

മാരണദേവതയാമതു മാററും മണവറ പട്ടടയായ്,
മട്ടമലർ വാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നൽകു.

പരാർദ്ധ സംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?

പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും
പരൻ പുമാനും പ്രകൃതിസഹായൻ പ്രപഞ്ചഘടനത്തിൽ.

പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോ വായ്വാകാശങ്ങൾ
പിണയ്ക്കും മേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പൂ സംഹൃതിയിൽ.

വിരിഞ്ഞു നില്പൊരു സുമമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്ത വിരസം വീണ്ടും വീണ്ടും വിളിപ്പൂ സവിധത്തിൽ.

മധുവ്രതത്തിനു മട്ടമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ.

പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പര പ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ.

ചൂടാന്മലരും ഘനമായ്ത്തോന്നിന ദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി.

പിതാവു മാതാവുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി മക്കൾ ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ

പരിചരണോദ്യതർ പല ജീവികൾ തൻ പരിതഃസ്ഥിതിമൂലം
പദേ പദേ നാം പ്രമുദിതർ കാൺമൂ ഭവാബ്ധി ഗോഷ്പദമായ്.

III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ

പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽ ഭാവവിഡംബന പാടവമാർന്ന നടൻ.

പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൻ ഫലത്തെ നാം കൊയ്വൂ
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനു പകരം.

വിളക്കു കൈയ്യശമുള്ളവനെങ്ങും വിശ്വം ദീപമയം
വെൺമ മനസ്സിൽ വിളങ്ങിന ഭദ്രന മേന്മേലമൃതമയം.

പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാൽ
ഈശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?

പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.

നമിക്കിലുയരാം നട്ടകിൽത്തിന്നാം നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ.

മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ.

പാഷാണൗഷധി പക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പു നമുക്കു ചുററും പരമോത്സവദാത്രി.

പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.

ഉലകാമുത്തമ വിദ്യാലയമതിലുപകാരോപനിഷ-
ത്തോതിക്കോനവനുപദേശിപ്പതു മുറക്കവേ കേൾക്കാം.

ഏകോദര സോദരർ നാമേവരുമെല്ലാജ്ജീവികളും
ലോകപടത്തിൽത്തമ്മിലിണിങ്ങിട്ടമോതപ്രോതങ്ങൾ.

അടുത്തു നില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോ-
ക്കുരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുത ദിവ്യമഹ-
സ്സഖണ്ഡമദ്വയമചിന്ത്യ വൈഭവ മനാദിമദ്ധ്യാന്തം.

ആഴ്‌വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻ പുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം.

അരചർക്കരചനമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവ-
ക്കതിൽ കൊളുത്തിന തിരി താൻ കത്തുവതന്തഃകരണാഖ്യം.

IV

നമോസ്തു തേ മജ്ജീവനദായക നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാംശം.

വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം
വിശ്വപ്രിയമായ് നടനം ചെയ്‌വതു വിധേയനെൻ കൃത്യം.

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-
നനുചരനാവാമണിയാടകളല്ലഭിനയമത്രേ സിദ്ധം.

അകമേ നിലകൊണ്ടതാതു ച്ചവട്ടകളാമരുതെന്ന തിരി–
ച്ചടിയന്ന കാട്ടിത്തരുവോനവിടന്നന്യർ ധരിക്കാതെ.

അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷം മുതൽ ഞാ–
നരങ്ങുമണിയറയും പുകഴും മട്ടാടാനതി ചതുരൻ.

പരാവരാത്മൻ ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാൺമൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?

പരസുഖമേ സുഖമെനിക്കു നിയതം പരദുഃഖം ദുഃഖം
പരമാർത്ഥത്തിൽപ്പരനും ഞാനും ഭവാനുമൊന്നല്ലീ?

ഭവാനധീനം പരമെന്നുടലും പ്രാണനും അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും പ്രഭോ! നമസ്കാരം.

ഉള്ളൂർ പരമേശ്വരയ്യർ

## 135. ദ്രൗപദി

പാണ്ഡവേയ പതിപ്രാണ ഭാരതീയപൗരുഷത്തിൻ
താണ്ഡവക്കുത്തരങ്ഗ താൻ ദ്രൗപദീ ദേവി.

പെൺവടിവിലാൺമ വന്നു പൃഥിവിയിൽപ്പിറന്നതാ–
ണിമ്മഹിളാമണിയതിന്നീഷലില്ലീഷൽ.

പഞ്ചപഞ്ചജനങ്ങൾ തൻ ഭാര്യയാകുന്നതിൽ ഭേദം
പഞ്ചശീർഷപന്നഗത്തിൻ പാണിപീഡനം.

ആക്കൊടിയ നിയതിതൻ ശോധനയിൽ ജയം നേടി
ശ്ലാഘ്യമായ്ത്തൻ ദാരധർമ്മം ചരിച്ചാൾ സാധ്വി.

സാഹോദര്യം പാണ്ഡവർക്കും സുന്ദോപസുന്ദർക്കും തുല്യം
ഗേഹിനിക്കും മോഹിനിക്കും മാത്രം വിശേഷം.

'മായയേതിൻ—മരുന്നേതിൻ—മന്ത്രമേതിൻ മഹിമയാൽ
നീയടക്കിബ്ഭരിക്കുന്നു നിൻ പതികളെ?'

ശോഭനയാമവളോടിച്ചോദ്യമൊരുനാൾ തുടങ്ങി
രൂപ വിദ്യാമദമാർന്ന സത്രാജിത്പുത്രി.

അരിശത്തീയലിവുനീരിവ രണ്ടുമിട കലർ–
ന്നരുളിന മിഴിക്കടയവളിൽച്ചാർത്തി

ഓതി ദേവി മൊഴിയേവം 'പാതിവ്രത്യമൊഴിഞ്ഞുണ്ടോ
ഭൂതലത്തിൽ വധുക്കൾക്കു പൂജ്യമാം വശ്യം?

ദൈവതങ്ങളായ് നിനച്ചെൻ നാഥരെ ഞാൻ ഭജിക്കുന്നു
ദേവതയായ് നിനച്ചവരെന്നെയും നിത്യം.

പാണിയോടു പാണി ചേർന്നാൽപ്പോര, ഹൃത്തു ഹൃത്തിനോടു
ചേണിയെന്നു ചേരുകിൽത്താൻ ദമ്പതീഭാവം.

സത്യമാമസ്സംബന്ധത്തിൽ ശ്രദ്ധ വയ്ക്കു സഹോദരി!
സത്യഭാമേ! ചതുർവർഗ്ഗ സന്താനത്തിങ്കൽ.'

ഭാരതപ്പോർ ജയിച്ചതു ഫല്ഗുനൻെറ ധനുസ്സല്ല
മാരുതി തൻ മർമ്മഭിത്താം ഗദയുമല്ല

ശൗരിയുടെ ചക്രമല്ല സ്സ്വാധ്വികൾക്കു മുടിപ്പൂൺപാം
കാറൊളിവാർകുഴലി തൻ കൈശിക ഖഡ്ഗം.

ഹാ! ജഗതീധൂമകേതു നാഗകേതുവരൾ ചെയ്ത
രാജസൂയ ജലാർദ്രമാം ദ്രൗപദീ കേശം

എന്നു തൊട്ടു തദനുജനന്നു വിട്ടു കൗരവരെ
പുണ്യലക്ഷ്മി; കടാക്ഷിച്ചു കാസരവാഹൻ.

അന്നഴിഞ്ഞ കബരിക്കു പിന്നെയെണ്ണതടവല-
ക്കന്നനുടെ കലർപ്പററ കണ്ഠരക്തത്താൽ.

പൂഴിയിങ്കലിഴയുമാക്കാളഭോഗിയുടെ ഭുക്തി
പാഴനാമപ്പാതകിതൻ പ്രാണമരുത്താൽ.

ആ വധുവിൻ തപശ്ശക്തിയാർക്കു വാഴ്ത്താം? വാസുദേവൻ
ഭാവശുദ്ധയവൾക്കെന്നും പ്രത്യക്ഷദാസൻ.

തൻ ദുകൂലമഴിക്കുവാൻ ധാർത്തരാഷ്ട്രൻ തുടങ്ങവേ
തന്തുവായശാലയായീ ചൂതുമണ്ഡപം.

മുററുമവൾക്കുലകിന്നു കുക്ഷിപൂർത്തി വരുത്തുവാൻ
വററു ചീരയിലയൊന്നിൻ വഴങ്ങൽ പോരും.

കൈക്കു കേറിപ്പിടിക്കുന്ന കാമുകനെപ്പതിപ്പിക്കാൻ
ദൃക്കിൽനിന്നു തെറിക്കുന്ന തീപ്പൊരി പോരും.

എപ്പോളെപ്പോൾ പ്രിയരുടെ ഹൃത്തിടിയുമുശിർ മങ്ങു-
മപ്പൊളപ്പോളഴിഞ്ഞ തൻ കൈശികത്തിങ്കൽ

കടമിഴി മുന ചേർത്തമ്മട്ടമൊഴിയൊഴുക്കിനാൾ
ചൂടുനിണമവരുടെ സിരകൾ തോറും.

ആയവൾ തന്നകക്കാമ്പിന്നാടൽകൊണ്ടൊരാടലില്ല,
തീയിലുണ്ടോ കുരുത്തതു വെയ്ലത്തു വാട്ടു?

ദുശ്ശളേശജടാസുരകീചകാദി ശലഭങ്ങൾ–
ക്കശ്ശതപത്രായതാക്ഷിയാഗ്നേയഹേതി.

ദുർന്നയനാം ദ്രോണപുത്രൻ ക്രൂരിരുട്ടിൽ തച്ചുകൊന്ന
തന്നരിയ കിടാങ്ങൾ തൻ ശവങ്ങൾ കാൺകെ

കണ്ണുനീരിൽ കുളിച്ചീല കൈകൾ മാറത്തലച്ചീല
തൊണ്ണ കീറിക്കരഞ്ഞീലദ്ദുർദ്ദാന്തമൂർത്തി.

ഭീമനെത്തന്നന്തികത്തിലാനയിച്ചു ജഗതിക്കു
രോമഹർഷമരുളീടും വാക്കേവമോതി:—

'അങ്ങു മരുത്സുതനെങ്കിലാജി വനസിംഹമെങ്കി–
ലങ്ങയുടെ പാഞ്ചാലി തൻ വല്ലഭനെങ്കിൽ

മത്തനയമാരകമാം മത്തമതംഗജത്തിൻെറ
മസ്തകസ്ഥ മണി കുത്തിയടർത്തു ശീഘ്രം

അഗ്രജൻെറ മുടിക്കണിയാക്കുക, ഞാൻ കണ്ടിടട്ടെ
കൈക്കലാമോ പുതിയോരിക്കല്ഹാരപുഷ്പം?'

ഇത്തരത്തിലാർക്കുരയ്ക്കാം? കൃഷ്ണ പുക പൊതിഞ്ഞതാം
ശുദ്ധ ശുചിമഹസ്സു താൻ സൂക്ഷ്മമോർപ്പോളം.

ആരു ചൊല്ലുമമ്മഹസ്സിന്നരണിയാം ഭാരതോർവ്വി
ഭീരുവെന്നും ദീനയെന്നുമബലയെന്നും?

ഉള്ളൂർ പരമേശ്വരയ്യർ—ചിത്രശാല

## 136. മാതൃവന്ദനം

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ വന്ദിപ്പിൻ വരദയെ.

എത്രയും തപശ്ശക്തി പൂണ്ട ജാമദഗ്ന്യനു
സത്രാജിത്തിനു പണ്ടു സഹസ്രകരൻ പോലെ

പശ്ചിമ രത്നാകരം പ്രീതിയാൽദ്ദാനം ചെയ്ത
വിശ്വൈക മഹാരത്നമല്ലീ നമ്മുടെ രാജ്യം?

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ.

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും

പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ!

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിനുപാസ്യരായുള്ളോർക്കുമുപാസ്യയെ.

ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾ പോലേ തവ ചാരു തൃപ്പദങ്ങളിൽ

തൂവെള്ളിച്ചിലമ്പുകളിട്ടവിക്കുന്നൂ തൃപ്തി
കൈവരാഞ്ഞഴിക്കുന്നൂ പിന്നെയും തുടരുന്നൂ.

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിനനന്യസാധാരണ സൗഭാഗ്യയെ.

മിന്നൽക്കാറുകളായ പൊന്നണിദ്വിപങ്ങളു–
മുന്നതസ്തനിതമാം പടഹസ്വനവുമായ്

ഭാസമാനേന്ദ്രായുധതോരണം വക്ഷോത്സവം
ഭാർഗ്ഗവക്ഷേത്രത്തിൽ പോലെങ്ങാനുമുണ്ടോ വേറെ?

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സുഭിക്ഷാധി ദേവതയായുള്ളോളെ.

ചന്ദനവനക്കുളിർ തെന്നലിൻ കളികളാൽ
മന്ദമായ്ത്തലയാട്ടിക്കൊണ്ടു മാമലകളിൽ

ഉല്ലസിച്ചീടും ജയ വൈജയന്തികളേലാ–
വല്ലികൾ നിൻ തൂമണമെങ്ങെങ്ങു വീശാതുള്ളൂ?

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ ഗുണഗണാവർജ്ജിതജനൗഘയെ.

ഹഹ, നിൻ തോട്ടങ്ങളിൽ താംബൂലലതകളാൽ
ഗൃഹസ്ഥാശ്രമികളായ്ച്ചമഞ്ഞ കമുങ്ങുകൾ

കായ്കൾ തൻ കനംകൊണ്ടു നമ്രമൗലികളായി
ലോകോപകാരോന്മേഷാൽച്ചാഞ്ചാടി നിന്നീടുന്നു.

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിനാഗന്തുകോദ്ഗീതമാനൗദാര്യയെ.

പഴുപ്പു കായ്കൾക്കെത്തും കാലത്തു പവിഴച്ചാ–
ത്തഴകിലണിയുന്ന മുളകിൻ കൊടികളും

കനകക്കുടങ്ങളെച്ചുമന്ന കേരങ്ങളും
നിനക്കുള്ളിൽ നിതാന്താഭിരാമമേ നിന്നാരാമം.

വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ ശുഭ ഫലപ്രാർത്ഥികൾക്കാരാധ്യയെ.

വള്ളത്തോൾ നാരായണ മേനോൻ

## 137. ഭക്തിയും വിഭക്തിയും

I

രണ്ടു നാഴികയായി പശ്ചിമജലാശയ–
ക്കുണ്ടിലേക്കിറങ്ങിയിട്ടാകാശപാന്ഥൻ സൂര്യൻ.

യാത്രയ്ക്കു സമുദ്യുക്തയായിട്ടില്ലിവിടെ നി–
ന്നാത്ത പാടലാംബരയാകിയ സന്ധ്യാദേവി.

ദീപാരാധനയിങ്കൽ ഗുരുവായൂരപ്പൻ തൻ
ശ്രീപദം പണിയുവാൻ കാത്തുനില്ക്കുകയാവാം.

II

പരിതോ ദീപപ്രഭാ പംക്തിയാൽ പകൽ പോയ–
തറിയാതുദ്യോതിക്കും ശ്രീ ഗുരുവായൂർ ക്ഷേത്രം

ഗോവിന്ദ, ഹരേ, കൃഷ്ണേത്യാദി നാമോച്ചാരത്താ–
ലാവോളം മുഴങ്ങുന്ന വൈകുണ്ഠപുരം പോലെ.

ഇടയ്ക്കയൊലിയൊത്തു തിരുനാമോദ്ഘോഷങ്ങൾ–
ക്കിടയ്ക്കു കേൾക്കാകുന്ന രമ്യാഷ്ടപദീഗാനം.

നടയ്ക്കൽ നാനാ തരമാളുകൾ നില്പുണ്ടു വീർ–
പ്പടക്കി നെഞ്ചിൽച്ചേർത്ത കൂപ്പുകൈകളുമായി.

III

ഈറനായ്ച്ചുരുൾ തുമ്പിൽ കെട്ടിയ കരിക്കുന്തൽ–
ക്കാറിനാൽ മറഞ്ഞുള്ള നിതംബബിംബത്തോടും

ശുഭ്രവസ്ത്രാലങ്കാരച്ചേലൊടും വിളങ്ങിനാ–
രദ്ഭുതാംഗിമാരങ്ങിങ്ങപ്സരസ്സുകൾ പോലെ.

ശ്രീ കോവിൽ നടയതാ തുറന്നു; പുതിയൊരു
ലോകമിതേതോ ഹന്ത! ശോഭനതേജോമയം.

കമ്മസാക്ഷിയാം ദേവൻ പടിഞ്ഞാറുദിച്ചിതോ
കമ്രനക്ഷത്രവ്രാതമേകത്ര കൂടിച്ചേർന്നോ?

ചന്ദനാലേപം ചാൎത്തിശ്ശോഭിപ്പു തിരുമുഖം
മന്ദഹാസാർദ്രം മണിപ്പൊൻ കിരീടത്തിൻ താഴെ.

നിർന്നിമേഷമായ് നില്ക്ക നേത്രമേ! ഭാഗ്യാലിതാ
നിന്നിലേക്കൊഴുകുന്നു സച്ചിദാനന്ദാമൃതം.

പേലവ മണം വിളയാടിന വാടാമലർ
മാലകൊണ്ടലംകൃതമാകിയ തിരുമാറിൽ

പുഷ്യരാഗത്താൽപ്പോലേ പററിനില്പതു ഹാഹാ!
പരന്ന പൊൻപോളയോ ചെമ്പൊൽത്താർ മകരം താനോ?

പാടീരവരപുഷ്പ കർപ്പൂരധൂപാദ്യത്തിൻ
പ്രൗഢമാം പരിമളം നാലു ഭാഗത്തും വീശി.

നിർവൃതിപുളകിതരാക്കി ലോകരെ വീണ്ടും
നിഷ്കളസ്വരൂപൻെറ ഭക്തവാത്സല്യം പോലെ.

മണ്ഡപത്തിലും മററും തൂക്കിയ മണികളും
മന്നിൽവാനവരുടെ കൈവിരൽ സ്പർശംമൂലം

ചിക്കെന്നങ്ങുണർന്നപോലുച്ചത്തിൽ സ്തുതിക്കയായ്
ചിൽക്കാമ്പാം മുകുന്ദനെച്ചലിക്കും നാക്കുകളാൽ.

തീർത്ഥവും പ്രസാദവും വാങ്ങാനോ രജനിതൻ
താർത്തെന്നലവിടത്തിലൊതുങ്ങിപ്പെരുമാറി?

പൂനിലാവിനാൽ വെള്ളി പൂശിയ തിരു മുററം
പാൽ നറും കടൽപോലെ തിളങ്ങീ ചുഴലവും.

അമ്പലം വലംവെയ്ക്കുന്നവർ തൻധൗതാംബര-
ത്തുമ്പുകൾ കാററത്തുലഞ്ഞലകളതിൽച്ചേർത്തു.

IV

മണ്ഡപത്തറയിന്മേൽ മേവിന മറയോർതൻ
മണ്ഡപത്തിൽനിന്നൊരു കേരളക്ഷ്മാദേവൻ

ഭജനനതികളാൽ സ്പഷ്ടമായ് ലഭിച്ചൊരു
ഭഗവത്പ്രസാദത്താലങ്കിതലലാടനായ്

പുറത്തേയ്ക്കെഴുന്നള്ളിസ്സൽക്ഷേത്രപ്രദക്ഷിണം
മുറയ്ക്കു തുടങ്ങിനാൻ ജപസംചലിതോഷ്ഠൻ.

V

അദ്ധീരശാന്താത്മാവിൻ പിന്നാലെ കൂടിയൊരു
ശുദ്ധനാം നമ്പൂതിരി മന്ദമൊന്നുരചെയ്താൻ:

'ഉണ്ടൊരു കൃതി, അല്ല, വികൃതി എൻേറതായ്, ചൊൽ-
ക്കൊണ്ടെഴമങ്ങുന്നതിൻ പിഴകൾ തീർത്താൽക്കൊള്ളാം.

പച്ചയാണിതെന്നാലും പട്ടേരി നോക്കിത്തന്നേ
പന്തിയാവുള്ളൂ'—ഭട്ടതിരിയോ മുന്നിൽ? അതേ.

ആയിരം സുസംസ്കൃത ശ്ലോകപുഷ്പത്താൽ ഗുരു-
വായുമന്ദിരേശനെപ്പൂജിച്ച വഴിപോലെ

'ആയുരാരോഗ്യസൗഖ്യം' നേടിയ കവീന്ദ്രനാം
ശ്രീയുതനാരായണഭട്ടപാദരോടത്രേ

കൈരളീമയമാകും തൻ കൃഷ്ണകർണ്ണാമൃതം
സാരമായ്സ്സംശോധിപ്പാൻ സാദരമപേക്ഷിച്ചു

പൂന്തേനാം പല കാവ്യം കർണ്ണന്നു നിവേദിച്ച
പൂന്താനം, ജ്ഞാനപ്പാന പാടിയ പുംസ്കോകിലം.

തെല്ലൊരസ്വരസത്തിൽച്ചൊല്ലി മേൽപ്പുത്തൂർ 'മററു
വല്ലവരെയും കാട്ടിക്കൊള്ളുക ഭാഷാശ്ലോകം.'

കഷ്ടമീ ബ്രഹ്മജ്ഞൻതൻ സമദൃഗ്ജ്യോതിസ്സിലും
തട്ടിയോ തവ നിഴൽ പാണ്ഡിത്യക്കെട്ടുഗർവേ?

VI

കിന്നുവിദമുചിതം തേ കൈരളീ വരാകീയം
സന്നതാ നിരസ്യതേ യത് സുരവാണീ ത്വയാ?

ഉത്തരക്ഷണത്തിൽത്താൻ മറഞ്ഞു പൂന്താനം—അ—
ശ്ശുദ്ധ ബ്രാഹ്മണനാശാഭംഗത്തിൽ മുങ്ങിപ്പോയോ?

VII

ഭട്ടപാദക്കു ശമിച്ചിരുന്ന വാതവ്യാധി
പെട്ടെന്നു പെരുതായിത്തീർന്നിതാ രാവിൽത്തന്നെ.

കൈയ്കാൽകൾ കോച്ചി വലിച്ചാർത്തനായവിടുന്നു
ഹാ! കൃഷ്ണഹരേ! എന്നു കേണരുളുകയായീ!

ഒട്ടവിലൊരുവിധമൊന്നു കണ്ണടച്ചപ്പോ—
ളൊരു കോമളബാലനരികേ കാണായ്‌വന്നു.

പീലികൾ തിരുകിയ കാർകുഴൽക്കെട്ടും നൽപ്പൊ—
ന്നേലസ്സു കിലുങ്ങിടുമരയിൽ മഞ്ഞപ്പട്ടും

ചെന്തളിർക്കൈയ്യിലൊരു കൊച്ചോടക്കുഴലും—ഹാ
ഹന്ത! കൈതൊഴാം തൊഴാം അമ്പാടി മണിക്കുഞ്ഞേ!

ആയിളം ചൊടിയിൽനിന്നന്തണവരന്നു കേൾ—
ക്കായിതിങ്ങനെയൊരു മുരളീകളഗീതം:

'അംബ്ഭാഷാകവിയുടെ സങ്കടം തീർക്കുകിനി—
ത്തൽപ്രീതിയല്ലാതില്ല മരുന്നീ രോഗം മാറാൻ.

കേളിയേറിന മേൽപ്പുത്തൂരിൻെറ വിഭക്തിയെ—
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം.'

വള്ളത്തോൾ നാരായണ മേനോൻ

## 138. പുരാണങ്ങൾ

I

ഭാരതവർഷത്തിലെപ്പൂർവരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തു കണ്ടറിഞ്ഞവർ

യോഗൈക നിരതന്മാർ ഭോഗനിസ്പൃഹർ പരി–
ത്യാഗൈകദ്രവിണന്മാർ—അവർതൻ വാസങ്ങളോ?

പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൗഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്ക്കുടിലുകളത്രേ.

എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി–
ത്തങ്കങ്ങൾ മഹാർഘങ്ങൾ മറെറങ്ങുമലഭ്യങ്ങൾ.

II

പട്ടുമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽ വിരിപ്പുകൾ.

തത്ത്വചിന്തോദ്രേകത്താലെങ്ങാനുമവന്യർക്കു
വിസ്തീർണ്ണത്തിരുനെററി വിയർത്താലപ്പോളെല്ലാം

പ്രേമവിഹ്വലയായ്ത്തൻ പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന വാഗധീശ്വരി തന്റെ

മഞ്ജുകൈത്തണ്ടിൽച്ചിന്നിമിന്നയ വളകൾ തൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാം ഇന്നും കേൾപ്പു.

III

അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിർത്തി വിശ്രമിക്കുമ്പോൾ

നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നമ്മസല്ലാപങ്ങളേ! നിങ്ങൾക്കു നമസ്കാരം.

ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ!

ദുർഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ!

ഉച്ചകൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ!
സച്ചതുർവർഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ!

പേർപെറുമാര്യന്മാർ തൻ വിജയസ്തംഭങ്ങളേ!
ശ്രീപുരാണാഗ്ര്യങ്ങളേ! നിങ്ങൾക്കു നമസ്കാരം.

IV

തേനൊലിപ്പഴങ്ങളും തൂമണം തുളുമ്പുന്ന
സൂനങ്ങൾ തോറും തത്തിക്കളിക്കും കുളിർകാററും

മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ.

താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ.

നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചില ദിക്കിൽ.

പാറമേൽത്തട്ടിപ്പാരം പളുങ്കിൻ മണി ചിന്നി-
ച്ചാരവമോടേ പായും പുഴകൾ ചില ദിക്കിൽ.

പ്രകൃതിരമണീയം ശാന്തഗംഭീരം ഹാഹാ!
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം.

V

ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ സ്നേഹാ-
ഖണ്ഡശക്തിയാൽ കൈക്കു പിടിച്ചുനിറുത്തിയോ

ഭംഗിയിലനുരാഗാലണച്ചു തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പു ദുഷ്കൃതത്തിൽനിന്നെന്നെ.

മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടേററം ചിരിക്കുന്നു.

മർത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോർത്തി-
ട്ടുത്തലാൽ കരയുന്നൂ തൽക്ഷണം തന്നേ നിങ്ങൾ.

നീതിയുമനീതിയും ധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു.

പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നല്കാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടും പാടീടുന്നു.

ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു
പൊൻകിരീടത്തെജ്ജടാജൂടമായ് മാററീടുന്നു.

സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കു ജഗത്തിങ്കൽ
മൃഗ്യമായൊന്നേയുള്ളു, സ്വാതന്ത്ര്യം സാക്ഷാൽ മോക്ഷം.

VI

പൂതമോങ്കാരം പോലെ ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്ക്കരണത്രിതയത്താൽ

സാദരം പ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തുവിൻ
സോദരന്മാരേ! നിങ്ങൾ സാരമാം നരജന്മം.

വള്ളത്തോൾ നാരായണ മേനോൻ

## 139. എൻെറ ഗുരുനാഥൻ

ലോകമേ തറവാട്ട തനിക്കിച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ.

ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി,
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.

താരകാമണിമാല ചാർത്തിയാലതും കൊള്ളാം
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം

ഇല്ലിഹ സംഗം ലേപമെന്നിവ, സമസ്വച്ഛ—
മല്ലയോ വിഹായസ്സൗവർണ്ണമെൻ ഗുരുനാഥൻ?

ദുർജ്ജന്തു വിഹീനമാം ദുർല്ലഭ തീർത്ഥഹ്രദം
കജ്ജളോദ്ഗമമില്ലാത്തൊരു മംഗളദീപം

പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനിധി
പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.

ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ,

ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ—
ദോഷമെന്നിയേ യജ്ഞം ചെയ്യുവനെന്നാചാര്യൻ.

ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം
ശാന്തിയാണവിടേയ്ക്കു പരദേവത പണ്ടേ.

ഓതുമാറുണ്ടദ്ദേഹം—അഹിംസാമണിച്ചട്ട—
യേതുടവാളിൻ കൊട്ടവായ്ത്തല മടക്കാത്തു?

ഭാര്യയെക്കണ്ടെത്തിയ ധർമ്മത്തിൻ സല്ലാപങ്ങ—
ളാര്യസത്യത്തിൻ സദസ്സിങ്കലേസ്സംഗീതങ്ങൾ

മുക്തി തൻ മണിമയക്കാൽത്തളക്കിലുക്കങ്ങൾ
മുററുമെൻ ഗുരുവിൻെറ ശോഭനവചനങ്ങൾ.

പ്രണയത്താലേ ലോകം വെല്ലുമീ യോദ്ധാവിന്നോ
പ്രണവം ധനുസ്സാത്മാവാശുഗം ബ്രഹ്മം ലക്ഷ്യം.

ഓംകാരത്തെയും ക്രമാലലിയിച്ചലിയിച്ച
താൻ കൈക്കൊള്ളുന്നു തുലോം സൂക്ഷ്മമാമംശം മാത്രം.

ക്രിസ്തുദേവൻെറ പരിത്യാഗശീലവും സാക്ഷാൽ
കൃഷ്ണനാം ഭഗവാൻെറ ധർമ്മരക്ഷോപായവും

ബുദ്ധൻെറയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും രന്തിദേവൻെറ ദയാവായ്പും

ശ്രീ ഹരിശ്ചന്ദ്രന്നുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തു കാണണമെങ്കിൽ

ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി–
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ.

ഹാ! തത്രഭവൽപ്പദമൊരിക്കൽ ദർശിച്ചെന്നാൽ
കാതരനതിധീരൻ, കർക്കശൻ കൃപാവശൻ,

പിശുക്കൻ പ്രദാനോത്കൻ, പിശുനൻ സുവചന–
നശുദ്ധൻ പരിശുദ്ധനലസൻ സദായാസൻ.

ആതതപ്രശമനാമത്തപസ്വിതൻ മുന്നി–
ലാതതായി തൻ കൈവാൾ കരിംകുവള്‍മാല്യം

കൂത്തദംഷ്ട്രകൾ ചേർന്ന കേസരിയൊരു മാൻകു–
ഞ്ഞാത്തേന്തിത്തടം തല്ലും വൻകടൽ കളിപ്പൊയ്ക.

കാര്യചിന്തന ചെയ്യും നേരമന്നേതാവിന്നു
കാനനപ്രദേശവും കാഞ്ചനസഭാതലം

ചട്ടററ സമാധിയിലേർപ്പെട്ടമാ യോഗിക്കു
പട്ടണനടുത്തട്ടും പർവ്വതഗുഹാന്തരം.

ശുദ്ധമാം തങ്കത്തെത്താനല്ലയോ വിളയിപ്പ–
തദ്ധർമ്മകൃഷകൻെറ സത്കർമ്മം വയൽതോറും?

സിദ്ധനാമവിടുത്തെത്തൃക്കണ്ണോ കനകത്തെ
യിദ്ധരിത്രിതൻ വെറും മഞ്ഞ മണ്ണായിക്കാണ്മൂ.

ചാമരചലനത്താലിളിച്ചുകാട്ടും പിശാ–
ചാ മഹാ വിരക്തനു പൂജ്യസാമ്രാജ്യശ്രീയും.

ഏതു പൂങ്കഴലിന്നുമഴൽ തോന്നായ്വാനാരീ
സ്വാതന്ത്ര്യദുർഗ്ഗാധ്വാവിൽപ്പട്ടുകൾ വിരിക്കുന്നു

അത്തിരുവടി വല്ല വല്ക്കലത്തുണ്ടുമുട–
ത്തർദ്ധനഗ്നനായല്ലോ മേവുന്നു സദാകാലം.

ഗീതയ്ക്കു മാതാവായ ഭൂമിയേ ദൃഢമിതു
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ.

ഹിമവദ്വിന്ധ്യാചല മദ്ധ്യദേശത്തേ കാണൂ
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ.

ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിക്കിത്ര
മംഗളം കായ്ക്കും കല്പപാദപമുണ്ടായ്‌വരു.

നമസ്തേ ഗതതർഷ! നമസ്തേ ദുരാധർഷ!
നമസ്തേ സുമഹാത്മൻ! നമസ്തേ ജഗദ്ഗുരോ!

വള്ളത്തോൾ നാരായണ മേനോൻ

## 140. ഒരു സന്ധ്യാപ്രണാമം

1

കോരിക്കുട്ടിയ പാഴ്ക്കരിക്കിടയിലെ-
ത്തീക്കട്ടയോ, പായലാൽ
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ
മാരിക്കാറണി ചൂഴുമിന്ദുകലയോ
പോലേ മനോജ്ഞാംഗിയാ-
ളാരിക്കാൺമൊരിരുണ്ട കൊച്ചുപുരതൻ
കോലായിൽ നില്ക്കുന്നവൾ?

2

എങ്ങോജസ്സു തെളിഞ്ഞ വിഗ്രഹമിതി-
പ്പാവപ്പെട്ടും മാടമൊ-
ന്നെങ്ങോ? ഹാ വിധി വല്ല ചേർക്കുഴിയിലും
പൂഴ്ത്തുന്നു രത്നങ്ങളെ.
ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടുവതു-
ണ്ടന്തിസ്സമീരസ്ഫുരൽ-
ത്തെങ്ങോലപ്പഴുതിങ്കലൂടെ മറയാൻ
പോകുന്ന മാർത്താണ്ഡനും.

3

അല്ലാല്ലസ്ഫുരിതാധരത്തളിരുമായ്-
പ്പാർശ്വസ്ഥലം രണ്ടിലും
പൊല്ലാഥോരുഹമാലയോട്ട ശരിയാം
കൈ തൂക്കിയിട്ടാദരാൽ
നല്ലാളും മുഖചന്ദ്രമസ്സിനെ മരുൽ
ക്കോണിന്നു നേർക്കാക്കിയും
നില്പാണീയൊരു ജോനകത്തരുണിയാ-
ളൃജ്വായതോർദ്ധ്വാംഗിയായ്.

4

സാമർത്ഥ്യം പെരുകുന്ന നാഗരികമാ–
	രെപ്പേരുമിപ്പോളണി–
പ്പൂമച്ചിൽപ്പുതുമോടി ചേർപ്പതിനുഴ–
	റേറാടേ ശ്രമം ചെയ്കയാം
ഗ്രാമപ്പെണ്ണിവളോ തപസ്വിനിയുപാ–
	സിക്കുന്നു നിഷ്കമ്പയായ്
ശ്രീമദ്വിശ്രമവേളതൻ ജനനിയെ–
	സ്സംപൂജ്യയാം സന്ധ്യയെ.

5

പൈന്തിങ്കൾത്തെളിനെററി ചെററു മറയും
	മാറായി നീലാഞ്ജന–
ച്ചാന്തിൻചേലണിവേണിതൻ തലയിലി–
	ട്ടിട്ടുള്ള ശുഭ്രാംബരം
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ–
	ത്തിട്ടിങ്കലൂടേ മന–
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി–
	ച്ചുംബിപ്പു കാൽപ്പൂവിനെ.

6

പൂവൽക്കൈയ്യുകൾ മുൻവശത്തു രശനാ–
	സ്ഥാനത്തിലർപ്പിച്ചിതാ
ദേവൻതൻ കഴൽ മൗലിയാൽ മുകരുവാൻ
	കുമ്പിട്ടു നിൽപ്പാകയാൽ
താവത്കഞ്ചുക സംവൃതസ്തനഭരാ–
	വ്യാനമ്രകമ്രാംഗിതൻ
ത്തുവക്ത്രം ഹ ഹ! തണ്ടൊടിഞ്ഞ നളിനം
	പോലേ വിളങ്ങുന്നിതേ.

7

വൈഢൂര്യം ഗ്രഹിയാതെഴും പ്രഭുവധൂ
	വർഗ്ഗങ്ങൾ വക്ത്രപ്രഭാ–
മാധുര്യത്തിനു മാലയാദിതിലകം
	നെററിയ്ക്കു നിർമ്മിക്കവേ
സാധു സ്ത്രീയിവൾ സന്ധ്യതൻ പദരജ–
	സ്സേൽക്കുന്നു തൂനെററിയാൽ;
സാധുശ്രീമണിമേടയല്ല കുടിലാ–
	ണീദൃഗ്ഗുണങ്ങൾക്കിടം.

8

സോമശ്രീമുഖി കാൽമടമ്പുകൾ നിതം-
ബാന്തം തൊട്ടും മാറിതു-
ന്നോമൽച്ചെപ്പൊളി മുട്ടകൾക്കു പവിഴ-
ക്കൈക്കൊണ്ടടപ്പിട്ടിതാ
ആമജ്ജിപ്പു നിമീലിതാക്ഷിയുഗയായ്-
ദ്ധ്യാനാമൃതത്തിൽസ്സുഖം
തൂമപ്പെട്ടൊരു താപസാവസഥമായ്
മാറുന്നിതിപ്പാഴ്ക്കുടിൽ.

9

പോയാലും പൊടിയിൽക്കളിപ്പതിനു താൻ
നിന്നമ്മ തൻ മേനിയിൽ
ചായാനും മറിയാനുമിത്തിരി കഴി-
ഞ്ഞിട്ടാമിളം പൈതലേ!
നീയാകും നിധിയെക്കൊടുത്ത പരമോ-
ദാരൻെറ പാദാരുണ-
ച്ഛായാ ചാതുരി നേക്കുകണ്ടൊരു ലയം
പ്രാപിച്ചിരിപ്പാണിവൾ.

10

നേരിട്ടങ്ങയെ നോക്കിനിന്നു കുശലം
പ്രാർത്ഥിച്ചുകൊണ്ടീടുമീ
ദാരിദ്ര്യാതുരതൻ മലർന്ന മലർപോ-
ലുള്ളോരു പാണിദ്വയം
പൂരിക്കുന്നതിനെത്ര വേണമമിതാ-
കാശത്തു തങ്കദ്രവം
കോരിത്തൂകുമജാത്മജേ! തവ കൃപാ-
സമ്പത്തു തൻ തുള്ളികൾ?

11

ഈ മാഹമ്മദമങ്ക ദന്തകിരണ-
സ്പർശാൽ ക്ഷണം ചെഞ്ചൊടി-
ശ്രീ മാറുംപടി ചെയ്തിടും നിഭൃതമാം
മന്ത്രാക്ഷരോച്ചാരണം
പ്രേമാർദ്രസ്ഫുടഗീതിപോലെ തിരു'വ-
ള്ളാ'വിൻെറ കണ്ണുകളിൽ-
പ്പൂമാധ്വീശകലങ്ങളെ പ്രതിപദം
തൂകുന്നതുണ്ടാം ദൃഢം.

12

ഏതാനും പൊറുതിക്കു കിട്ടുകിലതിൽ-
സ്സംതൃപ്തിയുൾക്കൊണ്ടിട്ടും
നീ താനിങ്ങൊരു ലക്ഷ്മിയാണവളിണ-
ങ്ങീലെങ്കിലെന്തുള്ളതേ?
മാതാവിന്നഭിമാനദേ! ഭവതിതൻ
കൂലിപ്പണിക്കാരനാം
നേതാവും സ്പൃഹണീയജീവിതനഹോ!
ഭാവൽകസദ്വൃത്തിയാൽ.

13

ധ്യാനം നിർത്തി വിശാലനീലനയന-
ദ്വന്ദ്വം തുറന്നപ്പോഴേ-
യ്ക്കാനന്ദോൽപുളകാംഗി തൻെറ കുടിലിൻ
മീതേ നഭോവീഥിയിൽ
ദീനത്രാണപരായണം ത്രിജഗതീ-
നാഥൻെറ തൃക്കൈയ്യതാ
നൂനം വാരിവിതച്ചിടുന്നു വളരെ-
സ്സൗവർണ്ണനാണ്യങ്ങളെ.

വള്ളത്തോൾ നാരായണ മേനോൻ

## 141. മൺതരി

എൻ തങ്കക്കുഞ്ഞിളം കൈവിരലാലൊരു
മൺതരി നുള്ളിയെൻ കൈയ്യിൽ വച്ചു.

ചന്തം തിരളുമാച്ചെങ്കവിൾ ചുംബിച്ചാ-
നന്തിക്കതിരോനുമെന്നെപ്പോലെ.

കുട്ടിതൻ സമ്മാനം ദൃഷ്ട്യാ നുകർന്നതി-
ലൊട്ടിടയ്ക്കുള്ളും കുട്ടിയായ്പ്പോയ്.

ആരെയും കൊച്ചുകിടാങ്ങളെപ്പോലാക്കാൻ
പോരുമിന്നേതു പരമാണുവും.

ഭൂമണ്ഡലത്തിനെക്കൊഞ്ചിപ്പറയുന്നി-
തീ മഞ്ജുരൂപത്തിലീ മൺതരി.

നമ്മെപ്പോലെത്രയോ ജീവികളുണ്ടാവാം
കർമ്മത്താൽ കൈയ് നൊന്തുകൊണ്ടിതിലും.

അല്ലെങ്കിലംബരചാരിതൻ നക്ഷത്ര-
മല്ലിതോരോന്നുമെന്നാക്കറിയാം?

അന്യസൗരഗ്രഹ മണ്ഡലമൊന്നിതി-
ലന്തർഭവിച്ചിട്ടുണ്ടെന്നും വരാം.

പപ്പടപ്രായമാർന്നേതിനോ പൂർണ്ണത-
യക്കണ്ണിനൊക്കെച്ചെറുതു തന്നെ.

പാരിനിപ്പെതങ്ങൾ തൻ കഴൽ തട്ടുമ്പോൾ-
ക്കോരിത്തരിപ്പതോ മൺതരികൾ?

അപ്പരാശക്തി തൻ വാത്സല്യവായ്പ്പിനെ
തപ്പിക്കുറിച്ചിട്ടമക്ഷരങ്ങൾ

ബ്രഹ്മാണ്ഡകോടിയെക്കൂടി വിളക്കിടും
നിർമ്മാതാവിൻെറ പശപ്പൊടികൾ.

കാരണരൂപത്തിൻ നൽപ്രതിബിംബത്തെ-
ക്കാണിക്കും കണ്ണാടിച്ചിൽത്തരികൾ.

എമ്മട്ടു നിങ്ങളെത്തൊട്ടു തലോടേണ്ടു
ചുമ്മാ വലുതായ മൽക്കരങ്ങൾ?

അല്ലെങ്കിലേതൊരു മൺതരിക്കുള്ളില്ല്യ-
മില്ലാഞ്ഞതൊന്നുമില്ലെന്നുമെങ്കിൽ

ഈയൊരു കാൽക്ഷണത്തിങ്കലൊതുങ്ങാതെ-
യില്ലൊരു കാലാന്തരവുമെങ്കിൽ

ഇപ്പരമാണുവും ബ്രഹ്മാണ്ഡമൊക്കെയു-
മെപ്പോഴുമിങ്ങു ഞാൻ പുല്കി നില്പൂ.

നാലപ്പാട്ടു നാരായണ മേനോൻ

## 142. കണ്ണുനീർത്തുള്ളി

1

കണ്ണീർക്കണത്തെക്കരളിങ്കൽനിന്നു
ചുംബിച്ചെടുക്കും മൃദുലാധരോഷ്ഠം
കത്തിജ്വലിക്കും കടുസാഹസത്തിൽ-
ത്തണുപ്പു തൂകും മുഖചന്ദ്രബിംബം

2

നിഗൂഢതേജസ്സുകളെത്തെളിഞ്ഞു
കാണാവതാക്കുന്നിരുൾവാർകചൗഘം

ജരാനരക്കാററിനുമൊന്നനക്കാ–
നാവാത്തൊരോമൽബാ്ഭുജവല്ലിബന്ധം

3

പിടഞ്ഞുപാഞ്ഞന്ധതയിങ്കൽ വീഴാ–
തടക്കിനിർത്തുന്ന കടാക്ഷപാശം—
വാഴ്ത്താവതോ വാക്കുകൾകൊണ്ടൊരാൾക്കു
വരിഷ്ഠപത്നീപ്രണയപ്രഭാവം?

4

വിടർന്നിടും പങ്കജകുഡ്മളത്തി–
ലൊളിച്ച മന്ത്രിപ്പൊരു വണ്ടുപോലെ
നിഗൂഢചിന്താശതമോമലാളിൻ
മാറിൽപ്പുകത്തേ നരനാശ്വസിപ്പൂ.

5

നാനാത്വമാം സംസൃതിയിങ്കലുണ്ടാം
നമ്മെപ്പുരട്ടാൻ പലതും സുഖങ്ങൾ.
കുടുംബിനീസുസ്മിതമൊന്നു മാത്രം
നാകം ചമപ്പൂ നരകങ്ങളാലും.

6

പ്രാണേശിതൻ ബാഹുലതോപധാനം
തൽപ്രേക്ഷണപ്രേമഘനപ്പുതപ്പും
കൈവന്നിരിപ്പോനൊരനുഗ്രഹം താൻ
കരാളമാമാമയബാധപോലും.

7

ഉൾച്ചേർന്ന രത്നങ്ങളെടുത്തുനോക്കീ–
ലളുക്കിലെബാ്ഭംഗിയിൽ മോഹിതൻ ഞാൻ.
അല്ലെങ്കിൽ മർത്ത്യൻ നിഴൽകൊണ്ടു തൃപ്തൻ
സാക്ഷാത്സ്വരൂപത്തെ നിനയ്ക്കുലുണ്ടോ?

8

ആരാലടുക്കുമ്പൊഴുതന്നു മാമ–
ട്ടകന്നുപോകുമ്പൊഴുതിന്നുമീ ഞാൻ
ഓർക്കുന്നു മൽപ്രേയസിതൻ ഗുണൗഘം:
ഹാ, ചേർന്നുനിൽപ്പോൻ മല കാണുകില്ല.

9

പ്രസാദമാർന്നാരിഹ തൽപ്രഭാവ–
പ്രമുഗ്ദ്ധനാമെന്നെയനുഗ്രഹിച്ചോ
അസ്സാദ്ധ്വി ചേർന്നൂ പ്രതിമാച്ഛനത്തെ–
ക്കൈക്കൊണ്ടിടും ദിവ്യഗണത്തിൽ വീണ്ടും.

നാലപ്പാട്ടു നാരായണ മേനോൻ

## 143. വിശേശ്വരിയോട്

1

വരാദ്ഭുതവപുസ്സതിൽപ്പകുതി വാങ്ങി വാഴുന്നൊരാ
വരാവരവലാന്തകാദ്യമരവർഗ്ഗവന്ദ്യേ! ശിവേ!
വരാംഗി! വലയാലയേ വിലസീടുന്ന വാമാക്ഷി! മാൽ
വരാതെ വരുവാൻ വരം വിരവിൽ നൽക വിശ്വേശ്വരീ!

2

തരംഗതരളാക്ഷി! നിൻ തിരുമിഴിത്തലത്തല്ലിനാൽ
തരം കെട്ടകയാൽ ത്വദുൾത്തളിർ തെളിഞ്ഞു താപം കെടാൻ
തരം തളിർ തൊഴും തനോ! തരമൊടോർത്തു താരംപനി-
ത്തരം തവ തദർദ്ധമെയ് തരുമുമേ! തുണയ്ക്കേണമേ.

3

ഭവാനുഭവയോഗ്യമാം ഭുവനഭാഗ്യമേ! പങ്കജോദ്-
ഭവാബ്ധിഭവനാദി ഭക്തജനഭുക്തിമുക്തിപ്രദേ!
ഭവാനിഭയമാററണേ, ഭവദനുഗ്രഹം തെററിയാൽ
ഭവാനി! ഭവനും ഭവദ്ഭവഭയം ഭവിക്കും ഭൃശം.

4

കുലാദ്യഖില സദ്ഗുണക്കിളികളൊത്തു കൂത്താടിടും
കലായമരമേ! കരിംകുഴലിമാർ കുലോത്തംസമേ!
കുലാദ്രികുലകുഞ്ജരപ്രിയകുമാരികേ! പാപസം-
കുലാദ്രികുലിശാമലക്കഴലിണയ്ക്കു കൂപ്പുന്നു ഞാൻ.

5

കടത്തിഹ ഭവോൽക്കടക്കടൽ കടക്കുവാനൊന്നു താൻ
കടത്തിടുവതിന്നു നിൻ കരുണ താനതിൻ കപ്പലും
കടത്തിരുമിഴിക്കളിക്കളരിയാക്കി മാം കാമസ-
ങ്കടത്തിലുഴലാതുമേ! കനിവിയന്നു കാക്കേണമേ.

കുണ്ടൂർ നാരായണ മേനോൻ

## 144. കമനീയാംഗനിതാരോ?

കമനീയാംഗനിതാരോ
കവരുന്നു കണ്ണിണ—
കാനനനീലിമയിൽ—പൂനിലാവൊളി പൂശി?

നീരദനികര നി—ലീനനവോദിത
പൂർണ്ണസോമ—സാർവഭൗമ—
സദൃശാതിശോഭിതനു—കമനീ.

കാകപക്ഷസുന്ദരം—ബിംബാധരമധുരം
ഗണ്ഡമുകുരോജ്ജ്വലം—മന്ദസ്മേരവദനം
കോദണ്ഡശ്രീമഞ്ജുളം—സിംഹസംഹതഗാത്രം
രൂപം നിരുപമം ദൂ—രാപമിതവനിയിൽ
പണ്ടു കണ്ടു—മില്ല തെല്ലു—മിവനൊടു തുല്യരുചി—കമനീ

മദിതമാമെൻ മാനസ—മതംഗജമതിലേററി
മഹിതരാഗ ലഹരീ—ത്ധരിയിൽ നീരാട്ടി
മദനമഹാവിജയ—മഹമഹിമ കൊണ്ടാടി
മരുവുകിലൊരു കുറി—മമ നനു ജീവിത—
മഖിലമിന്നു—സഫലമെന്നു
കരുതുന്നു ഞാൻ സപദി—കമനീ.

വി. കൃഷ്ണൻ തമ്പി—താടകാവധം കഥകളി

## 145. മനമേ നീ തകർന്നാലും

മനക്കാമ്പിന്നമൃതിവൻ മതിക്കോ വൻ കാളകൂടം
മതിയേ രാജ്ഞിക്കു വേണ്ടു—മനമേ നീ തകർന്നാലും—മന

പെരുതേ ഞാൻ ചെയ്ത സത്യം—പെരുതേയെൻ പ്രജാകൃത്യം
അരുതിവന്നുപചാരം—അരുൾവാനിവർക്കു ഭാഗ്യം—മന

വനരാജികളേ നിങ്ങൾ—ഗുരുപൂജകളേകുവിൻ
അനുകൂലതരം തണൽ—പേയഭോജ്യാദികളും—മന

ചെറുതെന്നലുണരുക—മൃദുമേനി പുണരുക
വിരുതങ്ങളാൽ ഖഗങ്ങൾ—അരുളുവിൻ ചെവിക്കിമ്പം—മന

ജഡമിതിങ്ങിതാ പോവൂ—ത്ധടിതി നമ്മൾക്കു വീണ്ടും
ഘടന നല്കീടും ഘോരം—അടരൊന്നേ പാർത്തിരിപ്പൂ—മന.

വി. കൃഷ്ണൻതമ്പി—താടകാവധം കഥകളി

## 146. ആദിമസുന്ദരി

ഉറക്കമുണർന്നവൻ കണ്ണുകൾ മന്ദം മന്ദം
തുറക്കുന്നേരമൊരു ദിവ്യയാം നാരീരത്നം

തനിക്കു മുന്നിലായി നില്ക്കുന്നു വിഭാതത്തിൽ
കനല്ക്കു നേരായ് കിഴക്കുദിച്ച ഭാനു പോലെ.

അപ്രതീക്ഷിതമായ കാഴ്ചയാൽ വിവശനാ–
യിപ്രകാരമാദമനുള്ളത്തിലുച്ചരിച്ചു:

'എന്തു ഞാൻ കാണുന്നതിച്ചന്തമേറിയ കാഴ്ച!
ഹന്ത! മിന്നലീ ഭൂവിൽ പിണ്ഡിതാകൃതിയായോ?

ചന്ദ്രനേ വെടിഞ്ഞിങ്ങു ചന്ദ്രിക വരാവതോ?
സാന്ദ്രസൗഭാഗ്യമൂർത്തിയെന്തൊരു നവസൃഷ്ടി?

വാനവപ്പരിഷയിലാരാനുമാണോ? വരി–
ല്ലാനനാദികൾക്കല്പഭേദമുണ്ടോർത്തുകണ്ടാൽ.

എന്നു മാത്രവുമല്ല മാമകഹൃദയത്തെ
മുന്നമീ വിധം കവർന്നില്ലൊരു വാനവനും.

കേശഭംഗിയും ദേഹകാന്തിയും മുഖാബ്ജത്തി–
ലാശുഗൻ പോലെ കളിയാടുന്ന പ്രസാദവും

പുഞ്ചിരികൊണ്ടു തിര്യഗ്ജ്ജാതിയും വശപ്പെട്ടു–
മഞ്ചിതമാകും ദന്തമുകുളപ്രഭയതും

പാടലാധരം മനോമോഹനം നാസികയും
പേടമാനടി വണങ്ങീടുന്ന മിഴികളും

ഉല്ലസത്കല്ലോലം പോലിളകും ചില്ലീയുഗം
നല്ലൊരു ദാഡിമത്തെ വെല്ലുന്ന ഗണ്ഡങ്ങളും

ആകവേ ചിന്തിക്കുകിലത്ഭുതപരവശ–
രാകാതെയിരിക്കുകില്ലമൃതാശികൾ പോലും.

സ്വർഗ്ഗീയശില്പിയുടെ വാസനാബലമെല്ലാ–
മർഗ്ഗളമെന്യേ കാണുന്നുണ്ടു ഞാനീ സൃഷ്ടിയിൽ.

സർവ്വാതിശായിനിയാം ശക്തിയൊന്നിതാ ദിവ്യ–
ചാർവ്വംഗിക്കരികിലേക്കെന്നെയാകർഷിക്കുന്നു.

കിടപ്പാനിനിക്കൊട്ടും കഴിവില്ലെഴുന്നേററു
പൊട്ടക്കെന്നവളുടെയടുക്കലോടിച്ചെന്നു

തുടുതത കാന്തി ചിന്നുമവൾ തന്നുടലിന്മേൽ
വെട്ടപ്പായ് പ്രേമമാല ചാർത്തണമാശ്ലേഷത്താൽ.'

ഇങ്ങനെ പറഞ്ഞവനംഗനാമണി നില്ക്കും
പിംഗളകാന്തിപൂരം തിങ്ങിന ദിക്കിലെത്തി.

മംഗളകമലിനിയാം സംഗമസുഖം തേടി–
ത്തുംഗമോദേന പായും ഭൃംഗമെന്നതു പോലെ

ഭംഗിയില വളുടെയംഗവല്ലരി സമാ–
ലിംഗ്യ നിവൃതനായാൻ ഭംഗമല്ലവുമെന്യേ.

വിസ്മയം സർവ്വേശ്വര! നിന്നുടെ വ്യാപാരങ്ങൾ
ഭസ്മസാത്കരിപ്പൂ നീ ദുഃഖത്തെ പ്രേമാഗ്നിയാൽ.

അത്യഗാധമായ് ചുഴിഞ്ഞിറങ്ങും പ്രണയത്താൽ
അത്യഗാധവും സമഭ്രമിയാമെന്നേ വേണ്ടു.

ഏകാന്തജീവിതത്തെ ജനപുഷ്കലമാക്കും
രോഗാഭിഭവം നീക്കിയാരോഗ്യമരുളിടും.

ജീവിതം തൃണമാക്കും നിമിഷം യുഗമാക്കും
ഭാവനാശക്തിയേറെ വളർത്തും നഷ്ടമാക്കും.

ശങ്കയെ നിശ്വാസിക്കും ബന്ധനം വേർപെടുത്തും
ശൃംഖല പൊട്ടിച്ചിട്ടു സ്വാതന്ത്ര്യഭൂവിലെത്തും.

എന്തു താനിതില്പരം സാദ്ധ്യമല്ലാത്തതോക്കി–
ലന്ധതാമിസ്രത്തേയും സ്വർഗ്ഗമായ് മാററും പ്രേമം.

ജ്ഞാനവുമാനന്ദവുമസ്തിത്വമിവ മൂന്നും
ലീനമാമാത്മാവിൽ നിന്നഴകായൊഴുകീടും

ആനന്ദക്കുളിരൊളി വീശുമീ പ്രേമപാനം
ദൂനാന്തഃകരണത്തിനുള്ളൊരു സിദ്ധൗഷധം.

ആദമനസാമാന്യമോദസിന്ധുവിലാണി–
ട്ടോതിനാനുത്ഥാനം ചെയ്തുച്ചമാം നിനദത്തിൽ:

'രാമണീയകമേന്തുമീ വിഭാവിതരൂപം
മാമകമാംസാസ്ഥികൾ തമ്മുടെ ഭാഗമല്ലോ.'

നരനിൽ നിന്നിവളെ സമസ്തേശ്വരകര–
മുരുവാക്കുകമൂലം നാരിയെന്നിവൾ പേരാം.

അതിനാൽ ജനയിത്രീജനകന്മാരെപ്പിരി–
ഞ്ഞതുലസ്നേഹവാരാന്നിധിയാം സ്വഭാര്യയിൽ

പുരുഷൻ സർവ്വാത്മനാ രഞ്ജിക്കുമതുമൂല–
മിരുമൂർത്തിയും യോജിച്ചദ്വയീഭവിച്ചീടും.

കെ. വി. സൈമൺ—വേദവിഹാരം

## 147. വിടപിമോഹിനി

1

സുഖലളിത വിലാസ കാന്തിയോലും
മിഴികളിലഞ്ജനമിട്ടു ശോഭ ചേർത്തും
മരതകമണി ചേർന്ന തോടയാടി-
ക്കവിളിണ നീലിമ തെല്ലു പൂണ്ടുകൊണ്ടും

2

ഒളി വിതറിയ യാവകത്തിനാൽച്ചെം-
ചൊടി സവിശേഷമഹോ പരിഷ്കരിച്ചും
മൃദുഹസിത വിലാസഭംഗിയാലേ
സുമഹിത ചന്ദ്രിക ചുററുമേ പൊഴിച്ചും

3

നിറകുടമിണയായ കൊങ്ക രണ്ടും
കസവണിനേരിയ മുണ്ടുകൊണ്ടു മൂടി
അടിയിലണിയുമശ്മഹാരകാന്തി-
പ്രചുരിമകൊണ്ടു തിളക്കമേററിവെച്ചും

4

രസികത വിതറുന്ന ചാരുചേഷ്ടാ-
ശതരുചിരംഗതിയാൽ മനസ്സുലച്ചും
കുസുമവിശിഖ വൈജയന്തിപോലാ
യുവതിയണഞ്ഞു തുരുഷ്ക സന്നിധാനം.

സർദാർ കെ. എം. പണിക്കർ—ഹൈദർ നായിക്കൻ

## 148. കേരളദേശം

ഹരഹര ശിവ ശിവ! ഭുവനൻ കണ്ടൊരു
ധരയുടെ മഹിമ പുകഴ്ത്തീടാമോ?

അലർമകൾ തന്നുടെ ലാസ്യത്തിന്നല-
മഴകൊട്ട തീർത്തൊരു രംഗം പോലെ

അമരാവതിയുടെ നൽപ്രതിബിംബം
ക്ഷിതിമുകുരത്തിൽ കാണുമ്പോലെ

ഇച്ഛയിലുലകിടമിന്നണിയുന്നൊരു
പച്ചക്കല്ലു കഴുത്തില പോലെ

ശ്രീ വത്സാങ്കൻ ഭഗവാൻ തന്നുടെ
മാറിലെഴും വനമാലിക പോലെ

പശ്ചിമ ജലനിധി പെററുവളത്തൊരു
പുത്തൻ പാൽക്കടൽ മാനിനി പോലെ

സഹ്യമഹീധരമുടലിൽ ചാത്തിയ
മോഹനകഞ്ചുകമെന്നതു പോലെ

സുസ്ഥിരമാകിയൊരിന്ദ്രധനസ്സുകൾ
ഒത്തൊരുമിച്ച കിടപ്പതു പോലെ

ദിവ്യമഹാർഘ മണിപ്രകരങ്ങൾ
താനേ വിളയും ക്ഷേത്രം പോലെ

കാണികൾ തന്നുടെ നേത്രങ്ങൾക്കൊരു
ചാരുരസായനമെന്നതു പോലെ

ചന്ദ്രിക ചന്ദനനീരിൽ ചാലി-
ച്ചെന്നും നന്നായ്ത്തൂകിയ പോലെ

വാരിവിതച്ചൊരു രത്നഗണങ്ങൾ
കംബളമായി മൂടിയ പോലെ

കേരളദേശം നൃപനുടെ കണ്ണിൽ
ചാരുതയോടെ കാണായ്‌വന്നു.

കനകവിഭൂഷകൾ ചാത്തിയ തന്വീ
മണികൾ കണക്കലർ ചൂടും ചെടികൾ

ഏലക്കൊടിവലചുററിപ്പിണയും
ചേലാം ചന്ദനവൃക്ഷസമൂഹം

വെററിലവല്ലികൾ ചുററിപ്പരിചിൽ
പററിക്കൂട്ടം ക്രമുകക്കൂട്ടം

നീലിമ കലരും കദളീവനനിര
ബാലരസാലത്തോപ്പുകളനവധി

സരസിജമുൽപ്പലമെന്നിവ തിങ്ങി
സ്സുരസി വിലസും പൊയ്കകളനവധി

മദകരി സിംഹം പുലിയെന്നിവയാൽ
സതതനിഷേവ്യം കാടുകളനവധി

മധുരമനോഹര കേരളദേശം
നൃപനുടെ കണ്ണിൽ കാണായ്‌വന്നു.

നന്മയിലമൃതം പൂരിപ്പിച്ചൊരു
പൊന്മയകലശം തലയിലെടുത്തും

ഭംഗിയിൽ നില്ക്കും ഭൃതകഗണം പോ-
ലെങ്ങും തെങ്ങുകൾ തിങ്ങിനിറഞ്ഞും

കനകവിതാനം കതിരുകളിൽച്ചേ-
ർത്തനിതര ഭംഗി വളർത്തും നല്ലൊരു

വയലുകൾ നെൽക്കൃഷികൊണ്ടു ജഗത്തിൽ
കലവറ പോലൊരു മേന്മ വഹിച്ചും

പരദേശങ്ങളിൽനിന്നു ചരക്കുകൾ
നിറയെക്കേററിവരുന്നൊരു നൗകകൾ

തുറമുഖപങ്ക്തികളിൽപ്പലമട്ടിൽ
പെരുമയൊടിന്നു കിടന്നും നിയതം.

ഇങ്ങനെ പലവിധ മോടികൾ തിങ്ങി-
പ്പൊങ്ങിയ പുകഴാൽ വെൺമ പരത്തി

ചാരുത ചേർന്നൊരു കേരളദേശം
നേരേ നൃപമണി കണ്ടിതു കുതുകാൽ.

സർദാർ കെ. എം. പണിക്കർ—ഹൈദർ നായിക്കൻ

## 149. വനനിർഝരി

ധാടിയ്ക്കൂദ്രിയിലങ്കുരിച്ചണി ശിലാ-
തല്പത്തിലേറി ദ്രുതം
ചാടിത്ധർത്ധരചാരു നിർഗ്ഗളഗളൽ
സംഗീതവർണ്ണങ്ങളെ
പാടിത്താളമടിച്ചലഞ്ഞലയൊടും
കൂടി പ്രസന്നാനനം
തേടിപ്പാഞ്ഞൊഴുകുന്നൊരാറുമരികിൽ
കാണപ്പെട്ടുന്നഞ്ജസാ.

എം. ആർ. കൃഷ്ണവാര്യർ

## 150. കുഞ്ഞാണെ സത്യം

കണ്ണാക്കും കണ്ടിടാതുള്ളിരുളിലിഹ നട-
ക്കുന്നതാരാ? പുലച്ചി-
പ്പെണ്ണാണേ തമ്പുരാനേ, തടിവിറകു പിറ-
ക്കീട്ടവാൻ താമസിച്ചേൻ;
ഉണ്ണാൻ മേടിച്ചൊരിക്കല്ലരിയുരിയാ-
ണമ്മയാണച്ചനാണെൻ
കാണ്ണാണേ തീണ്ടിയെന്നാലതടിയനറിയാ-
ഞ്ഞാണു കുഞ്ഞാണെ സത്യം.

എം. ആർ. കൃഷ്ണവാരൃർ

## 151. വിചാരവിപ്ലവം

1

പൂങ്കാവിലെത്തേൻ കിനിയും മലർച്ചാ-
ത്തതെത്ര സൗന്ദര്യവിശിഷ്ടമാണോ
അത്രയ്ക്കു നിൻ ജീവിതവും പരാർത്ഥ
പവിത്രമായ് സുന്ദരമായിടട്ടേ.

2

സത്യസ്രവന്തിത്തെളി നീരൊഴുക്ക
തന്നുൾത്തടം തന്നിൽ നിറഞ്ഞുനില്ക്കേ
ആരായ്കയാം പാഴിരുളിൻ പകച്ച
കൺകൊണ്ടു നാമായതു കാനൽതോറും.

3

നവീനലോകം നെടുശാസ്ത്രനേത്രം
കൊണ്ടദ്ഭുതാബ്ധങ്ങൾ ചുഴിഞ്ഞുനോക്കി
ഇരുൾപ്പരപ്പിന്നടിയിൽക്കടന്നു
തടഞ്ഞുതപ്പിപ്പൊരുൾ തേടിനോക്കി.

4

അഗാധതയ്ക്കൊപ്പമനന്തതയ്ക്കു-
മഗമ്യമല്ലാത്ത മനുഷ്യബുദ്ധി
ശാസ്ത്രം കരുത്തേറിയ കൈകൾകൊണ്ടു
പേർത്തും വിചാരച്ചരുളാഞ്ഞെറിഞ്ഞും

5

ഗലീലയോ, വോൾട്ടയർ, ഡർവിനെന്നി
ശ്ശില്പീന്ദ്രർതൻ ശിഷ്യഗണങ്ങൾ നമ്മൾ
നവ്യാശയത്തിന്നടിയിട്ടുറപ്പി-
ച്ചദ്ദീവ്യർ വിശ്രാന്തിയടഞ്ഞു പോയീ!

6

കൈക്കോട്ടുകൊണ്ടൊന്നു കിളച്ചുനോക്കാ-
നുക്കററ മാമൂൽ വിറകൊണ്ടു നിൽക്കെ
സ്വതന്ത്രമാം ചിന്തകൾ ഹന്ത! വെട്ടി-
ക്കിളച്ചു കണ്ടാവൂ നിഗൂഢതത്ത്വം.

7

ഉണർന്നെണീററുന്നമുറച്ചു വായ്പ്പോ-
'ക്കെങ്കിൽ'പ്പദം ഭീരുതതൻ പ്രണാദം;
പൊട്ടിച്ചെറിഞ്ഞേതു ഭയപ്പൊടിപ്പും
സത്യാഭയുൾക്കൊള്ളുകയാണു പോലും.

8

സ്വാതന്ത്ര്യമാം ത്ര്യക്ഷരമന്ത്രമല്ലീ
സർവ്വാർത്ഥ സിദ്ധിക്കുരുവിട്ടിടേണ്ടു
അവിദ്യതൻ പാഴ്നിഴൽ മങ്ങിനീങ്ങി-
സ്സത്യപ്രസന്നാകൃതി കാൺമനോ ഞാൻ?

9

കയ്യേറെയ്യേറും ദിനമെത്രയെത്ര
കഴിക്കിലും മാഴ്കിമയങ്ങിടാതെ
ഒടുക്കമെന്നോ തെളിതേനൊലിക്കു-
മെന്നോർത്തു യത്നിപ്പു മഹോദ്യമന്മാർ.

10

ഇരുട്ടു പാകീടിന പാതിരാവി-
ലുരുണ്ടുതപ്പീത്തടവേററു തന്നേ
ചരിക്കിലേ പൊൽപ്പുലരിപ്പരപ്പിൽ
വിടർന്നുകാണുന്ന വെളിച്ചമേക്കൂ.

11

കനത്ത കാർകൊണ്ടലിരുണ്ടിടട്ടേ
മിന്നൽക്കൊടും ദംഷ്ട്രകൾ കാട്ടിടട്ടേ
മുപ്പാരുലയ്ക്കുട്ടെ മുഴക്കമൂക്കിൽ
മുന്നോട്ടു പൊയ്ക്കൊൾക മുറയ്ക്കു ധീര.

12

വാർതിങ്കൾ വാനിൽത്തല കാട്ടിടുമ്പോൾ
കാർ തിങ്ങിനില്പ്പു കബളീകരിപ്പാൻ
സ്വാർത്ഥത്തിനെപ്പോഴുമടപ്പിറപ്പാ–
മസൂയയെന്താണ്? മഹത്ത്വമെന്തോ?

13

സ്വാർത്ഥം ചുരത്തും വിഷമെന്തു? ധർമ്മ–
ധൈര്യം പെറും ത്യാഗമധൂളിയെന്തോ?
തന്നന്തരംഗസ്ഥിതശാസിതാവിൻ
ശബ്ദം ശ്രവിപ്പോന്നു തൃണം ശരീരം.

14

ദോഷം കശക്കിപ്പിഴിയുമ്പോഴൂറി–
ത്തെളിഞ്ഞു നില്ക്കുന്നു ഗുണം ഗ്രഹിക്കൂ.
കരിക്കവേ ചപ്പില കല്മഷപ്പാ–
ടേൽക്കാത്ത ചെന്തീയൊളി ചിന്തിടുന്നു.

15

പരന്ന പാത്തട്ടടിയെത്തുവോളം
തുരന്നുനോക്കിത്തുളയാക്കി നീളേ
ജലപ്പെരുച്ചാഴികളെത്രയെത്ര
പുളച്ചിടുന്നു പുകയത്തു പായ്വോർ.

16

വാനത്തിലോ വാരിധിതൻ തടത്തിലോ
വനത്തിലോ വന്മലതൻ പരപ്പിലോ
വാരിപ്പൊഴിപ്പൂ പ്രകൃതീശി സൗഭഗം
വരിഷ്ഠനെന്തും ഗുണവർഷിയാകണം.

പള്ളത്തു രാമൻ

## 152. ഗ്രാമീണകന്യക

1

പ്രദോഷദീപാവലി കണ്ടുകൊണ്ടു
പാശ്ചാത്യഭൂഭാഗമണഞ്ഞ സൂര്യൻ
പ്രഭാതദീപാവലി കണ്ടുകൊണ്ടു
പൗരസ്ത്യദേശത്തെയണഞ്ഞു വീണ്ടും.

2

കള്ളൻെറ കണ്ണിന്നമലാഞ്ജനത്വം
കൈക്കൊണ്ടു കാണായ തമസ്സൊഴിഞ്ഞു.
പ്രകാശമോ വീണ്ടുമനാദികാല—
സാമ്രാജ്യപീഠത്തെയലങ്കരിച്ചു.

3

താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴിതൻ പുഷ്കലകണ്ഠനാദം
കേട്ടിട്ടുണർന്നേററു കൃഷീവലന്മാർ.

4

പാടത്തു പോയ്പ്പാംസുലപാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ്ക്കാലികളെത്തെളിക്കു—
മവൻെറ താരസ്വരമുണ്ടു കേൾപ്പൂ.

5

നിശാന്തസങ്കീർത്തന ഗീതികൊണ്ടു
നിർദ്ധാര്യമായ്ത്തീർന്ന നികേതനങ്ങൾ
കാണായി ബാലാരുണരഞ്ജിതങ്ങൾ
വൃക്ഷാന്തരാളം വഴിയങ്ങുമിങ്ങും.

6

മഞ്ഞിൻ കണം ചാർത്തി മരങ്ങൾതോറും
തട്ടിത്തടഞ്ഞാർത്ത വിഹംഗനാദം
പാടേ ചരിക്കുന്നു കൃഷീവലൻെറ
കിടാവിനോടൊത്തു വിഭാതവാതം.

7

നിശ്ശേഷവിശ്രാമവശാൽ വിശുദ്ധ—
ചൈതന്യമൊന്നേറിയ പോലെ വീണ്ടും
ഇരമ്പവും കമ്പവുമൊന്നുമില്ലാ—
തുണർന്ന നാട്ടിൻപുറമെത്ര രമ്യം!

8

മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളംകവുങ്ങും
നിറഞ്ഞഹോ! സസ്യലതാഢ്യമായ
വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു.

9

കടിഞ്ഞിൽ കാച്ചീടിന കയ്യുവള്ളി
കിടന്നിട്ടും വേലികളാൽ മറഞ്ഞും
നേത്രാഭിരാമം ഗൃഹമോലമേഞ്ഞും
വൃക്ഷച്ഛദച്ഛായയിൽ നിന്നിടുന്നു.

10

നോക്കുന്നിടത്തൊക്കെയുമുണ്ടു കായ്കൾ
മൂത്തും പഴുത്തും കദളീകദംബം
അതിൻ നടുക്കിച്ചെറുതായ വീടു
കണ്ണിന്നനായാസസുഖം തരുന്നു.

11

മുററത്തൊരററത്തൊരു പൂവ്വെരിഞ്ഞി
മുററിത്തഴച്ചങ്ങിനെ നിന്നിടുന്നു
അദ്ധ്യാത്മചിന്താപരനായ് ഗൃഹസ്ഥ–
നന്തിയ്ക്കതിൻ ചോട്ടിലിരിപ്പതുണ്ടാം.

12

പാൽപ്പാത്രവുംകൊണ്ടു പുറത്തു പററി–
ശ്ശാഠ്യം പിടിക്കുന്ന കിടാവു തന്നെ
ഇടയ്ക്കു ശാസിച്ചു ഗൃഹേശിയോരോ
പശുക്കളെപ്പേർത്തു കറന്നിടുന്നു.

13

തോട്ടത്തിലിപ്പോൾ ഗൃഹസാർവ്വഭൗമ–
നതാതു സസ്യങ്ങളെയങ്ങുമിങ്ങും
ഗംഭീരമായോരു വിലോകനത്താൽ
സംഭാവനം ചെയ്തു നടന്നിടുന്നു.

14

നീണ്ടുള്ള കൈ നീരുജലോഹകായം,
ഉദ്ഗാഢമായുദ്ധതമായ നോട്ടം,
അത്യന്തസാധാരണമായ വേഷം,
അഹോ! ഗൃഹസ്ഥൻ ബഹു ധീരശാന്തൻ.

15

പുറം കഠോരം പരിശുദ്ധമൊട്ടു–
ക്കുള്ളോ മൃദു,സ്വാദു,രസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര–
പാകത്തിലാണിങ്ങനെ മിക്ക പേരും.

16

സമാർജ്ജനായാസമുദാഹരിക്ക-
മേറെച്ചുകപ്പാർന്ന കരാംബുജത്താൽ
കുടം ചുമന്നുള്ളൊരു പെൺകിടാവു-
ണ്ടിതാ പുറത്തേക്കു വരുന്നു മന്ദം.

17

സുസ്മേരമായ് സ്വേദലവങ്ങൾ ചിന്തി-
ത്തനാമീമുഖം സാധു വിളങ്ങിടുന്നു
കാലത്തു നീർത്തുള്ളികളങ്ങുമിങ്ങും
ചിന്തുന്ന ചെന്താമരയെന്നപോലെ.

18

വ്യാലംബിനീലാളകഭംഗി തിങ്ങു-
മത്തയ്യലിൻ ചാരുകവിൾത്തടങ്ങൾ
മിന്നുന്ന കൗമാരമനോഹരങ്ങ-
ളാരോഗ്യലക്ഷ്മീമണിദർപ്പണങ്ങൾ.

19

അഭംഗശൃംഗാരസരസ്സു പൂക്ക
മീനങ്ങളാം മോഹനലോചനങ്ങൾ
കാണിപ്പതുണ്ടച്ചെറുപെൺകിടാവിൻ
നിർവ്യാജവും ഭവ്യവുമായ ഭാവം.

20

അഗർഹിതാഹാര വിഹാരജന്യ-
മാരോഗ്യസൗഭാഗ്യവിലാസമേന്തി
അകൃത്രിമാഭം രമണീശരീരം
വിലോചനാസേചനകം വിളങ്ങി.

21

തോട്ടം നനപ്പാനവൾ പോയിടുമ്പോൾ
വഴിയ്ക്കു നില്ക്കും ചെറുപിച്ചകങ്ങൾ
മന്ദാനിലാന്ദോളിതശാഖയാലേ
മാനിച്ചു മേന്മേൽത്തടവീ തദംഗം.

22

അങ്ങിങ്ങു ചിന്നിച്ചിതറിക്കിടക്കു-
മപ്പിച്ചകച്ചില്ലകളെത്തദാനീം
ഉടൻ കുടം വെച്ചവളൊന്നൊതുക്കീ
കനീയസീകൈശികനിർവ്വിശേഷം.

23
അച്ഛൻെറ മേൽനോട്ടമൊടൊത്തു തൻെറ
ശുശ്രൂഷയും പൂണ്ടു കൊതിച്ചവണ്ണം
ആൺപൂവിട്ടും കുമ്പളവള്ളിയെക്ക—
ണ്ടാനന്ദമുൾക്കൊണ്ടവൾ നിന്നുപോയി.

24
ആഹ്ലാദവും വേലയുമെക്കുമാരി—
ക്കേറുംവിധം സസ്യലതാവിതാനം
പൂവിട്ടു കാണുന്ന ദിനങ്ങളെല്ലാ—
മച്ഛൻെറ ജന്മർക്ഷദിനങ്ങൾ തന്നെ.

25
സസ്യാവലീസേചന ദീർഘയജ്ഞം
കഴിഞ്ഞു കല്യാണി മടങ്ങി മന്ദം
മൃണാളികാകോമളമാം തദീയം
ഭുജം തദാ തെല്ലു തളർന്നിരുന്നു.

26
പ്രത്യംഗകാഠിന്യമെടുത്തു പുത്തൻ
വയസ്സുയർത്തും തദുരഃപ്രദേശം
നിതാന്തനിശ്വാസവശാലുയർന്നും
താന്നും തദാ കണ്ണു കവർന്നിരുന്നു.

27
തൈത്തെന്നൽ തട്ടി ച്ചെറുതൊന്നനങ്ങും
നീലാളകശ്രേണികളാൽ നികീർണ്ണം
കുമാരി തൻ കോമളഫാലദേശം
ശ്രമാംബുലേശങ്ങളണിഞ്ഞിരുന്നു.

28
നീർ കൊണ്ടു വാർകൊണ്ടലിനിണ്ടലേകി
നീണ്ടും ചുരുണ്ടും നിബിരീസമായും
കാണായ തൽകേശഭരം തദാനീം
നിതംബബിംബത്തെ മറച്ചിരുന്നു.

29
നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നൂ വിധി രത്നമെല്ലാം.

കുററിപ്പുറത്തു കേശവൻനായർ

## 153. നടന്നുപോകുന്ന ചെറുവീട്ട്

ഉണർന്നു പുളയാതെ നീയിടയ്ക്കിടയേററം
തളർന്ന കൈയ്യാലല്ലോ താങ്ങുന്നു നിന്നെത്താതൻ.

സ്നേഹമൊന്നില്ലെങ്കിലോ കരുത്തില്ലിക്കൈയ്യൊരു
പൂവിനെപ്പോലും കൊണ്ടു രണ്ടടി നടക്കുവാൻ.

നിന്നുടെ മാതാവെത്ര പവിത്ര ഭാഗ്യവതി
ഇന്നത്തെപ്പരിഷ്കാരപ്പടി കേറാഞ്ഞാലെന്തേ?

കാവ്യനാടകാദികൾ വായിച്ചുനോക്കിക്കഥാ–
നായികമാരെക്കണ്ടു പഠിച്ചീലെങ്കിലെന്തേ?

അക്ഷരജ്ഞാനം പോലുമില്ലായ്കിലെന്തേ കുററം?
ഭിക്ഷുകിയെന്നാകിലും ഭർത്തൃദേവതയല്ലോ.

പരമാർത്ഥമാം സ്നേഹമിങ്ങനെ വേണം കാൺമാൻ
പണവും സൗന്ദര്യവുമല്ലതിന്നളവുകോൽ.

സാമുദായികമായ നിയമങ്ങളാൽ നവ്യ–
കാമുകന്മാർക്കു നേർക്കു നോക്കാനുമൊക്കായ്കയാൽ

വിഷവിദ്യയാൽ ഭർത്തൃബന്ധത്തെ മോചിക്കേണ്ടും
വിഷമാധമനാഗരികയല്ലിവൾ സാധ്വി.

തലയിൽ കാണാമൊരു കീറവട്ടിയും പൊട്ട–
ക്കലവും കരിച്ചട്ടി, കയിലും കിഴിക്കെട്ടും

മുഴുവൻ പൊളിഞ്ഞൊരു മുറവും പൊതിപ്പാള,
വഴിയിൽ പെറുക്കിയ ചുള്ളിയും ചിരട്ടയും

കുഞ്ഞിൻെറ കളിപ്പണ്ടം, കിഴിഞ്ഞ പിച്ചപ്പോണി–
യെന്നുവേണ്ടൊരു കൊച്ചു പൊറുതിക്കുള്ളതെല്ലാം.

ഇടത്തു കൈയ്യിൽ കഞ്ഞിക്കുത്തുപാളയും തോളിൽ
തൊട്ടത്ത മാറാപ്പിന്മേൽ തുണ്ടും പൊക്കണങ്ങളും

അന്ധനാമാത്മപ്രിയന്നാസ്ഥയാ വലംകൈയ്യാൽ
പന്ഥാവു കാട്ടീടുവാൻ പിടിച്ച വടിയുമായ്

കൈയ്യിലെക്കഞ്ഞി ലാഞ്ചിക്കളഞ്ഞു പോകാതെയും
പയ്യവേ തന്നെ തൻെറ കാന്തനെ നടത്തിയും

അത്തലച്ചുമടൊന്നും വീണുപോകായ്വാൻ കഴു–
ത്തിത്തിരി ചെരിച്ചൊററപ്പുരികം പൊക്കിക്കൊണ്ടും

അംഗമംഗുലം പ്രതി ഓമ്മയോടായം പിടി-
ച്ചങ്ങനെയളന്നളന്നൂന്നിയ ചുമട്ടമായ്

കരുണാരസോദ്വഹം രണ്ടു കാലിന്മേലൊരു
ചെറുവീടിതാ മന്ദം നടന്നുപോകുന്നുതേ.

ശാസ്തമംഗലം രാമകൃഷ്ണപിള്ള—കൊച്ചുപിച്ചക്കാരൻ

## 154. രജനി

താരാമാലാവിരാജദ്ഗഗനഘനകചേ!
യാമിനീ കാമിനീ! നീ-
യാരാലെത്തുന്ന നേരം വിധുമുഖി! വികസി-
ക്കുന്നിതുൾക്കൈരവം മേ
നേരാം സൗന്ദര്യസാരം സ്ഫുടതരമറിയി-
ക്കുന്ന നിൻ സംഗമത്താ-
ലാരാജിപ്പൂ പ്രശാന്തപ്രകൃതി, സുകൃതികൾ-
ക്കുത്സവം ത്വത്സമക്ഷം.

2

മല്ലപ്പൂവിൻ മണം പൂണ്ടിളകിവരുമിളം
കാററിലൂററം മുഴത്തോ-
രല്ലൽപ്പാമ്പിൻ പടം താഴ്ത്തിന ശമവിഭവേ!
കോമളശ്യാമളാംഗീ!
ചൊല്ലപ്പെട്ടോരു വൃന്ദാവനസുരഭികളി-
ന്ദാത്മജാ സൗഭഗത്തിൻ
ചെല്ലസ്സന്താനമല്ലീ ശുഭവതി, ഭവദാ
ശ്ലേഷമേ മോക്ഷമാർഗ്ഗം.

3

നീ താനെൻ ജീവിതാർദ്ധം നിയതമയി! നിശാ..
നായികേ! കായകല്പ-
ശ്രീ താവും വിശ്രമം നീ പരമരുളി മമാ—
യുസ്സിരട്ടിച്ചിട്ടുന്നു
വീതാതങ്കം തവാങ്കേ വിനിഹിതശിരസാ
വിശ്വസമ്മോഹനേ! ഞാ—
നേതാനും നേരമേല്പ്പൂ ദിനമനു കനക—
സ്വപ്നസായുജ്യ സൗഖ്യം.

4

ലോകത്തിൻ കൺമയക്കും തവ തിമിരമണി—
ഷ്പിഞ്ഛികാചാലനത്താ—
ലാകമ്രസ്വപ്നസൗധോത്സവകലവി പുലർ—
ത്തും മഹാമായികേ! നീ
ശോകപ്രേതാളിബാധയ്ക്കറുതിയരുളിയെൻ
ചേതനയ്ക്കേകിയാലും
പാകം പോൽ നിത്യമാദ്ധ്യാത്മിക ബലമുലകിൻ
തോഷസംപോഷണാർത്ഥം.

5

ചേലില്ലാകെക്കറുപ്പാണെവനുമൊരു വെറു—
പ്പേകുമെന്നല്ലയോരോ
മാലിൻ പേരാണു നീയെന്നിതി പലതുമുര—
യ്ക്കുന്നു മാലോകരെന്നാൽ
പീലിക്കാർവർണ്ണവർണ്ണം തടവി വടിവെഴും
നിന്നെ ഞാൻ മന്നു വിട്ടാൽ
മേലിൽക്കാണേണ്ട വിശ്വപ്രകൃതിയുടെ തനി—
ച്ഛായയായെണ്ണിടുന്നേൻ.

6

ലാവണ്യോല്ലാസ ശോഭാദികളിഹ പകലിൻ
പക്കലാണൊക്കെ രാവേ!
നീ വന്നാലെത്തുമോരോ കരുമനയിരുളി—
ന്നൊത്ത നിൻ വൃത്തിയാലേ
ഈവർണ്ണം പേടി പൂണ്ടോരിവനു തവ സുവ—
ർണ്ണോല്ലസദ്ദിവ്യലോകം
കൈവന്നു ജീവിതത്തിൻ മറുവശവുമിതേ
മാതിരിക്കായിരിക്കാം.

7

സ്വച്ഛന്ദം ഭാവനാനീഡജമിതു പകലിൻ
സ്വാർത്ഥ സങ്കേത നീഡം
തുച്ഛം ഭേദിച്ചു പൊങ്ങും വിധമമരവനം
താരകാകോരകാഢ്യം
സ്വച്ഛം നിൻനിത്യ സത്യോജ്ജ്വല വിപുലസുവ—
ർണ്ണാന്തരീക്ഷത്തിൽ മേന്മേ—
ലച്ഛന്നാഭം രചിച്ചേൻ രജനി! ഭവതിയി—
ങ്ങേകണം നാകസൗഖ്യം.

പി. ശങ്കരൻ നമ്പ്യാർ

## ഭാഗം അഞ്ചു്

ഈ ഖണ്ഡത്തിൽ ഇക്കാലത്തെ മലയാളകവിതയുടെ ചില മനോഹരമാതൃകകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ലഘുകവിതകളുടെ കാലമാണ് ഇതു് എന്നു പറയാം. ഈ ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കവിതകളുടെ കർത്താക്കൾ അധികം പേരും ഇന്നും സാഹിത്യത്തെ അനുഗ്രഹിച്ചു കൊണ്ടു കഴിഞ്ഞുകൂടുന്നു. ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി രാഘവൻപിള്ള തുടങ്ങിയ ഏതാനും പേർ അകാലത്തിൽ സാഹിത്യലോകത്തിൽനിന്നു പൊലിഞ്ഞുപോയവരുമാണ്.

## 155. ജയ ജയ കേരളവസുധേ മഹിതേ!

1

മുത്തും വൈരവുമൊത്തു കലർത്തി-
ക്കോർത്തോരു ഹാരപരമ്പര തിരളും
തിരുമുൽക്കാഴ്ചകൾ വീണ്ടും വീണ്ടും
തൃക്കാൽക്കൽത്തിരമാലക്കൈയാൽ
വാരിക്കൂട്ടിക്കുമ്പിട്ടീടു-
ന്നാരെപ്പശ്ചിമ പാരാവാരം
അമ്മഹിമോജ്ജ്വലയാമെന്നമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

2

അണുവായണുവിൽ മഹത്തിൽ മഹത്തായ്
തവ തൃപ്പാദം തഴുകും മണലിൻ
തരിയുടെ കരളിലൊതുങ്ങീടുന്നൊരു
ഭുവനാവനസംഹാരക്ഷമമാം
തേജസ്സറിവോർ തേടുന്നമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

3

മദകരിമസ്തക മുരയുന്നേരം
ചോരും സൗരഭപൂരം ചേരും
ചന്ദനവനസംഹതിയാൽ മരതക-
രഞ്ജിത മൗലിയെഴും മലയത്താൽ
സന്തതസംരക്ഷിതയാമമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

4

അമൃതു നിറഞ്ഞു തുളുമ്പും കാഞ്ചന-
കലശം പേറും കേരാവലിയും
നവമാണിക്യം മരതകമെന്നിവ
കോർത്തുടനീളം ചാർത്തിയ മുളകിൻ-
കൊടികളെഴും ദ്രുമതതിയും പവിഴ-
ത്തൊങ്ങൽ തിളങ്ങും കമുകിൻ നിരയും
താവകഭൂതി വളർത്തുന്നമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

5

ഒരുനാളും വരളാതൊരു പുഴകളി-
ലൊഴുകും തെളിനീർ തെളുതെളെ നിറയും

സരസികൾ നിൻകവിഹൃത്തുകളെപ്പോൽ
നിഴലിപ്പിക്കുന്നുലകും വാനും
പ്രകൃതിയുമെങ്ങിങ്ങല്ലാതമ്മേ?
ജയ ജയ കേരള വസുധേ മഹിതേ!

6

മധുരിക്കുന്നൊരു വാക്കും നോക്കും
നടയും വടിവും കരളുമിയന്നോർ
മഹിളാത്വത്തിനു ജായാത്വത്തിനു
മാതൃത്വത്തിനു മാതൃകയായോർ
പുത്രികൾ തവ ശുഭധാത്രികളമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

7

എതിരിട്ടവർക്കു ഭയങ്കരരായൊ–
ത്തൊരുമിപ്പോർക്കഭയങ്കരരായോർ
ബുദ്ധിയിൽ വിദ്യയിൽ വീര്യവിഭൂതിയി–
ലൗദാര്യത്തിലുമഗ്രിമരായോർ
തവ സുതരവരൊട്ടു സമരാരമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

8

ശങ്കര ഭഗവത്പാദർ തുടങ്ങി
ശ്രീ നാരായണ ഗുരുവരെയുള്ളൊരു
യതിവരർ, നിൻ കിളിതൻകളമൊഴിയിലു–
മദ്വൈതാമൃതധാര പൊഴിച്ചോർ,
കൂത്തിൽ, കഥകളിയിൽ, ഫലിതോക്തികൾ
തള്ളിത്തുള്ളും തുള്ളപ്പാട്ടിൽ,
കലകൾക്കായ് ശ്രീകോവിൽ കിളത്തിയ
സുകൃതികൾ മണ്ണിനെ വിണ്ണാക്കിട്ടവർ
നിൻ പാലമൃതു നുകർന്നവരമ്മേ!
ജയ ജയ! കേരള വസുധേ മഹിതേ!

9

മലയഹിമാലയ ഗിരിവരരാലും
പൂർവ്വാപരവരജലധികളാലും
പരിതോ വൃതമാം ഭാരതഭുവിൻ
പെരുമയുമൊരുമയുമൊത്തു പുലർത്തി
സുതരാം സുതഹിതരതയായമ്മേ!
ജയ ജയ കേരള വസുധേ മഹിതേ!

എൻ. ഗോപാല പിള്ള

## 156. തേജോബീജം

ആകാശദേശത്തിലെങ്ങുനിന്നോ—ഒരു
തേജസ്സിൻ വിത്തു തെറിച്ചുവീണു.

ആ വിത്തിനുള്ളിൽനിന്നങ്കുര കോടികൾ
ആവിർഭവിച്ചു പടർന്നുവീണു.

അപ്പടർപ്പിൻെറ തലപ്പിൽപ്പിടിച്ചിതു
പൊൽപ്പൂക്കൾ കോടാനു കോടിയപ്പോൾ.

അമ്മലർകോടികൾ മുററും മുതിർന്നങ്ങു
നിമ്മലകന്ദവൃന്ദങ്ങളായി.

ആകാശദേശത്തെയായവയനവഹം
ആകമ്രതാണ്ഡവശാലയാക്കി.

ആ ദിവ്യവൃന്ദത്തിലൊന്നായി വന്നിത—
ന്നാദിത്യബിംബത്തിനാദികന്ദം.

എട്ടൊമ്പതായിട്ടു പൊട്ടിത്തെറിച്ചതു
വട്ടത്തിലാടിക്കറങ്ങിനിന്നു.

അഗ്ഗോളപങ്ക്തിയിലല്പമാമൊന്നിലെ
തീക്കനൽ ചൂടൊട്ടു മങ്ങിയപ്പോൾ

പാറകൾ പൊന്തിപ്പൊടിഞ്ഞു, പൊടി പൊട്ടി—
ക്കീറിക്കുരുത്തു കാന്താരമായി.

പാറിപ്പറന്നുള്ളൊരാവി തണുത്തുടൻ
ചീറിയലയ്ക്കുന്നൊരാഴിയായി.

ആഴിയോളത്തിൽ ഞാനന്നോരണുവായി—
പ്പാഴിലെങ്ങുന്നോ പറന്നു വീണു.

മീനായും പിന്നെക്കരയേറിപ്പാമ്പായും
മാനത്തു പററിപ്പറവയായും

മാനായും മെല്ലെ മരഞ്ചാടിയായും ഞാൻ
നാനാ ജന്മങ്ങൾ കടന്നു നീന്തി.

കോടിക്കണക്കിനു സംവത്സരങ്ങളും
ഓടിക്കടന്നു പൊയ്ക്കൊണ്ടിരുന്നു.

വാനരൻ മൂത്തു ഞാൻ വാൽപോയ് നരനായി
വാനവനാകാൻ മുതിരുകയായ്.

മാനവജന്മത്തിൽ മാമകലീലകൾ
വാനവന്മർക്കുമസൂയയേകും.

പാഴൂഴി പൂട്ടി ഞാൻ പൂവാടിയാക്കീട്ട–
ന്നാഴികൾ കൂട്ടിയിണക്കിടുന്നു.

ഊഴി തുളച്ചതിന്നച്ചതണ്ടിട്ടിടാൻ
താഴുന്നു ഭൂഗർഭഭൂവിലീ ഞാൻ.

മേൽക്കുമേൽ പൊന്തുന്ന മാളിക തീർത്തു ഞാൻ
മേഘം തുളച്ചു കിളർന്നിടുന്നു.

മീൻപോലെ നീററിൽ ഞാൻ നീന്തുന്നു കാററിലോ
വെമ്പിപ്പറക്കുന്ന പക്ഷിപോലെ.

കാൽക്ഷണംകൊണ്ടു പ്രദക്ഷിണം ചെയ്തിട്ട–
ന്നിക്ഷോണീവൃത്തത്തിലെൻെറ വൃത്തം.

തെക്കേ ധ്രുവത്തിലെക്കാഴ്ചകൾ ഞാനുടൻ
പാർക്കുന്നെതിർ ധ്രുവത്തിങ്കൽ നിന്നും.

കാലദേശത്തിൻ പരിധികൾ ലംഘിപ്പൂ
ലീലാ വിനോദങ്ങൾ മാമകങ്ങൾ.

എന്നാലുമീതിയുമാധിയുമന്നന്നു
വന്നെന്നെ വാട്ടിവരട്ടിടുന്നു.

എന്നാലാവാത്തതില്ലൊന്നുമേയെന്നാലും
എന്നാൽ താനാവതുമൊന്നുമില്ല.

എന്നെയുമീ വെറും പൂഴിപ്പൊടിയേയും
ഒന്നിച്ചുകോർത്തു കറക്കുന്നതായ്

എന്നിൽ മിന്നുന്നതായെന്നെ മിന്നിപ്പതായ്
ഒന്നുണ്ടതിന്മുമ്പിലേഴയീ ഞാൻ.

അക്കടലായിട്ടമുൺമയെ ഞാനാകു–
മിക്കുടുകിന്നുള്ളടക്കി നിർത്താൻ

ഇത്തുള്ളിവെള്ളമായാഴിപ്പരപ്പിനോ–
ടൊത്തു പരന്നു വളർന്നുകൊള്ളാൻ

സന്തതം വാഞ്ഛിപ്പേനാ വാഞ്ഛാബീജത്തിൽ
താൻ തങ്ങിനില്ക്കുമോ സാധ്യതയും?

ഹന്ത! ഞാനെന്നോളമിത്തീവ്രതേജസ്സിൻ
സന്തമസത്തിലുഴന്നീടേണം.

എൻ. ഗോപാല പിള്ള

## 157. പെരുന്തച്ചൻ

'ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ
പൊത്തിലെത്ര നാളായ് ഞാൻ ചുരുണ്ടുകിടക്കുന്നു?

വാതമെൻ ഞരമ്പിലെ മജ്ജയൊക്കെയും കാർന്നു
പ്രേതമായ്ത്തീർന്നു ഞാനെന്നാകിലും ശ്വസിക്കുന്നു.

ഉളി വെയ്ക്കുമ്പോഠം കട്ടപ്പൊന്നു പോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടീടാൻ ചേലേന്തും വൻ തേന്മാവും

നിറയെപ്പൂത്തും കായ്ച്ചും നിൽക്കുമീ മീനക്കാല-
ത്തിറയത്തു ചെന്നൊന്നു നോക്കുവാൻ കഴിഞ്ഞെങ്കിൽ!

എൻ പറമ്പിലില്ലൊററക്കുററിവാഴയുമെനി-
ക്കിമ്പമാണെവിടെയാണെങ്കിലും മരം കണ്ടാൽ.

ഒൻപതാൾ പിടിച്ചാലും പിടികൂടാതുണ്ടൊററ-
ത്തമ്പകമുളിയന്നൂരമ്പലമൈതാനത്തിൽ.

വളവില്ലില്ല പോടും കേടുമെൻ കണ്ണാൽ ഞാനൊ-
ന്നളന്നിട്ടൊരെൺപതു കോലിനപ്പുറം പോകും.

മുറിച്ചാലതു മതി നാട്ടിലെപ്പുരക്കെല്ലാം
മുളമോന്തായം മാററാമുത്തരത്തിനും കിട്ടും.

അല്ലെങ്കിലുരാൺമക്കാർ മോഹിക്കുംപോലെ ചെത്തി
യില്ലമാളികകഠംക്കു 'ചീലാന്തി'ക്കതൊപ്പിക്കാം.

പൂതലിച്ചുപോയെൻെറയിത്തടി; കൊതിച്ചാലാ-
ക്കാതലിലുളി നടത്തീടുവാനാവില്ലല്ലോ!

കരിവെററിലത്തുണ്ടും കൊട്ടടയ്ക്കയും നൂറിൻ-
തരിയും പുകയിലഞെട്ടിയും തപ്പിത്തപ്പി

വെടി വെക്കിലും കുടി കേഠംക്കില്ല—കുനിക്കുടി-
പ്പടിമേലിരിക്കുന്നു 'നാനി'യും വയർ ചുങ്ങി.

അവളും കെളവിയായ്—പൂത്ത ചെമ്പകത്തെയ്പോൽ
നിവർന്നും കടഞ്ഞെടുത്തതുപോലുടമ്പാർന്നും

ചിരിച്ചു മുന്നും കുട്ടിപ്പൂത്ത വെള്ളില പോലെ-
ന്നരികത്തിവഠം നിന്ന നാളുകഠം ഞാനോർക്കുന്നു.'

പുരികം നരച്ചൊരാക്കണ്ണുകഠം ചിതൽ തിന്ന
പുറവാതിലിൽക്കൂടിയലഞ്ഞു കുറേ നേരം

'പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ നിരങ്ങാം; കിഴവനെ–
ത്താങ്ങുമായിരുന്നാക്കെ'........വിതുമ്പീ പെരുന്തച്ചൻ.

(വീണ്ടുമാ സ്മരണയെ മാച്ചാനോ ചുളിവേറെ
വീണ നെററിമേൽ മെല്ലെത്തടവി ചുണ്ടും കൈയ്യാൽ)

'പണി ചെയ്യുവാൻ മേലാതാകിലും തൊങ്കിത്തേങ്ങി–
പ്പണിയാലയിൽപ്പുക്കൊന്നിരിക്കാൻ കഴിഞ്ഞെങ്കിൽ!

എങ്കിൽ, ഞാൻ മുഴക്കോലുമുളിയും പണിക്കുറിൽ–
പ്പങ്കിടാറുള്ളാഹ്ലാദമിപ്പൊഴും നുണഞ്ഞേനേ!

കരിവീട്ടിതൻ കാതൽ കടഞ്ഞു, കുഴിച്ച വ–
ന്മരിക കമഴ്ത്തിയ പോലെഴും വിണ്ണിൻ താഴെ

അകലെക്കാണും ചെമ്പു താഴികക്കുടം ചൂടും
മികവാർന്ന തൃക്കോവിൽ തീർത്തതിക്കൈകൊണ്ടത്രേ.

ഉളി ഞാൻ പിടിപ്പിച്ച കൈകളാലെൻ കുഞ്ഞപ്പൊ–
ന്നൊളി ചിന്നിടും ക്ഷേത്രധ്വജത്തിൻ തുംഗാഗ്രത്തിൽ

പറന്നങ്ങിരിക്കുമ്പോൾ ചെത്തിയ ഗരുഡൻെറ
ചിറകു ചലിപ്പതുണ്ടിപ്പൊഴുമെന്നേ തോന്നൂ.

ഞാനതിലസൂയാലുവായി പോലേതച്ഛന്നു
മാനമല്ലാമട്ടൊക്കെ മകനെപ്പുകഴ്ത്തുമ്പോൾ?

ആയിരം മണിയുടെ നാക്കടക്കിടാമൊററ–
വായിലേ നാവാക്കാനും കെട്ടുവാൻ കഴിയുമോ?

രണ്ടു ഗോപുരത്തിൻെറ തട്ടിലും വെച്ചു തേക്കു-
കൊണ്ടു കൊത്തിയൊരഷ്ടദിക്പാലരൂപം ഞങ്ങൾ.

ഒന്നെൻെറയിക്കൈ തീർത്തതൊന്നവൻേറതും: ജീവൻ
വന്നിട്ടുണ്ടവൻേറതിലെൻേറതിനെക്കാളത്രേ.

എൻ കരം തോററാലെന്താണെൻ മകൻ ജയിക്കുമ്പോൾ
എൻ കണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?

കൊച്ചനെ സ്തുതിക്കുമ്പോളെൻ മുഖം മങ്ങീ പോലും
തച്ചനായാലും ഞാനൊരച്ഛനല്ലാതായ്പ്പോമോ?

'കണക്കും കോപ്പും മൂത്താശാരിക്കു കൂട്ടും, ശില്പ–
ഗുണമാ ച്ചെക്കന്നേറും'—നാട്ടുകാർക്കെന്താണാവോ?

ആലയിലടുത്തടുത്തിരുന്നു ഞാനും മോനും
വേല ചെയ്യുമ്പോൾ തമ്മിൽ മിണ്ടാതായ് പിന്നെപ്പിന്നെ.

ഞാനവന്നപമൃത്യു നേരിടാനാരെന്തൊക്കെ–
ത്താനധിക്ഷേപിച്ചാലുമച്ഛനാണാശിക്കുമോ?

ആ മകൻ ഗ്രഹിച്ചതുമഭ്യസിച്ചതുമെത്ര
കേമനായാലും തൻെറയച്ഛനിൽ നിന്നാണല്ലോ.

'ഞായറു മറഞ്ഞേതുസ്കാം തിങ്കളാലല്ലേ'? മൂത്ത–
നായർ ഞാൻ വീട്ടിൽച്ചെല്ലെയെന്തിനിങ്ങനെ ചൊല്ലി?

കേവലം നേരംപോക്കിനന്നു ഞാനൊരു യന്ത്ര–
പ്പാവയെപ്പാലത്തിൻെറ ചുവടേ ഘടിപ്പിച്ചു.

കാലു വയ്ക്കുമ്പോൾ പാലത്തിൻെറയററത്താരാനും
ചേലുലാവുമപ്പാവ ജലദേവത പോലെ

നീർനിരപ്പിൽനിന്നാരാലുയരും, പൊങ്ങിപ്പൊങ്ങി
നീട്ടററ പാലത്തിൻെറ മദ്ധ്യത്തിലാളെത്തുമ്പോൾ

വാ തുറന്നൊരു തുപ്പു തുപ്പുമാവഴിക്കാര–
നേതുമേ കരുതിടാതരികെക്കൂടിപ്പോകെ.

ഈ വിചിത്രമാം വിദ്യ കാണുവാനത്യാശ്ചര്യം
താവിന മിഴികൾ തൻ തിരക്കായാററിൻ വക്കിൽ.

ചന്ദനത്തൈയ്യാണെങ്കിലുരഞ്ഞാൽ മണം പൊങ്ങും
നിന്ദയാലല്ലെൻ കുഞ്ഞും തൻ മിടുക്കുടൻ കാട്ടി.

നാലു നാൾ ചെല്ലുംമുൻപു പൊങ്ങി മറെറാരു പാവ
നാട്ടുകാരുടെ നാവിലവൻെറ പേരോടൊപ്പം.

തുപ്പുവാൻ ഭാവിച്ചുംകൊണ്ടെടൻ പാവ പൊങ്ങുമ്പോഴേ–
യ്ക്കപ്പുറത്തവൻേറതിൻ കൈ നീളും പതുക്കനെ.

വാ തുറക്കുമ്പോഴേയ്ക്കും ചെകിടത്തടി വീഴും
വാശിയാലടിയെനിക്കേററതുപോലെ തോന്നി.

ഇടമില്ലാകാശത്തും രണ്ടു തിങ്കളിന്നെന്നും
കുടി വിട്ടവൻ പോയി 'നാനി' കണ്ണീരായ് നില്ക്കെ.

ഉമി നീറുംപോൽ നീറിയെന്മനം;—എന്നാലും ഞാ–
നരിയാടിയില്ലൊററയക്ഷരം പിരിയുമ്പോൾ.

കോവിലിലാനപ്പന്തൽ പുത്തനായ്പ്പണിയുമ്പോൾ
ഞാൻ വിളിച്ചതെന്തിന്നാക്കേമനാം മകനെപ്പോയ്?

'മകനോടാലോചിച്ചു ഭംഗിയാക്കണം പന്തൽ'
മതിലിന്നകം പൂകെത്തമ്പിരാനരുൾ ചെയ്തു.

പോരുവാൻ തോന്നീ, പക്ഷേ പോന്നില്ലക്കാലത്തോള–
മാരുമോതാറില്ലെന്നോടന്യനോടാലോചിക്കാൻ.

ഞാനതിലസൂയയാലുവായി പോൽ; മകനുള്ള
മാനമച്ഛനമില്ലേ? മരമോ മരാശാരി?

പന്തലൂരാൺമക്കാർ തൻ കൗതുകത്തോടേ പൊങ്ങീ
ചന്തമായ്ച മുകപ്പിനു കൊത്തുവേലകൾ വേണം.

'ഞാനതു നോക്കാമച്ഛൻ മോന്തായം കേററിക്കോളൂ'
—മോനനുവദിക്കണോ മോന്തായം മോളിൽ കേററാൻ?

ചന്ദനപ്പലകമേൽ കൊത്തുകയാണാക്കൈകൾ
സുന്ദരം മഹാലക്ഷ്മീദേവിതൻ കേളീപദ്മം.

വാളിൻെറ വായ്പോൽ മിന്നും വീതുളിയാലേ നേരേ
മോളിലാ മോന്തായത്തിന്നാണി ചീവുകയാം ഞാൻ.

ഊർന്നു കൈയ്യറിയാതെ—യറിയാതെയാ—ണളി,
നേർന്നു ഞാൻ മകൻെറ മേലതു പോയിവീഴൊല്ലേ.

കണ്ണിമച്ചു ഞാൻ മിഴിക്കമ്പോഴേയ്ക്കുയ്യോ! കണ്ടു
മണ്ണിലക്കഴുത്തററാരെൻ മകൻ പിടയുന്നു!

ആളുകൾ ചുററും വന്നുകൂടുന്നു തുറിച്ചുന്തു
നീളുമ്പോലോരോ കണ്ണുമെൻ മുഖത്തേററീടുന്നു.

കോണിതൻ പടിയിലെൻ കാലുറയ്ക്കുമോ താഴെ
വീണു ഞാൻ, 'മകൻ' മാപ്പേന്നോതി പോൽ; കേട്ടില്ല ഞാൻ.

ഉതിരം തളം കെട്ടി വേറിട്ട കണ്ഠത്തിങ്കൽ
പതിയും ചുരുൾമുടി കട്ടച്ചു, രക്തം മററി.

വേദന വിഴുങ്ങിയ കൺമിഴിഞ്ഞൊരാ രൂപം
വേറിടുന്നില്ലുൾക്കണ്ണിൽ നിന്നെനിക്കെന്തായാലും.

ചിരിച്ചുകണ്ടിട്ടില്ല നാനിയെപ്പിന്നീടാരു—
മെരികണ്ണീരും വാർന്നു വാർന്നതോടൊപ്പം വററി.

ആരു വിശ്വസിക്കും കൈപ്പിഴയല്ലതെന്നെത്ര
പേരുരച്ചാലും? തന്തയിതു ചെയ്യുമോ നാനീ?

ആ മകനെനിക്കുന്നു വടിയായിരുന്നേനേ
ഭീമമാമപമൃത്യു പിണയാതിരുന്നെങ്കിൽ.

'പിണയ്ക്കാതിരുന്നെങ്കിൽ'—എന്നു ഹാ! തിരുത്തുന്നു—
ണ്ടുണരുന്നൊരെന്നന്തഃകരണം കൂടക്കൂടെ.

ആരു വിശ്വസിക്കും കൈപ്പിഴയല്ലതെന്നെന്ത
പേരുരച്ചാലും? തന്തയ്ക്കിതു ചെയ്യുവാനാമോ?

അടിക്കുന്നുണ്ടെന്നാലുമെൻ നെഞ്ചിലാരോ കൊട്ട-
വടികൊണ്ടിപ്പോളേതോ ക്രൂരാണിയിളക്കുവാൻ.

പൊടിയോ മററോ വീണോ കണ്ണിലിന്നെന്താ വെള്ളം
പൊടിയാൻ? 'ചൂൽ കാണിച്ചിട്ടേറെ നാളായീ മച്ചിൽ'

മുറുക്കാൻ ചതകല്ലിൽ വച്ചിടിക്കുമ്പോൾ നാനീ
മുറിച്ചു പെരുന്തച്ചൻ—തൻെറയാ മനോരാജ്യം.

ജി. ശങ്കരക്കുറുപ്പ്

## 158. സൂര്യകാന്തി

മന്ദമന്ദമെൻ താഴും
മുഗ്ദ്ധമാം മുഖം പൊക്കി-
സ്സുന്ദരദിവാകരൻ
ചോദിച്ചു മധുരമായ്:—

'ആരു നീയനുജത്തീ?
നിർന്നിമേഷമായെന്തെൻ
തേരു പോകവേ നേരേ
നോക്കി നിൽക്കുന്നു ദൂരേ?

സൗമ്യമായ് പിന്നെപ്പിന്നെ
വിടരും സ്നിഗ്ദ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നു
തിരിഞ്ഞു തിരിഞ്ഞെന്നെ.

വല്ലതും പറയുവാ-
നാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെററാണുഹ-
മെങ്കിൽ ഞാൻ ചോദിച്ചീല.'

ഒന്നുമുത്തരം തോന്നീ-
ലെങ്ങനെ തോന്നും? സർവ്വ-
സന്നുതൻ സവിതാവെ-
ങ്ങെങ്ങു നിർഗ്ഗന്ധം പുഷ്പം?

ആര്യമാവിനെ സ്നേഹി-
ക്കുന്ന ധിക്കാരത്തിന്നു
സൂര്യകാന്തിയെന്നെന്നെ-
പ്പുച്ഛിപ്പതാണീ ലോകം?

പരനിന്ദ വീശുന്ന
വാളിനാൽ ച്ഛളിപ്പോകാ
പരകോടിയിൽച്ചെന്ന
പാവനദിവ്യസ്നേഹം.

ധീരമാ മുഖം തന്നെ
നോക്കിനിന്നു ഞാൻ; ഗുണോ-
ദാരനാമവിടത്തെ-
യ്ക്കെന്തു തോന്നിയോ ഹൃത്തിൽ?

ഭാവപാരവശ്യത്തെ
മറയ്ക്കാൻ ചിരിപ്പതി-
നാവതും ശ്രമിച്ചാലും
ചിരിയായ്ത്തീർന്നീലല്ലോ.

മഞ്ഞുതുള്ളിയാണെന്നു
ഭാവിച്ചേനാനന്ദാശ്രു
മാഞ്ഞുപോം കവിൾത്തുട-
പ്പിളവെയ്‌ലിലെന്നോർത്തേൻ.

വേപമുണ്ടായംഗത്തിൽ
ക്കുളിർകാററിനാൽ ലജ്ജാ
ചാപലത്താലല്ലെന്നു
നടിച്ചേനധീര ഞാൻ.

ക്ഷുദ്രമാമിപ്പുഷ്പത്തിൻ
പ്രേമത്തെഗ്ഗണിച്ചാലോ
ഭദ്രനാ ദേവൻ നിന്ദ-
നീയമായഗണ്യമായ്!

മാമകപ്രേമം നിത്യ-
മൂകമായിരിക്കട്ടെ
കോമളനവിടുന്ന-
തൂഹിച്ചോളൂഹിക്കട്ടെ.

സ്നേഹത്തിൽ നിന്നില്ലല്ലോ
മറെറാന്നും ലഭിച്ചീടാൻ

സ്നേഹത്തിൻ ഫലം സ്നേഹം,
ജ്ഞാനത്തിൽ ഫലം ജ്ഞാനം.

സ്നേഹമേ പരം സൗഖ്യം
സ്നേഹഭംഗമേ ദുഃഖം
സ്നേഹം മേ ദിക്കാലാതി-
വത്തിയായ് ജ്വലിച്ചാവൂ.

ദേഹമിന്നതിൻ ചൂടിൽ
ദ്ദഹിച്ചാൽ ദഹിക്കട്ടെ
മോഹനപ്രകാശമെ-
ന്നാത്മാവു ചുംബിച്ചല്ലോ.

മാമകമനോഗത-
മവിടന്നറിഞ്ഞെന്നോ
പോമലവദ്ദേഹത്തിൻ-
മുഖവും വിവർണ്ണമായ്.

വളരെപ്പണിപ്പെട്ടാ-
ണെൻെറ മേൽ നിന്നും ദേവൻ
തളരും സുരക്തമാം
കൈയ്യെടുത്തതു നൂനം.

അക്ഷരം പുറപ്പെട്ടി-
ല്ലന്യോന്യം നോക്കീ ഞങ്ങൾ
തൽക്ഷണം കറമ്പിരാ-
വെന്തിനങ്ങോട്ടേയ്ക്കെത്തി?

നന്ദി കാണിപ്പാനെൻെറ
ശിരസ്സു കുനിഞ്ഞതു
മന്ദിതോത്സാഹൻ പോകെ-
ക്കണ്ടിരിക്കില്ലാ ദേവൻ!

നിദ്രയില്ലാഞ്ഞാരക്ത-
നേത്രനായ് പുലച്ചപ്പൂ
ഹൃദ്രമനെത്തും നാളെ
നോക്കമീ മുററത്തെന്നെ.

വിളറും മുഖം വേഗം
തെക്കൻ കാററടിച്ചടർ-
ന്നിളമേൽക്കിടക്കുമെൻ-
മ്ലാനമാമംഗം കാൺകെ

ക്ഷണമാ നില്പിൽത്തന്നെ
നിന്നുപോയേക്കാം, പിന്നെ
പ്രണയാകുലൻ നാഥ–
നിങ്ങനെ വിഷാദിക്കാം:

'ആ വിശുദ്ധമാം മുഗ്ദ്ധ-
പുഷ്പത്തെക്കണ്ടില്ലെങ്കിൽ!
ആ വിധം പരസ്പരം
സ്നേഹിക്കാതിരുന്നെങ്കിൽ!'

ജി. ശങ്കരക്കുറുപ്പ്

## 159. നിമിഷം

1

ജീവിതപ്പൂവിലെത്തേൻ നുകർന്നങ്ങനെ
താവിന കൗതുകാൽ പാറിപ്പാറി

നീരവം നീങ്ങുന്ന കൊച്ചു നിമിഷമേ!
ചോരനാം നിൻെറ ചിറകുകളെ

കോൾമയിർ കോലും തൻ കൈകളിലാക്കാനെൻ
കോമളഭാവന മോഹിക്കുന്നു.

ചുംബിച്ചു ചുംബിച്ചെൻ നെഞ്ചിലടയ്ക്കുവാൻ
വെമ്പുമീ മുഗ്ദ്ധയെ വഞ്ചിക്കൊല്ലേ!

കാലിണ കെട്ടട്ടേ നേരിയ വാക്കിൻെറ
നൂലിനാലോമനേ! നോവിക്കാതെ.

2

കൊഞ്ചുമീ മുഗ്ദ്ധിക സൂക്ഷിച്ചുനോക്കട്ടേ
പിഞ്ചുചിറകിന്മേലക്ഷമയായ്.

എണ്ണിയാൽത്തീരാത്ത വർണ്ണവിശേഷങ്ങൾ
കണ്ണീരാലാർദ്രമാമിച്ചിറകിൽ

മാനവമാനസച്ഛായങ്ങളാകിന
നാനാ വികാരങ്ങൾ ചേർത്തതല്ലീ?

മായികമാകുമാബ്ഭാവങ്ങൾ കാർവില്ലിൻ
മാധുര്യം പൂശുമിത്തൂമ്പിൽ കാൺമൂ.

ആശയാൽ ചഞ്ചലമായിടുമാത്മാവിൻ
പേശലമാകിയ വെമ്പലെല്ലാം.

3

മുമ്പിൽനിന്നെത്തുന്നൂ പിന്നിൽ മറയുന്നൂ
മിന്നലും ഞെട്ടുന്ന വേഗമോടെ

എങ്ങുനിന്നെങ്ങുനിന്നേകാന്ത വൈചിത്ര്യം
തങ്ങുമിക്കൊച്ചു നിമിഷമെല്ലാം?

എങ്ങുപോയെങ്ങുപോയ് മായുന്നു ഭാവന-
യിങ്ങു പകച്ചുമിഴിച്ചു നില്ക്കേ?

നേമ്മയിൽത്തൻ വിരൽത്തുമ്പിന്മേലൊട്ടിയോ-
രോമ്മതൻ സ്നിശ്ധമാം രേണുക്കളെ

പുഞ്ചിരി തൂകിയും കണ്ണുനീർ വാർത്തുമീ-
വഞ്ചിത നോക്കുന്നു മാറി മാറി.

4

എത്രമേൽ ക്ഷുദ്രമല്ലോരോ നിമിഷമ-
പ്പത്രമടിച്ചതു പാറീലെങ്കിൽ

എണ്ണിയാലെത്താത്ത ജീവിതസ്പന്ദങ്ങൾ
മണ്ണിലും വിണ്ണിലുമുണ്ടാകുമോ?

കുട്ടിയെക്കാണാനഴറുന്നോരമ്മതൻ
മട്ടിലുഴലുന്ന കമ്മമെല്ലാം

തന്നുടെ തന്നുടെയായ ഫലങ്ങളെ-
ച്ചെന്നു കണ്ടൊന്നു പുണർന്നീടുമോ?

പിഞ്ചു ചിറകിൻെറ കാററിനാൽ പാപിതൻ
നെഞ്ചിൽ ജ്വലിക്കട്ടെ ഭീതിനാളം.

5

എത്രമേൽ ക്ഷുദ്രമല്ലോരോ നിമിഷമ-
പ്പത്രമടിച്ചതു പാറിടുമ്പോൾ

അണ്ഡകടാഹവും മുൻപോട്ടു മുൻപോട്ടു-
ച്ചണ്ഡമാം വേഗത്താൽ നീങ്ങീടുന്നു!

ഓരോ ചിറകടി ജന്തുചിത്തങ്ങളി-
ലോരോ വിധത്തിൽ പ്രതിധ്വനിക്കെ

കർമ്മസംസ്കാരത്തിൻ മാർഗ്ഗത്തിലൂടവേ
ജന്മമൃതികൾ ചവിട്ടിക്കേറി

ചെന്നിട്ടും ജീവിതഘോഷയാത്രയ്ക്കുതു
തന്നെയാണാനകധ്വാനകേളി.

6

പിന്നാലെ പിന്നാലെ തൊട്ടുതൊട്ടങ്ങനെ
വന്നിടും മുഗ്ദ്ധചലനങ്ങളേ!

നിങ്ങൾ പരത്തും ചിറകിൻ നിഴലല്ലീ
ഞങ്ങൾ തന്നദ്ഭുതമായ വാനം?

നിത്യമായ് നിശ്ചലമായതു കാണുന്നു
സത്യമായ്ത്തോന്നുന്ന മിത്ഥ്യ മാത്രം.

കുഞ്ഞിച്ചിറകടിക്കാററിനാൽ ഗോളങ്ങൾ
മഞ്ഞിൻ കണിക പോൽക്കമ്പിക്കുന്നു.

മാനവശക്തിതൻ ഗർവ്വത്തിൻ സാമ്രാജ്യം
മാറാല പോലെ വിറച്ചീടുന്നു.

7

ജീവിതത്തിൻ പഴംപൂക്കൾ കൊഴിഞ്ഞാലെ-
ന്തീവിധമുള്ള ചിറകടിയാൽ?

നൂററുനൂറായിരമല്ല പരിണാമ-
നൂതനഭംഗികൾ മൊട്ടിടുന്നു.

അംബരമദ്ധ്യം തിളക്കുന്നോരാദിത്യ-
ബിംബവും കെട്ടുപോമെങ്കിലാട്ടെ;

അക്കരിയൂതിപ്പിടിപ്പിച്ചു മറെറാരു
തീക്കട്ടയുണ്ടാക്കും സർഗ്ഗശക്തി.

ചൂടും വെളിച്ചവും പിന്നെയും പിന്നെയും
നേടി വിടർന്നിടും ജീവിതങ്ങൾ.

8

കൊച്ചു നിമിഷമേ! യാത്ര ചോദിച്ചുകൊ-
ണ്ടിച്ചിന്ത നിർത്തുന്നു, പോവുക നീ.

ഞാനടക്കീടുമെൻ കണ്ണുനീർത്തുള്ളി വീ-
ണീ നൽച്ചിറകു കുഴയും മുമ്പേ.

തൻ ചിരപ്രാർത്ഥിത സൗന്ദര്യമൂർത്തിക്കു
സഞ്ചിതകൗതുകമിസ്സന്ദേശം

പൂഞ്ചിറകിന്മേൽക്കേറിക്കുവാനൽകണ്ണ
തഞ്ചുമെൻ ഭാവന വെമ്പൽ കൊൾവൂ.

ആദർശം തന്നുള്ളിൽ സങ്കല്പച്ഛായ ക–
ണ്ടാദരിച്ചെത്ര നാൾ പോക്കണം ഞാൻ?

ജി. ശങ്കരക്കുറുപ്പ്

## 160. അയൽവക്കം

ചുററുമിഗ്ഗൃഹത്തിന്നു കൂററൻ കന്മതിൽ കെട്ടി–
ച്ചെററുമന്യരുമായിട്ടിടപാടില്ലാതാക്കാൻ

ഒട്ടുമേ വെളിച്ചവും കാററുമേല്ക്കാതേ തഴ–
തിട്ടു ജാലകങ്ങളും വാതിലും ബന്ധിക്കുവാൻ

അത്രമേലവദ്യമോ ബാഹ്യമാനവലോകം
മിത്രബാന്ധവഭാവത്തിന്നതെന്തനർഹമോ?

വീശട്ടെ ചതുരന്തമാരുതനെൻ തോട്ടത്തിൽ
വൈശദ്യമെൻ മുററത്തിനേകട്ടെ ദിവാകരൻ

ദീപ്തമാകട്ടെ താരാപഥത്തിൽനിന്നെമ്പാടും
വ്യാപ്തമാം പ്രകാശത്താലെൻെറ വീടെല്ലാടവും.

കൈവിളക്കിലെച്ചെറു നാളത്തിന്നെളുതല്ല
ജീവിതസന്ധാരണോചിതമാമൊളി തൂകാൻ.

പനിനീർ പ്പൂവിന്മണമേററുകൊണ്ടയൽ വീട്ടിൻ
വനികയ്ക്കുകം പെരുമാറിട്ടം ചെറു തെന്നൽ

അനിയന്ത്രിതമിങ്ങും വന്നു മാലതീപ്രതാ–
നിനിയെപ്പുണരട്ടെ സമഭാവനയോടെ.

നിതരാം നിർല്ലേപനാമജ്ജഗൽപ്രാണൻ തൊട്ടാൽ
ക്ഷതമേല്ക്കുകയില്ല സൗമനസ്യത്തിന്നൊട്ടും.

നൈമിശാരണ്യത്തിലെപ്പൂർവ താപസർ കണ്ട
ഭൂമിയിലല്ലല്ലോ നാം നാൾ കഴിക്കുവതിപ്പോൾ.

അന്നത്തെ ലോകം ജംബുദ്വീപ ഭാരതവർഷം
ഇന്നതിൻ പരിധി സപ്താർണ്ണവ തീരത്തോളം.

ഭൂവലയത്തിൻ വ്യാസമത്രമേൽ വർദ്ധിക്കിലും
കേവലമയൽവക്കക്കാർ നമുക്കെല്ലാവരും.

വി. ഉണ്ണിക്കൃഷ്ണൻ നായർ

## 161. മോഹനഗാനം

പൂവണിമാസവും ശുക്ലപക്ഷേന്ദുവും
ലാവണ്യമേററിയ കാലം

അന്നാണു ചെന്നതക്കന്യാമഠത്തിലേ–
യ്ക്കൊന്നാമതാ വേണുനാദം

നിസ്സ്വരിൽ നിസ്സ്വനമാനന്ദമേററുമ–
സ്സ്വസ്വരാകാരമാം മോദം

കൽക്കണ്ടമാധുരി താനേ വഴിഞ്ഞിട്ടു–
മുൽകണ്ഠതൻ സാമവേദം

ഭൃഗത കിന്നര കണ്ഠവിനിർഗ്ഗള–
ദ്രാഗവിവശിതോന്മാദം

നാകീയ സുന്ദരഭാഷയിലാരെയോ
സ്വാഗതം ചെയ്യുന്ന ഗീതം.

'താരകേ വന്നാലും ചാരുമരാളികേ!
താമസമെന്തിതെൻ ബാലേ?'

ഈയൊരു പല്ലവി പിന്നെയും പിന്നെയും
വായുവിൽ കല്ലോലമേററി

നിത്യവും മദ്ധ്യാഹ്ന വിശ്രമവേളയിൽ
നിർഗ്ഗളിച്ചീടുമി പ്രേമം.

ഗീതികാമാതിൻെറ കാൽച്ചിലമ്പൊച്ച പോൽ
പാതിരാപ്പാടിയുമാകും.

കണ്ഠാഭിരാമമിഗ്ഗാനം മുഴങ്ങവേ
കന്യകാമന്ദിരം മൂകം.

താത്പര്യമോടതു കേൾപ്പാൻ കുമാരിമാർ
വീർപ്പുമടക്കി നില്പാകും.

കോലക്കുഴൽവിളി കേട്ടവർക്കൊക്കെയും
കോരിത്തരിച്ചുപോയ് മേനി.

ചിന്തുമഗ്ഗീതത്തിൻ മാദകസൗരഭ–
മന്തരാത്മാവിലും തിങ്ങി.

മജ്ജാസ്ഥി രക്തത്തിലൊക്കെയുമന്നൊരു
ജിജ്ഞാസ വർദ്ധിച്ചു പൊങ്ങി.

'ആ മുഗ്ദ്ധഗാനത്താലാഹ്വാനം ചെയ്യുമി
ക്കാമുകൻ കോമളനാരോ?

വേപമാനാക്ഷരോദാരസംഗീതനീ
വേണുഗോപാലകനാരോ?'

കന്യകാവൃന്ദത്തിനാളിപ്പരന്നൊരു
മിന്നലകത്തു പുളഞ്ഞു.

വിണ്ണിൻ മനോഹര നീലിമ കോലുമ—
ക്കണ്ണുകളൊന്നു തെളിഞ്ഞു്.

രാവും പകലുമനന്യസാമാന്യമാം
രാഗം തിളച്ചു പതഞ്ഞു്.

ആ വരഗായകദർശനവാഞ്ഛയാൽ
ഭാവങ്ങളെല്ലാം പകർന്നു.

ചിത്തവും നേത്രവും ചൊൽക്കീഴിലാകാത്ത
പുത്രരെന്നോണമായ്ത്തീർന്നു.

ചായലാൾക്കൊക്കെയും ഗായകാരാധ്യയാം
നായിക, താനെന്നു തോന്നി.

കോട്ടതന്നുള്ളിൽനിന്നോരോ കുമാരിയും
നീട്ടുന്നു കൺമുന ചാലേ.

തോട്ടത്തിൽ വന്നിണ പാടുന്ന നേരത്തു
കൂട്ടിലെപ്പൈങ്കിളി പോലെ.

മന്ദിരാധ്യക്ഷതൻ സൂക്ഷ്മ നിഷ്കർഷമീ
മന്മഥ ജാലത്തോടേററു.

അക്ഷയ്യ രോഷമാർന്നൊന്നിനൊന്നുഗ്രമായ്
ശിക്ഷിച്ചു ശിക്ഷിച്ചു തോററു.

'മാലിക'യ്ക്കാകാംക്ഷ മററാരും കാണാതെ
മാളികത്തട്ടിലൊന്നേറാൻ?

തോയജ നേത്രയാം 'മായിക'യ്ക്കുത്കണ്ഠ
തോഴിമാരെ വിട്ടുമാറാൻ.

'ലീല'യ്ക്കും 'ബാല'യ്ക്കും പൊന്തുന്നു കൗതുകം
ജാലകോപാന്തത്തിലെത്താൻ.

'തങ്ക'ത്തിനാഗ്രഹം തങ്ങളിൽ കൈകോർത്ത—
സ്സങ്കല്പസ്വർഗ്ഗത്തു ലാത്താൻ.

ആരബ്ധതാരുണ്യമാർതൻ നിശാതമാം
ക്രൂരമ്പു ലക്ഷ്യത്തിൽക്കൊണ്ടു.

സങ്കല്പകാമനെ—കല്യാണധാമനെ—
സ്സംഗീതരാമനെ—ക്കണ്ടു.

അങ്ങെങ്ങോ ദൂരെനിന്നായിടയ്ക്കെത്തിയോ—
രന്ധനാം യാചകവൃദ്ധൻ,

തൻകുഴൽപ്പാട്ടിന്നു മാധുര്യമുണ്ടെന്ന
ശങ്കയേ തോന്നാത്ത ശുദ്ധൻ.

കെട്ടുപോകാറായൊരാളില്ലാവീട്ടിൻെറ
തട്ടിൻപുറത്തങ്ങു താനേ

ഊതുന്നു നേരം കടന്നുപോകായ്കയാൽ—
ഊഹിച്ചു കൊള്ളുവിൻ ശേഷം.

വെണ്ണിക്കുളം ഗോപാലക്കുറുപ്പു്

## 162. പൂക്കണി

'വേണമോ പനിനീർപ്പൂ വേണമോ പനിനീർപ്പൂ
കാണുവിൻ, കണ്ടാലാരും കാമിക്കും പനിനീർപ്പൂ.'

അന്നെന്നെയുണർത്തിയ സൂക്തമാണിതു, പോരാ,
വന്നു മത്കർണ്ണങ്ങളിൽ തിങ്ങിയ കളഗാനം.

ഹേമന്തജാഡ്യംകൊണ്ടു സർവ്വാംഗം വിറച്ചു ഞാ—
നാമന്ദമെഴുന്നേററു നോക്കിനേൻ പുരോഭാഗേ.

മന്ദിരാങ്കണത്തിൻെറ മധ്യത്തായുദയാർക്ക—
സുന്ദരച്ഛവിയേററു ശോഭിക്കും മുഖവുമായ്

ചേലാളുമൊരു കന്യ നില്ക്കുന്നു, നിറം പെട്ടും
പാലാഴിമണൽത്തിട്ടിൽ പത്മയെന്നതു പോലെ.

പല്ലവാശ്ലേഷത്താലും മോദിക്കാതിളംകാററു
മെല്ലവേ തലോടുന്നു ബാലികാമൃദുലാംഗം.

ഓമലിൻ കരയുഗാലംബനമാർന്നും മാറിൽ
പ്രേമമോടല്പം ചാഞ്ഞു ചന്തമായൊതുങ്ങിയും

ഉള്ളിലായ് പനീർപ്പൂക്കൾ തിങ്ങിയും വിളങ്ങുന്നു
പുള്ളിമാന്മിഴി കോട്ടിക്കത്തിയ രംഭാപത്രം.

അക്കുട്ടിൽനിന്നും പൊന്തീ, പൂക്കൾതൻ പുതു കാന്തി
പുല്ലാട്ടിൽ ജ്വലിക്കുന്ന വഹ്നിതൻ നാളം പോലെ.

'വേണമോ പനിനീർപ്പൂ, വേണമോ പനിനീർപ്പൂ?'—
വീണതൻ നാദം പോലെ വീണ്ടുമച്ചോദ്യം പൊന്തീ.

## II

ഇല്ലയോ മരം കോച്ചും മഞ്ഞത്തും തണുപ്പിവൾ-
ക്കല്ലെങ്കിലകിഞ്ചനക്കെപ്പൊഴും താപം തന്നെ.

ആരു നീ പുലച്ച്യച്ചില്ലിപ്പൂക്കളും ചുമന്നെന്തേ
പോരുവാൻ തനിച്ചെന്നു മന്ദമായ് ചോദ്യം ചെയ്തേൻ.

ആരെയോ രസിപ്പിപ്പാൻ സൂക്ഷ്മമാം സൂത്രത്തിന്മേൽ
ദാരിദ്ര്യം പറപ്പിച്ച പട്ടമാണയ്യോ! പാവം.

ലോലനൂപുരയുഗ്മനിക്വാണവിശേഷമാം
താളമൊത്തേറെക്കാലം നൃത്തമാടിയ ശേഷം

കാമ്യയാം കമലയാൽ ത്യക്തമാമവിദൂര-
ഗ്രാമ്യമന്ദിരമൊന്നതത്തെയ്യലിൻ രക്ഷാകേന്ദ്രം.

കർമ്മദോഷത്താൽ ശ്ലഥതന്തുവായ്ച്ചമഞ്ഞുള്ളൊ-
രമ്മയുണ്ടനാരോഗ്യവാഹസഗ്രാസം പോലെ.

തേഞ്ചോരും മൊഴി തൂകിയിക്കിളിയിര തേണ്ടി-
പ്പൂഞ്ചിറകടിച്ചടിച്ചിത്രയും പറന്നല്ലോ.

തണ്ടലർമുകുളം പോലായൊരാ വലം കൈയ്യാൽ
രണ്ടു നല്ലുസുമങ്ങൾ നീട്ടിനാളെൻ നേക്കവൾ.

ആ ലസൽപ്പൂക്കളാവാം സൗന്ദര്യലക്ഷ്മിയ്ക്കുന്നു
കാലശില്പീന്ദ്രൻ തീർത്ത കണ്ഠഭൂഷണദ്വന്ദ്വം.

കല്യപ്പൊൻകണി കൈയ്യാൽ വാങ്ങി ഞാനതിന്നൊത്ത
മൂല്യമെന്നഭിമാനിച്ചേകീനേനൊരു നാണ്യം.

എങ്കിലെന്തത്യാനന്ദ ഭക്തിവിസ്മയങ്ങൾ തൻ
സങ്കരജ്യോതിസ്സൊന്നെൻ നേക്കു വന്നലച്ചല്ലോ.

തീർന്നിടാമെറുമ്പിന്നു ദന്തീന്ദ്രകരത്തിൽ നി-
ന്നൂർന്നീടുമൊരു വററുമൊട്ടുനാളാഹാരമായ്.

ലുപ്തമംഗളയാമബ്ബാലികയതിമാത്രം
തൃപ്തയായ്പ്പടിവാതിൽ പിന്നിടാൻ തുടങ്ങുമ്പോൾ

നേരുവാൻ തോന്നിപ്പോയീ വിശ്വനായകനോട്ട
താരുണ്യം കുമാരിയെ സ്പർശിക്കാതിരിക്കുവാൻ.

ചാരിത്രപുഷ്പം കൂടി വില്ക്കുവാൻ പ്രേരിപ്പിക്കും
ദാരിദ്ര്യം തല പൊക്കി നില്ക്കുകയല്ലീ ചെയ്‌വൂ?

'വേണമോ പനിനീർപ്പൂ, വേണമോ പനിനീർപ്പൂ'–
വീണ തൻ നാദം പോലെ വീണ്ടുമച്ചോദ്യം പൊന്തി.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

## 163. കാട്ടാറിൻെറ കരച്ചിൽ

കുലഗിരിയൊന്നിൻ കഴൽ ചുംബിക്കുന്ന
നലമെഴുമൊരു നളിനി തന്നുള്ളിൽ

ഒളിച്ചിരുന്നു ഞാനൊരായിരം കൊല്ലം
വെളിച്ചമെന്നുള്ളതറിഞ്ഞിടാതഹോ!

നവവർഷാശ്ലേഷപുളകിതയാമാ
നളിനിതന്നുള്ളം തുളുമ്പിയ നാളിൽ

കുതിച്ചു ഞാനുഴിപ്പരപ്പിലേയ്ക്കെന്നാൽ
പതിച്ചിതു കഷ്ടം! ശിലാതലം തന്നിൽ.

എടുത്തവിടെനിന്നിവളെയാ വന–
പ്പടർപ്പൊരമ്മ പോൽ പുണർന്നു ലാളിച്ചാൾ.

പരിചിൽ ശാന്തത പരിലസിക്കുമെൻ
പരിസരമെല്ലാം പരമസുന്ദരം.

കളിയാടീടുവാൻ കുളിരിളം തെന്നൽ,
പുളകം പൂശുവാൻ പുതു കുസുമങ്ങൾ,

കുണുങ്ങിയോടുവാൻ തൃണതലപ്പര–
പ്പിണങ്ങിയെന്നിലന്നഖില ഭാഗ്യവും.

പഠിക്കുവാനായിപ്പല പത്രങ്ങളും
വിടുർത്തി നിന്നിതാ വിപിനലക്ഷ്മിയാൾ.

മദീയ ഭാഗ്യത്തിൽ മനം മയങ്ങി ഞാൻ
മദാലസയായിച്ചരിച്ചിതക്കാലം.

തടത്തിൽ നില്ക്കുന്ന ചെടിനിരയെന്നി–
ലിടയ്ക്കു സുസ്മിതം പൊഴിച്ചു പൂക്കളാൽ.

തുളമ്പിയാനന്ദമകക്കരുന്നിൽ ഞാൻ
പളങ്കുമാല്യങ്ങളവയിലർപ്പിച്ചു.

കിളിനിരകൾ തൻ കളകളസ്വനം
കുളിരിയററിയെന്നകതളിരിങ്കൽ.

പകരം ഞാൻ വീണാക്വണിതം മേല്ക്കുമേൽ
പകർന്നിതന്നാളപ്പതംഗപാളിയിൽ.

തടില്ലത പോലെ തരളമേനിയിൽ
തടം തല്ലിത്തകത്തൊലിച്ച നാളുകൾ—

മദീയജീവിത പ്രഭാതവേളകൾ—
മറഞ്ഞു പോയിനി വരില്ലൊരിക്കലും.

*    *    *    *

പുറത്തു നോക്കി ഞാൻ പുതിയ നീഹാര—
പ്പുതപ്പു നീക്കിയന്നൊരു പുലരിയിൽ.

വരണ്ട പാരിടം ഇരുണ്ട വിണ്ടലം
വരേണ്ടതെന്തതിൽപ്പരം ദുരിതങ്ങൾ?

ചുരുക്കിയോതിടാമവിടുന്നെൻ ഗതി
തിരിച്ചു വിട്ടിതാ നിയതി തൻ കരം.

പ്രഭാവധോരണിക്കഭാവമററതാം
പ്രദേശമിപ്പൊളെൻ പ്രവാഹപദ്ധതി.

കരുണ തൻ ദിവ്യ കണികകളെന്നിൽ
നിരന്തരം വന്നു പതിക്കുന്നുണ്ടിപ്പോൾ.

ഒരല്ലലില്ലെനിക്കിവിടെയെങ്കിലും
വരുന്നതില്ല മേ സമാധാനം തെല്ലും.

ചെറുക്കുന്നെൻ ഗതി ചിറയാലേ ചിലർ
മറുത്തു പോകുവാനശക്തയാണു ഞാൻ.

മലയ്ക്കുമാഴിക്കുമിടയിൽപ്പെട്ടിപ്പോൾ
മലയ്ക്കുയാണെന്നാൽ മലിനയല്ലേതും.

തിരിച്ചു ദിക്കിലേക്കിനിയൊരിക്കലും
തിരിച്ചുപോകുവാനൊരുങ്ങുകില്ല ഞാൻ.

*    *    *    *

എനിക്കുമുണ്ടേതോ ചിലതെല്ലാമൂഴി—
പ്പരപ്പിനോടൊന്നു പറഞ്ഞു പോകുവാൻ.

വരുന്ന വഷത്തിൻ സമാഗമത്തിലെൻ
ചിറ തകരുകിൽ കൃതാർത്ഥയായി ഞാൻ.

ഇടപ്പള്ളി രാഘവൻപിള്ള.

## 164. മണിനാദം

മണിമുഴക്കം, മരണദിനത്തിൻെറ
മണിമുഴക്കം മധുരം—വരുന്നു ഞാൻ.

ചിറകുകൾ തോറുമെൻ പട്ടടത്തീപ്പൊരി
ചിതറിട്ടന്നോരരങ്ങത്തു നിന്നിനി

വിട തരൂ, മതി, പോകട്ടെ ഞാനുമെൻ
നടനവിദ്യയും മൂകസംഗീതവും.

വിവിധരീതിയിലൊററ നിമിഷത്തിൽ
വിഷമമാണെനിക്കാടുവാൻ, പാടുവാൻ.

നവരസങ്ങൾ സ്ഫുരിക്കണമൊക്കയു—
മവരവർക്കിഷ്ടമായിട്ടിരിക്കണം.

അരുതരുതെനിക്കീ രീതി തെല്ലുമി—
ച്ചരിതമെന്നുമപൂർണ്ണമാണെങ്കിലും

അണിയലൊക്കെക്കഴിഞ്ഞു, ഞാൻ പിന്നെയു—
മണിയറയിലിരുന്നു നിഗൂഢമായ്

പല ദിനവും നവനവരീതികൾ
പരിചയിച്ചു, ഫലിച്ചില്ലൊരല്പവും.

തവിടു പോലെ തകരുമെൻ മാനസ—
മവിടെയെത്തിച്ചിരിച്ചു കുഴയണം.

ചിരി ചൊരിയുവാനായിയെൻ ദേശികൻ
ശിരസി താഡനമേററീ പലപ്പൊഴും.

ഹഹഹ! വിസ്മയം വിസ്മയം ലോകമേ!
അതിവിചിത്രമീ നൃത്തശിക്ഷാക്രമം.

കളരി മാറി ഞാൻ കച്ച കെട്ടാമിനി—
ക്കളിയരങ്ങൊന്നു മാറിനോക്കാമിനി.

പ്രണയനാടകമെന്നുമിതു വിധം
നിണമണിച്ചിലിലെത്താതിരുന്നിടാ.

മണിമുഴക്കം, മരണദിനത്തിൻെറ
മണിമുഴക്കം മധുരം—വരുന്നു ഞാൻ.

ഇടപ്പള്ളി രാഘവൻപിള്ള

## 165. കളങ്കമററ കൈയ്യ്

തൊട്ടിലാട്ടും ജനനിയെപ്പെട്ടെന്നു
തട്ടിനീക്കി രണ്ടോമനക്കൈയ്യുകൾ
കേട്ട പിന്നിൽ നിന്നിക്കളഗീതി ഞാൻ
'കാട്ടുകെന്നുടെ കൊച്ചനിയത്തിയെ.'

മണ്ണു വാരി മതിയാംവരെക്കളി—
ച്ചുണ്ണിയപ്പോൾ തിരിച്ചെത്തിയേയുള്ളു
അന്തിവിൺനിറം പൂണ്ട വദനത്തി—
ലങ്കുരിച്ച വിശദസ്മിതത്തൊടും

വൻ തമസ്സിൻ മുളകൾപോലങ്ങിങ്ങു
ചിന്തിവീണ ചുരുൾമുടിച്ചാർത്തൊടും
ആ മിടുക്കൻ കടന്നാനകത്തൊരു
സോമ രശ്മിപോലുൾക്കുളിരേകുവാൻ.

അമ്മ മന്ദമായാട്ടുന്ന തൊട്ടിലിൽ—
ത്തന്മകളുണ്ടുറങ്ങിക്കിടക്കുന്നു.
കാററുലയ്ക്കും സരസ്സിൻെറയോളത്തിൽ—
ക്കാണുമാമ്പലമൊട്ടെന്ന പോലവേ.

എത്തിനോക്കുന്നു വാതായനം വഴി—
ക്കെട്ടുപത്തു നക്ഷത്രക്കുരുന്നുകൾ.
ചെററു ചെററിളകീട്ടുമത്തൊട്ടിലിൽ
ചുററഴികളിലൂടെയകം പൂകി

മേൽക്കുമേൽ വിതറീടുന്നു ചെമ്പക—
പ്പൂക്കളെ സ്വയമന്തിവിളക്കൊളി.
ഏതു തേജസാ പൂജിതമല്ല നിൻ
നൂതനോദയ സൗഭഗം ബാല്യമേ?

പാഞ്ഞണഞ്ഞിരു കൈകളാൽച്ചങ്ങല—
യാഞ്ഞമർത്തിപ്പിടിച്ചു ധൃതൗത്സുക്യം
ഉററു നോക്കിനാൻ തൊട്ടിലിന്നുള്ളിലേ
യ്ക്കൊട്ടു നേരമനങ്ങാതെ ബാലകൻ.

സ്വച്ഛനീലമാം വാനത്തു സന്ധ്യത–
ന്നുജ്ജ്വലദ്വർണ്ണഭേദങ്ങൾ പോലവേ
വിസ്ഫുരിക്കയായപ്പൊഴക്കൺകളി–
ലദ്ഭുതാഹ്ലാദ വാത്സല്യഭാവങ്ങൾ.

'പോരുമിക്കളി കുട്ടിയുണർന്നേക്കും
മാറി നില്ക്കുകെ'ന്നമ്മ തടഞ്ഞാലും
കൺമണിയുടെ നെററിമേൽ സോദരൻ
ചുംബനങ്ങൾ പൊഴിച്ചാൻ തെരുതെരെ.

അക്കുമാരിയുണർന്നു തുറന്നു തൻ
നിഷ്കപട വിശാല നയനങ്ങൾ.
കോമളത്തുടും ചുണ്ടൊന്നു വക്രിപ്പി–
ച്ചോമലാളതാ പുഞ്ചിരിക്കൊള്ളുന്നു.

'എന്നെ നോക്കിച്ചിരിക്കുകയാണെന്നു'
ധന്യനഗ്രജൻ നൃത്തം ചവിട്ടുന്നു.
പൊൽപ്പനിനീർ ദ്ദളങ്ങളിൽ സാഹ്ലാദം
നിഷ്പതിക്കും ശലഭം കണക്കിനേ

നന്ദനൻെറ വലംകൈയ് വിളയാടി
നന്ദിനിയുടെ പൂവലംഗങ്ങളിൽ.
അഞ്ചിതാംഗുലി കൊണ്ടുപിടിക്കയാൽ–
പ്പിഞ്ചുകൈയ്യതിൽ പ്പൊൻവള ചാർത്തിച്ചും,

തൻതലോടലാലാ മുളച്ചുവരും
കുന്തളങ്ങളിൽക്കൈതപ്പൂ ചൂടിച്ചും
നെഞ്ചിടത്തിൽ പ്പതക്കമണിയിച്ചും
നെററിമേൽപ്പുതു ഗോരോചനം തേച്ചും

കൈയ്നഖ കാന്തികൊണ്ടു തളിരിളം
കാലിൽ വെള്ളിച്ചിലങ്കയിടുവിച്ചും
പൈതലിൻ മെയ്യലംകൃതമാക്കി ത–
ത്സോദരൻെറ വിരുതു തികഞ്ഞ കൈയ്.

ഉണ്ണിതൻെറയിക്കേളികൾ കാൺകയാൽ
കണ്ണിലാനന്ദ ബാഷ്പം പൊടിഞ്ഞാലും
അമ്മ ശാസിച്ചാൾ 'നിൻ ചളിക്കൈയ്യുകൊ–
ണ്ടമ്മുവിൻ പൊന്നുമേനി തൊടായ്ക നീ.'

വാക്കുകളാൽക്കരിംപുതപ്പേന്തുന്നു
വാസ്തവമനോഭാവം പലപ്പൊഴും.
ഒന്നു വാടി മുഖാംബുജം ബാലന്നു
പിന്നെയല്ലും തുടർത്തു കവിൾത്തടം.

ചഞ്ചലമായി ചിത്തം വിറക്കൊണ്ടു
ചെഞ്ചൊടികളഭിമാനഭംഗത്താൽ
അമ്മതന്നുള്ളുരുക്കുമാറേന്തിയ–
ക്കൺമുനകളിൽ തപ്താശ്രുബിന്ദുക്കൾ.

മാലിയററീ മകന്നെന്നനുതാപ–
ലോലമായ്ത്തീർന്ന മാതൃഹൃദയത്തിൽ
മെല്ലെ മന്ത്രിച്ചിതേതോ മൃദുസ്വരം
ചെല്ലകാശ്വസിപ്പിയ്ക്കു തനയനെ.

പോയ്ത്തലോടട്ടെ തന്നനുജത്തിയെ
പ്പേർത്തുമൻപുററ കൊച്ചു കൈയ്ക്കൊണ്ടവൻ.
അത്തനിത്തങ്കമെ തൊടാൻ മറേറതു–
ണ്ടിത്രമാത്രം കളങ്കമററുള്ള കൈയ്.

ബാലാമണിയമ്മ—അമ്മ

## 166. ഊഞ്ഞാലിന്മേൽ

ആട്ടകെന്നൂഞ്ഞാലേ! മുന്നോട്ടു പിന്നോട്ടു–
മാവർത്തിച്ചാലും നിൻമുഗ്ദ്ധലാസ്യം.

ശൂന്യതയെച്ചിത്രരേഖാങ്കിതമാക്കും
വന്യവടത്തിൻ വിരലിൽത്തൂങ്ങി

പ്രാകൃതാഹ്ലാദത്തിൻ പച്ചത്തിടമ്പാകും
നീ കളിയാടുന്നു പേർത്തും പേർത്തും.

അമ്മനുഷ്യാത്മാവു കൗതുകാലോരോരോ
കർമ്മകാണ്ഡങ്ങളിലെന്നപോലെ

നർത്തനം ചെയ്വൂ നീ മേലോട്ടു പോംതോറും
നേർത്തുവരും വിണ്ണോത്തുക്കകളിൽ.

വാനിൽനിന്നെത്തുന്നു ദിവ്യഭോഗങ്ങളെ–
പ്പൂനിലാവിൽപ്പൊതിഞ്ഞേന്തും രാത്രി.

ആലിൻെറ കൊമ്പുകൾതോറും കൊഴിഞ്ഞു,വീ–
ണാലസിപ്പൂ നറും വൈരക്കൽകൾ.

ആട്ടകെന്നൂഞ്ഞാലേ മുന്നോട്ടവയെ ഞാ–
നാശു പോയ്വാരുവേൻ കൈയ്നിറയെ.

പാതാളം മെല്ലെന്നുയർത്തി നിവർത്തുന്നു
പാരിൻെറ തൃപ്പൊൻജയക്കൊടിയെ.

പാഴ്മറ നീക്കുന്നു മന്ദം മയിൽപ്പീലി
പ്പാവാട ചാർത്തുന്ന ഭൂതധാത്രി.

ആട്ടകെന്നൂഞ്ഞാലേ, പിന്നോട്ടു വിശ്രമം
തേടുവേനമ്മതൻ വാർമടിയിൽ.

ആട്ടകെന്നൂഞ്ഞാലേ മുന്നോട്ടും പിന്നോട്ടു-
മാവർത്തിച്ചാലും നിൻമുഗ്ദ്ധലാസ്യം.

നിന്നിൽനിന്നുച്ചലിയ്ക്കാവൂ സദാനന്ദ-
ത്തിന്നുഷ്മളോച്ഛ്വാസനിശ്വാസങ്ങൾ.

നിൻചുററും നിന്നു തിമിർക്കാവൂ കാലത്തിൻ
പിഞ്ചോമൽപ്പൈതങ്ങൾ നാഴികകൾ.

ബാലാമണിയമ്മ—ഊഞ്ഞാലിന്മേൽ

## 167. സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.

ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമായെന്നാലിനിയും തീർന്നില്ലല്ലോ?

ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോക ഗോളത്തെപ്പുതുക്കുന്നു.

അല്ലെങ്കിൽ പ്രാപഞ്ചിക ജീവിതത്തിനെ നമ്മ-
ളെല്ലാരുമിതിൻ മുമ്പേ വെറുത്തു കഴിഞ്ഞേനേ!

പൂർവ്വദിങ്മുഖത്തിങ്കൽ സിന്ദൂര പൂരം പൂശി-
പ്പൂവിനെ ചിരിപ്പിച്ചു വന്നെത്തും പുലരിയും

മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസ ഭരിതയായണയും സന്ധ്യാശ്രീയും

വാനിലുല്ലസിച്ചിടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽക്കുളിച്ചെത്തിടും രജനിയും

എന്തിനി പ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു?!

കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി–
ത്തൻ തിരകളാൽത്താളം പിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾ തോറും പളുങ്കുമണി ചിന്നി–
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ

മരന്ദം തുളുമ്പുന്ന മലരിൽ ചുററും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവേ

വല്ലികാനടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയ്യുകളാട്ടി നർത്തനം ചെയ്തീടവേ

അറിയാതവരോടു കൂടി നമ്മളുമേതോ
പരമാനന്ദ പ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈവിധം മനോഹര വസ്തുക്കളെല്ലാം നമ്മെ
ജ്ജീവിക്ക ജീവിക്കുകെന്നുദ്ബോധിപ്പിപ്പൂ നിത്യം.

'സകരു സകരു മത്സൗന്ദര്യം' നമ്മോടിളം–
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.

'മുറുകെ മുകർന്നീടുകോമനേ! പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ'

പാടലദലാധരം പേർത്തു മുച്ചലിക്കെച്ചെ–
ററാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.

ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ

നിത്യസുന്ദരമാകും സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകിലതേ കാമ്യം.

സായാഹ്നരാഗം പോലെ സർവ്വവും തേയാം മായാം
പോയാലോ പോയീ—പിന്നെയൊന്നുമില്ലെല്ലാം ശൂന്യം.

ഇന്നു നാമുള്ളോരല്ലാത്തവരായ്ത്തീർന്നീടേണം
പിന്നാലെ വരുന്നോർക്കൊരന്ധാന്വേഷത്തിനായി.

ഇന്നലെത്തേങ്ങിത്തേങ്ങിയെന്തിനോ കരഞ്ഞു ഞാ–
നിന്നിനിച്ചിരിക്കട്ടെ; നാളെ ഞാനൊഴിഞ്ഞേക്കാം.

പുതുമേ! വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി'യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും.

ചങ്ങമ്പുഴ കൃഷ്ണപിള്ള—ബാഷ്പാഞ്ജലി

## 168. എന്നിട്ടും വന്നില്ല

എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
നെന്നാത്മനായകൻ തോഴി!

എന്മലർക്കാവിൽനിന്നൊന്നും പറയാതെ
പിന്നെയും പൂങ്കുയിൽ പോയി.

ഉന്നിദ്രഹർഷം ലസിച്ച ലതകളിൽ–
പ്പിന്നെയും പൂങ്കുല വാടി.

ഭീമാതപം ചൊരിഞ്ഞെത്തിയ വേനലിൽ–
ത്താമരപ്പൊയ്കകൾ വററി.

ചേതോഹരങ്ങളാം പച്ചിലക്കാട്ടുകൾ
പ്രേതോപമങ്ങളായ് മാറി.

ശപ്തമെൻ ജീവിതമൂഴിയിലീവിധം
തപ്തബാഷ്പാകുലമായി.

എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
നെന്നാത്മനായകൻ തോഴി!

വാർമണിമേഘങ്ങൾ മേളിച്ച വാനിനെ–
ക്കാർമുകിൽ മാലകൾ മൂടി.

രാവും പകലും തിരിച്ചറിഞ്ഞീടുവാ–
നാവാതെ വർഷവുമെത്തി.

കത്തിയെരിഞ്ഞ ജഗത്തു പേമാരിയിൽ–
ത്തത്തിക്കുളിർത്തു നീരാടി.

ചന്തത്തിൽപ്പിന്നെയും മാമരക്കൊമ്പുകൾ
ചെന്തളിർക്കുമ്പുകൾ ചൂടി.

അപ്പൊഴും വഷത്തിനൊപ്പമെന്നക്ഷിക–
ളശ്രുക്കൾ ധാരയായ്ത്തൂകി.

എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
നെന്നാത്മനായകൻ തോഴി!

പ്രാണോത്സവ പ്രദമാസ്മരനൃത്തങ്ങ–
ളോണനിലാവു നിന്നാടി.

പൂക്കളപ്പൊട്ടു തൊട്ടങ്കണലക്ഷ്മികൾ
മേല്ക്കുമേൽപ്പുഞ്ചിരി തൂകി.

അഷ്ടാശകളുമൊത്താർപ്പുവിളികളാൽ–
ത്തുഷ്ടി പൂണ്ടോണത്തെ വാഴ്ത്തി.

എങ്ങും സമൃദ്ധിയും സന്തോഷവും നിന്നു
മംഗള സുസ്മിതം വീശി.

എന്മനം നൊന്തുനൊന്തപ്പൊഴുമങ്ങനെ
കണ്ണീരിൽ മുങ്ങി ഞാൻ മേവി.

 എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
 നെന്നാത്മനായകൻ തോഴി!

നർത്തനലോലയായ്പ്പൂനിലാവൊന്നിച്ചു
നൽത്തിരുവാതിരയെത്തി.

എന്നെപ്പോൽ സൗഭാഗ്യമില്ലാത്തോരല്ലാത്ത
തന്വികളൊന്നിച്ചു കൂടി.

നീരാടി നീന്തിത്തുടിച്ചുഷസ്സിൽത്തെളി–
ഞ്ഞോരോരോ ഗാനങ്ങൾ പാടി.

ഉജ്ജ്വലശുഭ്രാംശുകാലംകൃതാംഗരാ–
യുദ്രസമൂഞ്ഞാലിലാടി.

വട്ടമിട്ടല്ലലററല്ലിലൊന്നിച്ചു കൈയും
കൊട്ടിക്കളിച്ചവർ കൂടി.

പാവനമംഗല്യദായകമാകുമ–
പ്പാതിരാപ്പൂവവർ ചൂടി.

അപ്പൊഴുമശ്രുഗംഗയ്ക്കകത്താഞ്ഞടി–
ഞ്ഞത്തലെൻ മാനസം തേടി.

 എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാ–
 നെന്നാത്മനായകൻ തോഴി!

എത്രനാളെത്രനാളീവിധം കണ്ണുനീ–
രച്ചിക്കണമെനിക്കാവോ!

എപ്പൊഴും കാൺമതുണ്ടെൻ മനോനേത്രമാ–
സ്സുപ്രസന്നോജ്ജ്വലരൂപം.

ഇല്ല ചെയ്തിട്ടില്ല നാഥനോടിന്നോളം
തെല്ലുമേ ഞാനപരാധം.

ഭക്ത്യാ കഴുകുന്നു നിത്യമെന്നശ്രുവി-
ലത്തൃപ്പദങ്ങൾ ഞാനേവം.

ഈ വിയോഗാഗ്നിയിൽച്ചാമ്പലാകില്ലെൻെറ
പാവനരാഗാർദ്രഭാവം.

എന്നിട്ടുമെത്താത്തതെന്തെൻെറ നാഥനെൻ
കണ്ണീർ തുടയ്ക്കുവാൻ തോഴി?

ചങ്ങമ്പുഴ കൃഷ്ണപിള്ള—സ്പന്ദിക്കുന്ന അസ്ഥിമാടം

## 169. സൗഹാർദ്ദഗാനം

സൗഹൃദത്തിൻെറ സൗരഭത്തിനാൽ
സൗഭഗാർദ്രമാണിദ്ദിനം.

കർമ്മശുദ്ധിതൻ കമ്രകാന്തിയാൽ
നന്മ പൂണ്ടതാണിദ്ദിനം.

ഭാവശാന്തതയാലടിമുടി
പൂവണിഞ്ഞതാണിദ്ദിനം.

ഒത്തുചേർന്നിന്നു വാഴ്ത്തുക നമ്മ-
ളിദ്ദിനത്തെസ്സഹജരേ!

ഇന്നുതൊട്ടിനിയില്ല നമ്മളിൽ
ഭിന്നവർഗ്ഗീയചിന്തകൾ.

ഇല്ല ജാതിമതാദി ഭേദങ്ങ-
ളില്ലനാചാര നിഷ്ഠകൾ.

അന്തമററുള്ള കർമ്മരാശിയും
ചിന്തകളും മൊഴികളും

സർവ്വവുമൈക്യ സൗഹൃദോജ്ജ്വലം
സർവ്വമാദർശകോമളം.

മോഹനോൽക്കർഷ ദീപം മിന്നിപ്പൂ
സ്നേഹധാര പകർന്നു നാം.

ഞങ്ങളോടൊത്തു വന്നു ചേരുവിൻ
നിങ്ങളോമൽ സഹജരേ!

വിശ്വഗേഹത്തിൽ പൂത്തുനില്ക്കുന്ന
വിശ്വാസത്തിൻ തണൽകളിൽ

സ്വർഗ്ഗശുദ്ധി വഴിഞ്ഞൊഴുകിടും
സ്വപ്നമോരോന്നു കാണുവാൻ

ഭാഗധേയം തുളുമ്പിടുമവ
ലോകമൊന്നു രചിക്കുവാൻ

ഇസ്സുദിന മഹോത്സവങ്ങളിൽ
സസ്പൃഹം പങ്കുകൊള്ളുവാൻ

ഞങ്ങളോടൊത്തു വന്നുചേരുവിൻ
നിങ്ങളോമൽ സഖാക്കളേ!

ചങ്ങമ്പുഴ കൃഷ്ണപിള്ള—കലാകേളി

## 170. നന്നങ്ങാടികൾ

[കേരളത്തിൽ മനുഷ്യവാസത്തിൻെറ ഏററവും പഴയ ചിഹ്നങ്ങളാണ് നന്നങ്ങാടികൾ (ഞഞ്ഞനാങ്കുഴികൾ) കൊടകല്ലുകൾ, മുനിയറകൾ എന്നിവ. കേരളസംസ്കാരത്തെപ്പററി ചിന്തിക്കുമ്പോൾ ആദ്യമായി അനുസ്മരിക്കേണ്ടതു് മനുഷ്യസംസ്കാരത്തിൻെറ ആദിമ വാഹകന്മാരായി ഈ നാട്ടിലെത്തിയ ഇവയുടെ നിർമ്മാതാക്കളെയാണ്].

1

ഇരുളിലലിഞ്ഞു, പൊലിഞ്ഞു, കഴിഞ്ഞി–
ല്ലിന്നിയുമന്തിക്കതിരുകൾ; കുന്നിൻ–
ചെരിവിലെനീരവ നഗ്നവിശാലത
ചാരിയുറങ്ങീ 'നന്നങ്ങാടികൾ'
നിരുപാഖ്യേയ വിഷാദഭയാദര–
നീലിമ നിന്നു വിറച്ചു വായുവി–
ലൊരുനാൾ ഞാനങ്ങെൻ ശ്ലഥചിന്തയി–
ലോർമ്മകൾ നെയ്യുമഴിച്ചുമിരുന്നു.

2

നന്നങ്ങാടികൾ–ഇക്കല്ലറകളിൽ
നൂററാണ്ടുകളുടെയലകളിൽ മൗന–
പ്പന്നഗമെയ്ച്ചുരുളാർന്നു പുരാതന
പുരുഷർ പരാപര നിദ്രയിൽ വാഴ്വൂ
അവരുടെ നാഭിമൃണാളനളങ്ങള–
ഗാധനിഗൂഢതയേതിൻ ചളികളി–
ലവഗാഹിച്ചു നുഴഞ്ഞുപടർന്നതി–
നററത്തെൻ ജനിനളിനവുമുളവായ്.

3

എൻ കൺകളിലൂടനായിരമാണ്ടുകൾ
ഞാത്തിയ മറകളുയർന്നിക്കല്ലുകൾ
കാൺകെ ക്രൂരമൃഗങ്ങൾ പതുങ്ങും
കൊടിയ വനാന്തരമായ് മാറുന്നു
കുത്സിതനഗ്നവിരൂപന്മാർ,ഖര–
കുന്തളരെൻ പ്രപിതാമഹർ കാടിതി–
നൽസംഗത്തിൽക്കൊന്നും ചത്തും
തിന്നും തീനായ്ത്തീർന്നു മുയിർപ്പൂ.

4

വേട്ട കഴിഞ്ഞവർ തീയിനു ചുററും
വെട്ടിവെളിച്ചപ്പെട്ടലറുന്നൂ
കെട്ടിമറിഞ്ഞു,കിടന്നൊരു വകതിരി–
വെന്യേ തങ്ങളിലിണ ചേരുന്നൂ
കാട്ടുമൃഗങ്ങൾ, കഠോരബുഭുക്ഷാ–
കാമഭയാകുലർ, എങ്കിലുമവരിലു–
മൊട്ടുമിഴിഞ്ഞൊരു ദിവ്യജ്വലന–
ജ്വാല തിളങ്ങുന്നിതു ഞാൻ കാൺമൂ.

5

സ്വപ്നം കാണുന്നുണ്ടവർ മൃതിയുടെ
മതിലിന്നപ്പുറമുള്ളൊരു മർത്ത്യത,
ശുദ്ധാദ്വയ സുഖശാന്തികൾ തളിരിട്ടു–
മത്തുത ജീവിത ശാദ്വല ഭൂമികൾ,
രാത്രിയിലരുണപ്പൊൽക്കതിരുൽക്കട–
രോഗവിപത്തിലനാമയ ഭദ്രത,
ഒത്തു തുടിക്കും വർഗ്ഗാധ്വാനബ–
ലത്തിൽ മനുഷ്യനിരന്ത മഹത്ത്വം.

6

കുന്നുകൾ വിട്ടവർ കീഴെയിറങ്ങി–
ച്ചിതറീടുന്നൂ, കാടുകളവരുടെ
മുന്നിൽക്കൊടി താഴ്ത്തുന്നൂ മേടു
കിളച്ചവർ വയലുകൾ വിരിയിക്കുന്നു
അവരുടെ ജീവിതകല്ലഷച്ചോലകൾ
കുത്തിയൊലിച്ചീ മലയുടെ പള്ളകൾ
നിവരെയിടിഞ്ഞു, നിരന്നതിൽ മുളകും
കമുകും തെങ്ങും തല നീട്ടുന്നു.

7

തലമുറകളുടെയവിശ്രമചരണ–
തലാഹതവൽസര ചക്രഭ്രമണം
മലയുടെ മടിയിൽത്തിര തല്ലും പിൻ–
കടലിൽക്കോളുകൾ പൊന്തിക്കുന്നു
വിത്തു വിതച്ചവർ വിള കൊയ്യുന്നൂ,
കുത്തിക്കുടലുകൾ ചാടിക്കുന്നൂ,
വേർപ്പും ചോരയുമൊഴുകി മനുഷ്യന്റെ
വേരുകൾ മണ്ണിൽ മുളച്ചീടുന്നു.

8

അവർ പണിയുന്നൂ ഗ്രാമം, നഗരം,
കാവുകൾ, വീടുകൾ കല്ലിൽക്കൽ വെ–
ച്ചവർ കീറുന്നൂ തെളിനീരിനു മേൽ–
ത്തോണികൾ നീങ്ങും തോടുകൾ നെടുകെ
ദൈവികമവരുടെ ചരണാസ്വാസ്ഥ്യം
മാനുഷജീവിതനിമ്നോന്നതതട–
ഭുവിൽ മുഴുക്കെ വഴിത്താരകളുടെ
നൂലാമാലകൾ നീർത്തിവിരിപ്പൂ.

9

മഴ കൈയ്യിലൊണ്ടൊരു മുനിയെത്തുന്നു,
മിനുത്ത പരുത്തിത്തുണിയണി നീല...
പ്പുഴയെഴുവോരും, കാതുകൾ കുത്തി–
ക്കുടുമ വളർന്ന ഫിനീഷ്യന്മാരും,
അറബികൾ ഫത്തേമാരികളിൽ, പായ്–
ക്കപ്പൽ നയിച്ചു വരുന്നൂ ഗാമയും;
അവരുടെ പൊന്നും വാളും തോക്കും
താഴ്‌വരയിൽത്തീപ്പൊരി ചിതറുന്നു.

10

കടലിൻകരയിലിരമ്പും ജീവ–
ക്കടലിൽമീതേ മരണഗഭീരിമ
തടവീ ശാശ്വത നിദ്രയിലന്നു–
മുറങ്ങിയിരുന്നൂ നന്നങ്ങാടികൾ.
ഇടയിലൊരന്തി കരിഞ്ഞു, കെടുമ്പോ–
ളിവരുണരാറുണ്ടായിരമാണ്ടുകൾ
ഞൊടിയിൽ മുളച്ചു തളിർത്തു തഴച്ചു
ഫലിച്ചു നശിക്കുകയും പതിവത്രേ.

11

അരയാൽവിത്തിലൊരരയാൽ പോലീ
നന്നങ്ങാടിയിലൊരു വിശ്വം ഞാ–
നവലോകിപ്പൂ സനാതന ചട്ടല–
പ്രാണസ്പന്ദനവിരുത വിലാസം.
ഇതിൽ ഞാൻ കാൺമൂ വൈരുദ്ധ്യത്തിൻ
തല്ലും തടവും കൊണ്ടു നിരന്തര–
ഗതിയിയലുന്ന മനുഷ്യ ദുരൂഹ–
മഹാപരിണാഹ വിചിത്രചരിത്രം.

12

കാടുകൾ വെട്ടി ക്കായലുണക്കി–
ക്കുന്നും പുല്ലുമിണക്കിക്കൃഷക–
നാടിതു കെട്ടിയുയർത്തിയ കെല്പും
നൂതന ദർശനനൈപുണ വായ്പും
ചത്തും കൊന്നും വിററും വാങ്ങിയു–
മൊത്തുമകന്നും പ്രതിസംകീർണ്ണം
മർത്ത്യ സമൂഹവികസ്വര ബന്ധം
തീർത്തൊരു ധിഷണയുമിതിൽ ഞാൻ കാൺമൂ.

13

എന്നുടെ ഭാഷയുമെന്നുടെ കലകളു–
മെന്നുടെ ധാർമ്മികമൂല്യ വിബോധവു–
മെൻ ഭാവനയുടെ തോണിയൊലിക്കും
വർഗ്ഗകഥാഖ്യാനൈതിഹ്യങ്ങളും
എൻെറ ഞരമ്പിൽ ചാമ്പും ചോരയിൽ
വാസനയായൂറുന്നൊരഹന്തയും—
എല്ലാം പണ്ടീ നന്നങ്ങാടികൾ
പണിതവർ നൽകിയ പൈതൃകസാരം.

14

അവരസ്മത്കുലവർദ്ധനരവരുടെ–
ജീവിതസമരസമുന്നത വീചിക–
ളധിരോഹിച്ചു മനുഷ്യ പുരോഗതി
ദുർഗ്ഗതടങ്ങളിൽ നമ്മളണഞ്ഞു.
അവരുടെ നീൾത്തുടരിപ്പൂതുകണ്ണികൾ
പൊട്ടിമുളച്ചു പടർന്നിട്ടവോളവു–
മുയിരിൻ ചൂടും സ്പന്ദവുമൊഴിയി–
ല്ലിക്കല്ലുകളുടെ ഹൃദയതലത്തിൽ.

15

ഇരുളിലലിഞ്ഞു പൊലിഞ്ഞു, മറഞ്ഞു
　　മിക്കതുമന്തിക്കതിരുകൾ കുന്നിൻ
ചെരിവിലെ നിഷ്ഫല നീലവിശാലത
　　ചാരിയുറങ്ങീ നന്നങ്ങാടികൾ
മുകളിൽ മിടിച്ചൂ താരകൾ, താഴേ
　　മാമക ഹൃദയവുമകലെത്താഴ്വര
മുഖരിതമാക്കിപ്പാഞ്ഞു പതഞ്ഞു
　　മാനവ ജീവിത നീച്ചാട്ടങ്ങൾ.

എൻ. വി. കൃഷ്ണവാരിയർ

## 171. സഹചാരിണി

[ലോകജീവിതത്തിൽ സ്ത്രീപുരുഷന്മാരുടെ പരസ്പരസഹകരണം ഗൃഹസീമയിൽ മാത്രമല്ല ആവശ്യമെന്നും, സ്ത്രീയെ അബലയെന്നു തള്ളി, പുരുഷൻ തനിച്ചു ജീവിതമത്സരത്തിലേപ്പെടുന്നതുകൊണ്ടാണ് സ്ത്രീക്ക് ദുസ്സഹമായ പരാധീനതയും പുരുഷനു ദുർവ്വഹമായ ഭാരവും ചിരകാലമായനുഭവപ്പെടുന്നതെന്നും മനസ്സിലായപ്പോഴും ഉദ്ബുദ്ധവും സേവനോൽകണ്ഠിതവുമായ സ്ത്രീഹൃദയം പുരുഷലോകത്തോട് അപേക്ഷിക്കുന്നു.]

തത്ര തത്ര നീയനുമതിയിനിമേലെനിക്കു യോദ്ധാവേ!
വത്ര വത്ര നാം പിരിയരുതതിനായ് കരങ്ങൾ കോർത്തീടാം.

ചിരാനുകൂലം തരമതിനിതുപോൽ വരുന്നതല്ലെന്നും
തരാതിരിയ്ക്കൊല്ലഭയവരിഷ്ടം വരം വരാത്മാവേ!

അരാതിയോടായടരിനിറങ്ങും ഭവാനു പിന്നാലേ
വരാനൊരുങ്ങുന്നിവളെയിതെന്തേ വൃഥാ വിലക്കുന്നു?

പരാജയം താൻ പരമജയം താൻ വരുന്നതിന്നെല്ലാം
ശരാശരിക്കീ വനിതയുമൊരുപങ്കെടുത്തിടേണ്ടല്ലീ?

മനുഷ്യജന്മം മഹിതമിതതിലീ മദാന്ധദുർമ്മോഹം
പടുത്തുകെട്ടും പാഴ്മതിലെല്ലാം തകർത്തു തള്ളീടാൻ

തനിച്ചു നീ താൻ തുനിയുകിൽ മതിയോ തളർന്നു പോകില്ലേ?
ഇനിക്കുറേ നാളിവളുമതിന്നായ് ശ്രമിച്ചു നോക്കട്ടേ.

ക്ഷമിക്ക നിന്നെപ്പുറകിൽ വലിച്ചിട്ടകന്നു മാറീടാൻ
ശ്രമിക്കയല്ലെന്നതിനു സദാ നാമഭേദ്യരല്ലല്ലീ?

നമുക്കു ലക്ഷ്യം സുദൃഢമതേകം നമുക്കു പന്ഥാവും
നിനക്കുമിലൊന്നേ പിന്നെയിതെന്തിന്നനർത്ഥ വൈജാത്യം?

പടയ്ക്കിറങ്ങും ഭടജനമണിയാം ഭവാനൊടൊത്തേവം
നടപ്പോരെന്നെ വെറുമൊരു ചുമടായ് നടിച്ചു തള്ളൊല്ലേ.

പടുത്വമില്ലാതവിടെയൊരല്പം തളച്ചു നീയേററാൽ
തുടച്ചയായിത്തേരുരുൾ നീക്കാൻ തയാറുതാനീ ഞാൻ.

അടർക്കളത്തിൽ സാരഥിയായ് ഞാനടുത്തു നിന്നീടാം
മടിച്ചു നില്ക്കിൽ ഗീതകളോതിച്ചൊടിപ്പു നല്കീടാം.

ഉരുക്കുടപ്പാൽ ചട്ടകൾ ചാർത്തിച്ചടൽക്കുറപ്പേററാം
ഉരയ്ക്കുകൊക്കെ സ്സമ്മതമാണെന്നൊരൊററ വാക്യം നീ.

ഇനിക്കുവേണ്ടിപ്പടുതരസമരം നടത്തിടേണ്ടാരും
തനിച്ചു വേണ്ടും വേലകൾ ചെയ്യാനനുജ്ഞ തന്നാലും.

അനുഗ്രഹിക്കു ജീവിതവിജയം സ്വകീയമായ് നേടാൻ
സമത്വമേകു സാധ്യം പിന്നെ സ്ഥിരപ്രയത്നത്താൽ.

നിരന്തരം താൻ നിരവധികൃത്യ പ്രതാന്തനാമങ്ങേ
ഏദന്ത രക്തപ്പവിഴവുമഥ നിൻ വിയർപ്പു വെൺമുത്തും

കൊരുത്തുമിന്നും മാലകൾ ചാർത്തിക്കഴുത്തുയർത്തീടാൻ
കൊതിക്കയല്ലീ കാമിനിയിനിമേലൊരിക്കലെന്നാലും.

കരുത്തു കൂട്ടും പുരുഷനെ വീഴ്ത്താൻ കടാക്ഷവിക്ഷേപം
നിരത്തി നെയ്യും മോഹന വലയും നിവർത്തിനിർല്ലജ്ജം

നിരത്തുതോറും വീടുകൾതോറും നിരർത്ഥലാസ്യത്താൽ
മിനക്കെടുത്താൻ മാനിനിയിനിമേൽ വരുന്നതല്ലെന്നും.

അവൾക്കു വേണം ജീവിതലക്ഷ്യം യഥാർത്ഥമായ് മുന്നിൽ
അവൾക്കു വേണം സുസ്ഥിരചിത്തം സ്വതന്ത്രമെന്നെന്നും.

നിഴൽക്കു തുല്യം മങ്ങിമറഞ്ഞും ജഗത്തുമങ്ങിച്ചും
കഴിഞ്ഞുകൂടാൻ കഴിയുകയില്ലിങ്ങിഴഞ്ഞുഴന്നേവം.

അടുത്തു കാണാം പടയുടെ നടുവിൽ ഭവാനു പിന്നാലേ
തുടുത്തൊരരിക്കെയ് ചോര തുടപ്പാൻ രഥം നടത്തീടാൻ

തടുത്തുമാറെറാല്ലതു സമയം നീയതിൻ ഫലം പക്ഷേ
കടുത്തുപോകാമുററവരിവരൊന്നിടഞ്ഞു പോയേക്കാം.

പരസ്പരം നാം പരിഭവമാർന്നാൽ പ്രപഞ്ച ചക്രത്തിൽ
കറക്കമുണ്ടോ? കളയുക വൈരം കരങ്ങൾ കോർത്തീടാം.

തത്ര തത്ര നീയവസരമതിനായെനിക്കു യോദ്ധാവേ!
വത്ര നമുക്കൊത്തൊരുമയൊടിനിമേൽ പുരോഗമിച്ചീടാം.

ലളിതാംബിക അന്തർജ്ജനം—ഭാവദീപ്തി

## 172. വിഭൂതികലശം

മഹാത്മജിയുടെ വിഭൂതികലശം തിരുവനന്തപുരത്തു കൊണ്ടുവന്നതിനെ അനുസ്മരിച്ചെഴുതിയ കൃതിയിൽനിന്നു്.]

1

വേണാട്ടിലേയ്ക്കു നിജഭൗതികശിഷ്ടവും താ–
നാണാനയിച്ചിട്ടവതെന്നു മുതിർന്ന പോലെ
ചേണാർന്നൊരബ്ഭസിത വാഹനമുൻ മുകപ്പിൽ–
ക്കാണായി ഗാന്ധിജി മഹാത്മജി തന്റെ ചിത്രം!

2

ആർത്തു ജനങ്ങൾ ജയ ഗാന്ധിജിയെന്നു പെട്ടെ–
ന്നോർത്തു ചരിത്രമിടറീ ഗളനാളമെല്ലാം,
വാർത്തു തുടർന്നു മിഴിനീർ, ഹൃദയങ്ങൾ വിങ്ങി–
വീർത്തു തെളിഞ്ഞിതവയിൽ ചരമാന്തചിത്രം.

3

തട്ടിട്ടാളുമന്നഗരി ഡെൽഹിയിലുള്ള ബിർളാ–
ക്കൊട്ടാരമാർന്ന ഭജനാലയ കുട്ടിമത്തിൽ
ഒട്ടാഞ്ഞണഞ്ഞ ഹൃദയങ്ങളിൽ വന്നതൊന്നും
പട്ടാങ്ങമായിടരുതേ ഭഗവൻ മുകുന്ദ!

4

പാരാകെ നന്മ വിളയിപ്പതിനീശ്വരന്നാൾ–
പ്പേരായ ഗാന്ധിജി മരിച്ചുകിടന്നിടുന്നു.
ഓരാതെയേററു വെടിയത്തിരുമാറിൽ നിന്നും
തോരാതെ രക്തമൊഴുകിപ്പടരുന്നു ചുററും.

5

അയ്യോ! മഹാത്മജി, ധരാകൃത പുണ്യപൂരം
മെയ്യോലുമന്നിധി തകർന്നു കഴിഞ്ഞുവെന്നോ?
പൊയ്യോ കിനാവു കളിയോയിതു, തോക്കെടുത്തു
കൈയ്യോങ്ങിയോ നരനൊരാളവിടുത്തെ നേക്കം!

6

വിട്ടേയ്ക്കു സംശയമയേ! വെടിയുണ്ടയമ്മാർ–
ത്തട്ടേററു ഗാന്ധിജി മരിച്ചിതസത്യമെങ്കിൽ
പട്ടേൽ ജവാഹരി കൃപാലിനിയാദി ശിഷ്യ–
രൊട്ടേറെയെന്തു ചുഴലെത്തല ചായ്ച്ചിരിപ്പു?

7

'ത്യാഗീന്ദ്രനെങ്ങടെ മഹാത്മജി പോയി'യെന്നു
ഭാഗീരഥീ നദി നിലത്തു കിടന്നലയ്ക്കു
യോഗീശനദ്രി ഹിമവാൻ മരവിച്ചുനില്പൂ
ഹാ! ഗീത തന്നെയൊരു തെല്ലിട ഞെട്ടിയില്ലേ?

8

ഭൂരിഭ്രമത്തൊടിതു കേട്ടു നടുങ്ങി നില്പൂ
പാരിൻെറ വങ്കരകളഞ്ചുമൊരേ തരത്തിൽ
കോരിത്തരിച്ചു തരുസംകുല സംവൃതാങ്കം
നേരിൽ പ്രപഞ്ചഗതി തന്നെ നിലച്ചുവല്ലോ!

9

കണ്ടാലുമിൻഡ്യയിലെ നാല്പതു കോടി മർത്ത്യർ
കൊണ്ടാടിവാണൊരഭയസ്ഥലമായ വത്സം
വിണ്ടാണു കാൺമതതിൽനിന്നു പറന്നുപോയി-
ട്ടുണ്ടാമസുക്കളുമതേവഴി ദേഹി താനും.

10

ഹാ! വന്ദ്യമാം തിരുവുരസ്സതിൽനിന്നൊലിച്ചു
ഭൂവഞ്ചുമച്ചുടുനിണപ്പുഴതൻ തുടുപ്പിൽ
പാവങ്ങൾ കാണ്മതു നാമിഹ ഭാരതത്തിൻ
മൂവന്തിയോ പുലരിയോ പ്രളയാഗ്നിവായ്പോ?

11

ഓരാവതെങ്ങനെ, കിടപ്പിതു കണ്ടു കണ്ണീർ
തോരാവതെന്നുലകിതീ നിമിഷം നശിച്ചാൽ
നേരായ പുണ്യമതിലപ്പുറമില്ല വേറെ;
പാരാർന്ന ഭാവിയുടെ ഭാവുകമല്ലി കെട്ടു!

വാരനാട്ടു കെ. പി. ശാസ്ത്രികൾ—വിഭൂതികലശം

## 173. അത്ഭുതാനന്ദമലം വരദം സുഖദം

കരുണക്കടലേ! അമൃതക്കൊടിയേ!
നറുതേനൊഴുകും ഹൃദയത്തണലേ!

മനതാരഴലാലുഴലുന്നയി തേ
കനിവിന്നുറവേ! നിനവിൻ തെളിവേ!

ഇനിവിന്നമലപ്പൊരുളാണിവനെ-
ന്നനുവാസരമോർത്തു നൽകുക നീ.

ജനതാമനതാരനവേലമറി-
ഞ്ഞനുകൂലത വിട്ടതിലെന്തു സുഖം?

ഭുവനേ കവിതാ കമനീകമന-
ന്നവിനാശ സുഖം തരുമോമന നീ.

ഭവതിക്കഹിതം വരുവാനിടയെ-
ന്നവിതക്ക സുഖം തരുമാത്മ സഖീ!

പലരും പലതും പറയുന്നവരാം
മലർവാടിയിലെപ്പനിനീർ സുമമേ!

ചലനം മതിയെൻ സതി സാഹിതി നിൻ
ചലനേക്ഷണമെൻ ഹൃദി മഞ്ജുളമാം.

ഫലപുഷ്പലതാതരുജാലമല-
ഞ്ഞൊലി ചേർക്കുകയായ് കുളിർമാരുതനും.

കുയിൽ വൃന്ദമിതാ മൃദു മാന്തളിർ തി-
ന്നതിരുന്നയിതേ മധുരം നിനദം.

ചെറുതാരമിതാ പലതും പൊഴിവൂ
മലർ ജാലമതായ് വിലസുന്നതിനായ്

കുളിർകാററിവയെത്തഴുകിക്കഴിവൂ
ഇളമാന്മിഴി നിൻ പ്രണയം പുലരാൻ.

അരുണോദയമായ് കരുണത്തളിരേ!
അരുണോദയമായുണരെന്നമലേ!

പ്രണയപ്പകലിന്നൊളിയിങ്ങഖിലം
പ്രണവാമൃതമായ്പ്പൊലിയുന്നതുലം.

ഘനവേണികളാം തരുണീമണിമാർ
കനിവാർന്നിവനോടനുതാപമെഴാം.

ക്ഷണഭംഗുരമാം സുഖസന്ന്യസിത
പ്രണവാത്മരുചി പ്രചുരാശയരാൽ.

തൃണമായഖിലം ഗണനം തുടരാം
ഗുണമല്ലിവയെന്നുരചെയ്തുഴലാം.

രവിദേവകരം പരിപാവനമായ്
കവിതാമഷിയോടെഴുതാൻ വരവായ്.

പുതുചോപ്പണിയാമുടയാട വിതി-
ത്തതി ശോഭയെഴും പുലർവേളയിലാഃ

സരളേ! വരികെൻ സവിധേ സദയം
വിഹിതാവിഹിതം നിനയേണ്ടമലേ!

പ്രണയത്തരു നീ പ്രണവത്തളിർ നീ
മണമൊത്തൊരു നന്മലരിൻ കുടവും

അരുണപ്രഭ നീ കരുണക്കുളിർ നീ
തരുണത്വമെഴുന്നനുരാഗമതും.

അണയേണ്ടവൾ നീ അണിയേണ്ടവൾ നീ
ഗുണമേകിട്ടമെൻ മഹിതേ! വരിക.

അതിനശ്വരമാം മണലിൻ കഴൽ ച്യു–
ട്ടതി ദുഃഖിതനായ് കഴിയുന്നിവനിൽ

സതി സൗഹൃദമേ! തരു ചുംബനമൊ–
ന്നതുതാനമലം വരദം സുഖദം.

ബോധേശ്വരൻ—ഹൃദയാങ്കുരം

## 174. കേരളഗാനം

ജയ ജയ കോമള കേരളധരണീ
ജയ ജയ മാമകപൂജിതജനനീ

ജയ ജയ പാവനഭാരതഹരിണീ
ജയ ജയ ധർമ്മസമന്വയരമണീ

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരളധരണീ.

ചേരപുരാതന പാവനചരിതേ
ആര്യകുലോൽക്കട ഭാർഗ്ഗവനിരതേ

ദ്രാവിഡപരിവൃഢവനിതേ മഹിതേ
ദ്രാവിഡ സംസ്കൃതവംശോജ്ജ്വലിതേ

ഭാരതരണഭുവി വീരജനാനാം
ഭോജനദാനസമുൽസുകചരിതേ

ജയ ജയ കോമളകേരളധരണീ
ജയ ജയ മാമകപൂജിതജനനീ

2

പ്രേമദമാകും പ്രമദവനം താൻ
ശ്യാമള സുന്ദരമെന്നുടെ രാജ്യം.

മലയജ സുരഭിലമാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം.

കല്പകതരുനികരങ്ങൾ നിരക്കും
കല്പിത ഭൂവാണെന്നുടെ രാജ്യം.

മരതകമണികളനർഘമണിഞ്ഞും
പവിഴത്തരികളിടയ്ക്കു തെളിഞ്ഞും

മരിചമനോഹര ലതികാശ്ലേഷിത
തരുനിര തിങ്ങും മാമകരാജ്യം.

പല്ലവനിചയം മെല്ലെ വിടർത്തും
വല്ലികൾ തുല്യം കല്യാനിവഹം

കള കളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം.

ജയ ജയ കോമളകേരളധരണീ
ജയ ജയ മാമക പൂജിത ജനനീ.

3

പശ്ചിമജലധിതരംഗാവലിതൻ
ഉൽസൃതശീതള ശീകരസേവ്യം

വിസ്തൃതഭുവനകലാനിലയോപരി
നിസ്തുലമരുളിന മോഹനകാവ്യം

കുന്ദലതാപരിസേവിതനിലയം
സുന്ദരകേതകഭൂഷിതവലയം

ചമ്പകകുവലയകുവളനിവഹം
ജൃംഭിതസുരഭിലമെന്നുടെ രാജ്യം.

ജയ ജയ ജയ ജയ ജയ ജയ ജനനീ!
ജനനീ മാമകകേരളധരണീ.

4

മാധവമാസം ഞങ്ങൾക്കെന്നും
വാസന്തശ്രീയനുദിനമിവിടെ

മോഹനഖഗഗണകൂജനരാജിത
മോഹദവാടികയെന്നുടെ രാജ്യം.

ജാതിമതാന്ധ്യമതാന്തമെതിക്കും
ബോധവിഭാവിതമെന്നുടെ രാജ്യം.

സർവസ്വാതന്ത്ര്യസമസ്ഥിതിദായക
സാർവജനീനകലീനയുവത്വം

നിത്യവുമെങ്ങു കുതിച്ചുയരുന്നിതു
നിർഭയമതു താൻ മാമകരാജ്യം.

ജയ ജയ കോമളകേരളധരണീ
ജയ ജയ മാമക പൂജിത ജനനീ.

5

പാലൊളി തൂകും പൂന്തുകിൽ ചാർത്തും
ലോലകൾ വിലസും മലയാളത്തിൽ

പുത്തനിലഞ്ഞിപ്പൂമണമൂതിരും
സ്നിഗ്ദ്ധകൾ മരുവും മലയാളത്തിൽ

ചന്ദനമണിയും ചാരുകിശോരകർ
ബന്ധുരമാക്കും മലയാളത്തിൽ

തുഞ്ചശ്ശുകീകളകണ്ഠനിനാദം
തഞ്ചും മാമകമലയാളത്തിൽ

മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം.

നിഖില ചരാചരപൂരിതരമ്യേ
സകലജനാന്വയഭൂഷിതധന്യേ

ജയ ജയ കോമളകേരളധരണീ
ജയ ജയ മാമകപൂജിതജനനീ

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരളധരണീ.

ബോധേശ്വരൻ—സ്വതന്ത്രകേരളം

## 175. ശൈശവകാന്തി

പുഞ്ചിരിക്കുളിരൊളി ചിന്നിയുല്ലസിക്കുന്ന
പിഞ്ചുപൈതലേ, നിന്റെ സുന്ദരമുഖത്തിങ്കൽ

എന്തൊരത്ഭുതാവഹ രീതിയിൽത്തെളിയുന്നു
കാന്തിയും പ്രശാന്തിയും തൃപ്തിയുമാനന്ദവും.

ഉന്നത താരത്തിലോ പൂവിലോ രത്നത്തിലോ
നിന്നിലുജ്ജ്വലിക്കുന്ന തേജസ്സു കാണുന്നീല.

ഏതൊരു കരുവിനാൽ വിശ്വശില്പീന്ദ്രൻ തീർത്തോ
ശ്രീ തികഞ്ഞെഴുന്ന നിൻ മൃദുവാമീ വിഗ്രഹം.

മോഹനാകൃതി പൂണ്ടോരീ ലോകം മുഴുവനും
സ്നേഹപൂർണ്ണമായത്രേ കാണുന്നു നിൻ കണ്ണുകൾ.

പൂഴിയും ചിരട്ടയും പീപ്പിയും മൺപാവയും
പൂവുമോക്കുകിൽ നിന്റെ കൊച്ചു സോദരരല്ലോ.

പോരടിക്കുവാൻ വെമ്പും മാനുഷഹൃദയത്തി—
ലാരോമൽക്കിടാവേ, നിൻ ശുദ്ധത പകർന്നെങ്കിൽ!

എം. പി. അപ്പൻ—കിളിക്കൊഞ്ചൽ

## 176. ഒരു അദ്ഭുതാനുഭൂതി

[നിലാവുള്ള ഒരു രാത്രിയിൽ ഒരു പൂങ്കാവിൽ സഞ്ചരിച്ചപ്പോൾ ഒരു യുവാവിനു് ഉണ്ടായ സാങ്കല്പികാനുഭവം. നക്ഷത്രങ്ങളെല്ലാം ഒത്തുചേർന്നു് ഒരു കന്യകാരൂപം പ്രാപിച്ചു് അയാളെ ആലിംഗനസുഖത്തിൽ ലയിപ്പിക്കുന്നു.]

ചകചകെ മിന്നും കുളിർ ചന്ദ്രികയാൽ
ധവളിതമാമൊരു പൗർണ്ണിമ രാവിൽ

ഇനിയ സുഗന്ധമുതിർത്തൊരു ചമ്പക
വനികയിലങ്ങനെ ഞാനലയുമ്പോൾ

തെളുതെളെ വിണ്ണിലുദിച്ചു തിളങ്ങും
കളലളിതോജ്ജ്വല താരകളഖിലം

തെരുതെരെയിളകി മറിഞ്ഞതി ഭംഗിയി—
ലൊരു വലയാകൃതിയാർന്നു വിളങ്ങി.

അതുകളനന്തരമതുലിത ശോഭം
പുതിയൊരു നൃത്തോത്സവരസമാർന്നു.

കരളലിയും മൃദുകളനാദത്താൽ
സരളമനോഹരഗീതി പൊഴിഞ്ഞും

ഇതരേതരപരിരംഭണ ലീലയി—
ലതി സുഖമൊട്ട പുളകോൽഗമമാർന്നും

പല പല വടിവിൽ പല വർണ്ണങ്ങളി—
ലൊളിയെഴുമവ വിളയാടി രസിക്കെ

സ്ഫുടകിരണാവലി ചിതറി വിളങ്ങിയൊ—
രുഡുനിരയഖില മലിഞ്ഞുതുടങ്ങി.

ബഹുവിധ ഭാസ്സെഴുമവയെല്ലാം ചേർ—
ന്നൊരു കനകോജ്ജ്വല തേജസ്സായി.

തരളിതമാകിയൊരത്തേജസ്സൊരു
പരമ മനോഹര തരുണീമണിയായ്

പ്രമദം തരുമൊരു പൂർണ്ണദിഗംബര—
സുമധുര സുഷമയിലവിടെ വിളങ്ങി.

വിവിധ വികാര വിചാരാകുലനാ—
യവിടെമ്പാടും നോക്കുകയായ് ഞാൻ.

അവനിയുമാഴിയുമാകാശവു മ—
റ്റതിരിയില്ലാത്തൊരു മേഖലയിങ്കൽ

അവളുടെയരികത്തദ്ഭുത രസമാർ—
ന്നതി തരളാശയനായ് ഞാൻ നിന്നു.

അവികല മൃദുല വികാരാവലിയാൽ
യുവസഹജോന്മദകാന്തി തുളുമ്പും

അവളുടെ മുഗ്ദ്ധ മുഖത്തൊരു പുഞ്ചിരി
അസുലഭഭംഗിയിൽ മെല്ലെ വിടർന്നു.

കനകമൃണാളിക പോലതി കോമള—
ലളിതാഭയെഴും ഭുജലത രണ്ടും

അലിവു കലർന്നവൾ നീട്ടുകയായെൻ
പരവശമേനിയെയാശ്ലേഷിപ്പാൻ.

അഴകിനൊടെൻ നേർക്കണയുമൊരാ മൃദു—
സുഷമയിൽ ഞാനെന്നൊരു നിനവെന്യേ

മുങ്ങിമയങ്ങുകയായ് ഞാനവളുടെ
അംഗാലിംഗന സുഖലഹരികയിൽ.

അനുരാഗാർദ്രതയാർന്നു പുണർന്നും
അധരാമൃതരസമാകെ നുകർന്നും

പരമാനന്ദസുധാ വീചികളിൽ
പരിചൊടു നീന്തി രസിച്ചിതു ഞങ്ങൾ.

അനഘോത്സവരസമിയലും ഞങ്ങടെ
തനുയുഗളം പുനരൊരു തേജസ്സായ്

പുലരൊളിയെഴുമൊരു പൊന്നിൻതാമര
മലരായങ്ങനെ പൊങ്ങി വിളങ്ങി.

സുരഭിലസുന്ദരമാമൃദു കുസുമം
വിരവൊടലിഞ്ഞൊരു സംഗീതകമായ്

തരളതരംഗപരമ്പരയായി-
സ്സുരഭസമങ്ങു പടർന്നു പരന്നു.

എം. പി. അപ്പൻ—ബാലികാരാമം

## 177. സമുദ്രസംയമനം

അന്നൊരു സായാഹ്നവേളയിൽ കന്യകാ-
നന്ദനനീശോ മിശിഹയാം ദേശികൻ

ചുറ്റുമേ വന്നു തിരക്കും ജനങ്ങളെ
വിട്ടൊഴിഞ്ഞേകാന്തസൗഖ്യമിയന്നിടാൻ

കൂറെഴും ശിഷ്യരോടൊത്തൊരു തോണിയി-
ലേറിഗ്ഗലേലാജ്ജലോപരി വാങ്ങിനാൻ.

തീരത്തുനിന്നുമാ നൗകയകന്നുപോയ്
ദൂരത്തു മാരുതാന്ദോളിതസിന്ധുവിൽ

സൈ്വരമായ് പായും വിതിർത്തു ചരിക്കയായ്
നീരദം നീല നഭസ്സിങ്കലെന്നപോൽ.

തഞ്ചമായ് ചിറ്റോളപാളിയിളക്കുന്ന
വഞ്ചിക്കണിയത്തൊരുക്കിയ ശയ്യയിൽ

തായയാളാട്ടുന്ന താരാട്ടുതൊട്ടിലിൽ
മായമറ്റുള്ളൊരു കറ്റക്കിടാവു പോൽ

താമരത്താരിതൾക്കണ്ണിണ പൂട്ടിയ-
പ്രേമസ്വരൂപനിയന്നു നിദ്രാസുഖം.

മഞ്ഞയിളംവെയിൽ കാഞ്ഞു നീർകാക്കകൾ
കുഞ്ഞലമീതിരുന്നൂയലാടീടവേ

വെള്ളിപോൽ മിന്നുന്ന മീനങ്ങളോമന–
പ്പുള്ളിവാൽ തല്ലിയും മുങ്ങിയും പൊങ്ങിയും

നീർപ്പോള തട്ടിയുടച്ചും ചമച്ചുമ–
ന്നീരലച്ചാർത്തിൽ തുടിച്ചു പുളയ്ക്കവേ

അന്തരിക്ഷത്തിന്റെ സൂക്ഷ്മമാം സുസ്നിഗ്ദ്ധ–
മഞ്ജുനിചോളത്തിലുള്ള വെൺമുത്തുകൾ

വെട്ടിവെട്ടിത്തിളങ്ങീടിനാൽപ്പോലവേ
വെള്ളിൽപ്പറവകൾ തുള്ളിക്കളിക്കവേ

തണ്ടു വലിച്ചെഴും ഘർഘരശബ്ദവു–
മുണ്ടാക്കിടാതപ്പടവിൻ പടികളിൽ

മംഗലരൂപന്റെ ശിഷ്യപ്രവേകരാം
മംഗലശീലരമർന്നവലോകനം

വാനിലും വാരിധിതന്നിലും പായിച്ചു
മേനിയിലാർന്നിതു ഹർഷരോമോത്സവം.

സ്വർഗ്ഗസ്ഥനാകും പിതാവിന്നതുല്യമാം
സർഗ്ഗസംരക്ഷണ സംവിധാനങ്ങളിൽ

സർവ്വതത്ത്വങ്ങളും സ്പഷ്ടമാക്കിഗ്ഗുരു–
സത്തമനോതിയ സൂക്തങ്ങളിൽ ക്രമാൽ

ഉത്തമസായാഹ്നദൃശ്യപ്പൊലിമ കൊ–
ണ്ടെത്തിച്ചിതശ്ലാഘ്യനീയർ തൻ ചിന്തയെ.

ആ നിദിധ്യാസസംഭൃത ദിവ്യാമൃതം
പാനവും ചെയ്തവരങ്ങു മേവീടവേ

ദൂരെപ്പടിഞ്ഞാറുഭാഗത്തു നില്ക്കുന്ന
തീരദ്രുമങ്ങൾതൻ പച്ചിലപ്പൊന്തയിൽ

പറവാൻ താണുപോകുന്ന പതങ്ഗനെ–
പ്പററിക്കുവാനുള്ള ജാലം കണക്കിനെ

അങ്ങെഴും ചക്രവാളത്തിന്റെ മീതിലായ്
പ്പൊങ്ങി വിതിർന്നിതു കാർമ്മുകിൽപ്പാളികൾ.

സ്തംഭിച്ചുനിന്നിതേ വാനം; സദാചല–
ദംബുധി പോലും മരവിച്ച മട്ടിലായ്.

II

ഉടനെ ദിശയഖിലമതി പരുഷരുഷയാൽപ്പിട-
ഞ്ഞുഗ്രമാമാക്രോശമിട്ടതിൻമാതിരി

ഗഗനഭുവി വികടതരവിറയലുളവാം വിധം
ഗംഭീരമായോരിരമ്പലുദ്ഭൂതമായ്.

ദിശകളുടെയരുമസുതനമിതബലസംയുതൻ
ദീർഘബാഹൻ ഘോരഘോരൻ പ്രഭഞ്ജനൻ

അതിചപലമിളകിവരുമുൾക്രോധവീർപ്പിനാ-
ലാവർത്തകോടികളാരചിച്ചുദ്ഭടം.

ചിടവടിവുപെട്ടമസിതഘനജലദപാളികൾ
ചീന്തുവാൻ മിന്നൽപ്പിണർ നഖശ്രേണികൾ

ചുറ്റുചുറെയിറക്കിയും കീറിയും കീറാഞ്ഞു
ചീറിയും വാരിയെറിഞ്ഞു നഭഃസ്ഥലം

കനതിമിരപടലമതിൽ മൂടിയുമീടെഴും
പക്ഷങ്ങളായിരം വീശിക്കുതിച്ചരം

കുലശിഖരിനികരവുമിളക്കുന്നൊരുത്കട-
ശ്ശൂത്കാരമോടും തിമിർത്തു ദുർദ്ധഷനായ്.

അയുതശതഫണസഹിതഫണിസദൃശമംബുധി-
യത്യന്തദുർദാന്തനിർഘോഷഭീഷണം

തെരുതെരനെയഴിയുമൊരു തെറകളൊട്ടുമുത്പതി-
ച്ചാശുഗൻ തന്നെ ഗ്രസിച്ചു കുത്താടുവാൻ.

സ്തനിതമൊട്ട പട പൊരുതി ദിങ്മുഖംതോറുമ-
സ്സിന്ധുവിൻ സംഹാരഭീകരഗർജ്ജനം.

അശനിയൊട്ട ഘുമുഘുമിത ബാഡവവഹ്നിയു-
മാഞ്ഞടിച്ചേറു തെറിച്ചു തീജ്വാലകൾ.

അചലനിഭമുരുളുമൊരു കല്ലോലപംങ്ക്തിക-
ളാഘട്ടനം ചെയ്തു പൊട്ടിത്തെറിക്കയിൽ

ധവളനിറമുടയ ബഹുഫേനപുഞ്ജങ്ങളും
ധൂമികാസംവൃതം ശീകരപൂരവും

മലരിനിര വിരിയുമൊരു നവ്യമാം കീലാല-
മണ്ഡലം സൃഷ്ടിച്ചിതന്തരിക്ഷത്തിലും!

കഠിനമിതുപടിയലറിയബ്ധിയും വ്യോമവും
കീഴ്മേലായുലഞ്ഞാടിത്തിമിർക്കവേ

തരളതരതരണിയുടെ ചുററിലും പാതാള–
ഭൂതാളി താണ്ഡവഘോഷം മുതിർക്കവേ

ജലകുഹരമധികകുടിലോഗ്രപ്രവാഹമാം
ജിഹ്വയന്നൗകയ്ക്കു നേർക്കായി നീട്ടവേ

ബഹിരുദിത വിവിധതര സംസാരദുഃഖങ്ങൾ
ബാധിച്ചിടാതുള്ളൊരന്തരാത്മാവു പോൽ

സ്വപ്നസുഖലീനനായ് പള്ളികൊണ്ടീടിനാൻ
സ്വർഗ്ഗേശനന്ദനൻ ക്രിസ്തുൻ തിരുവടി.

III

സകലജഗദണ്ഡവും വായ്ക്കുള്ളിലാക്കുവാൻ
സാഗരം ചീറിപ്പെരുകുന്ന കാഴ്ചയിൽ

മരണമുടനണയുമിതി ഭയഭരിതരശ്ശിഷ്യ–
രുന്നമ്ര സംഭ്രമ വ്യാകുലാത്മാക്കളായ്.

വെറി പെരുകിയമറിവരുമുല്ലോലസഞ്ചയം
വാരിയെടുത്തു പന്താട്ടമാ വഞ്ചിയിൽ

പടികളിലുമുടനെയിരു വക്കിലും കോണിലും
പററിപ്പിടിക്കാൻ മുതിർന്നും പലേ വിധം

ഒരു നിലയുമൊരുതരവുമില്ലാതെയന്ധരാ–
യോരോന്നു ചൊല്ലി മുറവിളി കൂട്ടിയും

കടലിനുടെയടിയിളകിയുയരുമറു കർദ്ദമ–
ക്കട്ടപ്പതയണിനീരിലാറാടിയും

അതിരഭസമണിയമണയാൻ വഴി നോക്കിയും
മുന്നോട്ടിഴഞ്ഞും വിയച്ചും നിരങ്ങിയും

പരമസുതനികടമതിലെത്തിയത്തൃക്കഴൽ–
പ്പൂൺപു കുലുക്കിവിളിച്ചു കേണീടിനാർ.

'അഹഹ! ഗുരുദേവ! നാമിപ്പൊഴീയാഴിയി–
ലയ്യോ!–തുലയുമേ–നൗക താഴുന്നിതേ!'

IV

തിരുനയനമരുമയിമ വെട്ടിത്തുറന്നുടൻ
ദർശിച്ചു സർവ്വവും ദിവ്യനനാമയൻ.

അലിവിനുടെയലയിളകുമാലോകനത്തിനാ–
ലാശ്വാസമേകിയശ്ശിഷ്യരോടോതിനാൻ;–

'സവിധമതിലിവിടെയിവനില്ലയല്ലീ?—മമ
വത്സരേ!—ഹാ! നിങ്ങളല്പവിശ്വാസികൾ!'

അഥ ഝടിതി തരണിയുടെ പടിയതിലെഴുന്നുനി—
ന്നുന്നിദ്രനാകീയ തേജഃപ്രഭാവനായ്

അഖിലജഗദവന ശുഭഭരണ പരിദക്ഷമാ—
മാവലംതൃക്കരം പൊക്കിയജാത്മജൻ

ഉരുതിമിരകലുഷഗഗനത്തിലേക്കുജ്ജ്വല—
ദീക്ഷണം പായിച്ചു ചെയ്തു സന്തർജ്ജനം:—

'കടുവികടവിഹൃതിയുത ചണ്ഡപ്രകമ്പന!
നില്ലെടോ!—നീയും കടലേയടങ്ങുക!'

ഇതി പരമസുതഭണിതിയിടിരവമടിച്ചട—
ച്ചുററമാം കോളും പിളർന്നിരമ്പീടവേ

തിരുഹൃദയ പരിഗളിത വിശൈ്വകശാന്തിയ—
ത്താരസ്വരപ്രസാരത്തിലൂടേശവേ

ഉദധി ഭയഭരിതമുടനങ്ങനങ്ങാതെയായ്
ഉഗ്രൻ പ്രഭഞ്ജനൻ നിന്നുപോയ് നിശ്ചലം.

കർപ്പൂരധൂമം കണക്കു കാർകൊണ്ടൽ ചെ—
ന്നപ്പോഴേ വാനിലെങ്ങെങ്ങോ ലയിച്ചുപോയ്.

സ്വച്ഛമായ് വിണ്ടലം സാന്ധ്യമാം പൂജയ്ക്കു
ദിക്കുകൾ കത്തിച്ചു താരദീപോത്കരം.

ഇടയാറന്മുള കെ. എം. വറുഗീസ്—ക്രിസ്തുചരിതം

## 178. പാവങ്ങൾ

ഇരുളിൽപ്പിറന്നതാണിക്കൂട്ടർ, വെളിച്ചത്തിൻ
മറയിൽക്കരയുവാൻ ജന്മമാർന്നവരിവർ.

തമസ്സിൻ ചെളിയിലിക്കൂട്ടർ തന്നായുസ്സാകും
തടിനിയൊഴുകുന്നു ലക്കും ലക്ഷ്യവുമെന്യേ.

ജീവിതപുഷ്പം വികസിക്കാതെയിജ്ജീവികൾ
ഭൂവിൻെറ വക്ഷസ്സിങ്കൽ കണ്ണീരായടരുന്നു.

പട്ടിണിയല്ലോ നിത്യമിവരേയെതിരേൽക്കാൻ
വീട്ടിൻെറ നടയിങ്കൽ കാവലിട്ടിരിക്കുന്നു.

ഘോരമാം പല രോഗം നിയതമിവരൊത്തു
സൈ്വരമായ് വിഹരിപ്പു സഹചാരികൾ പോലെ.

മററുള്ളോർ നടുങ്ങിപ്പോം മരണത്തിനെയല്ലോ
മുററുമിക്കൂട്ടർ കാത്തു പൂവിട്ടുനിൽക്കുന്നതും.

തെരുവീഥിയാണിവർ തന്നുടെ മണിത്തൊട്ടിൽ
തെരുവീഥിയാണിവർ തൻെറ ജീവിതരംഗം.

അന്ത്യവായുവാൽ വീണ മീട്ടീടുന്നതും വഴി
വക്കിനെയാണിക്കൂട്ടർ, ഇവരും മനുഷ്യരോ?

നരിയും കുറുക്കനും കാക്കയുമിവരെക്കാൾ
പുരുപുണ്യത്തെ പൂർവ്വജന്മത്തിൽ ചെയ്തോരാകാം.

ഏററവും പരിഷ്കൃതമെന്നഭിമാനം പൂണ്ടി–
ട്ടൂററമായ് നിൽക്കും ധനോന്മാദത്തിൻ തിരുമുമ്പിൽ

അനുകമ്പതന്മുമ്പിൽ സ്നേഹമാം പൂ ചൂടാത്ത
മനുജസമുദായമാമരത്തിനു മുമ്പിൽ

കൈക്കുമ്പിൾ നീട്ടി ചോദ്യചിഹ്നം പോൽ നിന്നീടുന്നോ–
രിക്കൂട്ടരാരാണവർ പട്ടിണിപ്പാവങ്ങൾ താൻ.

യാചകപ്പരിഷതൻ കൂമ്പിയ മുഖങ്ങളിൽ
യാതൊരു പുലരിയിൽ പുഞ്ചിരി വിരിയുമോ

അന്നു താൻ സൗഭ്രാത്രത്തിൻ പൊന്നോടക്കുഴൽ കേട്ടു
മന്നിടം മാറുന്നതു ചാരുവൃന്ദാരണ്യമായ്

നാലാങ്കൽ കൃഷ്ണപിള്ള—രത്നകങ്കണം

## 179. ആമ്പൽപ്പൊയ്ക

നിദ്രകൊണ്ടീടുമീ നീലത്തടാകത്തി–
ലുച്ചക്കൊടും വെയിൽ മാഞ്ഞ ശേഷം

രാത്രിതന്നോമൽക്കിനാവോ പുളകമോ
താർത്തെന്നലേററു പുളച്ചിടുന്നു?

നീളുമുറക്കത്തിൽനിന്നുമുണർന്നു കു–
ഞ്ഞോളങ്ങൾ കണ്ണു തുറന്നിടുമ്പോൾ

കാണുന്നു വിസ്മയപൂർവകം ലാവണ്യം
കാണിക്ക വെച്ച വിഭൂഷണങ്ങൾ.

അജ്ഞാതമാകും രഹസ്യങ്ങൾ സത്യത്തി--
നുജ്ജ്വല ദീപ്തിയാൽ മിന്നുംപോലെ

അമ്പിളിതൻെറ രജതമാം ധൂളിക-
ളംബരം വിട്ടു നിശീഥിനിയിൽ

പാരം തണുപ്പേലുമിത്തടാകത്തിൽ വ-
ന്നാരാൽ കുളിച്ചു കളിക്കയാണോ?

ആമ്പലേ! രാവിൽ വിരിഞ്ഞു നീ പൊങ്ങുമ്പോൾ
നാമ്പിടുന്നീദൃശം ചിന്തയെന്നിൽ.

ഭാവമനോഹരമാമിത്തടാകത്തിൽ
ഭാവനേ! ചെന്നു നീ നീന്തിയാലും

ജീവിത വ്യഗ്രതകൊണ്ടു ചൂടേറുമെൻ
ചേതനേ! ചെററു കുളിർമ്മ പൂൺമാൻ

ചെന്നു കുളിക്കു നീയാമ്പലപ്പൊയ്കയിൽ
സുന്ദരസ്വപ്നത്തിൻ രൂപമേന്തി.

ജീവിതം തന്നെ കലയാക്കി മാററുവാൻ
നീ വേണ്ട പാടവം നേടിയാലും.

നാലാങ്കൽ കൃഷ്ണപിള്ള—ആമ്പൽപ്പൊയ്ക

## 180. വിശ്വകാവ്യം

ഇരുട്ടിൻ സർഗ്ഗത്തിൻെറ താത്പര്യം ഗ്രഹിക്കുവാൻ
മറു ഭാഗത്തുള്ളോരു വെളിച്ചം വായിക്കണം.

വഴിയും വൺേറാൽക്കൃഷ്ണരീതി ലാവണ്യം കാൺമാൻ
മഴവില്ലു വായിച്ചു നോക്കിയാൽ മതിയാമോ?

അഞ്ചിതപദാർത്ഥസംബന്ധ സൗഭാഗ്യത്തിൻെറ
നെഞ്ചിടി ധ്വനി സാരമാക്കാനുമറിയാമോ?

ആശയം വെളിവാക്കും വ്യാഖ്യാനം കാണാതുള്ളൊ-
രീശകാവ്യചിന്തയാൽപ്പുരികം നരച്ചല്ലോ.

നിശ്ചയമില്ലാതാരും പകയ്ക്കും പാഴ്‌വാക്കാലീ-
വിശ്വകാവ്യത്തെപ്പററി പ്രസംഗിപ്പോനല്ല ഞാൻ.

മംഗല്യമഹനീയ സൗരഭമാർന്നോരിതിൻ
സംഗീത പ്രവാഹത്തിലെൻ തല തണുത്തെങ്കിൽ!

ഒന്നു തോന്നുകയാണു രാപ്പകലെടുത്തു നി-
ന്നെന്നുമീ മഹാകവിക്കടി കുമ്പിട്ടാൽപ്പോരും.

കെ. കെ. രാജാ—ഹർഷാഞ്ജലി

## 181. ദീർഘയാത്ര

അഴലിൻ കരിനിറം പൂണ്ട മണ്ണിൽ
നിഴലിച്ചോരാനന്ദമെൻെറ ജീവൻ.

കൃതിയും നിയതിയുമെൻെറ കൈകൾ
അതു രണ്ടും വീശി നടക്കുമീ ഞാൻ.

വഴിയിലുഷസ്സിൻെറ പൊന്നിൻകിണ്ണം
വഴിയുമാ മുന്തിരിച്ചാറു മോന്തും.

അഴകിയ താരങ്ങൾ തങ്ങുമല്ലിൻ
വഴിയമ്പലത്തിൽക്കിടന്നുറങ്ങും.

എഴുനേററടഞ്ഞ മിഴി തുറന്നാൽ
പഴയ പടിക്കേ നടക്കും പിന്നെ.

മറവിതൻ മാറാപ്പെടുപ്പാൻ മാത്രം
മറവിയുണ്ടായിട്ടില്ലിത്ര നാളും.

അവസാനമെന്നെൻെറ ദീർഘയാത്ര-
യ്യെവിടെച്ചെന്നെത്തും ഞാനാക്കറിയാം?

കെ. കെ. രാജാ

## 182. ദാസിയുടെ ചെങ്കോൽ

ഉലകുടയോനുടെ കോവിലകത്തിൻ
കലവറ ചെന്നു തുറക്കാനും

വില പെരുകീടുമപൂർവ്വപദാർത്ഥം
പലതും തേച്ചുതുടപ്പാനും

മനുജതയെന്നൊരു ദാസിപ്പെണ്ണി-
ന്നനുമതിയുണ്ടവളതിനാലേ

'തന്നുടെ മുതലൊന്നറിയണമെന്നാ-
ലെന്നെ വിളിക്കണമെജമാനൻ'

എന്നു തെളിഞ്ഞു ചിരിക്കെ പ്രണയം
കണ്ണിലൊളിഞ്ഞു കളിക്കുന്നു.

നാളെപ്പെണ്ണിനപാരതയുടെ ചെ-
ങ്കോലും കൈവശമാവില്ലേ?

തൻ കൈകൊണ്ടിത പാരിൻ പെരുമാൾ
പൊൻകോടീരം പൊക്കുന്നു.

കെ. കെ. രാജാ

## 183. മഴത്തുള്ളികൾ

ഇടികൾ കേട്ട മിന്നൽ ക-
ണ്ടിടയിടെ ബ്ഭയന്നുവോ?
കൊടിയ കാററു ചീററവേ
കിടിലമാർന്നു ചൂളിയോ?
മതി, വരുന്നു മാരി തൻ
മതി കവർന്ന തുള്ളികൾ
അറ തുറന്നു വേനലിൻ
ചെറിയ തടവുപുള്ളികൾ.

പല പദങ്ങൾ പാടിയും
പല നലങ്ങളോതിയും
അവർ വരുന്നു സംഘമായ്
നവയുഗത്തിനുണ്ണികൾ
അവശ മാതൃഭൂമി ത-
ന്നരിയ കണ്ണിലുണ്ണികൾ.
കടൽ കുതിച്ചിരമ്പവേ
കര തുടിച്ചു വെമ്പവേ
മലിനതയ്ക്കു, പഴമ തൻ
മണലണയ്ക്കു, തട്ടുവാൻ
ക്ഷിതിയിലെസ്സമൃദ്ധി തൻ
കതകിനാഞ്ഞു മുട്ടുവാൻ
അവർ വരുന്നു മേൽക്കുമേൽ
നവ വിമാനസേനകൾ.

പൃഥിവിയൊക്കെ വെല്ലുവാൻ
മതിയവർക്കു മാത്രകൾ.
പല വഴിക്കു കാൺക തൻ
തുമുല ഘോഷയാത്രകൾ.
കുശലമോതിയേൽക്കുവാൻ
കുരുവി പോലുമില്ലയോ?
എവിടെ നൃത്തലോലകൾ
വിവിധ പുഷ്പ ബാലകൾ?
അണിയറയ്ക്കകത്തു താ-
നതിഭയേന വാഴ്കയോ?
എവിടെ എവിടെ വേനലിൻ
കവികൾ കോകിലാദികൾ?
പരിഭവിച്ചു ഗൂഢമായ്
പരിഹസിച്ചിരിക്കയോ?

മലരുമില്ല പൈങ്കിളി–
സ്സുദിരുമില്ലയെങ്കിലും
കുട വിരിപ്പു കുപ്പതൻ
കുടിലിൽനിന്നു ക്ലണകൾ.
കുരവയിട്ടിടുന്നു നീർ–
ക്കുഴിയിൽ നിന്നു തവളകൾ.
വിരിവു ക്ലണിലെന്മനം
പരുഷമെൻെറ നിസ്വനം
വരിഷഗാഥ നീററിലെ–
പ്പരിഷയൊത്തു പാടുവൻ
വരിക മോഹനങ്ങളേ
വരിഷ നീർക്കണങ്ങളേ
നവയുഗക്കിടാങ്ങളേ
പുകഴ്‌വതിന്നു നിങ്ങളെ
എവിടെയെൻെറ രാഗവും
തവള തൻ വിരാവവും?

അവനിവാനിടങ്ങൾ ചേർ–
ന്നണി വിപഞ്ചി തീർന്നതിൽ
വിശദമുണ്ടു താവകം
വിജയവീരഗീതകം.
അതു പകർന്നു നിങ്ങൾ തൻ
കഥ പറഞ്ഞുയർന്നിടും
അരുവി യാററു നാവിൽ നി–
ന്നരിയ നാട്ടു പാട്ടുകൾ.
പതിയുമായതാഴിതൻ
പതയുമേട്ടിലൊക്കയും
അതു മറിക്കമണ്ണിത–
ന്നലറുമൊച്ച മേലിലും.
വിന മുഴക്കെ വേനലിൻ
വിധി മുഴക്കിടും വിധം
തടവിൽ നിന്നു പുതുമഴ–
പ്പടയെ വാത്തിടും വിധം

വൈലോപ്പിള്ളി ശ്രീധരമേനോൻ—ഓണപ്പാട്ടുകാർ

## 184. സർപ്പക്കാട്ട്

1

പിന്നീടേട്ടനമൊത്തു ഗൃഹത്തിൻ
പിന്നിലിരുട്ടുകൾ കെട്ടിയ കാട്ടിൻ
സന്നിധി പൂകി രഹസ്യവിലങ്ങളി-
ലെന്മിഴി പാകിനടന്നേൻ ചുററും.
താഴേ വേരുകൾ, മീതേ ചേരുകൾ,
പാലയിലഞ്ഞികളിവയെപ്പുല്കി-
ച്ചൂഴേദ്ദലമെഴ മൂഞ്ഞാൽ വള്ളികൾ,
ചിരി തൂവീടും വെള്ളില വള്ളികൾ.

2

നാണത്തിന്റെ കുട്ടക്കകൾ, പങ്ങി
നടക്കും കൊച്ചു കുളക്കോഴികളൊരു
പാണൽക്കൊമ്പിൻ നിഴലിൽ ചാര-
ത്തീപ്പൊരി ചിന്നും പുള്ളിൻ കണ്ണുകൾ
വള്ളിയിലൊന്നു പുളഞ്ഞീലെങ്ങുമി-
ലയ്യോരു പത്തി വിരിഞ്ഞീലിരുളി-
ന്നുള്ളിൽ കരിയിലയൊന്നു കരഞ്ഞീ-
ലെവിടെപ്പോയെൻ നാഗത്താന്മാർ?

3

ഊരിയ വാളു പോലേ കീറി-
ത്തററ പഴന്തുണി പോലൊരു കൊമ്പിൽ
പാറിയലഞ്ഞു കിടന്നൂ വെള്ളി-
പ്പററുകളെഴുമൊരു പാമ്പുറ മാത്രം.
ഏട്ടനു പേടി കിളിർത്തു മെയ്യിൽ,
പേടിയിലാണെന്നാലും ഞാന-
ക്കാട്ടിലെയരചൻ തൻ കവചത്തിനു
കല്ലെറിയാതെയിരുന്നീലപ്പോൾ.

4

എന്നാൽദ്ധനുവിന്നിരവിൽ തണുവിൽ
പ്പുന്നാഗങ്ങളിലഞ്ഞികൾ പാലക-
ളൊന്നായ്പ്പൂത്തു വിഷത്തിലരച്ചൊരു
ചന്ദനഗന്ധമെടുത്തു വിലക്കെ
വെൺമ വളർന്ന നിലാവാൽ പുതിയൊരു
വെള്ളിലവള്ളി പുതയ്ക്കും കാടതി-
ലെൻ മനമെന്തൊരു കാഴ്ചകൾ കണ്ടു! വി-
ളിച്ചു വീട്ടിലുറക്കം വെറുതേ.

5

പാതാളങ്ങളിൽ നിന്നീ മണ്ണിൻ
　　പടിയറ വാതിൽ തുറന്നു വരുന്നൂ
പാർവണ ചന്ദ്രഫണങ്ങളിണങ്ങിയ
　　പൊൻമുടി ചൂടിയ മണിനാഗങ്ങൾ
വീരാളിപ്പട്ടാടയുടുത്തവർ,
　　വീരവളച്ചാർത്തണിയും പുരുഷർ,
വിരിയും പിച്ചി തൊടുത്തൊരു നെറുക...
　　ത്തിരികട കെട്ടിയ നാഗസ്ത്രീകൾ.

6

കോടിപ്പൊൻ കസവാടയുടുത്തവർ,
　　കോൽമിഴിയെഴുതിയ വാമകൾ പുറകേ
കൊച്ചു ഫണത്തിൽ ഗോപിക്കുറിയൊട്ട
　　കോമള വഞ്ചുള കൗമാരങ്ങൾ
കൈയ്യിൽത്തങ്കമുടക്കാൽ പുള്ളുവർ
　　കമ്രസ്വരമണി ചിതറുന്നേരം
കൈതത്തെച്ചിപ്പൂമലർ ചൂടി–
　　ക്കൈരളി പാടിയിരിക്കുന്നേടം

7

പൂർണ്ണസുധാകര രശ്മികൾ മുട്ടി–
　　പ്പൊടിയും നവരത്നത്തറ പോലാം
ജീർണ്ണശിലാക്കൂടത്തിനു ചുറ്റുമ–
　　ദീർണ്ണസുഖ ശ്വാസിതങ്ങൾ പരത്തി
കാട്ടിലെ നീരും പാലുമശിച്ചവർ
　　നൃത്തം ചെയ്താർ, കേട്ടിതു ഞാനാ–
പ്പാട്ടിൽ പണ്ടൊരു തുള്ളി നുകർന്നു
　　തുലഞ്ഞോരമൃതിൻ കഥയും വ്യഥയും

8

ഏതോ മാതൃഹിതത്താൽ കുടി വി–
　　ട്ടേഴലയാഴികൾ നീന്തിമുറിച്ചീ–
യേഴിലമലർ കളമെഴുതിയ നാട്ടി–
　　ലണഞ്ഞൊരു നാളിൻ മധുരസ്മൃതിയും
അങ്ങിനെ കണ്ടും കേട്ടുമുറങ്ങി–
　　സ്വപ്നം കണ്ടേൻ പിന്നെപ്പുലരിയി–
ലങ്ങു പുഴക്കളെ റാഞ്ചിയെടുത്തൊരു
　　വണ്ണാത്തിക്കിളി മാത്രം പാടീ.

വൈലോപ്പിള്ളി ശ്രീധര മേനോൻ—വിത്തും കൈക്കോട്ടും

## 185. മാമ്പഴം

1

അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ–
യമ്മതൻ നേത്രത്തിൽനിന്നുതിർന്നു ചുടുകണ്ണീർ.

നാലു മാസത്തിൻ മുമ്പിലേറെ നാൾ കൊതിച്ചിട്ടീ–
ബ്ബാലമാകന്ദം പൂവിട്ടുണ്ണികൾ വിരിയവേ

അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ച പോ–
ലമ്മലർച്ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തി.

ചൊടിച്ചു മാതാവപ്പോൾ 'ഉണ്ണികൾ വിരിഞ്ഞ പൂ–
വൊടിച്ചു കളഞ്ഞല്ലോ കുസൃതിക്കുരുന്നേ! നീ.

മാങ്കനി വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുല തല്ലുന്നതു തല്ലു കൊള്ളാഞ്ഞിട്ടല്ലേ?'

പൈതലിൻ ഭാവം മാറീ, വദനാംബുജം വാടീ,
കൈതവം കാണക്കണ്ണു കണ്ണുനീർത്തടാകമായ്.

'മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെ'ന്നവൻ
മാൺപെഴും മലർക്കുലയെറിഞ്ഞു വെറും മണ്ണിൽ.

വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ!
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ.

2

തുംഗമാം മീനച്ചൂടാൽത്തൈമാവിൻ മരതക–
ക്കിങ്ങിണി സൗഗന്ധിക സ്വർണ്ണമായ്ത്തീരും മുമ്പേ

മാങ്കനി വീഴാൻ കാത്തു നില്ക്കാതെ മാതാവിന്റെ
പൂങ്കുയിൽ കൂടും വിട്ടു പരലോകത്തെപ്പൂകി.

വാനവർക്കാരോമലായ്പ്പാരിനെക്കുറിച്ചുദാ–
സീനനായ് ക്രീഡാരസലീനനായവൻ വാഴ്കെ

അങ്കണത്തൈമാവിൽ നിന്നാദ്യത്തെപ്പഴം വീഴ്കെ
അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ.

തൻ മകന്നമൃതേകാൻ താഴോട്ടു നിപതിച്ച
പൊൻപഴം മുററത്താർക്കും വേണ്ടാതെ കിടക്കവേ

അയൽപക്കത്തെക്കൊച്ചു കുട്ടികളുത്സാഹത്തോ–
ടവർ തൻ മാവിൻ ചോട്ടിൽക്കളിവീടുണ്ടാക്കുന്നു.

'പൂവാലനണ്ണാർക്കണ്ണാ! മാമ്പഴം തരികെ'ന്നൾ–
പ്പൂവാളും കൊതിയോടേ വിളിച്ചു പാടീടുന്നു.

ഉതിരും മധുരങ്ങളോടിച്ചെന്നെടുക്കുന്നു
മുതിരും കോലാഹലമംഗലധ്വാനത്തോടും.

വാസന്ത മഹോത്സവമാണവർക്കെന്നാലവൾ-
ക്കാഹന്ത! കണ്ണീരിനാലന്ധമാം വർഷാകാലം.

3

പുരതോ നിസ്തബ്ധയായ് തെല്ലിട നിന്നിട്ടു തൻ
ദുരിതഫലം പോലുള്ളപ്പഴമെടുത്തവൾ

തന്നുണ്ണിക്കിടാവിൻെറ താരുടൽ മറചെയ്ത
മണ്ണിൽത്താൻ നിക്ഷേപിച്ചു മന്ദമായേവം ചൊന്നാൾ:

'ഉണ്ണിക്കൈയ്യെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ.

നീരസം ഭാവിച്ചു നീ പോയിതെങ്കിലും കുഞ്ഞേ!
നീയിതു നുകർന്നാലേ അമ്മയ്ക്കു സുഖമാവൂ.

പിണങ്ങിപ്പോയീടിലും പിന്നെ ഞാൻ വിളിക്കുമ്പോൾ
കുണുങ്ങിക്കുണുങ്ങി നീയുണ്ണുവാൻ വരാറില്ലേ?

വരിക കണ്ണാൽക്കാണാൻ വയ്യാത്തോരെൻ കണ്ണനേ!
തരസാ നുകർന്നാലും തായതൻ നൈവേദ്യം നീ.'

ഒരു തൈക്കുളിർകാററായരികത്തണഞ്ഞപ്പോ-
ളരുമക്കുഞ്ഞിൻ പ്രാണനമ്മയെയാശ്ലേഷിച്ചു.

വൈലോപ്പിള്ളി ശ്രീധര മേനോൻ—കന്നിക്കൊയ്ത്ത്

## 186. ഇന്ന്

1

അമ്മൂ! വരികെന്നടുത്തു നീ നില്ക്കുക
നമ്മുടേതാണീച്ചെറിയ വിനാഴിക

രണ്ടു ഭയങ്കര വാരാശികൾക്കിട-
യ്ക്കുണ്ടായ രക്ഷാനുമോദ കേദാരകം

സ്നേഹസമ്മിശ്രാവകാശം പരന്നെഴും
മോഹനമായ മരതകപ്പുൽപ്പുറം

കോകിലം കൂവും കനക വീണാരവം
തേൻ കനിഞ്ഞാടുന്ന വാസന്തസൗഭഗം.

2

പിച്ചകവല്ലിക്കുടിലിൻ മണത്തിനു–
മിച്ഛ പരന്ന മരത്തിൻ തണലിനും

ഭവ്യതേ! കൈയ്യ് തൊഴാം ഞങ്ങൾ–പോരാ, തവ
നിർവ്യാജമൈത്രിക്കടിഞ്ഞു, സാഷ്ടാംഗമായ്.

വാരൊളിക്കണ്ണുനീർ വാർത്തു സമ്പൂർണ്ണമീ
നേരത്തെയെത്ര കീർത്തിച്ചാൽ മതി വരും?

നോക്കുന്നതെന്തിനാ'ണിന്നലെ'പ്പുറവാ–
നൊക്കാത്ത നമ്മുടെ തീരസ്ഥലത്തിനെ?

'നാളെ'ത്തമസ്സിൻ തിരയിലനിശ്ചിതം
നാളീകലോചനേ! വീണപോം മുമ്പിലും

ചേർന്നു നിന്നീടുകെൻ വാമഭാഗത്തു ഏ–
ത്തൂർന്ന മന്ദസ്മിതമെന്നിൽപ്പകർന്നു നീ.

കാലവും.........കർമ്മവും.........നമ്മളടിമകൾ.........
ചേലിലീ മിത്ഥ്യാ വിരൂപം തകർക്കുക.

വാത്സല്യകോരകം താനേ വിടിർന്നിതാ
ചിത്സൗകുമാര്യം പൊഴിക്കുന്ന വേളയിൽ.

തൈക്കാട്ടു ചന്ദ്രശേഖരൻ നായർ—കനകവീണ

## 187. സൗന്ദര്യപൂജ

1

പൂനിലാവൊളിയാം കാട്ടു
പൂഞ്ചോലച്ചാർത്തിനപ്പുറം
തിങ്ങി നിൽക്കും മഹാരണ്യ–
ഗോപുരങ്ങൾക്കുമപ്പുറം

2

പൊൻതാഴികക്കുടം ചൂടി
നില്ക്കുന്നു ദേവപൂജതൻ
വാദ്യഘോഷം മുഴങ്ങുന്ന
വെളിച്ചത്തിൻെറയമ്പലം.

3

കേഴുന്നു മോചനം കാത്തു
തോടിന്നുള്ളിലിളം കിളി

തിമിരം കീറുവാനെന്തു
വഴിയെന്നോർത്തു കോരകം.

4

കൂരിരുട്ടിൻ തോട്ടു കൊത്തി–
യുടച്ചാനന്ദകമ്പയാൽ
വിൺമരത്തിൽപ്പറന്നേറി
മെല്ലെക്കാല്യവിഹംഗമം.

5

രാക്കരിക്കിൻ കണ്ണു കുത്തി–
ത്തള്ളും വെള്ളം തെറിക്കവേ
ചിരിച്ചുകൊണ്ടൊന്നു കണ്ണു
ചിമ്മിപ്പോയ് പുലർതാരക.

6

വിണ്ടലപ്പൂക്കളുതിരും
ശാന്തകാനന വീഥിയിൽ
കൊടി കേറി മുടങ്ങാതെ–
യുഷഃക്ഷേത്രമഹോത്സവം.

7

തിമിരം തിന്ന നേത്രങ്ങൾ–
ക്കാലോകമരുളുന്നതാം
പൊന്നമ്പലത്തിൽ വാഴുന്നു
കലകൾക്കധിനാഥയാൾ.

8

തമോവിഷം തീണ്ടി വാട്ടും
ജീവന്നമൃതമൂട്ടവോൾ
തൃക്കൈയ്‌വിരലിനാൽ തൊട്ട–
തൊക്കെയും തങ്കമാക്കുവോൾ

9

തുരുമ്പു കേറിയോരന്ത–
രാത്മാവിൻ മണിവീണയിൽ
പ്രപഞ്ചം തേൻകുഴമ്പാക്കും
നാദബിന്ദു തുളിക്കുവോൾ

10

അവിദ്യയാം മഹാമോഹ–
മൃത്യു ബാധയൊഴിക്കുവോൾ
പുൽക്കുമ്പുകൾക്കനുദിന–
മുടയാടകൾ നല്കുവോൾ

11

മണൽത്തരിക്കും ബ്രഹ്മാണ്ഡ—
മണ്ഡലത്തിനുമൊന്നു പോൽ
വിലയം വിട്ടു ചൈതന്യ—
കല കോരി വിളമ്പുവോൾ

12

ചമ്പകാശോകപുന്നാഗ—
സൗഗന്ധികസുമങ്ങളാൽ
സൗരഭം വീശുമാ നീല—
പ്പൂരിവാർകുഴൽ ചിക്കുവോൾ

13

മൃതസഞ്ജീവിനിയ്യൊപ്പം
കദംബവിപിനങ്ങളിൽ
സുവർണ്ണരശ്മി സഖിക—
ളിട്ടമൂഞ്ഞാലിലാട്ടുവോൾ

14

മൂകമാമൂഴിതൻ നാവി—
ലക്ഷരങ്ങൾ വിതയ്ക്കുവോൾ
കാർവണ്ടുകൾക്കഭിനവ—
പുഷ്പഗ്രന്ഥങ്ങൾ നല്കുവോൾ

15

മൂകാസുരൻ രാവു കെട്ടും
ഹൃദയഗ്രന്ഥിയൊക്കയും
ഛേദിച്ചു പറവച്ചാർത്തിൻ
ചുണ്ടിൽഗ്ഗാനമുയർത്തുവോൾ

16

സ്വതന്ത്രമാമഭിനവ—
ജീവത്സാഹിത്യ സൃഷ്ടിയാൽ
വിശ്വസാഹിത്യ പരിഷത്—
സ്ഥിരാദ്ധ്യക്ഷതയേററവൾ

17

അണ്ഡകോടി തൊഴും നാദ—
സാമ്രാജ്യങ്ങൾ ഭരിക്കുവോൾ
കുങ്കുമാർച്ചനയാൽ വാനിൽ
തമഃകാളിമ നീക്കുവോൾ

18

സ്വയംഭൂവാം മഹാജ്യോതിർ—
ലിംഗപീഠത്തിൽ വാഴുവോൾ
വാനോരൊരുക്കമത്തങ്ക—
ത്തേർത്തട്ടിലെഴുന്നള്ളുവോൾ

19

ആമ്നായ ശുദ്ധ ശ്രീവിദ്യാ—
ശംഖനാദം മുഴങ്ങിടും
പൊന്നമ്പലത്തിൽ വാഴുന്നു
കലകൾക്കധിനാഥയാൾ.

20

മാറി നില്ക്കുക രാവിൻെറ
മഹിഷാസുരസൈന്യമേ!
എഴുന്നള്ളുകയായ് അർക്ക—
ചക്രമുദ്ര ധരിച്ചവൾ.

പി. കുഞ്ഞിരാമൻ നായർ—കളിയച്ഛൻ

## 188. പഴയ ഏടുകൾ

1

ഏകാന്തത തൻ ഹിമശൈലസാനുവിൽ
ശോകാന്ധനേകാകിയായിച്ചരിക്കവേ

നിസ്തബ്ധമാക്കി തച്ചിത്തത്തെ ഹൃദ്രക്ത—
നിഷ്യന്ദമാകും വിലാപഗീതസ്വരം.

'പ്രീത്യാ ക്ഷണിക്കുന്നു ഭാവി ക്ഷുധകളാൽ
പേർത്തും വലഞ്ഞുള്ള വിജ്ഞാനപാന്ഥനെ

പാവനാതിഥ്യയജ്ഞത്താൽ ഹിമശൈല—
ദേവഗൃഹത്തിന്നധിനാഥയായ ഞാൻ.

ഈ മന്നിലുണ്ടോ ഹൃദയാലുവാം പുമാൻ
മാമക ദുഃഖകഥയൊന്നു കേൾക്കുവാൻ?

ശോകവ്രതത്തിൻ ഗിരിദുർഗ്ഗസീമയി—
ലേകയായ് വാഴ്വൂ ഞാൻ പ്രേമസന്ന്യാസിനി.

ഇ സ്ഥലം കാത്തുപോന്നീടുവാനായെന്നെ
നിർത്തീ ശ്മശാനവിഹാരിയാം ശങ്കരൻ,

പ്രാർത്ഥിക്കയാണു ഞാൻ പാന്ഥ! ദർശിക്കുവാൻ
പ്രാചീനമാമീ പ്രദർശനമന്ദിരം.

ചിത്രങ്ങൾ കണ്ടു ഹൃദയമുണ്ടെങ്കിലോ
പൊട്ടിക്കരയൂ, ചിരിക്കൂ യഥേഷ്ടമായ്.

വിസ്മൃതി മാറാല മുദ്ര പതിച്ചൊരീ
വിസ്തൃത രാജ്യ ശവകുടീരങ്ങളെ

ക്രൂരിരുൾപ്പൊന്തകൾ കാത്തു വരുന്നൊരീ
വീരസ്മരണ തൻ ദേവാലയങ്ങളെ

അന്തിത്തിരികൾകൊണ്ടർച്ചന ചെയ്യുവാ—
നന്ധവിലാപമധു നിവേദിക്കുവാൻ

മുക്കിൽ കിടന്നു നിറം കെട്ടുപോയൊരു
സംസ്കാരവീണയെടുത്തു തുടക്കുവാൻ

കാനനവേണു നികുഞ്ജത്തിൽ വാഴ്കയാം
കാലപ്രഭുവിനാലാജ്ഞപ്തയായ ഞാൻ.

കോവിലിലെൻ തുണയ്ക്കുണ്ടു കെടാത്തൊരു
ഭാവിപ്രഭാതൈക ദീപ്തമാം ദീപവും.

സ്വച്ഛനിലാപ്പട്ടുടപ്പിച്ച കാടിതി—
ലെത്തുന്ന ഹേമന്തരാത്രിയോരോന്നുമേ

മൽക്കഥ കേട്ടു നിലകൊള്ളുമങ്ങിനെ
മഞ്ഞണിക്കണ്ണീർ വഴിഞ്ഞ മുഖവുമായ്.

നിശ്ചലം കണ്ണുമടച്ച തല താഴ്ത്തി
നില്ക്കും വസന്താന്ത്യനാളിലെപ്പൂക്കളോ

സാരള്യബുദ്ധ്യാ ചെവിക്കൊള്ളുമെന്നുടെ
സാമ്രാജ്യ ജീവചരിത്ര കഥകളെ.

2

ശാന്തിസുഖത്തിൻ പരിവേഷ വീചിയിൽ
നീന്തിക്കളിക്കുന്നൊരാർദ്ര ഭാവത്തൊടും

മാർഗ്ഗം തെളിയിച്ചുകാട്ടി നടക്കയായ്
ഭൂതാനുകമ്പതൻ രശ്മി കണക്കവർ.

നിശ്ചല കാനനാംഭോധിയിൽ ദ്വീപായി
നില്ക്കും ഹിമശൈലസാനുവിൽ നിന്നവർ

ഉത്കടാവേശസ്മൃതിയാൽ വിറ കൊണ്ടു
തെക്കോട്ടു നീട്ടി നിരാഭരണം കരം.

'ഇങ്ങു നിന്നങ്ങോട്ടു നോക്കിയാൽ കാണുന്ന-
തില്ലയോ വീണുതകർന്ന പൊന്നമ്പലം

ചിത്തം കുളിർപ്പിച്ചൊരപ്സരസ്ത്രീയുടെ
നൃത്തം നിലച്ചൊരു മോഹന മണ്ഡപം

അദ്രിഭ്രതത്തിൻ നിഴൽപ്പാടിനോടൊത്തു
രുദ്രൻ ചരിക്കും പെരും ചുടലക്കളം?

ആ മഹാരാജ്യ സമാധികുടീരമാ-
മാസേതുമദ്ധ്യസ്ഥ മാകുമിബ്ഭൂതലം

ദൃഷ്ടമാകുന്നു വികൃതിക്കളിക്കിടാ—
വിട്ടെറിഞ്ഞുള്ള കളിക്കോപ്പു പോലവേ.

കാളിക്കു നൽകിയ പൂജാബലികളാൽ
കാമിത സിദ്ധികൾ കൈയ്യുന്നിടാതെ താൻ

നീലിമ കോലുന്നൊരംബരം ചുററിയ
ശൈലവൃക്ഷങ്ങൾ തൻ ശീതളച്ഛായയിൽ

ആറടി മണ്ണിൽ കിടക്കുന്നിതാര്യൻെറ
ആദ്യ സന്താനമാം രാജ്യപരിഷ്കൃതി!

ഏതിൻെറ ബാഹ്യ സൗന്ദര്യപ്പൊലിമയിൽ
വ്യാസൻെറ തൃക്കണ്ണുപോലുമൊന്നഞ്ചിയോ

അബ്ഭവ്യ സാമ്രാജ്യ ഗോപുരമന്ദിര—
മന്നന്നിടിഞ്ഞു, നിലം പൊത്തി മെല്ലവേ.

ആർതൻ പരിഷ്വംഗസൗഖ്യം കൊതിച്ചതാ-
നാട്ടിയകററിനാൻ സത്യധർമ്മങ്ങളെ

അക്കോട്ടം വേശ്യയാൽ സാമ്രാജ്യലക്ഷ്മിയാൽ
ധിക്കൃതനായീ ധൃതരാഷ്ട്രനന്ദനൻ.

ധൃഷ്ടനാം കാലസേനാനി തൻ കാലിനാൽ
സംസ്പൃഷ്ടമായ് ധന്വിയാം ദ്രോണൻെറ മസ്തകം

ഇഷ്ടവയസ്യനെ വേർപിരിയാതെ താൻ
തൊട്ടുതൊട്ടിക്കിടക്കുന്നു കർണ്ണനും.

ഖാണ്ഡവക്കാടിനു പൂപ്പന്തലിട്ടോരു
ഗാണ്ഡീവമാം വില്ലണിഞ്ഞോരു വീരനും

വേർപെട്ട ജീവിത സാരഥിതൻ മുഖം
ധ്യാനിച്ചു കണ്ണുമടച്ചു കിടക്കയാം,

ആരുടെ നിശ്വാസമാരുതനേററൂ
ഭീമൻെറ പൗരുഷമാളിജ്ജ്വലിച്ചുവോ

തിണ്ടുമപകാരമൊക്കെ മറന്നുകൊ—
ണ്ടിങ്ങു താനല്ലോ കിടക്കുന്നു പാർഷതി.

ശ്രീ കാളിദാസ സരസ്വതിയാരുടെ—
യേകാന്ത ഹൃത്തിലമൃതം നിറച്ചുവോ

ആ വിക്രമാർക്കക്ഷിതീശ്വരനിന്നഹോ!
പൂവണിപ്പച്ച വിരിപ്പിൽ ശയിക്കയാം.

സോദരരക്തത്തിൽ മുങ്ങിക്കുളിച്ചു തൻ
ചാരത്തണഞ്ഞ വിജയ വനിതയെ

കണ്ടുനടുങ്ങിയൊരാർ തൻ കരത്തിൽ നി—
ന്നന്നു വഴുതിയോ ഹിംസാകൃപാണവും

തന്നനുതാപ നയനനീർ കൊണ്ടവ—
നന്നു കഴുകിയോ പാപപങ്കത്തെയും

ആ മഹാസാമ്രാജ്യ നേതാവശോകനും
മാമരക്കൊററക്കുടക്കീഴിൽ വാഴ്കയാം.

സന്തപ്ത ചാണക്യ വൈരപ്രതികാര—
വഹ്നി വമിച്ചൊരു മൗര്യ സിംഹാസനം

ചന്ദ്രഗുപ്തൻ തൻ സ്മൃതിയിലുറച്ചൊരു
ധന്യശിലാതലമായിക്കിടക്കയാം.

എന്നു ചകിതയാം പത്മിനീ റാണിക്കു
വഹ്നി ഭഗവാനഭയമരുളിയോ

അന്നീ നിലത്തടിഞ്ഞതല്ലോ നിരാശ തൻ
ചെന്തീ വമിച്ചു ദഹിച്ചൊരലാവുദീൻ.

യാമുനസൈകതത്തട്ടിലതാതിട—
മാനന്ദനിദ്ര കൊള്ളുന്ന മണൽത്തരി

അക്ബർ ഷാ തന്നുടെ പൊന്നു ചെങ്കോലിനു
ചുററും കറങ്ങിയ സാമ്രാജ്യമല്ലയോ?

പുണ്യ യമുനാസരിത്തട സീമയി—
ലിന്നു ലതാവലി മൂടിയോരസ്ഥലം

ചിത്തം മദിപ്പിച്ച പൊൻ പനീർപ്പൂവുകൾ
നൃത്തം ചവിട്ടിയ മോഹന രംഗമാം,

ചെറെറാന്നറംഗസീബേന്തിയിരുന്നൊരു
ചെങ്കോലിനോടൊപ്പമെങ്ങോട്ടൊഴുകിയോ

രത്ന സാമ്രാജ്യപ്പെരുമകൾ കണ്ടതാം
സ്വർഗ്ഗത്തൊടൊത്ത മായൂരസിംഹാസനം?

രാജചരിതസ്മൃതി സ്തംഭമല്ലയോ
രാജപുത്താന തന്നദ്രിയോരോന്നുമേ?

കാലമൊരക്ഷരം പോലുമേ മാച്ചാതെ
കാത്തു രക്ഷിക്കും പ്രതാപൻെറ പൗരുഷം

അന്നു ഭവാനി തൻ നാഥനാം ശ്രീ ശിവ—
നദ്രിദുർഗ്ഗത്തിൽ സുവിശ്രമം കൊൾകയാം.

നൂർജിഹാനേതൊരു തോപ്പിൽ പതിയുടെ
മാർത്തടത്തിൽ തല ചാച്ചുകിടന്നുവോ

അദ്രിക്കിലിന്നു വിടർന്നു നിന്നീടുന്നു
മദ്യസുരഭികൾ രണ്ടു മലരുകൾ.

നിർഭാഗ്യയായ ഞാനെന്തിനിനിയുമേ
നോവിപ്പതീ നീണ്ട ദുഃഖ കഥകളാൽ?

കാലം മറന്നൊരീ ദുഃഖപ്രദർശന—
ശാലതൻ വാതിലടച്ചു പൂട്ടട്ടെ ഞാൻ.

ഇററു വീണീടേണ്ട ബാഷ്പമൊന്നെങ്കിലു—
മിക്കഥ നീട്ടിയ കൊച്ചു കൈക്കുമ്പിളിൽ.

ഭൂതകാലത്തിൻെറയോമൽ സ്മൃതികൾക്കു
പാതിരാച്ചന്ദ്രൻ നറും പാൽ കൊടുക്കിലും

കണ്ണടച്ചുള്ളൊരെന്നോമന തന്മുഖം
കണ്ണുനീർപ്പൂക്കൾകൊണ്ടിട്ടു മൂടട്ടെ ഞാൻ.'

പി. കുഞ്ഞിരാമൻ നായർ—വാസന്തിപ്പൂക്കൾ

## 189. മൺകുടത്തിൻെറ വില

തുടർന്നിതു ജനനിയാൾ സുതയൊടു 'കടം കൊണ്ട
കുടത്തിൻെറ വിലയിന്നും കൊടുത്തില്ലേ നീ?'

മണിഭൃംഗമനം തേടിയണഞ്ഞിരവറുതിയിൽ
പുണരുന്ന ധനുമാസമധുമാവിന്മേൽ

മുരളിയുമൂതി നവമകരന്ദകിസലയം
ചൊരിയുമാതിരക്കയിൽ പറന്നുവല്ലോ.

അണിനിലാവൊളി തേവി നനയ്ക്കുന്ന മകരത്തിൻ
കണിപ്പൂഞ്ചു മണിമാലയണിഞ്ഞുവല്ലോ.

പുഴയിൽനിന്നൊരു കററക്കഴ കെട്ടിത്തിരിച്ചൊരീ–
ക്കുഴിയിലെജ്ജലം വററിക്കഴിഞ്ഞുവല്ലോ.

ചെറുപള്ളം പടർന്നൊളി വിടർന്നതിൻ തലയിലേ
മരതകമണിമുടിയുറച്ചുവല്ലോ.

വടിവൊത്ത ചെറുചേനത്തുടരണിപ്പൂതുമങ്ക–
ക്കൊടിയുടെയടിവയർ കനത്തുവല്ലോ.

മുളകിൻെറ വിരലുകൾ പവിഴച്ചാർത്തണിഞ്ഞല്ലോ
വഴുതിനപ്പൂവൽ കൊഴുത്തുരുണ്ടുവല്ലോ.

തളിരിളം വെള്ളരിയിൽ, തെളിമഞ്ഞക്കറി തൊട്ട–
മിളവനിൽ, ഞെറി വെച്ച കുളിർമത്തയിൽ,

മണിയറയിലുമണിത്തളത്തിലും തൊഴുത്തിലും
കണി വെയ്ക്കും തനിത്തങ്കക്കുടങ്ങൾ പൊങ്ങി.

ചെറുനിറക്കുടമതിൻ കുറുംകരൾക്കകത്തല്ലോ
പിറന്നതീ മരതകഭുവനമെല്ലാം.'

തുടർന്നിതു ജനനിയാൾ മനം ചുട്ട 'കടം കൊണ്ട
കുടത്തിൻെറ വിലയിന്നും കൊടുത്തില്ലേ നീ?'

പൊരുളറിയാതെ കരിംചളിമണ്ണു പുരട്ടിയും
മറവിയിൽപ്പതനങ്ങളനുഭവിച്ചും

ഉടയാത്ത കുടമിടക്കടമിഴിക്കുളിർനീരാൽ
അടിമുടി നനച്ച പെൺകൊടിയാൾ ചൊല്ലീ:

'കൊട്ടപ്പതെങ്ങിനെയന്തിനന്ന കഴിഞ്ഞിവളെന്നും
കടവിനിക്കരെനിന്നു വിളിച്ചുനോക്കും.

മറുവിളിയില്ലെന്നല്ല പുറത്തു കാണുകയില്ല
തിരഞ്ഞുചെന്നാലും മായക്കുശവനാരെ.

മറന്നുവോ കിഴവനെന്തിനിയും തൻ വരശില്പ–
വിരുതിൻെറ വില വാങ്ങാൻ വരാത്തതമ്മേ!'

'മറക്കയോ? പരമോരോ കുടത്തിൻെറ കണക്കുമാ
മുതുമുത്തൻ കുശവൻെറ മനസ്സിലുണ്ടാം.

പരമൊരു പരീക്ഷണക്കെണിയിതെന്നറിഞ്ഞു നാം
നെറിവൊത്തിങ്ങിതിൻ വില കൊടുത്തില്ലെങ്കിൽ

കനിവേറും കുശവനാരറിയാതെയവസാനം
കരിങ്കാളി—മകൾ—നമ്മെത്തട്ടത്തുനിർത്തും.'

തുടർന്നിതു ജനനിയാൾ മനം വെന്തു 'കടം കൊണ്ട
കുടത്തിന്റെ വിലയിന്നു കൊടുക്കണം നീ.

ഞൊടിയിടകൊണ്ടു നമ്മളറിയാതെയൊരു ദിനം
ഉടഞ്ഞുപോം കുടം, കടമവശേഷിക്കും.'

പി. കുഞ്ഞിരാമൻ നായർ

## 190 വസന്തത്തോടു്

1

ആകണ്ണം മധുരസമുണ്ടിട്ടു വസന്തമേ!
പോകയാണല്ലോ നീയുമെന്തൊരു കൃതഘ്നത.

ഹേമന്തപ്രഭൃതികളെന്നുടെ കാൽക്കലെത്ര
തൂമുത്തു നിരത്തീല തൻ കണ്ണീർക്കണങ്ങളാൽ?

എന്മിഴിയതിലൊന്നു ചാഞ്ഞുപോയിരുന്നെങ്കിൽ
എന്നകമതിലല്പമാർദ്രമായ് ഭവിച്ചെങ്കിൽ!

മേനി ചൊല്ലുകയല്ല ഞാനിതു ഭവാനെന്റെ
മേനി തൊട്ടപ്പോഴതു ബോധ്യമായിട്ടുമില്ലേ?

ചന്ദനാചലമണിത്തെന്നലിൻ പിടിയിലോ
നന്ദിതപുംസ്കോകില ചഞ്ചുവിന്നിടയിലോ

ശോഭനാകൃതേ! പെടാതവതൻ കണ്ണിൽ പെടാ—
തീയോമൽ പൂങ്കോരകം ഭദ്രമായ് സൂക്ഷിക്കുവാൻ

ഞാനെത്ര വിഷമിച്ചിട്ടുണ്ടെന്നെങ്കിലുമൊരു
സ്നേഹസംസ്മരണയും കൂടാത്ത വിധം ഭവാൻ

ആകണ്ണം മധുരസമുണ്ടിട്ടു വസന്തമേ!
പോകയാണല്ലോ നീയുമെന്തൊരു കൃതഘ്നത.

2

എന്തൊരു പൊടിപൂരമായിരുന്നവിടന്നീ
പൂങ്കാവിലെഴുന്നെള്ളുമന്നുണ്ടായ്ച്ചമഞ്ഞതു്?

സ്തുതിപാഠകന്മാരാണെങ്കിലങ്ങനെ മുദാ
നടനം ചെയ്യോരാകിലവരും കുറവല്ല.

അവരെല്ലാരും ഭവനൊത്ത കൂട്ടുകാർ തന്നെ—
ന്നിവിടമായപ്പോഴേക്കെനിക്കും ബോദ്ധ്യമായി.

ഭാവൽകസന്ദർശനമാത്രയിലഹോ! ഞാനെൻ
പൂവൽ മെയ്യിനെപ്പോലും മറന്നുകളഞ്ഞവൾ.

ചെന്തളിർക്കിടക്കയിൽ പൂക്കളെ വിരിക്കാനും
ബന്ധുരാകൃതേ! സുഗന്ധങ്ങളെയൊരുക്കാനും

ചെന്താർപൊൻ ചഷകത്തിൽ തൂമധു നിറയ്ക്കാനും
വെമ്പൽ പെട്ടതിലെല്ലാം തനിയേയേർപ്പെട്ടവൾ.

എന്നനിന്ദിതഭക്തി എന്നവികല മൈത്രി
എന്നനുപമപ്രേമമൊന്നുമേ ചിന്തിയാതെ

ആകണ്ഠം മധുരസമുണ്ടിട്ടു വസന്തമേ!
പോകയാണല്ലോ നീയുമെന്തൊരു കൃതഘ്നത.

3

വാനിനെ വിളക്കുന്ന ശോഭയുള്ളൊരു ഭവാൻ
ഹാ! മമ സൗഭാഗ്യത്തെയെന്തിനായ് ബലി ചെയ്തു?

നന്ദനോദ്യാനത്തിലെ നിത്യാധിവാസത്തിൻെറ
ധന്യതയിതു മട്ടിലല്ലാതെ വന്നീടുമോ?

കണ്ടാലും വീണുപോയ പൂങ്കുലകളെ നോക്കി
വിണ്ടലം നെടുവീർപ്പു വിടുന്നു പാരവശ്യം.

ആ മൃഗാങ്കനെച്ചുററി പ്പററി നിന്നീടും ചില
പൊൻതാരസഹജകൾ ബാഷ്പപൂരത്തിൻ മദ്ധ്യേ

എന്നോടു കണ്ണിറുക്കിക്കാണിച്ചതെന്തിനിപ്പോ—
ളുൺമയായിനിയറിഞ്ഞാലുമെന്തിഹ ഫലം?

ചേതോമോഹനമായ പൂമെയ്യിൽ തടവിയ
ഭൂതികളശേഷവും പോയ കൂട്ടത്തിൽ തന്നെ.

ആയതിലഴൽപ്പെട്ടുകല്ലെൻെറ സർവസ്വവും
നേരിനായ് ബലി കഴിച്ചുള്ളതാണതു പോട്ടെ.

മേലിലീ വക വ്യാപാരങ്ങളിൽ പെട്ടവതൊ—
ന്നാലോചിച്ചിട്ടുമാത്രമിതുകൊണ്ടതു കിട്ടി.

4

ആരാമഭൃവേ! കാഷ്ഠമോരോരോ വഷത്തിലും
നീയിതു പിറുപിറുക്കുന്നതായ് കേൾക്കുന്നുണ്ടു്.

കേവലം നിൻെറയുള്ളിലവശേഷിച്ചനില്ലും
വാസനയുള്ള കാലം നീയിതു തന്നെ പാടും.

അയിത്തൂർ മാധവൻ പിള്ള

## 191 അടയിരിക്കുന്ന പക്ഷി

1

കുളിരിളം തെന്നലിലാടിയാടി
കുലകുലയായ്പ്പൂക്കൾ മോടി തേടി

മധുരസായാഹ്നത്തിനേററി ഭംഗി
മമ ഗൃഹോപാന്തത്തിൽ പൂത്തിലഞ്ഞി.

അതിനുടെ ചാഞ്ഞൊരു ചില്ലയിങ്ക–
ലല തല്ലും പൂങ്കുലച്ചെങ്കടലിൽ

പറവകുലകലാപാടവം പോ–
ലൊരു ചെറുക്കൂടതാ തങ്ങിനില്പൂ.

എഴുനില മേടതൻ പ്രൗഢഭാവം
തഴുകാൻ മടിക്കുമെൻ മുഗ്ദ്ധചിന്തേ!

തൊഴുതാലുമിക്കലാവൈഭവത്തിൻ
കഴലിങ്കൽ നമ്രശിരസ്സുമായ് നീ.

കനകമരീചികളെത്തി നോക്കും
കമനീയമക്കിളിവാതിലിങ്കൽ

പവിഴപ്പൊളികൊണ്ടടപ്പിട്ടൊരു
മരതകച്ചെപ്പതാ കാണാകുന്നു.

ഒരു ചെറു ചുണ്ടങ്ങ നാണിക്കുമാ–
ച്ചെറുതലയിങ്കലീ ലോകശില്പി

അഴകെത്ര മാത്രം നിറച്ചിട്ടുണ്ടെ–
ന്നളവിടാനാവതല്ലാർക്കുമർക്കാം.

ഇലയിലും പൂവിലും പുൽത്തകിടിൻ
തലയിലും പൊൻനിറം പൂശിനില്ക്കും

ഇളമഞ്ഞപ്പൂവെയിൽ നോക്കിനോക്കി–
യവളെന്തോ ചിന്തയിലാണ്ടിരിപ്പൂ.

2

മദകരവാസന്ത സന്ധ്യതൻെറ
മധുര മധുരമീ മഞ്ഞളിപ്പിൽ

മലയജമന്ദാനിലാശ്ലേഷത്തി–
ലല തല്ലും പുഞ്ചവയലിന്മീതെ

വിവിധ വർണ്ണങ്ങളിണങ്ങി മിന്നും
വിപുലമാം നീല നഭസ്സിൻ കീഴെ

അഴകിൻ ചിറകു വിരുത്തിപ്പാറു–
മൊരു നറും പച്ചിലത്തുണ്ടു പോലെ

തളിരിളം തത്തേ! നീയെന്തുകൊണ്ടോ
തെരുതെരെപ്പാറിപ്പറന്നിടാത്തൂ?

അതു ശരി, നിന്നാശാഭണ്ഡാരങ്ങ–
ളവിടെക്കിടപ്പുണ്ടാമണ്ഡകങ്ങൾ.

കുവലയ നീലമായ് ലോലമാം നിൻ
ചിറകിന്നടിയിലിളം ചൂടേററു

ലളിതയുവതതൻ ചാപല്യത്തി–
ലിളകിത്തുളുമ്പുന്ന ജീവിതത്തെ

പരിപൂതമാതൃത്വം വീണ്ടെടുത്തു
പരമമാം ത്യാഗം പാിപ്പിക്കയാം.

അറിയുന്നുണ്ടീ മാററമോമനേ! ഞാൻ
പുളകം പൊതിയും ഹൃദയത്തിനാൽ.

3

വിധുരമീ വാസന്തസായംകാലം
വിഫലമായ്പ്പോയാലുമെന്തു ചേതം?

മഹിത മഹിതമാം മാതൃഭാവം
മധുരപ്രണയത്തിൻ രത്നപീഠം

മലരടി പൂണ്ടവാൻ കാത്തുനില്പൂ,
മതി മതി—സമ്പൂർണ്ണം നിൻെറ ജന്മം!

കടത്തനാട്ടു കെ. മാധവിയമ്മ—ഗ്രാമശ്രീകൾ

## 192. ഞാൻ കണ്ട ഈശ്വരൻ

1

അന്തിക്കു നീലവിയത്തിലണിനിര–
ന്നന്തിസ്ഫുരിക്കുമുഡുക്കളിലും

ജാതകാരുണ്യമെൻ മേനി തലോടുന്ന
ശീതകിരണ കരങ്ങളിലും

തൂമണം ചേരുമിളംകുളിർകാററിലും
കോമളവല്ലീ നികുഞ്ജത്തിലും

പച്ചിലച്ചില്ലയിൽ തത്തിക്കളിക്കുമാ–
ക്കൊച്ചു പറവതൻ ഗാനത്തിലും

ഏതുമൊരാനന്ദമാളുവാനെന്നുടെ
ചേതസ്സൊരുങ്ങിയിരുന്നതില്ല.

2

ഘോരമാം കാററിലുലയും ചെറുകപ്പൽ
പാറയിൽ തട്ടിയുടഞ്ഞ പോലെ

എൻ മൃദുമാനസം പൊട്ടിത്തകർന്നഹോ!
മുങ്ങിത്തുടങ്ങുകയായിരുന്നു.

പച്ചപ്പുൽത്തിട്ടയിൽ മേനിയും നീലവിൺ
മച്ചിൽ മിഴികളും ചേർത്തുകൊണ്ട്

ആലംബമററുശയിക്കവെയെൻ കണ്ണിൽ
നാലഞ്ചു തുള്ളി ജലം പെരുകി.

ബാഷ്പകണങ്ങളല്ലായവയെൻ ജീവ–
രക്തത്തിൻ തുള്ളികളായിരുന്നു.

ഏതൊരു കണ്ണിലുൽഭൂതമായായശ്രു
ഏതൊരു കണ്ണിൽ തിളങ്ങി നിന്നു

ആ നയനങ്ങളിൽ തന്നെയുടനവ
മന്ദമായ് താണുതാണസ്തമിച്ചു.

3

നവ്യപരിമള ധോരണിയാലെന്നെ
അവ്യയൻ ആകാമുദ്ബുദ്ധയാക്കി.

മെല്ലെ വിടരുന്ന മുല്ലപ്പൂവൊന്നിതാ
വെള്ളപ്പൂമ്പാററപോലെൻെറ മുമ്പിൽ

താണുകിടന്നൊരു വല്ലിയിൽനിന്നു സ-
പ്രേമം മദാനനം നോക്കിനോക്കി

പുഞ്ചിരിക്കുന്നു തൻ പുണ്യപരിപാക-
സഞ്ചയ സൗരഭ്യം തൂകിടുന്നു.

എങ്ങുനിന്നെത്തിയാ ദിവ്യപരിമളം
എങ്ങിത്ര നാളുമിരുന്നിരിക്കാം?

ആരതെടുത്തു നിക്ഷേപിച്ചിരിക്കാമി-
സ്സാരമില്ലാച്ചെറു പൂവിനുള്ളിൽ?

ഈശ്വരൻ ദീനജനാശ്രിതനായൊരാ
ശാശ്വത പ്രേമനിലയനനെ

കണ്ടു ഞാനാച്ചെറു പുഷ്പത്തിലൂടേവം
കണ്ടു മനശ്ശാന്തി മാർഗ്ഗമേകം.

കൂത്താട്ടുകുളം മേരീ ജോൺ

## 193. മാതൃവിലാപം

1

ഓമനേ! മാമക ജീവസർവ്വസ്വമേ!
സീമാതിരിക്തമാം വാത്സല്യമേ!
ഹാ! മന്ദഭാഗ്യയെന്നേകാവലംബമേ!
ഈ മന്നിൽനിന്നു നീ പോയ്മറഞ്ഞോ?

2

തൂമണം തിങ്ങിത്തുളുമ്പുന്ന പൂക്കളാൽ
കോമളമാല്യം ചമച്ചു നന്നായ്
മാമകഹസ്തത്തിൽ ഭംഗി നോക്കീടുവാ-
നോമലേ! ആരിനിയർപ്പിച്ചീടും?

3

ചേതോഹരമാം മനോജ്ഞ സങ്കീർത്തന-
ഗീതാവലികളാലുൾക്കളത്തിൽ
ആ തുംഗനിർവൃതിയാരെനിക്കേകുമെൻ
പൈതലേ!യെങ്ങെനിക്കുത്സവം മേൽ?

4

പുത്തൻ പടങ്ങളും പട്ടുതുണികളും
മേൽത്തരം സോപ്പും പഴക്കുലയും

കൃത്യമായ് വാങ്ങിച്ച ഞാനിനിയാർക്കെൻെറ
നിത്യനിക്ഷേപമേ! സൂക്ഷിക്കണം?

5

നീയുമൊത്തുല്ലാസമായിക്കഴിഞ്ഞൊരെൻ
പോയ ദിനങ്ങൾ മനോഹരങ്ങൾ
നീയകന്നുള്ളൊരിക്കാലം കുമാരികേ!
കായും ഭയാനക ദുർദ്ദിനങ്ങൾ.

6

കന്യകയായ്ത്തന്നെ ജന്മം നയിക്കുവാ-
നന്നിയ ഞാൻ വിധിയോഗത്തിനാൽ
നിന്നുടെ മാതാവായ്ത്തീർന്നതു കണ്ടു നീ-
രെന്നും കുടിക്കുവാനായിരുന്നോ?

7

എത്ര കഠിനതപം ചെയ്തു വത്സലേ!
എത്ര ഞാൻ ക്ലേശം സഹിച്ചു കുഞ്ഞേ!
പുത്രിയായ് നിന്നെ ലഭിക്കുവാനായവ-
യത്രയും വ്യർത്ഥമായ്ത്തീർന്നുവെന്നോ?

8

നിന്മുഖചന്ദ്രനുദിച്ച ദിനം മുത-
ലെന്മനം പൂർണ്ണപ്രകാശമാർന്നു
കൺമണി! നിന്നുടെ പുഞ്ചിരിപ്പൂനിലാ-
വമ്മയാമെന്നെക്കൃതാർത്ഥയാക്കി.

9

തേഞ്ചോരിവാഴ്മലർ ചെറു വിടർത്തി നീ
യഞ്ചാതെ'യമ്മ'യെന്നാദ്യമായി
കൊഞ്ചിപ്പറഞ്ഞൊരനർഘ മധുമൊഴി
നെഞ്ചിലെനിക്കെത്ര മോദമേകി!

10

നീന്തിയിഴഞ്ഞു കളകളം തൂകിയെ-
ന്നന്തികത്തിങ്കൽ നീ മേവിടുമ്പോൾ
എന്തൊരാനന്ദമാണോമലേ! ഞാൻ സ്വയം
പന്തിയിലാർന്നതെന്നോതണമോ?

11

പിച്ച നടന്നു കളിക്കുന്ന വേളയിൽ
കൊച്ചു കാൽ തെററി നീ വീണുപോയാൽ
സ്വച്ഛചരിത്രയാമോമനത്തങ്കമേ!
മൂർച്ഛിച്ചു പോകുമീയമ്മയപ്പോൾ.

12

രാത്രിതന്നേകാന്ത വേളയിൽ നീയുണ—
ന്നാർത്തയായെന്നു കരഞ്ഞു പോയാൽ
ഹൃത്തടം പൊട്ടിത്തകരുകയായെനി—
ക്കുത്തമേ! കണ്ണുനീർ വാർത്തുപോം ഞാൻ.

13

വല്ല പനിയോ തളച്ചയോമൂലം നീ
തെല്ലു പരവശയായ്ച്ചമഞ്ഞാൽ
അല്ലലാൽ മൂടകയായെന്മനം പിന്നെ—
യില്ലെനിക്കാശ്വാസമേതുമോർക്കിൽ.

14

നിന്നുടെ പൂമൃദു മേനിയിലെങ്ങാനു—
മൊന്നു ചെറുനോവു സംഭവിച്ചാൽ
എന്നകതാരിലാണാ മുറിവേല്ക്കുന്ന—
തന്ന്യാദൃശമല്ലേ മാതൃപ്രേമം?

15

ഊണുമുറക്കവും പോലുമുപേക്ഷിച്ചെൻ
പ്രാണസമാനേ! നിനക്കു വേണ്ടി
കേണുകേണെത്ര നാൾ പോക്കി ഞാനെന്തുള്ളി—
ക്ഷോണിയിൽ പുത്രവാത്സല്യ തുല്യം?

16

നിദ്രയിൽപ്പോലും പിരിയാതെ നിന്നെ ഞാൻ
കാത്തു സൂക്ഷിച്ചതിലീർഷ്യയാലോ
ധൂർത്തനാം ദുർവിധി നിന്നെയെടുത്തുകൊ—
ണ്ടിത്ര വേഗത്തിൽ പറന്നതയ്യോ?

മുതുകുളം പാർവ്വതിയമ്മ—മാതൃവിലാപം

## 194. യാത്രപറച്ചിൽ

1

ജനിച്ച നാൾ തുടങ്ങിയെന്നെയോമനിച്ചു തുഷ്ടിയോ—
ടെനിക്കു വേണ്ടതൊക്കെ നല്കിയാദരിച്ച ലോകമേ!
നിനക്കു വന്ദനം; പിരിഞ്ഞു പോയിടട്ടെ ഞാനിനി—
ശ്ശനിക്കുഴപ്പമേശിടാത്ത ഭാവിയേ വരിക്കുവാൻ.

2

മരിച്ചിടും ജനിച്ച മർത്ത്യരൊക്കെയും വിതർക്കമി—
ങ്ങൊരുത്തരും പറഞ്ഞിടാത്ത സത്യമാണതെങ്കിലും

മരിച്ചതിൻെറ പിമ്പു മറെറാരന്തമററ ജീവിതം
വരിച്ചിടുന്നതാണു മർത്ത്യനുള്ള മേന്മയോർക്കു നീ.

3

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്രവിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാററമൊന്നുമില്ലതിൽ.

4

ഒരിക്കലിജ്ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം.

5

ഇഹത്തിലേ ധനം സുഖം യശസ്സുമാഭിജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല മർത്ത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കു പെട്ടിടാത്ത പുണ്യമൊന്നു താൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും.

6

അനന്തമായ ജീവിതം സുഖത്തൊടേ നയിക്കുവാൻ
ധനം കരസ്ഥമാക്കിടുന്നതിന്നു പോകയാണു ഞാൻ
മിനുങ്ങി മിന്നിടുന്ന പുച്ഛനാണയങ്ങളൊന്നുമേ
എനിക്കു വേണ്ടവസ്തു ഞാൻ വശപ്പെടുന്നതല്ല മേൽ.

7

സമസ്തവും ത്യജിച്ചു ഞാനിറങ്ങിടുന്നു ധീരരാം
ശമിപ്രവീരരെത്തുടർന്നു ജീവിതം നയിക്കുവാൻ
ക്ഷമിച്ചിടട്ടെ ലോകമെൻെറ സാഹസപ്രവൃത്തിയെ
ശ്രമിച്ചിടട്ടെ ഞാനിതിൽ പ്രശസ്തമാം ജയത്തിനായ്.

8

വിളക്കു ഞാൻ തെളിച്ചുകൊണ്ടിറങ്ങിടുന്നിതാ വൃഥാ
വിളിച്ചിടേണ്ടൊരുത്തരും തിരിഞ്ഞു നോക്കുകില്ല ഞാൻ
തെളിഞ്ഞ രംഗമൊക്കെ വിട്ടകന്നു ദൂരെയെത്തി ഞാ-
നൊളിച്ചിടും, സമാധിയിൽ കഴിക്കുമെൻെറ ജീവിതം.

മേരി ജോൺ തോട്ടം—ലോകമേ യാത്ര

## 195. മൂന്നു രാഗങ്ങൾ

1

[നൃത്തമണ്ഡപത്തിൽ]

നൃത്തം വെച്ചു വരുന്നൂ ഞാൻ
മുത്തു വിതറ്റും ചുവടോടേ

എൻ കൈത്തളികയിലുണ്ടല്ലോ
തങ്കത്താരക സുമഹാരം

ഊണത്തോടെൻ ഹൃദയത്തിൽ
നീലക്കുയിലുകൾ പാടുമ്പോൾ

വെള്ളിപ്പക്ഷികളെൻ ചിന്താ-
യുള്ളിൽപ്പാറി നടക്കുമ്പോൾ

കണ്ണിലുറക്കപ്പൂവോടേ
ചുണ്ടത്തുണരും ചിരിയോടേ

വ്രീള തുളുമ്പും മാറോടേ
താളം കൊട്ടും ഹൃത്തോടേ

നൃത്തം വെച്ചു വരുന്നൂ ഞാൻ
മുത്തു വിതറ്റും ചുവടോടേ.

2

[പുഴവെള്ളത്തിൽ]

രാധ: എന്തിനെപ്പോലെയീയാററുവെള്ളം?
വേണു: അന്തരംഗത്തിനെപ്പോലെ രാധേ!

രാധ: എന്തു പോലന്തിയീയാററു നീരിൽ?
വേണു: അന്തരംഗത്തിലേ രാധ പോലെ.

രാധ: കാണുവാനുന്മോഹമുണ്ടന്തരംഗം.
വേണു: വേണുവിൻ കണ്ണിലേക്കുററു നോക്കു.

രാധ: നമ്മൾ പരസ്പരമുററു കണ്ടാൽ
വേണു: നമ്മളെത്തന്നെ മറന്നുപോകും.

രാധയും വേണുവും:—

നമ്മളെത്തന്നെ മറന്നുപോകും
നമ്മാനുരാഗമേ മുക്തി പാരിൽ,

അല്ലെങ്കിൽ നമ്മൾ മറന്നിടുമ്പോ–
ളില്ലിജ്ജഗത്തിലൊരാളു പോലും

താരുകൾക്കുള്ളിൽ ചിരിച്ച രാഗം
താരാപഥത്തിൽത്തുളുമ്പി നില്പൂ.

3

[മരുഭൂമിയിൽ]

കൈയ്യിൽ നിന്നാ നറുംമുത്തുപാത്രം
കണ്ണുനീർത്തുള്ളിപോൽ വീണുപോകെ

മിന്നാമിനുങ്ങിന്നറകൾ തോറും
എന്നോടു തന്നെക്കരഞ്ഞുകൊണ്ടേ

പൊട്ടിത്തകർന്നൊരാ മുത്തുപാത്ര–
പ്പൊട്ടും പൊടിയും തിരഞ്ഞുപോകെ

കാക്കകൾ പോലെ പറക്കയാണി–
ക്കാമുകനുള്ളിൽ കരിങ്കിനാക്കൾ.

എഞ്ചിത്തഭാജനം കണ്ണുനീരിൻ
മഞ്ചാടികൊണ്ടു നിറഞ്ഞുപോകെ

ആദിത്യദേവൻെറ പൊൻവിളക്കിൽ
ആയിരം നാളവും കെട്ടുപോയി.

ഓമനേ! പോവുകയാണു ഞാനെ–
ന്നോമ്മതൻ കോലുവിളക്കുമായി.

ഉളപ്പമണ്ണ

## 196. സ്വപ്നസഞ്ചാരം

1

ഇന്നലെ ഞാനെൻ കട്ടിലിൽ നിദ്രയിൽ
മുങ്ങിയ നേരമെണീററുനടന്നു
കന്നിനിലാവു പതഞ്ഞൊഴുകുന്നൊരു
നഗരത്തെരുവിൻ തീരത്തൂടെ
വിദ്യുദ്ദീപ ശ്രേണികൾ കെട്ടൂ
രണ്ടാം സിനിമക്കളി തീർന്നതിനാൽ
നിദ്രയിൽ നിന്നുമുറക്കബ്ഭ്രാന്തി–
ലെണീറേറാടുമ്പോൾ കാറുകൾ പാഞ്ഞു.

2

ഞാനാ വീഥിയിലൂടെ നടന്നു
        പരിഷ്കൃത ലോകം വാഴും 'സാൻതോം'
കാണായ് വാനിൽ ശിബിരം കുത്തി-
        ക്കീറും പള്ളിമുകപ്പുകളോടേ
അവതൻ നിഴലാലന്ധീകൃതമാം
        തെരുവിൽക്കൂടെ നടന്നു കടൽക്കര-
യണയും പടികളിറങ്ങീ കാലടി
        മഞ്ഞിൻതുള്ളികൾ ചുംബിക്കുന്നു.

3

തിങ്കൾത്തൊപ്പിയണിഞ്ഞു, നിലാവാൽ
        വലയെറിയുന്നൊരു മുക്കുവനകലേ
വൻ കടലിൻെറ കിഴക്കേത്തീര-
        ത്തമരുകയാണിപ്പാതിര നേരം
അലകളിലുലയും നിധികളശേഷം
        വലയാൽ വാരിയെടുത്തു തിരിച്ചീ-
മണലിൽ വിശ്രമമേററു കിടപ്പൂ
        തോണിയുമതിനുടെ നീളൻ നിഴലും.

4

ഉന്തീ ഞാനതു നുരനിര ചിതറും
        മണലിൽക്കൂടെ'ക്കരകര'ശബ്ദം
പൊന്തീ തുംഗതരംഗകരങ്ങളി-
        ലൂഞ്ഞാലാടീ മാമകനൗക
വെള്ളിനിലാവിൽത്തുള്ളിയലയ്ക്കും
        കല്ലോലങ്ങളുലഞ്ഞു കടലിൽ
വിണ്ണിലുയർന്നേൻ വീണേനുടനേ
        വീണ്ടുമുയർന്നേൻ തിരമാലകളിൽ.

5

അര വരെ നാരിയുമര മുതൽ മത്സ്യവു-
        മായ വിചിത്ര സമുദ്രാംഗനമാ-
രടിയിൽ ഗുഹകളിൽനിന്നുമുയർന്നല-
        മാല മുറിച്ചു മുറിച്ചുവരുന്നു
അവരുടെ നീന്തലിലേന്തിപ്പൊന്തിയ
        വൻതിര ചുരുളിനു മീതേ ചുരുൾ ചേർ-
ത്തലറിവരുന്നൂ ജലകന്യകമാർ,
        മത്സ്യാംഗനകളുമതിൽ മറയുന്നു.

ഒ. എം. അനുജൻ

## 197. വിയോഗിനി

[ബന്ധുക്കളുടെ നിർബ്ബന്ധത്തിനു വഴങ്ങി പിരിഞ്ഞുപോകുന്ന പ്രണയിനി തോണിയിൽ കയറി നദി കടക്കുമ്പോൾ അതു നോക്കിനില്ക്കുന്ന നായകൻെറ വിലാപം.]

1

സുതനോ! സുകുമാരശോഭനേ!
സതി! നീ വേർപിരിയുന്ന മാലിനാൽ
ബത! സർവചരാചരങ്ങളും
പതറുന്നു ദയനീയമായിതാ.

2

ഘനപാളി നിരന്നു വാനിലും
ദിനനാഥൻ മറയുന്നു കാറിലും
മനതാരുഴലുന്ന പോലെയി–
ദ്ദിനഭാവം പകരുന്നു കാൺക നീ.

3

മതിനേർമുഖി! നിൻ മനോഹര–
ദ്യുതിയേറും വസനാഞ്ചലങ്ങളിൽ
അതിശോകവശാലിതാ സദാ–
ഗതിയിങ്ങോട്ടു പിടിക്കയല്ലയോ?

4

അളകങ്ങളിളക്കിയോമന–
ക്കുളവാമശ്രു തുടച്ചിടുന്ന നീ
ഇളമാരുത! മൽകരങ്ങളോ–
ടളവേറുന്നൊരു തെററു ചെയ്കയാം.

5

നദി നീ വിലസുന്ന തോണിയെൻ
മദിരാക്ഷീമണി! വിട്ടുകൊള്ളുവാൻ
ഹൃദി സങ്കടമാർന്നു മേലൊഴു–
ക്കുദിതപ്രേമമൊടാവഹിക്കയോ?

6

ശിവനേ! നദി വൻപ്രവാഹകൈ–
തവമോടേ നെടുവീർപ്പുമിട്ടിതാ
തവ പിൻതുടരുന്നു, സർവ്വലോ–
കവുമിസ്നേഹവലയ്ക്കധീനമേ.

7

തടസീമനി താണിടും ലതാ–
പടലീലോലനിനാദമല്ലതു്

സ്ഫുടമീ നദിയിന്നു നിന്നെ യോ-
ത്തിടരാലേങ്ങലടിയ്ക്കയല്ലയോ?

8

പ്രിയവാഹിനി! ആശ്വസിക്ക നിൻ
നയമീ ലോകനിദർശനം ശുഭേ!
സ്വയമുജ്ജ്വലദിവ്യസാരസ-
ന്മയമീ സ്നേഹമഹോ! സനാതനം.

9

സഹവാസരസേന വാണ നിൻ
മഹിതസ്നേഹിത വേർപിരിഞ്ഞതിൽ
സഹതാപമപേക്ഷണീയമാ-
ണിഹ പക്ഷേ തവ ഭാവി ശോഭനം.

10

വരനന്മകൾ തന്ന സോദരീ-
വിരഹം പാരമസഹ്യമാകയാൽ
പരമായുഴലുന്ന ധന്യ നീ
പരമാർത്ഥം ബഹു നന്ദിയുള്ളവൾ.

11

സ്ഫുടമെൻ സുകൃതക്കുരുന്നുമെയ്
തടവും നീയൊരു പുണ്യതീർത്ഥമായ്
തടവററു ജനങ്ങളാചരി-
ച്ചിടരാററുന്നതിലെന്തു വിസ്മയം?

12

തടിനീതടകാന്തിയേന്തിടും
ചെടിയീ വല്ലികളോടു കൂടവേ
മടിയാതെ മറിഞ്ഞു, മാലെഴും-
പടി മുങ്ങിത്തുലയുന്നു ദൈവമേ!

13

കളിയല്ല തരുക്കൾ കാററിലാ-
ഞ്ഞിളകും കൈകളടിച്ചു മാറതിൽ
കിളികൂജിതരോദനങ്ങളാൽ
വെളിവായിങ്ങനെ മാഴ്കിടുന്നിതാ.

14

പരമാണു മുതല്ക്കു പർവ്വതം
വരെയും തിങ്ങിന ഭൂതരാശികൾ
പരമാർത്ഥമുരയ്ക്കിലോ പര-
സ്പരസുസ്നേഹനിബദ്ധമല്ലയോ?

മറവൂർ ഭാസ്കരൻ നായർ —വിയോഗിനി

## 198 സങ്കല്പസംഭാഷണം

കാലപ്പഴക്കത്താൽ ജീർണ്ണിച്ച നില്ക്കുന്നോ–
രോലപ്പുരയേററം ശാന്തമായി

ഓതുകയാണു തന്നന്തികേ മിന്നുന്ന
നൂതനസൗധത്തോടിപ്രകാരം:—

'നവ്യപരിഷ്കാര മോടിപ്പകിട്ടിനാൽ
ദിവ്യനെന്നാണല്ലോ നിൻെറ ഭാവം.

മുമ്പിലെൻ പ്രാകൃതരൂപം പാർത്തല്ലയോ
വെൺകളി പൂശിച്ചിരിക്കുന്നു നീ?

ഇന്നലേയ്ക്കിന്നു വിയത്തിലുയർന്ന നീ
മന്നിലേ വാഴ്ചകളെന്തറിഞ്ഞു?

അഞ്ചെട്ടു നാളായ് നീ കണ്ടതെന്തപ്പുതു–
ദമ്പതിമാരുടെ ലീല മാത്രം.

നിത്യവും സന്തോഷമാധ്വീ ലഹരിയിൽ
മഗ്നനായ് നില്ക്കുന്നോനല്ല മർത്ത്യൻ.

സംതൃപ്തിയുണ്ടാകയില്ലില്ലവന്നു നിൻ
ശൃംഗങ്ങൾ വിണ്ണിനെച്ചുംബിച്ചാലും.

താരകശോഭിയാം വൈദ്യുത ദീപങ്ങൾ
പോരാ തൻ നേത്രം തെളിച്ചുകാട്ടാൻ.

രാപകൽ വീശുന്ന പങ്കകൾ പോരായുൾ–
ത്താപത്തെയല്ലും തണുപ്പിക്കുവാൻ.

ചാരത്തു കാണും കുളിർ വാരിധാരയാൽ
തീരാ ഹൃദ്ദാഹമവന്നു തെല്ലും.

വിസ്തൃതമായ ജനാലകൾ പോരായീ
വിശ്വപ്രകൃതിയെക്കാണിക്കുവാൻ.

കണ്ടവളാണു ഞാൻ കാവ്യങ്ങളാം ചില
വിണ്ടലസ്വപ്നങ്ങളപ്പോഴപ്പോൾ.

ഉള്ളിൽത്തേൻ തുള്ളി തളിച്ചു പൊന്നുണ്ണിക–
ളുല്ലാസത്തിൻെറ മലർക്കുടങ്ങൾ

നല്ല മനോഹര ഗാനലഹരിയിൽ
നല്ലോർമണികൾ മയക്കിയെന്നെ.

എത്ര വിവാഹമുഹൂർത്തങ്ങളാണെന്നെ
പുത്തനാം പൂന്തുകിൽ ചാർത്തിച്ചതും.

മന്നിലെത്തുന്ന മഹാബലിക്കന്നു ഞാൻ
കൊന്നപ്പൂച്ചെണ്ടുകൾ കാഴ്ച വെച്ചു.

എന്തിനതൊക്കെയുമോർമ്മിപ്പൂ ഹാ കഷ്ടം!
ചിന്തിച്ചാലൊന്നിനുമന്തമില്ല.

അദ്ഭുതമായ വിപര്യയപൂർണ്ണമാം
മർത്ത്യജനിയെത്ര ശോചനീയം!

ഉററവർക്കുണ്ടാം വിപത്തിന്നു സാക്ഷിയായ്
നില്പതാണോർത്താൽ മഹാ ദുരിതം.

കാലത്തിൻ ക്രൂരമാമാഘാതമേറേററി–
ക്കോലം ചമഞ്ഞു വശം കെട്ടു ഞാൻ.

ഹന്ത! കഠോരമരണങ്ങളെത്രയെ–
ന്നന്തരംഗത്തെ ശിഥിലമാക്കി.

നീറിപ്പുകയുകയാണു ഞാൻ തീരാത്ത
ദാരിദ്ര്യവഹ്നിയിലൊട്ടു നാളായ്.

കീറക്കരിച്ചീലയല്ലാതെ വേറൊന്നു
മാറിയുടപ്പാൻ നിവൃത്തിയില്ല.

ആടലിൻ തോരാത്ത കണ്ണീരൊലിച്ചുള്ള
പാടുകളെന്നിൽ പതിഞ്ഞുപോയി.

കാററും മഴയുമീ ശുഷ്കിച്ച കൂട്ടിനെ
മാററിമറിക്കുവാൻ മത്സരിപ്പൂ.

മണ്ണിലുണ്ടായ ഞാനിപ്പോഴോ പിന്നീടോ
മണ്ണുകുമ്പാരമായ് വീണുപോകും.'

അദ്ഭുതം തോന്നിയെന്നാലും നിരാശയാൽ
വിഭ്രമം പൂണ്ടു പറഞ്ഞു സൗധം:—

'ഇത്രയും ക്ലേശം സഹിപ്പാനോ ഹാ മർത്ത്യ–
നിത്ര വിചിത്രമായ്ത്തീർത്തതെന്നെ?'

പ്രത്യുത്തരമുണ്ടായില്ലവർ ദീർഘമാം
നിശ്ശബ്ദചിന്തയിൽ മഗ്നരായി.

എൻ. ഭാർഗ്ഗവിയമ്മ—അമൃതധാര

## 199. ആത്മശാന്തി

[മഹാത്മജിയുടെ ചരമത്തെപ്പററി]

1

ഇല്ല കേൾക്കുകില്ല നമ്മളിനിയുമമ്മനോജ്ഞ ഗീത–
മല്ലലിൻെറ മുറവിളിക്കൊരറുതിയരുളിടാൻ.

ഇല്ല പോരുകില്ല മുന്നിലിംഗിതങ്ങളരുളിയരുളി–
യുല്ലസിച്ചിരുന്ന ലോകഭാഗ്യദീപകം.

ആ വിളക്കണഞ്ഞു പോയി താ രവം നിലച്ചുപോയി–
താരുമറിവതിന്നു മുമ്പതവനി വിട്ടുപോയ്.

ഹാ! ചതിച്ച വിധിയിതെന്തൊരശനിപാതമഖിലശാപ–
മാരചിച്ച രക്തവർഷമാർഷഭാരതം.

2

പടയൊഴിഞ്ഞു പകയൊഴിഞ്ഞു പാരിടം സ്വതന്ത്രമായ്
പരമവിജയകാഹളങ്ങൾ പാടിനില്ക്കവേ

ഉദയശൈലമസ്തകത്തിലുദയമായി ഭാരതത്തി–
ലൊരു നവോദയം സ്വതന്ത്രശംഖമൂതവേ

പല യുഗങ്ങൾ തപമിരുന്ന ഫലമിയന്നു പുണ്യകാല്യ–
പരിണതിയ്ക്കു ഭരതധരണി പാണി കൂപ്പവേ

അഴകുണർന്ന മിഴിയിണയ്ക്കു തൊഴുതുയർന്ന കരനിരയ്ക്കു–
മശനിപാതമഖിലശാപമാപതിച്ചുപോയ്.

3

അസ്തചലനമഖില ഭുവനമക്ഷണം സ്വപക്ഷമററ
പക്ഷി പോൽ പിടഞ്ഞുടൻ ഞെട്ടങ്ങിനിന്നുപോയ്.

ആ വിശുദ്ധ വിശ്വദീപമാ സമസ്തസത്യരൂപ–
മാകെ ലോകവാസികൾക്കുമേകദൈവതം

ആരിതോർത്തു സുകൃതകാന്തിയാരചിച്ച പുണ്യഗാന്ധി
ഭാരതീയ ഹൃദയശാന്തിയസ്തമിപ്പതായ്?

ഇല്ല കേൾക്കുകില്ല നമ്മളിനിയുമമ്മനോജ്ഞഗീത–
മല്ലലിൻെറ മുറവിളിക്കൊരറുതിയരുളിടാൻ.

തിരുനയിനാർകുറിച്ചി മാധവൻ നായർ

## 200. കടത്തുകാരൻ

I

കരകളോടന്ത്യമൊഴികൾ മൂളിയാ—
പ്പുഴതൻ ഭംഗിയും നീങ്ങി.

വരണ്ട നാവുപോൽ ജലം കൊതിച്ചൊരു
വഴി പുഴയോടിണങ്ങി.

ഇരു ഭാഗത്തിലായ് പകുത്തുപിന്നിയ
ചികുരം മാതിരി പാടം

അതിൻ കരയിലായ് മുകളപാണി പോൽ
കടത്തുകാരൻെറ മാടം.

2

'വരുവിൻ വേഗമിക്കടത്തുതോണിയിൽ
വിരവിലക്കരെപ്പോകാൻ.'

പതിവുപോലെയാ പഴയ പല്ലവി
പഥികരോടവൻ പാടി.

പലരും വേഗമാ പതിവുവഞ്ചിയിൽ
ശലഭരാജിപോൽ കൂടി.

തിരകളെ മുറിച്ചരയന്നം പോലാ—
ക്കടത്തുതോണിയുമോടി.

3

ചെറുപ്പം തൊട്ടവനവിടെയെന്നു മാ—
ക്കടത്തുതോണിയിൽത്തന്നെ.

സ്വനഗ്രാഹിയിലേ മെഴുകിൽ കീർത്തന—
മൊളിഞ്ഞു നിന്നിടും പോലെ

അനവധി സുഖസ്മരണകളതി—
ലലിഞ്ഞുനില്ക്കുകയല്ലീ?

അവനു തോഴനും ഗുരുവും ബന്ധുവും
അവനിയിലതു തന്നെ.

അതിൽ കയറുകിലറിയാതുള്ളിലൊ—
രതുലകീർത്തനമെത്തും.

4

കവിതൻ സുന്ദരഹൃദയം തന്നിലായ്
പുതിയൊരാശയം പോലെ

സുരുചിരഗ്രാമസുഷമ രൂപമാർ–
ന്നൊരു ലളിത കുമാരി

അകലെക്കമ്പോളത്തെരുവിൽ പോകുവാ–
നവിടെയാഗതയാകും.

അവളെക്കാണുമ്പോൾ കടത്തുകാരൻെറ
അകമിളകിത്തുടിക്കും.

5

നദിനടുവിൽ വച്ചൊരു ദിനമവ–
നതിമോദമിദം ചൊല്ലി.

'തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?'

അലരെതിർ വിരലവളലകളി–
ലലസം താലോലിച്ചോതി:

'ഞാനൊരു ശലഭമായി
വാനിലുയർന്നീടും.'

ഫലിതം കേട്ടൊരു ശിശുവിനെപ്പോലെ
കടത്തുകാരൻ ചിരിച്ചു.

'ഞാനുമൊരുശലഭമായ്
പിൻതുടരും തോഴീ.'

മറുപടിയൊന്നുമരുളിടാതവൾ
വെറുതേ പുഞ്ചിരി തൂകി.

6

രജതചന്ദ്രികാരുചിരമാമൊരു
രജനിയിലവർ കണ്ടു.

കനകശീകരനികരസുന്ദരം
നദി നിലാവത്തു മിന്നി.

മലയമാരുതനലകളിൽ പല
ചലനചിത്രങ്ങൾ തുന്നി.

അവരെയും വഹിച്ചൊരു മലരണി–
ലത പോൽ തോണിയും നീങ്ങി

അമരസുന്ദര വരമദകര–
മധുരകീർത്തനം പോലെ.

കടത്തുകാരനുമവളും തോള ചേർ–
ന്നൊരു പടിയിലായ് മേവി.

ഇടയ്ക്കിടയ്ക്കവൾ തല കുനിച്ചോരോ
കളിവാക്കോതിച്ചിരിക്കും.

ഇടയ്ക്കിടയ്ക്കവൻ തുടുത്ത പൂങ്കവിൾ
തടത്തിലുമ്മകൾ നൽകും.

ഇടയ്ക്കിടയ്ക്കവൻ മധുരകീർത്തനം
മതി മറന്നങ്ങു പാടും.

വിമല കൗമുദീസുഷമാരാജിത–
പ്രണയ ഭാജിതരംഗം.

7

പുലരിയെത്തുകിൽ പതിവു പോലവൻ
കടത്തുതോണിയെപ്പൂകും.

അവളുമങ്ങാടിത്തെരുവിൽ പച്ചില–
ക്കറികൾ വിൽക്കുവാൻ പോകും.

8

ചലനചിത്രത്തിലഭിനയിക്കുവാ–
നവളെയാളുകൾ കണ്ടു

പ്രതിഫലമായങ്ങുടയവർക്കൊരു
വലിയ സംഖ്യയുമേററു.

അഭിനയിക്കുവാൻ ലളിതഗ്രാമീണ–
സുഭഗയെത്തന്നെ വേണം.

സമുചിതപദം പലവുരു ചിന്തി–
ച്ചൊടുവിൽ കിട്ടിടും പോലെ

പല ദിനമലഞ്ഞൊടുവിലാളുകൾ
കൊതിച്ച പൂവിനെക്കണ്ടു.

9

'പോകുമെന്നാൽ ധനികയായ്
പോരുകില്ലേ നാളെ?'

ഇടറും നാദത്തിലവനോടോമലാൾ
ഇതുവിധം മെല്ലെച്ചൊന്നു.

തരളചിത്തനായ് തല കുനിച്ചവൻ
അരികിലങ്ങനെ നിന്നു.

അവിടമൊക്കയും ഗഹനശാന്തിതൻ
ലഹരിതന്നിലമർന്നു.

അരികിൽ നിൽക്കുമാ ലതകളിൽക്കൂടി
തുഹിനബാഷ്പമടർന്നു.

'നിന്നെയും കാത്തിവിടെന്നും
നിന്നിടും ഞാൻ തോഴീ.'

കരകളോടന്ത്യമൊഴികൾ മൂളിയാ–
പ്പുഴ സഗദ്ഗദം നീങ്ങി.

10

കിളികുലങ്ങൾ തൻ കളകളംവഴി
പുലർകാലം വന്നുദിച്ചു.

ധവളലോലമാം മുഖപടം നീക്കി
ഗിരികൾ സ്വാഗതം നൽകി.

പതിവുപോലെയാപ്പുഴയ തോണിയിൽ
കടത്തുകാരനും നില്പൂ.

കിളികളിലെഴും, തിരകളിൽ തങ്ങും,
രസികതയവനില്ല.

അവൻെറ ഭംഗിയും ചിരിയും ഗാനവും
അവളെത്തേടിയകന്നോ?

11

വിളറി വീണിടുമിലകൾ മാതിരി
ദിനങ്ങളോരോന്നടർന്നു.

നറും നിലാവിനെക്കൊതിക്കും പിച്ചക–
മുകുളംപോലവനെന്നും

ഇണയെക്കാണുവാൻ കൊതിച്ചുനിന്നിടും
കിളിയെപ്പോലവനെന്നും

അകം നിറഞ്ഞിടുമഭിലാഷങ്ങളൊ–
ത്തവൾതന്നാഗമം കാക്കും.

12

പകലവൻ പിന്നെ പല ദിനങ്ങളും
പതിവുപോലെയളന്നു.

അവനുടെയാശാലതികയിലെഴും
കലിക പിന്നെയും നിന്നു.

അവൻെറ യൗവനം കരിഞ്ഞ ചാമ്പലാ
ത്തലമുടിയെപ്പൊതിഞ്ഞു.

അവൻെറ കണ്ണുകൾക്കരികിലൊക്കയും
കരിനിറം വന്നടിഞ്ഞു്.

കുഴിച്ചെട്ടുക്കയായ് വയസ്സുകാലമാ-
ക്കവിളിണയിലെക്കാന്തി.

വയലിൻ തീരത്തിൽ വടിയുമേന്തിയാ
വയസ്സനാരെയോ കാക്കും.

ഒരു ദിനം നദിനടുവിൽ വെച്ചവൻ
അറിയാതീവിധം മൂളി.

'തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?'

അതിനുള്ളുത്തരമലകളായതി-
ന്നതുലഭാഷയിലോതി.

ടി. എൻ. ഗോപിനാഥൻ നായർ

## 201 രാധയുടെ രഹസ്യം

ഞാനൊരു കാര്യം പറഞ്ഞാൽ–സഖി-
യാരോടും നീ ചൊല്ലുകില്ലേ?

രാധയെ സ്നേഹമുണ്ടെങ്കിൽ—നീയി-
തോതരുതാരോടും ബാലേ!

തന്മധു ചിന്തും സ്വരത്തി—ലിന്നു
നമ്മുടെ കൊച്ചു ഗോപാലൻ

എന്മുന്നിൽ വന്നൊരു പുത്തൻ—പ്രേമ-
ക്കൺമിഴി പാകിപ്പതുക്കെ

എന്തൊക്കയോ ചൊല്ലിനിന്നാ—നൊന്നാ-
ച്ചെന്താമരക്കണ്ണൻ കണ്ണൻ.

എന്മുഖം ചന്ദ്രനെക്കാളും—പുതു
നന്മ പുലർന്നതു പോലും.

നല്ലിളം മെയ്യിതു കണ്ടാൽ—തങ്ക
വല്ലിയും വന്ദിക്കും പോലും.

കണ്ണും പുരികവുമാർക്കു—മൊന്നു
വണ്ടിപ്പാനും പണി പോലും.

ഇപ്രകാരമവനോരോ—ന്നോറം
കെല്പിലരുളിയതെല്ലാം

അമ്മാതിരി താൻ പകർത്താൻ—നാണം
സമ്മതിക്കുന്നില്ലെൻ തോഴീ!

ഓടക്കുഴലുമീ വാചം—കേട്ടോ
പാടി മൽ കീർത്തനം വീണ്ടും.

നാദബ്രഹ്മം തന്നിലപ്പോ—ളാർദ്ര—
മോദം വിലീനയായ്പ്പോയ് ഞാൻ.

മുല്ലപ്പൂവൊന്നിനാൽപ്പിന്നെ—കൃഷ്ണൻ
മെല്ലെന്നെറികയായെന്നെ.

പെട്ടെന്നുറക്കത്തിൽ നിന്നു—മൊന്നു
ഞെട്ടിയുണർന്നപോലീ ഞാൻ

പേർത്തമ്പരന്നങ്ങു നില്പാ—യതു
പാർത്താനവൻ സുസ്മിതാഭം.

ഞാനുമവനും ജഗത്തും—ഭേദ—
ഹീനമെന്നക്ഷണം തോന്നി.

സത്വരം നന്ദകുമാര—നൊരു
നർത്തനത്തിന്നു വിളിച്ചാൻ.

രാധയെ സ്നേഹമുണ്ടെങ്കിൽ—നീയി—
തോതരുതാരോടും ബാലേ!

കീഴ്കുളം രാമൻ പിള്ള—വിചിത്രവാടി

## 202. കരിഞ്ഞുപോയ പാരിജാതം

1

മുളച്ചുവന്നു കുലപുഷ്പവാടി—
യ്ക്കകത്തൊരോമൽക്കുളിർ പാരിജാതം
മാതാവിനും താതനുമന്ത്യകാല—
ത്തിളം തണൽപ്പന്തലുയർത്തുവാനായ്.

2

പ്രഗാഢസൗഭാത്രമൊടൊത്തു ഞാനാ
ദ്രുമത്തിനേകീ കുളിർവാരിപൂരം
വളർന്നു ശാഖാതതിയും പലാശ-
ദളങ്ങളും പൂണ്ടതു ലാലസിച്ചു.

3

സുമങ്ങളെമ്പാടുമുദിച്ചു ചുററും
വിശിഷ്ടമാം സൗരഭവും പരന്നു
ഖഗങ്ങളാക്കൊച്ചുമരത്തിലേറി-
ക്കൊമ്പത്തിരുന്നുത്തമഗീതി തൂകി.

4

മാധുര്യസാരം നിറയും ഫലൗഘ-
മാവിർഭവിച്ചൂ ചെറുചില്ല തോറും
കാലന്നുമില്ലാത്തൊരു ദൗഷ്ട്യമോടെ
ഹാ! വന്നു പെട്ടെന്നൊരകാലവേനൽ.

5

ഒരാഴ്ചകൊണ്ടെന്നുടെ പാരിജാതം
കരിഞ്ഞുപോയ്, കണ്ണുമിഴിച്ചു ലോകം
അതിൽപ്പടർന്നേറിയ മാമകാശാ-
ലതാളിയും വാടി നിലം പതിച്ചു.

പുത്തൻകാവു മാത്തൻ തരകൻ—ബാഷ്പധാര

## 203. ഞാവൽപ്പഴങ്ങൾ

1

ഞാവൽപ്പഴങ്ങൾക്കു കാലമായെൻ നാട്ടി-
ലോമൽക്കിടാങ്ങൾക്കൊരുത്സവം വന്നുപോയ്.

അഞ്ജനക്കല്ലിനെ വെല്ലും പഴങ്ങളി-
ലാഞ്ഞുതറഞ്ഞിളം കണ്ണുകളാകവേ.

തേന്വറിയൂറിത്തുളുമ്പിത്തുളുമ്പിനി-
ന്നാ നറുവായ്മലർത്തൊത്തുകൾ സദ്രസം.

2

എൻ തറവാട്ടിൻെറ മുററത്തരികിലാ-
യിന്നുമുണ്ടോരു വലിയ ഞാവൽമരം.

കാലങ്ങൾ വന്നുമറയുന്നപോൽപ്പഴ–
ക്കാലങ്ങൾ വന്നുമായുന്നാ മരത്തിലും.

എല്ലാ വസന്തവും വന്നു പഴങ്ങളാം
നല്ലുപഹാരം മുടങ്ങാതെ നല്കവേ

ആ ഫലാസ്വാദനോന്മാദത്തിലോർക്കാതെ–
യോടിക്കടന്നെൻെറ ജീവിതനാളുകൾ.

3

എൻ കൈക്കുടന്നയിൽ ഞാവൽപ്പഴം തിന്നു–
മെൻ കരളിൻെറ കരളിനെക്കാൺകവേ

ഓർമ്മയിലെത്തുമെൻ ബാല്യകാലത്തിൻെറ
നേർമ്മയിൽ പൊയ്പ്പോയ് മറഞ്ഞൊരാ നാളുകൾ

സ്വാദേറുമാ നല്ലുനികളും പങ്കിട്ടു
മോദേന തിന്നു രസിച്ചോരഹസ്സുകൾ.

കെല്ലൊട്ടുമില്ലായിരുന്നന്നു ഞങ്ങൾക്കൊ–
രല്പം വിയോഗം സഹിക്കുവാൻ പോലുമേ.

4

ബാല്യകാലത്തിൻെറ സൗകുമാര്യങ്ങളിൽ
മാല്യവും ചാർത്തി യുവത്വമണയവേ

ഞങ്ങളല്പാല്പമകന്നു, മലരുകൾ
തിങ്ങിവിളങ്ങുന്ന രണ്ടു തോട്ടത്തിലായ്.

ആത്മാവു തങ്ങളിലൊട്ടിനിന്നവ്യക്ത–
മാകുമേതോ ശക്തികൊണ്ടെന്ന പോലവേ

വീണ്ടുമാ ബന്ധം വിടർത്തി രാഗത്തിൻെറ
ചെണ്ടുമായെത്തിയൊരോമൽക്കുമാരികൾ.

ഞങ്ങളന്യോന്യം മരുവിയ മാനസ–
രംഗങ്ങളിലേയ്ക്കുവരാഗമിക്കവേ

മാറിക്കൊടുത്തുപോയ് ഞങ്ങളേവം വിട്ടു–
മാറിയകന്നുപോയ് പിന്നെയും പിന്നെയും.

പെണ്ണപ്പുമാനുമായ് ചേർന്നാൽ സഹോദര–
ക്കണ്ണികൾ തമ്മിലകത്തുന്നു മന്ദമായ്.

മാറി വളരുന്നു കമ്പുകളൊന്നിച്ചു
മാമരത്തൈത്തയ്യിൽ പൊടിച്ചവയെങ്കിലും.

5

ഞാനും സഹജനും ബാല്യം നയിച്ചൊരാ
ഞാവലിൻ ചോട്ടിൽ വളർന്നതിൻ തൈയ്യുകൾ.

അത്തൈയ്യിലൊന്നു ഞാനെൻ വീട്ടുമുററത്തു
വച്ചതും കായ്ച്ചു പഴങ്ങളുണ്ടിന്നതിൽ.

ഞാവൽപ്പഴങ്ങൾ പറിച്ചുതിന്നാഹ്ലാദ–
ലോലരായ് മേവുമെൻ കുഞ്ഞോമനകളെ

കാണുമ്പോഴെൻ കൊച്ചുകാലത്തിലേക്കിതാ
നൂണിറങ്ങുന്നു സകൗതുകമോർമ്മകൾ.

പൊട്ടിക്കരഞ്ഞൊരു നാളിലെന്നോമന–
ക്കുട്ടനെൻ ചാരത്തണഞ്ഞു ചൊന്നീവിധം:

'ഞാൻ തറവാട്ടിൻെറ മുററത്തു നില്ക്കുമാ
ഞാവലിൽനിന്നും പഴങ്ങൾ പറിക്കവേ

കോപിച്ചുവന്നു വിലക്കുകയുണ്ടായി
ഗോപിയും രാമുവുമായിളയച്ഛനും.

ഈ ഞാവലിലെപ്പഴങ്ങൾ പറിക്കുവാ–
നീ വീട്ടിലുണ്ടെനിക്കഞ്ചാറു കുട്ടികൾ.

മേലിൽ നീയിങ്ങോട്ടു പോരേണ്ടിതിനായി
ബാലകാ, നിന്നെ ഞാൻ തല്ലാതിരിക്കുവാൻ.

ഓതിയിളയച്ഛനീവിധം നിർദ്ദയ–
മോടിയിങ്ങോട്ടു ഞാൻ തല്ലു പേടിച്ചുടൻ.'

കൺമുമ്പിൽ നിന്നു കരഞ്ഞുകൊണ്ടെന്നുടെ
കൺമണിയിങ്ങനെ സങ്കടം ചൊല്ലവേ

ഞാൻ ശോകമൂകനായ് നിന്നുപോയ് ചിന്തകൾ
ഞാനറിയാതെ പതറിപ്പറഞ്ഞുപോയ്.

7

ഞാനും സഹജനുമൊന്നിച്ചൊരിക്കലാ
ഞാവലിൻ ചോട്ടിൽ വസിച്ചതു കണ്ടു ഞാൻ.

ആ ഞങ്ങൾ വേർപെട്ടു രണ്ടു കുടുംബങ്ങ–
ളായതുമാത്മബന്ധങ്ങളിതു വിധം

മന്ദമകന്നു പോകുന്നതും വിശ്വത്തി–
ലെന്നുമീവണ്ണം നടന്നുവരുന്നതും

ആദിയിലേക കുടുംബമായ് മാനവൻ
'ആദാമിൽ' വാണതും പിന്നെ വളർന്നതും

ഇന്നതു കോടാനുകോടിക്കണക്കിനീ
മന്നിൻ വിശാലത തന്നിൽപ്പരന്നതും

സ്വാർത്ഥൈക ചിന്ത മനുഷ്യബന്ധങ്ങളെ
പേർത്തുമറുത്തുമുറിച്ചു വാഴുന്നതും

മന്ദമകന്നു വസിച്ച മനുഷ്യനിൽ
ഭിന്ന വർഗ്ഗങ്ങൾ—സംസ്കാരങ്ങൾ—വന്നതും

ചിത്രങ്ങൾ പോലെ തെളിഞ്ഞു മാഞ്ഞെന്നുടെ
ചിന്തതൻ വെള്ളിത്തിരയിൽ പൊടുന്നനെ.

8

ഞാനതിൽനിന്നുമുണർന്നു നോക്കീടവേ
ഞാവലിൻ ചോട്ടിലായ് കണ്ടേൻ കിടാങ്ങളെ.

ഞാനും സഹജനുമൊത്തിനിയെന്നൊരു
ഞാവലിൻ ചോട്ടിലൊരുമിച്ചു ചേർന്നിടും?

സി. ജെ. മണ്ണുമ്മൂട്—മന്തിരിത്തോട്ടം

## 204. പ്രകാശം

1

ആരാണോതുക നിത്യമിപ്പുലരിയെ
പ്പിന്നിട്ടു ചാടിക്കട—
ന്നാരാലെത്തി മിഴിക്കു തല്ലിയിവനെ—
ശ്ശല്യപ്പെടുത്തും ഭവാൻ
വാരാളും വിയദംഗനയ്ക്കു വിമലശ്രീ
യേററമേകുന്നൊര—
ത്താരാഹാരമിവണ്ണമെന്തിനു കവർ—
ന്നിങ്ങോടിയെത്തുന്നു നീ?

2

മാനാതീതമനോജ്ഞമാധുരി ചൊരി—
ഞ്ഞീടുന്ന സച്ചിൽസുഖ—
ത്തേനല്പം നുകരുന്നതിന്നവസരം
കല്പിച്ചൊരാ നിദ്രയെ

വാനം വിട്ടു പറന്നു നീ ചിറകടി-
ക്കാററാൽത്തെറിപ്പിക്കവേ
ദൂനത്വത്തൊടു കൺ തുറന്നു വെറുതേ
നോക്കുന്നു ഞാൻ ചുററിലും.

3

അല്ലാ ചീർത്ത വഴിക്കു ചാഞ്ഞ നിനവിൻ
വക്ത്രം സമീക്ഷിച്ചു നീ
വല്ലാതേ പരിഹാസമായ് വിതറുമ-
പ്പുഷ്പഞ്ചിരിത്തെല്ലിനാൽ
ഇല്ലാതായി മദീയശങ്ക വിപുല-
വ്യോമം വിളക്കും ഭവാ-
നില്ലാഞ്ഞാലുലകം ഭയങ്കരതമഃ-
പിണ്ഡം വിപത്കേതനം.

4

ദിക്കത്യുജ്ജ്വല കാന്തിയാർന്നുണരുമാ-
റുഴിക്കുഷസ്സെത്തവേ
നൽക്കുമുദ്യുതി പൂണ്ട വാസരമഹാ
രത്നത്തെയേകുന്നു നീ
തീക്കണ്ണൻ തിരുമേനിതൻ മുഴുകൃപാ-
മൂർദ്ധന്യമോ ധാത്രിയെ-
സ്സൽക്കർമ്മോൽത്സുകമാക്കുമാദിഗുരുപാ-
ദാത്മോപദേശാഭയോ?

5

വീതക്ഷീണലവം നിശീഥിനി ജയ-
ച്ചെങ്കോൽ നടത്തീടവേ
ചൈതന്യക്ഷയമാർന്ന വിശ്വമഖിലം
മുൻമട്ടുണർത്തീടുവാൻ
ജാതസ്നേഹമടുത്ത നീ പുലരിതൻ
പൂംപൈതലോ? ചൊല്ലുകെൻ
ചേതസ്സിന്നു വെളിച്ചമേകിന ഭവാ-
നാരാകിലും സ്വാഗതം.

6

പാടുന്നൂ പല പക്ഷിവൃന്ദമവിടു-
ന്നിങ്ങോട്ടെഴുന്നള്ളവേ
വാടുന്നൂ ദിവി താരകങ്ങളഖിലം
നിൻ കാന്തി കണ്ടീടവേ

തേടുന്നു വിളറിത്തമസ്സു ഗുഹയെ
ബ്ഭാസ്വൽഖരാംശുക്കളോ
കൂടുന്നൂ മടിയററകമ്പടി; മഹാ
തേജസ്സ്വരൂപൻ ഭവാൻ.

7

പാരിന്നായുദയാചലച്ചത്വരവിലെ-
ത്തങ്കത്തനിത്താമര-
ത്താരിൻ സത്തഖിലം കവർന്നു പകലു-
ണ്ടാക്കിക്കൊട്ടുക്കും ഭവാൻ
നേരിട്ടെത്തുവതെന്തിനെൻെറ മിഴിയിൽ
ഘോരാന്ധകാരം പരം
വാരിത്തേച്ച കടുംകരിച്ചളി തുട-
യ്ക്കാനോ പ്രഭാപുഞ്ജമേ?

8

നിത്യം നൂതനജീവനേകിയവിടു-
ന്നെന്നെജ്ജഗത്തിങ്കലെ-
സ്സത്യം കണ്ടുപിടിക്കുവാൻ വിടുകിലും
കൃത്യാന്തരാസ്വാസ്ഥനായ്
അത്യന്തം കുഴയുന്നു ജീവിതമഹാ
ഗ്രന്ഥത്തിലൊട്ടേറയ-
പ്രത്യക്ഷീകൃതമായ് മറിച്ചു വെറുതേ
മൗഢ്യത്തിനായേടുകൾ.

9

മിന്നും പുഞ്ചിരി പൂണ്ടു നീ നിരുപമ-
സ്നേഹാർദ്രഹൃത്തായടു-
ത്തെന്നും നിദ്ര വെടിഞ്ഞുണർന്നുയരുവാൻ
കെല്പിങ്ങിയററീടിലും
തന്നുഗ്രാക്ഷിയുരുട്ടിയുച്ചമലറീ-
ട്ടാ ദീർഘനിദ്രാദിനം
വന്നൾക്കൊൾവളവെൻെറ ചേതന ഭവ-
ജ്ജ്യോതിസ്സൊടൊന്നിക്കണം.

10

ആദിത്യന്നുമനന്തകാന്തിയരുളും
ഭവ്യപ്രകാശം ഭവാ-
നാദിശ്രേഷ്ഠമഹസ്സനാദിഗുരുവിൻ
സന്മന്ദഹാസാംകുരം

ഛേദിച്ചീടുക നിത്യനിദ്രയിലമർ-
 ത്തീടും തമസ്സിൻ കഴ-
ത്തി ദിവ്യച്ഛവികൊണ്ടുതന്നെയറിട്ടു-
 ന്നന്നാൾ കൃതാർത്ഥോഽസ്മ്യഹം.

വരിക്കോലിൽ കേശവനുണ്ണിത്താൻ—രാഗരംഗം

## 205. അജപാലനം

1

തൃണവും ജലവും വേണ്ടും
തുണയോടൊത്തു നിത്യവും
ഗുണവാനജരാജിക്കു
ഘൃണ പൂണ്ടേകി മേല്ക്കുമേൽ.

2

മലയിൽക്കൊണ്ടുപോയ്ത്തീററു
വിലയം തീർത്തു കാത്തിടും
അലയാതാലയിൽദ്ദോഷം
കലരാതാക്കുമന്തിയിൽ.

3

ചെന്നായോ പുലിയോ വന്നാൽ
ചെന്നായോധനമങ്ങവൻ
ഒന്നായതമുടൻ ചെയ്തു-
മൊന്നായിപ്പോററുമെപ്പൊഴും.

4

സപത്നുകൾ തളർന്നെത്തു-
മപത്യനിരയേയവൻ
വിപത്തിയൊഴിവാൻ തോളി-
ലപത്ഥ്യം വിട്ടു പേറിടും.

5

തളിർപത്രമുരിഞ്ഞൊന്നും
മിളിതാദരമായവൻ
തെളിവായജപോതങ്ങൾ-
ക്കൊളിവാശ്ലകമേകിടും.

6

അവയേ മടിയിൽച്ചേർത്തു
ദിവസേന തലോടിയും

അവനൗത്സുക്യമെത്രയ്ക്കു-
മവനൻപൊട്ടു കാട്ടിനാൻ.

7

ഓമനിച്ചും കളിപ്പിച്ചും
കാമം വാത്സല്യസുസ്ഥിതി
ആ മഹാൻ പ്രകടിപ്പിച്ചു
സീമയററു ശിശുക്കളിൽ

8

ഒന്നിനൊന്നിനു മേഷങ്ങൾ-
ക്കൊന്നിനും കുറവെന്നിയേ
വന്നിരുന്നതു നാഥങ്കൽ
വന്നിതുഡ്ഢരസോദയം

9

പതിരററവനിൽ സ്നേഹം
പതിവായ്ക്കാട്ടിയങ്ങവ
പതിതാകുലരായോർക്കു
പതിയിൽ പ്രീതി പാരമാം.

10

അവനൊന്നു വിളിച്ചെന്നാ-
ലവശസ്ഥിതിയിങ്കലും
അവയെത്തുമടുത്താർക്കി-
ല്ലവധാനം സുനാഥരിൽ?

11

ഉരുമ്മിയവനിൽ പ്രേമ-
മുരുപ്രമദമോടവ
വരുംപൊഴുതുടൻ കാട്ടി-
വരും പതിവു സൗഖ്യദം.

12

നടക്കമവനെച്ചററി-
യടക്കം പൂണ്ടു തൽക്ഷണം
കിടക്കും കാല്ക്കൽ നക്കീട്ടും
മുടക്കം വിട്ടു മുത്തൊടേ.

13

ചുണയ്ക്കു ചെന്നു കുത്താട്ടും
തുണയ്ക്കുമവനന്തികേ
അണയ്ക്കുമമിതാനന്ദ-
മണയ്ക്കുംവരെയാദരാൽ.

പ്രവിത്താനം പി. എം. ദേവസ്യാ—ഇസ്രായേൽ വംശം

## 206. ജീവിതം

1

കാണുവിനങ്ങതാ നീലമലയിലേ
കാനനാന്തർഗതഭീകരഗഹ്വരം

ആയിരമായിരം കൊല്ലങ്ങൾ പിൻപോട്ടു
പോയി നാം കണ്ടെത്തുമാദിമനുഷ്യനെ

മന്ദം കുടി വെച്ചു പൂജിച്ചുപോന്നതാ-
ണിന്നും കിടക്കുമക്കാന്താരകന്ദരം.

2

അന്നതിൻ ചുററും വിളഞ്ഞ ഫലങ്ങളും
കന്ദങ്ങളും തിന്നു കാട്ടുനീർച്ചോലയിൽ

ദാഹം ശമിപ്പിച്ചു ചാടിയും നീന്തിയും
മോഹങ്ങൾ സാധിച്ചു പോന്നവൻ മാനവൻ.

വിഘ്നങ്ങൾ തിങ്ങിക്കിടന്നതാം കാട്ടിലും
നഗ്നതയെന്തെന്നറിയാത്ത മാനവൻ.

നാനാ മൃഗങ്ങളോടൊപ്പമെന്നല്ലാതെ
താനന്യജീവിയെന്നോരാത്ത മാനവൻ.

മുന്നിലായ് മിന്നും നിലാവത്തു കണ്ടിതു
പൊന്നിൻ ലതികപോലുള്ളോരു നാരിയെ.

3

നാണം മറയ്ക്കാതെ നിൽപ്പവൻ തെല്ലൊന്നു
നാണിച്ചു താഴോട്ടു നോക്കീ പൊടുന്നനെ.

ഹേമന്തകാലത്തെ വാഴ്ത്തുന്നിതപ്പോഴും
മാകന്ദശാഖമേൽ പാറും പികാളികൾ.

സൗരഭ്യമെങ്ങും നിറഞ്ഞൂ വികാരങ്ങ-
ളാരംഗവേദിയെ തൊട്ടുഴിഞ്ഞീടവേ.

പൂത്തുലഞ്ഞുള്ളോരാ വല്ലരി പുൽകുന്നു
ചാർത്തുന്നു ചുംബനം തന്നാത്മനാഥനിൽ.

മംഗളം നേരുന്നു താരങ്ങൾ രണ്ടു പേ-
രങ്ങനെ ജീവിതമൊന്നിച്ചു കോർക്കവേ.

ആത്മാവിലാത്മാവിണക്കിയും കൺകളി-
ലാത്മാനുഭൂതിയാൽ ദീപം കൊളുത്തിയും

ഭൂവിലേയ്ക്കാവിർഭവിച്ചപോൽ മാനുഷ-
ജീവിതമേതോ യുഗാന്തരവേളയിൽ.

4

അന്നവർ കൂടിയിരുന്നു രമിച്ചിതു
കന്ദരാലംകൃത പർവ്വതസാനുവിൽ.

കാടും കടലുമാം ഭൂമുഖം കണ്ടൊന്നു
പേടിച്ചുവെങ്കിലും പിന്നെയും ശാന്തമായ്

മുന്നോട്ടു മുന്നോട്ടു കാൽ വെച്ചു ജീവിതം
വന്നു നിൽക്കുന്നൂ നഗരഹർമ്മ്യങ്ങളിൽ.

കാണുവിനങ്ങതാ നീലമലയിലേ
കാനനാന്തർഗത ഭീകരഗഹ്വരം.

ഇന്നതു കേവലം ശുക്തിയാണായതിൽ
മിന്നിയ മുത്തുകൾ—സംസ്കാരമുത്തുകൾ.

ഇന്നതിനുള്ളിൽ കിടപ്പതു രൂക്ഷമാം
പന്നിയും മറ്റുള്ള കാട്ടുമൃഗങ്ങളും.

5

മർത്ത്യനീമട്ടു പരിഷ്കാരമേടമേ-
ലെത്തുവാനാണ്ടുകളെത്രയ്ക്കു നീണ്ടുപോയ്.

കല്പങ്ങളേറെക്കടന്നവനെത്തിയ
കല്പനാസാമ്രാജ്യമാണിന്നു ഭൂതലം.

ദാമ്പത്യബന്ധമാണാദ്യം മനുഷ്യന്റെ
സാമ്പത്തികോദയം കാണിച്ച മണ്ഡലം.

വീടും ധനങ്ങളും നേടാൻ കൃഷികളിൽ
പാടവം കൂടാൻ പ്രയത്നിച്ച മാനുഷൻ.

കാടനായ്ക്കണ്ടവൻ സത്ക്കലാകാന്തികൾ
ചൂടവേ കോൾമയിർക്കൊള്ളുന്ന താരകൾ.

6

പണ്ടാ വിദൂരമാം കാലത്തു കീടമാ-
യുണ്ടായ മർത്ത്യന്റെ മസ്തിഷ്ക പാളിയിൽ

സുന്ദരചിന്താമധുരഫലങ്ങളായ്
നിന്നുതുടിക്കുന്ന വിശ്വവിഭൂതികൾ.

വിണ്ണിനെക്കൂടിയും കീഴടക്കീടുന്ന-
വണ്ണം വളർന്നുയർന്നീടുന്ന മാനവൻ.

മുന്നമീ ഭൂഗോളവൃക്ഷപ്പടർപ്പിലെ
മിന്നാമിനുങ്ങിന്നു മിന്നുന്ന സൂര്യനായ്.

7

കൊല്ലങ്ങളേറെക്കൊഴിഞ്ഞു പോയ് പാരിനെ
സ്വർലോകമാക്കുമീയിന്ദ്രജാലങ്ങളിൽ.

കൊല്ലങ്ങൾ മേലും കൊഴിഞ്ഞു പോമെങ്കിലും
ഫുല്ലസ്ഥിതവ്യമായ് നിന്നിടും ജീവിതം.

അല്ലെങ്കിലന്തരം കാണുമോ നമ്മള-
ക്കൊല്ലും മൃഗത്തിനും മർത്ത്യജന്മത്തിനും?

ആണ്ടുകൾ വന്നിടും പോയിടും മാനുഷ-
നാണ്ടുപോകില്ലീത്തരംഗങ്ങളൊന്നിലും.

8

കാണുവിനങ്ങതാ നീലമലയിലേ
കാനനാന്തർഗതഭീകരഗഹ്വരം.

കാണുവിനിങ്ങിതാ നാനാ രഹസ്യങ്ങൾ
കാണിയ്ക്കു വെയ്ക്കുന്ന വൈദ്യുതഗോപുരം.

പാലാ നാരായണൻ നായർ

## 207. എൻെറ ജന്മഭൂമി

പ്രകൃതി പരിപൂർണ്ണയായച്ചിച്ച നിന്നിടും
സുകൃതിമണിമണ്ഡപമാണെൻെറ ജന്മഭൂ.

അനവരതമതിനുടയ ലളിതമൃദുലാഭയാ-
ലമലയവളവിചലിതകുതുകമയ ധാത്രിയാം.

സുഖവിഭവപരിമിളിത മധുരമധുലീലയാൽ
മമ ജനനിയുലകിനൊരു കുസുമമണിവാടിയാം.

മലയഗിരിസാനുവിൽ ചെന്തളിർപ്പട്ടണി-
ഞ്ഞിളകിയുലയും ലതാപാണികളങ്ങനെ.

കളകളമുതിർത്തുകൊണ്ടെങ്ങും പറക്കുമ-
ക്കിളികൾ കളിയാട്ടം വനപ്പടർപ്പങ്ങനെ.

ഉദയകിരണങ്ങൾ വന്നൂറുന്നധിത്യക-
യ്ക്കുപരിയുണരുന്ന പുൽക്കുമ്പുകളങ്ങനെ.

അവിടവിടെ വാർമഴവില്ലൊളിയോലുമാ–
റടവിയിലെ മഞ്ഞുനീർത്തുള്ളികളങ്ങനെ.

സുരഭിലദലാധരം പേർത്തും ചലിക്കവേ
പരിചിലിടറും മലർത്തൊത്തുകളങ്ങനെ.

മദഗളിതനിസ്വനം തുകിച്ചിരിച്ച വൻ
മലയരുവി പാഞ്ഞണഞ്ഞീടുന്നതങ്ങനെ.

മതി മതി! മനോജ്ഞമാം നാടേ! ഭവൽകലാ–
പടുതയിവനെങ്ങനെ പാടുവാനായിടും?

പാലാ നാരായണൻ നായർ

## 208. കല്ലിൻെറ സംഗീതം

1

കല്ലിൻെറ സംഗീതമല്ലയോ കേൾക്കുന്നു
തെല്ലൊന്നെണീററു ഞാൻ നോക്കട്ടെ മക്കളേ!

കഷ്ടമപ്പാട്ടിലെന്നാത്മാവലിയവേ
കട്ടിലിൽത്തന്നെ കിടക്കുന്നതെങ്ങനെ?

2

അമ്മി കൊത്തുന്നതിന്നൊച്ചയെന്നോ? നിങ്ങ–
ളെന്നെക്കളിപ്പിക്കയാണു വ്യാജോക്തിയാൽ.

പാറതന്നാത്മാവു പാടുന്നു പുത്തനാം
രൂപവും ജീവനും കല്ലുളി നൽകവേ.

ആനന്ദരാഗാർദ്രമോഹനമായിടു–
മാനാദവീചികളുമ്മ വെച്ചെത്തവേ

താളലയങ്ങളൊത്തുത്സുകമെൻ ജീവ–
നാളം മുകരുന്നമേയാനുഭൂതികൾ.

മൂകമാം കൂരിരുൾ മൂടുന്നതാം സ്വപ്ന–
മേഖലയൊന്നിന്നടിത്തട്ടിൽ നിന്നിതാ

വർണ്ണാഞ്ചിതങ്ങളാമോരൊരോ ചിത്രങ്ങ–
ളെണ്ണമററുദ്ഗമിച്ചീടുന്നു ചുററിലും.

3

സൂചിപോലുള്ളതാമഗ്രഭാഗത്തിനാ–
ലാകാശ ഗർവ്വിനെക്കുത്തി നോവിച്ചതാ

പൊന്തുന്നു ദൂരത്തിലങ്ങിങ്ങു—കാൺമൂ ഞാൻ—
പൊൻതാഴികക്കുടം വെച്ചോരെടുപ്പുകൾ.

വെള്ളിയാം പൂക്കളും പൊൻകായ്കളും ചേർന്ന
വള്ളികൾ മോടിയിലൊട്ടേറെ നീണ്ടുപോയ്

അദ്ഭുതം തമ്മിൽ പിണഞ്ഞും പിരിഞ്ഞുമ—
ങ്ങുദ്ഭവിപ്പിപ്പൂ വിചിത്രാകൃതികളെ.

തൂണുകളെണ്ണമററുള്ള കൽത്തൂണുകൾ
ചേണാർന്നുയരുന്നു നോക്കുവിൻ മക്കളേ!

വണ്ണവും നീളവുമൊക്കമാ സൃഷ്ടികൾ
വർണ്ണിപ്പൂ മർത്ത്യൻെറ ഭാവഗംഭീരത.

4

ചുററിക നൽകും പ്രചോദനമുൾക്കൊണ്ടു
മുററുമക്കല്ലുളി വ്യാപരിച്ചീടവേ

ആവിർഭവിക്കുന്നു രൂപരേഖാഞ്ചിത—
ഭാവചൈതന്യമക്കല്ലിൻെറ മേനിയിൽ.

കൺകോണിലായിരം പ്രേമകാവ്യത്തൊടും
ചെഞ്ചുണ്ടിണകളിൽ പുഞ്ചിരിത്തെല്ലൊടും

വാർമുടിക്കെട്ടിൽനിന്നങ്ങിങ്ങുതിരുന്ന
വാടാമലരിൻ സുഗന്ധപൂരത്തൊടും

കാൽച്ചിലമ്പൊച്ചയാലന്തരീക്ഷത്തിനും
വാച്ചൊരുന്മേഷം പകർന്നുകൊണ്ടങ്ങനെ

നൽപ്പേറുമോമനപ്പെൺകൊടിമാർ നിന്നു
നർത്തനം ചെയ്യുന്നിതോരൊരോ ശാലയിൽ.

5

ഉഗ്രമാം ദംഷ്ട്രകൾ കാട്ടിയുമേററവു—
മുൽക്കട ശസ്ത്രങ്ങൾ കൈകളിലേന്തിയും

ദ്വാരപാലന്മാർ നിലകൊൾവിതങ്ങിങ്ങു
വാരണം ചെയ്യാൻ ദുഷിച്ച പാദങ്ങളെ.

6

ശശ്വദാനന്ദം നിറഞ്ഞു തുളുമ്പുന്ന
വിശ്വചൈതന്യ പ്രസന്നപ്രതീകമായ്

ഏകപാദം തൂക്കി നൃത്തം ചവിട്ടുന്ന
ശ്രീ നടരാജൻെറ സൗവർണ്ണവിഗ്രഹം.

പൊൽക്കരീടങ്ങളണിഞ്ഞും പരിമളം
പൊങ്ങുന്ന കല്പകപ്പൂമാല ചാർത്തിയും

ഭുവിനെ സ്പർശിച്ച പങ്കം പുരളാത്ത
ദേവസംഘങ്ങളണയുന്ന കൂട്ടമായ്.

7

ആനതേരൊന്നിച്ച നീങ്ങുന്ന വീഥിയിൽ
സേനാവിഭാഗങ്ങളുത്സാഹമത്തരായ്.

മിന്നുന്ന കൈവാളവരിളക്കീടവേ
മിന്നൽപ്പിണറുകളുദ്ഭവിക്കുന്നുവോ?

8

ലോലാംഗുലികളാൽ വീണ മീട്ടിക്കൊണ്ടു
ലീലയായ് പ്പാടുന്ന കിന്നരനാരിമാർ,

വട്ടം പിടിക്കും ചെവിയുമായ് വേണുവിൻ
മുഗ്ദ്ധഗാനം കേട്ടുനിൽക്കുന്ന ഗോവ്യകൾ,

മാനുകൾ മേയും തപോവനവാടിയിൽ
തൈമരക്കൂട്ടം നനസ്ക്കും തരുണിമാർ,

എന്തെന്തു മോഹനരംഗങ്ങളെത്തുന്നി—
തെന്മുന്നി—ലാക്കല്ലിനൊച്ച പൊങ്ങീടവേ.

9

ചുററിലും നോക്കാതെ നൽകുവിൻ വേഗമെൻ
ചുററിക, കല്ലുളിയെന്നിവ മക്കളേ!

തീരെത്തളർന്നൊരെൻ കൈസ്സുളും കല്ലിൻെറ
താളത്തിനൊത്തു തുടിക്കുന്നു നോക്കുവിൻ.

പാലാ ഗോപാലൻ നായർ—ഒരു പൗരൻ പിറക്കുന്നു.

## 209. രാജസദസ്സിലെ നർത്തകി

1

മഞ്ഞുപുതപ്പും മാററിപ്പുലരൊളി
പുൽകിയുണർന്നു ലോകം

മാഞ്ഞുകഴിഞ്ഞൊരു ദീർഘസ്വപ്നം
ചെററവശേഷം നിന്നു.

മാനത്തിൻെറ പടിഞ്ഞാറേച്ചെരി–
വിങ്കൽ കാറുകൾ ചിന്നി–

ക്കാണും കുററിക്കാട്ടിൽ മറിഞ്ഞു
മറഞ്ഞൊരു നൃപൻടെ പീഠം.

സ്വപ്നോച്ഛിഷ്ടമതിരുളും സ്മൃതിതൻ
മച്ചിൽ വെളിച്ചം വീശി

സ്വർഗ്ഗം പോലൊരു രാജസഭാതല–
മവിടെസ്സുചിരം മിന്നി.

ശാസ്ത്രികൾ പണ്ഡിതവര്യന്മാർ പല
കവികൾ കുബേരന്മാരും

സാധ്വികൾ സുന്ദരിമാരുമിരുന്നൂ
സഭയിൽസ്സുരുചിരശോഭം.

ഇസ്സിംഹാസനമതിലങ്ങതിരുചി
ചിന്തി മനം തെളിവേകും

സുസ്മിതവായ്പോടരുളി വിളങ്ങീ
തിങ്കളഭംഗുരഗർവ്വം.

ധരണീഭരണോപായവിചിന്തന–
വിവശിതരായോ വാണൂ

ധർമ്മാധർമ്മ വിചാരവിമജ്ജിത–
രായോ പാരറിവീല.

സ്മരണയിലുജ്ജ്വലമൊന്നേ നില്പൂ
രുചിരാലംകൃതവേഷം

ശ്യാമാസുന്ദരചടുലവിലാസമൊ–
ടാടിയ നൃത്തവിശേഷം.

2

കുങ്കുമകളരുചിതന്നിൽ തെല്ലിട
നീലാശ്മദ്യുതിതന്നിൽ

കുസുമിതകുന്തപ്രഭയിലുമാടീ
കോമളിമാവിൻ ചേടി.

തരളിതമായ ചിലങ്ക ചിരിപ്പൊരു
തൽക്കഴലഞ്ചിതശോഭം

താളക്കത്തിനു വേദിയിൽ വീണുള-
വാക്കും മഞ്ജുളനാദം
ഉന്നതികൾക്കുമഗാധതകൾക്കും
ചേർത്തു നിരന്തരധാരം
ഉചിതാനുചിതവിവേകം മൂടി-
പ്പോമൊരദമ്യവികാരം.
ആടിത്തിരികെത്തോളത്തിട്ടൊരു
നേരിയ ദാവണിതൻ തു-
മ്പാവേശത്തൊട്ടു ചുംബിക്കുകയാ-
ണുന്നതഗിരിശിഖരങ്ങൾ.
അലകടൽ പാരിൻ ജീവിതരക്തം
ചിതറിച്ചെങ്കര വീണോ-
രവളുടെ വെള്ളപ്പുമ്പാവാട-
ച്ചുരുളിൻ മൃദുലത്തുമ്പും
തഴുകീ സഭികപ്രോഷ്ഠ്വളഗന്ധം
സുരഭിലമാം നിശ്വാസം
താഴെക്കുടിലുകൾ തറയിലണിഞ്ഞു,
സുന്ദരി സുരുചിരമാടീ.
ഉലകിൻ വ്രണിതാങ്കങ്ങളിൽ നിന്നവൾ
മോഹന നൃത്തം ചെയ്താൾ
തളരെത്തളരെ പാനം ചെയ്താൾ
വിണ്ണിൻ ത്രുടിതപ്രാണൻ.

3

വിസ്മയമവളെക്കീർത്തിക്കുകയാ-
ണൊപ്പം മന്നും വിണ്ണും
വിളറി വിമോഹിതരായ് വിഗതോ-
ത്സവമൊപ്പം വീണവരേശ്ശും.
മഞ്ഞുപുതപ്പും മാററിപ്പുലരൊളി
പുൽകിയുണർന്നു ലോകം
മാനത്തുണ്ടു മറിഞ്ഞു കിടപ്പു
സിംഹാസനമതിമൂഢം.

എങ്ങസ്സുരുചിരമായ സദസ്സു—
സ്സുഭിയരുമെങ്ങോ? കാൺമീ—

ലെങ്ങും വെൺമണൽ നീണ്ടുകിടപ്പൂ
കുററിക്കാടുകളോടേ.

മോഹനഭംഗിയിണങ്ങിവിളങ്ങിയ
നർത്തകിതന്നപദാനം

മേദുരശബ്ദം കീർത്തിക്കുന്നു—
ണ്ടുയരും കാകരുതങ്ങൾ.

അപ്പുറവകളതിദൂരത്തലകടൽ
കേഴുമിടത്തോഴുത്രേ

അവളുടെ സുന്ദരമാംസത്തിന്നു
വിടർത്തിയ കൊക്കുകളോടേ.

ഇടശ്ശേരി ഗോവിന്ദൻ നായർ—കറുത്ത ചെട്ടിച്ചികൾ

## 210. ചലനങ്ങൾ

ചലനങ്ങൾ, ചലനങ്ങൾ—ജനതതൻ മോചന—
പ്പുലർകാലം പുലരുന്ന ചലനഭംഗി

ഉണരുന്നിതുലയുന്നോരലകളിലവയില്പൂ—
ടിളകിക്കുതിക്കുന്ന തോണികളിൽ

അലകടൽ പോലെയനന്തമായ് നീളുമ—
ജ്ജനതതൻ ജയഘോഷയാത്രയിങ്കൽ

അവരൊത്തുയർത്തുന്ന കുളിർകാററിലുലയും ചെ—
ങ്കൊടികളിലാഹ്ലാദഗീതികളിൽ

ചലനങ്ങൾ കണ്ടുവോ?—പുതിയൊരു പുലരി തൻ
മലരുകൾ വിടരുന്ന ചലനഭംഗി.

ഒ. എൻ. വി. കുറുപ്പ്—പൊരുതുന്ന സൗന്ദര്യം

## 211. എന്താ തുമ്പീ തുള്ളാത്തു

1

പിച്ച നടന്നു പൊൻതിങ്കൾക്കല
നക്ഷത്രങ്ങൾ ചിരിക്കും വിണ്ണി–
ന്നത്തപ്പൂവണി മണിമുററത്തൊരു
കുഞ്ഞിക്കുസൃതിപ്പൈതലുപോലെ
പിച്ച കളിക്കുകയാണെൻ ഭാവന
യെൻ തറവാടിൻ മുററത്തോമൽ–
പ്പിച്ചകമലരുകൾ നൂററാണ്ടുകളാ–
യാവണിവെട്ടം കണ്ടു ചിരിപ്പൂ.

2

പൂക്കൂടയുമായ് പ്പോന്നൂ ഭാവന
നാനാവർണ്ണ സമുജ്ജ്വല ശ്രാവണ–
പുഷ്പിതകാന്തികൾ കിങ്ങിണി ചാർത്തിയ
കാലത്തിൻെറ തളിർച്ചില്ലകളിൽ
കുന്നലനാടിൻ പൂമുററങ്ങളി–
ലാവണിമാസമലർക്കാവുകളിൽ
മിന്നി വിടർന്നൊളി ചിന്നിയ പൊന്നോ–
ണങ്ങൾ ചിരിക്കുകയാണെൻ മുന്നിൽ.

3

പുന്നെൽക്കതിരുകൾ കൊത്തിപ്പാറും
കുരുവിപ്പെണ്ണിൻ കൊക്കിൽനിന്നൊരു
പുല്ലാങ്കുഴലു വിളിച്ചതു പോലേ
കാവുകൾ തോറും പൂവിളി പൊങ്ങീ
എൻ തറവാടിൻ മുററത്തങ്ങനെ
യത്തപ്പൂവണിവൃത്തം കാൺകെ
കുന്നിച്ചെറുമണിമാലകൾ കോർത്തേ
മാറിലണിഞ്ഞൂ പുറവേലികളും.

4

കേൾക്കുന്നൂ ഞാൻ തെക്കുവശത്തെ–
ശ്ശർക്കരമാവിൻ ചോട്ടിൽനിന്നെൻ
മുത്തശ്ശികളുടെ മുതുമുത്തശ്ശിക–
ളുഞ്ഞാലാടിപ്പാട്ടും ഗാനം
കാററിൽക്കുരവപ്പൂക്കൾ പറക്കെ
കൈയ്യിൽ പൂക്കുല നൃത്തം വയ്ക്കെ
പാട്ടിൽ തെങ്ങിളനീരു പകർന്നവർ
'എന്താ തുമ്പീ തുള്ളാത്തു നീ.'

5

അത്തമുദിച്ചൂ വീണ്ടും പൂക്കൾ
വിരിഞ്ഞൂ തുമ്പികൾ പാറി നടന്നൂ
നൃത്തമുതിർത്തിള നീലച്ചേല-
യഴിഞ്ഞുലയുന്ന നിലാവലയെന്നാൽ
ഓണക്കൂത്തും കുരവയുമാർപ്പും
തുമ്പിപ്പാട്ടും പൂവിളിക്കൂട്ടലു-
മോളമുതിർക്കുവതെൻ മുററത്ത-
ല്ലോർമ്മകളുടെ മണിമുററത്തല്ലോ.

6

കൊയ്ത്തു കഴിഞ്ഞ നിലങ്ങളിലങ്ങി-
ങ്ങൊന്നോ രണ്ടോ ചിതറിയ കതിരുകൾ
നോക്കി നടന്നു പെറുക്കുകയാണെ-
ന്നയൽപക്കത്തെക്കുഞ്ഞോമനകൾ
അവരുടെ കരളിൽ പൂവിളി കൂട്ടം
പുല്ലാങ്കുഴലുകളില്ലേ—പക്ഷേ,
അവരുടെ മുത്തശ്ശിക്കൊരു ലേശം
പുത്തരിയവിലു കൊറിക്കാൻ മോഹം.

7

ഓടക്കുഴലുകളവരുടെ കരളിൽ
പാട്ടുവതെന്നാണിമ്മുററങ്ങളി
ലോണത്തുമ്പികണക്കേ കുട്ടി-
ക്കാലം ചിറകു വിടർത്തുവതെന്നാ-
ണോമൽത്തിങ്കൾക്കല പോൽ 'മഞ്ഞ'-
യുടുത്തവർ തത്തിനടക്കുവതെന്നാ-
ണോടിവരില്ലേയാ നല്ലാവണി-
മാസത്തുമലർവെട്ടം നാളെ?

8

കുന്നലനാടിന്നാടിവാരങ്ങളിൽ
വാടിക്കരിയും കരിമൊട്ടുകൾതൻ
കുഞ്ഞിക്കൺകളിൽ മുത്തം വയ്ക്കാ-
നെത്തും കുങ്കുമരശ്മികൾ നാളെ
എൻകരളോണപ്പാട്ടിനു തമ്പുരു
മീട്ടുവതന്നപ്പുലരിയിലല്ലോ
എന്തിനു നിങ്ങൾ പിണങ്ങുവതെന്നോ—
'ടെന്താ തുമ്പീ തുള്ളാത്തു നീ.'

ഒ. എൻ. വി. കുറുപ്പ്—മാററുവിൻ ചട്ടങ്ങളെ

## 212. മാ നിഷാദ

പ്രാണനിൽ ശരമേററ പൈങ്കിളിയുടെ മിഴി–
ക്കോണിലെ ശ്ലോകത്തിൻെറ നീരുറവൊപ്പും മുമ്പേ

അമ്പെയ്ത നിഷാദനോടരുതെന്നാജ്ഞാപിയ്ക്കാ–
നങ്ങനെയന്നാദ്യത്തെ പ്രേമഗർജ്ജനം കേട്ടു.

ഈ വിശ്വപ്രകൃതിയെപ്പൂക്കൂടയാക്കി പ്രേമ–
ഭാവനയുടെ കോണിൽ തിരുകിത്തമ്മിൽത്തമ്മിൽ

കരളും ചുണ്ടും ചേർത്തു സ്വപ്നമണ്ഡലമൊന്നി–
ലരുളും കിളികളിലൊന്നു വേർപിരിഞ്ഞപ്പോൾ

വേദന വിങ്ങിക്കീറുമാത്മാവിൽ പ്രേമോഷ്മള–
ചേതനയമർത്തിയ കാവ്യശില്പത്തിൻ നാദം

പ്രേമത്തിനെതിരായ നിർദ്ദയവികാരത്തിൻ
പ്രേരണകളെത്തട്ടി മാററുവാനല്ലേ പൊങ്ങീ?

വേടൻെറ ക്രൂരമ്പുള്ള കൈയ്യിലും പിടയുന്ന
പേടപ്പൈങ്കിളിയുടെ നെഞ്ചിലും തലോടുവാൻ

കഴിഞ്ഞീലന്നാദ്യത്തെ പ്രേമഗായകനായ
കവിക്കും ദ്രോഹിപ്പോനെച്ചെറുത്തു പാട്ടും പാടി.

കേൾപ്പൂ നാം ചരിത്രത്തിൽ–സംസ്കാരചരിത്രത്തിൽ—
അപ്പെരുംപറയുടെയുഗ്രമാമാജ്ഞാശബ്ദം.

പാവമാമൊരു ഗ്രാമപ്പെൺകിടാവിനെ രാജ്യ–
പാലകൻ വഞ്ചിച്ചൊരു രാഷ്ട്രീയചരിത്രത്തെ

കാലത്തിന്നൊരുനാളും മായ്ക്കുവാൻ കഴിയാത്ത
കാവ്യശില്പമായ് വാർത്ത കാളിദാസനെ നോക്കൂ.

ആ നെടും നാരായത്താൽ രാജനീതിയെച്ചൂണ്ടി
'മാ നിഷാദക'ളെത്ര പാടിയിട്ടുണ്ടാമങ്ങോർ.

ഭാസ ശൂദ്രക ഭവഭൂതി വേദവ്യാസന്മാർ
ഭാസുരയുഗങ്ങൾക്കായ് നാരായമെടുത്തവർ

തങ്ങളാലാവും പോലെ മാനവസ്നേഹത്തിന്നാ–
യങ്കമാടിയ നാളിൽ ചെറുത്തു ദ്രോഹിപ്പോരെ

'മാ നിഷാദക'ളെത്ര 'മാ നിഷാദകൾ' പൊങ്ങീ
മാനവസ്നേഹത്തിൻെറ മണിനാവുകൾ തോറും.

കേരളത്തിലും ജനകോടിയെസ്സംസ്കാരത്തിൻ
ധീരനൂപുരനാദം കേൾപ്പിച്ച കാവ്യാത്മാക്കൾ

'മാ നിഷാദ'കൾ പാടി മർദ്ദകവർഗ്ഗത്തിന്റെ
മാരകക്രമങ്ങളെയെതിരിട്ടില്ലേ നീളെ?

ദൈവവും വാളും ശ്രുതിസ്മൃതിയും വേദാന്തവും
കൈയ്യശം നേടിപ്പോന്ന സംസ്കാരപ്പെരുമാക്കൾ

മാനവസ്നേഹത്തിന്റെ സിംഹഗർജ്ജനം കേട്ടു
'മാ നിഷാദ'യിലൂടെ കാലഘട്ടങ്ങൾ തോറും.

വയലാർ രാമവർമ്മ—മുളങ്കാട്ട്.

## 213. മായുക മായുക

1

മായുക മായുകെൻ മാനത്തു പൂത്തൊരു
മായൂര പിഞ്ഛരികാ മഞ്ജരിയേ!

ഇത്തിരി നേരമെൻ ജീവന്റെ ചില്ലയിൽ
തത്തിപ്പറന്നൊരു പുഞ്ചിരിയേ!

എന്നിരുൾ മേലാപ്പിൽ പൂമ്പട്ടുകിന്നരി
മിന്നി ഞൊറിഞ്ഞൊരു മാരിവില്ലേ!

പാരാതെ നിന്നെയൊന്നാവിഷ്കരിക്കുവാൻ
നീരവിയെത്ര ഞാൻ നൂററിരുന്നു.

സ്വപ്നങ്ങളൊക്കെയും തേൻകുഴമ്പാക്കിന
സ്വർഗ്ഗസംഗീതവിലാസ വാദ്യേ!

ഉണ്മയിൽ നിന്നെയിങ്ങൊന്നുണർത്തീടുവാൻ
ജന്മങ്ങളെത്ര കരഞ്ഞിരുന്നു.

2

ജീവിതാനന്ദമേ! ജീമൂതരാജിയിൽ
നീ വിരിഞ്ഞീടവേ നിസ്തുലാഭം

നിൻ കഴലാഞ്ഞു നിറന്നൊരെൻ ചിന്തകൾ
തങ്കച്ചിറകു പതച്ചു തുള്ളി.

പേശലമായ നിൻ ചെന്തളിർ ചുംബിക്കാ-
ന്നാശകൾ കണ്ണും തുറന്നു കൂവി.

ചിന്തി പോൽ ദിവ്യസുഗന്ധമലരികൾ
പൊന്തിന രാഗത്തിൻ നിശ്വാസങ്ങൾ.

അന്തരാ ദീപ്തകരങ്ങളാം രത്നങ്ങ–
ളന്തരാത്മാവിൽ പൊടിഞ്ഞു വിങ്ങി.

3

അന്നിലതന്നിൽ മറന്നു ഞാനെന്നെയും
നിന്നിലമന്ദമലിഞ്ഞു ചേർന്നു.

ആകലിതോത്സമാമാ നറും പുല്ക്കലിൽ
നാകങ്ങളെല്ലാം ഞെരിഞ്ഞമർന്നു.

ആരക്തമച്ഛംബനത്തിങ്കലായിരം
താരങ്ങൾ പൊട്ടിത്തെറിച്ചുയർന്നു.

ആ രോമഹർഷങ്ങൾ വാരിന നിത്യത–
യ്ക്കാരോമന്മഞ്ജുഷ ഭാരമാർന്നു.

4

അയ്യോ! ദുരന്തമേ നഞ്ചിൽ പുതച്ചൊരു
പൊയ്യോ നിയതിതൻ നീതിദായം?

ഹാ! മധുപൂർണ്ണമാമാമൃദു സാഫടിക–
ത്തൂമണിക്കമ്പിളിൽക്കല്ലെറിയാൻ

ഒന്നലച്ചോങ്ങിയ പൊൻ വളക്കയ്യുതൻ
മിന്നലിലെന്മനം വെന്തുപോയി.

ആർത്തുമുഴങ്ങിയ തേരുതുളൊച്ചയിൽ
പേർത്തുമെൻ ഗാനം പൊലിഞ്ഞുപോയി.

രണ്ടിരുൾ മേഘങ്ങൾ ചക്രവാളത്തിൻെറ
കണ്ടിൽ നിന്നെന്മേലടർന്നു വീണു.

5

വിണ്ണു വിളക്കിയ പൂവേ! നിൻ പിന്നൊരു
കണ്ണുനീർക്കായലെന്നാരറിഞ്ഞു?

പൊങ്ങുതടിയിതു പൊട്ടിപ്പൊളിഞ്ഞു ഞാൻ
മുങ്ങുന്നിതൊത്ത നടുക്കു തന്നെ.

മാമകപ്രാണനൊത്തല്ല മുഹൂർത്തമി–
പ്പേമരുത്തേങ്ങലടിച്ചുതുങ്ങാം.

എങ്കിലുമെന്നെ വിഴുങ്ങുന്ന ശൂന്യത–
യ്ക്കെന്തതുകൊണ്ടൊരു ഭാവഭേദം?

6

മായുക മായുകെൻ മാനത്തു പൂത്തൊരു
മായൂരപിഞ്ഛത്തിൻ പുഞ്ചിരിയേ!

വെണ്ണി വാസുപിള്ള—നിറമാല

## 214. രാത്രിയുടെ റാണി

[നിശാഗന്ധി എന്ന പുഷ്പത്തെപ്പററി]

1

രാവിൻെറ നീലഹൃദന്തരത്തിൽ
പൂവിട്ട മായുന്നോരോർമ്മ പോലെ

കൂരിരുട്ടിൻെറ കവിൾത്തടത്തിൽ
ചേരുന്ന കണ്ണുനീർത്തുള്ളി പോലെ

മന്നിൻ മദാലസനിദ്രയിങ്കൽ
മന്ദം വിടരും കിനാവു പോലെ

വെണ്ണിലാച്ചോലയൊലിച്ചിടുമ്പോൾ
വെള്ളാരങ്കല്ലു തെറിച്ച പോലെ

എന്നു മീരവിലെൻ വാടിതന്നിൽ
വന്നുനിൽക്കുന്ന നീയാരു തോഴി?

2

നിദ്രതൻ ഗൂഢമാം കല്ലറയിൽ
നിത്യവും ഞങ്ങൾ മരിച്ചീടുമ്പോൾ

രാവിൻ മടിയിൽത്തളർന്നു വീണ
ജീവിതം ബോധം വെടിഞ്ഞിടുമ്പോൾ

ചെല്ലച്ചിറകൊന്നൊതുക്കി മേഘ-
വെള്ളിപ്പിറാക്കൾ മയങ്ങിടുമ്പോൾ

പാതിരാ പോകും വഴിയരികിൽ
പാതി വിരിഞ്ഞ മിഴികളുമായ്

പൂക്കൊട്ടയേന്തിച്ചിരിച്ചണഞ്ഞു
നോക്കുന്നതാരെ നീ യോമലാളേ?

3

വാടിയിൽ വാസര ദേവത തൻ
നാടകമെന്നും കഴിഞ്ഞിടുമ്പോൾ

പൂക്കളും വണ്ടുമണിയറയിൽ
പ്പൂകി യവനിക വീണിടുമ്പോൾ

നിത്യവും നിശ്ശബ്ദവേദിതന്നി-
ലെത്തുന്നതെന്തിനാണോമലാളേ!

മൂകത തുള്ളിത്തുളമ്പി നില്ക്കും
രാഗാദ്രമാകും മിഴികൾ നീട്ടി

കൈത്തിരി പൊക്കിയിരുട്ടിലൂടെ
തപ്പിത്തടയുന്നതെന്തിനേവം?

പാതിരാത്തെന്നലിൽ നീയെഴുതും
പാവന സന്ദേശമാർക്കു വേണ്ടി?

ഈ മലർവാടിയിൽ നീയെഴുതു-
മീ മൗനസംഗീതമാർക്കു വേണ്ടി?

മത്സഖി! നിൻെറ മനസ്സു തൂവു-
മിസ്സുഖ സൗരഭമാർക്കു വേണ്ടി?

4

കാലം കടന്നു നടന്നുപോമി-
ക്കാലടിപ്പാതയിൽ നിൻെറ ജീവൻ

നാലഞ്ചു നാഴികയ്ക്കുള്ളിൽ വററും
ചേലുററ മഞ്ഞുനീർത്തുള്ളി മാത്രം.

അർത്ഥവിഹീനമാം പുഞ്ചിരിയാ-
ലുത്തരം നമ്മളോടോതിയെന്നും

രാവിൻെറ റാണിയണയുമത്രേ
ഭൂവിനെ നോക്കിച്ചിരിയ്ക്കുമത്രേ.

ജീവിതം സൗരഭ്യധാരയാക്കി-
ക്കേവലം ലീലയിൽത്തൂവുമത്രേ.

പി. ഭാസ്കരൻ—സത്രത്തിലെ ഒരു രാത്രി

## 215. വൃന്ദാവനത്തിൽ

1

ആ മലർത്തോപ്പു താനല്ലോ
വൃന്ദാവനമഹീതലം
അങ്ങു താൻ മുടി ചൂടുന്നു
സ്വാതന്ത്ര്യത്തിൻ പ്രദീപകം.

2

ഉച്ചനീചത്വമോർക്കാതെ
സൗഖ്യത്തിൻെറ കുരുന്നിതൾ
ഒരു നീലാഭമാം കുഞ്ഞു-
ണ്ടവിടെക്കളിയാടുവാൻ.

3

കാൽച്ചിലങ്കയുതിർത്തീടും
കമനീയ മണിസ്വനം
ബാല്യസൗഭാഗ്യസൗന്ദര്യം
കോരിയങ്ങു നിറച്ചതേ.

4

കാലിക്കോലുമെടുത്തേറെ
പ്പീലിക്കുഴയുമായതാ
കാലികൾക്കിടയിൽ കാണാം
കാർവർണ്ണൻെറ കളേബരം.

5

അഴിഞ്ഞ പട്ടുകൗപീനം
അരഞ്ഞാൺമണി തങ്ങവേ
വിരൽ ചൂണ്ടിയടുക്കുന്ന
ഗോപിമാരെ വെടിഞ്ഞുടൻ

6

മണി പൊത്തിയുമോട്ടക്ക-
ണ്ണിട്ടും ചൊടി പിളുത്തിയും
വെറുതേ കരയുന്നുണ്ണി-
ക്കണ്ണൻ കൈതവ ബാലകൻ (യുഗ്മകം)

7

ഓടക്കുഴലുതിർത്തീടും
മുകിൽവർണ്ണൻെറ കീർത്തനം
സ്വാതന്ത്ര്യം നൃത്തമാടുന്ന
സൗഹാർദ്ദപ്പൊരുളൊന്നു താൻ.

8

ശ്രീവസന്തോത്സവം വന്നു
വിജയദ്ധ്വനി തൂകവേ
ബ്രഹ്മസംഗീതമായ്ക്കണ്ണൻ
വൃന്ദാവന വിരാട്പ്രഭു.

9

മണ്ണു വാരിക്കളിക്കുന്നു
മാവിലേറുന്നു ചാട്ടവാൻ
മലർ കൊയ്യുന്നു ചൂട്ടുന്നു
മാല കോർക്കുന്നു മാധവൻ.

10

ചേറണിപ്പച്ചരത്തെത്തെ
ചേർത്തു ചേർത്തോന്നു പുല്ലുവാൻ
ചേലിലോടിയട്ടക്കുന്നു
ചേല ചുററിയ ഗോപിമാർ.

11

കുത്തഴിഞ്ഞു നിലം തൂക്കും
വസ്ത്രം ചിറകു വീശിയും
അപ്സരസ്സുകൾ പോലൊട്ട-
ന്നർദ്ധനഗ്നകൾ ഗോപിമാർ.

12

പുഞ്ചിരിച്ചു മയക്കുന്നു
പിടി മാറുന്നു തമ്പുരാൻ
പച്ചപ്പുല്ലിലുരുണ്ടേറീ-
ട്ടാടിയോടുന്നിതച്യുതൻ.

13

പാരെല്ലാം പ്രേമസൗന്ദര്യ-
സംഗീതപ്പൊരുളാകുവാൻ
പിഞ്ചുകാലു പിണച്ചോട-
ക്കുഴലൂതുന്നിതെൻ പുരൻ.

14

ക്ഷോണി നിർവൃതി നേടീടാൻ
ചേണെഴും വേണുവൃതവേ
ആനന്ദപ്പൊരുളായ്ത്തീരും
കണ്ണനെക്കൈതൊഴുന്നു ഞാൻ.

ഡാക്ടർ ചെമ്പിൽ ചെല്ലപ്പൻ നായർ—വസന്തോത്സവം

## 216. ആ മണിനാദം

ഞാനുണർന്നെന്തോ ചിന്തിച്ചെന്നുടെ മഞ്ചത്തിന്മേ–
ലാകവേ മൂടിപ്പുതച്ചങ്ങനെ കിടക്കുമ്പോൾ

അപ്പുലർകാലക്കുളിർവായുവിൽ നിലീനമാ–
യെത്തി ദൂരെനിന്നൊരു മണിനാദമെൻ കാതിൽ.

കുഗ്രാമദേവാലയത്തുമണിനാദം, ശുദ്ധ–
ഭക്തിയിലുൾത്താരാഴ്ത്തും പാവനമൃദുഗീതം,

അപ്പൊഴുതെൻെറ ഹൃത്തിലാഴത്തിലാണ്ടാണ്ടുപോ–
യപ്പുതുനാളിൻ നിത്യഭാസുരഭാവി കാട്ടി

ശാന്തസുന്ദരത്വവും സ്നിഗ്ദ്ധശീതളത്വവും
നിർമ്മലത്വവുമാർന്ന ഭാവനാരൂപങ്ങളിൽ.

നീലവാനത്തിൻ കീഴിൽ പരന്ന പച്ചപ്പാട–
ത്താലപിക്കുന്ന കാലിപ്പിള്ളർതൻ ഗാനങ്ങളും

പഞ്ചാരമണൽത്തിട്ടിൽ പിഞ്ചുപൈതങ്ങൾ കളി–
ച്ചഞ്ചിതാനന്ദാല്പതിർത്തീടുന്ന ശബ്ദങ്ങളും

നീലപ്പൊയ്കതൻ പായൽപ്പരപ്പിൻ മീതേ വിടർ–
ന്നാടുന്ന പത്മത്തിലേ വണ്ടിൻെറ ഝംകാരവും

പുലരിപ്പകിട്ടോലും പൂർവ്വദിങ്മുഖം നോക്കി–
പ്പറന്നുപൊങ്ങും കിളിക്കൂട്ടത്തിൻ പാട്ടുകളും

ദേവാലയോപാന്തത്തിൽ തത്തിക്കളിക്കും വാത–
പോതത്തിലുൾച്ചേരുന്ന മന്ത്രോച്ചാരണങ്ങളും

സീമയില്ലാത്ത മരുഭൂവിലു മത്യുന്നത–
ശൈലാഗ്രത്തിലുമുള്ള നിശ്ശബ്ദ സംഗീതവും

ഒന്നായിക്കൂടിച്ചേർന്നത്തുമണി നാദത്തിങ്ക–
ലുന്നിദ്രം നിലീനമായെന്ന പോൽ തോന്നീടുന്നു.

നിർവ്യത്യങ്കുരോൽകരം നിർമ്മലവികാരങ്ങ–
ളുർവിയിലേന്തും മണിച്ചെപ്പിൻെറ താക്കോൽക്കൂട്ടം

മാനസത്തിങ്കൽബ്ഭാവതന്ത്രികൾ മീട്ടീടുവാൻ
പാടവമെഴും പരിപേലവാംഗുലീജാലം–

ആ മണിനാദം—ഹാ ഹാ! ഞാൻ അതായ്പ്പകർന്നന്ത–
ശ്ചോദനമരുളട്ടെ കാവ്യകൃത്തുകൾക്കെല്ലാം.

ടി. പി. മാത്യു—ഹിമവാൻെറ പുത്രി

## 217. പേക്കോലങ്ങൾ

1

ബാലനായിരുന്ന ഞാൻ കേൾക്കുന്നതെന്തും വെറും
ബാലിശമായാൽ പോലുമന്നൊക്കെ നമ്പിപ്പോന്നു.

പ്രേതങ്ങൾ, പലേ തരം പ്രേതങ്ങൾ, ചുററും കാണ—
മേതൊരു സമയത്തുമെന്നു ഞാൻ വിചാരിച്ചു.

തനിയേ ദൂരെത്തെങ്ങാൻ പോവുകിൽ പിടി കൂടാൻ
തരവും നോക്കി പ്രേതം നില്പതായ് ഭയന്നു ഞാൻ.

കാട്ടുകൾ മൂടം കുന്നിൻ ചെരിവിൽ കുളങ്ങളിൽ
പാടവും തോട്ടും കൂടി മുട്ടിടും വളവിങ്കൽ

വിജന പ്രദേശത്തിൽ വീഥിയിൽ നീളൻകരി—
മ്പനകൾ നില്ക്കുന്നേടത്തൊക്കെയും പിശാചുക്കൾ!

കണ്ടതില്ലൊരെണ്ണത്തെപ്പോലുമന്നൊരിക്കലും
കണ്ടിടാൻ കൊതിച്ചതുമില്ല ഞാൻ ഭയത്തിനാൽ.

കഥകൾ കേട്ടിട്ടുണ്ടു പലതു—വിറപ്പിക്കും
കഥകൾ—പിശാചെന്നു കേൾക്കിലേ വിറ കൊള്ളും.

കണ്ണുകൾ കറക്കി പോൽ! പേരോതി വിളിച്ചു പോൽ!
മണ്ണെട്ടുത്തെറിഞ്ഞു പോൽ! പുലഭ്യം പറഞ്ഞു പോൽ!

തീ പാറും നയനങ്ങൾ കണ്ടതായോതി ചിലർ
തീക്കനലുയരത്തിൽ പാറുന്ന കണ്ടു ചിലർ.

രാത്രിയായെന്നാലേതു ധീരനും തനിച്ചുള്ള
യാത്രയിൽ പലേടത്തുമെത്തിയാൽ വിറച്ചുപോം.

കള്ളനെ ഭയന്നല്ല പാമ്പിനെ ഭയന്നല്ല
കല്ലെട്ടുത്തെറിഞ്ഞിടും കോലത്തെയോർത്തിട്ടത്രേ.

2

കാലമൊട്ടിതേ മട്ടിൽപ്പാഞ്ഞു ഞാനവസാനം
കാലത്തിൻ ഗതി നോക്കിപ്പഠിക്കാൻ തുടങ്ങവേ

കണ്ണുകളയച്ചു ഞാൻ ചുററിലും, പിശാചിനെ—
ക്കണ്ടറിഞ്ഞീടാൻ, നേരിൽ കുശലം ചോദിക്കുവാൻ.

പൊന്തയിൽ പനങ്കാട്ടിൽ പുഴയിൽ മൃതദേഹം
വെന്തിടുമിടങ്ങളിലൊക്കെയുമന്വേഷിച്ചു.

കൂരിരുൾച്ചാർത്തിൽ തോട്ടിൻ കടവിൽ പിശാചുക്കൾ
കൂടിടാറുണ്ടെന്നന്നു കേട്ടതും പരീക്ഷിച്ചു.

കണ്ടതില്ലൊരേടത്തും പ്രേതത്തെയൊന്നും തൊടാൻ
മണ്ഡലമൊന്നെന്നാലും ബാക്കിയങ്ങില്ലെന്നായി.

കേട്ടതില്ലൊരു ചെറുവിളിയും തനിച്ചു ഞാൻ
കാട്ടിലും പലേടത്തും ചെവിയോർത്തിരുന്നിട്ടും.

അല്ലിൽ ഞാൻ പിശാചിനെത്തേടവേ മാനത്തേതോ
കൊള്ളിമീൻ പാറും കാഴ്ച മാത്രമേ കണ്ടിട്ടുള്ളു.

ശാസ്ത്രമുണ്ടടുത്തെനിക്കിന്നെൻറ സന്ദേഹങ്ങൾ
തീർത്തിടാൻ വെളിച്ചമെൻ വീഥിയിൽ വീശാനായി.

തൊടിയിൽ നിലാവററ രാത്രിയിൽ കണ്ടിട്ടുണ്ട
ചെടികൾക്കിടയ്ക്കേതോ തീപ്പൊരി പാറും പോലെ.

പൊരിയല്ലതു മിന്നാമിനുങ്ങെന്നോരാനിന്നെ-
ന്നറിവും വിവേകവും ശാസിപ്പു നിസ്സന്ദേഹം.

കലയും തുണയ്ക്കായിശ്ശാസ്ത്രവും നില്ക്കെക്കെട്ടു-
കഥതൻ കുരുക്കുകളൊന്നൊന്നായറുത്തു ഞാൻ.

കെട്ടുകളഴിയ്ക്കവേ പെട്ടതെന്തേന്നോ കണ്ണിൽ?
കട്ടിയായ് തുരുമ്പിച്ച പേടി തൻ കീടം മാത്രം.

3

ഇന്നു ഞാൻ യുവത്വത്തിൻ വളക്കൂറേറും മണ്ണിൽ
നിന്നോരോ വിളവുകൾ കൊയ്തു കൊയ്തെടുക്കവേ

നിത്യവും നിമേഷങ്ങളെന്നിൽനിന്നെന്തോ നേടി
നിത്യതയ്ക്കേകാനായിസ്സാകൂതം കുതിയ്ക്കവേ

പായുമാക്ഷണങ്ങൾക്കു ഭാവുകമാശംസിച്ചു
പൂവുകൾ പൊന്തക്കാടിൽ കൂടിയും വിടരവേ

ഭാവിതൻ സ്വനഗ്രാഹി യന്ത്രത്തിലെത്തും മട്ടെൻ
ഭാവന നാനാ നാദവീചികളിളക്കവേ

തെല്ലു ദൂരത്തായിലച്ചാർത്തിൻെറ പിന്നിൽനിന്നു
കല്ലുകൾ നാലെണ്ണമെണ്ണം വീണിതെൻ കണ്ണിൻ മുമ്പിൽ.

കേൾപ്പു ഞാനിടയ്ക്കിടയ്ക്കൊച്ചകളെന്തെല്ലാമോ
വാക്കുകൾക്കതീതമാം കുശുമ്പിൻ പേയും പിച്ചും.

ചില്ലുകൾ കൂടാതെൻെറ കണ്ണുകൾ കാണുന്നുണ്ടു
ചില്ലുകൾ മറച്ചീടും നാലഞ്ചു കോലങ്ങളെ.

ഒക്കെയും മനുഷ്യൻെറ രൂപത്തിലാണെന്നാലു–
മൊക്കെയും മനുഷ്യത്വം നഷ്ടമായവ കഷ്ടം!

മുമ്പു ഞാൻ ഭയപ്പെട്ട പ്രേതങ്ങളില്ലെന്നാലും
മന്നിലുണ്ടൊരു തരം പ്രേതമെന്നറിഞ്ഞു ഞാൻ.

കൃഷ്ണൻ പറപ്പള്ളി—ഗാനമേള

## 218. പുഷ്പഗീതി

1

ഭൂരിഭൂതിമൽ ഭാവി തൻ വാഗ്ദാനം
ഭൂവിനേകുന്ന ശുക്രനക്ഷത്രമേ!

ഹാ! വിഷം വമിച്ചീടവേ രാത്രിയി–
പ്പൂവണികളാം ഞങ്ങൾ മൂർച്ഛിക്കവേ

ആശയാം ജീവനൗഷധമാർന്നു പൂ–
വ്വാശയിങ്കലേക്കെത്തിയല്ലോ ഭവാൻ!

ഏതവശൻെറ ചോരക്കുഴലിലും
ചേതനച്ചൂടൊഴുക്കും ദയാനിധേ!

പൊട്ടുകൊൾക കതിരിൻ കണകളാ–
ലെട്ടരി തൻ കരളു പിളർക്കുക.

2

ത്വൽപ്രചോദിതരെങ്ങൾതൻ ഹൃത്തുകൾ
പൊൽപ്രകാശം പുണർന്നു വിരിയവേ

വക്കിനോളം നികന്നു തികലുന്നൂ
വാക്കെഴാത്ത മധുരമാം സന്തോഷം.

മൂകമസ്മന്മനസ്സിൽപ്പുരളുന്ന
ശോകപൂർണ്ണമാം പൂർവ്വസ്മരണകൾ

അക്രമീകരണക്ഷമം പൊങ്ങിപ്പോയ്–
ച്ചക്രവാളത്തിലോളമകലുന്നൂ.

ഈയുദയാചലത്തിൻ പുറകിൽ നി–
ന്നായുയരും മുകിലണി പോലവേ.

ആവതില്ലാത്ത ഞങ്ങൾ തൻ ചിത്തത്തിൻ
പാവനത്വം കൊട്ടത്ത ചിറകുമായ്

നിൻ ചുഴലവും പററിപ്പറക്കുന്നു
പഞ്ചവർണ്ണക്കിളി പോൽക്കൃതജ്ഞത.

പൊയ്പ്പോകക കതിരിൻ കണകളാ—
ലെസ്തരി തൻ കരള പിളർക്കുക.

3

ചീറുമസ്ത്രം തറസ്സുയാലല്ലിൻെറ
ചോര പക്ഷേ പൊടിക്കിലും പ്രാചിയിൽ

ഇപ്പതിതരാമെങ്ങൾ തൻ തോഷാശ്രു—
വപ്പൊഴേഴ്സും കഴുകിക്കളയില്ലേ?

അങ്ങയിൽക്കൂട്ടുകൂട്ടിയിരിക്കയാം
ഞങ്ങൾതൻ ദ്രുതചിത്തത്തുടിപ്പുകൾ.

ഏതുറങ്ങും കരളിനും നൂതന—
ബോധമേകുന്ന ശുക്രനക്ഷത്രമേ!

പൊയ്പ്പോകക കതിരിൻ കണകളാ—
ലെസ്തരി തൻ കരള പിളർക്കുക.

അക്കിത്തം അച്യുതൻ നമ്പൂതിരി—വളക്കിലക്കം

## 219. പാടിടും ഞങ്ങൾ

1

പാടിടും ഞങ്ങൾ—പാടിടും ജനം
കൂട്ടവാൻ—ജയം നേടുവാൻ.

2

സത്യസൗഭഗപ്പനിലാവിലാ
നിത്യജീവിത വീഥിയിൽ
കാലകല്ലോല ലോലനിർമ്മല
കാവ്യകാഹളീ കാഹളം
പാടിടും ഞങ്ങൾ ഭാവിഭാസുര—
വാടി തേടിടും ഗീതകം.

3

ക്രൂരമർദ്ദനഘോരനർത്തന—
ഭേരിയെങ്ങു മെതിർക്കിലും

നിർദ്ധനത്വമേ! നിസ്സഹായതേ!
നിർഭയം നിങ്ങളേൽക്കിലും
വാടിയോടാതെ നിന്നു പോരാടി–
പ്പാടിടും ഞങ്ങൾ നിർഭയം.

4

പിന്തിരിപ്പൻ പഴഞ്ചനന്ധനു
ബന്ധുവാകുന്ന സ്വാർത്ഥികൾ
നക്രജംബുക ഭൂത വേതാള
വിക്രമങ്ങൾ തടുക്കിലും
ചക്രവാളം ചവിട്ടിയപ്പുറ–
മെത്തിയും ഞങ്ങൾ പാടിടും.

5

കള്ളമണ്ടു പതുങ്ങി നിൽക്കിലും
കൊള്ളയുള്ളിലൊളിക്കിലും
വെള്ള പൂശിയിരുന്നു വഞ്ചന
ദള്ളുകൊണ്ടു കളിക്കിലും
ഉള്ളുകള്ളി ജനങ്ങൾ കാണുവാൻ
തുള്ളിയും ഞങ്ങൾ പാടിടും.

6

തപ്തജീവിത ബന്ധമൊക്കവേ
വ്യക്തമാക്കിടും ഗീതകം
ആശയററവരാഞ്ഞുണർന്നിടും
ആശയോജ്ജ്വല കാഹളം
പാട്ടു പെട്ടിടും മാട്ടുകൾക്കൊരു
ചൂടിനായ് ഞങ്ങൾ പാടിടും.

7

വർഗ്ഗഭേദമൊടുക്കി ഭൂമുഖം
സ്വർഗ്ഗസുന്ദരമാക്കുവാൻ
ആർത്തമർത്ത്യരണി നിരന്നു കൈയും
കോർത്തു മുന്നോട്ടിറങ്ങുവാൻ
പാടിടും ഞങ്ങൾ മാടവും മണി–
മേടയും മുട്ടിയെപ്പൊഴും.

8

പാടിടും ഞങ്ങൾ—പാടിടും ജനം
കൂടുവാൻ—ജയം നേടുവാൻ

കെടാമംഗലം പപ്പുക്കുട്ടി—ഞങ്ങൾ ചോദിക്കും

## 220 ദിവ്യദർശനം

[ക്രിസ്തുഭഗവാൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം അദ്ദേഹത്തിൻെറ ഇഷ്ടശിഷ്യനായ സെൻറ് ജോൺ മതവിശ്വാസം നിമിത്തം 'പത്മോസ്'' എന്ന ദ്വീപിൽ നാടുകടത്തപ്പെടുകയുണ്ടായി. അവിടെ ഒരിയ്ക്കൽ ധ്യാനനിഷ്ഠയിലിരിക്കുമ്പോൾ ക്രിസ്തുഭഗവാൻ അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. ആ ദിവ്യദർശനമാണ് ഇവിടെ വിഷയം]

1

'നിത്യനാം ഞാൻ തന്നെ ഭൂതവും ഭാവിയും
സത്യം ഞാനാദിയുമന്തവും ഞാൻ'.

ഈ സ്വരം കേട്ടു ഞാൻ പിന്നിൽ നോക്കീടവേ
ഭാസ്വരമാ രൂപം കണ്ണിൽപ്പെട്ടു.

ഏഴു മനോഹര ദീപിക കണ്ടു ഞാ–
നേഴിൻ നടുക്കൊരു വിഗ്രഹവും.

അഞ്ചിതവാസസ്സാലാപാദം മൂടിയും
കാഞ്ചനമേഖലയൊന്നണിഞ്ഞും

മിന്നിയപ്പൊന്നുതിരുവടി തൻ മുടി
മഞ്ഞു പോൽ വെൺമ കലർന്നിരുന്നു.

അദ്ദിവ്യദൃഷ്ടികൾ ദീപശിഖ പോലെ
ഉദ്ദീപ്തി പൂണ്ടു വിളങ്ങിക്കണ്ടു.

തൃപ്പദാംഭോജങ്ങൾ തപ്തസൗവർണ്ണത്തി–
ന്നൊപ്പം സുശോഭനമായിരുന്നു.

ഗംഭീരമാസ്വരമംഭോധിഗർജ്ജന–
ഡംഭം ശമിപ്പിപ്പതായിരുന്നു.

തൻ വലം തൃക്കൈയ്യിൽപ്പൊന്താരമേഴെണ്ണ–
മമ്പോടദ്ദേവൻ ധരിച്ചിരുന്നു.

തപ്താംശു പോൽ മിന്നും വക്ത്രത്തിൽ നിന്നൊരു
ദീപ്തം ദ്വിധാരമാം വാളുയർന്നു.

നിത്യനവൻ തന്നെ ഭൂതവും ഭാവിയും
സത്യമവനാദിയന്തവുമേ.

2

കണ്ടപ്പോളെൻ ജീവൻ ഞാനത്തിരുവടി
രണ്ടിലുമർപ്പിച്ചുകൊണ്ടേൻ ധന്യൻ.

'നിത്യനാം ഞാൻ തന്നെ ഭൂതവും ഭാവിയും
സത്യം നിനക്കിനിബ്ഭീതി വേണ്ട'

എന്നോതി തൻ വലം തൃക്കൈയ്യെൻ മൗലിയിൽ
ധന്യമായ്ം വച്ചെൻെറ ജീവദാതാ.

'ജീവിച്ചിരിപ്പവൻ ഞാൻ തന്നെ; ഞാൻ തന്നെ
ഭ്രുവിലേ ജീവിതം കൈയ്"വെടിഞ്ഞോൻ.

സ്വസ്ഥ്യസ്ഥ; നിത്യൻ ഞാൻ; മൃത്യുവിൻ ലോകത്തി–
ലെത്തിലും ഞാനത്രേ സർവനാഥൻ.

കണ്ടതും കാൺമതുമിന്നി നീ കാൺമതും
വേണ്ട പോൽ ലോകരോടോതിടേണം.

എൻ കൈയ്യിൽക്കാൺമതാമേഴ താരങ്ങളും
പങ്കമെഴാത്തേഴ ദൈവദൂതർ.

ദീപങ്ങളേഴെണ്ണം കാൺമതാ ദൂതന്മാർ
പ്രാപിക്കും ദേവതാമന്ദിരങ്ങൾ.

കണ്ടതും കാൺമതുമിന്നി നീ കാൺമതും
വേണ്ട പോൽ ലോകരോടോതിടേണം.'

ശൂരനാട്ടു കുഞ്ഞൻ പിള്ള

## 221 പാരിൽ വെളിച്ചം പരത്തി ലസിപ്പു നീ

പൂതമാർഗ്ഗങ്ങളിലൂടേ വരികിങ്ങു
മീതേ വിളങ്ങുന്ന വാനിങ്കൽ നിന്നു നീ

നിന്നെയെത്തിക്കട്ടെ സോമവാൻ തൻ ഗൃഹം
തന്നിലുഷസ്സേ! തുടപ്പാർന്ന ഗോവുകൾ.

ദ്യോവിൻ കുമാരി നീ കേറുമാറുള്ളതു
സൗവർണ്ണമാമേതു സൗഖ്യദത്തേരിലോ

കല്പിച്ചതിലൂടെ വന്നുചേർന്നീടുകി–
ന്നിപ്പോളുഷസ്സേ! സുഹവ്യപ്രദങ്കൽ നീ.

വെൺനിറം വീശുമുഷസ്സേ! തിരുവടി
വന്നുചേരുന്നതു കണ്ടാൽത്തെരുതെരെ

പോക്കു തുടങ്ങും ദിഗന്തങ്ങളിൽ നിന്നു
നാൽക്കാലിയുമിരുകാലിയും പക്ഷിയും.

കൂരിരുൾ പോക്കിയുഷസ്സേ! കതിർകളാൽ
പാരിൽ വെളിച്ചം പരത്തി ലസിപ്പു നീ.

വള്ളത്തോൾ നാരായണ മേനോൻ—ഋഗ്വേദം പരിഭാഷ

# ആദിപാദസൂചി


അഖിലഗീർവ്വാണതരുണിമാർ കൂപ്പും 45
അങ്കണത്തൈമാവിൽനിന്നു് 274
അങ്ങോട്ടു നോക്കുക 159
അത്യർത്ഥം പ്രശസ്തങ്ങളായവ സേവിച്ചീടും 76
അത്ര്യയമല്ലയെന്നംത്താരിൽച്ചേരുന്ന 65
അന്തിക്കു നീലവിയത്തിലണിനിരന്നു് 289
അന്നേരമൊരു പതിനായിരമാദിത്യന്മാർ 68
അന്നൊരു സായാഹ്നവേളയിൽ 262
അമ്പത്തൊന്നക്ഷരാളീ 30
അമ്പാടി തന്നിലൊരുണ്ണി യുണ്ടങ്ങനെ 85
അമ്പുകൊണ്ടുള്ള വ്രണം 119
അംഭോരാശി കുടുംബിനീ തിലകമേ 132
അമ്മൂ! വരികെന്നടുത്തു നീ നില്ക്കുക 275
അരണ്യം തന്നിൽ പിടിപെട്ടിതു 75
അരുണാധരിതന്നെയങ്ങു കാണാഞ്ഞു് 148
അരുതാഞ്ഞു കിടന്നേൻ 91
അല്ലോടിടഞ്ഞു പട തല്ലുന്ന 23
അവിടേ ഘനസമയാതുരനായ് 13
അവ്യയനാമീശന്റെ 169
അസ്തഗിരീശ്വരമസ്തകസീമനി 33
അഴലിൻ കരിനിറം പൂണ്ടമണ്ണിൽ 269
ആകണ്ണും മധുരസമുണ്ടിട്ടു 285
ആകാശങ്ങളെയണ്ഡരാശികളൊടും 169
ആകാശദേശത്തിലെങ്ങുനിന്നോ220
ആടുകെന്നൂഞ്ഞാലേ മുന്നോട്ടും പിന്നോട്ടും 242
ആനതുകാലമതീവവിഷാദിച്ചു് 15
ആനന്ദചിന്മയ ഹരേ 91
ആമലർത്തോപ്പു താനല്ലോ 331
ആയിരം കാവിലെ പൂരം കാണുവാൻ 39
ആരാണോതുക നിത്യം 311
ആളങ്ങോ കോഴിയങ്ങോ മുമ്പിൽ വേണ്ടു 50
ആറുവനോ ആറുവനോ നാൻ 52
ഇടികൾ കേട്ടു മിന്നൽ കണ്ടു് 270
ഇടിനികരമൊടിടയുംഡിംഡിമ 98
ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടു് 222
ഇദ്ദാനം ചെയ്യുകിലെങ്ങനെ 179
ഇന്ദ്രാണിയെത്തൊഴുതു 95
ഇന്നലെ ഞാനെൻ കട്ടിലിൽ 295
ഇരുട്ടിൻ സർഗ്ഗത്തിന്റെ താത്പര്യം 268
ഇരുളിലലിഞ്ഞു പൊലിഞ്ഞു 248
ഇരുളിൽപ്പിറന്നതാണിക്കൂട്ടർ 266
ഇല്ല കേൾക്കുകില്ല നമ്മൾ 301
ഉണന്നു പുളയാതെ നീ 214
ഉദ്ധതനാകുന്ന ഭീമസേനൻ തന്റെ 106
ഉലകുടയോനുടെ കോവിലകത്തിൻ 269
ഉല്ലാസപ്രദമായ യൗവനമഹം 150
ഉറക്കമുണർന്നവൻ കണ്ണുകൾ മന്ദം മന്ദം 201
ഊർജ്ജിതാശയ പാർത്ഥിവ തവ ഞാൻ 100
എൻതങ്കക്കുഞ്ഞിളം കൈവിരലാൽ 197
എന്നിട്ടും വന്നീലെൻ കണ്ണീർ തുടയ്ക്കുവാൻ 245
എന്മകനേ നിർമ്മലനേ 93
ഏകദാ രാമചന്ദ്രസ്യ തൃപ്പാദയോഃ47

ഏകാന്തത തൻ ഹിമശൈലസാനുവിൽ 279
ഒന്നായ മാമതിയിൽനിന്നായിരം ത്രിപുടി 145
ഒരൊററ മതമുണ്ടുലകിന്നു് 180
ഓട്ടം മൃഗങ്ങളെത്തേടി 46
ഓമനത്തിങ്കൾ ക്കിടാവോ 135
ഓമനേ മാമക ജീവസർവ്വസ്വമേ 290
കണ്ടാലതിമോദമുണ്ടായ്‌വരും 98
കണ്ടോളം കൺ കുളുക്കും 22
കണ്ണൻ തദാ മണ്ണു ഭുജിച്ചപോലും120
കണ്ണാക്കും കണ്ടിടാതുള്ളിരുളിൽ207
കണ്ണീർക്കണത്തെക്കരളിങ്കൽനിന്നു 198
കണ്ണെഴുതികൾ ഒറിയിട്ടു് 40
കനകമയമായീടും കമലവാഹനമതിന്മേൽ 132
കമനീയാംഗനിതാരോ 200
കമലാകാന്തൻെറ കാരുണ്യശീലൻെറ 123
കരകളോടന്ത്യമൊഴികൾ മൂളിയാ 302
കരുണക്കടലേ അമൃതക്കൊടിയേ 255
കണ്ണേ താപിഞ്ഛ പുഷ്പസ്തബകരുചികളെ 139
കല്ലിൻെറ സംഗീതമല്ലയോ കേൾക്കുന്നു 319
കററവാർ കുഴലിമാർ 8
കാക്കലും ചിലർ തലക്കുലും 94
കാണുവിനങ്ങതാ നീലമലയിലേ 316
കാന്താരേ ഹന്ത മാം 34
കാന്തിയേറീടുന്നോരു കാന്തമാരോടും കൂടി 73
കാരിരുൾ നിറമൊത്ത തിരുമുടി 37
കാലപ്പഴക്കത്താൽ ജീർണ്ണിച്ച 299
കാററുംകൊണ്ടൊരു കീചകങ്ങൾ 148
കുലഗിരിയൊന്നിൻ കഴൽ ചുംബിക്കുന്ന 237
കുളിരിളം തെന്നലിലാടിയാടി 287
കുററം കൂടാതുള്ള നരന്മാർ 114
കെട്ടിവാർ കുഴൽ വകഞ്ഞു് 89
കേൾക്കണമമ്മേ തെളിഞ്ഞു നീ 71
കൈതേ ഞാൻ നിന്നോടു തെല്ലൊന്നു ചോദിച്ചാൽ 64
കോടക്കാർവർണ്ണനോടക്കുഴലൊടു 138
കോമളന്മാരായോരു സോദരന്മാരുമായി 68
കോരിക്കൂട്ടിയ പാഴ്ക്കരിക്കിടയിലെത്തീക്കട്ടലോ 194
കോൽത്തേനോലേണമോരോ പദം 123
ക്ഷോണീന്ദ്ര പത്നിയുടെ വാണീം 134
ഘോരമാം കാട്ടുതീ വന്നു പിടിപെട്ടു 117
ചകചകെ മിന്നും കുളിർ ചന്ദ്രികയാൽ 260
ചലനങ്ങൾ ചലനങ്ങൾ 324
ചാപല്യമുള്ളവൻ ബന്ധുവായാൽ 116
ചാലേ നിറഞ്ഞുള്ളൊരാലിൻ മുരടങ്ങു 61
ചുററുമിഗ്ഗൃഹത്തിനു ക്കുററൻ കമ്പത്തിൽ കെട്ടി 232
ചൂട്ടും പൊന്നിൻ തകിടു് 26
ജനിച്ചനാൾ തുടങ്ങിയെന്നെയോമനിച്ച 292
ജംഭപ്രദ്വേഷിമുമ്പിൽ 22
ജയ ജനനി 99
ജയ ജയ കോമള കേരളധരണീ 257
ജയ ജയ നാകകേതന 135
ജയജയ ഭഗവതീ മായേ 58
ജാതീ ജാതാനുകമ്പാ ഭവ 95
ജീവിതപ്പൂവിലെത്തേൻ നുകന്നങ്ങനെ 229
ഞാനമെങ്കൽ വിളയിച്ച 5
ഞാനുണന്നേന്തോ ചിന്തിച്ചെന്നുടെ മഞ്ചത്തിന്മേൽ 334
ഞാനൊരു കാര്യം പറഞ്ഞാൽ സഖി 306
ഞാനോ മാനിനിമാക്കു മന്മഥൻ139
ഞാവൽപ്പഴങ്ങൾക്കു കാലമായെൻ നാട്ടിൽ 308
തന്നുടെ വിദ്യ കൊണ്ടും തന്നുടെ ശൗര്യംകൊണ്ടും 119
തത്ര തത്ര നീയനുമതിയിനിമേൽ 252
തരതലന്താനളന്താ 5

തരമൊത്തീടിന സഖിമാരും താനും 48
താ തിനന്ത താ തിനന്ത 43
താരാമാലാ വിരാജദ് ഗഗനഘന കചേ 215
താരിൽത്തനപീകടാക്ഷാഞ്ചല 21
തിങ്ങിപ്പൊങ്ങും തമസ്സിൽ 160
തുടന്നിതു ജനനിയാം സുതയോടു 283
തൃണവും ജലവും വേണ്ടും 314
തെച്ചിപ്പൂവിൽ പതംഗദ്യുതി 25
തെളിവിനൊടപയാതം നാലഹോ രാത്രം 28
തേന്മാവിന്മേലാമ്മാറൊക്കെ 42
തൊട്ടിലാട്ടം ജനനിയെപ്പെട്ടെന്നു 240
ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു 94
ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും 69
ദൈത്യാരിപൂർവ്വജന ദൂത്യം സമേത്യ 102
ധാടിക്കദ്രിയിലങ്കരിച്ച് 206
നാഭീപദ്മം നിഖിലഭുവനം 9
നാലഞ്ചക്ഷരവും പഠിച്ചു 126
നിത്യനാം ഞാൻ തന്നെ ഭൂതവും ഭാവിയും 340
നിദ്ര കൊണ്ടീടുമീ നീലത്തടാകത്തിൽ 267
നിഷ്കള നിശ്ചല നിർമ്മല നിരുപമ 54
നിറഞ്ഞു തത്ക്ഷണമൊരു നവ തേജസ്സ് 170
നിറന്ന പീലികൾ നിരക്കവേ കുത്തി 81
നീരദശ്യാമള കോമളഗാത്രിയെ 99
നൃത്തം വെച്ചു വരുന്നു ഞാൻ 294
നെടിയ മല കിഴക്കും നേരെഴാത്താഴി മേക്കും 175
നേരം പോയ് നേരം പോയ് 45
നല്ലാവെൻ കണ്ണിന്നു നീ താൻ 157
പച്ചപ്പുല്ലണി പൂണ്ടേററം 158
പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ 243
പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതനു 126
പത്തര മാററുള്ള തങ്കം ചേർന്ന 41
പത്തുനൂറു സഹസ്രകിരണന്മാർ 86
പരിചോടു യശോദ താൻ 104
പരിമളമഴ പെയ്യിരുണ്ടു ഭംഗ്യാ 24
പററലർ കുലകാലൻ ചെററു ദൂരം നടന്നിട്ട് 128
പാടത്തുങ്കരെ നീളെ 131
പാടിടും ഞങ്ങൾ 338
പാണ്ഡവേയ പതിപ്രാണ 183
പാലാഴിക്കള്ളവെള്ളത്തിരനിര 138
പാലിക്കാനായ് ഭുവനമഖിലം 144
പിച്ച നടന്നു പൊൻതിങ്കൾക്കല 325
പിതൃപിണ്ഡത്തെക്കൊത്തിത്തിന്മാൻ 112
പിന്നീടേട്ടനുമൊത്തു 272
പുഞ്ചിരിക്കളിരൊളി ചിന്നി 260
പുതുമലർകുലമൊക്കെവിരിഞ്ഞു 122
പുതുമലർക്കാവിൽ വന്നെഴമിളം കൊടികളും 6
പുരികുഴൽ നികരത്തിൽ 139
പുഷ്കര പത്രാക്ഷൻ കൌസല്യാപുത്രൻ 11
പുഷ്പിതദിവ്യലതാദികൾതോറും 10
പൂങ്കാവിലെത്തേൻ കിനിയും 207
പൂതമാർഗ്ഗങ്ങളിലൂടെ വരികിങ്ങ് 341
പൂനിലാവൊളിയാം കാറ്റു 276
പൂമെത്തേലെഴുനേററിരുന്നു 132
പൂവണിമാസവും ശുക്ലപക്ഷേന്ദുവും 233
പൂവിൽ പരിമളമേലുംപോലെ 36
പേശലാംഗ പവമാനപോത 32
പ്രകൃതിപരിപൂർണ്ണയായ്ച്ചിച്ച നിന്നിടും 318
പ്രദോഷദീപാവലി കണ്ടുകൊണ്ട് 209
പ്രാണനിൽ ശരമേററ പൈങ്കിളിയുടെ 327
പ്രിയമാനസ നീ പോയ്‌വരേണം 101
ബാലനായിരുന്ന ഞാൻ കേൾക്കുന്നതെന്തും 335
ബ്രഹ്മരഥം ഏലേലോ 46
ഭാരതവർഷത്തിലെപ്പൂർവരാമൃഷീന്ദ്രന്മാർ 190

ഭുവി വന്നു ജനിക്കുന്ന ജനങ്ങൾക്കൊക്കവേ 113
ഭൂരിഭൂതിമൽ ഭാവിതൻ വാഗ്ദാനം 337
ഭൂലോകം ശൂന്യമായീ 158
മഞ്ഞക്കാട്ടിൽപ്പോയാൽപ്പിന്നെ 37
മഞ്ഞുപുതപ്പം മാററി 321
മണക്കിണന്തെന്തോതു് 38
മണിമുഴക്കം മരണദിനത്തിൻെറ239
മതിതീക്ഷ്ണശരങ്ങളേ ശ്രമം 172
മത്തവാരണങ്ങളും മുത്തണിമുലമാരും 97
മനക്കാമ്പിന്നമുതിവൻ 201
മന്ദമന്ദമെൻ താഴും മുഗ്ദ്ധമാം മുഖം പൊക്കി 226
മത്ത്യാകാരേണ ഗോപീവസനനിര 144
മാണിക്യമാമലയിൽ മഞ്ജുജലകളത്തിൽ 145
മായുക മായുകെൻ മാനത്തു പൂത്തൊരു 328
മാവേലി നാടു വാണീടും കാലം 42
മിത്രപുത്രൻ ധമ്മരാജൻ 110
മിന്നും പൊന്നോല കണ്ണേ 31
മുത്തും വൈരവുമൊത്തു കലത്തി 218
മുളച്ചുവന്നു കുലപുഷ്പവാടികകെത്തു് 307
മൂടംകിൻേറൻ ഞാനമൃതജലധൗ 18
മൂടില്ലാത്തൊരു മുണ്ടുകൊണ്ടു 144
മൃതിവശഗതനായു് പ്രസേനവീരൻ 154
മേളത്തിൽ മേൽക്കുമേലേ 130
യുദ്ധഭ്രമൗനിരത്തിക്കിടക്കുന്നൊരു82
രണ്ടു നാഴികയായായി 187
രമ്യഗാത്രിയെക്കണ്ടു മന്മഥവിവശനായു് 74
രാഗാധിനാഥരുചി രഞ്ജിതനിശായാം 133
രാവിൻെറ നീലഹൃദന്തരത്തിൽ 330
ലോകമേ തറവാടു് 192
വന്ദിപ്പിൻ മാതാവിനെ 185
വരമല്ലികാധവള 7
വരാദ്ഭുതവപുസ്സതിൽപ്പകൃതി 200
വലങ്കയ്യിൽ വിളക്കുണ്ടോ 40
വളമാന്തെഴും കതളി 7
വിപ്രനെന്നും ക്ഷത്രനെന്നും 121
വിരവിനോട്ടക്കൂടട്ടത്തു ചൊല്ലിനാൻ 79
വീര വിരാട കുമാര വിഭോ 137
വൃന്ദാവനംതൻെറ വെണ്മയെക്കാണ്മാനായു് 63
വേണമോ പനിനീർപ്പൂ 235
വേണാട്ടിലേക്കു നിജ ഭൗതിക ശിഷ്യവും 254
ശങ്കാഹീനം ശശാങ്കാമലതരയശസാ 138
ശ്യാമളം നല്ല കദളീമഹാവനം 105
സഖി! ഹേ നീ ഗമിക്കവേഗം 133
സാമ്യമകന്നോരുദ്യാനം 103
സുഖലളിതവിലാസകാന്തിയോലും 204
സുതനോ! സുകുമാര ശോഭനേ! 297
സുധാമ്മികരിഹാത്ഥികാംക്കു് 155
സൗഹൃദത്തിൻെറ സൗരഭത്തിനാൽ 247
സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു 88
സ്വച്ഛസന്നിഭശരീരവും 96
ഹരഹര ശിവശിവ ഭൂപൻ കണ്ടൊരു 204
ഹാ പുഷ്പമേ! അധികതുംഗപദത്തിലെത്ര 167

# കവിനാമസൂചി


അക്കിത്തം

പുഷ്പഗീതി—വളക്കിലുക്കം 337

അജ്ഞാതനാമാ

അദ്വൈതകീർത്തനം 54
അന്തിപ്പാട്ട്—പഴയ പാട്ട് 45
അലങ്കാരമാലിക — അലങ്കാര സംക്ഷേപം (14–ാം ശ.) 25
ഉടൽ കണ്ടു തൊഴുന്നേൻ–തീയാട്ടു പാട്ട് 37
ഉത്തമേ നീ കതകാണി തുറന്നീടേണം—വാതിൽത്തുറപ്പാട്ട് 40
ഏലേലോ—കപ്പൽപ്പാട്ട് 46
ഒരു നർമ്മഗാനം 47
ഒരു വരം താ പരന്താമമേ—ലീലാതിലകം (14–ാം ശ.). 5
കണ്ണനെക്കൈതൊഴേണ്ടും — ഉണ്ണുനീലി സന്ദേശം (14–ാം ശ.). 9
കവിയെനക്കരുതം ചെയ്യേ—രാമചരിതം (12–ാം ശ.). 5
കള്ളാലിത്തിരി മോന്ത്യാൽപ്പിന്നെ—പഴയ പാട്ട് 37
കാക്കലും ചിലർ തലസ്സുലും 94
കുറത്തിപ്പാട്ട്—കിരാതം കുറത്തിപ്പാട്ട് 45
കോഴിയങ്കം—വടക്കൻ പാട്ട് (17–ാം ശ.). 50
ചോദ്യപ്പാട്ട്—വാതിൽത്തുറപ്പാട്ട് 40
തരുചിത്രകാനലവ്—ഉണ്ണിച്ചിരുതേവിചരിതം (14–ാം ശ.), 7
താ തിനന്ത താ തിനന്ത—പഴയ പാട്ട് 43
തിരുനെല്ലി — ഉണ്ണിയച്ചീചരിതം (14–ാം ശ.). 7
ദിവ്യം കിഞ്ചന വെള്ളമുണ്ട് 94
പരമാത്മാവിൽ വിളങ്ങും മായ 36
പൂട്ടുപാട്ട്—വാതിൽത്തുറപ്പാട്ട് 41
പൊയിലത്തേ കൊടികളും നടികളും—ഉണ്ണിച്ചിരുതേവി ചരിതം (14–ാം ശ.). 6
പ്രേമതപസ്സ്—പാർവ്വതീ പാണിഗ്രഹണം 48
മറെറങ്ങും ദുർല്ലഭം വിഭവമീടിൻെറടം—ഉണ്ണിയാടീചരിതം (14–ാം ശ.). 8
മാതൃവിലാപം— ഇരവിക്കുട്ടിപ്പിള്ളപ്പോരു് (17–ാം ശ.), 52
മാവേലിയുടെ കാലം—പഴയ പാട്ട് 42
രജനീമുഖം — ചന്ദ്രോത്സവം (15–ാം ശ.). 28
രാസക്രീഡ—പഴയപാട്ട് 42
ലീലാമുക്തകമാലിക — ലീലാതിലകം (14–ാം ശ.). 18
വഞ്ചിപ്പാട്ട്—പഴയ പാട്ട് 39
വിനോദസംവാദം—പഴയപാട്ട് 38
സന്ധ്യാതേജസ്സും ഉദയപ്രഭയും—ചക്രവാകസന്ദേശം (14–ാം ശ.) 26

അനുജൻ, ഒ. എം.

സ്വപ്നസഞ്ചാരം 295

അപ്പൻ, എം. പി.

അദ്ഭുതാനുഭൂതി—ബാലികാരാമം 260
ശൈശവകാന്തി—കിളിക്കൊഞ്ചൽ 260

അർണ്ണോസ് പാതിരി

1671—1732

ഉമ്മാവിലാപം—ഉമ്മാപർവ്വം 93

അഴകത്തു പദ്മനാഭക്കുറുപ്പ്

പദ്മനാഭക്കുറുപ്പ നോക്കുക

ഇടപ്പള്ളി രാഘവൻ പിള്ള

രാഘവൻ പിള്ള നോക്കുക.

ഇരയിമ്മൻതമ്പി 1783–1856

ഓമനത്തിങ്കൾ കിടാവോ 135
ജയജയ നാകകേതന — ഉത്തരാസ്വയംവരം 135
പാർഷതിയുടെ വൈഷമ്യം — കീചകവധം 134
ശൃംഗാരനൃത്തം — കുമ്മി — ഉത്തരാസ്വയംവരം 137

ഉണ്ണായി വാര്യർ (18–ാം ശ. ഉത്തരാർദ്ധം)

ഉണ്ണിയുമ—ഗിരിജാകല്യാണം 99
കണ്ണിനഴൽ തീൎന്നു—നളചരിതം 102
ജയ ജനനി—ഗിരിജാകല്യാണം 99
നീയല്ലാതെ ഗതിയില്ല—നളചരിതം 101
സാമ്യമകന്നോരുദ്യാനം— നളചരിതം 103
ഹംസത്തിന്റെ കൃതജ്ഞത—നളചരിതം 100

ഉണ്ണിക്കൃഷ്ണൻ നായർ, വി.

അയൽപക്കം 232

ഉള്ളൂർ പരമേശ്വരയ്യർ

പരമേശ്വരയ്യർ നോക്കുക

എഴുത്തച്ഛൻ, തുഞ്ചത്തു് (16–ാം ശ. ഉത്തരാർദ്ധം)

ആനന്ദചിന്മയം — ഹരിനാമകീർത്തനം 91
കാട്ടുതീയിൽപ്പെട്ട കിളിക്കുഞ്ഞുങ്ങൾ—മഹാഭാരതം 75
കാമലീല—മഹാഭാരതം 73
ക്രൂരപ്രതികാരം—മഹാഭാരതം 79
ഗാന്ധാരിയുടെ ശോകം—മഹാഭാരതം 82
പണ്ഡിതനും മൂഢനും—മഹാഭാരതം 76
പദ്മനാഭന്റെ സന്നിധിയിൽ—അദ്ധ്യാത്മരാമായണം 68
പാൎത്ഥസാരഥി—മഹാഭാരതം 81
പ്രേമപ്രകൎഷം—മഹാഭാരതം 74
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം—അദ്ധ്യാത്മരാമായണം 69
മാതാവിന്റെ യാത്ര പറച്ചിൽ 71
ശൈശവവിലാസം 68

ഒളപ്പമണ്ണ

മൂന്നു രാഗങ്ങൾ 294

ഒറവങ്കര

നമ്പൂരിരാജാ നോക്കുക

കണ്ണശ്ശൻ

രാമപ്പണിക്കർ നോക്കുക

കുഞ്ചൻ നമ്പ്യാർ, (18–ാം ശ.)

അദ്ഭുതദൎശനം — ശ്രീകൃഷ്ണചരിതം 120
അവനെന്റെ വരനായി വരുമോ? പത്തുവൃത്തം 58
ഉണ്ണിക്കൃഷ്ണന്റെ പശുപാലനം—ശ്രീകൃഷ്ണചരിതം 104
ഉത്കൃഷ്ടജീവിതം—പഞ്ചതന്ത്രം 119
ഔദ്ധത്യഭംഗം — കല്യാണസൗഗന്ധികം 106
കദളീവനം ടി 105
കവിതയും നിരൂപണവും—ഹരിണീ സ്വയംവരം 113
കവിതാരീതി വൈഷമ്യമത്രെ 123
കാട്ടുതീ—നളചരിതം കിളിപ്പാട്ടു് 117
കാനനകാമിനിമാർ — പ്രദോഷമാഹാത്മ്യം 122
കാലനില്ലാത്ത കാലം—പഞ്ചേന്ദ്രോപാഖ്യാനം 110
ജീവനാക്കും ഒപ്പം—പുളിന്ദീമോക്ഷം 121
ദുഷ്ടസ്വഭാവം—പഞ്ചതന്ത്രം 116
പാഞ്ചാലിയുടെ അഭ്യൎത്ഥന—പതിനാലുവൃത്തം 123

പൊറുക്കാത്ത പുണ്ണ് — പഞ്ചതന്ത്രം 119
ലക്ഷണമുള്ളവരൊന്നോ രണ്ടോ—രുക്മിണീസ്വയംവരം 114
വിശ്രമകാംക്ഷ 126
സ്ഥാനമാഹാത്മ്യം — കിരാതം 112

കുഞ്ഞൻ പിള്ള—ശൂരനാട്ട്

ദിവ്യദർശനം 340

കുഞ്ഞിരാമൻ നായർ, പി.

പഴയ ഏട്ടകാം—279
മൺകുടത്തിൻെറ വില 283
സൗന്ദര്യപൂജ 276

കുഞ്ഞിക്കുട്ടൻ തമ്പുരാൻ—കൊടുങ്ങല്ലൂർ 1865—1913

ഞാനോ മാനിനിമാർക്കു മന്മഥൻ 139
പാലാഴിക്കുള്ള വെള്ളത്തിരനിര 138

കുഞ്ഞുകൃഷ്ണമേനോൻ—ഒട്ടവിൽ 1870—1916

പ്രേയസീവിയോഗം 158

കുണ്ടൂർ നാരായണമേനോൻ

നാരായണമേനോൻ നോക്കുക

കുമാരനാശാൻ 1873—1924

കാരുണ്യാശ്രു—കരുണ 170
വിടവാങ്ങൽ — ചിന്താവിഷ്ടയായ സീത 172
ദിവ്യകോകിലം 169
വീണപൂവ് 167
ശാന്തിഭ്രൂവ് 169

കുറുപ്പ്, ഒ. എൻ. വി.

എന്താ തുമ്പീ തുള്ളാത്തു 325
ചലനങ്ങൾ 324

കൃഷ്ണൻ—പറപ്പള്ളി

പേക്കോലങ്ങൾ 335

കൃഷ്ണൻതമ്പി, വി. 1889-1938

കമനീയാംഗനിതാരോ — താടകാവധം 200
മനമേ നീ തകന്നാലും, ടി 201

കൃഷ്ണപിള്ള—ചങ്ങമ്പുഴ 1913—1948

എന്നിട്ടും വന്നില്ല—245
സൗന്ദര്യലഹരി—ബാഷ്പാഞ്ജലി 243
സൗഹാർദ്ദഗാനം— 247

കൃഷ്ണപിള്ള—നാലാങ്കൽ

ആമ്പൽപ്പൊയ്ക 267
പാവങ്ങൾ 266

കൃഷ്ണവാര്യർ, എം. ആർ. 1882—1955

കുഞ്ഞാണെ സത്യം 207
വനനിർഝരി 206

കൃഷ്ണവാര്യർ, എൻ. വി.

നന്നങ്ങാടികൾ 248

കേരളവർമ്മ — കോട്ടയം 17–ാം ശ.(?)

കാലൻ കെട്ടിയിഴയ്ക്കുമ്പോൾ—വൈരാഗ്യ ചന്ദ്രോദയം 97
വിജയപ്രാൎത്ഥന 98
വിപിനരംഗം—കിമ്മീരവധം 98
സുരസ്ത്രീവിമോഹനൻ—നിവാതകവചകാലകേയവധം 95

കേരളവർമ്മ—പന്തളം 1879—1919

കാവ്യാമൃതം 155

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ 1845—1914

മയൂരപിഞ്ഛരങ്ങൾ 144

കേശവൻ നായർ—കുററിപ്പുറത്ത് 1883—1959

ഗ്രാമീണകന്യക 209

കേശവനുണ്ണിത്താൻ—വരി
ക്കോലിൽ

പ്രകാശം—രാഗരംഗം 311

കേശവപിള്ള, കെ. സി.
1868—1913

ആസന്നമരണചിന്ത 150
ഒരു ദുർമ്മൃതി—കേശവീയം 154

കോട്ടയം തമ്പുരാൻ 18–ാം ശ.(?)

ജാതീ ജാതാനുകമ്പാ ഭവ 95
ശംഭുമോഹിനി 96

ഗോപാലക്കുറുപ്പ്—വെണ്ണി
ക്കുളം

പൂക്കണി 235
മോഹനഗാനം 231

ഗോപാലൻനായർ—പാലാ

കല്ലിന്റെ സംഗീതം 319

ഗോപാലപിള്ള, എൻ.

ജയ ജയ കേരള വസുധേ 218
തേജോബീജം 220

ഗോപിനാഥൻ നായർ,
ടി. എൻ.

കടത്തുകാരൻ 302

ഗോവിന്ദൻനായർ—ഇടശ്ശേരി

രാജസദസ്സിലെ നർത്തകി 321

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള
കൃഷ്ണപിള്ള നോക്കുക

ചട്ടമ്പി സ്വാമികൾ
1853—1924

മുക്തകത്രയം 145

ചന്ദ്രശേഖരൻ നായർ—
തൈക്കാട്ട്

ഇന്നു് 275

ചാത്തുക്കുട്ടി മന്നാടിയാർ—
ചമ്പത്തു് 1857—1904

ഉത്തരരാമായണമണികൾ 157

ചെല്ലപ്പൻനായർ–ഡാക്ടർ,
ചെമ്പിൽ

വൃന്ദാവനത്തിൽ 331

ചെറിയാൻമാപ്പിള—കട്ടക്ക
യം 1859—1936

ഏദൻതോട്ടം – ശ്രീയേശുവിജയം
158

ചെറുശ്ശേരി നമ്പൂരി (15–ാം ശ.
ഉത്തരാർദ്ധം)

പ്രിയനെത്തേടി—കൃഷ്ണഗാഥ 64
വൃത്രാരിലോകം ഞാൻ പൂകുന്നേ
രം, ടി 65
വൃന്ദാവനലീല, ടി 63
സംഗീതപ്രഭാവം ടി 61

ചേലപ്പറമ്പു നമ്പൂതിരി
18–ാം ശ.(?)

കൈപ്പവല്ലിയുടെ പൈതങ്ങൾ
131
ചാലിയാറേ തൊഴാം 132

ദേവസ്യ, പി. എം.—
പ്രവിത്താനം

അജപാലനം—ഇസ്രായേൽ
വംശം 314

നമ്പൂതിരിരാജാ– ഒറവങ്കര
1857—1916

കനിവിവിവളിലുദിക്കൊല്ല 144

നമ്പ്യാർ

കുഞ്ചൻ നമ്പ്യാർ നോക്കുക.

നാരായണൻനായർ—പാലാ

എന്റെ ജന്മഭൂമി 318
ജീവിതം 316

നാരായണ ഭട്ടതിരി—മേല്പ്പ
ത്തൂർ (16–ാം ശ. ഉത്തരാർദ്ധം)

പ്രഭാതകീർത്തനം 91

നാരായണമേനോൻ—കുണ്ടൂർ 1861—1936

വിശേശ്വരിയോട് 200

നാരായണ മേനോൻ—നാലപ്പാട്ട് 1887—1954

കണ്ണുനീർത്തുള്ളി 198
മൺതരി 197

നാരായണ മേനോൻ—വള്ളത്തോൾ 1878—1958

എൻെറ ഗുരുനാഥൻ 192
ഒരു സന്ധ്യാപ്രണാമം 194
പാരിൽ വെളിച്ചം പരത്തി ലസിപ്പൂ നീ 341
പുരാണങ്ങൾ 190
ഭക്തിയും വിഭക്തിയും 187
മാതൃവന്ദനം 185

നിരണത്തു രാമപ്പണിക്കർ
രാമപ്പണിക്കർ നോക്കുക

പണിക്കർ, കെ. എം., സർദാർ

കേരളദേശം 204
വിടവിമോഹിനി 204

പദ്മനാഭക്കുറുപ്പ്—അഴകത്ത് 1869—1931

വിരഹാധി—രാമചന്ദ്രവിലാസം 148

പപ്പുക്കുട്ടി—കെടാമംഗലം

പാടിടും ഞങ്ങൾ 338

പരമേശ്വരയ്യർ, എസ്.—ഉള്ളൂർ 1877—1949

കീർത്തി—കർണ്ണഭൂഷണം 179
ദ്രൗപദി—ചിത്രശാല 183
പരശുജയപതാക—ഉമാകേരളം 175
പ്രേമസംഗീതം 180

പള്ളത്തു രാമൻ

രാമൻ നോക്കുക.

പാർവ്വതിയമ്മ—മുതുകുളം

മാതൃവിലാപം 290

പുനം നമ്പൂതിരി (15–ാം ശ. ഉത്തരാർദ്ധം)

ജനനയനസുധ—രാമായണം ചമ്പു 24
രഘുരാജധാനി, ടി 22
സീതാവർണ്ണനം, ടി 23
സുരസുദൃശാം വിഭ്രമം 22
ഹന്ത കല്പാന്തതോയേ 21

പൂന്താനം നമ്പൂതിരി (16–ാം ശ. ഉത്തരാർദ്ധം)

ഉണ്ണിക്കൃഷ്ണൻ 85
വൈകുണ്ഠദർശനം 86
പാർത്ഥസാരഥിസ്തോത്രം 89
മോഹവിഭ്രമം—ജ്ഞാനപ്പാന 88

പൂന്തോട്ടത്ത് അച്ഛൻനമ്പൂതിരി 1821—1865

ചൊല്ലിന്നു കൊല്ലുന്നു മാം 132
പാടത്തെ പണിക്കാരി 144

ബാലകൃഷ്ണപ്പണിക്കർ, വി. സി. 1889—1915

ഒരു വിലാപം 160
സന്ധ്യാംബരം—വിശ്വരൂപം 159

ബാലാമണിയമ്മ

ഊഞ്ഞാലിന്മേൽ 242
കളങ്കമററ കൈയ്യ് 240

ബോധേശ്വരൻ

അതുതാനമലം വരദം സുഖദം 255
കേരളഗാനം 257

ഭാർഗ്ഗവിയമ്മ, എൻ.

സങ്കല്പസംഭാഷണം 299

ഭാസ്കരൻ, പി.

രാത്രിയുടെ റാണി 330

ഭാസ്കരൻ നായർ—മറവൂർ
വിയോഗിനി 297
മച്ചാട്ടു് ഇളയതു് 1765—1842
ഓട്ടംമൃഗങ്ങളെത്തേടി 46
മണ്ണുംമൂട്ടു്, സി. ജെ.
ഞാവൽപ്പഴങ്ങൾ 308
മഴമംഗലം നമ്പൂതിരി (16–ാം ശ.)
എങ്ങു പോയീ ഗുണാബ്ധേ—
നൈഷധം ചമ്പു 34
കാമുകാലാപം, ടി 32
കുമ്പിടുന്നേൻ, ടി 30
യൗവനശ്രീ, ടി 31
രാത്രിയിൽ കൊടുങ്കാട്ടിൽ, ടി 33
മാത്തൻ തരകൻ-പുത്തൻകാവു്
കരിഞ്ഞുപോയ പാരിജാതം 307
മാത്യു, ടി. പി.
ആ മണിനാദം 334
മാധവൻ നായർ—തിരുനയിനാർക്കുറിച്ചി
ആത്മശാന്തി 301
മാധവൻ പിള്ള—അയിരൂർ
വസന്തത്തോടു് 285
മാധവി അമ്മ, കെ.—കടത്തനാട്ടു്
അടയിരിക്കുന്ന പക്ഷി 287
മേരി ജോൺ—കൂത്താട്ടുകുളം
ഞാൻ കണ്ട ഈശ്വരൻ 289
മേരിജോൺ—തോട്ടം
യാത്രപറച്ചിൽ 292
മേല്പുത്തൂർ നാരായണഭട്ടതിരി
നാരായണഭട്ടതിരി നോക്കുക.
രവിവർമ്മ—ലക്ഷ്മീപുരത്തു് 1862—1900
മുത്തുമണികൾ—ഉഷാകല്യാണം 139
രാഘവൻ പിള്ള—ഇടപ്പള്ളി 1909—1936
കാട്ടാറിന്റെ കരച്ചിൽ 237
മണിനാദം 239
രാഘവപ്പിഷാരൊടി. കല്ലേക്കുളങ്ങര (18–ാം ശ. ഉത്തരാർദ്ധം)
ശ്മശാനരംഗം—വേതാളചരിതം 128
രാജരാജവർമ്മ, ഏ. ആർ. 1863—1918
മേഘബിന്ദുക്കൾ 148
രാജാ, കെ. കെ.
ദാസികൾ ചെങ്കോൽ 269
ദീർഘയാത്ര 269
വിശ്വകാവ്യം 268
രാമകൃഷ്ണപിള്ള—ശാസ്തമംഗലം 1885—1959
നടന്നുപോകുന്ന ചെറുവീടു് 214
രാമൻ—പള്ളത്തു് 1891—1950
വിചാരവിപ്ലവം 207
രാമൻ പിള്ള—കീഴ്കുളം
രാധയുടെ രഹസ്യം 306
രാമപുരത്തു വാര്യർ (18–ാംശ.)
കൃഷ്ണന്റെ ഔദാര്യം—കുചേലവൃത്തം 126
രാമവർമ്മ – വയലാർ
മാ നിഷാദ 327
രാമപ്പണിക്കർ—നിരണത്തു് (15–ാം ശ.)
വാസന്തമോഹിനി 10

പമ്പ കൊളുത്തിയ വിരഹാഗ്നി 11; സീതാപരിത്യാഗം 15
കാർകാലനടൻ 13

ലളിതാംബിക അന്തർജ്ജനം

സഹചാരിണി 252

വയലാർ രാമവർമ്മ

രാമവർമ്മ നോക്കുക.

വള്ളത്തോൾ

നാരായണമേനോൻ നോക്കുക.

വറുഗീസ്, കെ. എം.—
ഇടയാറന്മുള

സമുദ്രസംയമനം 262

വാസുപിള്ള—വെണ്ണി

മായുക മായുക 328

വൈലോപ്പിള്ളി

ശ്രീധരമേനോൻ നോക്കുക.

വിദ്വാൻ കോയിത്തമ്പുരാൻ—
കിളിമാനൂർ 1812—1846

ഏകാന്തമോഹിനി—രാവണവിജയം 133

വെണ്മണി അച്ഛൻനമ്പൂതിരി
1817—1890

കോടക്കാർവർണ്ണൻ 138

വെണ്മണി മഹൻനമ്പൂരി
1844—1893

ശങ്കാഹീനം 138

ശങ്കരക്കുറുപ്പ്, ജി.

നിമിഷം 229

പെരുന്തച്ചൻ 222
സൂര്യകാന്തി 226

ശങ്കരൻ നമ്പ്യാർ, പി.
1892—1954

രജനി 215

ശാസ്ത്രികൾ, കെ. പി.—
വാരനാട്ട്

വിഭൂതികലശം 254

ശൂപ്പമേനോൻ—കടിയംകുളം
19-ാം ശ.

കാവേരിയുടെ ഗതി 130

ശ്രീധര മേനോൻ—
വൈലോപ്പിള്ളി

മഴത്തുള്ളികൾ 270
മാമ്പഴം 274
സർപ്പക്കാട്ട് 272

ശ്രീ നാരായണ ഗുരു
1856—1928

നവരത്നമഞ്ജരി 145

സർദാർ കെ. എം. പണിക്കർ

പണിക്കർ കെ. എം. നോക്കുക.

സൈമൺ, കെ. വി.
1883—1943

ആദിമസുന്ദരി—വേദവിഹാരം 201

സ്വാതിതിരുനാൾ മഹാരാജാ
1813—1846

കമലവാഹനം 132
പ്രിയാഗമോത് കണ്ഠ 133

# മലയാള
# കാവ്യ രത്നാകരം

മലയാളകാവ്യമാകുന്ന രത്നാകരത്തിൽ ആയിരക്കണക്കിന് രത്നങ്ങൾ നിരന്നു കിടക്കുന്നു. അവയിൽ ഭംഗിയും മൂല്യവും നോക്കി, പ്രാതിനിധ്യ പരിഗണന വിസ്മരിക്കാതെ, തിരഞ്ഞെടുത്തിട്ടുള്ള 221 രത്നങ്ങളാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മലയാളപദ്യസാഹിത്യത്തെ അഞ്ചു പ്രധാനഘട്ടങ്ങളായി ഇതിൽ തിരിച്ചിരിക്കുന്നു. ഓരോ ഘട്ടത്തിനും അതിന്റേതായ പ്രത്യേകതയും വ്യക്തിത്വവും ഉണ്ട്. അവയിൽ വെളിച്ചം വീശുന്ന അവതരണക്കുറിപ്പുകൾ ഓരോ ഭാഗത്തിന്റെയും ആരംഭത്തിൽ ചേർത്തിരിക്കുന്നു. കൂടാതെ മർമ്മസ്പർശിയായി ഒരു ആമുഖവും ഇതിനെ അലങ്കരിക്കുന്നു.

മലയാളത്തിന്റെ സ്വതന്ത്രഗതിയും, ഇതരസാഹിത്യങ്ങളെ സ്വാധീനപ്പെടുത്തി മലയാളം സമ്പാദിച്ച മികവുകളും എത്രയെന്ന് ഇതിൽനിന്നു തെളിയും. ദീർഘകാലം കാവ്യാദ്ധ്വാവിൽ സഞ്ചരിച്ചു നേടേണ്ട സാഹിത്യപരിചയവും സംസ്കാരവും ഈ ഒരു പുസ്തകംകൊണ്ടു തന്നെ ഒട്ടൊക്കെ നേടാവുന്നതാണ്.

# മലയാള കാവ്യ രത്നാകരം

साहित्य

Indic Digital Archive Foundation
gpura.org